

ഇന്ത്യൻ മുസ്‌ലിംകളുടെ നവോത്ഥാനത്തിന്റെ കഥ

ഇ. അഹമ്മദ്

For Group Contact us +91 9746065242

ഇന്ത്യൻ മുസ്‌ലിംകളുടെ നവോത്ഥാനത്തിന്റെ കഥ

ഇ. അഹമ്മദ്

For Group Contact us +91 9746065242

For Group Contact us +91 9746065242

mappilaheritagelibrary.com

For Group Contact us +91 9746065242

For Group Contact us +91 9746065242

ഇന്ത്യൻ മുസ്‌ലിംകളുടെ നവോത്ഥാനത്തിന്റെ കഥ

ഇ. അഹമ്മദ്

For Group Contact us +91 9746065242



പ്രസാധനം

ഗ്രെയ്സ് എജുക്കേഷണൽ അസോസിയേഷൻ

For Group Contact us +91 9746065242

mappilaheritagelibrary.com

(Malayalam)
INDIAN MUSLINGALUDE
NAVOTHANATHINTE KATHA
By
E.Ahmed

All Right Reserved
Grace Edition : December 2016

Published By
Grace Educational Association
P.B.No: 3, Camp Sayyid,
Malappuram Dist. Kerala-676317

DTP : Bava K.kaad
Lay Out : Bava K.Kad
Cover :
Printed at: A One Offset Prints

Distributors
Grace Books
Camp Sayyid, P.B.No: 3, Malappuram Dist.
Kerala-676317 Phone: +99895114673
Email:gracevelimukku@gmail.com

Price: 350

For Group Contact us +91 9746065242

mappilaheritagelibrary.com

പ്രസാധകക്കുറിപ്പ്

ഇന്ത്യയിലെ ധന്യമായ മുസ്‌ലിം പൈതൃകം സമസ്‌കരിക്കാൻ ബോധപൂർവ്വമായ ശ്രമങ്ങൾ നടക്കുന്ന ഘട്ടത്തിലാണ് 'ഇന്ത്യൻ മുസ്‌ലിംകളുടെ നവോത്ഥാനത്തിന്റെ കഥ' വീണ്ടും പുറത്തിറങ്ങുന്നത്. ഇന്ത്യൻ യൂനിയൻ മുസ്‌ലിം ലീഗ് പ്രസിഡണ്ടും പാർലിമെന്ററിയനുമായ ഇ. അഹമ്മദ് രണ്ട് പതിറ്റാണ്ട് മുമ്പ് എഴുതിയ കൃതിയാണിത്. ഇതിന്റെ പുനപ്രസാധനത്തിനു അനുവാദം നൽകിയ അഹമ്മദ് സാഹിബിനു നന്ദി.

ചന്ദ്രിക പത്രാധിപസമിതി അംഗങ്ങളായിരുന്ന മുണ്ടേരി മുഹമ്മദ്, എം.എം. ഹസ്സൻ കുഞ്ഞി എന്നിവരുടെ നേതൃത്വത്തിൽ തിരുവനന്തപുരത്തെ മുഹാസ് പബ്ലിക്കേഷൻ 1994ൽ ഇതിന്റെ ആദ്യപതിപ്പ് പുറത്തിറങ്ങി. ചന്ദ്രിക വരാന്തപ്പതിപ്പിൽ ഖണ്ഡശ്ശ: പ്രസിദ്ധീകരിച്ച ലേഖനങ്ങൾ സമാഹരിച്ച് ചിട്ടപ്പെടുത്താൻ അവർ ചെയ്ത സേവനം വിലപ്പെട്ടതാണ്.

ഇന്ത്യൻ മുസ്‌ലിംകളുടെ ചരിത്രത്തെ അഗാധമായി സ്വാധീനിച്ച സർ സയ്യിദ് അഹമ്മദ് ഖാൻ, അല്ലാമാ മുഹമ്മദ് ഇഖ്ബാൽ, മൗലാനാ മുഹമ്മദലി, ഖാഇദെ അഅ്സം മുഹമ്മദലി ജിന്ന എന്നിവരുടെ ജീവിതനിരൂപണങ്ങളാണ് ഈ കൃതി. ഇന്ത്യാ ചരിത്രത്തിലെ സംഭാവബഹുലമായ ഒരു കാലഘട്ടമാണ് ഇതിൽ പ്രതിപാദിക്കപ്പെടുന്നത്.

ചരിത്രാന്വേഷകർക്കു ഈ കൃതി ഏറെ സഹായകമാവും. ഒരു വ്യാഴവട്ടത്തിലേറെയായി സാംസ്കാരിക വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്ന ഗ്രേസ് എജ്യൂക്കേഷണൽ അസോസി,ഷേൻ പ്രസിദ്ധീകരിക്കുന്ന ഇരുപത്തിമൂന്നാമത് പുസ്തകമാണിത്. ഗ്രെയ്സിന്റെ എല്ലാ സംരംഭങ്ങളുമായും സഹകരിക്കുന്ന സഹൃദയരുടെ നിർലോഭമായ പിന്തുണക്കു നന്ദി രേഖപ്പെടുത്തുന്നു.

-ഗ്രെയ്സ് എജ്യൂക്കേഷണൽ അസോസിയേഷൻ

For Group Contact us +91 9746065242

mappilaheritagelibrary.com

ഗ്രന്ഥകാരനെഷ്ടി

1938 ഏപ്രിൽ 29ന് കണ്ണൂരിലെ ഒരുന്നത കുടുംബത്തിൽ ജനനം.

പിതാവ് ഒ. അബ്ദുൽ ഖാദർ ഹാജി സാമൂഹ്യ രാഷ്ട്രീയ രംഗത്ത് അറിയപ്പെടുന്ന വ്യക്തിയായിരുന്നു. കണ്ണൂരിലെ മദ്രസ മഅ്ദനുൽ ഉലൂമിൽ നിന്ന് പ്രാഥമിക വിദ്യാഭ്യാസം. തലശ്ശേരി മിഷ്യൻ ഹൈസ്കൂളിലും കണ്ണൂർ മുനിസിപ്പൽ ഹൈസ്കൂളിലും സെക്കണ്ടറി വിദ്യാഭ്യാസവും.

തലശ്ശേരി ബ്രണ്ണൻ കോളേജിൽ നിന്ന് ബിരുദമെടുത്ത ശേഷം എറണാകുളം ലോ കോളേജിൽ നിയമ പഠനത്തിനു ചേർന്നു. രാഷ്ട്രീയ ഗുരുവായ കെ.എം. സീതി സാഹിബ് നിയമസഭാ സ്പീക്കറായപ്പോൾ അദ്ദേഹത്തിന്റെ അഭ്യർത്ഥന പ്രകാരം തിരുവനന്തപുരം ലോ കോളേജിലേക്കു മാറി.

1962 ഏപ്രിലിൽ അഭിഭാഷകനായി എൻറോൾ ചെയ്തു. തലശ്ശേരിയിൽ വി. ഖാലിദിന്റെ (പിന്നീട് സുപ്രീംകോടതി ജഡ്ജിയായി റിട്ടയർ ചെയ്തു) ജൂനിയറായി പ്രാക്ടീസ് ആരംഭിച്ചു.

മുസ്ലിം വിദ്യാർത്ഥി ഫെഡറേഷന്റെ സ്ഥാപക നേതാക്കളിൽ ഒരാളും 1957 മുതൽ 62 വരെ സംസ്ഥാന ജനറൽ സെക്രട്ടറിയുമായി.

1967-ൽ കണ്ണൂരിൽ നിന്നും 77-ൽ കൊടുവള്ളിയിൽ നിന്നും 80ലും 82ലും 87ലും താനൂരിൽ നിന്നും കേരള നിയമസഭയിലേക്കു തെരഞ്ഞെടുക്കപ്പെട്ടു. കേരള, കാലിക്കറ്റ് സർവ്വകലാശാലകളിൽ സെനറ്റ് മെമ്പറായിരുന്നു.

സിഡ്കോയുടെ ആദ്യത്തെ അനൗദ്യോഗിക എക്സിക്യൂട്ടീവ് ചെയർമാൻ. 1971 മുതൽ അഞ്ചര വർഷം ഗ്രാമവികസന ബോർഡ് ചെയർമാനുമായി. കണ്ണൂർ നഗരസഭാ ചെയർമാനായിരുന്നു. ഇരുപത് വർഷമായി കണ്ണൂർ ദീനുൽ ഇസ്ലാംസഭയുടെ സാരഥ്യം വഹിക്കുന്നു.

For Group Contact us +91 9746065242

mappilaheritagelibrary.com

ചന്ദ്രിക പത്രാധിപ സമിതി അംഗമായിരുന്നു. ഇപ്പോൾ 'ചന്ദ്രിക'യുടെ ഡയറക്ടർ. കേരള ടൂറിസം ഡവലപ്മെന്റ് കോർപ്പറേഷൻ, കേരള സ്റ്റേറ്റ് ഹാൻഡ്ലൂം ഉപദേശക സമിതി എന്നിവയിൽ അംഗത്വം വഹിച്ചിട്ടുണ്ട്.

മുസ്ലിംലീഗിന്റെ അഖിലേന്ത്യാ സെക്രട്ടറിയാണി പ്പോൾ. മുസ്ലിംലീഗിന്റെ കണ്ണൂർ ജില്ലാ പ്രസിഡന്റ് പദവിയും വഹിക്കുന്നു.

അഭിഭാഷകൻ, എഴുത്തുകാരൻ, സാമൂഹ്യ പ്രവർത്തകൻ, വാഗ്മി, ദ്വിഭാഷി എന്നീ മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ചു. 1982-87 കാലത്ത് സംസ്ഥാന വ്യവസായ വകുപ്പുമന്ത്രി.

1991 മുതൽ മഞ്ചേരിയിൽ നിന്നുള്ള ലോക്സഭാംഗമാണ്. 1992ലും 93 ലും ഐക്യരാഷ്ട്രസഭയിൽ ഇന്ത്യയെ പ്രതിനിധീകരിച്ചു പ്രസംഗിച്ചു. അലീഗർ മുസ്ലിം സർവ്വകലാശാല കോർട്ട്, നാഷണൽ ഷിപ്പിംഗ് ബോർഡ്, യൂറോ ഓഫ് ഇൻഡസ്ട്രിയൽ സ്റ്റാൻഡേർഡ്, സിവിൽ ഏവിയേഷൻ ടൂറിസം കൺസൾട്ടേട്ടീവ് സമിതി, സയൻസ് ആന്റ് ടെക്നോളജി കമ്മിറ്റി എന്നിവയിൽ അംഗമാണ്. പാർലിമെന്റിൽ ഹാജരാകാത്ത അംഗങ്ങളുടെ അവധി സംബന്ധിച്ച സമിതിയുടെ ചെയർമാനാണ്.

1975-ൽ അമേരിക്ക സന്ദർശിച്ചപ്പോൾ ഡള്ളാസ് സിറ്റി മേയർ ബഹുമാനാർത്ഥം താക്കോൽ നൽകി സ്വീകരിച്ചു. 1993-ൽ അയോവ സംസ്ഥാന ഗവർണ്ണർ കോണറ്റി പൗരത്വം നൽകി.

'ഒരു വിദേശയാത്രയും കുറേ ഓർമ്മകളും' എന്ന ഗ്രന്ഥത്തിന്റെ കർത്താവാണ്. ആനുകാലികങ്ങളിൽ എഴുതാറുണ്ട്.

ഭാര്യ : സുഹ്റാബീവി

മക്കൾ : പുത്രി ഡോക്ടർ ഫൗസിയ ഭർത്താവ് ബാബു ഷർഷാദുമൊത്ത് ഒമാനിൽ.

ഇവർക്ക് രണ്ട് കുട്ടികളുണ്ട്.

പുത്രൻ റഈസ് അഹമ്മദ് ഭാര്യ നിഷാമുമൊത്ത് ഒമാനിൽ. മസ്കറ്റിലെ ഒരു കമ്പനിയിൽ ബിസിനസ് എക്സിക്യൂട്ടീവാണ് റഈസ്, ഇവർക്ക് ഒരു കുട്ടി.

പുത്രൻ നസീർ അഹമ്മദ് അമേരിക്കയിലെ ഹർക്കൻ യൂണിവേഴ്സിറ്റിയിൽ M.B.A ക്ക് പഠിക്കുന്നു.

For Group Contact us +91 9746065242

mappilaheritagelibrary.com

ഇന്ത്യൻ മുസ്‌ലിംകളുടെ നവോത്ഥാനത്തിന്റെ കഥ എന്ന ഗ്രന്ഥം, പുറത്തിറങ്ങിയ 1994-ൽ തന്നെ, ഗൗരവതരമായ വായനക്കും ചർച്ചക്കും വിധേയമായിട്ടുണ്ട്. ഇ. അഹമ്മദ് എന്ന പ്രതിഭാധനനായ ഒരെഴുത്തുകാരനെ മലയാളി വായനാസമൂഹം ആഹ്ലാദത്തോടെയും ആഭിമാനത്തോടെയും തിരിച്ചറിഞ്ഞ രചനകളിലൊന്നാണ് ഈ കൃതി. ഇരുപത്തിരണ്ടുവർഷങ്ങൾക്കും ശേഷം പുനപ്രസിദ്ധീകൃതമാകുന്നത്, ഇതിലെ ഉള്ളടക്കത്തിന്റെ പ്രസക്തികൊണ്ടും രചനാവൈഭവം കൊണ്ടും തന്നെയാണ്. രാഷ്ട്രീയ ചരിത്രവായനക്കാർ താൽപര്യപൂർവ്വം തേടിക്കൊണ്ടിരിക്കുന്ന ഈ ഗ്രന്ഥം പുനപ്രസിദ്ധീകരിക്കാൻ മുന്നോട്ടുവന്ന ഗ്രെയ്സ് എജ്യൂക്കേഷണൽ അസോസിയേഷന്നും ഈ സംരംഭത്തിൽ സഹകരിച്ച എല്ലാ സുമനസ്സുകൾക്കും ഹൃദയംഗമമായ ഭാവുകങ്ങൾ നേരുന്നു.

ടി.പി. മുഹമ്മദ്

For Group Contact us +91 9746065242

mappilaheritagelibrary.com

ഉള്ളടക്കം

1	പശ്ചാത്തലം	15-20
2	സർ സയ്യിദ്	21-42
3	അല്ലാമാ ഇഖ്ബാൽ	43- 80
4	മൗലാനാ മുഹമ്മദലി	81-162
5	മുഹമ്മദലി ജിന്ന	163-352

For Group Contact us +91 9746065242

For Group Contact us +91 9746065242

mappilaheritagelibrary.com

For Group Contact us +91 9746065242

For Group Contact us +91 9746065242

അവതാരിക

വർത്തമാന കാലത്തിൽ നിന്നും വ്യത്യസ്തമാണ് ഇന്ത്യൻ മുസ്‌ലിംകളുടെ മുൻകാല ചരിത്രം. ഈ വ്യത്യസ്തത താഴെതട്ടുമുതൽ നേതൃനിരവരെ പ്രകടമാണെന്നത് നിസ്തർക്കിതവുമാണ്. ധിഷണശാലികളായ നേതാക്കളുടെ അഭാവം ദേശീയ തലത്തിൽ ഇപ്പോൾ ഇന്ത്യൻ മുസ്‌ലിംകൾക്കനുഭവപ്പെടുന്നുവെന്നത് തെറ്റായ വിലയിരുത്തലല്ല. പ്രശ്ന സങ്കീർണ്ണമായ രാജ്യത്ത് സമുദായത്തിന്റെ അസ്തിത്വം നിലനിർത്തുന്നതിനുള്ള പോരാട്ടത്തിനു നേതൃത്വം കൊടുക്കാൻ നെഞ്ചൂക്കോടെ രംഗത്തുള്ളവർ വളരെ വളരെ തുഛമാണിന്ന്.

ഈ നൂറ്റാണ്ടിന്റെ ആദ്യത്തിൽ അതായിരുന്നില്ല സ്ഥിതി. കഴിഞ്ഞ നൂറ്റാണ്ടിന്റെ അന്ത്യത്തിൽ തുടങ്ങി ഈ നൂറ്റാണ്ടിന്റെ ആദ്യ നാളുകളിലൂടെ കടന്നുവന്നാൽ വിഭജിക്കപ്പെടാതെ കിടന്ന ഇന്ത്യയിൽ മുസ്‌ലിം സമുദായത്തിനു നേതൃത്വം നൽകാൻ കരളുറപ്പോടെ രംഗത്തുണ്ടായ ആദർശധീരരായ ഒട്ടേറെ പേരെ കാണാം. ഏതു രംഗത്തായാലും സമുദായത്തിന് പുരോഗതി ക്കുതകും വിധം പ്രവർത്തനങ്ങൾ കാഴ്ചവെച്ച അത്തരം നേതാക്കളുടെ പ്രവർത്തനങ്ങളുടെ ബാക്കിപത്രമാണ് ഇന്നും ഇന്ത്യയിലെ മുസ്‌ലിംകൾ അനുഭവിക്കുന്ന ഗുണപരമായ കാര്യങ്ങൾ എന്നു പറയാനും സംശയിക്കേണ്ടതില്ല. മതരംഗത്തും വിദ്യാഭ്യാസ രംഗത്തും രാഷ്ട്രീയ രംഗത്തും അവരുണ്ടാക്കിയ ചലനങ്ങൾ തന്നെയാണ് രാജ്യത്ത് മുസ്‌ലിം സമുദായത്തിൽ അനുരണനമുണ്ടാക്കിയത്.

അക്ഷരം അമൃതമാണെന്നു കരുതേണ്ട സമുദായം പാരതന്ത്ര്യത്തെ കഠിനമായി വെറുത്തപ്പോൾ വെള്ളക്കാരന്റെ ഭാഷയെ പോലും ഉൾക്കൊള്ളാൻ മടിച്ചു. അക്ഷരം പഠിക്കാത്ത സമുദായം അധ:പതനത്തിന്റെ ഗർത്തത്തിലേക്കു വഴുതിവീഴുമെന്നായപ്പോൾ വരും തലമുറയുടെ ദുരന്തത്തെ കുറിച്ചോർക്കാൻ ഒരു സർ സയ്യിദ് അഹമ്മദ് ഖാനുണ്ടായി. അലിഗറിന്റെ പിതാവ് അന്ന് ചങ്കൂറ്റത്തോടെ രംഗത്ത് വന്നില്ലായിരുന്നുവെങ്കിൽ ഒരു പക്ഷേ അക്ഷരലോകത്ത് ഇരുളടഞ്ഞതായി തീരുമായിരുന്നു മുസ്‌ലിം

For Group Contact us +91 9746065242

mappilaheritagelibrary.com

സമുദായത്തിന്റെ ഭാവി. എതിർപ്പുകൾ അവഗണിച്ചുകൊണ്ടുള്ള സർസയ്യിദിന്റെ ജീവിതം ഇന്നത്തെ മാത്രമല്ല, വരും തലമുറയ്ക്കും മാതൃകയാവേണ്ടതാണ്.

മൗലാനാ മുഹമ്മദലി-ഷൗക്കത്തലി സഹോദരൻമാരുടെ സ്ഥൈര്യം ആവേശം കൊള്ളിക്കാത്തവരായി ആരാണുള്ളത്. വെള്ളക്കാരന്റെ ചെങ്കോലിനു താഴെ ചെന്നു മാതൃരാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി ഗർജ്ജിച്ച മൗലാനാ മുഹമ്മദലിയുടെ ഇസ്‌ലാമിക സേവനത്തിനു മുമ്പിൽ നാം ആദരവ് പ്രകടിപ്പിക്കേണ്ടതുണ്ട്.

ഇന്ത്യയുടെ ദേശീയ സ്വാതന്ത്ര്യ സമരം തിളച്ചുമറിഞ്ഞ കാലഘട്ടത്തിൽ അലി സഹോദരൻമാരെ ബ്രിട്ടീഷ് ഭരണകൂടം തടവിലിട്ടപ്പോൾ ഇന്ത്യൻ ദേശാഭിമാനികൾ കാണിച്ച ഐക്യവും ത്യാഗശീലവും ചരിത്രത്തിൽ സുവർണ്ണലിപികളിൽ ഉല്ലേഖനം ചെയ്യപ്പെട്ടിട്ടുണ്ട്. അലി സഹോദരൻമാരുടെ സ്വാതന്ത്ര്യവാഞ്ചയുടെ പത്തരമാറ്റ് തെളിയിക്കുന്നതാണ് ഈ സംഭവങ്ങൾ

ജീവിതപാത പ്രവർത്തനനിരതമായി. സൃഷ്ടികളിൽ മഹത്വം ദർശിക്കുകയെന്നതാണ് ജീവിത നിയമം. ഉണർന്നുയർന്നു ഒരു നവജീവിതം സൃഷ്ടിക്കുകയെന്നുദ്ഘോഷിച്ച അല്ലാമാ മുഹമ്മദ് ഇഖ്ബാൽ. മുസ്‌ലിംകളുടെ ആവേശത്തിൽ അഭിമാനം കൊണ്ട ആ മഹാൻ അവരുടെ നിഷ്ക്രിയത്വത്തിൽ വേദനിച്ചിരുന്നു. ഒരു പള്ളിയെടുക്കണമെന്നു പറഞ്ഞാൽ നേരം വെളുക്കുംമുമ്പ് ആ ജോലി തീരും. എത്ര നാളായി പള്ളിയിൽ പോയിട്ടെന്നു ചോദിച്ചാൽ വർഷങ്ങളായി എന്ന മറുപടി കേൾക്കേണ്ടിവരുന്ന ദുരവസ്ഥയെ ക്കുറിച്ച് മഹാകവിക്ക് ബോധ്യമുണ്ടായിരുന്നു. ഇസ്‌ലാമിന്റെ പൗരാണികപ്രഭാവവും പ്രശസ്തിയും ഓർമ്മിപ്പിക്കുന്നതിൽ ഇഖ്ബാലിന്റെ വരികൾ ഒട്ടേറെ സമ്പാവന നൽകിയിട്ടുണ്ട്. ഇസ്‌ലാം ഒരു ജീവിത ദർശനമാണെന്നും ഇസ്‌ലാമിക നിയമങ്ങൾ നിത്യനൂതനമാണെന്നും തെളിയിക്കുന്ന നിരവധി പ്രഭാഷണങ്ങൾ ഇഖ്ബാൽ പാശ്ചാത്യലോകത്ത് നടത്തി. അദ്ദേഹത്തിന്റെ വരികളോരോന്നും നമുക്ക് നമ്മെക്കുറിച്ചു ചിന്തിക്കാനുള്ള മണിമുത്തുകളായിത്തീർന്നു.

ഇന്ത്യൻ മുസ്‌ലിംകളുടെ ചരിത്രത്തിലേക്ക് കടക്കുമ്പോൾ ഏറെ പരാമർശിക്കപ്പെടുന്നത് മുഹമ്മദലിജിന്നയെ കുറിച്ചാണ്. ആധുനിക ഇന്ത്യക്ക് അതിർവരമ്പ് നിശ്ചയിക്കുന്നതിനുതകുന്ന പ്രവർത്തനങ്ങൾ നടത്തിയെന്നതാണ് ജിന്നയിൽ ആരോപിക്ക

For Group Contact us +91 9746065242

mappilaheritagelibrary.com

പ്പെടുന്ന കുറ്റം. മർദ്ദിത ജനകോടികൾക്ക് വേണ്ടി അടരാടിയ ആ സമരനായകന് സ്വാതന്ത്ര്യവാഞ്ഛ കൂടുതലായിരുന്നുവെന്നതാണ് നേര്. സ്വാതന്ത്ര്യ സമരാവേശത്തെ തടയുകയും തകർക്കുകയും ചെയ്യാനുള്ള ശ്രമങ്ങളെ ജിന്ന ശക്തമായി എതിർത്തിട്ടുണ്ട്. നിയമജ്ഞനായ ജിന്ന നീതിക്കുവേണ്ടി പോരാടിയെന്നു പറഞ്ഞാൽ തെറ്റല്ല.

പ്രധിഭാധനരും ധിഷണശാലികളുമായ ഈ നേതാക്കളുടെ ജീവചരിത്രം ഇന്ത്യൻ മുസ്‌ലിംകൾക്കു മാത്രമല്ല, ചരിത്രവിദ്യാർത്ഥികൾക്കും പാഠമാകേണ്ടതാണ്. എന്നാൽ ചില 'മേലാളന്മാരുടെ' കൈകളാൽ കുറിച്ചിടപ്പെട്ട ചരിത്രത്തിൽ ഇവർക്കൊന്നും അർഹമായ സ്ഥാനങ്ങൾ ലഭിച്ചിട്ടില്ല. ചരിത്രം വികൃതമാണെന്നു പറഞ്ഞാൽ അതു ചരിത്രബോധമില്ലായ്മയാണെന്നു കുറ്റപ്പെടുത്തുന്നവരുണ്ടാകാം. എന്നാൽ ചരിത്രത്തിലെ നേരിനോട് നേരിയ തോതിലെങ്കിലും സത്യസന്ധത പുലർത്തുന്ന രീതിയിലുള്ള ഗ്രന്ഥങ്ങൾ ഇന്നാവശ്യമാണ്. 'ഇന്ത്യൻ മുസ്‌ലിംകളുടെ നവോത്ഥാനത്തിന്റെ കഥ'യിലൂടെ അതിനുള്ള ശ്രമമാണ് നടത്തിയിട്ടുള്ളത്. ചരിത്രകുതുകികൾക്കിതൊരു അനുഗ്രഹമായിത്തീരും.

ഇത്തരമൊരു പുസ്തകം ഒരുക്കുന്നതിനു പ്രയത്നിച്ച ജ: ഇ.അഹമ്മദ് സാഹിബിനെയും പ്രകീർത്തിക്കേണ്ടതുണ്ട്. സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ മലബാർ, കേരള സംസ്ഥാനങ്ങളിലായി മുസ്‌ലിം നവോത്ഥാനത്തിനു വേണ്ടി പ്രവർത്തിച്ച ഖാഇദേമില്ലത്ത് മുഹമ്മദ് ഇസ്മായിൽ സാഹിബ്, കെ.എം. സീതി സാഹിബ് തുടങ്ങിയ മഹാന്മാരായ നേതാക്കളുടെ കാൽപാടുകൾ പിന്തുടർന്ന പാരമ്പര്യം ജ: ഇ.അഹമ്മദ് സാഹിബിനെ ഇത്തരമൊരു ദ്യമത്തിനു പ്രേരിപ്പിച്ചതാകാം. പാർലിമെന്ററി ജനാധിപത്യ രംഗത്ത് സജീവ ശ്രദ്ധ പതിപ്പിക്കുന്നതിനിടയിലും ഇത്തരമൊരു സംരംഭത്തിനു മുതിർന്ന ഗ്രന്ഥകാരനെ അഭിനന്ദിക്കുന്നു. ചന്ദ്രിക വാരാന്തപ്പതിപ്പിൽ ഖണ്ഡ:ശ്ശ പ്രസിദ്ധീകരിച്ച ലേഖനമാണ് ഗ്രന്ഥമാക്കുന്നത്. ഇതിനു പിന്നിൽ പ്രവർത്തിച്ച എല്ലാവരെയും അഭിനന്ദിച്ചുകൊണ്ട്,

കോഴിക്കോട്
28.04.1994

പ്രൊഫ. ടി. അബ്ദുൽ അസീസ്
ചീഫ് എഡിറ്റർ
ചന്ദ്രിക.

For Group Contact us +91 9746065242

mappilaheritagelibrary.com

നന്ദി

കെ.എം.സി.സി.

ജിദ്ദ-കണ്ണൂർ ജില്ലാ കമ്മിറ്റി

ഭാരവാഹികൾക്കും

പ്രവർത്തകർക്കും

For Group Contact us +91 9746065242

For Group Contact us +91 9746065242

mappilaheritagelibrary.com

1 പശ്ചാത്തലം

കഴിഞ്ഞ ഒരു നൂറ്റാണ്ട് ഇന്ത്യൻ മുസ്‌ലിം ചരിത്രത്തിൽ സംഭവബഹുലമാണ്. എട്ടു നൂറ്റാണ്ടുകാലം കൈപ്പിടിയിലൊതുക്കി വെച്ച ഇന്ത്യയുടെ ഭരണാധിപത്യം ഈ നൂറ്റാണ്ടിൽ മുസ്‌ലിംകൾക്കു നഷ്ടമായി. സിംഹാസനത്തിൽ നിന്നു താഴോട്ടുള്ള പതനത്തിന് ഈ നൂറ്റാണ്ടു സാക്ഷിയായി. മുഗൾ വംശത്തിന്റെ അവസാന കണ്ണിയായ ബഹദൂർഷാ സ്ഥാനഭ്രഷ്ടനാ യതോടെ ചെങ്കോട്ടയിലെ നാമമാത്ര ചക്രവർത്തിക്ക് കുടുംബം പോറ്റാൻ പോലും വഴിയില്ലാതായി. ചക്രവർത്തികുടുംബം ഡൽഹിയിലെ ഒരു ചേരിപ്രദേശത്ത് കഴിഞ്ഞുകൂടേണ്ടിവന്നു. അവിഭക്ത ഭാരതത്തിലെ അനേകകോടി മുസ്‌ലിംകളുടെ അവസ്ഥ ഇതിലും ഹൃദയഭേദകമായിത്തീർന്നു.

ഇന്ത്യൻ മുസ്‌ലിംകളുടെ സാമ്രാജ്യത്വ വിരുദ്ധ സ്വാതന്ത്ര്യസമരമായിരുന്നു 1857-ലെ ശിപായി ലഹള. അധികാരഭ്രഷ്ടനായ ബഹദൂർഷായെ ബ്രിട്ടീഷുകാർ ബർമ്മയിലേക്ക് നാടുകടത്തി. അദ്ദേഹത്തിന്റെ രണ്ടു മക്കളെ മുമ്പിൽവച്ചു തന്നെ കൊന്നു. ഡൽഹിയിലെ ചെങ്കോട്ടക്കും ജുമാമസ്ജിദിനുമിടയിലുള്ള ഒഴിഞ്ഞ സ്ഥലത്ത് മുസ്‌ലിംകൾ തമ്പടിക്കാതിരിക്കാൻ ബ്രിട്ടീഷ് ഭരണാധികാരികൾ അവിടെ ഉഴുതിട്ടു. 'സ്പെഷ്യൽ കമ്മീഷൻ' വെച്ചു 3306 പേരെ നാമമാത്ര വിചാരണ ചെയ്ത് 2025 പേരെ ശിക്ഷിച്ചു. അതിൽ 392 പേരെ തൂക്കിക്കൊന്നു. നിരപരാധികളായ ഒട്ടേറെ പേർ കൊടുംയാതനകൾ സഹിക്കേണ്ടി വന്നു. മഹാകവി ഗാലിബിന്റെ ഭാഷയിൽ 'മുസ്‌ലിം രക്തത്തിനായി ഡൽഹിയിലെ മണ്ണ് ദാഹിക്കുക'യായിരുന്നു.

ബ്രിട്ടീഷ് ഭരണത്തോട് വിയോജിച്ചുനിന്നിരുന്ന ഔധിലെ നവാബ് 1801-ൽ ബ്രിട്ടീഷ് ആധിപത്യത്തിനു കീഴടങ്ങിക്കൊടുത്തു. അവിടന്നങ്ങോട്ട് ഇന്ത്യയിലെ മുസ്‌ലിംകളുടെ കദനകഥകളുടെ തുടക്കമായിരുന്നു.

For Group Contact us +91 9746065242

mappilaheritagelibrary.com

ഹിന്ദു-മുസ്‌ലിം പ്രശ്നം എക്കാലത്തുമുണ്ടായിരുന്നു. ബ്രിട്ടീഷ് ഭരണാധികാരികൾ അത് യഥോചിതം ഉപയോഗപ്പെടുത്തി. ആധുനിക വിദ്യാഭ്യാസത്തോടു വിമുഖത കാണിച്ച മുസ്‌ലിംകൾക്കു ഭരണാധികാരം നഷ്ടപ്പെട്ടുവെന്നുമാത്രമല്ല അവർ ഭരണവൃത്തത്തിൽ അനഭിമതരുമായി. ഒരു ഭാഗത്ത് ബ്രിട്ടീഷുകാരന്റെ ആധിപത്യവും മറ്റൊരു ഭാഗത്ത് ഹിന്ദുമേധാവിത്വവുമെന്ന ചിന്ത അവരെ കുഴക്കി. മതപരമായ ചിന്ത രൂഢമൂലമായ മുസ്‌ലിം, അവന്റെ ആസ്തികൃത്തെപ്പറ്റി ചിന്തിച്ചു തുടങ്ങി. അവർ ആദ്യം മുസ്‌ലിമാണോ അതോ ഇന്ത്യക്കാരനാണോ എന്ന പ്രശ്നമാണ് അവന്റെ മനസ്സിനെ മഥിച്ചുകൊണ്ടിരുന്നത്. ഇക്കഴിഞ്ഞ നൂറ്റാണ്ടിലെ ഓരോ വർഷം കഴിയുന്തോറും ഈ പ്രശ്നങ്ങൾ അവനെ പലപ്പോഴും പിടിച്ചുലച്ചുകൊണ്ടിരുന്നു.

ഇന്ത്യൻ മുസ്‌ലിമിനെ അവന്റെ മാതൃരാജ്യവുമായി എന്നുമെന്നും ബന്ധിപ്പിക്കുന്ന അനേകമനേകം കണ്ണികളുണ്ട്. അവനും അവന്റെ പിതാമഹൻമാരും ഈ മണ്ണിൽ ജനിച്ചതാണെന്ന വസ്തുത തന്നെയാണ് ഏറ്റവും ലളിതവും പ്രധാനവുമായ കാര്യം. ഇന്ത്യക്കാരല്ലാത്തവരുടെ അനന്തരഗാമികൾ ഇന്ത്യൻ മുസ്‌ലിം ജനതയിൽ വളരെ കുറച്ചു മാത്രമേയുള്ളൂ. ബഹുഭൂരിപക്ഷവും ഇന്ത്യയിൽ തന്നെയുള്ളവരാണ്. മതപരിവർത്തനം നടത്തിയ പൂർവ്വികൻമാർ ഈ മണ്ണിന്റെ മക്കൾ തന്നെയാണ്. അതിനർത്ഥം വംശീയമായി നോക്കിയാൽ ഇന്ത്യൻ മുസ്‌ലിമിന്റെ വേരുകൾ ഹിന്ദുക്കളുടേതു പോലെത്തന്നെയാണ്. പന്ത്രണ്ടു നൂറ്റാണ്ടുകൾക്കു മുമ്പ് വൈദേശികാക്രമണത്തിലൂടെ കടന്നുവന്നവരുടെ കാലത്തുള്ള ഇന്ത്യയല്ല ഇന്നു നമ്മുടെ രാജ്യം. ഇന്നത് തികച്ചും വ്യത്യസ്തമാണ്. ഇന്നു ഹിന്ദുക്കളും മുസ്‌ലിംകളും വംശീയമായി ഒരേ വിഭാഗമാണ് ഇന്ത്യക്കാർ. ഇനി വല്ല വ്യത്യാസവും ഉണ്ടെങ്കിൽ തന്നെ നീണ്ട കാലത്തെ പരസ്പരബന്ധം ഒരു പൊതുവായ അടുപ്പവും ബന്ധവും ഉണ്ടാക്കുകയും ചെയ്തിരിക്കുന്നു.

ഇന്ത്യൻ ദേശീയ സ്വാതന്ത്ര്യപോരാട്ടത്തിലും ഇന്ത്യയിലെ മുസ്‌ലിംകൾ അതിമഹത്തായ പങ്ക് വഹിക്കുകയുണ്ടായി. ഇന്ത്യൻ നാഷണൽ കോൺഗ്രസ്, ഖിലാഫത്ത് പ്രസ്ഥാനം, മുസ്‌ലിംലീഗിന്റെ പ്രവർത്തനം ഇതെല്ലാം ഇന്ത്യൻ മുസ്‌ലിംകളുടെ ഗതകാല ചരിത്രത്തിൽ അലിഞ്ഞുചേർന്നതാണ്. 1940-ൽ പാകിസ്ഥാൻ

For Group Contact us +91 9746065242

mappilaheritagelibrary.com

പ്രമേയം ലാഹോറിൽ വെച്ചു ഫസലുൽ ഹഖ് അവതരിപ്പിച്ചതും 1947-ൽ ഇന്ത്യ വിഭജിക്കപ്പെട്ടതും പാകിസ്ഥാനെന്ന ലോകത്തിലെ ഏറ്റവും വലിയ മുസ്‌ലിം രാജ്യം ബംഗ്ലാദേശ് എന്ന രാജ്യത്തിന്റെ ആവിർഭാവത്തോടെ വിഭജിക്കപ്പെട്ടതും ഇന്ത്യൻ മുസ്‌ലിം ചരിത്രത്തിന്റെ ഭാഗമായി തീർന്നിരിക്കുന്നു.

ഇന്ത്യയിലെ മുസ്‌ലിംകൾ രാജ്യാതിർത്തികൾക്കതീതമായ കൂറുപുലർത്തുന്നവരാണെന്ന ആരോപണം പരിശോധിക്കപ്പെടേണ്ടിയിരിക്കുന്നു. പാകിസ്ഥാന്റെ രൂപവൽക്കരണത്തിനു ശേഷമോ, ബംഗ്ളാദേശിന്റെ പിറവിക്കു ശേഷമോ തുടങ്ങിയതല്ല. മുസ്‌ലിം ലോകത്തിന്റെ അവിഭാജ്യ ഘടകമാണ് ഇന്ത്യൻ മുസ്‌ലിംകളെന്ന് മുസ്‌ലിം നേതാക്കൾ പലവുരു വ്യക്തമാക്കിയിരിക്കുന്നു. തുർക്കിയിലെ ഭരണാധികാരികളോട് ബ്രിട്ടീഷുകാർ തെറ്റുചെയ്തതിന്റെ പേരിൽ ഖിലാഫത്ത് പ്രസ്ഥാനം ആരംഭിച്ച അലി സഹോദരൻമാരുടെ കൂടെ കോൺഗ്രസും ഇന്ത്യൻ ജനതയും ചേർന്നു. മഹാത്മാഗാന്ധിയുടെ ഉറ്റ മിത്രവും ദേശീയ സ്വാതന്ത്ര്യ സമരത്തിന്റെ സിംഹഗർജനവുമായ മൗലാനാ മുഹമ്മദലിയുടെ വാക്കുകൾ അഫ്സൽ ഇഖ്ബാലി 'മുഹമ്മദലി' എന്ന ഗ്രന്ഥത്തിൽ ഇങ്ങിനെ രേഖപ്പെടുത്തിയിരിക്കുന്നു.

"തുല്യവലിപ്പമുള്ള രണ്ടു വൃത്തങ്ങളിൽ ഞാനുൾപ്പെടുന്നു. എന്നാൽ അത് ഒരേ ദിശയിലുള്ളതല്ല. ഒന്ന് ഇന്ത്യയും മറ്റൊന്ന് മുസ്‌ലിം ലോകവും"

ഇന്ത്യൻ മുസ്‌ലിമിന്റെ വികാരം ശരിക്കും ഇതിൽ പ്രതിഫലിപ്പിക്കുന്നു. ഇന്ത്യയിലെ മുസ്‌ലിം ഒരിക്കലും മാതൃരാജ്യത്തിന് എതിരായി നിന്നിട്ടില്ല. ഇസ്‌ലാമും സ്വന്തം രാജ്യവും തമ്മിലുള്ള ഒരു സംഘട്ടനം ഇന്ത്യൻ മുസ്‌ലിം ഭാവനയിൽപോലും കാണുന്നില്ല. അവിഭക്ത ഇന്ത്യയിലെ മുസ്‌ലിംകൾ ഇന്നു മൂന്ന് രാജ്യങ്ങളിലുണ്ട്. ഇന്നത്തെ ഇന്ത്യയിലുണ്ടായിരുന്ന ഒട്ടനേകം മുസ്‌ലിംകൾ ഉപഭൂഖണ്ഡത്തിലെ മറ്റു രണ്ടു സ്വതന്ത്രരാജ്യങ്ങളിലുമുണ്ട്. ആ രാജ്യങ്ങളുടെ പിറവിയിലും വളർച്ചയിലും ഇന്നത്തെ ഇന്ത്യയിലെ അന്നത്തെ മുസ്‌ലിം പങ്കെടുത്തിട്ടുണ്ടാവാം. എന്നിട്ടും ഇന്ത്യൻ മുസ്‌ലിം പാകിസ്ഥാനിൽ മുഹാജിർ (അഭയാർത്ഥി) ആണ്. ബംഗ്ലാദേശിൽ അവൻ 'ബീഹാരി മുസ്‌ലിം' ആണ്. ഇന്ത്യയിലോ? കേരളം പോലുള്ള അപൂർവ്വം

For Group Contact us +91 9746065242

mappilaheritagelibrary.com

പ്രദേശങ്ങളൊഴികെ അക്ഷരാർത്ഥത്തിൽ അവൻ രണ്ടാംതരം പൗരനുമാണ്.

ഈ രാജ്യത്തെ മഹത്തായ ഭരണഘടന വിഭാവനം ചെയ്യുന്ന തുല്യനീതിയും തുല്യാവസരവും അവൻ അറിയുന്നില്ല. അതാസ്വദിക്കുവാനും അനുഭവവേദ്യമാക്കുവാനും അവനവസരമില്ല. മറ്റുള്ളവരുടെ കുറ്റത്തേക്കാളേറെ സ്വന്തം ആലസ്യവും അലംഭാവവും അവനെ നിഷ്ക്രിയനാക്കിയിരിക്കുന്നു. അവഗണനയും അപകർഷ ബോധവും അവനെ നിശ്ചേതനാക്കിയിരിക്കുന്നു. കരുത്തില്ലായ്മയും കഴിവില്ലായ്മയും അവന്റെ മനശ്ശക്തി തകർത്തിരിക്കുന്നു. ഇന്ത്യൻ മുസ്‌ലിം ആരായിരുന്നു? എന്തായിരുന്നു? അവൻ കടന്നുവന്ന ഗതകാലം എന്തായിരുന്നു?

അതറിയാൻ, അത് പഠിക്കാൻ ഉഗ്രപ്രതാപരും പുരുഷായുസ്സു മുഴുവൻ സേവനസപര്യയിലൂടെ മുസ്‌ലിംകളുടെ ചരിത്രത്തിനു നിറക്കൂട്ടു ഉയർത്തിയവരുമായ മഹാരഥൻമാരുടെ ചരിത്രംകൂടി അറിയണം. ആരാണവർ?.

സർ സയ്യിദ് അഹ്മദ് ഖാൻ, അല്ലാമാ ഇഖ്ബാൽ, മൗലാനാ മുഹമ്മദലി, മുഹമ്മദലി ജിന്ന, മൗലാനാ അബുൽ കലാം ആസാദ്, ലിയാഖത്തലി ഖാൻ, മുഹമ്മദ് ഇസ്മായിൽ സാഹിബ്..... ഇവരുടെ ജീവിത ചലനം ഇന്ത്യൻ മുസൽമാന്റെ ജീവചൈതന്യവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു.

For Group Contact us +91 9746065242

mappilaheritagelibrary.com

2 സർ സയ്യിദ് അഹ്മദ് ഖാൻ

മുഗൾ വംശത്തിലെ അവസാന രാജാവായിരുന്ന ബഹദൂർ ഷായെ ബർമ്മയിലേക്കു നാടുകടത്തുകയും രാജകുടുംബാംഗങ്ങളും അല്ലാത്തവരുമായ നിരവധി മുസ്‌ലിം പ്രമുഖരെ കഥാവശേഷരാക്കുകയും ചെയ്ത ബ്രിട്ടീഷുകാർ, പിന്നീട് ഇന്ത്യയിലെ മുസ്‌ലിംകളെ ഒന്നടങ്കം തങ്ങളുടെ ശത്രുക്കളായിക്കണ്ടു. ബ്രിട്ടീഷ് ആധിപത്യത്തിനെതിരെ 1857-ൽ കത്തിയാളിയ 'ശിപായി ലഹള'യിൽ മുസ്‌ലിംകൾക്കുള്ള നിർണ്ണായക പങ്കാളിത്തമായിരുന്നു ബ്രിട്ടീഷുകാരെ ചൊടിപ്പിച്ചത്. അവരുടെ നിർദ്ദയ മർദ്ദനങ്ങൾ കൊണ്ട് മനസ്സ് മരവിച്ച ഒരു ജനവിഭാഗമായിത്തീർന്നു, അക്കാലത്തെ ഇന്ത്യൻ മുസ്‌ലിംകൾ.

നൂറ്റാണ്ടുകളോളം ഭരണാധികാരത്തിന്റെ ചെങ്കോലേന്തിയ കൈകളിൽ വിറകുവെട്ടിയുടെ മഴുവേന്തിയ തഴമ്പ്. താജ്മഹലിന്റെയും ചെങ്കോട്ടയുടെയും സൃഷ്ടാക്കൾ കൽത്തുറുങ്കുകളുടെയും കഴുമരങ്ങളുടെയും വീർപ്പടക്കിയിരിക്കേണ്ട ദുരവസ്ഥ. ലോകമാസകലം അറിവിന്റെ വെളിച്ചം വിതറിയ ഒരു സമൂഹത്തിലെ ബഹുഭൂരിപക്ഷവും അക്ഷരങ്ങളിൽനിന്ന് ആയിരം കാതമകലെ, വിവരമില്ലായ്മയുടെ കനത്ത ഭാണ്ഡവുമായി ഇഴഞ്ഞുനീങ്ങേണ്ട സാഹചര്യം. ഇന്നലെകളിൽ പ്രതാപത്തിന്റെ ഉന്നതങ്ങളിൽ വിരാജിച്ചവർ ഇന്നു പുലരുമ്പോഴേക്ക് എല്ലാ വിധേനയുമുള്ള അധോഗതിയുടെ അഗാധതയിലേക്ക് വലിച്ചെറിയപ്പെട്ടു. നൂറ്റാണ്ടുകൾകൊണ്ടുണ്ടായ മാറ്റമായിരുന്നില്ല ഇത്. പ്രത്യുത, ശിപായി ലഹളയെത്തുടർന്നുള്ള ഏതാനും വർഷങ്ങൾക്കുള്ളിൽ സംഭവിച്ച മാറ്റം. മുസ്‌ലിംകളുടെ ഭാഗത്തുള്ള അപാകതകൾ അവരെ അധോഗതിയിലേക്ക് നയിക്കുകയായിരുന്നില്ല. മറിച്ച്, കലിയിളകിയ ബ്രിട്ടീഷ് അധികാരികൾ ദ്രുതഗതിയിലുള്ള ഒരു സാമൂഹിക-സാംസ്കാരിക പതനം മുസ്‌ലിംകൾക്കുമേൽ കെട്ടിയേൽപ്പിക്കുകയായിരുന്നു. അതിൽ അവർ ഗണ്യമായ തോതിൽ വിജയിക്കുകയും ചെയ്തു.

For Group Contact us +91 9746065242

mappilaheritagelibrary.com

ഹിന്ദുക്കളോടെന്നതിലുപരി മുസ്ലിംകളോടായിരുന്നു ബ്രിട്ടീഷുകാരുടെ ഈർഷ്യത മുഴുവൻ. ശിപായി ലഹള തന്നെ പ്രധാന കാരണം. അതിനു പുറമേ, സമീപകാലം വരെ ഭരണാധികാരികളായിരുന്നത് മുസ്ലിംകളായിരുന്നതിനാൽ ഹിന്ദുക്കളേക്കാളേറെ ഒരു തിരിച്ചടി മുസ്ലിംകളിൽ നിന്നാണവർ പ്രതീക്ഷിച്ചത്. മുസ്ലിംകൾ കലാപകാരികളും ആക്രമികളു മാണെന്ന്, മെനഞ്ഞെടുത്ത ചരിത്രത്തിലൂടെ അവർ സ്വയം പഠിക്കുകയും ചെയ്തിട്ടുണ്ടല്ലോ. അതുകൊണ്ട്, ഏറ്റവും കൂടുതൽ അടിച്ചമർത്തേണ്ടത് മുസ്ലിംകളെയാണെന്ന് ബ്രിട്ടീഷുകാർ തീരുമാനിക്കുകയും അവരത് പ്രയോഗിക്കുകയും ചെയ്തു. ഈ സമയത്താകട്ടെ, ബ്രിട്ടീഷുകാരുടെ വിരോധം ശതഗുണീഭവി പ്പിക്കുന്ന സമീപനമാണ് മുസ്ലിംകളിൽ നിന്നുണ്ടായത്. മർദ്ദനങ്ങൾ എത്രതന്നെ നിർദ്ദയമായാലും വഞ്ചകരായ ബ്രിട്ടീഷുകാരോട് രാജിയാകാൻ അവർക്ക് സാധിക്കുമായിരുന്നില്ല. നാനാവിധേനയുള്ള ഏറെക്കുറെ ആപൽക്കരമായ കയ്യേറ്റങ്ങളിലൂടെയും നിസ്സഹകരണ ത്തിലൂടെയും ബ്രിട്ടീഷ് ആധിപത്യത്തിനെതിരെ അവർ ആഞ്ഞടിച്ചു കൊണ്ടേയിരുന്നു. രാഷ്ട്രീയവും വൈകാരികവുമായ നിരവധി കാരണങ്ങൾ നിരത്തിവെച്ച് സാധാരണ ജനങ്ങളെ ബ്രിട്ടീഷ് മേൽക്കോയ്മക്കെതിരെ ബോധവൽക്കരിക്കാൻ നാടൊട്ടുക്കും ശ്രമം നടന്നു. പ്രമാണിമാരുടെ കൊട്ടാരങ്ങളും വർത്തകപ്രമുഖരുടെ പാണ്ടികശാലകളും അഭ്യസ്തവിദ്യരുടെ കാര്യാലയങ്ങളും ആത്മീയഗുരുക്കൻമാരുടെ ആരാധനാകേന്ദ്രങ്ങളുമെല്ലാം ഒരേ അളവിൽ ഈ ബോധവൽക്കണം തുടർന്നുകൊണ്ടിരുന്നു.

അങ്ങനെ, ഭരണാധികാരികൾക്കും ഭരണീയരിൽ പ്രബല വിഭാഗമായ മുസ്ലിംകൾക്കും മധ്യേ ശക്തവും അഭേദ്യവുമായ കനത്ത മതിൽക്കട്ടുകൾ കഴിഞ്ഞ നൂറ്റാണ്ടിന്റെ രണ്ടാം പകുതിയോടെ ഉയർന്നുവന്നു. അകൽച്ചയുടെ ഈ ഘട്ടത്തിലാണ് ഇന്ത്യൻ മസ്ലിംകളുടെ പൊതുജീവിതത്തിലേക്ക് സർ സയ്യിദ് അഹ്മദ് ഖാൻ കടന്നുവരുന്നത്.

മുഗൾ ചക്രവർത്തിയായ അക്ബർഷാ രണ്ടാമന്റെ ഭരണകാലത്ത് 1817-ലാണ് സയ്യിദ് അഹ്മദ് ജനിച്ചത്. പിതാവ് മീർ മുത്തഖി സൂഫിവര്യനായിരുന്നു. അക്ബർ ഷാ ചക്രവർത്തി നൽകിയ ഔദ്യോഗിക പദവികളൊന്നും സ്വീകരിക്കാതെ ആത്മീയതയി ലൂന്നിയ ജീവിതം നയിക്കാനാണ് അദ്ദേഹം ഇഷ്ടപ്പെട്ടത്. എന്നാൽ

For Group Contact us +91 9746065242

mappilaheritagelibrary.com

സയ്യിദ് അഹ്മദിന്റെ പിതാമഹൻ ഖാജാ ഫരീദി കൊട്ടാരത്തിലെ മന്ത്രിയായിരുന്നു. അദ്ദേഹവും മകൾ അസീസുന്നിസയുമാണ് അഹ്മദിനെയും ജ്യേഷ്ഠനെയും വളർത്തിയത്. ലൗകികവും ആത്മീയവുമായ വിദ്യാഭ്യാസം നൽകി, അതീവ ശ്രദ്ധയോടെ അവർ കുട്ടികളെ പരിപാലിച്ചു. ബന്ധുവായ ഒരു പണ്ഡിതനിൽനിന്ന് അറബി ഭാഷയും ഒരു കുടുംബ സുഹൃത്തിൽനിന്ന് പ്രാചീന ആരോഗ്യശാസ്ത്രവും അവർ പഠിച്ചു. ഇതിനിടെ, അഹ്മദിന്റെ ജ്യേഷ്ഠൻ മരണപ്പെട്ടു. ഏറെ ദുഖിതനായ അഹ്മദ് അന്നുമുതൽ താടി വളർത്തിത്തുടങ്ങി.

ഡൽഹിയിലെ കോളേജിൽ നിന്നും ആധുനിക വിദ്യാഭ്യാസം നേടാൻ അഹ്മദിനു ഭാഗ്യമുണ്ടായില്ല. കാരണം 18-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം മുസ്ലിം സമുദായത്തിന് നിഷിദ്ധമാണെന്ന് പണ്ഡിതന്മാർ വിധിച്ചിരുന്നു. തന്റെ മകളുടെ മക്കൾക്ക് ആധുനിക വിദ്യാഭ്യാസം നൽകാൻ സാമ്പത്തിക ശേഷിയുണ്ടായിരുന്നുവെങ്കിലും ഖാജാ ഫരീദി പണ്ഡിതന്മാരുടെ നീരസത്തിന് വഴിവെച്ചില്ല. മുസ്ലിം സാമ്രാജ്യം നശിപ്പിച്ചവരുടെ ഒരു ഇടപാടിലും പങ്കെടുക്കരുതെന്നായിരുന്നു അന്നത്തെ സമുദായ നിശ്ചയം. ബ്രിട്ടീഷുകാരോട് മാത്രമല്ല, മുസ്ലിം ഭരണകൂടം നിഷ്കാസിതമാക്കുന്നതിൽ പങ്കെടുത്തവരെന്ന് ആരോപിക്കപ്പെട്ട മറാത്തികളും, രജപുത്രരും, സിക്കുകാരും-ആരും തന്നെ അന്നത്തെ സമുദായവിലക്കിൽ നിന്ന് ഒഴിവാക്ക പ്പെട്ടിരുന്നില്ല.

സൂഫിവര്യനായിരുന്ന പിതാവ് മീർ മുത്തഖി മരിക്കും മുമ്പ് മകനു ആവശ്യമായ വിദ്യാഭ്യാസം നൽകിയിട്ടുണ്ടായിരുന്നു. ഖാജാ ഫരീദിയുടെ അനന്തരഗാമികൾക്ക് കൊട്ടാരത്തിൽ നിന്നും നൽകിയിരുന്ന സാമ്പത്തിക പരിഗണന ബ്രിട്ടീഷ് ഗവൺമെന്റ് തുടരുകയുണ്ടായി. ഉർദു ഭാഷയിൽ സയ്യിദ് അഹ്മദിന്റെ പ്രഭാഷണം ജനങ്ങളിൽ അദ്ദേഹത്തിന് പ്രത്യേകമായ അംഗീകാരം നേടിക്കൊടുത്തു. നല്ലൊരു എഴുത്തുകാരൻ എന്ന പേരുകൂടി സയ്യിദ് അഹ്മദ് സമ്പാദിച്ചു. ഉന്നതകുലജാതനായ അദ്ദേഹത്തിന് ബ്രിട്ടീഷ് ജനാധിപത്യത്തിൽ ജോലി ലഭിക്കുവാൻ പ്രയാസമുണ്ടായില്ല. ഡൽഹിയിലെ കോളേജിൽ ചേരാനായില്ലെങ്കിലും അഹ്മദ് ഇംഗ്ലീഷിൽ വ്യുൽപത്തി നേടി. ഇരുപത്തിയഞ്ചാം വയസ്സിൽ ബഹദൂർഷാ ചക്രവർത്തി മീർ മുത്തഖിയോട് തനിക്കുള്ള പ്രത്യേക പ്രതിപത്തിയെന്നോണം ഒരു സ്ഥാനവും സയ്യിദ് അഹ്മദിന് നൽകി.

For Group Contact us +91 9746065242

mappilaheritagelibrary.com

അതോടൊപ്പം കർമ്മകുശലനായ സയ്യിദ് അഹ്മദിന് ബ്രിട്ടീഷ് ഭരണകൂടം സാമാന്യം നല്ല ജോലിയും നൽകി. കോടതികളിലെ റീഡർ, പിന്നീട് മുൻസിഫ്, അതും കഴിഞ്ഞ് സബ്ജഡ്ജി ഉദ്യോഗം. ശമ്പളം 100 ഉറുപ്പിക പ്രതിമാസം.

ഇതിനിടയിൽ സയ്യിദ് അഹ്മദ് ബുദ്ധിപരമായ തന്റെ കഴിവ് പ്രകടിപ്പിച്ചു. ശാസ്ത്ര-കലകളിൽ അഗാധപാണ്ഡിത്യം തെളിയിച്ചുകൊണ്ട് ഒരു ഉറുദു ഗ്രന്ഥം രചിച്ചു. ഗ്രന്ഥകർത്താവെന്ന നിലക്ക് അംഗീകാരം ആദ്യം ലഭിച്ചത് 1855-ലായിരുന്നു. അക്ബർ ചക്രവർത്തിയുടെ മന്ത്രിയായിരുന്ന അബുൽഫാസിലിന്റെ 16-ാം നൂറ്റാണ്ടിലെ പ്രസിദ്ധ ഗ്രന്ഥമായ 'ഐനേ അക്ബറി'ന്റെ ചുവടുപിടിച്ചുകൊണ്ടും ഡൽഹിയിലെ ശിൽപ്പകലകളെ സംബന്ധിച്ചും നടത്തിയ പഠനം അടങ്ങിയ 'അത്താൽ സൻദീദ്' എന്ന ഗ്രന്ഥം പ്രസിദ്ധീകരിക്കപ്പെട്ടു. പണ്ഡിതലോകത്ത് സയ്യിദ് അഹ്മദിന് ഉന്നതസ്ഥാനം ഈ ഗ്രന്ഥം നേടിക്കൊടുത്തു.

എന്നാൽ അടുത്ത രണ്ടുവർഷങ്ങൾക്കകം ഉണ്ടായ സംഭവഗതികൾ സയ്യിദ് അഹ്മദിന്റെ മനസ്സ് തകർത്തു. ശിപായി ലഹളയും അനന്തര സംഭവഗതികളും. ലഹളക്കാലത്ത് സയ്യിദ് അഹ്മദിന്റെ നിരപരാധികളായ രണ്ടു അടുത്ത ബന്ധുക്കളെ ബ്രിട്ടീഷ് അനുകൂലികളായ സിക്ക് പട്ടാളക്കാർ വെടിവെച്ചു കൊല്ലുകയുണ്ടായി. മീറത്തിലെ ജോലിസ്ഥലത്തു നിന്ന് ഡൽഹിയിലോടിയെത്തിയ സയ്യിദ് അഹ്മദ് തന്റെ മാതാവ് താമസിച്ച വീടിനടുത്ത് താമസിച്ചിരുന്ന ബന്ധുക്കളുടെ മരണവാർത്ത കേട്ടു നടുങ്ങി. മാതാവ് അസീസുന്നിസാ ബീഗം സ്വന്തം വീട്ടിൽ നിന്ന് ഓടിരക്ഷപ്പെട്ട് കുതിരക്കാരന്റെ വീട്ടിൽ അഭയം തേടിയെന്ന വേദനാജനകമായ വാർത്തയാണ് അദ്ദേഹം കേട്ടത്. ഉടനെ അഹ്മദ് അവിടേക്കോടി. ഓമന മകനെ കണ്ട ഉമ്മ കണ്ഠമിടറി ചോദിച്ചു:

''അഹ്മദ്, നീ എന്തിനിവിടെ വന്നു? എല്ലാവരും കൊലചെയ്യപ്പെടുന്നു. അവർ നിന്നേയും കൊല്ലും"

വിശപ്പും ദാഹവും സഹിച്ച് കഴിഞ്ഞുകൂടിയ തന്റെ മാതാവും ആ വീട്ടിലെ മറ്റൊരു വൃദ്ധയും പരിക്ഷീണരാണെന്നുകണ്ട അഹ്മദ് ഒരു പാത്രം നിറയെ വെള്ളം കൊണ്ടുവന്നു കൊടുത്തു. വൃദ്ധ ആർത്തിയോടെ കുടിക്കുന്നതിനിടയിൽ പറഞ്ഞു: "മോനേ, നിന്റെ ഉമ്മ ദാഹം സഹിച്ചു കഴിയുന്നു. അവർക്കു കൊടുക്കൂ..." എന്നിട്ടും സയ്യിദ് അഹ്മദ് വൃദ്ധക്ക് ദാഹം തീരുവോളം തന്നെ വെള്ളം

For Group Contact us +91 9746065242

mappilaheritagelibrary.com

തുടർന്നുകൊടുത്തു. ഏതാനും നിമിഷങ്ങൾക്കകം ആ വൃദ്ധ ഇഹലോകവാസം വെടിഞ്ഞു.

സയ്യിദ് അഹ്മദ് മാതാവിനെ തന്റെ ജോലിസ്ഥലമായ മീറത്തിലേക്കു കൊണ്ടുപോയി. മനസ്സും ശരീരവും ഒരുപോലെ തളർന്ന അസീസുന്നിസ ഒരു മാസത്തിനകം തന്റെ എല്ലാമായ മകനെ എന്നെന്നേക്കുമായി വിട്ടുപിരിഞ്ഞു. സയ്യിദ് അഹ്മദിന്റെ പിതാവ് മീർ മുത്തഖിയും മാതാമഹൻ ഖാജാ ഫരീദിയും മരിച്ച ശേഷം സമ്പന്നതയുടെ മടിത്തട്ടിൽ വളർന്ന അസീസുന്നിസ തന്റെ മകന്റെ ഉയർച്ചക്കും വളർച്ചക്കും വേണ്ടി ഒട്ടേറെ ത്യാഗങ്ങൾ അനുഷ്ഠിച്ചിരുന്നു.

ബ്രിട്ടീഷുകാർക്കെതിരെയുണ്ടായ കലാപത്തെ അഹ്മദ് അംഗീകരിച്ചിരുന്നില്ല. ബ്രിട്ടീഷുകാർ ഇന്ത്യ വിട്ടുപോകാൻ വന്നവരല്ലെന്നാണ് അദ്ദേഹം പറഞ്ഞത്. സയ്യിദ് അഹ്മദിന്റെ നിഗമനം ശരിയായിരുന്നു. ബ്രിട്ടൻ പുതിയ കോളനിയുടെ മേൽ പിടിമുറുക്കി. ഈസ്റ്റിന്ത്യാ കമ്പനി ബ്രിട്ടീഷ് രാജാവിന്റെ ഗവൺമെന്റിന് വഴിമാറിക്കൊടുത്തു.

സയ്യിദ് അഹ്മദ് അനുസരണയുള്ള ഒരു ഉദ്യോഗസ്ഥനായിരുന്നു. ബിജ്നോറിൽ ഉദ്യോഗം വഹിച്ചപ്പോൾ തനിക്ക് യൂറോപ്യൻമാരോടുള്ള പ്രത്യേക മമത അദ്ദേഹം പ്രകടിപ്പിച്ചു.

ഔധ് നാട്ടുരാജ്യത്തിന്റെ ഭാഗമായിരുന്നു ബിജ്നോർ. ഔധിലെ നവാബ് മുഹമ്മദ് ബ്രിട്ടീഷ് ഭരണത്തെ ഉപരോധിച്ച ധീരനായിരുന്നു. ഔധ് ബ്രിട്ടീഷുകാർക്ക് കീഴടങ്ങുംവരെ നവാബ് മുഹമ്മദ് ഖാൻ പിടിച്ചുനിന്നു. അക്കാലത്ത് ബിജ്നോറിലെ ഇംഗ്ലീഷുകാരനായ ജില്ലാകലക്ടർ ഷെയ്ക്സ്പിയറും ഒട്ടേറെ ഇംഗ്ലീഷ് കുടുംബങ്ങളും ബിജ്നോറിൽ കുടുങ്ങിപ്പോയി. സയ്യിദ് അഹ്മദ് നവാബ് മുഹമ്മദ് ഖാനുമായി ഉരസി-അവസാനം ഇംഗ്ലീഷ് കുടുംബാംഗങ്ങളെ സുരക്ഷിതരായി ബിജ്നോർ വിടാൻ അവരെ സഹായിച്ചു. ആദ്യമാദ്യം ബിജ്നോറിൽ ബ്രിട്ടീഷുകാരുടെ സഹായത്തോടെ ഭരണം നടത്തിയ നവാബ് പിന്നീട് ഒരു സ്വതന്ത്രരാജ്യമായി പ്രഖ്യാപിച്ചു. ബിജ്നോറിലെ ഹിന്ദുക്കൾ മുസ്ലിംകളേക്കാൾ ഇരട്ടിയായിരുന്നു. അവരും നവാബിനെ അനുകൂലിച്ചു. നവാബ് സയ്യിദ് അഹ്മദിനെ വിളിച്ചുവരുത്തി തന്റെ ഉദ്യോഗം സ്വീകരിക്കുവാൻ ആവശ്യപ്പെട്ടു. അപ്പോൾ നവാബിനോട് സയ്യിദ് അഹ്മദ് പറഞ്ഞ മറുപടി മുഹമ്മദ് മുജീബിന്റെ 'മുസ്ലിം

For Group Contact us +91 9746065242

mappilaheritagelibrary.com

ദേശീയതവം' എന്ന പുസ്തകത്തിൽ ഇങ്ങിനെ രേഖപ്പെടുത്തി യിരിക്കുന്നു.

"പടച്ചവനാണേ, നവാബ് സാഹിബ്, ഇന്ത്യയിൽ നിന്നും ബ്രിട്ടീഷ് പരമാധികാരം തുടച്ചുനീക്കാനാവില്ല."

സയ്യിദ് അഹ്മദ് അന്നുപറഞ്ഞത് നേരായിരുന്നു. ഡൽഹിയിലെപ്പോലെ ബിജ്നോറിലെ കലാപവും ബ്രിട്ടീഷ് പട്ടാളം അടിച്ചമർത്തി. മുഹമ്മദ് ഖാനെതിരായ ബ്രിട്ടീഷ് ഭരണത്തിന്റെ നീക്കങ്ങളിൽ സയ്യിദ് അഹ്മദ് ബ്രിട്ടീഷിന്റെ പക്ഷത്തായിരുന്നു. ബ്രിട്ടീഷുകാരാകട്ടെ സയ്യിദ് അഹ്മദിനെ വളരെ കൂറുള്ള അപൂർവ്വം മുഹമ്മദീയരിൽ ഒരാളായി കരുതിപ്പോന്നു.

ബ്രിട്ടീഷ് ഭരണകൂടത്തിന്റെ അംഗീകാരപത്രവും സഹായവുമുണ്ടായിരുന്നിട്ടും സയ്യിദ് അഹ്മദിന്റെ മനോവ്യഥ അപാരമായിരുന്നു. സമുദായത്തിന്റെ താൽപര്യത്തേക്കാളേറെ ബ്രിട്ടീഷ് ഭരണകൂടത്തിന്റെ താൽപര്യത്തിനു മുൻതൂക്കം നൽകിയ തന്റെ ധൈര്യത്തിൽ അദ്ദേഹത്തിനു തെല്ല് അഭിമാനിക്കാ മായിരുന്നു. എന്നാൽ സ്വന്തം സമുദായത്തിന്റെ ദുരിതവും വേദനയും അദ്ദേഹത്തിനൊരാശ്വാസവും നൽകിയില്ല. ഔധിലെ നവാബിനെ തിരായി ബ്രിട്ടീഷുകാരെ തുണക്കാൻ ഹിന്ദു സമീന്ദർമാരെ അണിനിരത്തിയ തന്റെ ചെയ്തികൾ ഉൾക്കൊണ്ട കുറ്റബോധം ആ മനസ്സിനെ മഥിച്ചു. ആത്മാഭിമാനമുള്ള മുസ്ലിമിന് ഇന്ത്യയിൽ സ്ഥാനമുണ്ടോ എന്നചോദ്യം അദ്ദേഹത്തെ അലട്ടിക്കൊണ്ടിരുന്നു.

സയ്യിദ് അഹ്മദിന്റെ ജീവിതത്തിൽ 1858 ഒരു വഴിത്തിരി വായിരുന്നു. സ്വന്തം സമുദായത്തിലെ കണ്ണുനീർത്തു ള്ളികൾ ആ സമുദായസ്നേഹിയിൽ വമ്പിച്ച മാറ്റമുണ്ടാക്കി. ആത്മാഭിമാനത്തോ ടുകൂടി ജീവിക്കുവാൻ ഇന്ത്യ വിട്ടു ഈജിപ്തിലേക്കു കടക്കാൻ ആദ്യം നിശ്ചയിച്ചിരുന്ന സയ്യിദ് അഹ്മദ് പിന്നീട് തീരുമാനം മാറ്റി. ലഹളയുടെ ഫലമായി ദുരന്തങ്ങളനുഭവിച്ച ആയിരങ്ങളുടെ പേരിൽ ദുഖാചരണം നടത്തി പതിനായിരങ്ങൾ കൂട്ടത്തോടെ നീങ്ങുന്നത് സയ്യിദ് അഹ്മദ് കണ്ടു. സയ്യിദ് അഹ്മദ് ഖാന്റെ അക്കാലത്തെ അനുഭവങ്ങൾ അദ്ദേഹത്തിന്റെ അടുത്ത സുഹൃത്ത് മഹാകവി ഹാലി പറഞ്ഞതായി ഹാഫിസ് മാലിക്ക് ഇങ്ങിനെ രേഖപ്പെടുത്തുന്നു.

"എന്റെ മാത്രം രക്ഷയോർത്ത് ഒരു രക്ഷാസങ്കേതത്തി ലേക്ക് ഓടിപ്പോവുന്നത് മനുഷ്യത്വത്തിനും സഹജീവി സ്നേഹത്തിനും നിരക്കാത്തതാണ്. ഇല്ല. എന്റെ രാഷ്ട്രത്തിന്റെ ദുരിതങ്ങളിൽ ഞാനും

For Group Contact us +91 9746065242

mappilaheritagelibrary.com

പങ്കുചേരണം, അവർക്ക് എന്ത് പ്രയാസങ്ങളു ണ്ടായാലും അത് പരിഹരിക്കുവാൻ ഞാൻ അവരെ സഹായി ക്കണം. അങ്ങിനെ ഈ രാജ്യം വിട്ടുപോകരു തെന്ന് ഞാൻ തീരുമാനിച്ചു".

ഈ കാലഘട്ടത്തിൽ സയ്യിദ് അഹ്മദിന്റെ ജീവിതത്തിലെ മറ്റൊരു സംഭവനംകൂടി അദ്ദേഹത്തിൽ വന്ന മാറ്റത്തിന്റെ വലിയ തെളിവായി ഹാഫിസ് മാലിക്കിന്റെ 'സർ സയ്യിദ് അഹ്മദ് ഖാനും മുസ്ലിം നവോത്ഥാനവും' എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തി യിരിക്കുന്നു. ബിജ്നോറിലെ ജില്ലാ കലക്ടറായിരുന്ന ഷെയ്ക്സ്പിയർ കലാപകാരികളിൽ നിന്ന് തന്നെ രക്ഷപ്പെടുത്തിയ സയ്യിദ് അഹ്മദിനെ എന്നും നന്ദിപൂർവ്വം സഹായിച്ചിരുന്നു. ബിജ്നോറിലെ ബ്രിട്ടീഷ് വിരുദ്ധനായിരുന്ന ഒരു വൻ ജന്മിയിൽ നിന്ന് പിടിച്ചെടുത്ത ഒരു വലിയ ഭൂപ്രദേശം ഷെയ്ക്സ്പിയർ അഹ്മദ്ഖാന് ഓഫർ ചെയ്തു. ഇംഗ്ലീഷ് സുഹൃത്തിന്റെ ഈ ഓഫർ കർശനമായി നിരസിച്ച സർ സയ്യിദ് അതിനെക്കുറിച്ചു പറഞ്ഞതിങ്ങനെയാണ്;

"എന്നെക്കാളും മോശക്കാരനായ മറ്റൊരാളില്ലെന്ന് ഞാൻ എന്നോടു തന്നെ പറഞ്ഞു. നമ്മുടെ രാഷ്ട്രം ഇങ്ങിനെയെല്ലാം ദുരിതങ്ങൾ സഹിക്കുക. എന്നിട്ടും അതിൽനിന്ന് മുതലെടുത്ത് ഞാനൊരു താലൂക്ക്ദാറാവുക. ഷെയ്ക്സ്പിയറിന്റെ ഈ ഓഫർ തള്ളിക്കളഞ്ഞുകൊണ്ട് ഞാനദ്ദേഹത്തോട് പറഞ്ഞു. ഈ നാട്ടിൽ തന്നെ ജീവിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല എന്ന്. സത്യം പറയട്ടെ എന്റെ ഹൃദയവേദന അപാരമായിരുന്നു. അതെന്നെ വളരെ ചെറുപ്പത്തിൽ ഒരു വയോധികനാക്കി. എന്റെ താടിരോമങ്ങൾ നരച്ചുതുടങ്ങി."

ഇതുവരെ ഭൂതകാലത്തെ നോക്കിയിരുന്ന സയ്യിദ് അഹ്മദ് ഗതകാല ചരിത്രത്തിലൂടെ വർത്തമാനകാലത്തെ പഠിക്കുവാനും വിലയിരുത്തുവാനും തുടങ്ങി. സമുദായത്തിന്റെ താൽപര്യമായി പിന്നീട് സയ്യിദ് അഹ്മദിന്റെ ചിന്ത. ബ്രിട്ടീഷ് ഭരണകൂടം മുസ്ലിംകളോട് ചെയ്ത കടുത്ത അനീതി അദ്ദേഹത്തെ നടുക്കി. എന്നാൽ ഇനിയും ഇവിടെ തുടരുന്ന ആ വിദേശശക്തിയെക്കൊണ്ട് തന്റെ സമുദായത്തിന് എന്തു ചെയ്യിക്കാമെന്ന് സയ്യിദ് അഹ്മദ് ആലോചിച്ചു. സയ്യിദ് അഹ്മദ് തന്റെ സമുദായത്തെ എത്രമാത്രം സ്നേഹിക്കാൻ തുടങ്ങിയെന്നതിന് സുപ്രസിദ്ധമായ രണ്ടു പ്രേമകഥകളിലെ നായികാനായകൻമാരെ പരാമർശിച്ചുകൊണ്ട്,

For Group Contact us +91 9746065242

mappilaheritagelibrary.com

'ഉറുദുവിന്റെ പിതാവ്' എന്നറിയപ്പെടുന്ന അബ്ദുൽ ഹഖ് ഇങ്ങിനെ എഴുതി:

"സയ്യിദ് അഹ്മദ് തന്റെ സമുദായത്തെ സ്നേഹിച്ചതുപോലെ ഫർഹാദ് ഹിറിനേയോ നളൻ ദമയന്തിയെയോ സ്നേഹിച്ചിരിക്കുകയില്ല. ഉറക്കത്തിലും ഉണർവ്വിലും ഇരിപ്പിലും നിൽപ്പിലും അദ്ദേഹത്തിന് ഒരേയൊരു ചിന്ത മാത്രമേ ഉണ്ടായിരുന്നുള്ളൂ- 'സമുദായം'.

സമുദായത്തിന്റെ വേദനകൾ വെറുതെ കടിച്ചിറക്കി അടങ്ങിയിരിക്കുവാൻ സയ്യിദ് അഹ്മദ് സന്നദ്ധനായിരുന്നില്ല. എന്നാൽ താൻ സമുദായത്തിനുവേണ്ടി ചെയ്യുന്നതെന്തും ക്രിയാത്മകവും ഫലപ്രദവുമായിരിക്കണമെന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു. 1858-ൽ അദ്ദേഹം ഒരു നിവേദനം തയ്യാറാക്കി. "ഇന്ത്യയുടെ പ്രതിഷേധലഹളയുടെ കാരണങ്ങൾ" എന്ന ഈ നിവേദനത്തിൽ ബ്രിട്ടീഷുകാരുടെ തെറ്റുകൾ അദ്ദേഹം തുറന്നുകാട്ടി. ഇരുനൂറ്റാണ്ട് ഭരിച്ച ബ്രിട്ടീഷ് ഗവൺമെന്റിനു ജനങ്ങളുടെ സൗഹൃദം നേടാനായില്ല. ഈസ്റ്റിന്ത്യാ കമ്പനിക്കു വേണ്ടി യുദ്ധം ചെയ്ത് മെഡൽ വാങ്ങിയ ഇന്ത്യൻ പട്ടാളക്കാർ മതവിശ്വാസികളായതുകൊണ്ട് തന്റെ സഹോദരങ്ങൾ ക്കെതിരായി കാഞ്ചി വലിച്ചില്ല. അവരുടെ കൈകാലുകൾക്ക് ചങ്ങലയിട്ടപ്പോൾ അവർ ആ മെഡലുകളുടെ നേരെ ദയനീയമായി നോക്കിക്കരഞ്ഞു. അവരെ ശിക്ഷിച്ചതു വലിയ കുറ്റമാണ്.

ഈ നിവേദനം ഇന്ത്യയിലും ഇംഗ്ലണ്ടിലുമുള്ള ഭരണാധികാരികൾക്കാണ് അയച്ചുകൊടുത്തത്. ഇന്ത്യയിൽ അത് വിതരണം ചെയ്തില്ല. സയ്യിദ് അഹ്മദിന്റെ ഈ നിവേദനം പ്രത്യാഘാതങ്ങൾ ഉണ്ടാക്കിയിരുന്നില്ല. ലണ്ടനിലെ ഉദ്യോഗവൃന്ദം അവ ഓരോന്നും പരിശോധിച്ചു. (സയ്യിദ് അഹ്മദിന്റെ ഈ രേഖ അല്ലെൻ ഒക്ടോവൻ ഹ്യൂം എന്ന ബ്രിട്ടീഷ് സർക്കാർ ഉദ്യോഗസ്ഥനു 1885-ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് എന്ന സംഘടന സ്ഥാപിക്കുന്നതിനു പ്രചോദനമായിരുന്നുവെന്നത് ഒരു ചരിത്രവസ്തുതയാണ്.)

മുറാദാബാദിലും പിന്നീട് ഗാസിപൂരിലും ജോലി നോക്കുന്നതിനിടയിൽ സയ്യിദ് അഹ്മദ് ഓരോ സ്കൂൾ സ്ഥാപിച്ചു. ഹിന്ദുക്കളുടെയും മുസ്ലിംകളുടെയും സഹായംകൊണ്ടുണ്ടാക്കിയ സ്കൂളുകൾ മുസ്ലിംകളുടെ വിദ്യാഭ്യാസ പുരോഗതിക്കുവേണ്ടി അദ്ദേഹം തുടങ്ങിയ ആദ്യത്തെ സംരംഭമായിരുന്നു. ഇതിനിടയി

For Group Contact us +91 9746065242

mappilaheritagelibrary.com

ലാണ് ബൈബിളിനെ സംബന്ധിച്ച ഒരു വ്യാഖ്യാനം സയ്യിദ് അഹ്മദ് എഴുതിയത്. ഇസ്ലാമും ക്രിസ്തുമതവും തമ്മിലുള്ള സാദൃശ്യങ്ങൾ അതിൽ വിവരിച്ചിരുന്നു. പാശ്ചാത്യ ശാസ്ത്രീയ ലേഖനങ്ങൾ പൗരസ്ത്യർക്ക് മനസ്സിലാക്കാൻ 'ശാസ്ത്രീയ പരിഭാഷാ സൊസൈറ്റി' അദ്ദേഹം സ്ഥാപിച്ചു.

സയ്യിദ് അഹ്മദ് സമുദായം എന്ന് വിവക്ഷിച്ചത് മുസ്ലിം സമുദായത്തെയായിരുന്നു. എന്നാൽ തന്റെ എല്ലാ സംരംഭങ്ങളിലും അദ്ദേഹം സഹോദരങ്ങളെ കൂടെ ചേർത്തു. രാജാ ജയ കിഷൻദാസ് എന്ന അന്നത്തെ ഹിന്ദു പ്രമുഖൻ അദ്ദേഹത്തിന്റെ ഉത്തമ സുഹൃത്തായിരുന്നു. മുറാദാബാദിലും ഗാസിപൂരിലും അദ്ദേഹം സ്ഥാപിച്ച സ്കൂളുകൾ മുസ്ലിം സ്കൂളുകളെന്നതിനെക്കാളുപരി ഇന്ത്യൻ സ്കൂളുകളായിരുന്നു. 1861-ൽ മൂന്നു അമുസ്ലിം സഹോദരങ്ങളെ മാത്രം (പാട്യാലയിലെയും ബനാറസിലെയും ഭരണാധികാരികളും സർ ദിനകർറാവുവും) വൈസ്രോയിയുടെ ലജിസ്ലേറ്റീവ് കൗൺസിലിലേക്ക് നോമിനേറ്റ് ചെയ്യപ്പെട്ടപ്പോൾ സയ്യിദ് അഹ്മദ് മറ്റുള്ളവരെപ്പോലെ സന്തോഷിച്ചു. എന്നാൽ താൻ അവസാനം ജഡ്ജിയായി ജോലിചെയ്യാൻ നിയമിക്കപ്പെട്ട ബനാറസിലെത്തിയപ്പോൾ ഹിന്ദു-മുസ്ലിം ബന്ധത്തിലുണ്ടായ ചില സംഭവങ്ങൾ അദ്ദേഹത്തെ പിടിച്ചുലച്ചു. കോടതികളിലെ ഭാഷയായിരുന്ന ഉർദുവിനു പകരം ഹിന്ദി വേണമെന്ന പ്രക്ഷോഭമായിരുന്നു അദ്ദേഹത്തെ വേദനിപ്പിച്ചത്. സയ്യിദ് അഹ്മദിന് ഉർദു ഇന്ത്യയിലെ മുസ്ലിം ഭരണത്തിന്റെ ചരിത്രസ്മരണയുടെ പ്രതീകം മാത്രമായിരുന്നില്ല, 'ഹിന്ദു-മുസ്ലിം സംസ്കാരത്തിന്റെ ഒരേയൊരു പൊതുഹൃദയവും കൂടിയായിരുന്നു. അതോടുകൂടിയാണ് സയ്യിദ് അഹ്മദ് മുസ്ലിംകളുടെ ക്ഷേമത്തിനുവേണ്ടി മാത്രം പറയാൻ തുടങ്ങിയത്. തന്റെ പൂർവ്വകാല സുഹൃത്തായ ഷെയ്ക്സ്പിയർ അദ്ദേഹത്തോടു ചോദിച്ചു, "താങ്കൾ മുമ്പ് ഹിന്ദുക്കളുടെയും മുസ്ലിംകളുടെയും നന്മക്ക് വേണ്ടി വാദിച്ചിരുന്ന ആളായിരുന്നല്ലോ?"

സയ്യിദ് അഹ്മദ് പ്രതിവചിച്ചു; "രണ്ടു സമുദായങ്ങളി ലുമുള്ള വിദ്യാസമ്പന്നരെന്ന് പറയപ്പെടുന്ന ആളുകൾ രണ്ടു സമുദായങ്ങൾക്കിടയിലും ശത്രുത വർദ്ധിപ്പിക്കും. നിങ്ങൾ അതാണ് കാണാൻ പോകുന്നത്."

ഉർദുവിനു പകരം ഹിന്ദി വേണമെന്ന വാദമുഖങ്ങൾ

For Group Contact us +91 9746065242

mappilaheritagelibrary.com

അഹ്മദ് ഖാനെ വളരെ വേദനിപ്പിച്ചു. ഇത്തരം നീക്കങ്ങൾ ഹിന്ദു-മുസ്ലിം ഐക്യം അസാദ്ധ്യമാക്കിത്തീർക്കുമെന്ന് അദ്ദേഹം താക്കീതു നൽകി. ഡൽഹിയിലെ ജനങ്ങളുടെ ലളിതവും മനോഹരവുമായ സംസാരഭാഷയായിരിക്കണം ഇന്ത്യയുടെ പൊതുഭാഷയെന്ന് മഹാകവി ഹാലി പറഞ്ഞു. ഇന്ത്യക്ക് ഒരു പൊതുഭാഷ വേണമെന്നു വന്നാൽ അതു ഹാലിയുടെ സുപ്രസിദ്ധ കൃതിയായ 'ഒരു വിധവയുടെ ആവലാതി' എന്നതിന്റെ ഭാഷയായിരിക്കണമെന്ന് പിന്നീട് ഗാന്ധിജി പറഞ്ഞു. എന്നുവച്ചാൽ രണ്ട് ലിപികളിലും എഴുതാൻ പറ്റുന്ന ഉർദുവും ഹിന്ദിയും ആയിരിക്കണമെന്ന് സാരം. ഗാന്ധിജി പറഞ്ഞത് ഇന്ത്യയിൽ നടന്നില്ല എന്നത് മറ്റൊരു കാര്യം.

1869-ൽ സയ്യിദ് അഹ്മദ് ഇംഗ്ലണ്ടിലേക്ക് കപ്പൽ കയറി. കാംബ്രിഡ്ജ് സർവ്വകലാശാലയിൽ പഠിക്കാൻ സ്കോളർഷിപ്പ് നേടിയ മകൻ മുഹമ്മദും ഇളയ മകൻ ഹമീദും ഒരു സുഹൃത്തായ ഖുദാദ് ബേഗും സയ്യിദ് അഹ്മദിന്റെ പരിചാരകൻ ചാജ്ജും ഈ യാത്രയിലുണ്ടായിരുന്നു. 'ബറോഡ്' എന്ന കപ്പലിലെ യാത്രാനുഭവങ്ങളെപ്പറ്റി സയ്യിദ് അഹ്മദ് രസകരമായ ഒട്ടേറെ സംഗതികൾ രേഖപ്പെടുത്തിയിട്ടുണ്ട്. 'ആട്ടിറച്ചിയും മാട്ടിറച്ചിയും ചിക്കനും പ്രാവുമെല്ലാം കഴിച്ചു കൊണ്ടിരുന്നതിനിടയിൽ ആകർഷകമായ ഗ്ലാസുകൾ തീൻമേശയിൽ നിരത്തി. വെള്ളത്താടി വെച്ച എന്നെക്കണ്ട് വലിയ ഒരാളാണെന്ന് കരുതിയ സ്റ്റിവാർഡ് ഗ്ലാസിൽ വീഞ്ഞു നിറക്കാൻ ശ്രമിച്ചപ്പോൾ ഞാൻ പറഞ്ഞു: "വേണ്ട, വേണ്ട! തണുത്ത വെള്ളം' മനമില്ലാമനസ്സോടെ വീണ്ടും ഗ്ലാസുകൾ മാറ്റി ഐസിട്ട വെള്ളം കൊണ്ടുവന്നു - മനുഷ്യസമൂഹത്തിന് സർവ്വശക്തൻ സൃഷ്ടിച്ച മദ്യം.

യൂറോപ്പിലേക്കുള്ള ഈ കപ്പൽയാത്രയും പതിനേഴ് മാസത്തെ ഇംഗ്ലണ്ടിലെ ജീവിതവും സയ്യിദ് അഹ്മദിന് വിലപിടിച്ച അനുഭവങ്ങൾ നൽകി. യൂറോപ്യൻ വൻകരയിലേക്ക് കടന്ന് 'ബറോഡ്'യിലിരുന്നുകൊണ്ട് ദീപാലംകൃതമായ പടുകൂറ്റൻ കെട്ടിടങ്ങളെയും മോടിയിൽ വസ്ത്രധാരണം ചെയ്ത സ്ത്രീപുരുഷൻമാരെയും കണ്ടപ്പോൾ തന്റെ നാട്ടിലെ പട്ടിണിപ്പാവങ്ങളെക്കുറിച്ചോർത്ത് ആ ഹൃദയം വേദനിച്ചു. മാർസയൻസിലും പാരീസിലും ഇറങ്ങിനടന്നപ്പോൾ കണ്ട മനോഹരങ്ങളായ ശിൽപ്പകലകളും ചിത്രകലാരചനകളും സയ്യിദ് അഹ്മദിനെ

For Group Contact us +91 9746065242

mappilaheritagelibrary.com

വിസ്മയഭരിതനാക്കി.

ഇംഗ്ലണ്ടിലെ 17 -മാസങ്ങളിൽ സയ്യിദ് അഹ്മദ് നിരവധി ഇംഗ്ലീഷുകാരിൽ നിന്ന് വിവിധ കാര്യങ്ങൾ പഠിച്ചു. അക്കാലത്ത് വിശ്വവിഖ്യാതരായ കാർലൈൽ, ചാൾസ് ഡിക്കൻസ് എന്നിവരെ കാണാനും അദ്ദേഹത്തിനു അവസരം ലഭിച്ചു.

സയ്യിദ് അഹ്മദ് എന്നും യാഥാർത്ഥ്യബോധമുള്ള വ്യക്തിയായിരുന്നു. ഇംഗ്ലണ്ടിലെ താമസവും അനുഭവവും അദ്ദേഹത്തെ കൂടുതൽ യാഥാർത്ഥ്യബോധമുള്ളവനാക്കി. ഇംഗ്ലീഷുകാരുടെ നാഗരികതക്കാധാരമായ അവരുടെ കലയും ശാസ്ത്രവും ഇംഗ്ലീഷിൽ നിന്ന് ഇന്ത്യൻ ഭാഷകളിൽ വിവർത്തനം ചെയ്യണമെന്ന് അദ്ദേഹം കരുതി. 'ഇത് സത്യമാണ്. വെറും സത്യം'- സയ്യിദ് അഹ്മദ് രേഖപ്പെടുത്തി.

ഇംഗ്ലണ്ടിലെ താമസക്കാലം, ഓക്സ്ഫോർഡും കാംബ്രിഡ്ജും സന്ദർശിച്ച സയ്യിദ് അഹ്മദ് ലണ്ടനിലെ ലൈബ്രറികൾ മുടങ്ങാതെ സന്ദർശിച്ച് മറ്റൊരു അതിപ്രധാന കർത്തവ്യം നിർവ്വഹിച്ചു. വടക്കുപടിഞ്ഞാറൻ അതിർത്തി സംസ്ഥാനത്തെ അന്നത്തെ ഗവർണ്ണർ സർ വില്യം മുയിർ 'മുഹമ്മദിന്റെ ജീവിതം' എന്ന ഒരു ഗ്രന്ഥം രചിച്ചിരുന്നു. ഈ ഗ്രന്ഥത്തിൽ പറഞ്ഞ അബദ്ധജടിലമായ ഭാഗങ്ങളെ തുറന്നുകാണി ക്കുവാനായി സയ്യിദ് അഹ്മദ് ലണ്ടനിലെ ഗ്രന്ഥശാലകളിൽ മാസങ്ങൾ വിനിയോഗിച്ചു. ഗവർണ്ണർ മുയിറിനെ ഖണ്ഡിച്ചുകൊണ്ട് ഗ്രന്ഥമെഴുതി. ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കു ന്നതിന്റെ ചിലവിലേക്ക് പണമുണ്ടാക്കാൻ തന്റെ ഇന്ത്യയിലെ ഗ്രന്ഥശേഖരം വിൽക്കുകയാ യിരുന്നു. ബ്രിട്ടനിലെ ഹാറോവിലും ഈറ്റണിലുമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ സന്ദർശിക്കുമ്പോൾ ഇന്ത്യയിലെ മുസ്‌ലിംകൾക്ക് ആധുനിക വിദ്യാഭ്യാസം നൽകുവാനുള്ള ഒരു നല്ല വിദ്യാഭ്യാസ സ്ഥാപനത്തിന് അദ്ദേഹം ഭാവനയിൽ രൂപരേഖ നൽകി. സയ്യിദ് അഹ്മദ് 1870 ഒക്ടോബറിൽ ഇന്ത്യയിൽ തിരിച്ചെത്തി. അദ്ദേഹം ബർണാ നദീതീരത്തുള്ള ഒരു കൂറ്റൻ ബംഗ്ളാവിൽ തനി യൂറോപ്യൻ രീതിയിലാണ് ജീവിച്ചത്. പലപ്പോഴും ബനാറസിലെ ബ്രിട്ടീഷ് ഉദ്യോഗസ്ഥ മേധാവികളും കുടുംബങ്ങളും അദ്ദേഹത്തിന്റെ ആധിത്യം സ്വീകരിച്ചിരുന്നു. സയ്യിദ് അഹ്മദ് ഒരു അഭിമാനി യായിരുന്നു. ഇംഗ്ലീഷ് ജീവിതരീതി ആരുടേയും കുത്തകയല്ലെന്ന് അദ്ദേഹം ഇംഗ്ലീഷുകാരെ മനസ്സിലാക്കിച്ചു. മാത്രമല്ല,

For Group Contact us +91 9746065242

mappilaheritagelibrary.com

ഇന്ത്യക്കാരനായ തന്നെ തെല്ലും അവഗണിക്കാനോ അവമതിക്കാനോ അദ്ദേഹം ഒരു ഇംഗ്ലീഷുകാരനെയും അനുവദിച്ചില്ല. വടക്കുപടിഞ്ഞാറൻ സംസ്ഥാന ഗവർണ്ണർ സർ വില്യം മുയിർ പ്രവാചകരെക്കുറിച്ചു എഴുതിയ പുസ്തകത്തിന് സയ്യിദ് അഹ്മദ് ഖാനെഴുതിയ ഖണ്ഡനഗ്രന്ഥത്തിൽ അഹ്മദ് ഖാൻ നുണയെഴുതിയെന്ന ആരോപണം മുയിർ ഉന്നയിച്ചപ്പോൾ അഹ്മദ് ഖാൻ ശക്തിയായി പ്രതിഷേധിച്ചു. തന്റെ ഔദ്യോഗിക രേഖകൾപോലും ഗവർണർ മുയിറിന് സമർപ്പിക്കാൻ വിസമ്മതിച്ചു. തന്റെ മകന് കേംബ്രിഡ്ജ് സ്കോളർഷിപ്പും, തനിക്ക് 'സ്റ്റാർ ഓഫ് ഇന്ത്യ' ബഹുമതിയും നൽകാൻ ശുപാർശ ചെയ്ത ആളാണ് മുയിർ എന്നത് സയ്യിദ് അഹ്മദിന് ഒരു പ്രശ്നമായിരുന്നില്ല. അഹ്മദ് ഖാന്റെ വ്രണിതവികാരം അറിഞ്ഞ ഗവർണർ മുയിർ എഴുതി: 'വസ്തുതകൾ വളച്ചൊടിച്ച് ഒരാരോപണം ഉന്നയിക്കണമെന്ന് ഞാൻ സ്വപ്നത്തിൽപോലും കരുതിയിരുന്നില്ല'. തനിക്ക് കിട്ടിയ സയ്യിദ് അഹ്മദിന്റെ ലേഖനം പരിഭാഷയിൽ വന്ന തെറ്റാണ് കാരണമെന്ന് മുയിർ മനസ്സിലാക്കി. 'ഞാനെത്ര വലിയ തെറ്റാണ് ചെയ്തതെന്ന് ഇപ്പോൾ ഞാൻ മനസ്സിലാക്കുന്നു' മുയിർ തുടർന്നു പറഞ്ഞു.

ഇന്ത്യയിൽ മടങ്ങിയെത്തിയ അഹ്മദ് ഖാൻ സാമൂഹിക പരിഷ്കരണം ഉദ്ദേശിച്ചുകൊണ്ട് 'തഹ്ദിസെ അഖ്ലാഖ്' മാസിക പ്രസിദ്ധീകരണം തുടങ്ങി. ആ മാസിക മുസ്ലിംകൾക്കിടയിൽ ഒരു വലിയ കൊടുങ്കാറ്റുതന്നെ സൃഷ്ടിച്ചു. തികച്ചും പുരോഗമനപരമായ ആശയങ്ങളാണതിൽ ഉണ്ടായിരുന്നത്. ഈ മാസിക പുറത്തുവരുന്തോറും ചിലർ സയ്യിദ് അഹ്മദ് ഖാനെ 'കാഫിറാ'ക്കുവാനും മറ്റു ചിലർ അദ്ദേഹത്തെ നിരീശ്വരവാദിയായി മുദ്രകുത്തുവാനും രംഗത്തുവന്നുകൊണ്ടിരുന്നു.

അലീഗറിൽ ഒരു വിദ്യാലയത്തിനു ആരംഭം കുറിക്കാൻ ഒട്ടനേകം പ്രയാസങ്ങൾ അദ്ദേഹം അനുഭവിച്ചു. ആദ്യം ഇവിടെ മുഹമ്മദൻ ആംഗ്ലോ-ഇന്ത്യൻ ഓറിയന്റൽ വിദ്യാലയമാണ് സ്ഥാപിച്ചത്.

ബ്രിട്ടീഷ് പട്ടാളക്കാർ മുമ്പുപയോഗിച്ച 75 ഏക്കർ സ്ഥലം ഗവർണ്ണർ മുയിർ കോളേജിനുവേണ്ടി വിട്ടുകൊടുത്തു. വൈസ്രോയി ആയിരുന്ന ഹോർത്ത് ബ്രൂക്ക് പ്രഭു തന്റെ സ്വന്തം ഫണ്ടിൽ നിന്ന് 10000 ക സംഭാവനയായി നൽകി. 1877 ജനുവരിയിൽ അന്നത്തെ വൈസ്രോയിയായിരുന്ന ലിറ്റൺ പ്രഭു സ്ഥാപനത്തിന്

For Group Contact us +91 9746065242

mappilaheritagelibrary.com

ശിലാഫലകമിട്ടു. റാംപൂരിലെ മുസ്‌ലിം ഭരണാധികാരിയും പാട്യാലയിലെ സിക്ക് ഭരണാധികാരിയും ഉർദു ഗാനം ആലപിച്ചു കൊണ്ടും വിജയനഗരത്തിലെ ഹിന്ദു രാജാവും ഈ ഉദ്യമത്തെ സഹായിച്ചു. തന്റെ സമുദായത്തിന് അക്ഷരപരിജ്ഞാനം മാത്രം പോരാ. അവർക്ക് ആധുനിക വിദ്യാഭ്യാസവും ലഭിക്കണം. അതായിരുന്നു സയ്യിദ് അഹ്മദ് ഖാന്റെ അഭിലാഷം. അതിനുവേണ്ടി അദ്ദേഹം പരമാവധി ത്യാഗം ചെയ്തു. സാധാരണക്കാരെയും അദ്ദേഹം സമീപിച്ചു. ലോട്ടറി ടിക്കറ്റുകൾ വിറ്റുകൊണ്ടു കഴുത്തിൽ ഒരു സഞ്ചി തൂക്കിയിട്ടുകൊണ്ട് സയ്യിദ് അഹ്മദ് ഖാൻ സഹായത്തിനായി ഓരോ വാതിലും മുട്ടി.

അലീഗറിൽ സയ്യിദ് അഹ്മദ് ആരംഭിച്ച വിദ്യാഭ്യാസ സ്ഥാപനം അറിയപ്പെട്ടത് എം.എ.ഒ. കോളേജ് (മുഹമ്മദൻ ആംഗ്ലോ ഓറിയന്റൽ കോളേജ്) എന്ന പേരിലായിരുന്നു. ആർട്സ്, സയൻസ്, നിയമം എന്നീ വിഷയങ്ങൾ ഇംഗ്ലീഷിൽ ഇവിടെ പഠിപ്പിക്കുവാൻ തുടങ്ങി. എന്നാൽ എം.എ.ഒ. ഒരു പരിഷ്കൃത സ്ഥാപനമായിരുന്നില്ല. അഹ്മദ് ഖാന്റെ മാസിക (പരിഷ്കർത്താവ്) പോലെ സമുദായത്തിന്റെ അന്ധവിശ്വാസത്തിലേക്ക് കടന്നുചെല്ലാനും അത് ദുരീകരിക്കാനും ഈ വിദ്യാലയത്തിന്റെ ആരംഭത്തിൽ അഹ്മദ് ഖാൻ ശ്രമിച്ചില്ല. മാത്രമല്ല മതവിദ്യാഭ്യാസം ഏർപ്പെടുത്തുവാനും അതിന്റെ ചുമതല അഹ്മദ്ഖാന്റെ അഭിപ്രായങ്ങളോട് വിയോജിപ്പുള്ള യഥാസ്ഥിതികരെന്നു അറിയപ്പെട്ട ആളുകൾ ഉൾക്കൊള്ളുന്ന ഒരു കമ്മിറ്റിക്കു വിട്ടുകൊടുക്കുവാനും അദ്ദേഹം തയ്യാറായി. സ്ത്രീകൾക്കു വിദ്യാഭ്യാസം നൽകാൻ അന്നദ്ദേഹം ഒരുങ്ങിയില്ല. മുസ്‌ലിംകളായ പുരുഷൻമാർക്ക് വേണ്ടത്ര വിദ്യാഭ്യാസം ലഭിക്കട്ടെ, എന്നിട്ടു മതി മുസ്‌ലിം സ്ത്രീകൾക്കു ആധുനിക വിദ്യാഭ്യാസം എന്നാണ് അദ്ദേഹം കരുതിയത്.

അന്ന് മുസ്‌ലിം സമുദായം ഇംഗ്ലീഷ് വിദ്യാഭ്യാസത്തോട് വൈമുഖ്യം കാണിച്ചു. ഇംഗ്ലീഷ് വിദ്യാഭ്യാസം ക്രിസ്തുമത പ്രചരണത്തിന്റെ ഭാഗമാണെന്നും ഇംഗ്ലീഷ് വിദ്യാഭ്യാസം നടത്തുന്ന മുസ്‌ലിം ക്രിസ്തുമതത്തിലേക്ക് മാറാൻ എളുപ്പമുണ്ടെന്നുള്ള ധാരണയുണ്ടായിരുന്നു. 19-ാം നൂറ്റാണ്ടിലെ ഇന്ത്യൻ മുസ്‌ലിമിന്റെ ഈ മനോഭാവത്തിനെതിരായ ആദ്യത്തെ സംരംഭമായിരുന്നു അഹ്മദ് ഖാൻ അലിഗറിൽ ആരംഭിച്ചത്. ഇംഗ്ലീഷ് വിദ്യാഭ്യാസത്തോടൊപ്പം മത വിദ്യാഭ്യാസം നൽകാനും മതപരമായ തർക്ക പ്രശ്നങ്ങൾ

For Group Contact us +91 9746065242

mappilaheritagelibrary.com

കുത്തിപ്പൊക്കാതിരിക്കാനും അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. തന്റെ ഉൽപതിഷ്ണുത്വവും പുരോഗമനാശയവും നടപ്പിലാക്കുവാനുള്ള വേദിയായി അദ്ദേഹം അലിഗർ കോളേജിനെ ഉപയോഗിച്ചില്ല. പ്രത്യേക, മതത്തോടുള്ള ആഭിമുഖ്യം കൈവിടാതെത്തന്നെ സമുദായത്തിനു ആധുനിക വിദ്യാഭ്യാസം നേടിയെടുക്കാനുള്ള ഒരു കേന്ദ്രമായിട്ടാണ് അലിഗറിനെ സയ്യിദ് അഹ്മദ്ഖാൻ വീക്ഷിച്ചത്.

പത്തൊമ്പതാം നൂറ്റാണ്ടിലെ സമുദായത്തിന്റെ സ്ഥിതി പരിതാപകരമായിരുന്നു. ബ്രിട്ടീഷ് ഗവൺമെന്റിന്റെ ആസ്ഥാനങ്ങളിലൊന്നും മുസ്ലിമിനു സ്ഥാനമുണ്ടായിരുന്നില്ല. വിദ്യാഭ്യാസം നേടിയ മുസ്ലിമിനെ കാണാൻ പോലും പ്രയാസമായിരുന്നു. അക്കാലത്ത് മുസ്ലിംകളുടെ സ്ഥിതിയെന്തായിരുന്നുവെന്ന് വില്യം ഹണ്ടർ എന്ന യൂറോപ്യൻ ചരിത്രകാരൻ രേഖപ്പെടുത്തിയിട്ടുണ്ട്: ''1860-70 കാലഘട്ടത്തിൽ ആധുനിക വിദ്യാഭ്യാസം കയ്യൊഴിച്ച ഇന്ത്യൻ മുസ്ലിമിന് ദാരിദ്ര്യവും തൊഴിലില്ലായ്മയും കൂടപ്പിറപ്പായിരുന്നു. കൽക്കത്തയിലെ ബ്രിട്ടീഷ് രാജിന്റെ ഓഫീസുകളിൽ മുഹമ്മദീയർക്ക് അർഹിക്കാവുന്ന ജോലി പോർട്ടർ, പ്യൂൺ, മഷി നിറച്ചുകൊടുക്കുന്നവൻ 'പദവി'കളായിരുന്നു. കൽക്കത്തയിലെ ഇംഗ്ലീഷ് കോളേജിലെ മുന്നൂറു വിദ്യാർത്ഥികളിൽ ഒരു ശതമാനം പോലും മുസ്ലിം സമുദായത്തിൽനിന്നു ണ്ടായിരുന്നില്ല" ഹണ്ടർ എഴുതി.

ഈ ഒരു ചുറ്റുപാടിൽ സമുദായത്തിന്റെ ഈ 'ഒറ്റപ്പെടൽ' അവസാനിപ്പിക്കാനായി അഹ്മദ്ഖാൻ ആരംഭിച്ച കോളേജ് തലമുറകളായി സമുദായത്തിന്റെ അജ്ഞതയും അന്ധകാരവും നീക്കാനുള്ള വിളക്കുമാടമായി മാറുകയായിരുന്നു.

മുസ്ലിംകൾ ഈ കോളേജിൽ ചേരാൻ സയ്യിദ് അഹ്മദ് വലിയ പ്രചരണങ്ങൾ നടത്തി. ഇത് സമുദായത്തിന്റെ സ്ഥാപനമാണെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. എന്നാൽ ഒരിക്കലും കോളേജിലെ പ്രവേശനം മുസ്ലിംകൾക്കു മാത്രമായി അദ്ദേഹം പരിമിതപ്പെടുത്തിയില്ല. ഹിന്ദു വിദ്യാർത്ഥികൾകൂടി കോളേജിൽ ചേരുന്നത് അദ്ദേഹം സ്വാഗതം ചെയ്തു. മാത്രമല്ല, മുസ്ലിം വിദ്യാർത്ഥികൾക്കു നിർബന്ധമായിരുന്ന മതവിദ്യാഭ്യാസ ക്ലാസുകളിൽ നിന്ന് ഹിന്ദു വിദ്യാർത്ഥികളെ ഒഴിവാക്കി. ഹിന്ദു സഹോദരങ്ങളുടെ വിശ്വാസം നേടാനായി കോളേജിനകത്ത് ഗോവധം നിരോധിച്ചു. 1887-ലെ പതിനൊന്നംഗ മാനേജിംഗ് കമ്മിറ്റിയിൽ 3 പേർ ഹിന്ദു മെമ്പർമാരായിരുന്നു. വിദ്യ നേടാൻ ഹിന്ദുക്കൾക്കും മുസ്ലിംകൾക്കും

For Group Contact us +91 9746065242

mappilaheritagelibrary.com

ഒരേ അവകാശമാണെന്നു പറഞ്ഞ അഹ്മദ് ഖാൻ ബി.എ. പരീക്ഷയിൽ ഏറ്റവുമധികം മാർക്ക് വാങ്ങുന്ന ഹിന്ദു വിദ്യാർത്ഥിക്ക് ഒരു സ്വർണ്ണമെഡൽ തന്റെ സ്വന്തം പണം ചെലവാക്കി സമ്മാനിച്ചിരുന്നു.

മുസ്‌ലിം സമുദായത്തെ സംബന്ധിച്ചിടത്തോളം വിവിധ ശാഖാവിഭാഗങ്ങളുടെ ഒരു കക്ഷി വ്യത്യാസവും അലീഗറിൽ കാണിക്കാൻ സമ്മതിച്ചില്ല. ഉത്തർപ്രദേശ് സംസ്ഥാനത്തെ പ്രമാദമായ സുന്നി-ഷിയ ഭിന്നത അലീഗറിൽ നിഴലിച്ചില്ല. അവിടെ സുന്നി-ഷിയ വിഭാഗത്തിൽപ്പെട്ടവർ ഒരു ശരീരംപോലെ ഒന്നിച്ചുനിന്നു.

സമുദായത്തിന്റെ ഐക്യത്തിന് അദ്ദേഹം അങ്ങേയറ്റം വില കൽപിച്ചു. ഓരോ മുസ്‌ലിമും ഇസ്‌ലാമിനെപ്പറ്റി അറിയണമെന്നും വിലയിരുത്തണമെന്നും അഹ്മദ്ഖാൻ ആഗ്രഹിച്ചു. 1880-നും 1884-നുമിടയിൽ അദ്ദേഹം വിശുദ്ധ ഖുർആന്റെ വ്യാഖ്യാന വാള്യങ്ങളെഴുതി പ്രസിദ്ധീകരിച്ചു. "ഖുർആൻ വ്യാഖ്യാനമെഴുതാൻ തുടങ്ങിയപ്പോൾ അദ്ദേഹം പലപ്പോഴും ഉറങ്ങാറുണ്ടായിരുന്നില്ല. ചുറ്റും വിവിധ ഗ്രന്ഥങ്ങൾക്കിടയിൽ നിലത്തിരുന്നു അദ്ദേഹം എഴുതിക്കൊണ്ടിരുന്നു. ഉറക്കമൊഴിവാക്കാനായി ഇടക്കിടെ കടുംചായ കഴിക്കും, നന്നേ ഉറക്കം വരുമ്പോൾ ഒരു വലിയ പുസ്തകമെടുത്ത് തലയിണയാക്കി ഒരു മണിക്കൂർ ഉറങ്ങും. വീണ്ടും ഉണരും. എഴുത്തു തുടരും...." -(മോഡേൺ മുസ്‌ലിം ഇന്ത്യാ -ഇക്രാം)

അഹ്മദ് ഖാനെഴുതിയ തഫ്സീറിനെപ്പറ്റിയും അഭിപ്രായ വ്യത്യാസങ്ങളുണ്ടായിരുന്നു. ആദ്യത്തെപ്പോലെ അത്ര ശക്തമായിരുന്നില്ലെന്നുമാത്രം. അദ്ദേഹംതന്നെപ്പറ്റി പറഞ്ഞു. ''ഞാൻ ഒരു ചുക്കുമല്ല, എന്നാൽ ഇരുലോകത്തിനും വെളിച്ചമായിരുന്ന പ്രവാചക തിരുമേനിയുടെ വംശപരമ്പരയിൽ പെട്ടവൻ മാത്രമാണ്. ഞാനെന്റെ പൂർവ്വികൻമാരുടെ പാതയിലൂടെ ചലിക്കും". അദ്ദേഹം ഒന്നുകൂടി വ്യക്തമാക്കി, 'ഒരു മുസ്‌ലിം കുടുംബത്തിൽ പിറന്നതുകൊണ്ടു മാത്രം ഞാനൊരു മുസ്‌ലിമായതല്ല. തുറന്ന മനസ്സോടുകൂടി വിശ്വാസപ്രമാണങ്ങളെ വിലയിരുത്തിയപ്പോൾ ഇസ്‌ലാമിൽ എന്റെ വിശ്വാസം രൂഢമൂലമായി'. സർ സയ്യിദ് ആദ്യവും അവസാനവും യഥാർത്ഥ മുസ്‌ലിമായിരുന്നു. അതുകൊണ്ടുതന്നെയാണ് 19-ാം നൂറ്റാണ്ടിൽ ആധുനിക വിദ്യാഭ്യാസം നേടി പുറത്തുവരുന്ന തന്റെ

For Group Contact us +91 9746065242

mappilaheritagelibrary.com

സമുദായത്തിലെ യുവജനങ്ങൾക്ക് അദ്ദേഹം ഇങ്ങിനെയൊരു ആഹ്വാനം നൽകിയത്;

"നിന്റെ വലതുകയ്യിൽ തത്വശാസ്ത്രവും ഇടതുകയ്യിൽ പ്രകൃതിശാസ്ത്രവും നെറ്റിത്തടത്തിൽ അല്ലാഹുവല്ലാതെ മറ്റൊരു ദൈവവുമില്ലെന്ന കലിമതുത്തൗഹീദും ഉണ്ടായിരിക്കണം".

സമുദായത്തിലെ ഇളംതലമുറയോടു അദ്ദേഹം ചോദിച്ചു.

"എന്റെ കുഞ്ഞുങ്ങളേ, നിങ്ങളുടെ പുരോഗതി വാനോളം ഉയർന്നുവെന്നിരിക്കട്ടെ. ആ പ്രക്രിയയിൽ നിങ്ങൾ ഒരു മുസ്‌ലിമായിത്തന്നെ അവശേഷിക്കാത്ത കാലത്തോളം ഈ നേട്ടങ്ങൾ കൊണ്ടെന്ത് കാര്യം?"

അലിഗറിന്റെ ആരംഭവും വളർച്ചയും ആധുനിക വിദ്യാഭ്യാസത്തോടു മുസ്‌ലിം സമുദായം വെച്ചുപുലർത്തിയ വൈമുഖ്യം മാറ്റിയെടുത്തു. 1920-ൽ അലീഗറിലെ ആംഗ്ലോ ഓറിയന്റൽ കോളേജ്, ഒരു മുസ്‌ലിം സർവ്വകലാശാല ആയിത്തീരുന്നതിനു മുമ്പും പിമ്പുമായി ഒട്ടനേകം ബിരുദധാരികളെയും സമൂഹത്തിന്റെ ഉന്നതശ്രേണികളിലെത്തിയ പ്രതിഭാശാലികളെയും സ്ഥാപനം സൃഷ്ടിച്ചു.

അതേസമയം, ഇന്ത്യൻ മുസ്‌ലിംകളുടെ വ്യക്തിത്വത്തിനു നിറപ്പകിട്ടു നൽകിയ അലിഗർ, സ്വാതന്ത്ര്യപ്രസ്ഥാനത്തോട് അവലംഭിച്ച നിലപാടെന്തായിരുന്നു.? ഒരിക്കലും അന്നത്തെ ദേശീയ പ്രസ്ഥാനത്തോട് അഹ്മദ്ഖാൻ യോജിച്ചില്ല. ബ്രിട്ടീഷ് ഭരണം അത്ര പെട്ടെന്ന് ഇന്ത്യയിൽ നിന്ന് പോകുന്നതല്ലെന്ന് അദ്ദേഹം ആവർത്തിച്ചു. അതുകൊണ്ടു തന്നെ ഭരണത്തോട് സഹകരിച്ചുകൊണ്ട് സാമുദായിക പ്രശ്നങ്ങൾക്കും യാതനകൾക്കും പരിഹാരം കാണണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു.

ബ്രിട്ടീഷുകാർക്കെതിരെ രംഗത്തുവന്ന എല്ലാ ശ്രമങ്ങളോടും അഹ്മദ്ഖാൻ വിയോജിച്ചു. കൂട്ടത്തിൽ കോൺഗ്രസിനോടും. 1885-ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് രൂപംകൊണ്ടത് പരിപാവനമായ ലക്ഷ്യത്തോടെയായിരുന്നു. കോൺഗ്രസ് സ്ഥാപകനായ അലൻ ഒക്ടോവിയൻ ഹ്യൂം യഥാർത്ഥത്തിൽ ബ്രിട്ടീഷ് രാജ് അനുകൂലിയുമാണ്. രാജിനെ അംഗീകരിച്ചുകൊണ്ടുതന്നെ സൃഷ്ടിപരമായി പ്രതികരിക്കാനാണ് അദ്ദേഹം കോൺഗ്രസ്സിനു ബീജവാപം നൽകിയത്. ഈ കോൺഗ്രസ് പിന്നീട് ബ്രിട്ടീഷുകാരെ നഖശിഖാന്തം എതിർത്തുതുടങ്ങിയതോടെ അഹ്മദ്ഖാൻ കടുത്ത

For Group Contact us +91 9746065242

mappilaheritagelibrary.com

കോൺഗ്രസ് വിരോധിയായിത്തീർന്നു. നിയമനിർമ്മാണ സഭയിലേക്കു തിരഞ്ഞെടുപ്പുവേണമെന്ന ആവശ്യത്തെ അദ്ദേഹം എതിർത്തു. ജനങ്ങളിൽ കോൺഗ്രസിന്റെ സ്വാധീനം എത്തരുതെന്ന് ആഗ്രഹിച്ച ജയകിഷൻ രാജ, ജാനകീദാസ് പോലുള്ളവർ ഈ വിഷയത്തിൽ അഹ്മദ്ഖാനോടൊപ്പം ചേർന്നു. ബദ്റുദ്ദീൻ ത്വയ്യിബ്ജിയെപ്പോലുള്ള മുസ്‌ലിം പ്രമുഖരെ കോൺഗ്രസ് വാർഷികങ്ങളിലേക്കു ക്ഷണിക്കുകയും ത്വയ്യിബ്ജിയെ പ്രസിഡണ്ടാക്കുകയുമൊക്കെ ചെയ്തിട്ടും അഹ്മദ്ഖാന്റെ കോൺഗ്രസ് വിരോധം തണുക്കുകയോ, കോൺഗ്രസിന് മുസ്‌ലിംകളിൽ വേണ്ടത്ര സ്വാധീനം ചെലുത്താൻ സാധിക്കുകയോ ചെയ്തില്ല.

ഒരു മുസ്‌ലിം വിരുദ്ധ സംഘടനയാണെന്ന നിലക്കാണ് അഹ്മദ്ഖാൻ കോൺഗ്രസിനെ വിമർശിച്ചതെന്ന് പറയുന്ന ചരിത്രകാരന്മാരുണ്ട്. എന്നാൽ ജവഹർലാൽ നെഹ്റു തന്റെ 'ഇന്ത്യയെ കണ്ടെത്തൽ' എന്ന ഗ്രന്ഥത്തിൽ പറഞ്ഞതുപോലെ, കോൺഗ്രസിന്റെ ആശയങ്ങൾ കടുത്തതാണെന്ന നിലക്കായിരുന്നു അദ്ദേഹത്തിന്റെ കോൺഗ്രസ് വിരോധം. അല്ലാതെ, അതൊരു ഹിന്ദു സംഘടനയാണെന്ന നിലക്കല്ല. മാത്രവുമല്ല, കോൺഗ്രസിനെ എതിർക്കാൻ അദ്ദേഹം കൂട്ടുപിടിച്ചതുപോലും ഹിന്ദുക്കളെയായിരുന്നു.

അഹ്മദ്ഖാൻ ഒരർത്ഥത്തിലും ഒരു ഹിന്ദു വിരോധിയായിരുന്നില്ല. 1890-ൽ ബോംബെയിലുണ്ടായ ഹിന്ദു-മുസ്‌ലിം കലാപത്തിൽ അദ്ദേഹം മനംനൊന്തുവെന്നത് ശരിയാണ്. അക്കാലത്ത് ഹിന്ദു പുനരുജ്ജീവനക്കാരെന്ന പേരിൽ ചിലർ നിരത്തിലൂടെ വാദ്യമേളങ്ങളോടെ ഘോഷയാത്ര നടത്താൻ ഒരുങ്ങിയപ്പോൾ, അതിന്റെ തിക്തഫലം മുസ്‌ലിംകളുടെ പക്ഷത്തുനിന്നുള്ള എതിർപ്പും തുടർന്നു കലാപവുമായിരിക്കുമെന്ന് ഹിന്ദു നേതാക്കളിൽ ചിലർക്കൊപ്പം ചേർന്ന് അഹ്മദ്ഖാനും ഉണർത്തി. ഇതൊന്നും ഹൈന്ദവ വിരോധത്തിന്റെ പേരിലായിരുന്നില്ല, കലാപം ഭയന്നായിരുന്നു.

അഹ്മദ്ഖാനെ 1888-ൽ ബ്രിട്ടീഷുകാർ 'സർ' പദവി നൽകി ആദരിച്ചു. ബ്രിട്ടീഷുകാരോട് കൂറുകാട്ടിയതിന്റെ പ്രതിഫലമായിരുന്നു ഈ പദവി. ഈ കൂറാകട്ടെ തികച്ചും ആത്മാർത്ഥമായിട്ടായിരുന്നു. മുസ്‌ലിം സമുദായത്തിന്റെ വ്യഥ അവസാനിപ്പിക്കാൻ ഇതാണ് വഴിയെന്ന് അദ്ദേഹം കരുതി. ആദ്യം ആധുനിക വിദ്യാഭ്യാസത്തോടു സമുദായം വെച്ചുപുലർത്തുന്ന വൈമുഖ്യം

For Group Contact us +91 9746065242

mappilaheritagelibrary.com

അവസാനിപ്പിക്കുക, അതോടൊപ്പം ഭരണകൂടവുമായുള്ള മാറിനിൽപ്പ് അവസാനിപ്പിക്കുക. ഇതായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനരീതി. ആദ്യത്തെ ചുവട് സമുദായത്തിന്റെ ദുരവസ്ഥക്ക് അറുതി വരുത്താൻ; രണ്ടാമത്തേത്, വലിയ ഒരു വിഭാഗം ജനങ്ങളുടെ നേരെയുള്ള ഭരണകൂടത്തിന്റെ അറപ്പ് അവസാനിപ്പിക്കാനും.

ഇന്ത്യയിലെ രണ്ടു പ്രബല സമുദായങ്ങൾ - ഹിന്ദുക്കളും മുസ്‌ലിംകളും- തമ്മിൽ യോജിപ്പും രഞ്ജിപ്പും ഉണ്ടാക്കാൻ അദ്ദേഹം എന്നും പരിശ്രമിച്ചിരുന്നു. അജ്ഞത കൊണ്ടു തകർന്ന തന്റെ സമുദായത്തെ ഉയർത്തിക്കൊണ്ടുവരാൻ ചെയ്ത എല്ലാ ശ്രമങ്ങളിലും ഭൂരിപക്ഷ സമുദായത്തിന്റെ സഹായം സർ സയ്യിദ് നേടി. അത് ലഭിക്കുകയും ചെയ്തു. സർ സയ്യിദിന്റെ ഏറ്റവും വലിയ സുഹൃത്തായ രാജ ജയകിഷൻ ദാസ് സയ്യിദ് അഹ്മദിനെ കണ്ടത് മുസ്‌ലിംകളോടെന്നപോലെ ഹിന്ദുക്കളോടും അങ്ങേയറ്റം അനുഭാവവും പരിഗണനയും ഉള്ള വ്യക്തിയായിട്ടാണ്. ഡോ. ഭഗവാൻ ദാസ് സയ്യിദ് അഹ്മദ്ഖാനെപ്പറ്റി പറഞ്ഞു: 'അദ്ദേഹത്തിന്റെ ലക്ഷ്യം സമുദായത്തെ ഈ രാജ്യവുമായി ഇണക്കിക്കൊണ്ടുവരിക എന്നതുകൂടിയായിരുന്നു'.

ഇന്ത്യൻ മുസ്‌ലിംകളെ ഒറ്റപ്പെടുത്തിയ ആദ്യത്തെ മുസ്‌ലിം സർ സയ്യിദ് ആണെന്നു പറയുന്ന ചിലരുണ്ട്. ഇത് ഒട്ടും ശരിയല്ല. സർ സയ്യിദിന്റെ പ്രഥമവും പ്രധാനമാവുമായ പരിഗണന മുസ്‌ലിം സമുദായം തന്നെയായിരുന്നു. എന്നാൽ മറ്റൊരു വിഭാഗത്തിന് അദ്ദേഹം എതിരായിരുന്നില്ല. ബ്രിട്ടീഷ് ഭരണകൂടത്തെ അനുകൂലിച്ച് അദ്ദേഹം ഇന്ത്യൻ നാഷണൽ കോൺഗ്രസിനെ അമിതമായി എതിർത്തു. കോൺഗ്രസിന്റെ തിരഞ്ഞെടുപ്പ് പ്രാതിനിധ്യ സമ്പ്രദായത്തെ അദ്ദേഹം എതിർത്തു. അങ്ങിനെ എതിർത്തപ്പോൾ പോലും സർ സയ്യിദ് അഹ്മദ്ഖാൻ ഇന്ത്യയിലെ രണ്ടു പ്രബല സമുദായങ്ങൾ ഒന്നിച്ചു ഈ മണ്ണിൽ ജീവിച്ചുമരിക്കേണ്ടവരാണെന്നു അസന്നിഗ്ധമായി പ്രഖ്യാപിച്ചിരുന്നു. ആവേശഭരിതമായ സർ സയ്യിദിന്റെ പ്രസംഗത്തിലെ വരികൾ ഉദ്ധരിക്കാം.

'ഹിന്ദുക്കളേ, മുസ്‌ലിംകളേ, ഇന്ത്യയല്ലാതെ മറ്റേതെങ്കിലുമൊരു രാജ്യത്ത് നിങ്ങൾ അധിവസിക്കുമോ? നിങ്ങൾ ഇവിടെ ജീവിക്കുന്നവരും ഈ മണ്ണിൽ അടക്കം ചെയ്യപ്പെടേണ്ടവരും ഈ ഭൂമിയുടെ തീരത്തു സംസ്കരിക്കപ്പെടേണ്ടവരുമല്ലേ? ഹിന്ദുവെന്നതും മുസൽമാനെന്നതും മതപരമായി മാത്രം പ്രാധാന്യമുള്ളതാണെന്നും

For Group Contact us +91 9746065242

mappilaheritagelibrary.com

ഓർക്കുക -അതിനപ്പുറം ഹിന്ദുവും മുസൽമാനും, ക്രൈസ്തവരുമെല്ലാവരുംകൂടി ചേർന്നിട്ടാണ് ഈ രാജ്യം ഒരു രാഷ്ട്രമാവുന്നത്'. (1884 ജനുവരി 27 ലെ പ്രസംഗം).

ഹിന്ദുക്കളെയും മുസ്‌ലിംകളെയും രണ്ടു രാഷ്ട്രങ്ങളെന്ന നിലക്ക് സർ സയ്യിദ് കണ്ടിരുന്നില്ല എന്ന് ചൂണ്ടിക്കാണിക്കാനാണ് ഈ പ്രസംഗം ഉദ്ധരിച്ചത്. മാത്രമല്ല, സർ സയ്യിദ് ഒന്നാന്തരം യാഥാർത്ഥ്യ ബോധമുള്ള നേതാവായിരുന്നു. അലിഗഢിലൂടെ അദ്ദേഹം കാഴ്ചവെച്ചതും അതുതന്നെയായിരുന്നു. ഹിന്ദുവും മുസൽമാനും ഒന്നിച്ചു ജീവിക്കണമെന്നു ശക്തമായ ഭാഷയിൽ പ്രഖ്യാപിച്ച സർ സയ്യിദ് ഒന്ന് മറ്റൊന്നിനെ ദ്രോഹിക്കരുതെന്നും താക്കീത് നൽകി. 'സർ സയ്യിദ്' എന്ന ഗ്രന്ഥത്തിൽ സർ സയ്യിദിന്റെ 1884 ജനുവരി 27 ലെ പ്രസംഗം ഷാൻ മുഹമ്മദ് ഇങ്ങനെ റിപ്പോർട്ട് ചെയ്യുന്നു;

'ഹിന്ദുക്കളും മുസ്‌ലിംകളും ഈ രാജ്യത്തിന്റെ കാലാവസ്ഥയും ഉൽപന്നവും പങ്കിട്ടെടുത്തു ഒന്നിച്ചിവിടെ ജീവിക്കുകയും മരിക്കുകയും ചെയ്യണമെന്ന് ദൈവം നിശ്ചയിച്ചു. നൂറ്റാണ്ടുകാലം കഴിഞ്ഞു. അതുകൊണ്ടു തന്നെ ഈ രണ്ടു സമുദായങ്ങളും സുഹൃത്തുക്കളായി, അല്ല സഹോദരങ്ങളായി ജീവിക്കുക എന്നത് ദൈവ നിശ്ചയമാണ്. ഇന്ത്യയുടെ മുഖത്തുള്ള രണ്ടു സുന്ദരമായ നയനങ്ങളാണത്.

ഇന്ത്യയിലെ രണ്ടു പ്രബല സമുദായങ്ങളെ സർ സയ്യിദ് മനോഹരമായി വിശേഷിപ്പിച്ചത് 1897 ജൂൺ 12-നു 'അലിഗർ ഇൻസ്റ്റിറ്റ്യൂട്ട് ഗസറ്റിൽ' രേഖപ്പെടുത്തിയിരിക്കുന്നു. സർ സയ്യിദ് പറഞ്ഞു, 'ഞാൻ പലപ്പോഴും പറയാറുണ്ട്. ഇന്ത്യ എന്നത് സുന്ദരിയായ ഒരു വധുവും ഹിന്ദുക്കളും മുസ്‌ലിംകളും അവളുടെ രണ്ടു കണ്ണുകളുമാണെന്ന് ..... ഇതിൽ ഒരെണ്ണം തകർന്നാൽ ആ സുന്ദരിയായ വധു വിരൂപിയായിത്തീരും...'

എൺപത്തൊന്നാം വയസ്സിൽ (1898 മാർച്ച് 27-നു) സർ സയ്യിദ് മരിക്കുമ്പോൾ അദ്ദേഹത്തിന് തന്റെ കുടുംബജീവിതത്തിൽ അത്രയൊന്നും ആശ്വാസംകൊള്ളാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ പത്തൊമ്പതാം നൂറ്റാണ്ടിന്റെ മുഖ്യധാരയിൽ നിന്ന് ഒറ്റപ്പെട്ട തന്റെ സമുദായത്തിന് ആസ്തിക്യമുണ്ടാക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. ചരിത്രപരമായ കാരണങ്ങൾകൊണ്ടു തകർന്ന ഒരു സമുദായത്തിന്, മുഗളാധിപത്യത്തിന്റെ പതനവും ബ്രിട്ടീഷാധിപത്യത്തിന്റെ

For Group Contact us +91 9746065242

mappilaheritagelibrary.com

ആവിർഭാവവും കൊണ്ട് മാനസികവും ഭൗതികവുമായി തകർന്ന സമുദായത്തിന് നവോത്ഥാനത്തിന്റെ ദീപനാളം എത്തിക്കാൻ കഴിഞ്ഞത് സർ സയ്യിദിന്റെ സേവനം കൊണ്ടായിരുന്നു. ഇരുപതാം നൂറ്റാണ്ടിൽ ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ മുസ്‌ലിം സമുദായത്തെ സുഷുപ്തിയിൽ നിന്നുണർത്തിയ സാഹചര്യം സൃഷ്ടിച്ചത് അദ്ദേഹമായിരുന്നു. ബുദ്ധിക്കും യുക്തിക്കും കൂച്ചുവിലങ്ങു വെക്കപ്പെട്ട ഒരു സമുദായത്തെ മാനസികമായ അടിമച്ചങ്ങല പൊട്ടിച്ചു ചിന്താസ്വാതന്ത്ര്യത്തിന്റെ മധു നുകരുവാൻ പഠിപ്പിച്ചത് സർ സയ്യിദായിരുന്നു. അലിഗറിലൂടെ സർ സയ്യിദ് ഉയർത്തിയ ദീപശിഖ, വിജ്ഞാനത്തിന്റെയും വിവേകത്തിന്റെയും ദീപശിഖ ഇന്ത്യൻ മുസ്‌ലിമിന് തലമുറകളായി പ്രചോദനം നൽകിപ്പോന്നു. ദേശീയ സ്വാതന്ത്ര്യ പ്രസ്ഥാനത്തോട് ആഭിമുഖ്യമില്ലാതിരുന്നിട്ടും ദേശീയ സ്വാതന്ത്ര്യ സമരത്തിന്റെ വറ്റാത്ത ഉറവിടമായിത്തീർന്ന മുസ്‌ലിം നേതാക്കൻമാരെ സൃഷ്ടിക്കുന്നതിൽ സർ സയ്യിദിന്റെ അലിഗർ മഹത്തായ പങ്കുവഹിച്ചു. അന്നത്തെ കാലഘട്ടത്തിൽ ബ്രിട്ടീഷ് രാജിനോട് കൂറും കനിവും പുലർത്തിയ സർ സയ്യിദിന്റെ സംരംഭങ്ങൾ പിൽക്കാലത്ത് ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ കുഞ്ചിരോമം പിടിച്ചുലക്കാൻ മാത്രം കഴിവുള്ള നേതാക്കളെയും ബുദ്ധിജീവി കളെയും പുരോഗമനാശയക്കാരെയും വാർത്തെടുത്തു.

പക്വമായ നേതൃസിദ്ധികളോടെ പൂർണ്ണമായും ഇസ്‌ലാമിക ജീവിതം നയിച്ചുകൊണ്ട് ചരിത്രത്തിൽ മായാത്ത കാൽപാടു പതിപ്പിച്ച ഋഷിതുല്യനായ സർ സയ്യിദ് അഹ്മദ് ഖാൻ ഇന്ത്യൻ മുസൽമാന്റെ ഇന്നലെയെ തട്ടിയുണർത്തുകയും ഇന്നിന്റെ ഉത്തരവാധിത്വ ബോധമുണ്ടാക്കുകയും നാളെയെ ശോഭനമാക്കാൻ ഇച്ഛാശക്തിയുണ്ടാക്കുകയും ചെയ്ത നവോത്ഥാനനായകനായിരുന്നു.

81-ാം വയസ്സിൽ അന്തരിച്ച സർ സയ്യിദ് അരനൂറ്റാണ്ടുകാലം ചെയ്ത സേവനം കഴിഞ്ഞ രണ്ട് നൂറ്റാണ്ടുകാലത്തെ ഇന്ത്യൻ മുസ്‌ലിം ചരിത്രത്തിൽ തങ്കലിപികളാൽ ആലേഖനം ചെയ്യപ്പെട്ട ചരിത്രസത്യങ്ങളാണ്. ഭാവിതലമുറക്കുവേണ്ടി അതങ്ങനെ തുടരുകതന്നെ ചെയ്യും.

For Group Contact us +91 9746065242

mappilaheritagelibrary.com

3 അല്ലാമാ മുഹമ്മദ് ഇഖ്ബാൽ

പത്തൊമ്പതാം നൂറ്റാണ്ടിൽ ഇന്ത്യൻ മുസൽമാന്റെ ഭൗതികവും സാമ്പത്തികവും രാഷ്ട്രീയവുമായ മാറ്റത്തിന്റെ നാന്ദി കുറിക്കപ്പെട്ടു. പുതിയൊരു ഗതിമാറ്റത്തിന്റെ തുടക്കമായിരുന്നു സർ സയ്യിദിന്റെ അലിഗർ പ്രസ്ഥാനം. സർ സയ്യിദ് കൊളുത്തിവെച്ച ആ മാറ്റത്തിന്റെ വെളിച്ചം ഇരുപത്തിയൊന്നാം നൂറ്റാണ്ടിലേക്കുകൂടി കടന്നുകയറി -ഇന്ത്യൻ മുസ്‌ലിംകളുടെ മാറ്റമെന്നതിനേക്കാളേറെ മുസ്‌ലിം ലോകത്തിന്റെ നവോത്ഥാനത്തിന്റെ പുതിയ പാത അതു വെട്ടിത്തെളിയിച്ചു. ഇസ്‌ലാമിന്റെ മൗലിക തത്വങ്ങളുടെ സാക്ഷാൽക്കാരത്തിലൂടെ യഥാർത്ഥ ലക്ഷ്യത്തിലേക്കെത്തിച്ചേരാമെന്ന് പൗരസ്ത്യ ദേശത്തുനിന്നു ഒരു കാഹളധ്വനി മുഴങ്ങി. ഇന്ത്യൻ മുസൽമാന്റെ മഹത്തായ സംഭാവനയായിരുന്നു അത്.

ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ ചരിത്രം മാറ്റിമറിക്കുക മാത്രമല്ല, ലോകഗുരുവായ പ്രവാചക പുംഗവൻ കാട്ടിത്തന്ന ആദ്ധ്യാത്മിക ദർശനങ്ങളിലേക്കും ധാർമ്മിക തത്വങ്ങളിലേക്കും മുസ്‌ലിം ലോകത്തെ മടക്കിവിളിക്കാനും ഈ മാറ്റം കാരണമായി. ഇരുപതാം നൂറ്റാണ്ടിൽ ഇന്ത്യൻ മുസൽമാന്റെ ബുദ്ധിപരവും രാഷ്ട്രീയവുമായ മണ്ഡലങ്ങളിൽ വിപ്ലവത്തിന്റെ സ്ഫുലിംഗം ബഹിർഗമിച്ചത് വിശ്വവിഖ്യാതനായ ആ കവിവരേണ്യനിലൂടെയായിരുന്നു -അല്ലാമാ ഡോക്ടർ സർ മുഹമ്മദ് ഇഖ്ബാൽ (റഹ്മത്തുല്ലാഹി അലൈഹി).

കവിയും ദാർശനികനും രാഷ്ട്രീയ ചിന്തകനുമായ അല്ലാമാ ഇഖ്ബാൽ ഇക്കഴിഞ്ഞ ആയിരം സംവൽസരങ്ങൾക്കിപ്പുറം ഇസ്‌ലാമിക ലോകത്ത് വെട്ടിത്തിളങ്ങിക്കൊണ്ടിരിക്കുന്ന ഒരു ജ്യോതിസ്സാണ്. ഇന്ത്യൻ മുസൽമാന്റെ ഉറക്കത്തിന്റെ മയക്കത്തിൽ നിന്നും തട്ടിയുണർത്തി ഇസ്‌ലാമിന്റെ പ്രഭാവവും വിശുദ്ധ ഖുർആന്റെ പ്രകാശവും, പ്രവാചകവര്യന്റെ മഹത്ത്വര്യയും

For Group Contact us +91 9746065242

mappilaheritagelibrary.com

മനസ്സിലാക്കിക്കൊടുത്ത യുഗപ്രഭാവനായിരുന്നു അല്ലാമാ ഇഖ്ബാൽ. വ്യക്തികളെയും സമൂഹങ്ങളെയും രാഷ്ട്രങ്ങളെയും ധർമ്മച്യുതിയിയിൽ നിന്നും മാറ്റിനിർത്താൻ വ്യക്തിയിൽ ആത്മവീര്യവും ജനങ്ങളിൽ അന്വേഷണപരതയും സൃഷ്ടിക്കാൻ കഴിഞ്ഞ പ്രതിഭാശാലിയായിരുന്നു ഇഖ്ബാൽ. ഒരു ജീവിത പദ്ധതിയെന്ന നിലക്ക് ഇസ്ലാമിന്റെ പ്രസക്തിയും, പ്രയോഗികതയും, പ്രാധാന്യവും ലോകത്തിനു വരച്ചു കാണിച്ചുകൊടുത്ത ഇസ്ലാമിക പണ്ഡിതൻമാരിൽ, ഇസ്ലാമിക ചിന്തകൻമാരിൽ, അല്ലാമാ ഇഖ്ബാൽ മുന്നണിയിൽ നിൽക്കുന്നു. എന്നാൽ ഇഖ്ബാലിന്റെ മതപരവും, രാഷ്ട്രീയവുമായ വിചാരധാര ഇന്ത്യൻ മുസ്ലിമിനും പൗരസ്ത്യ ദേശീയത്തിനും മനസ്സിലാക്കിത്തരാൻ പാശ്ചാത്യ പണ്ഡിതൻമാർ വേണ്ടിവന്നു. ആർ.എ. നിക്കോൾസൺ 'അസ്റാറെ ഖുദി' (ആത്മരഹസ്യങ്ങൾ) 1944-ൽ ഇംഗ്ലീഷ് ഭാഷയിൽ പ്രസിദ്ധീകരിച്ചപ്പോഴാണ് അതൊരു മഹാസംഭവമായി മാറിയത്. ഇഖ്ബാലിന്റെ 'സമൂറെ ബേഖുദി' (നിസ്വാർത്ഥതയുടെ നിഗൂഢ സത്യങ്ങൾ) ലോകത്തിനു പരിചയപ്പെടുത്തിക്കൊടുക്കാൻ എ.ജെ. ആർബറി എന്ന ആംഗ്ലേയ പണ്ഡിതൻ വേണ്ടിവന്നു. അല്ലാമാ ഇഖ്ബാലിന്റെ സുപ്രസിദ്ധ ഉർദു കൃതിയായ 'ബാലെ ജിബ്രീൽ' (ജിബ്രീലിന്റെ ചിറക്) പോലും വിശ്വസാഹിത്യത്തിൽ അംഗീകാരം പിടിച്ചുപറ്റിയത്, അസാമേരീഷിൻഡിൽ ഇംഗ്ലീഷിലും ജർമ്മനിയിലും അത് വിവർത്തനം ചെയ്തപ്പോഴാണ്.

ആദ്യത്തെ ഇന്ത്യയുടെ ബാഹിരാകാശ സഞ്ചാരി രാകേശ് ശർമ്മ ഭ്രമണപഥത്തിലൂടെ സഞ്ചരിച്ചുകൊണ്ടിരുന്നപ്പോൾ അന്നത്തെ പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധിയുമായി സംസാരിച്ചു. ഇന്ദിരാഗാന്ധി ചോദിച്ചു 'അവിടെ നിന്നും നോക്കുമ്പോൾ നമ്മുടെ നാട് എങ്ങനെയുണ്ട്?'

ഭ്രമണപഥത്തിലൂടെ സഞ്ചരിക്കുകയായിരുന്ന ആ ബാഹ്യാകാശ സഞ്ചാരിക്ക് അപ്പോൾ ഓർമ്മ വന്നത് അല്ലാമാ ഇഖ്ബാലിന്റെ നവനതല്ലജമായിരുന്നു.

'സാരെ ജഹാൻസെ അച്ഛാ
ഹിന്ദുസ്ഥാൻ ഹമാരാ' (സർവ്വലോകത്തെക്കാളും മനോഹരം നമ്മുടെ ഹിന്ദുസ്ഥാൻ തന്നെ).

ഓരോ ഇന്ത്യക്കാരനും സാഭിമാനം ആലപിക്കുന്ന ആ

For Group Contact us +91 9746065242

mappilaheritagelibrary.com

ദേശഭക്തിഗാനം -ഇന്ത്യയുടെ അനൗദ്യോഗിക ദേശീയ ഗാനം! ദേശസ്നേഹത്തിന്റെ വികാരവും രാജ്യാഭിമാനത്തിന്റെ വീറും മുറ്റിനിൽക്കുന്ന ആവേശോജ്വലമായ ഇഖ്ബാലിന്റെ 'തരാനെ ഹിന്ദ്' എന്ന ഈ കവിതയിലെ ഈരടികൾ വർഷങ്ങൾക്കു മുമ്പ് ഇൻഡോറിൽ നടന്ന അഖിലേന്ത്യാ കോൺഗ്രസ് സമ്മേളനത്തിൽ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു ഉദ്ധരിക്കുകയുണ്ടായി.

'ഏ ആബെദുഹെ ഗംഗാ
'ഏ ആബെറുദെ ഗംഗാ
ഓദിൻ ഹെയാദ് തുജ്കൊ
വൊ ദിൻഹെ യാദ് തുജ്കോ
ഉത്തരാ തെരേകി നാരാ
ജബ് കാർവാൻ ഹമാരാ
ജോ കരവാൻ ഹമാരാ'
ജബ് കാർവാൻ ഹമാരാ'

(അല്ലയോ ഗംഗാ തീരമേ! നമ്മുടെ സാർത്ഥവാഹ കസംഘം നിന്റെ തീരത്ത് വന്നിറങ്ങിയ ദിനം നീ ഓർക്കുന്നുണ്ടോ?) അന്ന് ഇന്ത്യക്കാർ അവർ ആര്യൻമാരോ അല്ലാത്തവരോ ആരായിരുന്നാലും ശരി ഗംഗാ തീരത്തു സാർത്ഥവാഹകസംകമായി വന്നവരാണെന്ന തത്വം ഈ വരികളിലൂടെ പണ്ഡിറ്റ്ജി ഇന്ത്യൻ ജനതയെ ഓർമ്മപ്പെടുത്തുകയായിരുന്നു.

ഇപ്പോൾ പാകിസ്ഥാനിൽ ഉൾപ്പെട്ട പഞ്ചാബിലെ സിയാൽകോട്ടിൽ ഒരു തയ്യൽക്കാരന്റെ മകനായിട്ടാണ് 1877 നവമ്പർ ഏഴാം തിയ്യതി ഇഖ്ബാൽ ജനിച്ചത്. 1873 ഫെബ്രുവരി 22 നാണ് ഇഖ്ബാലിന്റെ ജനന തിയ്യതിയെന്ന് ചില ഉർദു ഗ്രന്ഥകർത്താക്കൾ അവകാശപ്പെടുന്നു. എന്നാൽ പ്രസിദ്ധമായ ഒരു ഇംഗ്ലീഷ് ജീവചരിത്ര ഗ്രന്ഥത്തിൽ ഇങ്ങിനെ പറയുന്നു. മുഹമ്മദ് ഇഖ്ബാൽ പഞ്ചാബിലെ സിയാൽകോട്ടിൽ 1877-ലാണ് ജനിച്ചതെങ്കിലും ജനിച്ചവർഷത്തെക്കുറിച്ചു അനിശ്ചിതത്വമുണ്ട്! നൂർ മുഹമ്മദും ഇമാൻ ബീവിയും തമ്മിലുള്ള വിവാഹജീവിതം ഇഖ്ബാലിനു പുറമെ ഒരു ആൺകുട്ടിയെയും മൂന്ന് പെൺമക്കളെയും പ്രദാനം ചെയ്തു. മൂത്ത മകൻ അത്താമുഹമ്മദും അനുജൻ ഇഖ്ബാലും തമ്മിൽ 14 വയസ്സു പ്രായവ്യത്യാസമുണ്ടായിരുന്നു. അത്താമുഹമ്മദ് ഒരു എഞ്ചിനീയറായി. നൂർ മുഹമ്മദ് വളരെ ആദരിക്കപ്പെട്ട ഒരു

For Group Contact us +91 9746065242

mappilaheritagelibrary.com

ബഹുമാന്യനായിരുന്നു. നൂർ മുഹമ്മദിന്റെ പിതാവ് റഫീഖ് ഷെയ്ക്ക് ഷാൾ വിൽപ്പനക്കാരനായിരുന്നു. തന്റെ മകന് വേണ്ടത്ര വിദ്യാഭ്യാസം നൽകാൻ റഫീഖിന് കഴിഞ്ഞില്ല. എന്നാൽ നൂർ മുഹമ്മദ് ഒരു തരം സൂഫിവര്യനെപ്പോലെയായിരുന്നു. 'പഠിക്കാത്ത ഫിലോസഫർ' എന്ന പേരുമുണ്ടായിരുന്നു.

നൂർമുഹമ്മദ് തന്റെ ഇളയമകൻ ഇഖ്ബാലിനു ഉർദു, ഫാർസി, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ ആവശ്യമായ വിദ്യാഭ്യാസം നൽകി. നൂർമുഹമ്മദിന്റെ സുഹൃത്തും അന്ന് പഞ്ചാബിൽ അറിയപ്പെട്ട ഒരു പണ്ഡിതനുമായിരുന്നു മൗലവി മീർ ഹുസൈൻ. മീർ ഹുസൈൻ ഇഖ്ബാലിന് പ്രത്യേകമായി അറബി പേർഷ്യൻ ഭാഷകൾ പഠിപ്പിച്ചു.

സ്കൂൾ വിദ്യാഭ്യാസകാലത്തുതന്നെ ഇഖ്ബാലിനു കവിതാരംഗത്ത് പ്രത്യേക താൽപര്യം തോന്നിത്തുടങ്ങി. മൗലാനാ റൂമിയുടെ കവിതകളിൽ ഇഖ്ബാൽ പ്രത്യേക അഭിരുചി കാണിച്ചു. അതുപോലെത്തന്നെ മഹാകവി ദാഗ് ഇഖ്ബാലിനു ഏറ്റവും ഇഷ്ടപ്പെട്ട ഒരു കവിയായിരുന്നു.

പതിനാറാം വയസ്സിൽ ഇഖ്ബാൽ കോളേജിൽ ചേർന്നു പഠനം തുടർന്നു. ആ വർഷം തന്നെ ഒരു ഭിഷഗ്വരന്റെ പുത്രി കരീംബീബി എന്ന യുവതിയെ വിവാഹം ചെയ്തു. ഈ ദാമ്പത്യത്തിൽ രണ്ടു പെൺമക്കളും ഒരാൺകുഞ്ഞും ജനിച്ചു. അതിലൊരു മകൾ പ്രസവിച്ച ഉടൻ മരിച്ചു. മകൻ നല്ലൊരു അഭിഭാഷകനായിത്തീർന്നു. കരീംബീബിയുമായുള്ള വിവാഹജീവിതം ഇഖ്ബാലിനെ സംബന്ധിച്ചിടത്തോളം സംതൃപ്തമായിരുന്നില്ല.

ചെറുപ്പത്തിൽ ഇഖ്ബാലിനു രണ്ടു ഹോബികളുണ്ടായിരുന്നു. ഒന്ന് പക്ഷികളോടുള്ള മമത, മറ്റൊന്ന് കവിതാ രചന. നിരവധി കവിസമ്മേളനങ്ങളിൽ ഇഖ്ബാൽ പങ്കെടുത്തു. പിന്നീട് സർ സ്ഥാനം ലഭിച്ച അന്നത്തെ സുപ്രസിദ്ധ എഴുത്തുകാരൻ കൂടിയായിരുന്ന ഷെയ്ക്ക് അബ്ദുൽ ഖാദിറിന്റെ 'മഖ്സാൻ' മാസികയിൽ ഇഖ്ബാലിന്റെ കവിതകൾ പ്രത്യക്ഷപ്പെടാൻ തുടങ്ങി.

ലാഹോർ ഗവ: കോളേജിലെ തത്വശാസ്ത്ര പ്രൊഫസർ ഡോ.തോമസ് ആർനോൾഡിനു ഇഖ്ബാലിൽ പ്രത്യേക താൽപര്യമുണ്ടായിരുന്നു. ഇഖ്ബാലിന്റെ ഉയർച്ചയിൽ ഈ ഗുരുനാഥൻ വമ്പിച്ച സ്വാധീനവും പങ്കും വഹിച്ചിരുന്നു. പ്രൊഫസർ

For Group Contact us +91 9746065242

mappilaheritagelibrary.com

ആർനോൾഡിന്റെ നിർദ്ദേശപ്രകാരമാണ് ഇഖ്ബാൽ 1905-ൽ യൂറോപ്പിലേക്ക് യാത്രപോയത്. ലണ്ടനിലെ കേംബ്രിഡ്ജ് സർവ്വകലാശാലയിൽ നിന്നു ഇഖ്ബാൽ തത്വശാസ്ത്രത്തിൽ ബിരുദം നേടി. ജർമ്മനിയിൽ പോയി മ്യൂനിക് സർവ്വകലാശാലയിൽ നിന്നു ഡോക്ടർ ബിരുദവും നേടി. മൂന്ന് വർഷക്കാലം ലണ്ടനിലെ ജീവിതക്കാലത്തിനിടയിൽ അത്തിയാഫൈസി എന്ന ബോംബെക്കാരി വനിതയുമായി ഇഖ്ബാൽ വളരെ അടുത്തിടപഴകിയെങ്കിലും തന്നെക്കാളും സാമൂഹികമായി ഉയർന്ന ആ സ്ത്രീയുടെ വിവാഹാഭ്യർത്ഥന അദ്ദേഹം നിരസിച്ചു. കരിംബീബിയുമായുള്ള വൈവാഹികബന്ധം ഇഖ്ബാലിന് നല്ലൊരു കുടുംബജീവിതം നേടിക്കൊടുത്തില്ല. എന്നാൽ ജീവിതത്തിൽ നല്ല അച്ചടക്കം പാലിച്ച അദ്ദേഹം ഇന്ത്യയിൽ മടങ്ങിയെത്തിയ ശേഷം മുഖ്താർബീഗം എന്ന സ്ത്രീയുമായി വിവാഹബന്ധത്തിലേർപ്പെടാൻ തീരുമാനിച്ചു. എന്നാൽ വിധി അതിനദ്ദേഹത്തെ അനുവദിച്ചില്ല. 1924-ൽ മുഖ്താർ ബീഗം മരിച്ചു. അങ്ങിനെ സർദാർ ബീഗം എന്ന മറ്റൊരു യുവതിയെ വിവാഹം ചെയ്തു. ഈ ദാമ്പത്യത്തിൽ ഇഖ്ബാലിന് ഏറ്റവും പ്രിയങ്കരരായ രണ്ടു മക്കൾ ജനിച്ചു. മകൻ ജാവീദും (1925) മകൾ മുനീറയും (1930). മുനീറ ജനിച്ചു അഞ്ചു വർഷം കഴിഞ്ഞപ്പോൾ സർദാർ ബീഗവും മരിച്ചു. രണ്ടു മക്കളുടെ ചുമതലയും ഇഖ്ബാൽ തന്നെ ഏറ്റെടുത്തു.

ഇഖ്ബാലിന്റെ വളർച്ചയിൽ ഗണനീയമായ പങ്കുവഹിച്ച വ്യക്തിയാണ് ലാഹോർ ഗവ: കോളേജിലെ തത്വശാസ്ത്ര പ്രൊഫസറായിരുന്ന ഡോ. തോമസ് ആർനോൾഡ്. ഇഖ്ബാൽ അദ്ദേഹത്തിന്റെ അരുമ ശിഷ്യനായിരുന്നു. പ്രൊഫ. ആർനോൾഡ് ഇംഗ്ലണ്ടിലേക്കു തിരിച്ചു പോകുമ്പോൾ ഇഖ്ബാലിനു കേംബ്രിഡ്ജിൽ പഠിക്കുവാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊടുത്തു. ഇങ്ങിനെയാണ് 1905-ൽ ഇഖ്ബാൽ യൂറോപ്പിലേക്ക് പോയത്. അപ്പോഴേക്ക് ഇഖ്ബാൽ എണ്ണപ്പെട്ട കവിയായിക്കഴിഞ്ഞിരുന്നു. ഇഖ്ബാലിന്റെ ആദ്യകാല കവിതകൾ ദേശീയ ബോധവും മതബോധവും ഒന്നുപോലെ പ്രകാശിപ്പിക്കുന്നതായിരുന്നു. കുട്ടികൾക്കായി ഇഖ്ബാൽ എഴുതിയ കവിതകൾ സഹജീവിസ്നേഹവും അനാഥരോടുള്ള കടപ്പാടും ദേശഭക്തിയും പ്രകടിപ്പിക്കുന്നതായിരുന്നു. പൗരസ്ത്യ സംസ്കാരത്തിന്റെ തീക്ഷണത പ്രകടിപ്പിക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ ഭാവന.

For Group Contact us +91 9746065242

mappilaheritagelibrary.com

ഇംഗ്ലണ്ടിലെ കേംബ്രിഡ്ജ് സർവ്വകലാശാലയിൽ നിന്നും തത്വശാസ്ത്രം, ധനശാസ്ത്രം, എന്നീ വിഷയങ്ങൾ ഐച്ഛികമായെടുത്ത ഇഖ്ബാൽ ജർമ്മൻ ദാർശനികരുടെ തത്വശാസ്ത്ര ഗ്രന്ഥങ്ങളിൽ അതീവ താൽപര്യം പ്രകടിപ്പിച്ചു. പേർഷ്യൻ ഭാഷയിലെ വിജ്ഞാനകലവറകളിൽ അവഗാഹം നേടി. അങ്ങിനെ അദ്ദേഹം ഒരു തത്വശാസ്ത്ര ഗ്രന്ഥം രചിച്ചു. ജർമ്മനിയിലെ മ്യൂണിക് സർവ്വകലാശാല ഡോക്ടറേറ്റ് (പി.എച്ച്.ഡി) ബിരുദം നൽകി. ജർമ്മനിയിൽ മാസങ്ങൾ പലതും കഴിച്ചുകൂട്ടിയ ഇഖ്ബാൽ ലണ്ടനിൽ മടങ്ങിയെത്തുകയും ലണ്ടൻ യൂണിവേഴ്സിറ്റിയിൽ അധ്യാപകനായി ചേരുകയും ചെയ്തു.

ലണ്ടനിൽ വെച്ചുതന്നെ അദ്ദേഹം രാഷ്ട്രതന്ത്രത്തിലും നിയമത്തിലും ബിരുദങ്ങൾ നേടി. 1908-ൽ യൂറോപ്യൻ പര്യടനം കഴിഞ്ഞു തിരിച്ചുവന്ന ഇഖ്ബാൽ ലാഹോറിൽ ഒരു ബാരിസ്റ്റർ ആയി ജോലി ചെയ്തു.

ഇഖ്ബാലിന്റെ യൂറോപ്യൻ യാത്ര അദ്ദേഹത്തിൽ ചില സാരമായ വ്യതിയാനങ്ങൾ വരുത്തി. പാശ്ചാത്യ സംസ്കാരവിശേഷങ്ങളിലെ പുരോഗമന സ്വഭാവം അദ്ദേഹം പുകഴ്ത്തുമെങ്കിലും പൗരസ്ത്യ സംസ്കാരത്തിന്റെ തനിമയും മഹിമയും അതിലില്ലെന്നദ്ദേഹം ദൃഢമായി വിശ്വസിച്ചു. പാശ്ചാത്യ സംസ്കാരത്തിന്റെ അധാർമിക വ്യാപാരം ഇഖ്ബാൽ നിശിതമായി വിമർശിച്ചു. അനശ്വരമായ സ്നേഹത്തിനു പകരം കൃത്രിമത്വവും കാപട്യവും നിറഞ്ഞ നാട്യം അദ്ദേഹം പാശ്ചാത്യ നാഗരികതയുടെ മുഖമുദ്രയായി കണ്ടു. അതുകൊണ്ടുതന്നെ അതിനെ തള്ളിപ്പറയാനും അദ്ദേഹം മടിച്ചില്ല. പവിത്രമായ മനുഷ്യമനസ്സിൽ പാശ്ചാത്യ നാഗരികത സൃഷ്ടിക്കുന്ന അധമബോധവും അധാർമ്മികചിന്തയും തടഞ്ഞു നിർത്തണമെന്ന് ഇഖ്ബാൽ ആഗ്രഹിച്ചു. പൗരസ്ത്യ സംസ്കാരത്തിന് ആത്മാവിന്റെയും മനസ്സിന്റെയും വികാരമുണ്ടെന്ന് കർമ്മാനുഷ്ടാനങ്ങളിലൂടെ മനുഷ്യ സാമൂഹ്യജീവിതത്തിൽ ഉൽക്കർഷം പ്രാപിക്കാമെന്നും അദ്ദേഹം കരുതി.

ഇഖ്ബാൽ യൂറോപ്പിൽ ജീവിച്ചിരുന്ന കാലത്തെ രസകരമായ ഒരു സംഭവം ഒരു ഉർദു ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രൊഫസർ തോമസ് ആർനോൾഡിനു അറേബ്യയിലെ ഒരു പ്രസിദ്ധ പണ്ഡിതനെ അതിഥിയായി സ്വീകരിക്കേണ്ടി വന്നു. ലണ്ടനിലെ ആർനോൾഡിന്റെ വീട്ടിൽ താമസക്കാരനായ ഈ അറേബ്യൻ

For Group Contact us +91 9746065242

mappilaheritagelibrary.com

ചിന്തകനും എഴുത്തുകാര നുമായ പണ്ഡിതവര്യൻ ലണ്ടനിലെ കാഴ്ച കാണാനാഗ്രഹം പ്രകടിപ്പിച്ചു. ആർനോൾഡ് തന്റെ ശിഷ്യനായ ഇഖ്ബാലിനെ വിളിച്ചു അറേബ്യൻ പണ്ഡിതനെ പരിചയപ്പെടുത്തി ക്കൊടുത്തു. അറബി ലോകത്തു വളരെയേറെ സ്വാധീനശക്തിയുള്ള ആ പണ്ഡിതശ്രേഷ്ഠനു ലണ്ടനിലെ എല്ലാ ദൃശ്യങ്ങളും കാട്ടിക്കൊടു ക്കാൻ ഇഖ്ബാലിനെ ഏൽപ്പിച്ചു.

ഇഖ്ബാൽ പണ്ഡിതനുമായി ലണ്ടൻ കാണാനിറങ്ങി. പണ്ഡിതവര്യൻ ഇംഗ്ലണ്ടിന്റെ ഉയർച്ചയും മഹത്വവും ഉൽബോധിപ്പി ക്കുന്ന കാഴ്ചകളോരോന്നും കണ്ടു. പാശ്ചാത്യരുടെ കലാ-സാഹിത്യ നേട്ടങ്ങൾ ചരിത്രപരമായ പ്രാധാന്യവും അറബി പണ്ഡിതനെ ഹഠാദാകർഷിച്ചു. ഓരോ കാഴ്ച കാണുമ്പോഴും അദ്ദേഹം തുറന്നുപറയുകയും ചെയ്തു. അവസാനം അവരിരുവരും വെസ്റ്റ്മിൻസ്റ്റർ ആബ്ബിയും അവിടെ പ്രത്യേകം തയ്യാറാക്കിയ 'കവികളുടെ മൂല'(പോയറ്റ്സ് കോർണർ)യും നടന്നുകണ്ടു. ആംഗ്ലേയ സാഹിത്യത്തിൽ അനശ്വര പ്രതിഷ്ഠ നേടിയ സാഹിത്യ നായകന്മാരുടെ സ്മരണക്കായി ഈ കോർണറിൽ ഓരോ അടയാളം നാട്ടിയിരിക്കുന്നു. കവിയുടെ (അല്ലെങ്കിൽ സാഹിത്യകാരന്റെ) പേരും ജനന മരണ തിയ്യതികളും! ഇതൊക്കെ കണ്ടപ്പോൾ പാശ്ചാത്യർ മരിച്ചുകഴിഞ്ഞ പണ്ഡിതൻമാരെപ്പോലും എത്രമാത്രം ബഹുമാനിക്കുന്നു എന്നു പറഞ്ഞു അറബി പണ്ഡിതൻ പാശ്ചാത്യരോടുള്ള തന്റെ ബഹുമാനവും ആദരവും കൂടുതൽ ശക്തമായി അവതരിപ്പിച്ചു. ഇതൊക്കെ കേട്ടെങ്കിലും ഇഖ്ബാൽ ഒന്നും പറഞ്ഞില്ല.

ഏതാണ്ടു കാഴ്ചകളൊക്കെ കണ്ടു കഴിഞ്ഞശേഷം ഇഖ്ബാൽ അറബിക്ക് ചായയും പലഹാരവും കഴിക്കാൻ ഒരു ബസ്സ്റ്റാന്റിൽ കയറി. ഋഷിതുല്യനായ പണ്ഡിതവരേണ്യ നായതുകൊണ്ട് ഇഖ്ബാൽ അതിഥിയെ ഹോട്ടലിലെ അകത്തുള്ള പ്രത്യേക മുറിയിൽ കയറ്റിയിരുത്തി. ഇംഗ്ലീഷിൽ ഓർഡർ കൊടുത്തു. എന്നിട്ട് പറഞ്ഞു: 'ചായയും മറ്റും വരുമ്പോഴേക്കും ഞാൻ അടുത്ത കടയിൽ നിന്നു പത്രമാസികകൾ വാങ്ങിവരാം. അഞ്ചുമിനിറ്റു മാത്രം ക്ഷമിക്കണം' എന്നിട്ടദ്ദേഹം മുറിയിൽ നിന്നും ഇറങ്ങി നടന്നു.

ഇഖ്ബാൽ ഇറങ്ങിക്കഴിഞ്ഞ ശേഷം നവോദ്ധകളായ നാലഞ്ചു സുന്ദരികൾ മുറിക്കകത്തു കയറി. അതിലൊരാളുടെ

For Group Contact us +91 9746065242

mappilaheritagelibrary.com

കയ്യിൽ കുടിക്കാനും കൂടെ കേക്കും ബിസ്ക്കറ്റുമുണ്ടായിരുന്നു. ഈ യുവതികളുടെ പ്രവേശനം നമ്മുടെ പണ്ഡിതശ്രേഷ്ഠനു തീരെ രുചിച്ചില്ല. അധികം കഴിയും മുമ്പ് യുവതികളിലൊരാൾ നമ്മുടെ അതിഥിയുടെ ഒരു കൈ പിടിച്ചു. അപ്പോഴേക്കും അദ്ദേഹം തട്ടിത്തെറിപ്പിച്ചു. മറ്റൊരു സ്ത്രീ കുടിക്കാൻ അദ്ദേഹത്തിന്റെ വായക്കടുപ്പിച്ചു മാറിടം മറക്കാത്ത പെണ്ണിന്റെ കുസൃതിച്ചിരി അദ്ദേഹത്തെ ക്ഷോഭിപ്പിച്ചു. തുടർന്ന് മൂന്നാമതൊരു യുവതി പണ്ഡിതവര്യന്റെ വെളുത്തുനീണ്ട താടി രോമങ്ങൾക്കിടയിൽ കൈ ഓടിച്ചു പറഞ്ഞു: 'ഓ മൈ സ്വീറ്റ്...!' അതിഥി രോഷം പൂണ്ടു കുതറിയെഴുന്നേറ്റു. യുവതികളുടെ കൂട്ടച്ചിരി, 'എവിടെ ഇഖ്ബാൽ', ഇഖ്ബാൽ അടുത്തെങ്ങുമില്ല. അസഹ്യമായ മനോവിഷമവും അപമാനഭാരവും പേറി അറബുലോകത്തെ പണ്ഡിതകേസരി അവിടെ നിന്നും ഒരു കൊടുങ്കാറ്റുപോലെ ഇറങ്ങിയോടി -ഒരു ടാക്സി പിടിച്ചു. അദ്ദേഹം കയറുമ്പോഴേക്കും ഇഖ്ബാൽ തിരികെ വരികയായിരുന്നു. ടാക്സി നിർത്താൻ ഇഖ്ബാൽ പറഞ്ഞു. അതിഥി അത് ശ്രദ്ധിക്കാതെ കാറിൽ ഓടിമറഞ്ഞു.

പ്രൊഫസർ ആർനോൾഡിന്റെ വീട്ടിലെത്തിയ അദ്ദേഹത്തിന്റെ മുഖ്യാതിഥി തനിക്കുണ്ടായ അനുഭവം വിവരിച്ചു കൊടുത്തു. ഇഖ്ബാൽ തന്നെ അപമാനിച്ചു! വിവരങ്ങൾ കേട്ട ആർനോൾഡ് ദു:ഖിച്ചു. ഇഖ്ബാൽ തന്നോടിതു ചെയ്യരുതായിരുന്നു. അദ്ദേഹം അതിഥിയോട് മാപ്പിരന്നു.

റസ്റ്റോറന്റിൽ ബിൽ അടച്ചു മറ്റൊരു ടാക്സിയിൽ ഇഖ്ബാലും വൈകാതെ ആർനോൾഡിന്റെ വീട്ടിലെത്തി. ഇഖ്ബാലിനെ കണ്ട മാത്രയിൽ അറേബ്യൻ അതിഥി കലിപൂണ്ടു. ആർനോൾഡ് ഇഖ്ബാലിനോടു ചോദിച്ചു. 'ഇതൊക്കെ എന്തിനായിരുന്നു ഇഖ്ബാൽ? അദ്ദേഹമെന്റെ അതിഥിയാണെന്ന് അറിയാമല്ലോ?'

ഇഖ്ബാൽ സവിനയം പറഞ്ഞു:

'സാർ, ഞാൻ പറയുന്നത് അങ്ങ് രണ്ടു മിനിറ്റു കേൾക്കണമെന്നപേക്ഷയുണ്ട്, കേട്ടുകഴിഞ്ഞ ശേഷം അങ്ങ് എനിക്കു ശിക്ഷ വിധിച്ചുകൊള്ളൂ. ഞാനത് സ്വീകരിക്കാം...'

ഇഖ്ബാൽ താൻ അതിഥിയെ ഓരോ കാഴ്ച കാണിച്ചുകൊടുത്തതും അതിഥി അപ്പോൾ നടത്തിയ കമന്റും വിവരിച്ചു. എന്നിട്ട് തുടർന്നു 'അവസാനം ഞാനദ്ദേഹത്തിന്

For Group Contact us +91 9746065242

mappilaheritagelibrary.com

കവികളുടെ കോർണർ കാണിച്ചുകൊടുത്തു. അപ്പോഴും അദ്ദേഹം പാശ്ചാത്യ സംസ്കാരത്തിന്റെ മഹത്വം വാനോളം പുകഴ്ത്തുകയായിരുന്നു. പാശ്ചാത്യ നാഗരികതയുടെ ഒരു വശം മാത്രമേ അദ്ദേഹം കണ്ടിട്ടുള്ളൂ. ഈ അഭിപ്രായങ്ങളുമായി അദ്ദേഹം അറേബ്യയിലേക്കു തിരിച്ചുപോയി തന്റെ സ്വാനുഭവങ്ങൾ വിശദീകരിച്ചുകൊണ്ട് സാഹിത്യസൃഷ്ടി നടത്തിയാൽ അറബിസാഹിത്യത്തിനും പൗരസ്ത്യ സംസ്കാരത്തിനും അതുണ്ടാക്കിത്തീർക്കുന്ന ആപത്ത് എന്നെ ആശങ്കാകുലനാക്കി. പാശ്ചാത്യ നാഗരികതയുടെ മറുഭാഗം കൂടി അദ്ദേഹത്തിനു കാണിച്ചുകൊടുക്കണമെന്നും അല്ലെങ്കിൽ ഞാൻ അങ്ങയോടു ചെയ്യുന്ന കൃത്യവിലോപമായിരിക്കുമെന്നും ഞാൻ ഉറപ്പിച്ചു... അങ്ങിനെ ഞാൻ ആ മഹാനായ പണ്ഡിതവര്യനു പാശ്ചാത്യ ജീവിതരീതി കാട്ടിക്കൊടുത്തു'

ഇഖ്ബാലിന്റെ വിവരണം കേട്ടു പ്രൊഫസർ ആർനോൾഡ് മന്ദസ്മിതം തൂകി. അദ്ദേഹത്തിന്റെ അതിഥി ഇഖ്ബാലിനെ കെട്ടിപ്പുണർന്നു. വികാരാധീനനായി പറഞ്ഞു, 'അല്ലാഹുവിന് സർവ്വസ്തുതിയും' രണ്ടു പേരുടെയും നയനങ്ങളിൽ അശ്രുകണങ്ങൾ പൊടിഞ്ഞു.

യൂറോപ്പിലെ ജീവിതകാലം ഇഖ്ബാലിൽ മറ്റു രണ്ടു മാറ്റങ്ങൾ ഉണ്ടാക്കി. ഒന്ന്, അദ്ദേഹം സങ്കുചിത ദേശീയതയിൽ നിന്നു സാർവ്വദേശീയതയിലേക്കു മാറി. മറ്റൊന്ന് ഇസ്‌ലാമിന്റെ അടിസ്ഥാന തത്വങ്ങളുടെ സാക്ഷാൽകാരത്തിനും അതിന്റെ സാർവ്വലൗകിക പ്രഭാവം അനാവരണം ചെയ്യുന്നതിനും അദ്ദേഹം തന്റെ കവിതകളിലൂടെ ശ്രമിച്ചു. അദ്ദേഹത്തിന്റെ കവിതയിൽ ത്രസിച്ചുകണ്ട സ്വരാജ്യസ്നേഹവും ഇസ്‌ലാമികചിന്തയും ആദ്യകാല കവിതകളിൽ തന്നെ പ്രകടമായിരുന്നു. ആദ്യകാല ഉർദു കവിതകളിൽ ഇസ്‌ലാമിക ദർശനവും ദേശാഭിമാനവും അദ്ദേഹം സമരസപ്പെടുത്തി. യൂറോപ്പിലേക്ക് പോകുന്നതിനു മുമ്പുതന്നെ ഇന്ത്യൻ യാഥാർത്ഥ്യങ്ങളെ അദ്ദേഹം തന്റെ ഭാവനാവിലാസത്തിൽ ആവിഷ്കരിച്ചു.

മാതൃരാജ്യത്തിന്റെ വശ്യമനോഹാരിത ഇഖ്ബാലിൽ എന്നും നിറഞ്ഞുനിന്നു. അദ്ദേഹത്തിന്റെ ഹിമാലയ, തരാനെ ഹിന്ദ് എന്നീ കവിതകളിൽ നമ്മുടെ പർവ്വതങ്ങളുടെയും നദികളുടെയും സൗന്ദര്യവും പ്രകൃതിരമണീയതയും കവിഞ്ഞൊഴുകുന്ന

For Group Contact us +91 9746065242

mappilaheritagelibrary.com

മാതൃരാജ്യം നമ്മുടെ ഹൃദയത്തിൽ സൃഷ്ടിക്കുന്ന അനുഭൂതികളും മനോഹരമായി ചിത്രീകരിച്ചിരിക്കുന്നു. തരാനെ -ഹിന്ദിൽ (സാരെ ജഹാൻസെ അച്ഛാ എന്ന കവിതയിൽ) ഹിമാലയത്തെ നോക്കി ഇഖ്ബാൽ പാടി.

'പർബത് വൊ സബ്സെ ഊൻചാ
ഹംസായെ ആസ്മാൻ കാ
വോ സൻതരീ ഹമാരാ
വോ പാസ്ബാൻ ഹമാരാ'

(സർവ്വോന്നതമായ നമ്മുടെ പർവ്വതം നമ്മുടെ കവിതയും നമ്മുടെ കാവൽക്കാരനുമാണ്) ആ കവിഹൃദയത്തിൽ ജ്വലിച്ചു കൊണ്ടിരുന്ന ദേശസ്നേഹം ഉദാത്തമായിരുന്നു.

മാതൃരാജ്യം അടിമത്തച്ചങ്ങലയിൽ കഴിഞ്ഞുകൂടിയതിൽ മനംനൊന്ത ഇഖ്ബാൽ ദേശഭക്തി ഗാനങ്ങൾ രചിക്കുമ്പോൾ അസ്വതന്ത്രമായ ഇന്ത്യയുടെ വേദന എല്ലാ അർത്ഥത്തിലും പ്രതിഫലിച്ചിരുന്നു. അദ്ദേഹത്തിന്റെ ആദ്യകാല കവിതകളിലൊന്നായ 'പരിന്തേ കി ഫരിയാദ' (പൈങ്കിളിയുടെ ആവലാതി)യിൽ കൂട്ടിലടക്കപ്പെട്ട ഒരു പൈങ്കിളിയെക്കൊണ്ട് ഇഖ്ബാൽ ഇന്ത്യയുടെ കഥ പറയിക്കുന്നു. "ഇതെന്തൊരു നിർഭാഗ്യം, മാതൃരാജ്യത്തുതന്നെ തടവിൽ അടക്കപ്പെടുക! സ്വതന്ത്രരായി ജീവിക്കുന്നവർക്ക് അസ്വാതന്ത്ര്യത്തെപ്പറ്റി എന്തറിയാം. എന്റെ ഹൃദയം ദു:ഖത്തെയും ദു:ഖം ഹൃദയത്തെയും തിന്നുകൊണ്ടിരിക്കുന്നു", ഈ പൈങ്കിളിയുടെ വ്യഥ സ്വാതന്ത്ര്യത്തിനു വേണ്ടി ദാഹിക്കുന്ന ഭാരതത്തിന്റെ രോദനം കൂടിയായിരുന്നു.

ഇന്ത്യയിലെ സാമുദായിക മൈത്രിയാണ് ഇന്ത്യയുടെ ഐക്യത്തിന്റെയും ദേശീയതയുടെയും ആണിക്കല്ലെന്ന് അല്ലാമ ഇഖ്ബാൽ വളരെ നേരത്തെ കണ്ടെത്തി. ആദ്യകാല കവിതകളിലൊന്നായ 'നയാ ശിവാല'യിൽ അദ്ദേഹം ഹിന്ദുക്കളെയും മുസ്ലിംകളെയും മാടിവിളിക്കുന്നു. പിറന്ന ഭൂമിയിലെ ഓരോ മണൽത്തരിയും പരിപാവനമെന്ന് കരുതുന്ന രണ്ടു സമുദായങ്ങളും ഒന്നിച്ചുചേർന്ന ദേശസ്നേഹത്തിനായി ഒന്നിച്ചാരാധിക്കാനർഹമായ ഒരു 'പുതിയ ദേവാലയം' സൃഷ്ടിക്കാൻ! ഹൃദയത്തിനകത്തുള്ള വിഭാഗീയതയുടെ എല്ലാ അടയാളങ്ങളും തുടച്ചുമാറ്റി നമുക്കീ മണ്ണിൽ ഒരു പുതിയ ദേവാലയം സൃഷ്ടിക്കണം - അതിന്റെ മോന്തായം

For Group Contact us +91 9746065242

mappilaheritagelibrary.com

സ്നേഹത്തിന്റെ പശിമ ചേർത്ത് ആകാശത്തിലുത്തുംഗത്തിലെത്തട്ടെ. 'സാരെ ജഹാൻസെ അച്ഛാ' യിലൂടെ അദ്ദേഹം ജനതയെ പഠിപ്പിച്ചു.

'പരസ്പരം സ്പർദ്ധ പുലർത്താൻ
മതം നമ്മെ പഠിപ്പിക്കുന്നില്ല
നമ്മളെല്ലാം ഇന്ത്യക്കാരും
ഹിന്ദുസ്ഥാനം നമ്മുടെ മാതൃഭൂമിയുമാണ്'

ഇസ്‌ലാമിന്റെ മഹത്വം ഇഖ്ബാൽ ലോകത്തിനു ഗ്രഹിപ്പിച്ചുകൊടുത്തപ്പോൾ അതിനെ യഥാർത്ഥത്തിൽ ഉൾക്കൊള്ളാൻ വളരെ കുറച്ചുപേരെ അന്നുണ്ടായിരുന്നുള്ളൂ. യൂറോപ്പിൽ നിന്നും മടങ്ങി വന്ന ഇഖ്ബാൽ ഇസ്‌ലാമിന്റെ സാർവ്വദേശീയതയെയാണ് കൂടുതൽ ഉൾക്കൊണ്ടത്. 'പാൻ ഇസ്‌ലാമിസം' അദ്ദേഹത്തിന്റെ മുദ്രാവാക്യമായിരുന്നു. ഇന്ത്യയിലെയും ലോകത്തെമ്പാടുമുള്ള മുസ്‌ലിംകളുടെയും ദുരവസ്ഥ തന്റെ സാഹിത്യസൃഷ്ടിയിലൂടെ ഇഖ്ബാൽ വരച്ചുകാണിച്ചു. അതിന് പ്രതിവിധിയും ചൂണ്ടിക്കാണിച്ചു. 1909-ൽ ഇഖ്ബാൽ ഉറുദു സാഹിത്യത്തിലൂടെ ഇന്ത്യയിലും ഒരുവേള ലോകമുസ്‌ലിം പണ്ഡിതൻമാരിൽ തന്നെയും ഒരു പ്രതിഷേധ കൊടുങ്കാറ്റ് അഴിച്ചുവിട്ടു. കഴിഞ്ഞ മൂന്നുർഷക്കാലത്തെ (1905-1908) യൂറോപ്പിലെ ജീവിതത്തിൽ ഉരുത്തിരിഞ്ഞ ഇഖ്ബാലിലെ ദാർശനികൻ കവിതയിലൂടെ പ്രകാശിതമായിത്തുടങ്ങിയപ്പേൾ മുസ്‌ലിം പണ്ഡിതലോകത്തിൽ ഒരു പ്രബലവിഭാഗം ഇഖ്ബാലിനെതിരെ രംഗത്തുവന്നു. 1909-ൽ ഇഖ്ബാലിന്റെ വിപ്ലവാത്മകമായ കവിത വെളിച്ചം കണ്ടപ്പോഴായിരുന്നു ഇത്.

ലാഹോറിലെ അൻജുമൻ ഹിമായത്തുൽ ഇസ്‌ലാം സംഘത്തിന്റെ ഒരു ചടങ്ങിൽ ഇഖ്ബാൽ തന്റെ കവിത വായിച്ചപ്പോൾ അത് വമ്പിച്ച കോളിളക്കം സൃഷ്ടിച്ചു. ഉറുദു സാഹിത്യത്തിലെ മഹത്തരമായ ഒരു മുതൽക്കൂട്ടായിത്തീർന്ന 'ശിക്‌വാ' (പരാതി) യായിരുന്നു അത്. ആ പരാതി മറ്റാരോടുമായിരുന്നില്ല, സൃഷ്ടികർത്താവായ ദൈവത്തോടു തന്നെയായിരുന്നു.

ഇഖ്ബാൽ കവിതകളിൽ ഏറ്റവും വിമർശനവിധേയമായത് 'ശിക്‌വാ'യായിരുന്നു. അതിന്റെ കവനമനോഹാരിതയെ ആരും ചോദ്യം ചെയ്തില്ല. എന്നാൽ ആ കവിതയുടെ സന്ദേശം

For Group Contact us +91 9746065242

mappilaheritagelibrary.com

ആക്ഷേപവിധേയമായി. ഇസ്ലാമിന്റെ മഹത്വവും മുസ്ലിം യോദ്ധാക്കളുടെ നേട്ടങ്ങളും സാംസ്കാരിക നവോത്ഥാനത്തിൽ ഇസ്ലാമിന്റെ മഹത്തായ പങ്കും എണ്ണിയെണ്ണിപ്പറഞ്ഞ ഇഖ്ബാൽ അവിശ്വാസികളും അമുസ്ലീംകളുമായ വിഭാഗത്തോടു തന്റെ നീരസം മറയില്ലാതെ പ്രകടിപ്പിച്ചു എന്നതായിരുന്നു ഒരാക്ഷേപം. മറ്റൊന്ന്, വേറൊരു വിഭാഗക്കാരിൽ നിന്നായിരുന്നു. ദൈവത്തിന്റെ മുമ്പിൽ തലകുനിക്കേണ്ട മുസ്ലിം എങ്ങിനെ അവനെ വെല്ലുവിളിക്കുന്നു. എന്നാൽ ഈ രണ്ടു വാദമുഖങ്ങൾക്കും ഒരു അർത്ഥവുമില്ലെന്ന് പിന്നിട് ശിക്വായെ വിലയിരുത്തിയ സാഹിത്യ നായകൻമാർ കണ്ടെത്തി. എന്നാൽ പുതിയ ഒന്നുകൂടി -ശിക്വായിലെ വരികൾക്കിടയിലൂടെ ഇഖ്ബാൽ വരച്ചുകാട്ടിയ ഇസ്ലാമിന്റെ മഹോന്നതമായ സാംസ്കാരിക സവിശേഷതകളും വീരഗാഥകളുമായിരുന്നു മുഹമ്മദലി ജിന്നക്ക് പാകിസ്ഥാനു പ്രചോദനം നൽകിയതെന്നു ഒരു കൂട്ടർ അഭിപ്രായപ്പെടുന്നു.

ഏതാനും വർഷങ്ങൾക്കു ശേഷം ഇഖ്ബാൽ അല്ലാഹുവിന്റെ മറുപടിയായി 'ജവാബെ ശിക്വാ' (പരാതിക്ക് മറുപടി) എഴുതുന്നതുവരെ ഇഖ്ബാലിനെ കാഫിറായി കരുതിയവരും അന്ന് ഇന്ത്യയിലുണ്ടായിരുന്നു.

മുസ്ലിം സമുദായത്തോടു നീതി കാണിക്കാത്ത അല്ലാഹുവിനോടുള്ള ഇഖ്ബാലിന്റെ 'പരാതി' തുടങ്ങുന്നതു തന്നെ ഒരു ക്ഷമാപണത്തോടുകൂടിയാണ്.

'രാപ്പാടിയുടെ കരച്ചിലെന്ന് ഞാൻ എന്നും ഒരു പുഷ്പത്തെപ്പോലെ ബധിരനായിക്കണമോ സുഹൃത്തേ? എന്റെ ഹൃദയം എനിക്ക് ധൈര്യം പകരുന്നു; എന്റെ നാവിന് വാചാലത നൽകുന്നു; എന്റെ വദനത്തിൽ മണ്ണ് നിറയുന്നു - അല്ലാഹുവിനെതിരായി പരാതി പറയാൻ'

അല്ലാഹുവിന്റെ മുമ്പിൽ പരാതി ബോധിപ്പിക്കുക എന്ന 'ധിക്കാരം' ഇഖ്ബാൽ കാണിച്ചതുതന്നെ ഈ വിധത്തിലായിരുന്നു. പാശ്ചാത്യ സംസ്കാരത്തോടും അവരുടെ കച്ചവട മനസ്ഥിതിയോടും അറപ്പും വെറുപ്പും തോന്നിയ ഇഖ്ബാൽ അതേയവസരം മുസ്ലിംകൾ അവരുടെ സാമ്രാജ്യങ്ങൾ നഷ്ടപ്പെടുത്തിയതിലും മുസ്ലിം സമുദായം തകർന്നതിലും ഹൃദയവ്യഥ അനുഭവിക്കുക കൂടിയായിരുന്നു. സ്വന്തം അസ്തിത്വവും വ്യക്തിത്വവും അറിയാത്ത മുസ്ലിമിനെ ഇഖ്ബാൽ നിശിതമായി വിമർശിച്ചു.

For Group Contact us +91 9746065242

mappilaheritagelibrary.com

അല്ലാഹുവിനോടു ഇഖ്ബാൽ പരാതി ബോധിപ്പിക്കുമ്പോൾ മുസ്‌ലിം സമുദായത്തിന്റെ വേദനിപ്പിക്കുന്ന ദുരവസ്ഥ കവിഹൃദയത്തെ എത്രമാത്രം അതൃപ്തമാക്കിയിട്ടുണ്ടെന്ന് കാണാം. മാത്രമല്ല ഓരോ മുസ്‌ലിമും ഖുർആനും ഹദീസ് ശരീഫും പഠിച്ചുകഴിഞ്ഞാൽ അവരുടെ ഇന്നത്തെ ശോച്യാവസ്ഥയുടെ പശ്ചാത്തലത്തിൽ ഹൃദയനൊമ്പരത്തോടെ സ്വയം ചോദിച്ചു പോകുന്ന ചോദ്യങ്ങൾക്ക് ഇഖ്ബാൽ കാവ്യവിഷ്കാരം നൽകുകയാണ്.

തന്റെ പ്രതിഷേധം അല്ലാഹുവിന്റെ മുമ്പിൽ ഇഖ്ബാൽ പ്രകടിപ്പിക്കുന്നു. മുസ്‌ലിംകളില്ലായിരുന്നുവെങ്കിൽ അല്ലാഹുവിന്റെ ആസ്തിക്യം ലോകത്തു പ്രചരിപ്പിക്കാൻ കഴിയുമായിരുന്നില്ലെന്നും ലോകം വിഗ്രഹങ്ങളെയും മരങ്ങളെയും ആരാധിക്കുന്ന വിവിധ മതങ്ങളും വംശജരുമായിത്തീരുമായിരുന്നുവെന്നും അല്ലാഹുവിനോട് പറയുന്നു.

'കാണാൻ കഴിയാത്ത ഒരു ദൈവത്തിൽ അവരെങ്ങനെ വിശ്വസിച്ചു? നാഥാ നിന്റെ നാമം നിലനിർത്താനും നിന്റെ ദൗത്യം പ്രചരിപ്പിക്കാനും ശക്തി സംഭരിച്ചതും ആയുധമേന്തിയതും മുസ്‌ലിംകളായ ഞങ്ങളല്ലാതെ മറ്റാരാണ് ? മന്ദമാരുതനില്ലായിരുന്നുവെങ്കിൽ പനിനീർപൂവിന്റെ പരിമളം പരക്കുന്നതെങ്ങിനെ?

ആഫ്രിക്കൻ മരുഭൂമിയും യൂറോപ്പിലും ചുഴറ്റപ്പെട്ടത് ഇസ്‌ലാമിന്റെ വാളായിരുന്നില്ലേ? യുദ്ധം ചെയ്യാൻ മാത്രം ഞങ്ങൾ ജീവിച്ചു. നിന്റെ നാമത്തിന്റെ മഹത്വം നിലനിർത്തി മരണമടക്കം എന്തു ത്യാഗത്തിനും ഞങ്ങൾ സന്നദ്ധരായിരുന്നു. ഞങ്ങളുടെ ശക്തി ഉപോയോഗിച്ചത് രാജ്യം വെട്ടിപ്പിടിക്കാനല്ലായിരുന്നു. ഞങ്ങൾ ഭൗതികസുഖഭോഗങ്ങൾക്ക് വേണ്ടി ഞങ്ങളുടെ കഴിവ് വിനിയോഗിച്ചിരുന്നുവോ? അവർ വിഗ്രഹങ്ങളെ തച്ചുടക്കുകയല്ലാതെ അത് വിറ്റു കാശാക്കാൻ ആഗ്രഹിച്ചിരുന്നുവോ?

'നിന്റെ നാമത്തിൽ ഞങ്ങൾ യുദ്ധക്കളത്തിൽ ഉറച്ചുനിന്നപ്പോൾ വീരശൂരപരാക്രമികളായ ശത്രുക്കൾപോലും വിറച്ചോടിമറഞ്ഞു. ഓരോ മനുഷ്യ ഹൃദയത്തിലും അല്ലാഹുവേ, നിന്റെ ഏകത്വം മാത്രം ഞങ്ങൾ അങ്കുരിപ്പിച്ചു. കഠാരിയുടെ നിഴലിൽ നിന്നുകൊണ്ട് നിന്റെ സന്ദേശം സത്യമാണെന്ന് ഞങ്ങൾ ബോധ്യപ്പെടുത്തി.'

'ശിക്വാ'യിൽ ഇഖ്ബാൽ മുസ്‌ലിംകളുടെ പൂർവ്വകാല

For Group Contact us +91 9746065242

mappilaheritagelibrary.com

ചരിത്രം ശരിക്കും അനാവരണം ചെയ്തു. ബദ്‌റിലും ഉഹ്ദിലും ഖന്തക്കിലും എല്ലാം നടന്ന യുദ്ധചരിത്രങ്ങൾ എല്ലാം അദ്ദേഹം അവിടവിടെ വിശദീകരിച്ചു. പ്രവാചക പുണ്യവാളന്റെ കാലത്തെ സംഭവഗതികൾ നിറപ്പകിട്ടോടെ വർണ്ണിച്ചു.

ഹസ്രത്ത് അലി(റ)യുടെ നേതൃത്വത്തിൽ മദീനക്ക് സമീപമുള്ള ജൂതകേന്ദ്രമായിരുന്ന 'ഖൈബർ' പിടിച്ചടക്കിയതും, സീസറിന്റെ റോമാസാമ്രാജ്യത്തിലെ നഗരങ്ങൾ തകർന്നതും, അഗ്നി ആരാധകരായിരുന്ന ഇറാൻകാരെ ഇസ്‌ലാമിന്റെ മതാനുയായികളാക്കിയതും ഇഖ്ബാൽ അനുസ്മരിക്കുന്നു. എന്നിട്ട് അല്ലാഹുവിനോട് ഇഖ്ബാൽ ചോദിക്കുന്നു.

'നിനക്ക് വേണ്ടിയല്ലാതെ മറ്റൊന്നിന് വേണ്ടിയും ആവശ്യപ്പെടാത്തവരും നിനക്ക് വേണ്ടി മാത്രം രണാങ്കണത്തിൽ അടരാടിയവരുമായ ജനങ്ങൾ ആരായിരുന്നു? നിന്റെ ശക്തി മറ്റെല്ലാറ്റിനേക്കാളുമുപരിയായി പ്രചരിപ്പിച്ച ലോകത്തെ കീഴടക്കിയവരുടേതുമായിരുന്നു? അല്ലാഹു അക്ബറെന്ന തക്ബീർ ധ്വനിമുഴക്കി മനുഷ്യകുലത്തെ കിടുകിടാ വിറപ്പിച്ചവർ ആരായിരുന്നു? കല്ലിന്റെ വിഗ്രഹങ്ങൾ മുഖംകുത്തി വീണു. അതിന്റെ ആരാധകർ പശ്ചാത്തപിച്ചില്ലേ- അല്ലാഹു അഹദ്(ഏകൻ) എന്ന്? അതാരുടെ ധീരത കൊണ്ടായിരുന്നു?

അല്ലാഹുവിനോടുള്ള ആരാധനാബോധവും വിധേയത്വവും അല്പം പോലും കുറവില്ലാതെ ഇഖ്ബാൽ പാടി.

"രണാങ്കണത്തിലെ കടുത്ത പോരാട്ടങ്ങൾക്കിടയിലൂടെ ഞങ്ങൾ ഹിജാസി(മക്ക)ന്റെ ഭാഗം ലക്ഷ്യമാക്കി നിന്റെ നാമത്തിൽ ഭൂമിയെ ചുംബിച്ചു(നമസ്കരിച്ചു). രാജാവും പ്രജയും ഒരേ നിരയിൽ യാതൊരു വ്യത്യാസവുമില്ലാതെ അവിടെ ഞങ്ങളെ യജമാനനെന്നോ ഭൃത്യനെന്നോ വേർതിരിക്കുന്ന യാതൊരു അതിർവരമ്പുമില്ലായിരുന്നു.

മുസ്‌ലിംകളിലുള്ള മതബോധത്തെ സംബന്ധിച്ചു ശിക്വായിൽ ഇഖ്ബാൽ വിവരിച്ചു സമസ്തലോകത്തിലും ദൈവസന്ദേശമെത്തിക്കാൻ പകലന്തിയോളം പൂർവ്വിക മുസ്‌ലിംകൾ നടത്തിയ നിഷ്കാമ സേവനങ്ങൾ അദ്ദേഹം വർണ്ണിച്ചു. എന്നിട്ട് ചൂണ്ടിക്കാട്ടി;

'ചരിത്രത്തിന്റെ ഏടുകളിലെ കള്ളത്തരങ്ങൾ പിച്ചിച്ചീന്തി മനുഷ്യ സമൂഹത്തെ അടിമച്ചങ്ങലയിൽ നിന്നു ഞങ്ങൾ

For Group Contact us +91 9746065242

mappilaheritagelibrary.com

വിമുക്തമാക്കി. നാഥാ! നിന്റെ കഅബയുടെ നിലത്ത് ഞങ്ങളുടെ നെറ്റിത്തടങ്ങളുരസി, നീ ഞങ്ങൾക്കായി അയച്ച ഖുർആൻ ഞങ്ങൾ മാറോടണച്ചു. എന്നിട്ടും ഞങ്ങൾക്ക് വിശ്വാസം പോരാ എന്നു നീ ഞങ്ങളെ കുറ്റപ്പെടുത്തുന്നു. ഞങ്ങളുടെ വിശ്വാസം കുറഞ്ഞു പോയിട്ടുണ്ടെങ്കിൽ ഞങ്ങളുടെ ഹൃദയത്തെ വിജയിക്കുന്നതിൽ നീ ഒന്നും ചെയ്തില്ല.

പല ഇസ്‌ലാമിക പണ്ഡിതൻമാരും ഇഖ്ബാലിന്റെ 'ശിക്വാ'യിലെ ഇത്തരം ഭാഗങ്ങളിലാണ് എതിർപ്പ് പ്രകടിപ്പിച്ചത്. എന്നാൽ അല്ലാഹുവിലുള്ള അപാരമായ വിശ്വാസത്തിലും അവനോടു മാത്രമുള്ള ആരാധനയിലും മറ്റാരെയും വെല്ലുന്ന മഹാനായ ആ സത്യവിശ്വാസിയുടെ ആത്മാർത്ഥത കണ്ടെത്തുവാൻ മുസ്‌ലിം പണ്ഡിതൻമാരിൽ പലരും സമയമെടുത്തു. ഇഖ്ബാൽ തന്റെ സമുദായത്തിന്റെ വേദനകൾ അല്ലാഹുവിനോടുള്ള പരാതിയിൽ തുടരുന്നു.

മറ്റു മതങ്ങളിൽ വിശ്വസിക്കുന്ന ചിലർ വിനീതരായിരിക്കാം. എന്നാൽ മറ്റു ചിലർ ധിക്കാരികളും അതിക്രമികളുമാണ്. അറിവില്ലാത്ത ചിലരുണ്ടായിരിക്കാം. എന്നാൽ അസഹിഷ്ണുതയുള്ളവർ ഏറെയുണ്ട്. ബുദ്ധിജീവികളുണ്ട്. അവർ നിന്റെ നാമത്തിൽ പോലും ഇച്ഛാഭംഗം കാണുന്നു. അവിശ്വാസികളുടെ ഗൃഹങ്ങളിൽ നിന്റെ അനുഗ്രഹം – മുസ്‌ലിംകളിൽ നിന്റെ കോപവും. 'ദേവാലയങ്ങളിലെ വിഗ്രഹങ്ങൾ പറയുന്നു; 'മുസ്‌ലിംകൾ മറഞ്ഞു കഴിഞ്ഞു' എന്നും കഅ്ബയുടെ കാവൽക്കാർ പിൻവലിഞ്ഞുവെന്നതിൽ അവർ ആനന്ദിക്കുന്നു. മണലാരണ്യത്തിലെ ഒട്ടകങ്ങളാകുന്ന സാർത്ഥവാഹകസംഘത്തിന്റെ മണിനാദം നിലച്ചുവത്രെ, അവിശ്വാസികൾ ഞങ്ങളെ പരിഹസിക്കുന്നു. 'അല്ലാഹുവേ, നീ ഇതറിയുന്നുവോ'?

സ്വന്തം സമുദായത്തിന്റെ നഷ്ടബോധം ശിക്വായിലൂടെ ഇഖ്ബാൽ വരച്ചുകാട്ടുന്നു. നിരാശാബോധം മുസ്‌ലിംകളെ എത്രമാത്രം നിശ്ചേതനമാക്കിയെന്ന് ഇഖ്ബാൽ ഓർമ്മപ്പെടുത്തുന്നു. അല്ലാഹുവിൽ എല്ലാം അർപ്പിക്കുന്ന ഒരു മുസ്‌ലിമിന് ആധുനിക ലോകത്ത് ചിലപ്പോൾ തോന്നിപ്പോകുന്ന ചോദ്യവും ഇഖ്ബാൽ സ്വയം ഉന്നയിക്കുന്നു.

'അവിശ്വാസികളായ അവർ ധനികരായതിലോ, അവരുടെ ഖജനാവ് നിറഞ്ഞൊഴുകുന്നതിലോ അല്ല ഞങ്ങളുടെ പരാതി'

For Group Contact us +91 9746065242

mappilaheritagelibrary.com

ഇഖ്ബാൽ അല്ലാഹുവിനോട് കൽപ്പിക്കുന്നു.

അവർക്ക് സ്വഭാവഗുണമില്ല. ഇതെന്തൊരനൃായം, ദൈവദ്രോഹികളായ അവർക്ക് കൊട്ടാരങ്ങളും ദേവകന്യകകളും. പാവപ്പെട്ട മുസ്ലിമിനാകട്ടെ അതൊക്കെ മരണശേഷം സ്വർഗ്ഗത്തിലെത്തിയാൽ മാത്രവും! ഞങ്ങൾക്ക് കനിവുമില്ല, സഹായവുമില്ല.. പഴയകാലത്ത് ഞങ്ങളോടു കാണിച്ച ആ വാൽസല്യം അതെവിടെ?

ഇഖ്ബാൽ അല്ലാഹുവിന് ഉറപ്പുകൊടുക്കുന്നു.

ആഗ് തക്സീർ സീ ഹോമെ
ദബീ റക്തെഹൈ
സിന്തഗീ മിസ്ലെ ബിലാലെ
ഹബ്സീ റക്തെ ഹൈ

ഞങ്ങളുടെ ഹൃദയത്തിൽ അല്ലാഹുവിന്റെ മഹത്വത്തിന്റെ തീപ്പന്തം ഇപ്പോഴും നിറഞ്ഞുനിൽക്കുന്നു. അബ്സീനിയക്കാരനായ ഹസ്രത്ത് ബിലാൽ(റ) ന്റെ ജീവിതം മാതൃകയായി ഞങ്ങൾ ഇന്നും ഉൾക്കൊള്ളുന്നു.

ശിക്വായുടെ പേരിൽ ഇഖ്ബാലിനെ കുറ്റപ്പെടുത്തിയവർ 'ജവാബെ ശിക്വാ' (പരാതിക്ക് മറുപടി) പുറത്തിറങ്ങിയപ്പോൾ അദ്ദേഹത്തെ വാനോളം പുകഴ്ത്തിയിരുന്നു. ഇഖ്ബാലിനെ 'കാഫിറ'ക്കായവരും അദ്ദേഹത്തെ നിശീശ്വര നിർമതവാദിയെന്നു വിളിച്ചവരും പശ്ചാത്തപിക്കേണ്ടിവന്നു. തൗഹീദിന്റെ മാസ്മര ശക്തിയിലൂടെ ഇസ്ലാമിന്റെ അപ്രതീക്ഷിതമായ മുന്നേറ്റത്തെ അതിന്റെ ശരിയായ അർത്ഥത്തിൽ കണ്ടെത്തുകയും ചെയ്ത കിടയറ്റ ഒരു ദാർശനികനെ പുച്ഛിച്ചുതള്ളിയവർക്ക് മഹാനായ ആ മുസ്ലിമിന്റെ മുമ്പിൽ അടിയറവുപറയേണ്ടി വന്നു. പശ്ചാത്താപം രണ്ടു വിധത്തിലുണ്ട്. ഒന്നു മഞ്ഞുകട്ട ഉരുകുന്നതുപോലെ, മറ്റൊന്ന് മഞ്ഞുകട്ട പിളരുന്നപോലെ. ഇഖ്ബാലിന് ഇസ്ലാമിൽ നിന്നു വിലക്ക് കൽപിച്ചവരുടെ പശ്ചാത്താപം മഞ്ഞുകട്ട ഉരുകുന്നതു പോലെയായിരുന്നു.

'ജവാബെ ശിക്വാ' അത്രയും അർത്ഥസമ്പുഷ്ടമായിരുന്നു. വികാരതീവ്രമായിരുന്നു. കാവ്യകാന്തി പരത്തുന്നതായിരുന്നു. ലളിത മനോഹരമായിരുന്നു.

ഇഖ്ബാൽ 1909 -ലെഴുതിയ 'ഷിക്വാ' (പരാതിക്ക്) 'ജവാബ്' (മറുപടി) വന്നത് 1913 -ലായിരുന്നു. നാലുവർഷങ്ങൾക്ക് ശേഷം, നാലു വർഷങ്ങൾക്കകം തന്റെ 'ശിക്വാ' യുടെ നേരെ

For Group Contact us +91 9746065242

mappilaheritagelibrary.com

സ്വന്തം സമുദായത്തിലെ ചില പണ്ഡിതൻമാർ ഉയർത്തിവിട്ട പ്രതിഷേധം ഇഖ്ബാലിന്റെ മനസ്സിൽ മായാതെ കിടന്നിരുന്നുവെന്നു 'ജവാബ്' വായിച്ചാൽ ആർക്കും മനസ്സിലാകും.

ലാഹോറിലെ ഒരു കവിസമ്മേളനത്തിലാണ് അല്ലാമാ ഇഖ്ബാൽ 'ജവാബെ ശിക്വാ' ആദ്യം വായിച്ചത്. ബൾഗേറിയക്കാർക്കെതിരെ പടപൊരുതുകയായിരുന്ന തുർക്കികളെ സഹായിക്കുന്നതിനു ഫണ്ടുപിരിക്കാൻ ചേർന്ന കവിസമ്മേളനത്തിൽ ഇഖ്ബാൽ പാരായണം ചെയ്ത കൃതിയുടെ ആയിരക്കണക്കിന് കോപ്പികൾ അപ്പോൾതന്നെ വിറ്റഴിഞ്ഞു.

'ജവാബെ ശിക്വാ' യിൽ കാവ്യമൂല്യവും തത്വശാസ്ത്രവും ചരിത്രവും എല്ലാം ഇണങ്ങിച്ചേരുന്നു. ആദ്യഭാഗം തന്നെ അത്യാകർഷകമാണ്. തന്റെ 'ശിക്വാ' (പരാതി) ഹൃദയാന്തർഭാഗത്തു നിന്നും ഉദിച്ചുപൊങ്ങി തീവ്രവികാരമുൾക്കൊള്ളുന്നതുകൊണ്ട് തന്നെ അത് ആകാശത്തോളം (സ്വർഗ്ഗത്തോളം) ഉയർന്നുവെന്നാണ് മഹാകവി പറഞ്ഞത്. അതോടുകൂടി തന്റെ പരാതികളെപ്പറ്റി മനോഹരമായി വർണ്ണിക്കുന്നു. അവസാനം സ്വർഗ്ഗത്തിന്റെ കാവൽക്കാരനായ മലക്ക് (റിസ്വാൻ) ആളെ തിരിച്ചറിയുന്നു.

അകളങ്കമായി ആത്മാർത്ഥമായി ഹൃദയത്തിനകത്തു നിന്നു പുറപ്പെടുന്ന ഏതൊരു പ്രാർത്ഥനക്കും യഥാർത്ഥമായ അർത്ഥസംപുഷ്ടിയോടെ പടച്ചവനിൽ നിന്നു പ്രതികരണമുണ്ടാകുമെന്നാണ് ഇഖ്ബാലിന്റെ വിശ്വാസം.

'ഹൃദയാന്തർഭാഗത്തു നിന്നും പുറപ്പെടുന്ന വാക്കുകൾ എന്നും ഫലപ്രദമായിരിക്കും. പരിശുദ്ധവും പരിപാവനവും മഹത്തരവുമായ അത്തരം വാക്കുകൾ ഉയർന്നുപൊങ്ങും. അതിന് ചിറകുകളില്ലെങ്കിലും അത് പറന്നുപൊങ്ങും.'

തന്റെ 'ശിക്വാ' കേൾക്കുമ്പോൾ ഏഴാം ആകാശത്തിനപ്പുറമുണ്ടായ സ്ഥിതിയാണ് ഇഖ്ബാൽ തുടർന്ന് വിവരിക്കുന്നത്. പ്രായംചെന്ന സ്വർഗ്ഗകവാടത്തിൽ ഒരു സംസാരം കേട്ടു; 'ഇവിടെ എവിടെയോ ആരോ ഒരാളുണ്ട്' ബാഹ്യാകാശഗോളങ്ങൾ പരസ്പരം പറഞ്ഞു: 'ഈ, അതിപുരാതനമായ ഉത്തുംഗത്തിൽ ആരോ ഉണ്ടെന്നു തീർച്ച. 'ഇവിടെ ആരുമില്ല' - അപ്പറഞ്ഞത് ചന്ദ്രഗോളമായിരുന്നു. അതു തുടർന്നു. 'അങ്ങു താഴെ ഭൂമിഗോളത്തിലായിരിക്കും ബാഹ്യാകാശത്തിനുപരി സ്വർഗ്ഗപാതയിൽ നിന്നൊരശരീരി: 'ഇവിടെ എവിടെയോ ഒരാൾ ഒളിച്ചിരിക്കുകയാണോ

For Group Contact us +91 9746065242

mappilaheritagelibrary.com

എന്ന് നമുക്കറിയില്ലല്ലോ' എന്നിട്ട് ഇഖ്ബാൽ തുടർന്നെഴുതുന്നു; 'എന്റെ പരാതി തിരിച്ചറിഞ്ഞത് 'റിസ്‌വാൻ' (സ്വർഗ്ഗത്തിന്റെ കാവൽക്കാരൻ) മാത്രമാണ്. സ്വർഗ്ഗത്തിൽ നിന്നും പണ്ടു കാലം പുറത്താക്കപ്പെട്ട (ആദാമിന്റെ വംശത്തിൽപ്പെട്ട) ഒരാളാണ് താനെന്ന്!' അതെ മലക്കുകൾക്കുപോലും ഇതൊരു അത്ഭുത മായിരുന്നു. ഒരു പിടി മണ്ണ് (മനുഷ്യൻ) പറക്കാൻ ഉള്ള കലയും കൈവശമാക്കിയോ? അവൻ അഹങ്കാരിയായിപ്പോയി, അല്ലാഹുവി നെതിരായിട്ട് പോലും അവൻ ഇറങ്ങിപ്പുറപ്പെട്ടിരിക്കുന്നു. മലക്കുകൾ തലകുനിച്ചു. അതേ ആദം (മനുഷ്യൻ) തന്നെയാണോ ഇത്?

ഇത്രയും ആമുഖമായി വർണ്ണിച്ച ശേഷമാണ് ഇഖ്ബാലിന്റെ പരാതിക്ക് അല്ലാഹു നൽകുന്ന മറുപടിയെന്താണെന്ന് ഇഖ്ബാൽ വിവരിക്കുന്നത്. അങ്ങിനെ ഒരു കവിഹൃദയത്തിൽ ഉദിച്ചു പൊങ്ങുന്ന ഭാവന പ്രതീകമായി പ്രകാശിപ്പിക്കുന്നു. അതിൽ മനുഷ്യകുലത്തിന്റെ ആവിർഭാവവും തൊട്ടുള്ള ചരിത്രവും ഇക്ബാലിന്റെ അപൂർവ്വ പ്രതിഭാവിലാസവും ഇതൾ വിരിയുന്നു.

അല്ലാഹു നൽകിയതായി ഇഖ്ബാൽ വിവരിക്കുന്ന മറുപമറുപടിയിലും തന്റെ 'ശിക്‌വാ' നിഷ്കളങ്കമാണെന്നും വാചാലമാണെന്നും അതൊരു കരച്ചിലാണെന്നും ഇഖ്ബാൽ പറയുന്നു. 'ജവാബെ ശിക്‌വായിൽ' മുസ്‌ലിം സമുദായത്തിന്റെ അധ:പതന കാരണങ്ങളോരോന്നും ഇഖ്ബാൽ എണ്ണിപ്പറയുന്നു.

പരാതിക്ക് മറുപടി പറയുന്ന അല്ലാഹുവിന് പറയാനുള്ളത് ഇഖ്ബാൽ ചൂണ്ടിക്കാട്ടുന്നു. ഇന്നത്തെ മുസ്‌ലിമിന്റെ ലക്ഷ്യബോധ മില്ലാത്ത ജീവിതത്തിന്റെ വിവിധ ഭാഗങ്ങൾ.

'നിങ്ങളുടെ കരങ്ങൾക്ക് ശക്തി പോരാ, നിങ്ങളുടെ' ഹൃദയത്തിനുള്ളിൽ അല്ലാഹുവിന് സ്ഥാനമില്ല. എന്റെ പ്രബോധകന്റെ (നബി തിരുമേനി (സ)) പേരിൽ നിങ്ങൾ കൊള്ളരുതായ്മ കാണിച്ചു. കപടദൈവങ്ങളെ നശിപ്പിച്ചവർ പോയ്ക്കഴിഞ്ഞു. ഇപ്പോൾ വിഗ്രഹ നിർമ്മാതാക്കൾക്കാണ് മെച്ചം. ഇബ്രാഹീമിന്റെ മക്കൾ സ്ഥലം വിട്ടു. വിഗ്രഹവിൽപ്പനയിൽ കുപ്രസിദ്ധനായിരുന്ന ഇബ്രാഹീം നബിയുടെ പിതാവായിരുന്ന ആസറിന്റെ വിഗ്രഹ നിർമ്മാതാക്കളായിരുന്ന വംശജരാണ് അവശേഷിക്കുന്നത്, നിങ്ങൾ പുതിയ വിഗ്രഹങ്ങളുമായി പുതിയ കഅബയാണ് നിർമ്മിക്കുന്നത്. കാരണം നിങ്ങൾ തന്നെ പുതിയ

For Group Contact us +91 9746065242

mappilaheritagelibrary.com

ആളുകളാണ്,' ഒരേ ഒരു ദൈവത്തിൽ മാത്രം വിശ്വസിക്കുന്ന മുസ്‌ലിമിന്റെ വിശ്വാസത്തകർച്ചയാണ് മുസ്‌ലിമിന്റെ നാശത്തിന് ഒരു കാരണമെന്ന് ഇഖ്ബാൽ വിശ്വസിക്കുന്നു. തൗഹീദിന്റെ അതിമഹത്തായ ശക്തി മുസ്‌ലിംകൾ മറന്നത് കൊണ്ട് സമുദായം കദനം സഹിക്കേണ്ടിവന്നു എന്ന് ഇഖ്ബാൽ സ്ഥാപിക്കുന്നു.

സർവ്വോപരിയും അതിമഹത്തരമായും അല്ലാഹുവിനെ മാത്രം ഹൃദയത്തിൽ കരുതിയ കാലമുണ്ടായിരുന്നു. ഓരോ മുസ്‌ലിമും അല്ലാഹുവിനെ മാത്രം സ്നേഹിച്ച കാലമുണ്ടായിരുന്നു. ഇന്നത്തെ സ്ഥിതി അതല്ല. എന്നിട്ടു മുഹമ്മദിന്റെ അനുയായികൾ പ്രാദേശികവാസികളായത് ഇഖ്ബാൽ വിമർശിക്കുന്നു. മതവും മതാനുഷ്ഠാനങ്ങളും ഇന്ന് പാവപ്പെട്ടവർക്ക് മാത്രമായിത്തീർന്നിരിക്കുന്നു. ദരിദ്രരാണ് ഇന്നത്തെ യഥാർത്ഥ മതവിശ്വാസികളും അനുഷ്ഠാന കർമ്മങ്ങൾ നടത്തുന്നവരും. ധനികർ അവരുടെ സമ്പത്തിൽ മാത്രം ശ്രദ്ധവെക്കുന്നു.

'പള്ളികളിൽ പ്രാർത്ഥിക്കാൻ വരുന്നവർ ആരാണധികം?. പാവങ്ങൾ. റമസാനിൽ വ്രതമെടുത്തു വിശപ്പുസഹിക്കുന്നവരോ? അതും പാവങ്ങൾ, ധനികർ സമ്പത്തിന്റെയും വീഞ്ഞിന്റെയും ലഹരിയിൽ. അവരുടെ കുറ്റങ്ങൾ മറച്ചുപിടിക്കുന്നതോ?. അതും പാവങ്ങൾ!'

'ചരിത്രത്തിന്റെ ഏടുകളിലെ കള്ളത്തരങ്ങൾ പിച്ചിച്ചീന്തിയത് ആരാണ്? എന്റെ കഅബയുടെ നിലത്ത് നെറ്റിത്തടങ്ങൾ ഉരസിയത് ആരാണ്? അല്ലാഹുവിന്റെ ചോദ്യം, ഉത്തരവും ഇതാ: 'അതെ, സത്യമായും നിന്റെ പൂർവ്വികൻമാർ? പറയൂ നീ ആരാണ്? ശൂന്യമായ കരങ്ങളുമായി നല്ലൊരു നാളിനുവേണ്ടി കാത്തിരിക്കുന്നവൻ!'

ഇഖ്ബാൽ തന്റെ 'ശിക്വാ'യിൽ അല്ലാഹുവിനോട് പരാതി പറയുമ്പോൾ കർക്കശമായ സ്വരം ഉപയോഗിച്ചതിന് അല്ലാഹു പഴിപറഞ്ഞതും ജവാബിൽ എടുത്തുപറയുന്നു. സത്യസന്ധമായ ഒരു അവലോകനം ഈ വരികളിൽ കാണാം.

മുസ്‌ലിംകൾക്ക് എല്ലാ സുഖവും സ്വർഗ്ഗത്തിൽ നൽകുമെന്ന് നാം വാഗ്ദത്തം ചെയ്തു എന്നല്ലേ നീ പറയുന്നത്. വിമർശിക്കാൻ സ്വാതന്ത്ര്യമുണ്ടെങ്കിലും ഒരാളുടെ സംസാരം കുറച്ചൊക്കെ മര്യാദയുള്ള രീതിയിലാവണം. നമ്മുടെ അധികാരം ആരംഭിച്ച കാലം മുതൽ തന്നെ സൃഷ്ടികർത്താവെന്ന നിലക്ക് നമ്മൾ

For Group Contact us +91 9746065242

mappilaheritagelibrary.com

എല്ലാവരോടും നീതിപുലർത്തുന്നു. മുസ്‌ലിംകളെന്നപോലെ പെരുമാറിയ അവിശ്വാസികൾക്ക് നമ്മൾ സ്വർഗ്ഗത്തിന്റെ സമ്മാനം നൽകിയത് ശരിയാണ്. നിങ്ങളിൽപ്പെട്ട ഒരാൾപോലും സ്വർഗ്ഗത്തിന്റെ സമ്മാനം കാംക്ഷിക്കുന്നില്ല. സീനായിലെ ദൈവീകമായ അപൂർവ്വ തീ കാണാൻ ഒരു മൂസായും ഇല്ല.

നിങ്ങൾ ഒരു ജനത, നിങ്ങളുടെ യാതനകളും വേദനകളും ഒന്നിച്ചു പങ്കുവെക്കുന്ന നിങ്ങൾക്ക് ഒരേ ഒരു വിശ്വാസം മാത്രം. ഒരു ജാതിയും അനുകരിക്കാൻ ഒരു പ്രവാചകനും മാത്രം. ഒരേഒരു ദൈവം, ഒരേ ഒരു ഗ്രന്ഥം ഖുർആൻ, ഓരോ മുസൽമാനും ഒന്നിച്ചു. ഒന്നിച്ചു സമുദായമാവാൻ വല്ല പ്രയാസവുമുണ്ടോ? എന്നാൽ സ്ഥിതിയോ? ഓരോ പ്രദേശത്തും ഓരോ വിഭാഗം, ഓരോ ജാതിയായി വിഘടിച്ചുനിൽക്കുന്നു. പുരോഗതിയിലേക്കുള്ള വഴിയാണോ ഇത്?

മുസ്‌ലിംകളിലുള്ള വിഭാഗീയവും വിഘടനപരവുമായ ഭിന്നിപ്പുകളെ അപലപിക്കുകയാണ് ഇഖ്ബാൽ, ഒരു സമുദായമെന്ന നിലക്ക് ഒറ്റക്കെട്ടായി നിന്നാൽ നേടിയെടുക്കാവുന്ന വിജയങ്ങൾ പരസ്പരം ഭിന്നിച്ചു പാഴാക്കുന്നതിൽ ആ മഹാകവി കണ്ണുനീർ പൊഴിക്കുന്നു. മാത്രമല്ല പൗരാണിക മുസ്‌ലിംകൾ അവരുടെ നിഷ്കാമമായ സേവനത്തിലൂടെയും അവരുടെ അചഞ്ചലമായ ദൈവവിശ്വാസത്തിലൂടെയും നേടിയെടുത്തപോലെ ഇന്നത്തെ മുസ്‌ലിമിന് കഴിയുന്നില്ല. അതാണ് പരാജയകാരണമെന്നും ഇഖ്ബാൽ വരച്ചുകാട്ടുന്നു.

'നമ്മുടെ ഏറ്റവും പ്രിയങ്കരനായ പ്രവാചകന്റെ മാർഗ്ഗനിർദ്ദേശങ്ങൾ വലിച്ചെറിഞ്ഞതാരാണ്?' അല്ലാഹു മനുഷ്യരോട് ചോദിക്കുന്നതായി ഇഖ്ബാൽ 'ജവാബെ ശിഖ്വയിൽ' തുടർന്നെഴുതുകയാണ്.

'അവസരവാദം ആരാണ് സ്വീകരിച്ചത്?' മറ്റു സംസ്കാരങ്ങളും ജീവിതരീതിയും ആരെയാണ് അന്ധരാക്കിയത്? പൂർവ്വിക പാരമ്പര്യം കയ്യൊഴിച്ചതാരാണ്? നിന്റെ ഹൃദയത്തിൽ വികാരതീവ്രതയില്ല; നിന്റെ ആത്മാവിൽ ചൈതന്യമില്ല. മുഹമ്മദിന്റെ സന്ദേശങ്ങളിൽ നിന്നിൽ ഒന്നും അവശേഷി ക്കുന്നില്ല... ഭൗതികസുഖത്തിനു വേണ്ടി നീ പാനം ചെയ്യുന്ന വീഞ്ഞ് വളരെ ആയാസമായ ഒരു ജീവിതം – പ്രശ്നങ്ങളോ സംഘർഷങ്ങളോ നിറഞ്ഞ ജീവിതം നിനക്കില്ലേ, എന്നിട്ടും നീ 'മുസൽമാൻ' എന്ന് നിന്നെ വിളിക്കാൻ

For Group Contact us +91 9746065242

mappilaheritagelibrary.com

ധൈര്യപ്പെടുന്നു! ഇതാണോ മുസൽമാന്റെ ജീവിതപാത, നിന്റെ പൂർവ്വികൻമാർ ആദരിക്കപ്പെട്ടവരായിരുന്നു, നീയോ?

ഇഖ്ബാൽ തികഞ്ഞ മതവിശ്വാസിയായിരുന്നു. എല്ലാ അർത്ഥത്തിലും ഇസ്ലാമിക കവിയായിരുന്നു അദ്ദേഹം. ഒരിക്കലും ആ വിശ്വാസം സങ്കുചിതമായിരുന്നില്ല. പ്രാദേശികവും വംശീയവും വിഭാഗീയവും ശാഖാപരവുമായ കുടുസ്സുവൃത്തത്തിൽ തളച്ചിടപ്പെട്ട ഇസ്ലാമിനെയല്ല അദ്ദഹം പ്രഭാഷണം ചെയ്തത്. പ്രത്യുത സാർവ്വലൗകികവും വിശാലവും ക്രിയാത്മകവും ലോകത്തെ ഇളക്കിമറിച്ച തത്വശാസ്ത്രമുൾക്കൊള്ളുന്നതുമായ ഇസ്ലാമായിരുന്നു ഇഖ്ബാലിന്റെ തട്ടകം. പ്രായോഗികവും ധാർമ്മികമൂല്യങ്ങളിൽ അധിഷ്ഠിതവും യാഥാർത്ഥ്യബോധ മുള്ളതുമായ ജീവിതപദ്ധതിയാണ് ഇസ്ലാം എന്ന് ഇഖ്ബാൽ വിശ്വസിക്കുന്നു.

ശാസ്ത്രവും സാങ്കേതികപരിജ്ഞാനവും ഇസ്ലാമിന്റെ തത്വങ്ങൾക്കനുസൃതമായതാണെന്ന് ഇഖ്ബാൽ പറയുന്നു. വിശുദ്ധ ഖുർആനിൽ 'ലോകത്തെ നിങ്ങൾക്ക് ഞാൻ അധീനപ്പെടുത്തിയിരിക്കുന്നു' വെന്ന് പറഞ്ഞതിന്റെ സാരം ഇസ്ലാം ശാസ്ത്രപുരോഗതിക്ക് നിദാനമായ ഒരു പ്രത്യയശാസ്ത്രമാണെന്നതിന് തെളിവായി അദ്ദേഹം വ്യാഖ്യാനിക്കുന്നു. ലോകത്തുണ്ടായ ശാസ്ത്രീയ നേട്ടങ്ങൾ അറബിജനതയുടെയും ഇസ്ലാമിന്റെയും സംഭാവനയാണ്. ഇഖ്ബാൽ തന്റെ മകനോട് ഇങ്ങനെ പറഞ്ഞു. 'മഹാനായ നെപ്പോളിയന്റെ പൂർവ്വികർ അറേബ്യയിൽ നിന്ന് വന്നവരായിരുന്നു. ഇന്ത്യയിൽ വരാൻ വാസ്കോഡഗാമക്ക് വഴി കാണിച്ചുകൊടുത്തത് അറബികളായിരുന്നു.'

ശാസ്ത്രമെന്നാൽ ദൈവികപ്രവർത്തനങ്ങളുടെ വ്യാഖ്യാനങ്ങളാണ്. മതവിശ്വാസത്തിന് ഇളക്കമില്ലാതെ ശാസ്ത്രപുരോഗതി നേടിയെടുക്കാം. 'മതം സാദ്ധ്യമാണോ' എന്ന പ്രസിദ്ധമായ പ്രഭാഷണത്തിൽ ഇഖ്ബാൽ ഇങ്ങിനെ പറയുന്നു:

'ശാസ്ത്രീയവും മതപരവുമായ പ്രക്രിയ ഓരേ സമതലത്തിലൂടെ ചരിക്കുന്നതാണ്, ഇവ രണ്ടിനെക്കുറിച്ചും, സൂക്ഷ്മ പരിശോധന നടത്തിയാൽ ഒന്നു മറ്റൊന്നിന് സഹായകമാണെന്ന് കാണാം. അതാതിന്റെ മണ്ഡലങ്ങളിൽ അവ പരിശുദ്ധി പ്രദാനം ചെയ്യുന്നു. വിശുദ്ധ ഖുർആൻ, ഗോളങ്ങളെയും ഭൗതീക ശാസ്ത്രങ്ങളെയും പറ്റി യാതൊരു നിയന്ത്രണങ്ങളുമില്ലാതെ പഠിക്കാനും പരിശോധിക്കാനും ആഹ്വാനം ചെയ്യുന്നത്

For Group Contact us +91 9746065242

mappilaheritagelibrary.com

കൊണ്ടുതന്നെ ഇസ്‌ലാമിന് ശാസ്ത്രത്തെ സുഹൃദ്ഭാവത്തോടുകൂടിയല്ലാതെ നോക്കിക്കാണാൻ ആവില്ല, ശാസ്ത്രീയമായുണ്ടാകുന്ന തെറ്റുകൾക്കുള്ള അവസരങ്ങൾ കുറയ്ക്കുവാൻ പൂർണ്ണതനേടിയ വിവേകശാലിയെന്ന നിലക്ക് മതത്തെ അംഗീകരിക്കണം.... വിശുദ്ധ ഖുർആനിൽ മറ്റു രണ്ടു വിജ്ഞാന മേഖലകളെ സംബന്ധിച്ചും പറയുന്നുണ്ട് -പ്രകൃതി, ചരിത്രം, ഈ രണ്ടു വിജ്ഞാന വൃത്തങ്ങളെക്കൂടി ഉപയോഗിക്കുമ്പോഴാണ് ഇസ്‌ലാമിനെ യഥാർത്ഥ രൂപത്തിൽ കാണാൻ കഴിയുന്നത്. അന്തിമ സത്യത്തിന്റെ അടയാളങ്ങൾ ഖുർആൻ ദർശിക്കുന്നത് സൂര്യൻ, ചന്ദ്രൻ നിഴലുകളുടെ നീളത്തിൽ ഏറ്റക്കുറച്ചിൽ, രാവിന്റെയും പകലിന്റെയും മാറ്റങ്ങൾ മനുഷ്യവർഗങ്ങളുടെയും ഭാഷകളുടെയും വൈവിധ്യങ്ങൾ, ജനങ്ങളുടെ വിജയാപജയങ്ങളുടെ ദിനങ്ങളിലുള്ള മാറ്റങ്ങൾ എന്നിവകളിലാണ്

ഈ അടയാളങ്ങളിൽ പ്രതിഫലനം കണ്ടെത്തുകയാണ് മുസ്‌ലിമിന്റെ കർത്തവ്യം; അല്ലാതെ അതങ്ങിനെ വിട്ടുകളയുകയല്ല.

ശാസ്ത്രത്തിന് ഇസ്‌ലാം നൽകിയ സംഭാവന വിവരിക്കുവാൻ ഇഖ്ബാൽ ചരിത്രകാരനായ ബ്രിഫോൾട്ടിനെ ഉദ്ധരിക്കുന്നു;

'അറബ് സംസ്കാരം ലോകത്തിനു നൽകിയ സംഭാവന, ശാസ്ത്രമായിരുന്നു. എന്നാൽ അതിന്റെ ഫലം അനുഭവിച്ചത് വളരെമെല്ലെയും. ശാസ്ത്രം മാത്രമല്ല യൂറോപ്പിനു ജീവിതം നൽകിയത്, യൂറോപ്യൻ ജീവിതത്തിനു ഇസ്‌ലാമിന്റെ സ്വാധീനം ഉണർവ്വും ഉയിർത്തെഴുന്നേൽപ്പും നൽകി വിപ്ലവകരമായ സിദ്ധാന്തങ്ങളുടെ ഞെട്ടിപ്പിക്കുന്ന കണ്ടുപിടുത്തങ്ങൾ ഉൾക്കൊള്ളുന്ന നമ്മുടെ (യൂറോപ്യൻമാരുടെ) ശാസ്ത്രം അറബികളോടു കടപ്പെട്ടതാണ്.

ശാസ്ത്രലോകത്തിന് ഇസ്‌ലാം നൽകിയ സംഭാവനകളിൽ ഇഖ്ബാൽ അഭിമാനം കൊണ്ടു. ഇസ്‌ലാമിൽ പൗരോഹിത്യത്തിനു സ്ഥാനമില്ല. പൗരോഹിത്യം ഇഖ്ബാൽ അംഗീകരിക്കുന്നില്ല.

നിരീശ്വരവാദത്തെ ഇഖ്ബാൽ നഖശിഖാന്തം എതിർക്കുന്നു. 'മതം സാദ്ധ്യമാണോ?' എന്ന പ്രസംഗത്തിൽ ഇഖ്ബാൽ പറഞ്ഞു:

'തന്റെ ബുദ്ധിപരമായ പ്രവർത്തനങ്ങളുണ്ടാക്കിയ നേട്ടങ്ങളിൽ മതിമറന്ന ആധുനിക മനുഷ്യൻ അവന്റെ അന്തരാളത്തിലുള്ള ആത്മീയബോധത്തോടെ ജീവിക്കുന്നത് മതിയാക്കി. ചിന്താമണ്ഡലത്തിൽ അവൻ അവനോടുതന്നെ പരസ്യമായി

For Group Contact us +91 9746065242

mappilaheritagelibrary.com

ഏറ്റുമുട്ടുന്നു. സാമ്പത്തികവും രാഷ്ട്രീയവുമായ മണ്ഡലങ്ങളിൽ അവൻ മറ്റുള്ളവരുമായും ഏറ്റുമുട്ടുന്നു. തന്നിലുള്ള സമുന്നതമായ സദുദ്ദേശ്യങ്ങളെ ക്രമേണ കൊന്നുതീർക്കുന്ന അവന്റെ അതിരുവിട്ട വ്യക്തിപ്രഭാവവും അളവറ്റ അത്യാഗ്രഹവും അവന്ന് സ്വയം നിയന്ത്രിക്കാനാവാതെ ജീവിതത്തെ ദുരിതപൂരിതമാക്കിത്തീർക്കുന്നു. ക്രമപ്രവൃദ്ധമായ ഭൗതികേച്ഛ അവന്റെ കഴിവുകളെ തളർത്തുന്നു. പാശ്ചാത്യരും പൗരസ്ത്യരും ഇതിൽ പരാജയപ്പെട്ടിരിക്കുന്നു. മറ്റെവിടെയുമുള്ളതിനെക്കാളും നാശം വിതച്ചത് പൗരസ്ത്യ മുസ്‌ലിമാണ്. നമ്മുടെ ചിന്തയും വിജ്ഞാനവും വികസിപ്പിച്ച് ശാശ്വതമായ ജീവിതമഹത്വവും അധികാരവും നേടിയെടുക്കാൻ സഹായിക്കുന്ന ഒരേയൊരു പാവനമായ മതവും സംസ്കാരവും ഉൾക്കൊള്ളുന്നതിൽ ഭഗ്നാശയനായ ആധുനിക മുസ്‌ലിം അവന്റെ ചിന്തയും വികാരവും സങ്കുചിതമാക്കി അതിൽ നിന്ന് പുതിയ ഊർജ്ജസ്വലത കണ്ടെത്താൻ ശ്രമിക്കുന്നു. ഒരു പുത്തൻ മതത്തിന്റെ പരിവേഷത്തോടെ ആധുനിക നിരീശ്വരത്വം മനുഷ്യന്റെ ശക്തിക്കും ഉദ്ദേശ്യത്തിനുമെതിരെ കൊലവിളി നടത്തുന്നു. വിദ്വേഷം, ആശങ്ക, വെറുപ്പ് എന്നിങ്ങനെ മനുഷ്യന്റെ ആത്മാവിനെ ദരിദ്രമാക്കുകയും അവന്റെ ഒളിഞ്ഞു കിടക്കുന്ന ആത്മീയശക്തിയെ അവസാനിപ്പിക്കുകയും ചെയ്യുന്ന മനശാസ്ത്രപരമായ ശക്തിവിശേഷങ്ങളെ ദേശീയത്വവും നിരീശ്വര സോഷ്യലിസവും പൊരുത്തപ്പെടുത്താൻ ശ്രമിക്കുന്നു. മനുഷ്യസമൂഹത്തെ നിരാശാജനകമാക്കി തീർക്കുന്ന രോഗങ്ങളിൽ നിന്ന് വിമുക്തമാക്കുവാൻ മദ്ധ്യകാലത്തെ നിഗൂഢവാദ ചിന്താഗതിക്കോ ദേശീയത്വത്തിനോ നിരീശ്വരത്വത്തിനോ സാദ്ധ്യമല്ല. ഇസ്‌ലാമിന് മാത്രമേ സാദ്ധ്യമാവൂ!

വിശ്വാസദാർഢ്യമാണ് ഒരു മുസൽമാന്റെ ഏറ്റവും വലിയ സമ്പത്ത്. അല്ലാഹുവിലുള്ള അപാരവും അചഞ്ചലവുമായ വിശ്വാസം. ആ വിശ്വാസദാർഢ്യമാണ് നംറൂദിന്റെ അഗ്നികുണ്ഡത്തിൽ ഇബ്രാഹീമിന് ശക്തി പകർന്നത്. അതിന് ഇഖ്ബാലിന്റെ വിവക്ഷ അതേ അർത്ഥത്തിൽ സൂഫിസത്തിന്റെ പേരിൽ ഭൗതികജീവിതം വെടിയുന്നതിനോടു ഇഖ്ബാൽ യോജിക്കുന്നില്ല. തന്റെ പിതാവ് തന്നെ ഒരു സൂഫിയെപ്പോലെ യായിരുന്നു. പന്ത്രണ്ടാം നൂറ്റാണ്ടിലെ ദാർശനികനായിരുന്ന ഇബ്നു അൽഅറബി (1165-1140) യെ വലിയ അളവിൽ ആദരിക്കുന്ന ആളായിരുന്നു ഇഖ്ബാൽ, അൽ അറബിയുടെ ചുവടുപിടിച്ച മൗലാനാ ജലാലുദ്ദീൻ റൂമിയെയും

For Group Contact us +91 9746065242

mappilaheritagelibrary.com

ഇഖ്ബാൽ എതിർക്കുന്നു. 'ഹാഫിസിന്റെ മദ്യമാണ് – അത് ആത്മ വഞ്ചനയും അത്മപ്രശംസയും നിറഞ്ഞതാണെന്ന് ഇഖ്ബാൽ പറഞ്ഞിട്ടുണ്ട്. സൂഫിസത്തിന്റെ പേരിൽ മനുഷ്യനെ നശിപ്പിച്ചു മരവിപ്പിച്ചിരിക്കുന്നതിനെ ഇഖ്ബാൽ ഒരിക്കലും അനുകൂലിക്കുന്നില്ല. വിഭാവനം ചെയ്യുന്ന അതിമാനുഷനാണ്. ജീവിതം ക്രിയാത്മകവും ചലനാത്മകവുമായിരിക്കണം. അത്മരഹസ്യം എന്ന കൃതിയിൽ ഇഖ്ബാൽ മനുഷ്യന് ദാർശനികമായ ഒരു വിശേഷണം നൽകുന്നു.

'ഫഖീർ' എന്നതുകൊണ്ട് ഇഖ്ബാൽ ഉദ്ദേശിക്കുന്നത് പാവപ്പെട്ടവർ എന്നല്ല സാധാരണക്കാരൻ എന്നാണ്. ഫഖർ (അഭിമാനം) ഉള്ള മനുഷ്യനാണ് ഫഖീർ, ഇഖ്ബാലിന്റെ വീക്ഷണത്തിൽ ഫഖീർ യാചകനല്ല, ഫഖറുള്ളവൻ ആണ്. ഇഖ്ബാൽ വിഭാവനം ചെയ്യുന്ന മനുഷ്യൻ കർമ്മനിരതനാണ്. മനുഷ്യന്റെ ജീവിതം പ്രവർത്തനമാണ്; പുരോഗമനമാണ്; ചലനാത്മകമാണ്, വിശ്രമം എന്നത് അവന്റെ ജീവിതത്തിലുണ്ടാവുകയില്ല. വിശ്രമം എന്നത് മരണം മാത്രമായിരിക്കും –ഇഖ്ബാലിന്റെ മനുഷ്യൻ അമാനുഷികമെന്ന് വ്യാഖ്യാനിക്കുന്നതും ഇതുകൊണ്ട് തന്നെ.

മനുഷ്യജീവിതം ശാന്തവും മൃദുലവുമായിരിക്കുന്നതിനെ ഇഖ്ബാൽ ഇഷ്ടപ്പെടുന്നില്ല. അതെന്നും സംഘർഷങ്ങൾ നിറഞ്ഞതായിരിക്കും. സംഘർഷങ്ങൾ നേരിടുന്ന മനുഷ്യനു മാത്രമെ വ്യക്തിപ്രഭാവത്തോടുകൂടി ജീവിതരംഗത്ത് ശോഭിക്കാനാവൂ. അല്ലാഹുവിലുള്ള അചഞ്ചലമായ വിശ്വാസത്തോടെ മനുഷ്യൻ വിശ്രമരഹിതമായി കർമ്മനിരതനായിരിക്കണം. സങ്കീർണ്ണമായതും സംഘർഭരിതവുമായിരിക്കണം അവന്റെ ജീവിതം.

പ്രവർത്തനം, നിരന്തരമായ പ്രവർത്തനം – ഇഖ്ബാൽ ഉദ്ഘോഷിച്ചുകൊണ്ടിരുന്നു. കർമ്മനിരതമായ ജീവിതത്തെക്കുറിച്ച് അദ്ദേഹം ഊന്നിപ്പറഞ്ഞു. നമ്മുടെ പ്രവർത്തനമാണ് നമ്മുടെ ജീവിതത്തിനു രൂപംകൊടുക്കുന്നത്.

വിധിയുടെ പേരിൽ എല്ലാം കടിച്ചിറക്കുന്നതിൽ ഇഖ്ബാൽ വിശ്വസിക്കുന്നില്ല.. 'തഖ്ദീർ' ശരിയാണ്. അല്ലാഹുവിലുള്ള ഇച്ഛ അലംഘനീയം. എന്നാൽ വിധിയെഴുതും മുമ്പ് സൃഷ്ടികർത്താവ് മനുഷ്യനോട് ചോദിക്കും. അവന് എന്തുവേണമെന്ന്. അവന്റെ ആവശ്യം പറയാൻ അവൻ അർഹനായിരിക്കണം.

'ഖുദികൊ കാർഞ്ചുലന്ത് ഇത് നാ

For Group Contact us +91 9746065242

mappilaheritagelibrary.com

കീ ഹർ തഖ്ദീർ ജസെ പഹ്‌ലെ
ഖുദാബന്തേക്ക് ഖുദ് പൂച്ചെയ്
ബതാ, തേരീ റാസാ ക്യാ ഹെ'

(നിന്റെ വ്യക്തിത്വം അത്രയും ഉന്നതമാണ്. ഓരോ 'തഖ്ദീറി'നു മുമ്പും പടച്ചവൻ അടിമയോടു നിശ്ചയമായും ചോദിക്കും നിന്നെ തൃപ്തിപ്പെടുത്തുന്നതെന്താണെന്ന്)

എന്നു വെച്ചാൽ മനുഷ്യന് സാധിതപ്രായമാവാത്തതൊന്നും ലോകത്തില്ല. അതിന് കഠിനാദ്ധ്വാനവും ബുദ്ധിപരമായ പ്രവർത്തനവും ഏകാഗ്രതയും വേണം. തനിക്കിഷ്ടപ്പെടുന്ന വിധം ലോകത്തെ മാറ്റിയെടുക്കാമെന്ന് ഇഖ്ബാൽ പഠിപ്പിക്കുന്നു. അതിന് തീവ്രയത്നം വേണം, സ്വന്തം അലംഭാവംകൊണ്ട് നിഷ്ക്രിയനാവുന്ന മനുഷ്യനെ ഇഖ്ബാൽ ഉപദേശിക്കുന്നു.

'അമൽ സെ സിന്തഗീ ബൻതീഹെ
ജന്നത്ത്ബി ജഹന്നാബി,
എഖാക്കി, അപ്നെ ഫിത്തറത്ത്മെ-
നനൂരിഹെ നനാരിഹെ'

(നമ്മുടെ പ്രവർത്തനമാണ് നമ്മുടെ ജീവിതത്തിന് രൂപംകൊടുക്കുന്നത് - നമുക്കതുകൊണ്ട് സ്വർഗ്ഗം സൃഷ്ടിക്കാം. നരകവുമാകാം. നമ്മെ സൃഷ്ടിച്ച മണ്ണുണ്ടല്ലോ, അതിന്റെ മേൽ (നൻമയുടെ) ഇരുളോ ചേർന്നതല്ല, അതുകൊണ്ടാണു ഇഖ്ബാൽ പറയുന്നത്.

'ജീവിതപാത പ്രവർത്തനനിരതമാണ്, സൃഷ്ടികളിൽ മഹത്വം ദർശിക്കുകയെന്നതാണ് ജീവിത നിയമം. ഉണർന്നുയർന്ന് ഒരു നവജീവിതം സൃഷ്ടിക്കുക'

ദു:ഖം മനുഷ്യന്റെ മനസ്സിനെ നിർവ്വീര്യമാക്കും. ഇഖ്ബാൽ അതിനെ കാണുന്നത് അങ്ങിനെയല്ല, 'ദു:ഖം സ്വപ്നത്തിന്റെ മയക്കത്തിൽ നിന്ന് യുവത്വത്തെ തട്ടിയുണർത്തുന്നു' എന്നാണ് അദ്ദേഹം പഠിപ്പിക്കുന്നത്.

ഇസ്‌ലാം വിഭാവനം ചെയ്യുന്ന ഒരു ലോകത്ത് ജീവിക്കുന്ന മനുഷ്യന് അമാനുഷികനായി മറ്റുള്ളവർക്ക് തോന്നിയേക്കാവുന്ന ഈ സൽഗുണങ്ങളുണ്ടായിരിക്കണം. അതുകൊണ്ടായിരുന്നു കിസ്രായെയും കൈസറിനെയും ഒതുക്കിനിർത്തി ഇസ്‌ലാമിന്റെ പതാകവാഹകർ ആ മഹാസന്ദേശം ലോകമാകെ വിപ്ലവവീര്യത്തോടെ പരത്തിയത്.

For Group Contact us +91 9746065242

mappilaheritagelibrary.com

സ്പെയ്നിലെ മുസ്‌ലിംകളുടെ ചരിത്രം മുസ്‌ലിം സമുദായത്തിന് പാഠമായിരിക്കണമെന്ന് ഇഖ്ബാൽ കരുതുന്നു. സ്പെയ്നിലെ കൊർദോവായിലെ പള്ളിയിൽ ഇഖ്ബാൽ സന്ദർശിച്ചതിനെപ്പറ്റി അദ്ദേഹം ഹൃദയസ്പർശിയായി വിവരിക്കുകയുണ്ടായി, 'മസ്ജിദെ കൊർഡാബാ' എന്ന കവിത ഇസ്‌ലാമിക ചരിത്രത്തിലെ ഒരു കദനക്കഥയടങ്ങുന്നതാണ്. നൂറ്റാണ്ടുകൾ ലോക മുസ്‌ലിംകളുടെ പവിത്രമായ ആരാധനാലയമായിരുന്ന കൊർദോവയിലെ പള്ളി 1236-ൽ ഒരു ക്രൈസ്തവ ചർച്ചായി മാറ്റപ്പെട്ടു. 1932-ൽ അല്ലാമാ ഇഖ്ബാൽ ഈ പള്ളി സന്ദർശിച്ചപ്പോൾ വികാരാധീനനായി. അദ്ദേഹം ആ പള്ളിയിൽ നിന്നു കരങ്ങളുയർത്തി അല്ലാഹുവിനോടു പ്രാർത്ഥിച്ചു. 'കഴിഞ്ഞ 700 സംവൽസരങ്ങളായി എന്റെ പൂർവ്വികൻമാർക്ക് കാലുകുത്തുവാനും നിന്നെ നമിക്കാനും കഴിയാതിരുന്ന ഈ പള്ളിയിൽ നിന്നെ ആരാധിക്കാൻ അവസരം തന്ന അല്ലാഹുവേ, നിനക്ക് സർവ്വസ്തുതിയും' ഇഖ്ബാലിന്റെ കവിൾതടങ്ങളിലൂടെ കണ്ണുനീർ അടർന്നുവീണു. അദ്ദേഹം പള്ളിയോടു പറഞ്ഞു;

'മുസ്‌ലിം സമുദായത്തിന്റെ പ്രഭാവവും പ്രശസ്തിയും കൂടി ഇഖ്ബാൽ ഓർമ്മിപ്പിക്കുന്നു. മദീനയിലെ പള്ളിയിൽ നമ്മുടെ ഇടയൻ (പ്രവാചക പ്രഭു) ഈത്തപ്പനപ്പായയിൽ തലവെച്ചുറങ്ങുമ്പോൾ, സാമ്രാജ്യത്തെ അടക്കി ഭരിച്ച ഗ്രീസ്സിലെയും റോമിലെയും ഭരണാധികാരികളായ കൈസറിന്റെയും കിസ്രായുടെയും ശിരസ്സുകൾ ആ പ്രവാചകന്റെ അനുയായികളുടെയും അനുചരൻമാരുടെയും പാദങ്ങൾക്കടിയിലായിരുന്നു.

മുസ്‌ലിംകളുടെ ആവേശത്തിൽ ഇഖ്ബാൽ അഭിമാനം കൊള്ളുന്നു, എന്നാൽ, അവരുടെ നിഷ്ക്രിയത്വത്തിൽ അദ്ദേഹം വേദനിക്കുന്നു. ഒരു പള്ളിയെടുക്കണമെന്ന് പറഞ്ഞാൽ നേരം വെളുക്കും മുമ്പ് ആ ജോലി തീർക്കും. എന്നാൽ എത്ര നാളായി പള്ളിയിൽ പോയിട്ടെന്നു ചോദിച്ചാൽ വർഷങ്ങളായി എന്നായിരിക്കും മറുപടി. 'ബാങ്കേദറാ' എന്ന ഗ്രന്ഥത്തിൽ ഇഖ്ബാൽ പാടി,

'മസ്ജിദ് തൗബനാദി, ശബ്ബർമെ
ഈറ്റൻ കിഹറാറത്ത് വാലോഹെ
മന് അപ്ന പുരാനാ വാവീഹെ
ബർസോ മെനമാസീബൻ ഹസകാ'

For Group Contact us +91 9746065242

mappilaheritagelibrary.com

(ഒരു പള്ളിയെടുക്കണമെന്നു പറഞ്ഞാൽ (ഒരു മുസ്ലിം) രാത്രി തുടങ്ങി നേരം വെളുക്കും മുമ്പ് അതിന്റെ പണി പൂർത്തിയാക്കും. എന്നാൽ വർഷങ്ങളായി പള്ളിയിൽ പോകാതെ മനസ്സ് പഴയ മാതിരി പാപം നിറഞ്ഞിരിക്കും) താൻ ഒരു വലിയ ഉപദേശകനായിരിക്കാമെന്നും എന്നാൽ പ്രവർത്തനരംഗത്തും താനും അമാന്തക്കാരനാണെന്ന ഒരു കുറ്റസമ്മതവും ഇഖ്ബാൽ ഈ കവിതയിൽ നടത്തിയിരിക്കുന്നു.

സദാ കർമ്മനിരതനായിരിക്കുക-അതാണ് ഇഖ്ബാൽ തന്റെ സമുദായത്തോട് ചെയ്യുന്ന ആഹ്വാനം.

ഇസ്ലാം ഒരു ജീവിതപദ്ധതിയാണെന്നും അതിന്റെ നിയമങ്ങൾ ആധുനിക ലോകത്തിൽ പ്രായോഗികമാണെന്നും വ്യക്തമാക്കുന്ന ഒട്ടേറെ പ്രഭാഷണങ്ങൾ പാശ്ചാത്യനാടുകളിൽ അദ്ദേഹം നടത്തി. ഇസ്ലാമിക നിയമങ്ങൾ സ്ത്രീകളോട് അനീതി കാണിക്കുന്നുവെന്നും സ്ത്രീകൾക്ക് ഇസ്ലാം അസമത്വം കൽപ്പിക്കുന്നുവെന്നും പാശ്ചാത്യ നിയമപണ്ഡിതരുടെ വാദമു ഖങ്ങളെ ഇഖ്ബാൽ ഖണ്ഡിക്കുന്നു. സ്വത്തവകാശം സ്ത്രീകൾക്ക് പുരുഷന്റെ പകുതി മാത്രമേ ഇസ്ലാമിക നിയമം അനുവദിക്കുന്നുള്ളൂവെന്നതിന്റെ അടിസ്ഥാനത്തിലാണ് ഇസ്ലാം സ്ത്രീകളോട് അനീതി കാണിക്കുന്നുവെന്ന് അവർ പറഞ്ഞത്. അല്ലാമാ ഡോക്ടർ സർ മുഹമ്മദ് ഇഖ്ബാൽ (ബാരിസ്റ്റർ-അറ്റ്-ലാ) നൽകിയ മറുപടി ഇതായിരുന്നു.

'സ്ത്രീകളോടുള്ള നിയമപരമായ ഓഹരി തുല്യമല്ല എന്ന കാരണത്തിന്റെ പേരിൽ പുരുഷൻമാർക്ക് സ്ത്രീകളുടെ മേൽ മേധാവിത്വമുണ്ടെന്ന വാദത്തിനു കഴമ്പില്ല. ഇസ്ലാമിന്റെ മൂലതത്വങ്ങൾക്ക് അത്തരം നിഗമനങ്ങൾ വിരുദ്ധമാണ്. വിശുദ്ധ ഖുർആനിൽ ഇങ്ങനെ പറയുന്നു:

'സ്ത്രീകൾക്ക് പുരുഷന്റെ മേലുള്ള അവകാശങ്ങൾ, സ്ത്രീയുടെ മേൽ പുരുഷനുള്ളതിനു തുല്യമാണ്'

മകൾക്കുള്ള അവകാശം നിശ്ചയിച്ചിരിക്കുന്നത്, അവളിൽ അപകർഷതയുണ്ടെന്ന നിലയിലല്ല, പ്രത്യുത സാമ്പത്തിക സംവിധാനത്തിൽ അവൾക്ക് ലഭിക്കുന്ന അവസരങ്ങളും അവളുടെ ജീവിതത്തിന്റെ അവിഭാജ്യഘടകമായിട്ടുള്ള സാമൂഹ്യമണ്ഡലത്തിൽ അവൾ വഹിക്കുന്ന സ്ഥാനവും കണക്കിലെടുത്തിട്ടാണ്. ഒരു മകൾക്ക് അവളുടെ വിവാഹാവസരം അവളുടെ പിതാവും

For Group Contact us +91 9746065242

mappilaheritagelibrary.com

ഭർത്താവും നൽകുന്ന സ്വത്തുക്കളിൽ പൂർണ്ണ അധികാരം ഇസ്ലാമികനിയമം അവൾക്ക് നൽകുന്നു. അവൾക്കു ലഭിക്കുന്ന മഹർ സ്വന്തമായും പൂർണ്ണമായും അവൾക്ക് മാത്രം അവകാശപ്പെട്ടതാണ്. സ്വത്തുക്കൾ അവകാശപ്പെടാവുന്നതാണ്. ജീവിച്ചിരിക്കുന്ന കാലംവരെ അവളെ പരിരക്ഷിക്കേണ്ട ഉത്തരവാദിത്വം ഭർത്താവിനാണ്. ഈ വീക്ഷണകോണിലൂടെ ഇസ്ലാമിന്റെ അനന്തരാവകാശനിയമം പരിശോധിച്ചു നോക്കുന്ന ഒരാൾക്ക് മകന്റെയും മകളുടെയും സാമ്പത്തികനിലയിൽ യാതൊരു അസമത്വവും ദർശിക്കാനാവുകയില്ല. അവകാശങ്ങളെ സംബന്ധിച്ചു പ്രകടമായി കാണുന്ന അസന്തുലിതാവസ്ഥ (ഇസ്ലാമിക) നിയമത്തിലൂടെ യഥാർത്ഥസമത്വം നേടിയെടുക്കലാണ്.

ചലനാത്മകവും രചനാത്മകവുമായ അത്യാധുനിക ലോകത്തിൽ ഊർജ്ജസ്വലതയും ആത്മനിഷ്ഠയുമുള്ള കർത്തവ്യനിരതനായ മനുഷ്യനേ സ്ഥാനമുള്ളൂ. അവനാണ് മുസ്ലിം. യാഥാർത്ഥ്യത്തോടു കൂടിയ ജീവിതപദ്ധതിയായ ഇസ്ലാമിനെ സ്വീകരിക്കുന്നവന് മുസ്ലിം എന്നു പറയുന്നു. 'ഭൂമുഖത്ത് അല്ലാഹുവിന്റെ രാജാധികാരം എന്നാൽ ദേശീയവും വംശീയവുമായ അതിർവരമ്പുകൾക്കതീതമായി വ്യക്തിത്വമുള്ള മനുഷ്യരെന്ന നിലക്ക് പരസ്പരം നോക്കിക്കാണാനും പരിചരിക്കാനും ഉൾക്കൊള്ളാനും കഴിയുന്ന എല്ലാ മനുഷ്യർക്കും അതിൽ സ്ഥാനമുണ്ടായിരിക്കും. ഇസ്ലാമിന്റെ ആദർശവും ആശയവും ഉൾക്കൊള്ളുന്ന മനുഷ്യൻ മുസ്ലിമാണ്. അതാണ് ഇഖ്ബാൽ പറയുന്നത്, ഒരു മുസ്ലിമെന്ന നിലക്ക് ആധുനികലോകത്തെ ഉൾക്കൊള്ളാൻ ഒരു പ്രയാസവുമില്ല. സാർവ്വലൗകികതയും സാർവ്വസാഹോദര്യവുമാണ് ഇസ്ലാമിന്റെ മുഖമുദ്ര. അതുകൊണ്ടുതന്നെ ഇഖ്ബാലിനെ ഇസ്ലാമിന്റെ കവിയായി മാത്രം ഒതുക്കി നിർത്തുന്നത് ശരിയല്ല.

'ഒരേ ഒരു ഐക്യം മാത്രമെ ആശ്രയിക്കാനാവൂ- ആ ഐക്യമാവട്ടെ മനുഷ്യരിലുള്ള സാഹോദര്യമാണ്. മനുഷ്യരുടെ ഐക്യമെന്നാൽ വംശം, വർഗ്ഗം, രാജ്യം, നിറം, ഭാഷ എന്നിങ്ങനെയുള്ള സങ്കുചിതമായ യാതൊന്നിനും സ്ഥാനം കൽപ്പിക്കാത്ത മനുഷ്യരുടെ ഏകതാഭാവമാണ് - അതാണ് ഇസ്ലാം വിവക്ഷിക്കുന്നത്' എന്ന് ഇഖ്ബാൽ പ്രഖ്യാപിച്ചു. പ്രവാചക

For Group Contact us +91 9746065242

mappilaheritagelibrary.com

തിരുമേനി (സ്വ)യുടെ ആശയം തന്നെ ആകർഷിച്ചത് രണ്ടു കാര്യങ്ങൾകൊണ്ടാണ്; 'ദൈവത്തിന്റെ ഏകത്വം മനുഷ്യസാഹോദര്യം' മറ്റൊരു മതവും ഇത്രയും വ്യക്തമായും ശക്തമായും ഇത്രയും ഉന്നതമായ ആശയം പ്രഖ്യാപിക്കുകയോ നടപ്പിൽവരുത്തുകയോ ചെയ്തിട്ടില്ല. ദേശീയത്വത്തിന് പകരം ഇഖ്ബാൽ സാർവ്വദേശീയത്വത്തിനാണ് നിലകൊണ്ടത്. രാജ്യങ്ങളെ അതിർത്തി തിരിച്ചുനിർത്തി അവ പരസ്പരം യുദ്ധം ചെയ്യുന്നതും ചോരയൊഴുക്കുന്നും അസ്വീകാര്യമെന്ന നിലക്കാണ് ഇഖ്ബാൽ സാർവ്വദേശീയ പ്രഭാവത്തെ സംബന്ധിച്ച് 'തരാഹെമില്ലി' എന്ന കവിതയിൽ ഇങ്ങനെ പാടുന്നു.

'ചീനോ അറബ് ഹമാരാ
ഹിന്ദുസ്ഥാൻ ഹമാരാ
മുസ്‌ലീം ഹെഹംവത്തൻ ഹെ
സാരാജഹാൻ ഹമാരാ'

(ചീനയും അറേബ്യയും നമ്മുടേതാണ്, ഹിന്ദുസ്ഥാനും നമ്മുടേതാണ്. നമ്മൾ മുസ്‌ലിംകളാണ് സർവ്വലോകവും നമ്മുടെ മാതൃരാജ്യമാണ്) ഒരു മുസ്‌ലിമിന് രാജ്യാതിർത്തിയുടെ പേരിൽ സങ്കുചിത പരിധിയിൽ ഒതുക്കിനിർത്താനാവില്ലെന്നാണ് കവി പറയുന്നത്. കാരണം അവന്റെ മതവും അവനുൾക്കൊള്ളുന്ന തത്വവും അത്രയും വിശാലവും വ്യാപകവുമാണ്.

ഇഖ്ബാലിന്റെ പാർസി, ഉർദു ഭാഷകളിലുള്ള 'അസറാറെ ഖുദി', 'സമൂറെ ബേഖുദി', 'ബാലെ ജിബ്രീൽ' 'സബ്റെ കലീം' എന്നീ ഗ്രന്ഥങ്ങളിൽ തന്റെ ആശയം ഗഹനമായി ദാർശനിക ദൃഷ്ടിയോടെ വിവരിച്ചിട്ടുണ്ട്.

ഇങ്ങിനെ ഒരു ഏകലോകത്തിന് വേണ്ടി നിലകൊണ്ട ഇഖ്ബാൽ 'ഇന്ത്യയിൽ ഒരു മുസ്‌ലിം ഇന്ത്യ' എന്ന ആശയത്തിനു രൂപം കൊടുത്തതെന്തിന്? ഇന്ത്യൻ മുസ്‌ലിംകളുടെ രാഷ്ട്രീയ ജീവിതത്തിൽ അല്ലാമാ ഇഖ്ബാൽ വഹിച്ച പങ്കെന്തായിരുന്നു? ആ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തേണ്ടിയിരിക്കുന്നു.

ഇഖ്ബാൽ ലോകം അംഗീകരിച്ച മഹാനായ ദാർശനികനും സാർവ്വലൗകിക സാഹോദര്യത്തിന്റെ മഹാകവിയുമായിരുന്നു. അദ്ദേഹത്തിന്റെ ഭാവന ഉദാത്തമായ മേഖലകളെ പുൽകി. ഇന്ത്യയിൽ തന്റെ സമുദായത്തിന്റെ രാഷ്ട്രീയ സ്ഥിതിഗതികൾ അദ്ദേഹം വിലയിരുത്തിയത് മറ്റൊരുവിധത്തിലായിരുന്നു. തികച്ചും

For Group Contact us +91 9746065242

mappilaheritagelibrary.com

ഭാവനാത്മകമായി. പലപ്പോഴും അതിന് യാഥാർത്ഥ്യബോധവുമായി ബന്ധമുണ്ടായിരുന്നില്ല. എന്നാൽ അദ്ദേഹത്തിന്റെ ദർശനം ഇന്ത്യയിലെ മുസ്‌ലിം സമുദായത്തിന്റെ കദനകഥയെ ചൂഴ്ന്നുനിൽക്കുന്നതായിരുന്നു.

ലോകത്തിലും ഇന്ത്യയിലും മുസ്‌ലിം ശക്തി തകർന്നതിൽ തന്റെ ഹൃദയവ്യഥ 1909 -ലെഴുതിയ 'ശിക്‌വാ'യിൽ അദ്ദേഹം പ്രകടിപ്പിച്ചു. അതിനുള്ള പരിഹാരമാർഗ്ഗം 1913-ലെഴുതിയ 'ജവാബെ ശിക്‌വാ'യിൽ അദ്ദേഹം വിവരിച്ചു. 1914 കാലത്തെ ഒന്നാം ലോക മഹായുദ്ധവും അനന്തരഫലങ്ങളും ഇന്ത്യയിലെ സമുദായ സ്നേഹികളെ വല്ലാതെ വേദനിപ്പിക്കുകയുണ്ടായി. ഇന്ത്യയുടെ ഭരണക്കോയ്മയുണ്ടായിരുന്ന ബ്രിട്ടനും, അന്ന് ലോകമുസ്‌ലിം കളുടെ 'വികാര'മായിരുന്ന തുർക്കിയും രണ്ടു ചേരിയിലായി യുദ്ധത്തിൽ ബ്രിട്ടൻ തുർക്കിയെ തകർത്തു. തുർക്കിയിലെ സുൽത്താൻ മുസ്‌ലിം ഭരണാധികാരി മാത്രമായിരുന്നില്ല. മക്കയും മദീനയുമടങ്ങുന്ന പുണ്യസ്ഥലങ്ങളുടെ മേൽനോട്ടവും തുർക്കി സുൽത്താനായിരുന്നു. അന്നത്തെ ഇന്ത്യൻ മുസ്‌ലിം പ്രമുഖരിൽ മൗലാനാ ശിബ്‌ലി നുഅമാനി, അക്ബർ അലഹബാദി, പിന്നീട് മൗലാനാ മുഹമ്മദലി, മൗലാനാ അബുൽ കലാം ആസാദ് എന്നിവരെയെല്ലാം ബ്രിട്ടീഷ് ഗവൺമെന്റിന്റെ തുർക്കി നയത്തിനെതിരായി ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ മുന്നണിപ്പട യാളികളായിരുന്നു. ഇഖ്ബാലിനും അവരുടെ ആശയത്തോടും ആഭിമുഖ്യമുണ്ടായിരുന്നു.

പ്രസ്ഥാനത്തിന്റെ ആദ്യകാലം അതുമായി യോജിച്ചിരുന്നു വെങ്കിലും പലപ്പോഴും അതിന്റെ മറ്റു പ്രവർത്തനരീതിയോട് ഇഖ്ബാൽ യോജിച്ചിരുന്നില്ല. ഇഖ്ബാൽ ഒരു രാഷ്ട്രീയനേതാവ് എന്നതിനേക്കാളുപരി കവിയും ദാർശനികനുമായിരുന്നു. 1922-ൽ ഇഖ്ബാലിന്റെ സാഹിത്യ സേവനങ്ങൾക്കും തത്വശാസ്ത്രത്തി നുമുള്ള അംഗീകാരമെന്ന നിലക്ക് ബ്രിട്ടീഷ് ഗവൺമെന്റു നൽകിയ 'സർ' സ്ഥാനം അദ്ദേഹം സ്വീകരിച്ചു. എന്നാൽ ദേശീയവാദികൾക്ക് അതിൽ എതിർപ്പുണ്ടായിരുന്നു. ഇഖ്ബാൽ ഖിലാഫത്തു നേതാക്കൻമാരുടെ രാഷ്ട്രീയ ലൈനിനോട് പിന്നീട് എതിർപ്പു പ്രകടിപ്പിച്ചെങ്കിലും അതിന്റെ നേതാക്കൻമാരുടെ മതപരമായ കാഴ്ചപ്പാടിനോട് പരിപൂർണ്ണമായും യോജിപ്പു രേഖപ്പെടുത്തി.

ഇഖ്ബാൽ പഞ്ചാബ് രാഷ്ട്രീയത്തിൽ സജീവമായി

For Group Contact us +91 9746065242

mappilaheritagelibrary.com

പങ്കെടുത്തിരുന്നു. കേവല ഭാവനകൾക്കപ്പുറം യാഥാർത്ഥ്യം കാണാനും അദ്ദേഹത്തിന്ന് കഴിഞ്ഞിരുന്നു. ദാർശനികതയുടെ അടിവേര് പ്രായോഗികതയിലാണെന്ന് അദ്ദേഹം മനസ്സിലാക്കിയ ഒട്ടേറെ സംഭവങ്ങളുണ്ട്. 1926-ൽ ഇഖ്ബാൽ പഞ്ചാബ് ലജിസ്ലേറ്റീവ് കൗൺസിലേക്ക് 'മുസ്‌ലിം സീറ്റിൽ' നിന്നും തെരഞ്ഞെടുക്കപ്പെട്ടു. ഇഖ്ബാൽ വലിയ തെരഞ്ഞെടുപ്പു പ്രചാരണങ്ങളിലൊന്നും ഏർപ്പെട്ടിരുന്നില്ല. എന്നാലും തന്റെ സമുദായത്തിന് അദ്ദേഹത്തെ ആവശ്യമായിരുന്നു. 1931-ലും 1932-ലും ലണ്ടനിൽ നടന്ന വട്ടമേശസമ്മേളനത്തിൽ ഇഖ്ബാൽ പങ്കെടുത്തിരുന്നു. എന്നാൽ 1930-ലെ വട്ടമേശസമ്മേളനത്തിൽ ഇഖ്ബാൽ പങ്കെടുക്കാതെ ത്തന്നെ അതിൽ നിറഞ്ഞുനിന്നു. അവിടെ ചേർന്ന പ്രതിനിധി കളുടെ നാവിൻ തുമ്പത്തുനിന്നും ഇഖ്ബാലിന്റെ ആശയം സദാ ഉതിർന്നുകൊണ്ടിരുന്നു.

ലക്നോവിൽ 1930-ൽ ചേർന്ന മുസ്‌ലിംലീഗ് സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചത് ഇഖ്ബാൽ ആയിരുന്നു. ഈ സമ്മേളനത്തിലെ അധ്യക്ഷപ്രസംഗത്തിലാണ് അല്ലാമാ ഇഖ്ബാൽ ആദ്യമായി 'മുസ്‌ലിം ഇന്ത്യ' എന്നു പ്രയോഗിച്ചത്. 1930-ലെ പ്രസംഗത്തിൽ 'ഇന്ത്യക്കകത്ത് ഒരു മുസ്‌ലിം ഇന്ത്യ' എന്ന ആശയം അദ്ദേഹം അവതരിപ്പിച്ചു. അപ്പോൾ ലണ്ടനിൽ നടന്ന വട്ടമേശ സമ്മേളനത്തിൽ ഇന്ത്യൻ സ്വാതന്ത്ര്യത്തെ സംബന്ധിച്ച് ചർച്ച നടത്തുകയായിരുന്ന വിവിധ സമുദായപ്രതിനിധികളെ ഇഖ്ബാലിന്റെ ലക്നോ പ്രസംഗം വളരെയേറെ വിഷമിപ്പിക്കുകയുണ്ടായി.

'യൂറോപ്പ് എത്തിച്ചേർന്ന അന്തിമ തീരുമാനം മതം വ്യക്തിയുടെ സ്വകാര്യജീവിതമാണെന്നും ഭൗതികജീവിതത്തിൽ അതിന് ബന്ധമില്ലെന്നുമാണ്. ഇസ്‌ലാമിൽ ദൈവവും പ്രപഞ്ചവും സത്തയും പദാർത്ഥവും പള്ളിയും ഭരണവും ഒന്നിനോടൊന്ന് ബന്ധപ്പെട്ടതാണ്. ഇന്ത്യയെന്നാൽ ഒരു കൊച്ചു ഏഷ്യ എന്നാണർത്ഥം. ഇന്ത്യയിലെ ജനങ്ങളിൽ ഒരു വിഭാഗത്തിന് കിഴക്കൻ ഭാഗങ്ങളിലെ രാഷ്ട്രങ്ങളോടും മറ്റൊരു വിഭാഗത്തിന് മദ്ധ്യ-പശ്ചിമ ഏഷ്യൻ രാജ്യങ്ങളുമായും സാംസ്കാരിക ബന്ധങ്ങളുമുണ്ട്. ഇന്ത്യയിൽ വളരെ ശക്തമായ ഒരു സഹകരണതത്വം കണ്ടിപിടിക്കാനായാൽ വളരെക്കാലം ദുരതമനുഭവരിച്ച ഈ പൗരാണികഭൂമിയിൽ സമാധാനവും

For Group Contact us +91 9746065242

mappilaheritagelibrary.com

പരസ്പരസൗഹൃദവും ഉണ്ടാക്കിത്തീർക്കാനാവും. എന്നാൽ ആഭ്യന്തരമായ അത്തരമൊരു സൗഹൃദത്വം കണ്ടെത്തുന്നതിൽ നമ്മൾ ഇതുവരെ പരാജയപ്പെട്ടുവെന്നത് വേദനാജനകമാണ്'.

'വിവിധ വംശക്കാരും, വിവിധ ഭാഷകൾ സംസാരിക്കുന്നവരും, വിവിധ മതത്തിൽ വിശ്വസിക്കുന്നവരുമായ മനുഷ്യരുടെ ഭൂഖണ്ഡമാണ് ഇന്ത്യ. അവരുടെ പെരുമാറ്റം ഒരു പൊതു വംശത്തോടുകൂടിയതല്ല. ഹൈന്ദവർപോലും ഒരേ ഒരു വിഭാഗത്തിൽ പെടുന്നവരല്ല. അതുകൊണ്ടുതന്നെ ഇന്ത്യക്കകത്ത് മുസ്ലിം ഇന്ത്യ സ്ഥാപിക്കണമെന്ന ആവശ്യം ന്യായയുക്തമാണ്.' തുടർന്ന് ഈ ആവശ്യാർത്ഥം പഞ്ചാബ് വടക്കുപടിഞ്ഞാറൻ അതിർത്തി സംസ്ഥാനം, സിന്ധ്, ബലൂചിസ്ഥാൻ എന്നീ പ്രവിശ്യകൾ കൂട്ടിച്ചേർത്ത് ബ്രിട്ടീഷ് സാമ്രാജ്യത്തിനകത്തോ പുറത്തോ വടക്ക്-പടിഞ്ഞാറൻ ഇന്ത്യൻ മുസ്ലിം സ്റ്റേറ്റ് സ്ഥാപിക്കണമെന്നാണ് ഇഖ്ബാൽ ആവശ്യപ്പെട്ടത്.

എന്നാൽ ഇഖ്ബാലിന്റെ ഈ അഭിപ്രായം 1930-ലെ മുസ്ലിംലീഗ് സമ്മേളനമംഗീകരിച്ച പ്രമേയത്തിൽ ഒന്നും തന്നെ ഉൾപ്പെടുത്തിയിരുന്നില്ല. അത് അധ്യക്ഷപ്രസംഗത്തിലെ ഒരു നിർദ്ദേശമായി മാത്രം അവശേഷിച്ചു. എന്നാൽ അതിന്റെ പ്രതികരണം മറ്റൊന്നായിരുന്നു. ലണ്ടനിൽ പഠിക്കുന്ന ചില മുസ്ലിം വിദ്യാർത്ഥികൾ മുസ്ലിം ഇന്ത്യ, ഹിന്ദു ഇന്ത്യ എന്നീ നിലകളിലുള്ള ആവശ്യങ്ങൾ, അന്നത്തെ വട്ടമേശ സമ്മേളനത്തിൽ പങ്കെടുത്ത ഇന്ത്യൻ പ്രതിനിധികളുടെ മുമ്പിൽ വയ്ക്കാൻ മറന്നില്ല. അങ്ങിനെ 1933-ൽ കേംബ്രിഡ്ജ് സർവ്വകലാശാലയിലെ നാലു വിദ്യാർത്ഥികളായിരുന്ന സി. റഹ്മത്ത് അലി, മുഹമ്മദ് അസ്ലം ഖാൻ, മുഹമ്മദ് സാദിഖ്, ഇനായത്തുല്ലാ ഖാൻ എന്നിവർ ഈ ആശയത്തെ പുരസ്കരിച്ചു ലേഖനങ്ങളും പ്രസിദ്ധീകരണങ്ങളും ഇറക്കി. മൂന്നാമത്തെ വട്ടമേശസമ്മേളനത്തിൽ റഹ്മത്തലിയും കൂട്ടുകാരും വിതരണം ചെയ്ത ഒരു ലഘുലേഘയിൽ പറഞ്ഞു ഇഖ്ബാൽ നിർദ്ദേശിച്ചത് മുസ്ലിം ഭൂരിപക്ഷ സംസ്ഥാനങ്ങൾ ചേർന്ന ഒരു ഏകപ്രദേശം അഖിലേന്ത്യാ ഫെഡറേഷന്റെ ഭാഗമായിട്ടായിരുന്നുവെങ്കിലും ഞങ്ങൾ ആ സംസ്ഥാനങ്ങളെ ഒരു ഫെഡറേഷനായിട്ടാണ് നിർദ്ദേശിക്കുന്നത്. മുസ്ലിംകളായ ഞങ്ങൾക്ക് ഞങ്ങളുടെ ജനങ്ങളുടെ ഭാഗധേയം തീരുമാനിക്കാനാവാത്ത കാലത്തോളം നാട്ടിൽ സമാധാനവും

For Group Contact us +91 9746065242

mappilaheritagelibrary.com

സൈര്യവുമുണ്ടാകില്ല.'

അങ്ങിനെ ഒരു ഭാവനാത്മകമായ നിർദ്ദേശം ഒരു പ്രത്യേക രാഷ്ട്രരൂപീകരണത്തിലേക്ക് നീങ്ങി. ഖാഇദേ അഅ്സം ജിന്നാ സാഹിബും ഇഖ്ബാലും ധാരാളം കത്തിടപാടുകൾ നടത്തിയിട്ടുണ്ട്. നെഹ്റു റിപ്പോർട്ടിനെപ്പറ്റിയുള്ള ജിന്നാസാഹിബിന്റെ പരാമർശങ്ങൾക്ക് 'മുസ്‌ലിം പ്രവിശ്യകൾക്ക് ഒരു ഫെഡറേഷൻ വേണമെന്ന് ആവശ്യപ്പെടലായിരിക്കും ഏറ്റവും നല്ല മറുപടി' എന്ന് അല്ലാമാ ജിന്നാ സാഹിബിനെ ഉപദേശിച്ചതായി ഒരു കത്തിൽ കാണുന്നു. ഇന്ത്യൻ മുസ്‌ലിംകളുടെ ഭാവി ജിന്നാ സാഹിബിന്റെ കരങ്ങളിലാണെന്ന് ഇഖ്ബാലും, ഇഖ്ബാൽ പാറപോലെ ഉറച്ചുനിന്ന ആദർശവാദിയാണെന്ന് ഖാഇദേ അഅ്സമും അഭിപ്രായപ്പെട്ടതായി രേഖപ്പെടുത്തിയിട്ടുണ്ട്. അതേസമയം ഒരു മുസ്‌ലിം സ്റ്റേറ്റ് രൂപീകരണത്തിലൂടെ ഇഖ്ബാൽ വിഭാവനം ചെയ്തത് അതിർത്തിതിരിച്ച ഒരു പ്രത്യേക രാഷ്ട്രമായിരുന്നില്ലെന്നും പ്രത്യുത ഇസ്‌ലാമികസാഹോദര്യം ലോകത്തിനു കാണിച്ചുകൊടുക്കാൻ ഇന്ത്യയിലെ മുസ്‌ലിംകളുടെ കൂട്ടായ ഒരു സ്റ്റേറ്റിന് വേണ്ടിയുള്ള മാർഗ്ഗമായിട്ടു മാത്രമാണെന്നും ചില ഗ്രന്ഥകർത്താക്കൾ അഭിപ്രായപ്പെടുന്നുണ്ട്. ഒന്നു തീർച്ചയാണ്, ഇഖ്ബാൽ ഒരു ഹൃദയത്തിന്റെ ആശയം പ്രകാശിപ്പിച്ചു. റഹ്മത്തലി ഒരു യുവാവിന്റെ ചുണയോടെ അതിന് നിയമപ്രാബല്യം കണ്ടെത്തി. ജിന്നാ സാഹിബ് ഒരു രാഷ്ട്രീയ നേതാവിന്റെ കാഴ്ചപ്പാടിലൂടെ അതിനു പ്രായോഗിക രൂപം നൽകി. അതുകൊണ്ടാണ് ജിന്നാസാഹിബ് പാക്കിസ്ഥാന്റെ ശിൽപിയും ഇഖ്ബാൽ അതിന്റെ രൂപരേഖകനുമാണെന്ന് പറയുന്നത്.

പഞ്ചാബിലെ മുഖ്യമന്ത്രിയായിരുന്ന സർ സിക്കന്തർ ഹയാത്ത്ഖാനും ഇഖ്ബാലും വലിയ സുഖത്തിലായിരുന്നില്ല. സർ സിക്കന്തറിന്റെ ഭരണത്തിൽ പാവങ്ങൾക്ക് നൻമ കിട്ടിയില്ലെന്നു ഇഖ്ബാൽ പരാതിപ്പെട്ടുകൊണ്ടിരുന്നു. വൻകിട ജന്മിമാരുടെ ഭരണമെന്ന നിലക്ക് ഇഖ്ബാൽ നീരസം പ്രകടിപ്പിച്ചു.

ഇഖ്ബാൽ എന്നും ഒരു സോഷ്യലിസ്റ്റാശയക്കാരനും ജനാധിപത്യവിശ്വാസിയുമായിരുന്നു. ലെനിനെപ്പറ്റി ഇഖ്ബാൽ പുകഴ്ത്തിയെഴുതി. എന്നാൽ അദ്ദേഹത്തിന്റെ ദൃഷ്ടികൾ സുന്ദരമാണെങ്കിലും ഹൃദയം അശുദ്ധമാണെന്ന് ഇഖ്ബാൽ കണ്ടെത്തി. 'ലക്ഷ്യം മാർഗ്ഗത്തെ ന്യായീകരിക്കുന്നതും' 'ദൈവ

For Group Contact us +91 9746065242

mappilaheritagelibrary.com

നിഷേധവും' ആ ഹൃദയത്തെ കപടമാക്കിയെന്നു ഇഖ്ബാൽ പറയുന്നു. 'ദൈവസന്നിധിയിൽ ലെനിൻ' എന്ന കൃതിയിൽ, പാവങ്ങളുടെ സർവ്വവേദനകളും വികാരങ്ങളും ലെനിൻ പ്രകടിപ്പിച്ചതായും തുടർന്ന് ധനികരെ നശിപ്പിച്ച് സ്വത്തുക്കളും ഭൂമിയും പിടിച്ചെടുക്കാൻ അല്ലാഹു മലക്കുകളോടു ആഹ്വാനം ചെയ്തതും രേഖപ്പെടുത്തുന്നു. 'ബോൾഷെവിസവും ദൈവവും ചേർന്നാൽ ഇസ്‌ലാമായി' എന്നാണ് ഇഖ്ബാലിന്റെ വിവക്ഷ. സമത്വത്തിനുവേണ്ടി നിലകൊള്ളുകയും എല്ലാ മനുഷ്യർക്കും തുല്യ പ്രാധാന്യം കൽപ്പിക്കുകയും ചെയ്യുന്ന ഇസ്‌ലാമിൽ വ്യക്തികളുടെ മേധാവിത്വമില്ലെന്നും എന്നാൽ മനുഷ്യന്റെ തല എണ്ണിയല്ല, അവന്റെ ദൈവഭയത്തിലും വിജ്ഞാനത്തിലും നൻമയിലുമുള്ള വലിപ്പചെറുപ്പമാണ് ഇസ്‌ലാമിക ജനാധിപത്യത്തിന്റെ ഉരക്കല്ലെന്നും മഹാകവി കാണുന്നു.

അദ്ദേഹം ഭരണാധികാരികളുടെ മുമ്പിൽ തലകുനിക്കാറില്ല. എത്ര വലിയ സമ്പന്നനോ ഭറണാധികാരിയോ ആരുമായിക്കൊള്ളട്ടെ ഇഖ്ബാൽ തന്റെ വിശ്വാസവും ബുദ്ധിയും സ്വതന്ത്രചിന്തയും അഭിമാനവും തെല്ലും അടിയറവെക്കാതെ തിരിച്ചടിക്കുമായിരുന്നു.

ഒരിക്കൽ അഫ്ഗാനിസ്ഥാനിലെ ഭരണാധികാരിയായ രാജാവ് ഇഖ്ബാലിനെ കാണാൻ വലിയ ജിജ്ഞാസയോടെ വന്നു, ലാഹോറിൽ വെച്ച് കൃശഗാത്രനായ ഇഖ്ബാലിനെ കണ്ടമാത്രയിൽ അഫ്ഗാൻ രാജാവ് പറഞ്ഞു;

'താങ്കളാണ് ഇഖ്ബാൽ അല്ലേ? എനിക്കത്ഭുതം തോന്നി, താടിവെച്ച ഒരു മനുഷ്യനായിരിക്കുമെന്നാണ് ഞാൻ മനസ്സിൽ വരച്ചുവെച്ചത്.'

ഇഖ്ബാൽ തിരിച്ചടിച്ചു;

'എന്റെ അത്ഭുതം അതിലിരട്ടിയാണ്. അങ്ങൊരു പട്ടാള ജനറലാണ്. അങ്ങ് ഒരു ഭീമാകാരനായിരിക്കുമെന്ന് ഞാനും കരുതി. എത്ര മെലിഞ്ഞു കുറുകിയ മനുഷ്യൻ'

മറ്റൊരു തവണ പ്രവാചകത്വം പ്രചരിപ്പിച്ചു നടന്ന ഒരു പണ്ഡിതൻ ഇഖ്ബാലിനെ കാണാൻ വന്നു, ഇഖ്ബാലിനോടു പറഞ്ഞു;

'ഞാൻ ഇന്നലെ ദൈവസന്നിധിയിലായിരുന്നു. ഇസ്‌ലാമിന് ഇഖ്ബാൽ ചെയ്യുന്ന സേവനങ്ങളിൽ അല്ലാഹു സംതൃപ്തനാണ്....'

അതുവരെ നിശ്ശബ്ദനായിരുന്ന ഇഖ്ബാൽ പതുക്കെ

For Group Contact us +91 9746065242

mappilaheritagelibrary.com

തലയുയർത്തി- എന്നിട്ട് സാവധാനം പറഞ്ഞു:

'മൗലാനാ സാഹിബ്! ഒരു ചെറിയ സംശയം...'

പണ്ഡിതൻ: 'ഉം, എന്ത്?'

ഇഖ്ബാൽ മെല്ലെ തുടർന്നു; 'എന്നുവെച്ചാൽ ഇന്നലെ ഞാനും ദൈവസന്നിധിയിലുണ്ടായിരുന്നു. അപ്പോൾ അങ്ങയെ അവിടെ കണ്ടില്ലല്ലോ-'

കുപിതനായ പണ്ഡിതൻ ഇറങ്ങി നടക്കുമ്പോൾ ഇഖ്ബാൽ പറഞ്ഞു: 'ശാന്തം, പാവം, വെറും സാധാരണക്കാരനായ ഒരാൾക്ക് ദൈവസന്നിധിയിൽ പോകാമെങ്കിൽ എനിക്കും അതാകാമല്ലോ' അദ്ദേഹം പാടി,

മുദ്ദയിലാക്കാ ബുരാ
ചാഹേ തൊ ക്യാ ഹോതാഹൈ
വഹി ഹോത്താഹൈ
ജോ മൻസൂറെ ഖുദാഹോ താഹെ!

(ലക്ഷക്കണക്കിനാളുകൾ എന്തു പറഞ്ഞാലും ഒന്നും നടക്കില്ല- ദൈവത്തിന്റെ ഹിതമെന്താണോ അതല്ലാതെ) അദ്ദേഹം മനുഷ്യസമൂഹത്തോടു പറഞ്ഞു:

'ആശ്രയിക്കാവുന്ന ഒരേ ഒരു ഐക്യമേയുള്ളൂ - വംശം, വർണ്ണം, ദേശീയത്വം, ഭാഷ എന്നിവക്കെല്ലാം അതീതമായ് സാഹോദര്യമാകുന്ന ഐക്യം,'

മനുഷ്യനു മനുഷ്യന്റെ മഹത്തരമായ പദവി, സൃഷ്ടികർത്താവിന്റെ ഭൂമിയിലെ പ്രതിപുരുഷനെന്ന നിലയിൽ അവന്റെ സ്വഭാവവിശേഷണങ്ങൾ- ഇഖ്ബാൽ അതേക്കുറിച്ചു പറഞ്ഞുകൊണ്ടിരുന്നു. കർമ്മനിരതനായ മനുഷ്യനു ഭൂമിയിൽ ചെയ്തുതീർക്കാനുള്ള മഹത്തായ ഉത്തരവാദിത്വത്തങ്ങളെപ്പറ്റി ചിന്തകനും പണ്ഡിതനുമായ ഈ മഹാകവി ഉദ്ബോധനങ്ങൾ നടത്തി- അനന്തമായ യാത്ര തുടരുക, ശാശ്വതമായ ജീവിതത്തിനു വിരാമമില്ല.

അദ്ദേഹം തുടരുന്നു; ജീവിതപാത പ്രവർത്തന നിരതമാണ്, സൃഷ്ടികളിൽ മഹത്വം ദർശിക്കലാണു ജീവിതനിയമം. ഉണർന്നുയർന്ന് ഒരു നവയുഗം സൃഷ്ടിക്കുക.

ആയിരം വർഷങ്ങൾക്കിപ്പുറം മുസ്‌ലിം ലോകംകണ്ട മഹാനായ ദാർശനികനും ഇന്ത്യയിലെ മുസ്‌ലിംകളുടെ ജീവചരിത്രത്തിൽ പുതിയ അധ്യായം എഴുതിച്ചേർത്ത

For Group Contact us +91 9746065242

mappilaheritagelibrary.com

മഹാകവിയും സാർവ്വലൗകിക സാഹോദര്യത്തിന്റെ സന്ദേശവാഹകനും വിശുദ്ധ ഖുർആന്റെ പ്രചാരകനും പ്രവാചകപുംഗവന്റെ ജീവിതത്തിൽ നിന്നും ആവേശമുൾക്കൊണ്ട യുഗപ്രഭാവനായ പണ്ഡിതനുമായിരുന്ന അല്ലാമാ സർ ശൈഖ് മുഹമ്മദ് ഇഖ്ബാൽ 1938 ഏപ്രിൽ 20-നു പുലർച്ചെ ഇഹലോകവാസം വെടിഞ്ഞു. മരിക്കുന്നതിനു ആഴ്ചകൾക്കു മുമ്പ്, തന്നെ ആദരിക്കുന്ന ഒരു ചെറുപ്പക്കാരന് മഹാകവി ചൊല്ലിക്കൊടുത്തു;

കഴിഞ്ഞ കാലത്തെ മുഗ്ധ ഗീതങ്ങൾ
വരട്ടെ, വരാതിരിക്കട്ടെ
ഹിജാസിന്റെ ഭാഗത്തുനിന്നുള്ള കുളിർകാറ്റ്
വീശട്ടെ വീശാതിരിക്കട്ടെ

"'ഈ ഫഖീറിന്റെ അന്ത്യം അടുത്തുകഴിഞ്ഞു. മറ്റൊരു ബുദ്ധിമാൻ വരികയോ വരാതിരിക്കയോ ആവാം"

For Group Contact us +91 9746065242

4 മൗലാനാ മുഹമ്മദലി

1

അടങ്ങാത്ത സ്വാതന്ത്ര്യദാഹവുമായി സമരരണാങ്കണത്തിലേക്ക് ഇന്ത്യൻ മുസ്‌ലിംകളുടെ അപ്രതിഹിതമായ മുന്നേറ്റത്തിന് ആവേശോജ്ജ്വലമായ പ്രേരകശക്തിയായി വർത്തിച്ചത് റഈസുൽ അഹറാർ മൗലാനാ മുഹമ്മദലി ആയിരുന്നു. ദേശീയ സ്വാതന്ത്ര്യസമരത്തിൽ ഒരു കൊടുങ്കാറ്റുപോലെ ആഞ്ഞുവീശിയ മൗലാനാ തന്റെ ത്യാഗസുരഭിലമായ രാഷ്ട്രീയ ജീവിതംകൊണ്ട് ഇന്ത്യയുടെ സ്വാതന്ത്ര്യസമര ചരിത്രത്തിൽ നിസ്തുലമായ ഒരു അദ്ധ്യായം എഴുതിച്ചേർത്തു. ആ അദ്ധ്യായം ഭാരതഭൂമിയുടെ സ്വാതന്ത്ര്യത്തിന് ഇന്ത്യൻ മുസ്‌ലിം നൽകിയ മഹത്തായ സംഭാവനയുടെ വീരഗാഥയാണ്. ഈ നാടിനെ വിദേശാധിപത്യത്തിൽ നിന്ന് മോചിപ്പിക്കാൻ ഇന്ത്യൻ മണ്ണിന്റെ മക്കളായ മുസൽമാൻമാർ നടത്തിയ ധീരപോരാട്ടത്തിന്റെ കഥയാണ്. കാരിരുമ്പഴികൾക്കും കൈവിലങ്ങൾക്കും തളർത്താനും തകർക്കാനും കഴിയാത്ത ഇന്ത്യൻ മുസൽമാന്റെ സ്വാതന്ത്ര്യസമരാവേശത്തിന്റെയും അതിന്റെ പേരിൽ സഹിക്കേണ്ടി വന്ന യാതനകളുടെയും വേദനകളുടെയും ചരിത്രമാണ്.

മുഹമ്മദലി ഇന്ത്യൻ സ്വാതന്ത്ര്യസമര രംഗത്ത് ജ്വലിച്ചുനിന്നു. 'നൂറുവർഷം ശ്വാവിനെപ്പോലെ ജീവിക്കുന്നതാ ണെന്നു മഹാനായ ടിപ്പുസുൽത്താന്റെ ഉപദേശം പോലെ തന്നെയായിരുന്നു ആ ജീവിതം. 'ഭീരുക്കൾ പലപ്പോഴും മരിക്കുന്നു, എന്നാൽ ധീരർ ഒരിക്കൽ മാത്രം' എന്ന് വിശ്വമഹാകവി ഷേക്സ്പിയർ വിശേഷിപ്പിച്ചതിന് ഉദാഹരിക്കാൻ മൗലാനാ മുഹമ്മദലിയെപ്പോലുള്ള നേതാവിന്റെ ജീവിതമാണ് നമ്മുടെ മുമ്പിലുള്ളത്.

ഇന്ത്യയുടെ ദേശീയ സ്വാതന്ത്ര്യസമരത്തിന്റെ ബലിപീഠത്തിൽ ജീവിതമവസാനിപ്പിച്ച മഹാനായ ആ ഇന്ത്യക്കാരനെ,

For Group Contact us +91 9746065242

mappilaheritagelibrary.com

ഇന്ത്യാചരിത്രം ഒരുപക്ഷേ വിസ്മൃതിയിൽ തള്ളിയിരിക്കാം. എന്നാൽ ആ ദേശീയ സമരപോരാളി-ദേശീയ സ്വാതന്ത്ര്യരണ ഭൂമിയിലെ പടക്കുതിര ഒരിക്കലും വിസ്മരിക്കപ്പെടുകയില്ല. നിഷ്പക്ഷരും നീതിബോധമുള്ളവരുമായ ചരിത്രകാരൻമാരുടെ നിത്യസ്മരണയിൽ!

പതിനെട്ടാം നൂറ്റാണ്ടിലെ അറിയപ്പെടുന്ന ഒരു നാട്ടുരാജ്യമായിരുന്നു റാംപൂർ, നവാബ് യൂസഫലിഖാന്റെ കൊട്ടാരത്തിലെ പ്രമുഖനായ ഒരു ഉദ്യോഗസ്ഥനായിരുന്നു ഇലാഹിബക്ഷ്. ഇലാഹി ബക്ഷിന്റെ ജീവിതത്തിന് നിറംപിടിപ്പിച്ചത് 1857-ലെ ശിപായി ലഹളയായിരുന്നു. റാംപൂരിന്റെ ഭാഗങ്ങളിൽ കുടുങ്ങിപ്പോയ ബ്രിട്ടീഷുകാരെ മുസ്ലിംകളുടെ രോഷത്തിൽ നിന്ന് രക്ഷപ്പെടുത്തിയ ഇലാഹിബക്ഷ് (അല്ലാ ബക്ഷ് എന്നാണദ്ദേഹം അറിയപ്പെട്ടിരുന്നത്) നവാബിന്റെ വിശ്വസ്തനായി. പകരമായി അദ്ദേഹത്തിന് മുറാദാബാദ് ജില്ലയിൽ ഭൂപ്രദേശം സ്വന്തമായി കിട്ടി. അല്ലാ ബക്ഷിന്റെ മകൻ അബ്ദുൽ അലി ഖാൻ റാംപൂർ സൈന്യത്തിൽ ചേർന്നു. അബ്ദുൽ അലി ഖാനും നവാബ് യൂസഫിന്റെ പ്രിയപ്പെട്ട ഒരു ഉദ്യോഗസ്ഥനായി. അബ്ദുൽ അലി ഖാൻ ആബിദാബാനു ബീഗത്തെ വിവാഹം ചെയ്തു. 1857-ാമാണ്ടിലാണ് അബ്ദുൽ അലി ഖാനും ആബിദാബാനു ബീഗത്തിനും അഞ്ചാമത്തെ പുത്രൻ ജനിച്ചത്. അവർ കുഞ്ഞിന് മുഹമ്മദലി എന്ന് പേരിട്ടു.

മുഹമ്മദലിക്ക് പിതൃവാൽസല്യം അനുഭവിക്കാൻ അധികം കഴിഞ്ഞില്ല. അബ്ദുൽ അലി ഖാൻ കോളറ പിടിപെട്ടു 30-ാം വയസ്സിൽ മരിച്ചു. 27 വയസ്സുകാരിയായ ഭാര്യ ആബിദ ബാനു തന്റെ കുഞ്ഞുങ്ങളെ പോറ്റിവളർത്താനുള്ള ഭാരിച്ച ചുമതല അത്മധൈര്യത്തോടെ ഏറ്റെടുത്തു.

മുഹമ്മദലിയുടെ മാതാവ് ധൈര്യവും സ്ഥിരോൽസാഹവും കാണിച്ച വനിതാ നേതാവായിരുന്നു. ഇന്ത്യൻ രാഷ്ട്രീയച രിത്രത്തിൽ ഖിലാഫത്തിന്റെ അദ്ധ്യായത്തിലെ ധീരവനിത. അലി സഹോദരൻമാരുടെ ചരിത്രം മാതാവായ ബീ അമ്മയെ ഒഴിച്ചു നിർത്തിയാൽ പൂർത്തിയാകുകയില്ല. ബീ അമ്മ തന്റെ മക്കളുടെ വിദ്യാഭ്യാസ പുരോഗതിക്കായിരുന്നു ആദ്യം പോരാട്ടം നടത്തിയത്.

മുഗളാധിപത്യത്തിന്റെ അന്ത്യവും ബ്രിട്ടീഷ് സാമ്രാജ്യത്വ

For Group Contact us +91 9746065242

mappilaheritagelibrary.com

ത്തിന്റെ ഉദയവും ഒത്തുചേർന്ന അന്നത്തെ ഇന്ത്യയിൽ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് മതദൃഷ്ട്യാ ഭ്രഷ്ട് കൽപ്പിക്കപ്പെട്ടിരുന്നു.

മുഹമ്മദലിയും ശൈശവത്തിൽ ഖുർആൻ പഠിച്ചു. അദ്ധ്യയനമാദ്ധ്യമം ഉർദു ആയിരുന്നു. എന്നാൽ ബി അമ്മ തന്റെ പരിമിതമായ വരുമാനം ഉപയോഗിച്ചു മക്കൾക്കു ആവുന്നത്ര വിദ്യാഭ്യാസം നൽകാൻ തന്നെ തീരുമാനിച്ചു. ബീ അമ്മയുടെ കുടുംബപാരമ്പര്യവും അതിനനുഗുണമായിരുന്നു. മുഗളാധിപത്യ കാലത്തെ പ്രശസ്ത പട്ടാള ഉദ്യോഗസ്ഥനും ധൈര്യം, ഔദാര്യം, വിശ്വസ്തത എന്നിവക്ക് പ്രസിദ്ധനുമായിരുന്ന നവാബ് ദർവേഷ് അലി ഖാന്റെ കുടുംബപാരമ്പര്യത്തിലായിരുന്നു ബീ അമ്മ ജനിച്ചുവളർന്നത്. മക്കളുടെ വിദ്യാഭ്യാസ പുരോഗതിക്ക് വേണ്ടി എന്തു ക്ലേശവും സഹിക്കാൻ അവർ സന്നദ്ധയായി. അലി സഹോദരൻമാരുടെ മതവിദ്യാഭ്യാസത്തിന് സാമ്പത്തിക സഹായം നൽകാൻ സമ്മതിച്ച അടുത്ത ഒരു ബന്ധു അവർക്ക് ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനു സഹായം ചെയ്യാൻ വിസമ്മതിച്ചു. മുഹമ്മദലിയുടെ ജ്യേഷ്ഠനായിരുന്ന സുൽഫീഖർ ബറേലിയിൽ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനായി ചേർന്നു. തുടർന്ന് ഷൗക്കത്തിനെ അയക്കാൻ തുനിഞ്ഞപ്പോൾ വീട്ടുകാര്യങ്ങൾ നോക്കി നടത്തുന്ന മാതുലൻ വളരെ ആത്മാർത്ഥമായിത്തന്നെ, ഇംഗ്ലീഷ് വിദ്യാഭ്യാസം ചെയ്യാൻ കുടുംബത്തിന്റെ പണം നൽകുകയില്ലെന്ന് പറഞ്ഞു.

'സാധാരണയായി പുരുഷൻമാരെക്കാൾ അധികം മതഭക്തിയുള്ളവരാണ് സ്ത്രീകൾ- അന്ധവിശ്വാസികളും അവരിലധികമുണ്ട്. ഞങ്ങളുടെ മാതാവാകട്ടെ ഒട്ടും അന്ധവിശ്വാസമുള്ളവരോ പുതുമയോട് വെറുപ്പുള്ളവരോ ആയിരുന്നില്ല. മറ്റുള്ളവരുടെ സഹായം അധികമായിട്ടൊന്നുമില്ലാതെ തന്നെയാണ് അവർ ഞങ്ങളെ വളർത്തിയത്. എന്റെ ജ്യേഷ്ഠൻ ഷൗക്കത്തിനെ ഇംഗ്ലീഷ് വിദ്യാഭ്യാസം ചെയ്യിക്കുവാൻ നിശ്ചയിച്ചപ്പോൾ കുടുംബസ്വത്തുക്കൾ നോക്കി നടത്തിയിരുന്ന മാതൃസഹോദരൻ ആ ചിലവിലേക്ക് ഒന്നും നൽകില്ലെന്ന് ശഠിച്ചു. തികഞ്ഞ ആത്മാർത്ഥതയോടും എന്നാൽ ആ കാലഘട്ടത്തിന്റെ സഹജസ്വഭാവവുമായിരുന്ന വെറുപ്പോടും കൂടി കാരണവർ പറഞ്ഞു. 'ഒരു കുടുംബത്തിൽ ഒരവിശ്വാസി തന്നെ അധികമാണ്' എന്നാൽ ഞങ്ങളുടെ ഉമ്മയുടെ തീരുമാനം ഉറച്ചതായിരുന്നു. ആരുമറിയാതെ

For Group Contact us +91 9746065242

mappilaheritagelibrary.com

തന്റെ ആഭരണങ്ങൾ അയൽവാസിയായ ഒരു ഹിന്ദു ബാങ്കറുടെ വേലക്കാരി മുഖേന പണയപ്പെടുത്തി പണം സ്വരൂപിച്ചുകൊണ്ട് രണ്ടാമത്തെ 'അവിശ്വാസിയായ' ഷൗക്കത്തിനെ ബറേലിയിലേക്കയച്ചു.

സ്വന്തം മക്കളെ വിദ്യാഭ്യാസം ചെയ്യിക്കാൻ ഇത്രയധികം പ്രയാസങ്ങളും വിഷമങ്ങളും സഹിച്ച ഒരു വനിത അക്കാലത്ത് അധികമാരുമുണ്ടായിരുന്നില്ല. വളരെ ചെറുപ്പം മുതൽ വൈധവ്യമനുഭവിക്കേണ്ടി വന്നിട്ടും തന്റെ മക്കളുടെ ജീവിതപുരോഗതിക്ക് വേണ്ടി ആ മാതാവ് സർവവും സഹിച്ചു. വളരെ ചെറുപ്പമായിരുന്ന തന്റെ മാതാവിനോട് വീണ്ടും വിവാഹം ചെയ്യാൻ ആവശ്യപ്പെട്ടപ്പോൾ അവരതിനെ നിരസിച്ചതിനെപ്പറ്റി മുഹമ്മദലി ഇങ്ങിനെ എഴുതി:

'കോളറ ബാധിച്ച് ഏതാനും മണിക്കൂറുകൾക്കകം യുവാവായ ഞങ്ങളുടെ പിതാവ് മരണപ്പെട്ടതിനാൽ ഞങ്ങളുടെ മാതാവ് 27-ാമത്തെ വയസ്സിൽ തന്നെ വിധവയായിത്തീർന്നു. ചെറുപ്പമായിരുന്നതിനാൽ പലരും പുനർവിവാഹത്തിനു നിർബന്ധിച്ചുനോക്കി. പക്ഷേ മാതാവ് പിന്നെ വിവാഹമിഷ്ടപ്പെട്ടില്ല. ഉമ്മ നേരമ്പോക്കായിട്ടാണെങ്കിലും പറയും: "കുറേക്കാലം എന്നെ നോക്കിരക്ഷിക്കാൻ ഒരു ഭർത്താവുണ്ടായിരുന്നു. എനിക്കിപ്പോൾ അഞ്ചു ഭർത്താക്കൻമാരെയും ഒരു ഭാര്യയെയും നോക്കി രക്ഷിക്കാനുണ്ട്. ഞങ്ങൾ അഞ്ചു ആൺമക്കളെയും ഒരു മകളെയും ഉദ്ദേശിച്ചിട്ടായിരുന്നു ഉമ്മ ഇത് പറഞ്ഞത്".

പന്ത്രണ്ടു വയസ്സുവരെ റാംപൂരിൽ തന്നെ വീട്ടിലും മദ്രസയിലും കഴിച്ചുകൂട്ടിയ മുഹമ്മദലി പിന്നീട് ബറേലിയിൽ സ്കൂളിൽ ചേർന്നു. ചെറുപ്പത്തിൽ തന്നെ മുഹമ്മദലി അദ്ധ്യാപകരുടെ ശ്രദ്ധ പിടിച്ചുപറ്റി. അദ്ദേഹത്തിന്റെ പ്രതിഭയും ഓർമ്മശക്തിയും ഫലിതവും അന്നേ എല്ലാവർക്കുമറിയാമായിരുന്നു. പാഠപുസ്തകത്തിൽ കണ്ണുംനട്ടിരിക്കില്ലെങ്കിലും പരീക്ഷകളിൽ നല്ല മാർക്കു വാങ്ങാൻ കുട്ടിക്കന്ന് കഴിഞ്ഞു. പിന്നീട് ഷൗക്കത്തലി അലിഗറിൽ ചേർന്നു. തുടർന്ന് മുഹമ്മദലിയും. തന്റെ മക്കളെ അലിഗർ എം.എ.ഒ. കോളേജിൽ ചെന്നുകണ്ടു പ്രോൽസാഹിപ്പിക്കുക എന്നത് ബീ അമ്മയുടെ ഒരു പ്രത്യേകതയായിരുന്നു.

അലിഗറിൽ ഒരിക്കൽ രസകരമായ ഒരനുഭവമുണ്ടായി. മുഹമ്മദലിക്ക് കോളേജിൽ പ്രവേശനം കിട്ടുംമുമ്പ് അദ്ദേഹം

For Group Contact us +91 9746065242

mappilaheritagelibrary.com

അവിടെ ഹൈസ്കൂളിൽ പഠിക്കുകയായിരുന്നു. അക്കാലത്ത് സുപ്രസിദ്ധ ഇസ്‌ലാമിക പണ്ഡിതൻ മൗലാനാ ശിബ്‌ലി നുഅ്മാനി അലിഗറിലെ എം.എ.ഒ. കോളേജിലെ പ്രിൻസിപ്പലിന്റെ ഹാളിൽ ഖുർആനെ സംബന്ധിച്ച് പ്രഭാഷണം നടത്തുക പതിവായിരുന്നു. ഒരു സ്കൂൾ വിദ്യാർത്ഥിയായിരിക്കുന്ന മുഹമ്മദലി ഹാളിന് വെളിയിൽ കവാടത്തിനടുത്തു നിന്ന് പ്രഭാഷണം കേൾക്കും. ഇസ്‌ലാമികാദർശങ്ങളിലും ഖുർആനിക തത്വങ്ങളിലും മുഹമ്മദലിക്ക് അന്നു തന്നെ അത്രമാത്രം ആഭിമുഖ്യമായിരുന്നു. ഈ സ്കൂൾ കുട്ടിയുടെ താൽപര്യം മനസ്സിലാക്കിയ മൗലാനാ നുഅ്മാനി കുട്ടിയെ വിളിച്ചു. ഇസ്‌ലാമിനെ സംബന്ധിച്ച ശിബ്‌ലി നുഅ്മാനിയുടെ ചോദ്യങ്ങൾക്ക് മുഹമ്മദലി തൃപ്തികരമായി മറുപടി നൽകി. അങ്ങിനെ തന്റെ പ്രഭാഷണം കേൾക്കാൻ അദ്ദേഹം മുഹമ്മദലിയെയും അനുവദിച്ചു. കോളേജ് വിദ്യാർത്ഥികൾക്കിടയിൽ ഒരേയൊരു സ്കൂൾ വിദ്യാർത്ഥി.

അലിഗർ കോളേജിൽ മുഹമ്മദലിയും ജ്യേഷ്ഠൻ ഷൗക്കത്തലിയും ക്രിക്കറ്റുകളിയിൽ വളരെ താൽപര്യം കാണിച്ചു. ഷൗക്കത്തലി വളരെക്കാലം അലിഗർ കോളേജിലെ ക്രിക്കറ്റ് ടീം ക്യാപ്റ്റനായിരുന്നു. അദ്ദേഹം കോളേജ് യൂണിയന്റെ സെക്രട്ടറി കൂടിയായിരുന്നു. ഷൗക്കത്തലിയുടെ ജീവിതരീതിയെപ്പറ്റിയും മുഹമ്മദലി എഴുതുകയാണ്.

'എന്നെക്കാൾ ആറുവയസ്സിന് മൂത്ത ജ്യേഷ്ഠൻ എല്ലാംകൊണ്ടും ഒരു പ്രമുഖൻ തന്നെയായിരുന്നു. കോളേജിലെ പ്രസിദ്ധമായ കോളേജ് ഇലവനിലെ ക്യാപ്റ്റൻ എന്നതിനു പുറമെ കോളേജ് യൂണിയൻ സെക്രട്ടറി തുടങ്ങിയ നിലക്കും സത്യമായും ഒരു വലിയ 'ബോസ്സാ'യിരുന്നു. സ്വാഭാവികമായും ഒരു സ്കൂൾകുട്ടിയായിരുന്ന ഞാൻ ഷൗക്കത്തിന്റെ കണക്കിൽ പെടില്ലായിരുന്നു. ഇതൊക്കെത്തന്നെ നല്ലവണ്ണം പഠിക്കുന്ന കുട്ടിയെന്ന നിലക്ക് എനിക്ക് കിട്ടിക്കൊണ്ടിരുന്ന ചെറിയ സ്കോളർഷിപ്പും അതോടൊപ്പം രണ്ടുപേർക്കും ലഭിച്ചിരുന്നതും ഷൗക്കത്ത് തന്നെ കീശയിലൊതുക്കിയതുമായ ഞങ്ങളിരുവർക്കുമുള്ള 'പോക്കറ്റ് മണിയുമെല്ലാം എടുത്തു ഒരു ക്രിക്കറ്റ് ടീം ക്യാപ്റ്റനു യോചിച്ച രീതിയിൽ ഒന്നാന്തരമായി ഡ്രസ്സുചെയ്യാൻ ഉപയോഗിക്കുകയും ചെയ്തുകൊണ്ടിരിക്കു മ്പോഴായിരുന്നു, ഈ

For Group Contact us +91 9746065242

mappilaheritagelibrary.com

തുക തന്നെ അതിന് മതിയാകുമായിരുന്നില്ല താനും. ജ്യേഷ്ഠൻ എന്റെ കാര്യത്തിൽ ശ്രദ്ധിക്കരുത് എന്നുതന്നെ ഞാനും ആഗ്രഹിച്ചു. കാരണം ഞാൻ ഒരു കടുംപിടുത്തക്കാരനാണെന്നും ചില സതീർത്ഥ്യർ പരാതി പറഞ്ഞാൽ, എപ്പോഴും കയ്യൂക്ക് കാണിക്കുന്ന വല്യേട്ടന്റെ ശ്രദ്ധയിൽ പെടാതിരിക്കാനായിരുന്നു എന്റെ പ്രാർത്ഥന. പിൽക്കാലത്ത് ജയിലിൽ വെച്ചു കൂടെ തടവുകാരനായിരിക്കുമ്പോൾ കാണിച്ചപോലെയുള്ള രോഷ പ്രകടനം അന്നു കാണിച്ചിരുന്നില്ല.

ബി.എ. ക്ലാസ്സിൽ പഠിച്ചുകൊണ്ടിരുന്ന മുഹമ്മദലി യൂണിയൻ പ്രവർത്തനവും മറ്റുമായി ഉഴപ്പി നടന്നു. അലിഗർ കോളേജ് അഫിലിയേറ്റ് ചെയ്തിരുന്നത് അലഹാബാദ് സർവ്വകലാശാല യുമായിട്ടായിരുന്നു. അലഹാബാദ് സർവ്വകലാശാലയുടെ ബി.എ. പരീക്ഷാ ഫലം പുറത്തുവന്നപ്പോൾ അതിൽ ഒന്നാമൻ മുഹമ്മദലിയായിരുന്നുവെന്നത് അന്നത്തെ അലിഗറിലെ അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും ഒന്നുപോലെ അത്ഭുതപ്പെടുത്തി. അന്നുമുതൽ ജ്യേഷ്ഠൻ ഷൗക്കത്തിനും ഉമ്മ ബി. അമ്മാക്കും ഒരേയൊരാഗ്രഹം - മുഹമ്മദലിയെ ഒരു ഐ.സി.എസ്. കാരനാക്കുക! അന്ന് ഒരിന്ത്യക്കാരൻ ഏറെ ആഗ്രഹിക്കുന്നതും ഒരിക്കലും നിറവേറ്റാനാവാത്തതും ആയിരുന്നു. ഐ.സി.എസ്.

മുഹമ്മദലി എന്ന വിദ്യാർത്ഥി പഠിക്കാൻ നല്ല മിടുക്കനായിരുന്നു. അവൻ നല്ല കുട്ടിയാണ്. അവന്റെ അധ്യാപകർക്ക് അവനെ നല്ല ഇഷ്ടമാണ്. യു.പി. സംസ്ഥാന സർവ്വീസിൽ ഒരുദ്യോഗസ്ഥനായിരുന്ന ഷൗക്കത്തലി തീരുമാനമെടുത്തു. സഹോദരൻ മുഹമ്മദലിയെ ഇംഗ്ലണ്ടിലെ ഓക്സ്ഫോർഡിൽ അയച്ചു പഠിപ്പിക്കാനുള്ള ചിലവ് താൻ വഹിക്കുമെന്ന്. അനിതര സാധാരണ ബുദ്ധിയും കഴിവുമുള്ള മുഹമ്മദലിയെ ഐ.സി.എസ് പരീക്ഷക്കിരുത്തണമെന്ന് അന്ന് റാംപൂർ നാട്ടുരാജ്യത്തിന്റെ നവാബിന്റെ പ്രധാന ഭരണ ഉദ്യോഗസ്ഥൻ (പ്രധാനമന്ത്രിയായിരുന്ന നവാബ് ഇസ്ഹാഖ് ഖാൻ) തീരുമാനിച്ചു. അങ്ങിനെ മൗലാനാ മുഹമ്മദലി 1998-ൽ ഇംഗ്ലണ്ടിലേക്ക് പുറപ്പെട്ടു. തനിക്കത്ര ഇഷ്ടമുള്ളതല്ലെങ്കിലും സഹോദരന്റെയും ഗുണകാംക്ഷികളുടെയും നിർബന്ധത്തിനു വഴങ്ങി ഓക്സ്ഫോർഡ് സർവ്വകലാശാലയിൽ

For Group Contact us +91 9746065242

mappilaheritagelibrary.com

ലിങ്കൻ കോളേജിൽ ചേർന്ന മുഹമ്മദലി വിദ്യാഭ്യാസം തുടർന്നു.

മൗലാനാ മുഹമ്മദലി നാലുവർഷം ഇംഗ്ലണ്ടിൽ വിദ്യാഭ്യാസത്തിനായി കഴിച്ചുകൂട്ടി. ഐ.സി.എസ്. പരീക്ഷക്കിരിക്കാൻ ഉദ്ദേശിച്ചായിരുന്നു പഠിത്തം തുടങ്ങിയത്. പക്ഷേ മുഹമ്മദലി സാഹിത്യപരമായ മികവ് വർദ്ധിപ്പിക്കുന്ന രീതിയിലുള്ള പഠനമാണ് തിരഞ്ഞെടുത്തത്. ഷേക്സ്പിയർ കൃതികളിൽ അദ്ദേഹം അവഗാഹം നേടി. 'മാക്ബത്തിനെ'പറ്റി മുഹമ്മദലി എഴുതിയ വിജ്ഞാനപ്രദമായ ലേഖനം ഓക്സ്ഫോർഡ് സർവ്വകലാശാലാ മാസികയിൽ പ്രത്യക്ഷപ്പെട്ടു. ഓക്സ്ഫോർഡ് സൊസൈറ്റിയുടെ സിക്രട്ടറി സ്ഥാനം മുഹമ്മദലി അലങ്കരിക്കുകയുണ്ടായി.

ഓക്സ്ഫോർഡിൽ വിദ്യാർത്ഥികൾ വിവിധ വിഷയങ്ങളെപ്പറ്റി നടത്തുന്ന ചർച്ചകളിൽ മുഹമ്മദലി ആകർഷണീയനായ വാഗ്മിയായിരുന്നു. അദ്ദേഹം തനിക്കേറ്റവും ഇഷ്ടപ്പെട്ട ഒമ്പതുപേരടങ്ങുന്ന ഒരു സംഘം രൂപവൽക്കരിച്ചു. 'നവരത്നങ്ങൾ' എന്നറിയപ്പെട്ട ആ ഗ്രൂപ്പിൽ ഇന്ത്യയിലെ അന്നത്തെ ബറോഡ ഭരണാധികാരിയുടെ മകൻ ഫത്തേഗ്സിംഗ് ഗെയ്കവാദ് രാജകുമാരനുമുണ്ടായിരുന്നു. ഓക്സ്ഫോർഡ് സാഹിത്യസമിതിയുടെ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട പ്രഥമ ഇന്ത്യക്കാരൻ എന്ന ഖ്യാതി നേടിയ മുഹമ്മദലി സാഹിത്യത്തിൽ മാത്രമല്ല എല്ലാ തുറകളിലും മാതൃകയോടെയുള്ള ജീവിതമായിരുന്നു നയിച്ചിരുന്നത്. മതപരമായ കാര്യങ്ങളിൽ അദ്ദേഹം അതീവ ശ്രദ്ധാലുവായിരുന്നു. എന്നാൽ ഓക്സ്ഫോർഡിൽ തന്റെ ജ്യേഷ്ഠൻ അയച്ചുകൊടുത്ത വിശുദ്ധ ഖുർആന്റെ ഉർദു തർജ്ജമ വായിക്കുക എന്നല്ലാതെ മറ്റൊന്നും മതത്തിനുവേണ്ടി ചെയ്യാനായില്ല എന്നാണദ്ദേഹത്തിന്റെ പശ്ചാത്താപം.

അസാധാരണ ബുദ്ധിവൈഭവത്തിന്റെ ഉടമയായിരുന്ന മുഹമ്മദലി ഐ.സി.എസ്. പരീക്ഷ വിജയിച്ചില്ല എന്നത് അദ്ദേഹത്തേക്കാളധികം ക്ഷീണിപ്പിച്ചത് ജ്യേഷ്ഠൻ ഷൗക്കത്തിനെയായിരുന്നു. മുഹമ്മദലിക്ക് ഐ.സി.എസ്. പരീക്ഷയിൽ താൽപര്യമില്ലായിരുന്നെങ്കിലും ജ്യേഷ്ഠൻ കഷ്ടപ്പെട്ട് തന്നെ പഠിപ്പിച്ചതിനെക്കുറിച്ചോർത്തായിരുന്നു അദ്ദേഹത്തിന്റെ കുണ്ഠിതം. പക്ഷേ വന്ദ്യമാതാവ് ബീ അമ്മ ഒട്ടും വ്യാകുലപ്പെട്ടില്ല. 1902-ൽ ഇംഗ്ലണ്ടിൽ നിന്നും തിരിച്ചെത്തിയ മകനെ അവർ

For Group Contact us +91 9746065242

mappilaheritagelibrary.com

ആശ്വസിപ്പിച്ചു. ബീ അമ്മ കണ്ടുവെച്ച പെൺകുട്ടിയെ മുഹമ്മദലി വിവാഹം ചെയ്തു. ഇതിനിടയിൽ റാംപൂർ നവാബ് മുഹമ്മദലിയെ വിദ്യാഭ്യാസ വകുപ്പിന്റെ മേധാവിയായി നിയമിച്ചു. ആ ജോലിയിലിരിക്കെത്തന്നെ മുഹമ്മദലി വീണ്ടും ഇംഗ്ലണ്ടിൽ പോയി ഓക്സ്ഫോർഡിലെ ബി.എ. പരീക്ഷയെഴുതി ഏതാനും മാസങ്ങൾക്കകം ബി.എ. (ഓക്സ്ഫോർഡ്) ബിരുദവുമായി തിരിച്ചെത്തി. റാംപൂരിലെ ആദ്യത്തെ ഓക്സ്ഫോർഡ് ബിരുദധാരിയും മുഹമ്മദലിയായിരുന്നു. ഇന്ത്യയിൽ തിരിച്ചെത്തിയ മുഹമ്മദലി അലഹാബാദ് ഹൈക്കോടതി ജുഡീഷ്യൽ സർവ്വീസ് പരീക്ഷക്കും ഹാജരായി. പക്ഷേ പരാജയപ്പെട്ടു. ബറോഡയിലെ രാജാവായ സായിജി റാവു മുഹമ്മദലിക്ക് സാമാന്യം ഭേദപ്പെട്ട ഒരുദ്യോഗം നൽകി. റവന്യൂ ഡിപ്പാർട്ട്മെന്റിൽ മേധാവി. അതോടൊപ്പം പ്രസംഗിക്കാനും എഴുതാനും സ്വാതന്ത്ര്യം നൽകി. ഓക്സ്ഫോർഡിലെ 'നവരത്ന'ങ്ങളിലൊന്നായിരുന്ന' ഗെയ്ക്ക്വാദ്' രാജകുമാരനായിരുന്നു തന്റെ സുഹൃത്തിനെ പിതാവിന് പരിചയപ്പെടുത്തിയത്. അന്നത്തെ ബറോഡ നാട്ടുരാജ്യത്തിലെ ഭൂവിൽപ്പന സമ്പ്രദായം മൂലം പ്രയാസങ്ങളനുഭവിച്ച ഹൗസാറി ജില്ലയിലെ റവന്യൂ വരുമാനം വർദ്ധിപ്പിക്കാൻ മുഹമ്മദലി വരുത്തിയ ഭരണ പരിഷ്കാരം ഒരു പുരോഗമന വാദിയായിരുന്ന സായിജിറാവു രാജാവിന് മുഹമ്മദലിയുടെ ഭരണപാടവത്തിൽ മതിപ്പുളവാക്കി.

മുഹമ്മദലി ഒരു ഉദ്യോഗസ്ഥനായിത്തീരും മുമ്പുതന്നെ അറിയപ്പെടുന്ന ഒരു എഴുത്തുകാരനായിരുന്നു. തന്റെ ഓക്സ്ഫോർഡ് സതീർത്ഥ്യനായിരുന്ന സർ ജഗദീശ് പ്രസാദിന്റെ സഹകരണത്തോടെ അലഹാബാദിൽ നിന്നു പുറത്തിറങ്ങുന്ന 'ഗപ്പ്' എന്ന ഇംഗ്ലീഷ് വിനോദമാസികയുടെ പിറകിൽ മുഹമ്മദലിയുടെ തലച്ചോറായിരുന്നു. ടൈംസ് ഓഫ് ഇന്ത്യയിലും സ്പെക്ടേറ്ററിലും മുഹമ്മദലി വിജ്ഞാനപ്രദമായ ലേഖനങ്ങളെഴുതി. 'ഇന്നത്തെ ആത്മസംതൃപ്തിയെപ്പറ്റിയുള്ള ചില ചിന്തകൾ' എന്ന പേരിൽ മുഹമ്മദലി പത്രകോളങ്ങളിലെഴുതിയ ലേഖനം ഒരു പുസ്തകമായി പ്രകാശനം ചെയ്യപ്പെട്ടു. തങ്ങൾക്ക് വംശീയമായ ഔന്നിത്യമുണ്ടെന്ന നിലക്ക് ബ്രിട്ടീഷ് ഭരണാധികാരികളിൽ ചിലർ ഇന്ത്യക്കാരോട് പെരുമാറുന്നതാണ് അതൃപ്തിക്ക് കാരണമെന്ന്

For Group Contact us +91 9746065242

mappilaheritagelibrary.com

മുഹമ്മദലി ആ ഗ്രന്ഥത്തിൽ തുറന്നടിച്ചിരുന്നു. അന്നത്തെ ബ്രിട്ടീഷ് വൈസ്രോയി മിൻട്ടോപ്രഭു മുഹമ്മദലിയുടെ ഗ്രന്ഥത്തെ പ്രകീർത്തിക്കുകയുണ്ടായി.

ടൈംസ് ഓഫ് ഇന്ത്യയുടെ പത്രാധിപരായിരുന്ന സർ ലോവറ്റ് ഫ്രയിസർ മുഹമ്മദലിയോട് ലേഖനങ്ങൾ അയക്കാൻ പ്രത്യേകം ആവശ്യപ്പെടാറുണ്ടായിരുന്നു. അലിഗറിനെ സംബന്ധിച്ച് ടൈംസിൽ മുഹമ്മദലി ഒരു തുടർലേഖനമെഴുതി 'ഇന്ത്യ അന്നും ഇന്നും' എന്ന ശീർഷകത്തിൽ 'ഹിന്ദുസ്ഥാൻ റിവ്യൂ'വിലും പ്രൗഢഗംഭീരമായ ലേഖനങ്ങൾ അദ്ദേഹം എഴുതി.

ഉജ്ജ്വലങ്ങളായ ലേഖനങ്ങളുടെ കൂട്ടത്തിൽ ഇന്ത്യൻ മുസ്ലിംകളുടെ അവകാശവാദങ്ങളെ ന്യായീകരിച്ചുകൊണ്ട് എഴുതിയതും ഉൾപ്പെടും. ആ ലേഖനത്തിലുൾകൊള്ളുന്ന മൂർച്ചയേറിയ പ്രയോഗങ്ങൾ ബറോഡയിലെ ബ്രിട്ടീഷ് കോൺസലിനെ അസ്വസ്ഥനാക്കി. മുഹമ്മദലിയോടു വിശദീകരണം ചോദിച്ചു. മുഹമ്മദലി തന്റെ വാദമുഖങ്ങൾ ന്യായീകരിച്ചുകൊണ്ട് സമാധാനം ബോധിപ്പിച്ചു. ബറോഡ ഗവൺമെന്റിന് ഒരു നടപടിയുമെടുക്കാൻ കഴിഞ്ഞില്ല. എന്നാൽ സർക്കാർ ഉദ്യോഗസ്ഥൻമാർ പത്രമാസികകളിൽ ലേഖനമെഴുതുന്നത് തടഞ്ഞുകൊണ്ട് ഒരു ഉത്തരവ് വന്നു. ആ നിയന്ത്രണത്തിനു മുമ്പിൽ തലകുനിക്കാൻ സ്വാതന്ത്ര്യദാഹിയായ മുഹമ്മദലി കൂട്ടാക്കിയില്ല. അദ്ദേഹം ശമ്പളമില്ലാതെ ലീവെടുത്തു. മുഹമ്മദലി ഉദ്യോഗം വിട്ടുപോകുന്നതിഷ്ടപ്പെടാതിരുന്ന രാജാവും കിരീടാവകാശി ഗെയ്ക്വാദ് രാജകുമാരനും അദ്ദേഹം രാജിവെക്കുന്നത് ഒഴിവാക്കി.

നാലഞ്ചു വർഷത്തെ ബറോഡയിലെ ഔദ്യോഗിക ജീവിതത്തിന്റെ അവസാനത്തെക്കുറിച്ച് അദ്ദേഹം ആത്മകഥയിൽ ഇങ്ങിനെ പറയുന്നു. :

'ബറോഡയിലെ ഉദ്യോഗ ജീവിതത്തിൽ വളരെയധികം നേട്ടങ്ങൾ ഞാൻ കരസ്ഥമാക്കിയിരുന്നു. ഉദ്യോഗം വിട്ടൊഴിഞ്ഞു പോകുക എന്നത് പ്രയാസമുള്ള കാര്യമായിരുന്നു. രണ്ടുവർഷ ക്കാലം 'ശമ്പളമില്ലാത്ത' അവധിയെടുത്തു. ഞാൻ വിട്ടുനിന്നു. ഒഴിവുകഴിവ് പറഞ്ഞു അവധി നീട്ടിക്കൊണ്ടുപോകുന്നത് ശരിയല്ലെന്നു കണ്ടപ്പോൾ ഞാൻ മഹാരാജാവിന് രാജി സമർപ്പിച്ചു. എന്റെ സേവനങ്ങളും മറ്റും പരിഗണിച്ച് അദ്ദേഹമത് സ്വീകരിക്കാനും

For Group Contact us +91 9746065242

mappilaheritagelibrary.com

തയ്യാറായില്ല. എന്റെ അവധി വീണ്ടും നീട്ടിത്തരാൻപോലും അദ്ദേഹം സന്നദ്ധനായി....'

ഔദ്യോഗിക ജീവിതത്തിൽ നിന്നും വിട്ടുമാറിയ മുഹമ്മദലി പിന്നെ പത്രപ്രവർത്തനത്തിലാണ് ശ്രദ്ധ കേന്ദ്രീകരിച്ചത്. അദ്ദേഹം കൽകത്തയിലെത്തി. 'കൊമ്രേഡ്' (സഖാവ്) എന്ന പേരിൽ ഒരു പത്രമിറക്കാനുള്ള സംരംഭങ്ങളിലേർപ്പെട്ടു. സർക്കാർ ഉദ്യോഗം വിട്ടു പത്രപ്രവർത്തനങ്ങളിൽ വന്ന തന്റെ അനുഭവം അദ്ദേഹം വിവരിക്കുകയാണ്.

"പത്രപ്രവർത്തനമെന്ന തൊഴിൽ എന്നെ ആകർഷിച്ചത് കൊണ്ടല്ല സാഹസത്തിനു ഞാനൊരുമ്പെട്ടത്. കഴിവുകൾ ആവശ്യമായ തൊഴിലിന്നു എനിക്ക് പറയത്തക്ക പരിശീലനവും ഉണ്ടായിരുന്നില്ല. ടൈംസ് ഓഫ് ഇന്ത്യ പത്രത്തിന്റെ അധിപർ മി. ലോവറ്റ് ഫെയിസറുടെ നിർബന്ധത്തിനു വഴങ്ങി ആ പത്രത്തിൽ ഇടക്കിടെ ലേഖനങ്ങളെഴുതി. ആ പത്രത്തിന്റെ പ്രവർത്തനവുമായി എനിക്ക് മറ്റു യാതൊരു ബന്ധവുമുണ്ടായിരുന്നില്ല. പത്രപ്രവർത്തനം സ്വീകരിക്കാൻ എന്നെ നിർബന്ധിച്ച സാഹചര്യം ആ സന്ദിഗ്ദ്ധഘട്ടത്തിൽ നിലവിലുണ്ടായിരുന്ന എന്റെ സമുദായത്തിന്റെ സ്ഥിതിവിശേഷമായിരുന്നു..."

1911 ജനുവരി 14-നു കൽക്കത്തയിൽ 'കോമ്രേഡ്' പ്രവർത്തനമാരംഭിച്ചു. ഒരാൾ തന്നെ എഡിറ്റു ചെയ്യുകയും ഒരാൾ തന്നെ പ്രസിദ്ധീകരിക്കുകയും ചെയ്ത ആ പത്രം അന്നത്തെ ബംഗാളിലെ മറ്റു പത്രങ്ങൾക്കും പത്രക്കാർക്കും ഒരു മാതൃക തന്നെയായിരുന്നു. തന്റെ സ്വതസിദ്ധമായ ശൈലിയും ഇംഗ്ലീഷ് ഭാഷയിലുള്ള വ്യുൽപത്തിയും അതിലുടനീളം പ്രത്യക്ഷപ്പെട്ടു. അന്നത്തെ വൈസ്രോയിയുടെ പത്നി ലേഡിഹാർഡിഞ്ച്, അന്നത്തെ ഭരണ തലസ്ഥാനമായ കൽകത്തയിലെ മറ്റേതൊരു പത്രത്തേക്കാളുമുപരി 'കൊമ്രേഡി'നു പ്രത്യേക പ്രാധാന്യം കൽപ്പിച്ചിരുന്നു. ഒരു ലക്കം വിട്ടുപോയാൽ അവർ ഫോൺ ചെയ്തു അന്വേഷിക്കുമത്രെ. കൊമ്രേഡിന് വേണ്ടി മൗലാന സ്വീകരിച്ച മുദ്രാവാക്യം സുപ്രസിദ്ധ ആംഗ്ലേയ കവി മോറിസന്റെ വിഖ്യാതമായ ഒരു കവനതല്പജമായിരുന്നു. കോമ്രേഡിന്റെ മുൻപേജിൽ അത് അച്ചടിച്ചിരുന്നു.

'നിവർന്നു നിന്ന് നിന്റെ ആശയം തുറന്ന് പറയുക'

For Group Contact us +91 9746065242

mappilaheritagelibrary.com

മറ്റെല്ലാവരും അറിയാൻ വണ്ണം നിന്റെ സത്യം പ്രഖ്യാപിക്കുക.

ധൈര്യവാനായിരിക്കുക. അത് സർവ്വത്ര വിളംബരം ചെയ്യുക.

ധൈര്യമുള്ളവൻ മാത്രമേ ജീവിക്കുകയുള്ളു.'

തന്റെ പത്രത്തിന്റെ നയപ്രഖ്യാപനമെന്നോണം അദ്ദേഹം എഴുതി.

'ഞങ്ങൾ ആരുടെ കക്ഷിയിലും പെടില്ല. എല്ലാവരുടെയും സുഹൃത്താണിത്. ഈ നാട്ടിൽ ജാതി മത ചിന്തകളുടെ അടിസ്ഥാനത്തിലുള്ള വിവാദങ്ങൾ മൂലം വർദ്ധിച്ചുകൊണ്ടി രിക്കുന്ന ആപത്തുകളിൽ ഞങ്ങൾക്ക് മനോവേദനയുണ്ട്. പരസ്പരം മല്ലിട്ടുകൊണ്ടിരിക്കുന്ന ഇന്ത്യൻ രാഷ്ട്രീയ ശരീരത്തിലെ വിഭിന്ന ഭാഗങ്ങൾ തമ്മിൽ കൂടുതൽ സൗഹാർദവും രമ്യതയും കാണാൻ ഞങ്ങളാഗ്രഹിക്കുന്നു...'

ആദർശസ്ഥൈര്യത്തിന്റെ കാഹളം മുഴക്കിയ 'കോമ്രേഡ്' പത്രലോകത്ത് ശ്രദ്ധിക്കപ്പെട്ടു. ഒരു വാരികയായി ആരംഭിച്ച ഈ പത്രത്തിന്റെ നടത്തിപ്പിൽ മുഹമ്മദലിക്ക് അനവധി പ്രയാസങ്ങ ളാണ് നേരിടേണ്ടി വന്നത്.

സാമ്പത്തിക ഭദ്രത നൽകിയിരുന്ന സുരക്ഷിതമായ ഒരു ജോലി ഇട്ടെറിഞ്ഞാണ് അദ്ദേഹം പത്രപ്രവർത്തകന്റെ പാത തെരഞ്ഞെടുത്തത്. തന്റെ സമുദായത്തിന്റെ നീറുന്ന പ്രശ്നങ്ങൾക്ക് പരിഹാരം തേടി അദ്ദേഹം തൂലിക അക്ഷരാർത്ഥത്തിൽ പടവാളാക്കി.

അന്നത്തെ 'ന്യൂ എറാ' പത്രാധിപരും പ്രശസ്ത പത്രപ്രവർത്തകനുമായിരുന്ന രാജാ ഗുലാം ഹുസൈൻ മുഹമ്മദലിയെ സന്ദർശിക്കുകയുണ്ടായി. കോമ്രേഡിന്റെ പ്രാരംഭ പ്രവർത്തനങ്ങളിൽ നിമഗ്നനായിരുന്ന മുഹമ്മദലിക്ക് അന്നത്തെ മൂന്ന് നാട്ടുരാജാക്കൻമാർ തങ്ങളുടെ നാടുകളിൽ ഉയർന്ന ഉദ്യോഗങ്ങൾ ഓഫർ ചെയ്തു. ജാപ്രാസിലെ നാടുവാഴി തന്റെ മന്ത്രിപദം സ്വീകരിക്കാൻ ക്ഷണിച്ചുകൊണ്ട് മുഹമ്മദലിക്ക് കമ്പിയടിച്ചു. ആ ക്ഷണം സ്വീകരിക്കാൻ, ബ്രിട്ടീഷ് ഭരണമണ്ഡല ത്തിൽ അന്നു തന്നെ പ്രമുഖനായിരുന്ന സർ മൈക്കൽ ഒഡറെപ്പോലുള്ള ഒരു പ്രമുഖ വ്യക്തി നിർബന്ധിക്കുകയും

For Group Contact us +91 9746065242

mappilaheritagelibrary.com

ചെയ്തിരുന്നു. 'കോമ്രേഡിലെ ആദ്യ ലക്കം കൽകത്തയിലെ തെരുവുകളിൽ വിൽപനക്കിറങ്ങുന്നത് വരെ മന:പൂർവ്വം ഞാൻ (കമ്പി സന്ദേശം) തുറന്നുനോക്കാൻ പോലും തുനിഞ്ഞില്ല.' എന്നാണ് ഇതിനെപ്പറ്റി മുഹമ്മദലി വിവരിച്ചത്.

കോമ്രേഡിന്റെ കോളങ്ങൾ മൂന്ന് സുപ്രധാന പ്രശ്നങ്ങൾക്ക് പ്രാധാന്യം നൽകി. ഒന്നു മുസ്‌ലിം സമുദായത്തിന്റെ അവശതകൾ, രണ്ടാമത്തേത് ഇന്ത്യയുടെ ദേശീയ സ്വാതന്ത്ര്യം, മൂന്നാമത്തേത് മുസ്‌ലിം ലോകത്തിന്റെ ഐക്യം.

സമുദായത്തിന്റെ പ്രശ്നങ്ങൾ ഉന്നയിച്ച അതേ വീറോടെത്തന്നെ മുഹമ്മദലി ഇന്ത്യൻ സ്വാതന്ത്ര്യത്തിനു വേണ്ടി വാദിച്ചു. അന്നത്തെ ലണ്ടൻ ടൈംസിൽ 'ഇന്ത്യൻ വിപത്ത്' എന്ന തലക്കെട്ടിൽ വന്ന ലേഖനത്തെയും ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ പ്രമുഖ നേതാവായിരുന്ന മിസ്സിസ്സ് ആനി ബസന്റിനെക്കുറിച്ച് വന്ന വിമർശനാത്മകമായ ലേഖനങ്ങളേയും ഖണ്ഡിച്ചുകൊണ്ട് മുഹമ്മദലി എഴുതിയ ലേഖനം കോമ്രേഡിനു മഹനീയ സ്ഥാനം നേടിക്കൊടുത്തു. 'സ്വകാര്യസല്ലാപ'മെന്ന കൊമ്രേഡിലെ നർമ്മമധുരമായ മുഹമ്മദലിയുടെ കോളം ഭരണകർത്താക്കളുടെ കൊള്ളരുതായ്മകളെ തുറന്നുകാട്ടി.

ഇന്ത്യയിലെ സമുദായങ്ങൾ തമ്മിൽ യോജിപ്പുണ്ടായിരിക്കണമെന്ന് മുഹമ്മദലിയുടെ ആഗ്രഹം എത്ര ഉൽക്കടമായിരുന്നുവെന്ന് അഫ്സൽ ഇഖ്ബാൽ എഴുതിയ 'ലൈഫ് ആന്റ് ടൈംസ് ഓഫ് മുഹമ്മദലി' എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

ഹിന്ദുക്കളും മുസ്‌ലിംകളും പരസ്പരം സഹകരിക്കാതെ മല്ലിട്ടുകൊണ്ട് വിജയിക്കാനാണു ശ്രമിക്കുന്നതെങ്കിൽ അവർ പരാജയപ്പെടുമെന്നു മാത്രമല്ല അത് വളരെ പരിതാപകരമായ പരാജയമായിരിക്കുകയും ചെയ്യും. യൂറോപ്പിലെ ഭരണതന്ത്രജ്ഞൻമാരും ധർമ്മിഷ്ഠൻമാരും താൽപര്യങ്ങളുടെയും സങ്കുചിത ദേശീയ വിദ്വേഷങ്ങളുടെയും പേരിൽ അവർ തമ്മിലുള്ള കടുത്ത മത്സരമുണ്ടായിട്ടുപോലും യുദ്ധം വേണ്ടെന്നുവെക്കാൻ മടിക്കാതിരുന്നെങ്കിൽ. നമ്മൾ ഇന്ത്യൻ ദേശീയത്വത്തിന്റെ പേരിൽ നിരാശപ്പെടേണമോ? ജപ്പാനിലെ ഒരേ ജാതിയിലുള്ള നാലു കോടി ജനങ്ങൾ കാണിക്കുന്ന ദേശാഭിമാന ജ്വരം നമ്മൾ സൃഷ്ടിക്കണമെന്നില്ല. എന്നാൽ വൈവിധ്യമുള്ള കാനഡ പ്രായോഗികമായി നമുക്ക്

For Group Contact us +91 9746065242

mappilaheritagelibrary.com

മാതൃകയാണ്. ഇതത്ര എളുപ്പമല്ലായിരിക്കാം. എന്നാൽ ഇന്ത്യയുടെ ആൺമക്കൾക്കും പെൺമക്കൾക്കും വിലപിടിച്ച ഒന്നാണിത്.'

ഇന്ത്യയിലെ വിവിധ സമുദായങ്ങൾ ഒത്തൊരുമിച്ചു കഴിയണമെന്നു മുഹമ്മദലി ശക്തമായി അഭിപ്രായപ്പെട്ടു. അദ്ദേഹം തന്റെ ആത്മകഥയിൽ എഴുതുന്നു.

'നമ്മുടെ രാജ്യത്ത് കോടിക്കണക്കായ ജനങ്ങൾ മതവുമായി തീവ്രമായി ഇണങ്ങിച്ചേർന്നുകൊണ്ടു തന്നെ, ഒട്ടനേകം സമുദായങ്ങളും ജാതികളും വിഭാഗങ്ങളുമായി വേർതിരിഞ്ഞു ജീവിക്കുകയാണ്. ഈ സുപ്രധാനമായ പ്രശ്നത്തിനു പരിഹാരം കണ്ടെത്തി ഒരു പുതിയ സങ്കലനം നേടിയെടുക്കേണ്ട മഹത്തായ ദൗത്യം ദൈവികമായി നമ്മുടെ മുന്നിലുണ്ട്. വിവിധ മതവിശ്വാസങ്ങളുടെ ഒരു ഫെഡറേഷനായിരിക്കണം അത്.'

തന്റെ ജീവിതകാലം മുഴുവൻ ഈയൊരു ലക്ഷ്യത്തിനു വേണ്ടിത്തന്നെയായിരുന്നു മൗലാനാ പ്രവർത്തിച്ചത്. അന്നത്തെ ബ്രിട്ടീഷ് ഭരണം കൽക്കത്തയിൽ നിന്നും ആസ്ഥാനം ഡൽഹിയിലേക്ക് മാറ്റിയപ്പോൾ മൗലാനയും കോമ്രേഡുമായി ഡൽഹിക്കു മാറി.

കോമ്രേഡിനു പുറമേ 1913-ൽ മുഹമ്മദലി ഒരു ഉർദു പത്രവും തുടങ്ങി, 'ഹംദർദ്'. വടക്കെ ഇന്ത്യയിലെ സാധാരണക്കാരായ പതിനായിരങ്ങൾ ഹംദർദിന്റെ വായനക്കാരായിരുന്നു. ഹംദർദിന്റെ പത്രാധിപർ മൗലാന തന്നെയായിരുന്നുവെങ്കിലും, ശമ്പളവും ആദായത്തിൽ ഒരംശവും പത്രാധിപസമിതി അംഗങ്ങൾക്ക് വിഹിതമായി നൽകുന്ന മാതൃകായോഗ്യമായ നടത്തിപ്പാണ് ഹംദർദിലൂടെ അദ്ദേഹം കാഴ്ചവെച്ചത്. അന്നത്തെ പ്രസിദ്ധ ഉർദു എഴുത്തുകാരനായിരുന്ന 'ജം ഹൂറി'യുടെ പത്രാധിപർ ഖാസി അബ്ദുൽ ഗഫാർ, 'സച്ച്' മാസികയുടെ അധിപൻ അബ്ദുൽ മജീദ് ദർയാബാദി, തുടങ്ങിയവർ ഹംദർദിന്റെ പത്രാധിപസമിതി അംഗങ്ങളായിരുന്നു. കോമ്രേഡും ഹംദർദും അടങ്ങാത്ത സ്വാതന്ത്ര്യ ദാഹവും, മുസ്ലിം രാജ്യങ്ങളിലെ സംഭവവികാസങ്ങളിലുള്ള തീവ്രവികാരവും പ്രകടിപ്പിച്ചുകൊണ്ടിരുന്നു.

1911 മുതൽ ഇന്ത്യയിൽ നടന്ന രാഷ്ട്രീയ സംഭവങ്ങളിൽ മുഹമ്മദലിയുടെ വ്യക്തിമുദ്ര പതിഞ്ഞതായിരുന്നു. 1912-ൽ കാൺപൂരിൽ ഒരു പുതിയ റോഡ് വെട്ടുന്നതിന്റെ പേരിൽ ഒരു

For Group Contact us +91 9746065242

mappilaheritagelibrary.com

പള്ളി പൊളിച്ചുമാറ്റുന്ന പ്രശ്നമുണ്ടായി. അവിടുത്തെ മുൻസിപ്പാലിറ്റി പള്ളിയുടെ ഒരു ഭാഗം പൊളിച്ചുമാറ്റി. ക്ഷുഭിതരായ മുസ്ലിംകൾ അതിനെതിരായി പ്രക്ഷോഭം കൂട്ടി. പൊളിഞ്ഞ പള്ളിയുടെ സാധനങ്ങൾ പെറുക്കിയെടുത്ത് പുനർനിർമ്മാണത്തിന് മുതിർന്ന മുസ്ലിം യുവാക്കളുടെ നേരെ ലാത്തിച്ചാർജ്ജും വെടിവെയ്പ്പുമുണ്ടായി. കുറേപേർ മരിച്ചു. ഒട്ടേറെ പേർ അറസ്റ്റിലായി. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലുള്ള മുസ്ലിം അഭിഭാഷകർ കാൺപൂരിൽ പറന്നെത്തി. അറസ്റ്റ് ചെയ്യപ്പെട്ടവർക്കുവേണ്ടി കോടതിയിൽ വാദിച്ചു. പിന്നീട് വൈസ്രോയിയുടെ എക്സിക്യൂട്ടീവ് കൗൺസലിൽ അംഗമായിരുന്ന മസ്ഹമൽ ഹഖ് പോലും സ്വന്തം സമുദായത്തിനുവേണ്ടി ശബ്ദമുയർത്തി.

ഈ പ്രശ്നത്തിൽ ഒരു അനുരജ്ഞനത്തിനായി ആഗ്രഹിച്ച മുഹമ്മദലി ആദ്യമൊന്നും തന്റെ പത്രത്തിൽ ഇതിനെപ്പറ്റി ഒന്നും എഴുതിയില്ല. കാര്യം പരിഹരിക്കുന്നതിൽ അധികൃതർ വീഴ്ചവരുത്തുകയും തന്റെ സുഹൃത്തും അന്നത്തെ യു.പി. ലഫ്റ്റനന്റ് ഗവർണ്ണറുമായിരുന്ന സർ ജയിംസ് മെസ്സൻ തന്റെ കർത്തവ്യം നിറവേറ്റുന്നതിൽ വിഘ്നം വരുത്തുകയും ചെയ്തപ്പോൾ മുഹമ്മദലി തന്റെ മൗനം ഭഞ്ജിച്ചു. കത്തിടപാടുകളും സൗഹൃദനീക്കങ്ങളും പരാജയപ്പെട്ടതിനെ തുടർന്നു അദ്ദേഹം പ്രക്ഷോഭത്തിനിറങ്ങി.

കോമ്രേഡിലെ ലേഖനങ്ങളിലൂടെയും നിവേദകസംഘങ്ങളുടെ പ്രവർത്തനങ്ങളിലൂടെയും ഗവർണ്ണറെ സമുദായികവികാരം ബോദ്ധ്യപ്പെടുത്താനുള്ള ശ്രമം പരാജയപ്പെട്ടു. തുടർന്നു പ്രക്ഷോഭം ശക്തിപ്പെട്ടു. ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ ആസ്ഥാനമായ ലണ്ടനിലേക്ക് മുഹമ്മദലിയും പ്രസിദ്ധ നിയമപണ്ഡിതനായിരുന്ന സർ വസീർ ഹസനും പുറപ്പെട്ടു. ലണ്ടൻ ടൈംസും അതുപോലെയുള്ള സാമ്രാജ്യപത്രങ്ങളും അന്നുണ്ടാക്കിത്തീർത്ത തെറ്റിദ്ധാരണകൾ നീക്കാനും ഇതുവഴി സാധിച്ചു. 'മാത്രമല്ല മുഹമ്മദലിയും വസ്സീർ ഹസ്സനും ലണ്ടനിൽ നടത്തിയ ശ്രമങ്ങളെ തുടർന്ന് വൈസ്രോയി ഹാർഡിഞ്ച് പ്രഭു 1913 ഒക്ടോബർ 13-നു കാൺപൂർ സന്ദർശിക്കുകയും പൊളിച്ചുമാറ്റിയ പള്ളിയുടെ ഭാഗം പുതുക്കിപ്പണിയാൻ ഉത്തരവിടുകയും ചെയ്തു. ബോംബെയിൽ

For Group Contact us +91 9746065242

mappilaheritagelibrary.com

തിരിച്ചെത്തിയ മുഹമ്മദലിക്കും വസീർ ഹസനും മുസ്ലിംകൾ വമ്പിച്ച വരവേൽപ്പ് നൽകി. സ്വീകരണ യോഗത്തിൽ അന്നത്തെ കോൺഗ്രസ് നേതാവും പിന്നീട് പാക്കിസ്ഥാന്റെ ശിൽപ്പിയുമായിത്തീർന്ന മുഹമ്മദലി ജിന്ന അദ്ധ്യക്ഷനായിരുന്നു.

1911 മുതൽ 1915 വരെ ഇന്ത്യൻ രാഷ്ട്രീയരംഗം സംഭവബഹുലമായിരുന്നു. 1911-ൽ തുർക്കിയുടെ അധീനതയിലായിലുണ്ടായിരുന്ന ട്രിപ്പോളി (ഇപ്പോഴത്തെ ലിബിയയുടെ തലസ്ഥാനം) ഇറ്റലി ആക്രമിച്ചതോടുകൂടിയാണ് ഇന്ത്യൻ രാഷ്ട്രീയരംഗത്ത് മുസ്ലിംകളുടെ സംയുക്ത സംരംഭങ്ങൾക്ക് തുടക്കമിട്ടത്.

അന്ന് തുർക്കി സാമ്രാജ്യം മുസ്ലിംകളെ സംബന്ധിച്ചിടത്തോളം ജീവൽപ്രധാനമായിരുന്നു. വിശുദ്ധ മക്കയും മദീനയും ഉൾപ്പെടുന്ന പുണ്യസ്ഥലങ്ങൾ തുർക്കി സുൽത്താന്മാരുടെ ഭരണാധികാരത്തിലായിരുന്നതാണ് ഇതിനു കാരണം. ഈജിപ്തും, പേർഷ്യയും, മൊറോക്കോയുമെല്ലാം അന്ന് അറിയപ്പെടുന്ന മുസ്ലിം രാജ്യങ്ങളായിരുന്നുവെങ്കിലും അന്ന് തുർക്കിക്കായിരുന്നു പ്രാമുഖ്യം. യൂറോപ്പിലും ഏഷ്യയിലുമായി വ്യാപിച്ചുകിടന്നിരുന്നു തുർക്കി സുൽത്താന്റെ ഭരണം.

തുർക്കി സുൽത്താന് 'ഖലീഫ' എന്ന സ്ഥാനപ്പേരുണ്ടായിരുന്നു. സുൽത്താൻ അബ്ദുൽ ഹമീദ് രണ്ടാമനായിരുന്നു ഖലീഫ. 1980-ൽ പാശ്ചാത്യ ജീവിതരീതിയിൽ നിമഗ്നരായ കുറെ ചെറുപ്പക്കാർ രാജകീയ ഭരണത്തിനെതിരായി തുർക്കിയിൽ ഒരു വിപ്ലവം നടത്തി. സുൽത്താൻ അധികാരം തുടർന്നെങ്കിലും പട്ടാളത്തിന്റെ മേധാവിത്വം ഈ യുവതുർക്കികൾക്കായിരുന്നു. തുർക്കി ഭരണാധികാരത്തിൽ തുർക്കി വംശജർ മാത്രമായിരുന്നില്ല. അർമേനിയക്കാരും, അൽബേനിയക്കാരും, ബൾഗേറിയക്കാരും സെർബുവംശജരുമെല്ലാം ഉണ്ടായിരുന്നു. യുവതുർക്കികൾക്കു ജനങ്ങളിലുള്ള അതൃപ്തിക്ക് പരിഹാരം കാണാനോ ജനങ്ങളിലുള്ള വിവിധ വംശജരെ ഒന്നായി നിർത്താനോ കഴിഞ്ഞില്ല. അതേസമയം മുസ്ലിം ലോകത്തിന്റെ ആദർശത്തിന് അടിസ്ഥാനമായ ഖലീഫാ സ്ഥാനം സുൽത്താന്റെ പേരിൽ തുർക്കിയിൽ നിലനിൽക്കുകയും ചെയ്തു.

ഇറ്റലിക്ക് വളരെ മുമ്പേ തുർക്കിയോട് വിരോധമായിരുന്നു. തുർക്കിയുടെ അധീശപ്രദേശങ്ങളിലെ ജനങ്ങളുടെ അസന്തുഷ്ടി

For Group Contact us +91 9746065242

mappilaheritagelibrary.com

മുതലെടുത്ത ഇറ്റലി 1911 സെപ്തംബറിൽ ട്രിപ്പോളി ആക്രമിച്ചു. ട്രിപ്പോളി ഇറ്റലിയുടേതാണെന്നായിരുന്നു അവരുടെ വാദം. ഈ യുദ്ധത്തിനിടയിൽ തുർക്കിയിലുള്ള ക്രിസ്ത്യാനികൾ, ബൾഗേറിയക്കാർ, ഗ്രീക്കുകാർ എന്നിവർ കൂട്ടക്കൊല ചെയ്യപ്പെട്ടതായി മാത്രമല്ല ബാൾക്കൻ രാജ്യങ്ങളാണെന്നറിയപ്പെടുന്ന മോണെനെഗ്രോ സെർബിയ, ബൾഗേറിയ, ഗ്രീസ് എന്നീ രാജ്യങ്ങൾ സംയുക്തമായി തുർക്കിക്കെതിരായി 1912 ഒക്ടോബറിൽ യുദ്ധം പ്രഖ്യാപിച്ചു. തുർക്കിക്ക് ഇറ്റലിയെ നേരിടാൻ ഈജിപ്തിലൂടെ കടക്കണമായിരുന്നു. എന്നാൽ ബ്രിട്ടന്റെ അധീനതയിലുണ്ടായിരുന്ന ഈജിപ്തിലൂടെ കടന്ന് ഇറ്റലിയെ നേരിടാൻ ബ്രിട്ടൻ തുർക്കിക്ക് അനുമതി നൽകിയില്ല.

1913 മെയ് 30 നു ലണ്ടൻ കരാറിലൊപ്പുവെച്ചുകൊണ്ട് യുദ്ധവിരാമമുണ്ടായെങ്കിലും തുർക്കിയുടെ അധികാരപരിധി ചുരുങ്ങി. യൂറോപ്പിലെ തുർക്കിയുടെ അധികാരപരിധി കുറക്കുകയും ഏഷ്യാ മൈനർ, അർമീനിയ, അൽബേനിയ, മെസപൊട്ടോമിയ, സിറിയ, ഫലസ്തീൻ, അറേബ്യ എന്നീ ഭൂപ്രദേശങ്ങൾ ഉൾക്കൊള്ളുന്ന ഏഴുലക്ഷം ചതുരശ്രനാഴിക വിസ്തീർണ്ണമുള്ള താക്കി തുർക്കി ഖലീഫ ഭരണത്തെ ഒതുക്കി നിർത്തുകയുമാണ് ലണ്ടൻ കരാറിലൂടെ യൂറോപ്യൻ ശക്തികൾ ചെയ്തത്.

സത്യത്തിൽ തുർക്കിയുടെ മേൽ ഒരു യുദ്ധം കെട്ടിവെക്കുകയും ഇറ്റലി ട്രിപ്പോളിയിൽ കൂട്ടക്കൊല നടത്തുകയുമാണുണ്ടായത്. തുർക്കി അനുഭവിച്ച യാതനകൾ ഇന്ത്യൻ മുസ്ലിമിനെ വേദനിപ്പിച്ചു. ട്രിപ്പോളിയിലെ കൂട്ടക്കൊല ഇന്ത്യൻ മുസ്ലിമിന്റെ ഹൃദയത്തെ നൊമ്പരപ്പെടുത്തി. ലോക മുസ്ലിംകളുടെ മുഴുവൻ ശ്രദ്ധാബിന്ദുവും വിശുദ്ധ ഭൂമികളുടെ കൈകാര്യകർത്താവായ തുർക്കിയുടെ സുൽത്താൻ എന്ന ഖലീഫയെ പുറന്തള്ളാനുള്ള ഒരു ശ്രമത്തിന്റെ ഭാഗമായി ഇന്ത്യയിലെ ഏഴരക്കോടി മുസ്ലിംകൾ അതിനെ കണക്കാക്കി. അതോടെ ഖലീഫയെ രക്ഷിക്കാനുള്ള 'ഖിലാഫത്ത്' പ്രസ്ഥാനവും ഇന്ത്യയിൽ ഉദയംകൊണ്ടു.

ബാൾക്കൻ യുദ്ധവും തുർക്കിയിലെ മാറ്റങ്ങളും നടന്നുകൊണ്ടിരിക്കെ ഇന്ത്യയിലെ രാഷ്ട്രീയം സംഭവബഹുലമായ ഒരു കാലഘട്ടത്തിലൂടെ കടന്നുവരികയായിരുന്നു. 1905 മുതൽ

For Group Contact us +91 9746065242

mappilaheritagelibrary.com

ഒന്നാം ലോകമഹായുദ്ധം ആരംഭിച്ച 1914 വരെയുള്ള കാലഘട്ടത്തിൽ ഇന്ത്യൻ രാഷ്ട്രീയരംഗം മാറ്റങ്ങളുടെ വേലിയേറ്റങ്ങൾ കണ്ടു.

ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൽ രണ്ടു വിഭാഗക്കാരുണ്ടായി. ഇന്ത്യക്ക് പൂർണ്ണ സ്വരാജ് കിട്ടണമെന്ന് ഒരു കൂട്ടർ വാദിച്ചു. ബ്രിട്ടീഷ് സാമ്രാജ്യത്തിനകത്ത് നിയന്ത്രിത ഭരണാധികാരം മതിയെന്നായിരുന്നു മറ്റൊരു കൂട്ടരുടെ അഭിപ്രായം. തീവ്രവാദി വിഭാഗമെന്നറിയപ്പെടുന്ന ആദ്യ ഗ്രൂപ്പിന്റെ നേതാവ് ബാലഗംഗാധര തിലകനായിരുന്നു. അദ്ദേഹം വിദേശ വസ്തുക്കൾ ബഹിഷ്കരിക്കുക എന്ന ലക്ഷ്യത്തോടെ സ്വദേശി പ്രസ്ഥാനത്തിനു തുടക്കം കുറിച്ചു. 'ഗണപതി ഉൽസവങ്ങൾ ഒരു ദേശീയച്ചടങ്ങാക്കി അദ്ദേഹം ഇന്ത്യയിലെ സാധാരണ ജനങ്ങൾക്കിടയിൽ തന്റെ ആശയമെത്തിക്കാനുള്ള വഴി കണ്ടെത്തിയെന്നും ശിവജി ഉൽസവം ഉദ്ഘാടനം ചെയ്യുകയും, 1906-ൽ ശിവജിയെന്ന മഹാനായ മറാത്തിയെ ദേശീയ ഹീറോ ആയി ബംഗാൾ ബഹുമാനിച്ചെന്നും 'ഇന്ത്യയുടെ സ്വാതന്ത്ര്യ സമരം' എന്ന ഗ്രന്ഥത്തിൽ പീറ്റർ ഹീഹ്സ് രേഖപ്പെടുത്തിയിട്ടുണ്ട്. 'സ്വരാജ്' എന്റെ ജന്മാവകാശമാണ് എനിക്കത് വേണമെന്ന് തിലക് പ്രഖ്യാപിച്ചു.

മിതവാദി വിഭാഗം ഗോപാലകൃഷ്ണ ഗോഖലെയുടെ നേതൃത്വത്തിലായിരുന്നു. സ്വദേശി പ്രസ്ഥാനത്തെ അവർ അനുകൂലിച്ചിരുന്നുവെങ്കിലും പൂർണ്ണ സ്വാതന്ത്ര്യത്തിനു ആവശ്യപ്പെടാൻ സമയമായിട്ടില്ലെന്നായിരുന്നു അവരുടെ നിലപാട്. ഭ്രാന്താശുപത്രിക്ക് വെളിയിൽ ഭ്രാന്തൻമാർ മാത്രമേ സ്വാതന്ത്ര്യത്തെപ്പറ്റി പറയൂ എന്നായിരുന്നു ഗോഖലെയുടെ പക്ഷം.

1905 ലെ ഒരു വലിയ സംഭവമായിരുന്നു ബംഗാൾ വിഭജനം. പ്രഭുവിന്റെ ഭരണകാലത്ത് ബ്രിട്ടീഷ് ഭരണാധികാരികൾ ഇന്തയിൽ പല ഭരണ പരിഷ്കാരങ്ങളും കൊണ്ടുവന്നു. ആ കൂട്ടത്തിൽ കഴ്സന്റെ തലച്ചോറിൽ നിന്ന് വന്ന ഒരു ആശയമായിരുന്നു ബംഗൾ വിഭജനം. അന്നത്തെ ബംഗാൾ പ്രസിഡൻസിയിൽ ഇപ്പോഴത്തെ പശ്ചിമബംഗാൾ മാത്രമല്ല, ഇന്നു ബംഗ്ലാദേശായി അറിയപ്പെടുന്ന കിഴക്കൻ ബംഗാളും ബീഹാറും ഒറീസ്സയുടെ വലിയൊരു ഭാഗവും ഉൾപ്പെട്ടിരുന്നു. വലിയ ഭൂപ്രദേശമായതിനാൽ ഭരണവികസന കാര്യങ്ങളിൽ ശ്രദ്ധിക്കാൻ പ്രയാസമുണ്ടെന്ന കാരണത്താൽ

For Group Contact us +91 9746065242

mappilaheritagelibrary.com

ബംഗാൾ പ്രവിശ്യ വിഭജിക്കാനുള്ള ഒരു പദ്ധതി കഴ്സൺ ആവിഷ്കരിച്ചു. ബംഗാളി ഭാഷ സംസാരിക്കുന്ന ബംഗാളിനെ കിഴക്കും പടിഞ്ഞാറുമാക്കി ഭാഗിച്ചു ഒന്നിന്റെ കൂടെ ബീഹാറും ഒറീസ്സയും മറ്റൊന്നിന്റെ കൂടെ ആസ്സാമും ചേർക്കുന്ന വിഭജനമായിരുന്നു പദ്ധതി. വളരെക്കാലം ഇത് ആരുമറിയാതെ സ്വകാര്യമാക്കിവെച്ചു. എന്നാൽ 1905 ഒക്ടോബർ 16-നു ബംഗാൾ വിഭജനം നടന്നപ്പോൾ ബംഗാളിലെ ഹിന്ദു സമുദായം പൊട്ടിത്തെറിച്ചു.

മുസ്ലിംകളിൽ ഒരു വിഭാഗം ബംഗാൾ വിഭജനം മുസ്ലിം സമുദായത്തിന് ഗുണം ചെയ്യുമെന്ന് കരുതി. അന്നത്തെ ഡാക്കാ നവാബായിരുന്ന നവാബ് ബഹദൂറിനെപ്പോലുള്ളവർ ബംഗാൾ വിഭജനത്തിന്റെ അനുകൂലികളായിരുന്നു.

കഴ്സൺപ്രഭു തന്റെ വിഭജന പദ്ധതി അംഗീകരിപ്പിക്കാൻ മുസ്ലിംകളെ കൂട്ടുപിടിക്കാനും ശ്രമിച്ചു. നവാബ് സമീഉല്ലയെപ്പോലുള്ള അന്നത്തെ ചില നേതാക്കൻമാർ ആദ്യം എതിർത്തത് പിന്നീട് മാറ്റിപ്പറഞ്ഞു. എന്നാൽ മറ്റുചില ബംഗാൾ മുസ്ലിം പ്രമുഖരായിരുന്ന ലിയാഖത്ത് ഹസ്സൻ, സമീഉല്ലയുടെ സഹോദരൻ നവാബ് സാദാ ഖാജാ അതീഖുല്ല തുടങ്ങിയവർ ബംഗാൾ വിഭജനത്തെ എതിർക്കുകയും ഹിന്ദുക്കളേയും മുസ്ലിംകളേയും ഭിന്നിപ്പിച്ചു ഭരിക്കുക എന്ന ബ്രിട്ടീഷ് തന്ത്രമാണെന്ന് തുറന്നുപറയുകയും ചെയ്തു. സുരേന്ദ്രനാഥ് ബാനർജി തുടങ്ങിയ ബംഗാളിലെ കോൺഗ്രസ്സ് നേതാക്കളോടൊപ്പം അവർ ബംഗാളിന്റെ വിഭജനത്തിനെതിരായ പ്രക്ഷോഭത്തിൽ സജീവമായി പങ്കെടുത്തു.

കഴ്സന്റെ വിഭജനനയം ബംഗാളിൽ ഹിന്ദു മുസ്ലിം വർഗ്ഗീയ കലാപമുണ്ടാക്കി. കിഴക്കൻ പ്രദേശങ്ങളിലെ മുസ്ലിംകൾ അതിനെ അനുകൂലിച്ചെങ്കിലും പടിഞ്ഞാറൻ പ്രദേശങ്ങൾ എതിർത്തു. വളരെക്കാലം ബംഗാളിൽ ഒരു ഉയർന്ന ഉദ്യോഗസ്ഥനായിരുന്ന സർ ഹെൻറി കോട്ടൻ കഴ്സന്റെ വിഭജന നയത്തെ എതിർത്തുകൊണ്ട് തന്റെ ഇന്ത്യൻ സ്മരണകളിൽ ഇങ്ങനെ എഴുതുന്നു:

'ചരിത്രത്തിലാദ്യമായി മതപരമായ സംഘട്ടനം (രണ്ടു സമുദായങ്ങൾ തമ്മിൽ) ബംഗാൾ പ്രവിശ്യയുടെ വിഭജനം കൊണ്ടുണ്ടായിത്തീർന്നു. ആദ്യമായി ഔദ്യോഗിക വൃത്തങ്ങളിലും ആ തത്വത്തിനും രൂപം നൽകി: ഭിന്നിപ്പിച്ചു ഭരിക്കുക!'

For Group Contact us +91 9746065242

mappilaheritagelibrary.com

കഴ്സൺ പ്രഭു നാടുവിട്ടു. പകരം മിന്റോ പ്രഭു അധികാരമേറ്റെടുത്തു. വൈസ്രോയി ആയ ഉടൻ മിന്റോ പ്രഭു അന്നത്തെ ബ്രിട്ടീഷ് മന്ത്രിസഭയിലെ ഇന്ത്യാ സെക്രട്ടറിയായിരുന്ന മോർലി പ്രഭുവിനെ ഇന്ത്യയിലെ ബഹുജന പ്രക്ഷോഭത്തിന്റെ രൂപമറിയിച്ചു. വളരെക്കാലം ശ്രമിച്ചാൽ ആവാത്ത നേട്ടം ബംഗാൾ വിഭജനം കൊണ്ട് കോൺഗ്രസ് നേടിയെടുത്തു എന്നായിരുന്നു അദ്ദേഹത്തിന്റെ പക്ഷം.

ഈ കാലഘട്ടത്തിൽ ഇന്ത്യയിൽ ഉദിച്ചുയർന്ന ഒരു മുസ്ലിം രാഷ്ട്രീയ പ്രസ്ഥാനമാണ് മുസ്ലിംലീഗ്. ആദ്യകാലങ്ങളിൽ ധനികരും സമുദായസ്നേഹികളുമായ പ്രമുഖൻമാർ രൂപംകൊടുത്ത മുസ്ലിംലീഗിനു പിൽക്കാലത്ത് ഇന്ത്യൻ രാഷ്ട്രീയരംഗത്ത് അവിസ്മരണീയമായ ഒരു കാലഘട്ടം പിന്നിടുണ്ടായി.

1906 ഡിസംബർ 03-നു ബംഗാൾ വിഭജനം കൊണ്ട് രാഷ്ട്രീയ പ്രക്ഷോഭം നടക്കുന്ന കേന്ദ്രബിന്ദുവായ ഡാക്കയിൽ സമീഉല്ലാഖാൻ, നവാബ് വഖാറുൽ മുൽക്ക്, ആഗാഖാൻ എന്നിവരുടെ നേതൃത്വത്തിൽ മുസ്ലിംലീഗ് രൂപംകൊണ്ടു. ആദ്യകാലങ്ങളിൽ ഇന്ത്യക്ക് സ്വാതന്ത്ര്യം വേണമെന്നതിനേ ക്കാളേറെ ബ്രിട്ടീഷ് ഭരണത്തോട് കൂറു നിലനിർത്തി മുസ്ലിം സമുദായത്തിന് ഭരണകാര്യങ്ങളിൽ ആവശ്യമായ പ്രാതിനിധ്യം ഇല്ലാത്തതിനെ തുടർന്നുള്ള പ്രശ്നപരിഹാരമായിരുന്നു ലീഗിന്റെ ലക്ഷ്യം. മിന്റോ പ്രഭുവിന്റെ ഭരണകാലം മുസ്ലിംകൾക്ക് വളരെ നേട്ടങ്ങൾ ലഭിച്ചുവെന്നത് ഒരു വസ്തുതയാണ്. എന്നാൽ 1911-ൽ ഇന്ത്യാ വൈസ്രോയി ആയി വന്ന ഹാർഡിഞ്ച് പ്രഭു പൊതുജനാഭിപ്രായം മാനിച്ചുകൊണ്ട് ബംഗാൾ വിഭജനം റദ്ദ് ചെയ്തതിൽ മുസ്ലിംകളിൽ ഒരു വിഭാഗത്തിന് പ്രതിഷേധവുമുണ്ടായിരുന്നു. അതിലെല്ലാമുപരി ബാൾക്കൻ യുദ്ധത്തിൽ തുർക്കി ഖലീഫക്കും തുർക്കിയിലെ സഹോദരൻമാർക്കുണ്ടായ കഷ്ട നഷ്ടങ്ങളിലായിരുന്നു ഇന്ത്യൻ മുസ്ലിംകൾ ഒന്നടങ്കം വേദനിച്ചത്. സ്വരാജ് പ്രമേയം മുസ്ലിംലീഗ് അംഗീകരിച്ചതോടെ കർമ്മോൻമുഖമായ രാജ്യസ്നേഹത്തിന്റെ തീവ്രവികാരം അതിൽ ജ്വലിച്ചുകണ്ടു. ഇന്ത്യയിൽ മുസ്ലിംകൾ എല്ലാവരും ഒന്നടങ്കം, വിശിഷ്യാ രണ്ടു പ്രബല രാഷ്ട്രീയ പ്രസ്ഥാനങ്ങൾ കോൺഗ്രസ്സും മുസ്ലിംലീഗും ഒരേ ലക്ഷ്യംവെച്ചുകൊണ്ടുള്ള രാഷ്ട്രീയ പ്രയാണമാരംഭിച്ചു.

For Group Contact us +91 9746065242

mappilaheritagelibrary.com

1913-ലെ ലണ്ടൻ ഉടമ്പടി തുർക്കിയിൽ പ്രതികാരവാഞ്ജ വളർത്തി അന്ന് ജർമ്മനി ബ്രിട്ടനടക്കം മറ്റു പാശ്ചാത്യ രാജ്യ മേൽക്കോയ്മക്ക് എതിരായി നീക്കങ്ങൾ നടത്തുകയായിരുന്നു. തുർക്കി ഭരണത്തിലെ പ്രമുഖരായിരുന്ന തൽത്തുപാഷ, അൻവർ പാഷ എന്നിവർ പരോക്ഷമായും ജർമ്മനിയെ സഹായിച്ചു കൊണ്ടിരുന്നു. ജർമ്മനിയുടെ യുദ്ധ സന്നാഹങ്ങളിൽ തുർക്കിയുടെ ഒരുക്കങ്ങൾ ബ്രിട്ടീഷ് സാമ്രാജ്യ ശക്തി ശ്രദ്ധയോടെ വീക്ഷിക്കുകയും ചെയ്തു. .

II

1914 ഓഗസ്തിൽ യൂറോപ്പിൽ ഒന്നാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടു. ബ്രിട്ടീഷുകാരും ജർമ്മനിയും തമ്മിലായിരുന്നു തുടക്കം. വെറും രണ്ടു വർഷം മുമ്പ് തുർക്കിയുടെ ദുരിതങ്ങളിൽ സഹായധനം സ്വരൂപിക്കുകയും ഡോ. അൻസാരിയുടെ നേതൃത്വത്തിൽ ഒരു മെഡിക്കൽ മിഷനെ ധാരാളം മരുന്നുകളുമായി അയക്കുകയും ചെയ്ത അലി സഹോദരൻമാരുടെ നേതൃത്വത്തിലു ണ്ടായിരുന്ന മുസ്ലിം നേതൃത്വം ഒരു ലോക യുദ്ധത്തിൽ തുർക്കിയെക്കുറിച്ചോർത്തു വിഷമിച്ചു. തുർക്കി സുൽത്താന്റെ ഭരണത്തിനു കീഴിൽ ഒന്നരകോടി മുസ്ലിംകളും, ബ്രിട്ടീഷ് സാമ്രാജ്യത്തിനു കീഴിലുണ്ടായിരുന്ന അന്നത്തെ ഇന്ത്യയിൽ ഏഴേകാൽ കോടി മുസ്ലിംകളുമാണുണ്ടായിരുന്നത്. ബ്രിട്ടൻ യുദ്ധത്തിൽ പങ്കെടുത്താൽ സ്വാഭാവികമായും അത് കോളനിയായ ഇന്ത്യക്കും ബാധകമാവും. ഒരു കോളനിക്ക് രാജഭക്തി കാണിക്കുകയും വേണം. ഇവിടെ ഒരു അമുസ്ലിം ഭരണാധികാരത്തോടുള്ള കൂറും മതത്തിന്റെ പേരിലുള്ള സംഘട്ടനവും നടക്കുമ്പോൾ അതൊരിക്കലും പരസ്പര വൈരുദ്ധ്യമുള്ള ഒന്നല്ല എന്നായിരുന്നു മൗലാനാ മുഹമ്മദലിയുടെ നിലപാട്.

ഒന്നാം ലോകമഹായുദ്ധത്തിൽ തുർക്കി ബ്രിട്ടനെതിരായി ചേരുന്നത് ശരിയല്ലെന്ന് മുഹമ്മദലി ഉറച്ചു വിശ്വസിച്ചു. അതിന് മർമ്മപ്രധാനമായ രണ്ട് കാര്യങ്ങൾ അദ്ദേഹം കോമ്രേഡിലൂടെ വിശദീകരിക്കുകയും ചെയ്തു. ഒന്ന്, ബാൾക്കൻ യുദ്ധത്തിൽ തുർക്കിക്കെതിരായി ഇറ്റലിയെ ഇറക്കിവിട്ടത് ജർമ്മനിയായിരുന്നു.

For Group Contact us +91 9746065242

mappilaheritagelibrary.com

മറ്റൊന്ന് തുർക്കി ബ്രിട്ടനെതിരായി യുദ്ധം ചെയ്താൽ ലോകത്തിലെ ഏറ്റവുമധികം മുസ്‌ലിം ജനസംഖ്യയുള്ള ഇന്ത്യയിലെ മുസ്‌ലിം സമുദായത്തെ അത് വിഷമിപ്പിക്കും. തുർക്കി മന്ത്രി തൽഅത്ത് പാഷക്ക് മുഹമ്മദലിയും ഡോ. അൻസാരിയും കമ്പി അടിച്ചു.

അതിനിടക്ക് മറ്റൊരു സംഭവമുണ്ടായി. ലണ്ടൻ ടൈംസ് പത്രം പ്രസിദ്ധീകരിച്ച തുർക്കികളുടെ 'നിഷ്പക്ഷത'യെ അപഹസിച്ചുകൊണ്ടുള്ള ഒരു ലേഖനത്തെ വിമർശിച്ചുകൊണ്ടു മുഹമ്മദലി 'കോമ്രേഡ്' പത്രത്തിൽ 1914 സെപ്തംബർ 24-ന് 'തുർക്കികളുടെ ഇഷ്ടം' എന്ന ശീർഷകത്തിലൊരു ലേഖനം എഴുതി. ബ്രിട്ടീഷ് ഭരണകൂടം ആ ലേഖനത്തിന്റെ പേരിൽ കോമ്രേഡ് കണ്ടുകെട്ടുകയും രണ്ടായിരം ഉറുപ്പിക ജാമ്യത്തുക ആവശ്യപ്പെടുകയും ചെയ്തു. ഇംഗ്ലണ്ടിലെ ന്യൂ സ്റ്റേറ്റ്മാൻ, മോർണിംഗ് ന്യൂസ് എന്നീ പത്രങ്ങൾ ഈ നടപടിയെ വിമർശിച്ചു. സി.എഫ്. ആൻഡ്രൂസിനെപ്പോലുള്ള പ്രമുഖ എഴുത്തുകാരൻ 'മുഹമ്മദലി സത്യം മാത്രമേ പറഞ്ഞിട്ടുള്ളൂ എന്ന് പോലും എഴുതി'. എന്നാൽ യുദ്ധപ്പനി പിടിച്ച ബ്രിട്ടീഷ് രാജിന് അതൊന്നും ചെവിക്കൊള്ളാൻ കഴിഞ്ഞില്ല.

ലോകമഹായുദ്ധമാരംഭിച്ചു രണ്ടുമാസം വരെ തുർക്കി അതിന്റെ നിഷ്പക്ഷനയം തുടർന്നു. എന്നാൽ തുർക്കി, സൈന്യത്തിനു അപ്പോഴേക്കും ജർമ്മൻ സൈനികമേധാവികൾ പരിശീലനം നൽകിവരികയായിരുന്നു. അപ്പോൾ തുർക്കിയിലെ യുദ്ധകാര്യ മന്ത്രി, അൻവർ പാഷ പഴയകാലം മുതൽ ജർമ്മനിയിൽ സൈനിക അറ്റാഷെയായി പ്രവർത്തിച്ച ആളെന്ന നിലക്ക് ജർമ്മൻ സൈനിക നേതാക്കളുമായി ഉറ്റബന്ധം പുലർത്തിവന്നിരുന്നു. ബാൾക്കൻ യുദ്ധത്തിൽ മുറിവേറ്റ തുർക്കിപ്പുലികൾ എന്തിനും സന്നദ്ധരായിരുന്നു. യുവതുർക്കികൾ ഭരണത്തിൽ കൂടുതൽ സ്വാധീനവും ചെലുത്തി.

തുർക്കിയും ജർമ്മനിയുമായുള്ള സഖ്യം കാരണം രണ്ട് ജർമ്മൻ യുദ്ധക്കപ്പലുകൾ ബോസ്ഫാസിലൂടെ കരിങ്കടലിൽ കടന്നുവരാൻ തുർക്കി അനുവാദം കൊടുത്തു. ജർമ്മൻകാർ റഷ്യൻ തുറമുഖങ്ങളിൽ ബോംബിട്ടു. ഈ സംഭവങ്ങളെ തുടർന്ന് റഷ്യയും ഫ്രാൻസും ബ്രിട്ടനും 1914 നവംബറിൽ തുർക്കിക്കെതിരായി യുദ്ധം പ്രഖ്യാപിച്ചു.

For Group Contact us +91 9746065242

mappilaheritagelibrary.com

തുർക്കിക്കെതിരായി ബ്രിട്ടന്റെ യുദ്ധപ്രഖ്യാപനം അന്നത്തെ ഇന്ത്യൻ മുസ്‌ലിംകളെ അക്ഷരാർത്ഥത്തിൽ ഇളക്കിമറിച്ചു. തുർക്കിക്കു വേണ്ടിയുള്ള സഹതാപരംഗം ഇന്ത്യയിലുടനീളം അലയടിച്ചു. ബംഗാൾ വിഭജനം റദ്ദ് ചെയ്തതിന്റെ പേരിലും ബാൾക്കൻ യുദ്ധത്തിൽ തുർക്കി അനുവഭവിച്ച യാതനയുടെ പേരിലും നൊമ്പരപ്പെട്ട ഇന്ത്യൻ മുസ്‌ലിമിന്റെ ഹൃദയം മഥിച്ചു. അതൊരു അഗ്നിപർവ്വതം പോലെ പുകയുകയായിരുന്നു.

ആ കാലഘട്ടത്തെപ്പറ്റി ജവഹർലാൽ നെഹ്റു എഴുതുകയാണ്. 'തുർക്കിക്ക് വേണ്ടിയുള്ള അഭൂതപൂർവ്വമായ സഹതാപരംഗം ഇന്ത്യൻ മുസ്‌ലിംകളെ ഉണർത്തി. ഇന്ത്യ മുഴുവൻ ആ സഹതാപവും ഉത്കണ്ഠയും ഉൾകൊണ്ടു; എന്നാൽ മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം ഇത് അഗാധവും ഒരുതരം വ്യക്തിപരവുമായിരുന്നു.'

ഇസ്‌ലാമിനോടുള്ള പ്രതിബദ്ധതകൊണ്ടു തന്നെ ഒന്നാംലോക മഹായുദ്ധത്തിൽ ഇന്ത്യൻ മുസ്‌ലിംകളുടെ വികാരം തുർക്കിക്കനുകൂലമായിരുന്നു. നിരവധി വിദ്യാസമ്പന്നരായ മുസ്‌ലിംകൾ രഹസ്യമായും പരസ്യമായും തുർക്കിക്ക് ആനുകൂല്യം പ്രഖ്യാപിച്ചു. ഇന്ത്യയിലെ വലിയൊരു ജനവിഭാഗത്തിന്റെ ഈ വികാരവിക്ഷോഭം ബ്രിട്ടീഷ് ഭരണാധികാരികളേയും വിഷമിപ്പിക്കാതിരുന്നില്ല. ഒരു ഭാഗത്ത് മുസ്‌ലീംകളെ സാന്ത്വനപ്പെടുത്താനും മറ്റൊരു ഭാഗത്ത് കരിനിയമം പുറപ്പെടുവിക്കാനും ബ്രിട്ടീഷ് രാജ് ഒരുങ്ങി. ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്ന ലോയിഡ് ജോർജ്, തുർക്കിയുമായുള്ള യുദ്ധം തുർക്കി വംശജരുടെ കൈവശമുള്ള സമ്പന്നമായ ഏഷ്യാമൈനർ (സിറിയ, ഫലസ്തീൻ, അറേബ്യ) തുർക്കിക്ക് നഷ്ടപ്പെടുത്താനല്ല എന്നു പറഞ്ഞുകൊണ്ടിരുന്നു. അതേയവസരം രാജ്യരക്ഷാ നിയമമനുസരിച്ച് ഇന്ത്യൻ നേതാക്കൻമാരെ തടവിലിടുകയും ചെയ്തു. 1915 മെയ് മാസം ഇന്ത്യൻ രക്ഷാ നിയമമനുസരിച്ച് മുഹമ്മദലിയെയും ഷൗക്കത്തലിയെയും റാംപൂർ വിട്ട് പുറത്ത് പോകരുതെന്ന നിരോധനാജ്ഞയിലൂടെ തടഞ്ഞുനിർത്തി. തുർക്കി ഭരണാധികാരികളോട് ആനുകൂല്യം കാണിച്ചതിന്റെ പേരിലായിരുന്നു ഇത്. എന്തും നേരിടാൻ തയ്യാറായ അലി സഹോദരൻമാരെ ഇതൊന്നും തളർത്തിയില്ല. മുഹമ്മദലി തുറന്നടിച്ചു!. 'തുർക്കി ഭരണാധികാരിയായ 'ഖലീഫ' (പ്രവാചകന്റെ

For Group Contact us +91 9746065242

mappilaheritagelibrary.com

പിന്തുടർച്ചാവകാശി) വിശ്വാസികളുടെ നേതാവുമാണ്. വിശുദ്ധ ഖുർആൻ എന്നത് പോലെത്തന്നെ ഖിലാഫത്തും മുസ്‌ലിംകൾക്ക് അനുപേക്ഷണീയമാണ്'.

തടവിലാകുന്നതിന്റെ മുമ്പാണ് മൗലാനാ മുഹമ്മദലി മഹാത്മാഗാന്ധിയെ ആദ്യമായി കണ്ടത്. ദക്ഷിണാഫ്രിക്കയിലെ ഇന്ത്യക്കാർക്കുവേണ്ടി പ്രവർത്തിച്ച ഗാന്ധിജിയോട് മുഹമ്മദലിക്ക് വലിയ ബഹുമാനമായിരുന്നു. അഫ്സൽ ഇക്ബാൽ ഈ കൂടിക്കാഴ്ചയെ വിശേഷിപ്പിച്ചത് 'ആദ്യത്തെ കാഴ്ചയിലെ പ്രേമ'മെന്നായിരുന്നു. ഉത്തർപ്രദേശിലെ മുസ്‌ലിംലീഗ് നേതാവായിരുന്ന ഖലീഖുസ്സമാൻ എഴുതിയ 'പാക്കിസ്ഥാനിലേക്കുള്ള പാത' എന്ന ഗ്രന്ഥത്തിൽ ഇങ്ങിനെ രേഖപ്പെടുത്തിയിരിക്കുന്നു:

''അലി സഹോദരൻമാർക്കു ഗാന്ധിജിയെപ്പറ്റി വളരെ ഉന്നതമായ അഭിപ്രായമാണുണ്ടായിരുന്നത്. കഴിയുംവേഗം ഗാന്ധിജിയുമായി സമ്പർക്കം പുലർത്താൻ ഞങ്ങളോടാവശ്യപ്പെട്ടു. അവർ പറഞ്ഞ അഭിപ്രായം 'അദ്ദേഹത്തിന് (ഗാന്ധിജിക്ക്) മാത്രമെ ഞങ്ങളുടെ ആളാവാൻ കഴിയൂ" എന്നായിരുന്നു. കൽക്കത്തയിലെ വിദ്യാർത്ഥികളോടു ഗാന്ധിജി പ്രസംഗിച്ച സംഭവം ചൂണ്ടിക്കാട്ടിയാണ് അവർ ഇത് പറഞ്ഞത്. ഗാന്ധിജി വിദ്യാർത്ഥികളോട് പറഞ്ഞു. ഞാൻ രാജ്യദ്രോഹത്തിനു വേണ്ടി നിലകൊള്ളുന്ന ആളാണെങ്കിൽ രാജ്യദ്രോഹം തുറന്നുപറയുകയും അതിന്റെ പ്രത്യാഘാതം നേരിടുകയും ചെയ്യും".

റാംപൂരിലെ നിരോധനാജ്ഞ ഒരു വർഷം കഴിഞ്ഞപ്പോൾ പിൻവലിച്ചു. മുഹമ്മദലി പിന്നീട് കാൺപൂരിലും തുടർന്നു ഡൽഹിയിലും പോയി. ഡൽഹിയിൽ കുറച്ചുനാൾ താമസിച്ചു അജ്മീർ വഴി മുസ്സോറിയിൽ ചെന്നു ചികിൽസിക്കാനുദ്ദേശിച്ചു പുറപ്പെടാൻ ഒരുങ്ങിയപ്പോഴാണ് അലി സഹോദരൻമാരെ ഡൽഹിയിൽ വെച്ച് വീണ്ടും അറസ്റ്റ് ചെയ്തത്. ഡൽഹി ജുമാമസ്ജിദിൽ തടിച്ചുകൂടിയ സഹോദരങ്ങളോടു വിടപറഞ്ഞു പോലീസ് വാഹനത്തിൽ കയറി.

തടവറയിലേക്ക് അലി സഹോദരൻമാർ പോയ രംഗം കണ്ടുനിന്നവരുടെ കണ്ണുകളിൽ അശ്രു പൊടിഞ്ഞു.

കുറച്ചുകാലം ഡൽഹിയിലെ പെഹറിലിയിലും പിന്നീട്

For Group Contact us +91 9746065242

mappilaheritagelibrary.com

ഉത്തർപ്രദേശിലെ കുന്നിൻപുറ പ്രദേശമായ ലാൻഡ് ഡൗണിലും അതിനുശേഷം മദ്ധ്യപ്രദേശിലെ ചിന്ത്‌വാരയിലും അവരെ മാറ്റിപ്പാർപ്പിച്ചു.

അലി സഹോദരൻമാരെ വിട്ടയക്കാൻ ഗാന്ധിജി വൈസ്രോയിയോടഭ്യർത്ഥിച്ചു. സെൻട്രൽ നിയമസഭയിൽ മുഹമ്മദലി ജിന്നയും മറ്റും അലി സഹോദരൻമാരെ തടങ്കൽ വിമുക്തമാക്കുന്നതിനെപ്പറ്റി ചോദ്യങ്ങളുന്നയിച്ചു.

ഇന്ത്യയുടെ ദേശീയ സ്വാതന്ത്ര്യസമര രംഗം തിളച്ചുമറിയുന്ന കാലഘട്ടം അലി സഹോദരൻമാരെ തടവിലിട്ടത് മുതൽ 1922 വരെ ഇന്ത്യൻ ദേശാഭിമാനികൾ കാണിച്ച ഐക്യവും ത്യാഗശീലവും ചരിത്രത്തിന്റെ താളുകളിൽ എന്നും സുവർണ്ണലിപികളിൽ രേഖപ്പെട്ടുകിടക്കും.

1921-22 കാലം; ഖിലാഫത്ത് പ്രസ്ഥാനം അതിന്റെ മൂർദ്ധന്യ ദശയിലെത്തി. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ദേശീയ രാഷ്ട്രീയ പ്രക്ഷോഭം ഉച്ചകോടിയിൽ നിന്നു. ഇന്ത്യക്കാരെല്ലാം ഏകോദര സഹോദരങ്ങളെപ്പോലെ ഹിന്ദുവും മുസ്‌ലിമും തോളുരുമ്മി ബ്രിട്ടീഷ് സിംഹത്തെ തളച്ചുകെട്ടാൻ ഒന്നിച്ചണിനിരന്നു മുന്നേറിയ കാലഘട്ടമായിരുന്നു അത്. അലി സഹോദരൻമാരും ഖിലാഫത്തിലെയും മുസ്‌ലിംലീഗിലെയും നേതാക്കൻമാരും കോൺഗ്രസ് നേതാക്കൻമാരും ഗാന്ധിജിയും കൈകോർത്തുപിടിച്ച് വിദേശ ഭരണാധികാരികളെ മുട്ടുകുത്തിക്കാൻ ചുവടൊപ്പിച്ചു മുന്നേറിയ കാലഘട്ടം.

ഈയൊരു കാലഘട്ടം വന്നെത്തിയതിനു പിന്നിൽ 1914-ലെ മഹായുദ്ധത്തിൽ ബ്രിട്ടൻ തുർക്കിക്കെതിരായി പടപൊരുതുന്നതിനെ എതിർത്ത മുസ്‌ലിം സമുദായത്തിന്റെയും യുദ്ധത്തിൽ ചേർന്ന ബ്രിട്ടനോടുള്ള പ്രതിഷേധവും അതോടൊപ്പം നിസ്സഹകരണം കാണിച്ചാൽ സ്വാതന്ത്ര്യലബ്ധിക്കു സഹായകമാവുമെന്നു കരുതിയ കോൺഗ്രസ്സിന്റെയും മറ്റു ദേശീയവാദികളുടെയും അഭിപ്രായങ്ങളും അതിനെത്തുടർന്നു 1922 വരെയുണ്ടായ സംഭവവികാസങ്ങളുമായിരുന്നു. 1914 മുതൽ ഇന്ത്യയുടെ ഒരറ്റം മുതൽ മറ്റേ അറ്റം വരെയുണ്ടായ സംഭവഗതികളിലേക്ക് ഒരോട്ടപ്രദക്ഷിണം നടത്തിയാൽ 1918-ൽ ഉച്ചകോടിയിലെത്തിയ ഹിന്ദു മുസ്‌ലിം ഐക്യത്തിന്റെ സമ്മോഹനരൂപം കാണാം.

യുദ്ധത്തിലേർപ്പെട്ട് ബ്രിട്ടനോടു നിസ്സഹകരിച്ചാൽ ഇന്ത്യക്ക്

For Group Contact us +91 9746065242

mappilaheritagelibrary.com

അതിവേഗം സ്വാതന്ത്ര്യം നേടിയെടുക്കാമെന്ന് കരുതിയവരും ഇന്ത്യ യുദ്ധത്തിൽ പങ്കെടുക്കരുതെന്ന് വാദിച്ച തീവ്രവാദികളും, ഇന്ത്യ യുദ്ധത്തിൽ സഹകരിച്ചാൽ യുദ്ധാനന്തരം ബ്രിട്ടൻ ഇന്ത്യക്ക് സ്വാതന്ത്ര്യം നൽകുമെന്നുള്ള അഭിപ്രായമുള്ളവരും ഓരോരുത്ത ർക്കും ഹിതമുള്ള പ്രവർത്തനങ്ങൾ നടത്തി.

വിദേശ രാജ്യങ്ങളിൽ അഭയം പ്രാപിച്ച ചില ഇന്ത്യക്കാർ ഇന്ത്യയിലെ വിപ്ലവകാരികളെ കൂട്ടുപിടിച്ചു ബ്രിട്ടീഷ് ഗവൺമെന്റിനെതിരായി ചില ശ്രമങ്ങൾ നടത്തി. അമേരിക്കയിലു ണ്ടായിരുന്ന ലാലാ ഹർദയാലിന്റെ നേതൃത്വത്തിൽ 'ഗദ്ധാർ പാർട്ടി' (വിപ്ലവ കക്ഷി) രൂപീകരിച്ചു. ബംഗാളിൽ വിപ്ലവകാരികളായ ജതിൻ മുഖർജി, ജതു ഗോപാൽ മുഖർജി എന്നിവരുടെ നേതൃത്വത്തിൽ ലഹളയുണ്ടാക്കാനായിരുന്നു പരിപാടി. അമേരിക്ക, ജർമ്മനി എന്നീ രാജ്യങ്ങളിൽ നിന്ന് ആയുധവും പണവും ഇറക്കി ബംഗാളിൽ ലഹള സൃഷ്ടിക്കാനായിരുന്നു ഉദ്ദേശിച്ചത്. അങ്ങിനെ അമേരിക്കയിൽ നിന്നയച്ച ആയുധം ബാലാസോറിനടുത്തു കടൽത്തീരത്തു എത്തുന്നതും കാത്തുനിന്ന ബംഗാൾ വിപ്ലവകാരികളെ കൂട്ടുകാർ തന്നെ ബ്രിട്ടീഷുകാർക്ക് ഒറ്റിക്കൊടുത്തു. അങ്ങിനെ ആ വിപ്ലവം തകർന്നു.

മുസ്‌ലിംകൾ അട്ടിമറി-വിപ്ലവ പ്രസ്ഥാനങ്ങളോട് ആഭുമുഖ്യം കാണിച്ചിരുന്നില്ല. അതേസമയം 'ഇസ്‌ലാമിന്റെ ഇരിപ്പിടമായ' പുണ്യസ്ഥാനങ്ങളുടെ രക്ഷാധികാരികളായ തുർക്കിക്കെതിരായി ബ്രിട്ടൻ പടയണി നിരത്തിയതിൽ ഇന്ത്യൻ മുസ്‌ലിംകൾ ഹൃദയംനൊന്തു വേദനിച്ചു. ബ്രിട്ടനെതിരായ രോഷം സാർവ്വത്രികവുമായിരുന്നു. ബ്രിട്ടീഷ് വിരുദ്ധപ്രവർത്തനങ്ങൾക്ക് ഇന്ത്യൻ മുസ്‌ലിംകളിൽ അംഗീകാരമുണ്ടായിരുന്നു. അഫ്ഗാനിസ്ഥാനോടു തൊട്ടടുത്ത വടക്ക്പടിഞ്ഞാറൻ അതിർത്തി സംസ്ഥാനത്തിലെ വീരശൂര പരാക്രമികളായ പത്താൻകാ രിലായിരുന്നു ഈ ആവേശം ആദ്യം അലയടിച്ചുയർന്നത്. അഫ്ഗാനിസ്ഥാനിലെ ഭരണാധികാരിയായിരുന്ന ബഹീബുള്ള രാജാവ്, തുർക്കിയുടെ ഒരുറ്റ സുഹൃത്തും ബ്രിട്ടീഷ് വിരുദ്ധനു മായിരുന്നു. വടക്ക് പടിഞ്ഞാറൻ അതിർത്തി സംസ്ഥാനത്ത് തഴച്ചുവളർന്ന 'മുജാഹിദീൻ പ്രസ്ഥാനം' ബ്രിട്ടീഷ് വിരുദ്ധ പ്രവർത്തനങ്ങളുടെ ചുമതല ഏറ്റെടുത്തു എന്നുതന്നെ പറയാം.

For Group Contact us +91 9746065242

mappilaheritagelibrary.com

'മുജാഹിദീൻ' പ്രസ്ഥാനം എങ്ങിനെയുണ്ടായി എന്നുകൂടി ഒന്ന് പരിശോധിക്കാം: 1786-ൽ യു.പി.യിലെ ബറേലിയിൽ ജനിച്ച സയ്യിദ് ബറേൽവി അഹ്മദ് ഒരു മതപണ്ഡിതനായിരുന്നു. അന്ന് ഡൽഹിയിലുണ്ടായിരുന്ന ഷാ അബ്ദുൽ അസീസ് എന്ന ഒരു ഋഷിവര്യന്റെ അനുചരനായ സയ്യിദ് അഹ്മദ് നല്ലൊരു മതപ്രസംഗകനായിരുന്നു. ഇസ്ലാമികവിരുദ്ധ ശക്തികൾക്കെതിരായി 'ജിഹാദ്' വേണമെന്ന് ആഹ്വാനം ചെയ്ത സയ്യിദ് അഹ്മദിന് ഷാ അബ്ദുൽ അസീസിന്റെ അടുത്ത ബന്ധുക്കളെ തന്നെ അനുയായികളായി ലഭിച്ചു. ഇവരിൽ ഒരാൾ 1822-ൽ പ്രസിദ്ധീകരിച്ച 'സൂറത്തുൽ ദുസ്തഖീൻ' എന്ന പ്രസിദ്ധ ഗ്രന്ഥത്തിന്റെ കർത്താവായിരുന്ന മൗലവി മുഹമ്മദ് ഇസ്മയിൽ ആയിരുന്നു. സയ്യിദ് അഹ്മദും അനുചരൻമാരും ഇസ്ലാമിന്റെ തനതായ രൂപമല്ലാതെ അതിൽ യാതൊരു കലർപ്പും പാടില്ലെന്ന 'വഹാബി' പ്രസ്ഥാനത്തിന്റെ തുടക്കം കുറിച്ചു.

മതപരവും സാമൂഹികവുമായ ചില പരിഷ്കാരവാദങ്ങളോടൊപ്പം ഇസ്ലാമിക വിരുദ്ധ ശക്തികൾക്കെതിരായി 'ജിഹാദും' വഹാബികളുടെ മുദ്രാവാക്യമായിരുന്നു. ക്രിസ്ത്യൻ മതവിശ്വാസികളുടെ ഭരണത്തിൻ കീഴിലായ അന്നത്തെ ഇന്ത്യ 'ദാറുൽ ഹർബ്' ആയിരിക്കുന്നതിനാൽ 'ജിഹാദ്' ആവശ്യമായിരിക്കുന്നുവെന്നും അല്ലെങ്കിൽ 'ഹിജ്റ' (പലായനം) വേണമെന്നും അവരുടെ സാഹിത്യങ്ങളിലൂടെ പ്രചരിപ്പിച്ചു.

ബ്രിട്ടീഷ് ഗവൺമെന്റ് രണ്ടു രൂപത്തിൽ ഇതിനെ നേരിട്ടു- ഒന്ന് കുറ്റവിചാരണ, മറ്റൊന്ന് വഹാബികളുടെ പ്രചരണത്തിനെതിരായ ഫത്വകൾ. അറേബ്യയിലെ നജ്ദിലെ മതപരിഷ്കർത്താവും ഉൽപതിഷ്ണുവുമായ അബ്ദുൽ വഹാബിന്റെ ചുവടുപിടിച്ച് ഇന്ത്യയിലെ വഹാബി പ്രസ്ഥാനത്തിന് തിരികൊളുത്തിയത് സയ്യിദ് അഹ്മദ് ബറേൽവിയാണെന്ന് പ്രൊഫ.വൈ.ബി. മാത്തൂർ അഭിപ്രായപ്പെടുന്നു.

സയ്യിദ് അഹ്മദും സംഘവും പ്രസ്ഥാനത്തിന്റെ പ്രചരണാർത്ഥം 1824-ൽ റാംപൂർ കൽക്കത്ത വഴി കാബൂളിൽ എത്തി. പെഷവാറിന്റെ അതിർത്തിയിലെത്തിയപ്പോൾ യൂസഫ്സായി ഗോത്രക്കാരുമായി കരാറുണ്ടാക്കി. ലാഹോറിനെ പിടിയിലമർത്തിയിരുന്ന അന്നത്തെ സിക്കുകാർക്കെതിരായി സയ്യിദ് അഹമദും

For Group Contact us +91 9746065242

mappilaheritagelibrary.com

അനുയായികളും യുദ്ധം ചെയ്തു. 1826-ൽ ജിഹാദ് ആരംഭിച്ചു. സയ്യിദ് അമീറുൽ മുഅ്മിനീൻ എന്ന സ്ഥാനപ്പേരു നൽകി. സിക്കുകാരുമായുള്ള യുദ്ധത്തിൽ ആദ്യമാദ്യം ജയിച്ചെങ്കിലും പിന്നീട് പരാജയപ്പെട്ടു.

സയ്യിദ് അഹ്മദിന്റെ സ്വാധീനം കാബുൾ നദിവരെ പരന്നെങ്കിലും പത്താൻകാരുടെ വിശ്വാസാചാരങ്ങൾ അനിസ്‌ലാമികമെന്ന് വിശേഷിപ്പിച്ച് ഒരു വിഭാഗത്തെ അടക്കിവാണ അദ്ദേഹത്തിന് പിടിച്ചുനിൽക്കാൻ കഴിഞ്ഞില്ല. ഗോത്രവിഭാഗക്കാരിൽ വലിയൊരുഭാഗം സയ്യിദ് അഹ്മദിനെയും അദ്ദേഹത്തിനൊപ്പമുണ്ടായിരുന്ന 'ഹിന്ദുസ്ഥാനി'ക്കാരെയും കൂട്ടക്കൊല നടത്താൻ ഗൂഢാലോചന നടത്തി. യൂസുഫ്സായിയടക്കമുള്ള ഒട്ടനേകം 'ഹിന്ദുസ്ഥാനി'ക്കാർ കൂട്ടക്കുരുതിക്കിരയായി. ആ സ്ഥലത്തില്ലാതിരുന്ന സയ്യിദ് അഹ്മദും കൂട്ടുകാരും ഭാഗ്യംകൊണ്ട് രക്ഷപ്പെട്ടു. അവർ സിന്ധു നദി കടന്നെങ്കിലും സിക്കുകാർ അവരെ വെറുതെ വിട്ടില്ല. ഹരിസിംഗ് എന്ന യോദ്ധാവിന്റെ നേതൃത്വത്തിലുള്ള സിക്ക് സൈന്യം മാസെറ നദിയുടെ പടിഞ്ഞാറു ഭാഗംവെച്ചു 'ഹിന്ദുസ്ഥാനി'കളെ ആട്ടിയോടിച്ചു. ഒട്ടേറെ പേർ മരണപ്പെട്ടു. അവിടെയും സയ്യിദ് അഹമദ് രക്ഷപ്പെട്ടു. എന്നാൽ 1930-ൽ വീണ്ടും സിക്കുകാർ ഹിന്ദുസ്ഥാനിക്കാരെ ആക്രമിച്ചു. അതിൽ സയ്യിദ് അഹ്മദും മരിച്ചു.

1846-ൽ സയ്യിദ് അഹമദിന്റെ അനുയായികൾ അദ്ദേഹം യഥാർത്ഥത്തിൽ മരിച്ചതല്ലെന്നും അദ്ദേഹം അവസാനനാളിൽ ഇമാം മഹ്ദിയായി പ്രത്യക്ഷപ്പെടുമെന്നും പ്രചരിപ്പിച്ചു. അതിന് ശേഷം വടക്കൻ ഹസാറ, ഖുന്ത്ഖറി, അഗ്റോർ തുടങ്ങിയ സ്ഥലങ്ങളിൽ സയ്യിദ് അഹമദിന്റെ അനുയായികളും സിക്കുകാരും തമ്മിൽ ഏറ്റുമുട്ടി. അവസാനം അവർ സത്താനയിൽ തമ്പടിച്ചു. അവിടെ കോട്ട പണിതു. സയ്യിദ് അക്ബർ ഷായെ നേതാവായി തിരഞ്ഞെടുത്തു. സിക്കു രാജാക്കൻമാരുടെ ഭരണം നിലനിന്ന കാലത്തോളം ശ്രീനഗറിലും, പെഷവാർ, നസാറ ജില്ലകളിലും 'വഹാബി'കൾ യുദ്ധം നടത്തി. സിക്കു ഭരണം നിലച്ചു. ഇംഗ്ലീഷുകാർ അവിടെ ഭരണം തുടങ്ങിയപ്പോൾ എതിർപ്പ് ബ്രിട്ടീഷുകാർക്കെതിരായി തിരിഞ്ഞു. ഈ സന്ദർഭത്തിലാണ് 1850 മുതൽ വഹാബി വിഭാഗക്കാരായ 'ഹിന്ദുസ്ഥാനിക്കാർ' മുജാഹിദീൻ

For Group Contact us +91 9746065242

mappilaheritagelibrary.com

എന്ന പേരിൽ അറിഞ്ഞുതുടങ്ങിയത്രെ.

ബ്രിട്ടീഷ് ഭരണാധികാരികളും സത്താനയിലെ മുജാഹിദുകളെ വെറുതെ വിടാൻ ഭാവമില്ലായിരുന്നു. 1857-ലെ ആദ്യത്തെ ഇന്ത്യൻ സ്വാതന്ത്ര്യസമരമായ ശിപായി ലഹളയുടെ കാലഘട്ടത്തിൽത്തന്നെ സത്താനയിൽ ബ്രിട്ടീഷ് പട്ടാളക്കാർ അവരുടെ ആക്രമണത്തിന് പച്ചക്കൊടി കാട്ടി. ലെഫ്. ഹാർനെയുടെ നേതൃത്വത്തിൽ ബ്രിട്ടീഷ് പട്ടാളസംഘം 'ഹിന്ദുസ്ഥാനി'ക്കാരുടെ (മുജാഹിദുകൾ) അതിശക്തമായ എതിർപ്പിനെ നേരിട്ടുകൊണ്ട് സത്താന ഗ്രാമം ആകെ നശിപ്പിച്ചു. മുജാഹിദുകൾ വീണ്ടും പിൻമാറിയെങ്കിലും അവർ ശക്തി സംഭരിച്ചു. 1863-ൽ വീണ്ടും ബ്രിട്ടനെ വെല്ലുവിളിച്ചു. ബ്രിട്ടീഷുകാരുടെ രണ്ടാമത്തെ പടയോട്ടത്തിൽ ഹിന്ദുസ്ഥാനിക്കാരെ നശിപ്പിക്കുകയും ബന്ധനസ്ഥരാക്കിയവരോട് ക്രൂരതയും പ്രതികാരവാഞ്ഛയും കാണിക്കുകയും ചെയ്തു. ബ്രിട്ടീഷുകാർ തടവുകാരായി പിടിക്കുകയും വധശിക്ഷക്ക് വിധിക്കുകയും ചെയ്ത അക്കാലത്തെ പണ്ഡിതവര്യന്മാരായ മൗലാനാ യഹ്‌യാ അലി, മൗലാനാ മുഹമ്മദ് ജാഫർ താനേശരി, മുഹമ്മദ് ശാഫി ലാഹോറി എന്നിവരുടെ അടങ്ങാത്ത ആവേശത്തെപ്പറ്റി സുപ്രസിദ്ധ മതപണ്ഡിതനായ മൗലാനാ സയ്യിദ് അബുൽ ഹസൻ അലി നദ്‌വി (അലിമിയാൻ) സാഹിബ്, 'ഇന്ത്യയിലെ മുസ്‌ലിംകൾ' എന്ന ഗ്രന്ഥത്തിൽ ഇങ്ങിനെ എഴുതുന്നു:

''ബ്രിട്ടീഷുകാർ മുസ്‌ലിംകൾക്കെതിരായ അവരുടെ വിദ്വേഷം മറച്ചുവെച്ചില്ല. അവരെ ഏത് ചെറിയ കുറ്റമാരോപിച്ചും നിർദ്ദയമായി ശിക്ഷിക്കുകയും ചെയ്തു. വടക്കുപടിഞ്ഞാറൻ അതിർത്തിപ്രദേശത്ത് കുരുക്കിൽപ്പെട്ട കുറഞ്ഞ വിഭാഗം മുജാഹിദുകൾക്കെതിരെ അവർ കടുത്ത പോരാട്ടം നടത്തി. മുജാഹിദുകളുമായി ബന്ധപ്പെട്ടവരോ, സയ്യിദ് അഹ്മദിന്റെ പാർട്ടിക്കാരായവരോ ആരായാലും ശരി അവർക്കെതിരെ നടപടികളെടുത്തു. പാറ്റ്ന, തനേശർ, ലാഹോർ എന്നിവിടങ്ങളിലെ ഒട്ടനേകം പ്രമുഖന്മാർ, വർത്തകപ്രമാണികൾ, മതപണ്ഡിതന്മാർ, എന്നിവരെല്ലാം വിചാരണ ചെയ്യപ്പെടുകയും തടവുശിക്ഷയ്ക്ക് വിധിക്കപ്പെടുകയും ചെയ്തു. അവരിൽ ചിലരെ വഹാബികളെന്ന് മുദ്രകുത്തി ശിക്ഷിച്ചു. ബ്രിട്ടീഷുകാരുടെ അതിരറ്റ മുസ്‌ലിം

For Group Contact us +91 9746065242

mappilaheritagelibrary.com

വിദ്വേഷവും പകയും വഹാബി നേതാക്കളെന്നാരോപിക്കപ്പെട്ട മൗലാനാ യഹ്‌യാ അലി, മുഹമ്മദ് ജാഫർ താനേശരി, മുഹമ്മദ് ശാഫി ലാഹോറി എന്നിവരെ വധശിക്ഷക്ക് വിധിച്ച വിധിന്യായത്തിൽ വ്യക്തമായി കാണാം. നിങ്ങളെ മരണം വരെ തൂക്കിലിടും. നിങ്ങളുടെ സ്വത്തുക്കൾ ബന്ധുക്കൾക്ക് വിട്ടുകൊടുക്കില്ല. പകരം നിങ്ങളുടെ മൃതദേഹങ്ങൾ ജയിൽവളപ്പിൽ അപമാനകരമാം വിധം കുഴിച്ചിടും".

ഇങ്ങിനെ വധശിക്ഷക്ക് വിധിക്കപ്പെട്ട ശേഷം കുറെ ഇംഗ്ലീഷ് സ്ത്രീപുരുഷന്മാർ, ജയിൽ പുള്ളികളെ 'കണ്ടം ചെയ്ത ജയിൽമുറി'യിൽ അവരുടെ വിഷമതകൾ കണ്ടു രസിക്കാനായി ചെന്നു നോക്കി. അവരുടെ പ്രതീക്ഷക്ക് വിരുദ്ധമായി വധശിക്ഷക്ക് വിധിക്കപ്പെട്ട പ്രതികൾ വളരെ ഉൻമേഷവാൻമാരും ആവേശഭരിതരുമായി കാണപ്പെട്ടു. മാത്രമല്ല സമീപസ്ഥമായ വീരമൃത്യുവിലൂടെ ലഭിക്കുന്ന 'രക്തസാക്ഷിത്വം' അവർ ഒരനുഗ്രഹമായി കാത്തിരിക്കുന്ന കാഴ്ച ബ്രിട്ടീഷുകാരെ വേദനിപ്പിക്കുകയും വിഷമിപ്പിക്കുകയും ചെയ്തു. വധശിക്ഷ ജീവപര്യന്തം തടവാക്കി മാറ്റാൻ ഇംഗ്ലീഷ് സന്ദർശകർ ഗവൺമെന്റിനോടഭ്യർത്ഥിച്ചു. അവസാനം, അമ്പോലയിലെ ഡെപ്യൂട്ടി കമ്മീഷണർ, വധശിക്ഷ ജീവപര്യന്തമാക്കി മാറ്റിയ ചീഫ് കോടതിയിലെ വിധി അറിയിച്ചു. എന്നിട്ട് പ്രതികളോടു പറഞ്ഞു. 'മരണം രക്തസാക്ഷിത്വമാണെന്ന് കരുതി നിങ്ങൾ സന്തോഷിക്കുകയാണല്ലേ? നിങ്ങൾ ഏറ്റവും ഇഷ്ടപ്പെടുന്ന ഒരു ശിക്ഷ നിങ്ങൾക്ക് നൽകരുതെന്ന് ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നു. നിങ്ങൾക്ക് വിധിച്ച വധശിക്ഷ ജീവപര്യന്തം തടവുശിക്ഷയാക്കി മാറ്റിയിരിക്കുന്നു!'

ഈ മൂന്ന് പ്രതികളേയും മറ്റു രണ്ടു പേരോടൊപ്പം (മൗലാനാ അഹ്മദുല്ലാഹ് അസ്മാബാദി, മൗലവി അബ്ദുറഹീം, സാദിഖ്പുരി) 1865-ൽ ആന്തമാൻ ദ്വീപിലേക്ക് നാടുകടത്തി. മൗലാനാ അഹ്മദുല്ലയും അവിടെവെച്ച് ചരമമടഞ്ഞു. പാറ്റ്നയിലെ സാദിഖ്പൂരിലുള്ള മുഴുവൻ സ്വത്തുക്കളും പിടിച്ചെടുത്തു. അവരുടെ വീടുകൾ പറ്റെ ഉഴുതുമാറ്റി പുതിയ കെട്ടിടങ്ങൾ വെച്ചു അവരോടുള്ള പ്രതികാരദാഹം തീർക്കാനായിരുന്നു ഇവയെല്ലാം. കലർപ്പു ചേരാത്ത ഈ പ്രതികാരവും പകയുമാണ് ബ്രിട്ടീഷ് ഭരണകാലത്ത് ഇന്ത്യൻ മുസ്‌ലിംകളിലുണ്ടായ വിദ്യാഭ്യാസപരവും

For Group Contact us +91 9746065242

mappilaheritagelibrary.com

രാഷ്ട്രീയപരവുമായ പിന്നോക്കാവസ്ഥക്കു മുഖ്യ കാരണം!

വടക്കു പടിഞ്ഞാറൻ മേഖലയിൽ സ്വാധീനശക്തിയുണ്ടായിരുന്ന മുജാഹിദീൻ പ്രസ്ഥാനം ഒട്ടേറെ ബ്രിട്ടീഷ് വിരുദ്ധ കലാപങ്ങൾക്ക് പിന്തുണ നൽകുകയുണ്ടായി. 1868 മുതൽ 1915 വരെ മുജാഹിദീൻ പക്ഷത്തു നിന്ന് സ്വന്തമായി നീക്കങ്ങളൊന്നുമുണ്ടായില്ല. പക്ഷേ അക്കാലത്ത് ബ്രിട്ടീഷുകാർക്കെതിരെ മുസ്ലിംകളുടെ ഭാഗത്തു നിന്നുണ്ടായ പല അട്ടിമറി വിപ്ലവശ്രമങ്ങൾക്കും മുജാഹിദീൻ പ്രസ്ഥാനം പിന്തുണ നൽകി.

മൗലവി ഉബൈദുല്ലയുടെ നേതൃത്വത്തിൽ നടന്ന വിപ്ലവശ്രമങ്ങൾക്കു ഇങ്ങിനെ സഹായം ലഭിക്കുകയുണ്ടായി. സഹ്റാൻപൂർ ജില്ലയിലെ ദയൂബന്തിൽ നിന്നു പാണ്ഡിത്യം നേടിയ മൗലവി ഉബൈദുല്ല, ഫത്തഹ് മുഹമ്മദ്, മുഹമ്മദലി എന്നീ സഹപ്രവർത്തകരോടൊപ്പം 1915 ആദ്യകാലം വടക്കുപടിഞ്ഞാറൻ അതിർത്തി വഴി കാബൂളിലെത്തി. ബ്രിട്ടീഷ് വിരുദ്ധനും തുർക്കി അനുഭാവിയുമായ അഫ്ഗാൻ ഭരണാധികാരി ഹബീബുല്ലയുടെ സഹായത്തോടെ ഇന്ത്യക്ക് ഒരു സ്വതന്ത്ര താൽക്കാലിക ഗവൺമെന്റ് രൂപീകരിച്ചു. ജപ്പാനിലുണ്ടായിരുന്ന മഹേന്ദ്രപ്രതാപ് പ്രസിഡന്റും ഉബൈദുല്ലയും ഭോപാലിലെ ബർക്കള്ളയും മന്ത്രിമാരുമായി ഒരു വിപ്ലവ ഗവൺമെന്റായിരുന്നു മുജാഹിദുകളുടെ സഹകരണത്തോടുകൂടി മൗലവി ഉബൈദുല്ല കാബൂളിലുണ്ടാക്കിയത്.

ഇതേസമയം മൗലാനാ മുഹമ്മദ് ഹസൻ തന്റെ അനുയായിയായ മിയാൻ അൻസാരിയോടും കൂട്ടുകാരോടുമൊപ്പം ഹിജാസിലേക്ക് (അറേബ്യ) പുറപ്പെട്ടു. മൗലാനാ ഹസൻ ഹിജാസിലേക്ക് പോകുമ്പോൾ താൽക്കാലിക വിപ്ലവ ഗവൺമെന്റിന്റെ പേരിൽ ഹിജാസിലെ തുർക്കി ഭരണാധികാരികൾക്കും മക്കാ ഗവർണർക്കും (തുർക്കിയുടെ അധീനതയിലായിരുന്നു അന്നു മക്ക) നീണ്ട കത്തുകൾ കൊടുത്തയച്ചു. 1916 ജൂലായ് 17-നു എഴുതിയ ഈ കത്തുകളിൽ, മദീന തലസ്ഥാനമാക്കി ഇസ്ലാമികാടിസ്ഥാനത്തിൽ ഒരു അഖിലലോക (പാൻ ഇസ്ലാമിക) ഹിസ്ബുല്ല (അല്ലാഹുവിന്റെ സേന) രൂപവൽക്കരിക്കാനും തുർക്കിയുടെ തലസ്ഥാനമായ കോൺസ്റ്റാന്റിനോപ്പിൾ, ഇറാന്റെ തലസ്ഥാനമായ ടെഹ്റാൻ, അഫ്ഗാനിസ്ഥാന്റെ

For Group Contact us +91 9746065242

mappilaheritagelibrary.com

തലസ്ഥാനമായ കാബൂൾ എന്നിവ ഈ സേനയുടെ കീഴിൽ കൊണ്ടുവരാനുമുള്ള പദ്ധതി വിശദീകരിച്ചിരുന്നു.

ലാഹോറിൽ നിന്നു കാബൂളിലേക്ക് നാടുവിട്ടോടിയ രണ്ടു വിദ്യാർത്ഥി സഹോദരങ്ങളുടെ ഭൃത്യന്റെ വശം, ഈ കത്ത് ഏൽപിക്കുകയും, ഭൃത്യൻ ലാഹോറിലെത്തിയാൽ മൗലവി മുഹമ്മദ് ഹസനെ ഏൽപ്പിക്കുകയും മൗലവി ഹസൻ കത്തുകൾ ഹിജാസിലേക്ക് കൊണ്ടുപോവുകയും ചെയ്യുക എന്ന പരിപാടിയാണ് ആവിഷ്കരിച്ചിരുന്നത്.

ഈ കത്തുകൾ വളരെ വ്യത്തിയായി പേർഷ്യൻ ഭാഷയിൽ നല്ല സിൽക്ക് തുണിയിൽ നീളത്തിലെഴുതി കോട്ടിന്റെ അകത്തു ഭദ്രമായി തുന്നിപ്പിടിപ്പിച്ചു. ഭൃത്യനെക്കൊണ്ടു ആ കോട്ടു ധരിപ്പിച്ചു എത്തിക്കാനായിരുന്നു പ്ലാൻ. പരിപാടി പ്രകാരം ഭൃത്യൻ കാബുളിൽ നിന്നു ലാഹോറിലേക്കു യാത്രയായി. വഴിക്കുവെച്ച് വിദ്യാർത്ഥി സഹോദരങ്ങളുടെ പിതാവിനെ കണ്ടുമുട്ടി. നാടുവിട്ടുപോയ മക്കളുടെ വിവരമറിയാൻ ഉത്കണ്ഠാകുലനായ പിതാവ് കുടുംബഭൃത്യനെ കണ്ടയുടൻ വിവരങ്ങളന്വേഷിച്ചു. സംസാരത്തിനിടയിൽ പിതാവിന് സംശയങ്ങൾ വർദ്ധിച്ചു. അയാൾ ഭൃത്യനെ ചോദ്യംചെയ്തു. അവസാനം ഭൃത്യനിൽ നിന്ന് കുറ്റസമ്മതം കരസ്ഥമാക്കുകയും കോട്ടിനകത്ത് തുന്നിപ്പിടിപ്പിച്ച കത്തുകൾ കൈവശപ്പെടുത്തുകയും ചെയ്തു. പ്രസ്തുത കത്തുകൾ അയാൾ ബ്രിട്ടീഷ് ഭരണാധികാരികളെ ഏൽപിക്കുകയും 'ഇന്ത്യയിലെ ബ്രിട്ടീഷ് അനുഭാവികളുടെ വിലപിടിച്ച വിവരങ്ങൾ' എന്ന നിലക്ക് ഈ കത്തുകൾ സ്വീകരിക്കുകയും ചെയ്തു. ഇതിന്റെ ഫലമായി ഒരു ഡസനിലധികം ഇന്ത്യക്കാർ ജയിലിലടക്കപ്പെട്ടു. ഈ കേസിന്റെ വിചാരണക്ക് ഇന്ത്യാചരിത്രത്തിൽ ഒരു പ്രത്യേക പേരും ലഭിച്ചു -'സിൽക്ക് ലെറ്റേർസ് ഗൂഢാലോചന കേസ്'.

ബ്രിട്ടീഷ് ഭരണത്തിനെതിരായി ഇന്ത്യൻ മനസ്സാക്ഷി പിടഞ്ഞെണീറ്റ് കഴിഞ്ഞപ്പോൾ അതിനെ അടിച്ചമർത്താൻ തന്നെ ബ്രിട്ടീഷ് രാജ്യം തുനിഞ്ഞു. ഇന്ത്യയിൽ നടക്കുന്ന വ്യാപകമായ അട്ടിമറി ശ്രമങ്ങളെ തടയുവാൻ നിയമനടപടികൾ കൊണ്ടുവരാൻ തീരുമാനിച്ചു. ജസ്റ്റിസ് റൗളത്തിന്റെ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകരിക്കുകയും 1917-ൽ റൗളത്ത് കമ്മിറ്റി അതിന്റെ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. തുടർന്നു 1919-ൽ രണ്ട് നിയമനിർമ്മാ

For Group Contact us +91 9746065242

mappilaheritagelibrary.com

ണങ്ങൾ സാമ്രാജ്യ ലെജിസ്ലേറ്റീവ് കൗൺസിലിൽ കൊണ്ടുവന്നു. നിയമങ്ങളിൽ ഒന്ന് പത്രങ്ങൾക്ക് കൂടുതൽ നിയന്ത്രണവും പ്രസിദ്ധീകരണങ്ങളെ തടയുന്നതുമായിരുന്നു. മറ്റൊന്ന്, അട്ടിമറിക്കാരെന്ന്, സംശയിക്കപ്പെടുന്ന ഏതൊരാളെയും വിചാരണയോ ജൂറിയുടെ സഹായമോ കൂടാതെ തടവിൽ വെക്കാൻ ജഡ്ജിമാർക്കധികാരം നൽകുന്നതുമായിരുന്നു. സാമ്രാജ്യസഭയിൽ ഈ നിയമത്തെ അനൗദ്യോഗികാംഗങ്ങളായ ഇന്ത്യക്കാർ ഒന്നിച്ചെതിർത്തു. ഇന്ത്യ മുഴുവൻ ഇതിനെതിരായി പ്രതിഷേധ കൊടുങ്കാറ്റ് ആഞ്ഞടിച്ചു.

റൗളത്ത് ആക്ടിനെതിരായി നാടാകെ ഹർത്താലും പ്രകടനവും നടന്നു. വെടിവെപ്പും ലഹളയും ഇന്ത്യൻ സ്വാതന്ത്ര്യസമര സേനാനികളെ കൂടുതൽ ആവേശഭരിതരാക്കി. ഈ സമരമുറകളിൽ ഇന്ത്യൻ സ്വാതന്ത്ര്യചരിത്രത്തിൽ ചെഞ്ചോര കൊണ്ടു ആലേഖനം ചെയ്യപ്പെട്ട സംഭവനമാണ് ജാലിയൻ വാലാബാഗിലെ കൂട്ടക്കൊല.

1919 ഏപ്രിൽ 13-നു പഞ്ചാബിലെ ജാലിയൻവാലാബാഗിൽ ഇരുപതിനായിരത്തോളം പുരുഷൻമാരും സ്ത്രീകളും കുട്ടികളും തടിച്ചുകൂടി നിയമവിരുദ്ധമായി സംഘം ചേർന്നു എന്ന പേരിൽ പട്ടാളാധികാരി ബ്രിഗേഡിയർ ജനറൽ ഒ. ഡയർ തന്റെ അധികാരപ്രമത്തത ഒന്നു കാട്ടിക്കൊടുക്കാൻ തന്നെ തീരുമാനിച്ചു. പുറത്തുപോകാൻ ഒരു മാർഗ്ഗം മാത്രമുള്ള ജാലിയൻവാലാബാഗിൽ നൂറു ഇന്ത്യക്കാരും അമ്പത് ബ്രിട്ടീഷുകാരുമുള്ള ഒരു പോലീസ് സേനയെ പടക്കോപ്പു ധരിപ്പിച്ചു അയാൾ അണിനിരത്തി. എന്നിട്ട് പിരിഞ്ഞുപോകാത്ത ജനക്കൂട്ടത്തിന്റെ നേരെ നിറയൊഴിച്ചു. പട്ടാളത്തിന്റെ തോക്കുകളിലെ അവസാനത്തെ തിര തീരുംവരെ 1600 ചുറ്റു വെടിവെച്ചു. നാനൂറിലധികം ആളുകൾ മരിച്ചു. രണ്ടായിരത്തിൽ പരം ആൾക്കാർക്ക് പരിക്കേറ്റു. മരിച്ചവരേയും പരിക്കേറ്റവരേയും രാത്രി മുഴുവൻ അവരുടെ നരകയാതന സ്വയം കടിച്ചിറക്കാൻ അവിടെത്തന്നെ വിട്ടു. അങ്ങിനെ നിരപരാധികളായ ഇന്ത്യക്കാരെ കൂട്ടക്കൊല നടത്തി ബ്രിട്ടീഷ്കാർ ഈ ദുരന്തത്തിലൂടെ ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിനു ഒരു പുതുജീവൻ നൽകുകയാണുണ്ടായതെന്ന് ഡോ. രാജേന്ദ്രപ്രസാദ് 'വിഭക്ത ഭാരം' എന്ന ഗ്രന്ഥത്തിൽ അഭിപ്രായപ്പെടുന്നത് അർത്ഥവത്താണ്.

For Group Contact us +91 9746065242

mappilaheritagelibrary.com

1919-ൽ ഇന്ത്യയിലെ ജനങ്ങൾക്കിടയിൽ 'സ്വാതന്ത്ര്യം, പരിപൂർണ്ണ സ്വാതന്ത്ര്യം' എന്നല്ലാതെ മറ്റൊരു മുദ്രാവാക്യമുണ്ടായിരുന്നില്ല. എല്ലാ ഇന്ത്യക്കാരും ഒന്നിച്ചണിനിരന്ന് മുഴക്കിയത് അതുമാത്രമായിരുന്നു. ആ ഒരു ഘട്ടത്തിലാണ് അമൃതസരസ്സിൽ കോൺഗ്രസ് സമ്മേളനത്തിനുള്ള ഒരുക്കങ്ങൾ നടന്നുകൊണ്ടിരുന്നത്. 1919 ഡിസംബർ 29-ന് കോൺഗ്രസ് സമ്മേളനത്തിൽ പണ്ഡിറ്റ് ജി.എൻ. മിശ്ര മൗലാനാ മുഹമ്മദലിയിൽ നിന്നു ലഭിച്ച ഒരു സന്ദേശം വായിച്ചു.

'മാതാവിനു സുഖം -നാളെ അമൃതസരസ്സിലെത്തുന്നു.' അളവുറ്റ ആവേശവും ആഹ്ളാദവും അലതല്ലിയ ആ ജനക്കൂട്ടം ഡിസംബർ-30ന് കോൺഗ്രസ്സിന്റെ സമ്മേളനപ്പന്തലിലെത്തിയ അലി സഹോദരൻമാരെ സ്വീകരിച്ച രംഗം ആരെയും ആവേശഭരിതരാക്കുന്നതായിരുന്നു. തടവിൽനിന്നു വിട്ടുവന്നാൽ വിട്ടയച്ച ഗവൺമെന്റിനെ കുറ്റം പറയരുതെന്നായിരുന്നു അലിഖിത നിയമം. പറഞ്ഞെങ്കിൽ അവർ വീണ്ടും തടവിൽ പോകണം. എന്നാൽ മൗലാനാ മുഹമ്മദലി തന്റെ പ്രസംഗം ആരംഭിച്ചത് തന്നെ ഇസ്‌ലാമിക ചരിത്രത്തിലെ മഹാനായ ഭരണാധികാരി ഖലീഫാ ഹാറൂൺ അൽറഷീദിന്റെ കാലത്തെ കഥ പറഞ്ഞുകൊണ്ടായിരുന്നു.

'ഹാറൂൺ അൽ റഷീദിന് ഒരു പുത്രനുണ്ടായിരുന്നു - അമീൻ. അമീന്റെ ഗുരുനാഥനായിരുന്നു അബൂനവാസ്. ഒരു ദിവസം അമീൻ രാജകുമാരൻ ഒരു കവിത രചിച്ചു. ഗുരുവിനെ കാണിച്ചു കവിത സൂക്ഷിച്ചു വായിച്ചശേഷം ഗുരു എഴുന്നേറ്റ് നടക്കാൻ തുടങ്ങി. വിഷണ്ണനായ രാജകുമാരൻ കാരണമന്വേഷിച്ചപ്പോൾ അബൂനവാസ് പറഞ്ഞു. മുമ്പൊരു കവിത വായിക്കാൻ തന്നു. അത് മോശമാണെന്ന് പറഞ്ഞപ്പോൾ എന്നെ ജയിലിലയച്ചു. ഇപ്പോൾ തന്ന കവിതയും മഹാമോശമാണ്. അത് പറഞ്ഞാൽ എന്നെ വീണ്ടും ജയിലിലിടും. അതുകൊണ്ടു ഞാൻ തന്നെ ജയിലിൽ പോയിക്കൊള്ളാം.'

ഈ കഥ പറഞ്ഞ മൗലാനാ പറഞ്ഞു. "ഞാനിതാ വീണ്ടും ജയിലിൽ പോകാൻ തന്നെയാണിവിടെ വന്നിട്ടുള്ളത്. എന്നിട്ട് കൂട്ടക്കൊലയെ വികാരാവേശത്തോടെ പരാമർശിച്ചുകൊണ്ട് ഗർജ്ജിച്ചു. ബ്രിഗ്രേഡിയർ ജനറൽ ഒ. ഡയർ ഒരു അഹങ്കാരിയാണ്. അവന് ഇന്ത്യ പുച്ഛമാണത്രെ. എന്നാൽ ഇന്ത്യയിലെ

For Group Contact us +91 9746065242

mappilaheritagelibrary.com

സ്വാതന്ത്ര്യപ്രേമികൾ ധിക്കാരിയും അക്രമിയുമായ ജനറൽ ഡയറിന്റെ മുഖത്ത് മാത്രമല്ല അവൻ ബഹുമാനിച്ചാദരിക്കുന്ന ബക്കിങ്ങ്ഹാം കൊട്ടാരത്തിനകത്ത് സുഖവാസം കൊള്ളുന്ന അവരുടെ ചക്രവർത്തിയുടെ മുഖത്തും കാർക്കിച്ചു തുപ്പുകയാണ്."

അന്ന് ഇന്ത്യ ഒന്നായിരുന്നു. ഇന്ത്യക്കാർ ഒന്നായിരുന്നു. 1919 ഡിസംബറിൽ തന്നെ ചേർന്ന മുസ്ലിംലീഗ് സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു ഹക്കീം അജ്മൽ ഖാൻ പ്രസ്താവിച്ചു:

'കൃതജ്ഞത എന്നത് വാക്കുകളിലൊതുക്കാമെങ്കിൽ ഇന്ത്യൻ മുസ്ലിംകളുടെ പേരിൽ ഹൃദയാന്തർ ഭാഗത്തു നിന്നുള്ള കൃതജ്ഞത ഹിന്ദുസമുദായത്തിന് ഞാൻ അർപ്പിച്ചുകൊള്ളട്ടെ'.

തടവിൽനിന്നു മോചിതരായ അലി സഹോദരൻമാർ ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന് നവോന്മേഷം പകർന്നു. 1919 ഡിസംബർ 29നു അമൃതസരസ്സിൽ ചേർന്ന കോൺഗ്രസ്സ് യോഗത്തിലെന്നപോലെ പിറ്റേ ദിവസം അജ്മൽ ഖാന്റെ അദ്ധ്യക്ഷതയിൽ അതേ പന്തലിൽ ചേർന്ന മുസ്ലിംലീഗ് സമ്മേളനത്തിലെത്തിയ മുഹമ്മദലിയെയും ഷൗക്കത്തലിയെയും ജനക്കൂട്ടം തക്ബീർ ധ്വനികളോടെ സ്വീകരിച്ചു. മുസ്ലിംകളുടെ സന്തോഷാതിരേകം അതിരറ്റതായിരുന്നു. സമ്മേളനത്തിൽ ചെയ്ത പ്രസംഗത്തിൽ മൗലാനാ തന്റെ സമുദായത്തോടു ചോദിച്ചു: 'ജനറൽ ഡയറിനെയോ, രാജാധിരാജനായ അല്ലാഹുവിനെയോ, ആരെയാണ് നിങ്ങൾ ഭയപ്പെടുന്നത്?' ഇന്ത്യയുടെ പൂർണ്ണസ്വാതന്ത്ര്യത്തിനു വേണ്ടി തന്റെ സർവ്വസ്വവും ത്യജിക്കാൻ സന്നദ്ധനാണെന്ന് മൗലാനാ ഈ സമ്മേളനത്തിൽ പ്രസംഗിച്ചു.

അലി സഹോദരൻമാരുടെ ത്യാഗസുരഭിലമായ ദേശാഭിമാനത്തെ ആദരിക്കുവാനും ഇന്ത്യൻ ജനതയുടെ കൃതജ്ഞത അവരെ അറിയിക്കുവാനും 1920 ജനുവരി 08-ന് ദൽഹിയിൽ വമ്പിച്ച യോഗം ചേർന്നു. അവർക്ക് സാമാന്യം നല്ലൊരു സംഖ്യയുടെ പണക്കിഴി സമ്മാനിച്ചു. അലി സഹോദരൻമാരെ ആദരിക്കാനായി ഏർപ്പെടുത്തിയ ഈ ചടങ്ങിൽ സമുന്നത നേതാക്കളായ ഹക്കീം അജ്മൽ ഖാൻ, ഡോ, സൈഫുദ്ദീൻ കിച്ച്ലു, പണ്ഡിറ്റ് മോട്ടിലാൽ നെഹ്റു, മുഹമ്മദലി ജിന്ന, സ്വാമി ശ്രദ്ധാനന്ദ്, സച്ചിദാനന്ദ സിൻഹ, ഉമർ സുബ്ഹാനി, കസ്തൂരിരങ്ക അയ്യങ്കാർ തുടങ്ങിയവർ പങ്കെടുത്തിരുന്നു.

For Group Contact us +91 9746065242

mappilaheritagelibrary.com

ഖിലാഫത്ത് പ്രസ്ഥാനം ഒരു വശത്തും കോൺഗ്രസ്സ് പ്രസ്ഥാനം മറുവശത്തും ഊർജ്ജിതമായി. ജാലിയൻ വാലാബാഗിലെ കൂട്ടക്കൊലക്കുത്തരവാദിയായിരുന്ന ജനറൽ ഡയറിനെ കുറ്റങ്ങളിൽ നിന്ന് വിമുക്തനാക്കിയ ബ്രിട്ടീഷ് പ്രഭുസഭയുടെ നടപടിയാണ് കൂടുതൽ പ്രതിഷേധത്തിനിട വരുത്തിയത്. ഇന്ത്യക്കാരെ മുട്ടുകുത്തിച്ചും നടത്തിച്ചും, ഇംഗ്ലീഷുകാരെ കാണുമ്പോൾ കാറിലോ സൈക്കിളിലോ യാത്ര ചെയ്യുന്ന ഇന്ത്യക്കാരൻ ഇറങ്ങി ബഹുമാനിക്കണമെന്നു ശഠിച്ചും റൗളത്ത് ആക്ടിന്റെ മറവിൽ ഇന്ത്യക്കാരുടെ ആത്മാഭിമാനം ക്ഷതപ്പെടുത്തിയവനാണു ഡയർ. നൂറുകണക്കിനാളുകളെ വെടിവെച്ചു കൊല്ലുകയും ആയിരക്കണക്കിനാളുകളെ പരിക്കേറ്റിട്ടുപോലും മൃഗതുല്യം കണക്കാക്കുകയും ചെയ്ത ജനറൽ ഡയറെ ഒരു വാളും ഇരുപതിനായിരം പവനും നൽകി ബഹുമാനിക്കാൻ ഒരു കൂട്ടം ബ്രിട്ടീഷുകാർ തീരുമാനിക്കുകയും ചെയ്തപ്പോൾ ഇന്ത്യയുടെ മനസ്സാക്ഷി സ്വാഭാവികമായും പിടഞ്ഞു.

യുദ്ധത്തിൽ തോറ്റ തുർക്കിയോടുള്ള ബ്രിട്ടന്റെ പെരുമാറ്റത്തിൽ ഇന്ത്യയിലെ മുസ്‌ലിംകളും ക്ഷുഭിതരായി. വിജയികളായ അമുസ്‌ലിം രാജ്യങ്ങൾ മുസ്‌ലിം പുണ്യസ്ഥാനങ്ങളായ ഹിജാസിനെ കയ്യടക്കുമെന്ന ഭയമായിരുന്നു അവരെ ഏറ്റവുമധികം വേദനിപ്പിച്ചത്. ഇത് രണ്ടും ഒന്നിലേക്ക് നയിച്ചു. ദേശീയപ്രസ്ഥാനം ശക്തമായി. കോൺഗ്രസ്സും മുസ്‌ലിംലീഗും ഒന്നിച്ച് ഖിലാഫത്ത് പ്രസ്ഥാനത്തിൽ ചേർന്നു. മഹാത്മാഗാന്ധി ഖിലാഫത്ത് പ്രസ്ഥാനത്തിന് സർവ്വപിന്തുണയും നൽകി. റൗളത്തും പഞ്ചാബും, ഖിലാഫത്തും ഇന്ത്യാക്കാരുടെ പ്രശ്നങ്ങളായി ഒത്തുചേർന്നു. അലി സഹോദരൻമാരും ഗാന്ധിജിയും കൈകോർത്തു പിടിച്ചു.

മുസ്‌ലിംകളുടെ വികാരം വൈസ്രോയിയെ ഒരു പ്രതിനിധിസംഘം നേരിട്ടുചെന്നു അറിയിച്ചു. ഖിലാഫത്തിന്റെ സുരക്ഷിതത്വം ജസീറത്തുൽ അറബ് അടക്കമുള്ള പുണ്യ സ്ഥലങ്ങളുടെ സ്വാതന്ത്ര്യം എന്നീ പ്രശ്നങ്ങളിൽ ഇന്ത്യൻ മുസ്‌ലിംകളുടെ തീവ്രവികാരമറിയിച്ചുകൊണ്ട് മഹാത്മാഗാന്ധി, മോട്ടിലാൽ നെഹ്റു, അലി സഹോദരൻമാർ, മുഹമ്മദലി ജിന്ന, ഫസ്‌ലുൽ ഹഖ്, ഹക്കീം അജ്മൽ ഖാൻ, സൈഫുദ്ദീൻ കിച്ച്‌ലു,

For Group Contact us +91 9746065242

mappilaheritagelibrary.com

ഫസൽ ബായ്, കരീംബായ് തുടങ്ങിയ അന്നത്തെ പ്രമുഖരും പ്രസിദ്ധരുമായ ഇന്ത്യൻ നേതാക്കൻമാർ ഒപ്പുവെച്ച നിവേദനം നൽകുകയുണ്ടായി. ജസീറത്തുൽ അറബിന്റെ ഭരണാധികാരം ഒരിക്കലും അമുസ്ലിംകൾക്കാകരുതെന്നും ഖിലാഫത്തിന്റെ മേലുള്ള ലൗകികാധികാരം ഖലീഫക്കുതന്നെ ആയിരിക്കണ മെന്നും ബ്രിട്ടീഷ് ഗവൺമെന്റ് ക്രൈസ്തവരോടെന്നപോലെ മുസ്ലിംകളോടും പെരുമാറണമെന്നും വൈസ്രോയി ചെംസ്ഫോർഡ് പ്രഭുവിനെ നിവേദനം വഴി അറിയിച്ചു. അത് അദ്ദേഹം ബ്രിട്ടീഷ് പ്രധാനമന്ത്രി ലോയിഡ് ജോർജ്ജിനെയും അറിയിച്ചു.

അതിനിടയിൽ ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ ആവശ്യങ്ങളറിയിക്കാൻ മൗലാനാ മുഹമ്മദലി ഇംഗ്ലണ്ടിലേക്ക് പോകണമെന്ന് അഭിപ്രായമുയർന്നുവന്നു. അങ്ങിനെ 1920 ഫെബ്രുവരി 01-ന് മൗലാനാ മുഹമ്മദലി തന്റെ കൂട്ടുകാരനായ മൗലാനാ സയ്യിദ് സുലൈമാൻ നദ്‌വി, സയ്യിദ് ഹുസൈൻ എന്നിവരോടൊപ്പം ഇംഗ്ലണ്ടിലേക്ക് കപ്പൽ കയറി. വളരെ തിരക്കുപിടിച്ച് ഇന്ത്യ വിടേണ്ടിവന്നതിനെപ്പറ്റി മൗലാനാ ആത്മകഥയിൽ ഇങ്ങിനെ വിവരിക്കുന്നു. ''ഞങ്ങൾക്ക് വളരെയധികം പ്രസിദ്ധീ കിട്ടിയിരുന്നുവെങ്കിലും കുറെകാലത്തെ വിരഹത്തിനു ശേഷം വീണ്ടും പൊടുന്നനവെ കുടുംബം വിട്ടുപോകേണ്ടി വന്നതിൽ എനിക്ക് ദുസ്സഹമായ മനോവേദന അനുഭവപ്പെട്ടു. ജയിലിൽ നിന്ന് പുറത്തുവന്ന ശേഷം യൂറോപ്പിലേക്ക് പുറപ്പെടുന്നതിനിടക്ക് ലഭിച്ച ഒരുമാസക്കാലമാണെങ്കിൽ മുഴുവൻ സമയവും ഇന്ത്യ മുഴുവൻ സന്ദർശിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടുതന്നെ രാംപൂരിൽ അൽപസമയം കുടുംബത്തോടൊപ്പം സ്വസ്ഥമായി കഴിയാൻ ലഭിച്ചില്ല. ഇടക്ക് ലഭിച്ച മൂന്നോ നാലോ ദിവസങ്ങൾ രാംപൂരിലെ സ്വന്തം വീട്ടിൽ പോയാൽത്തന്നെ അവിടെ എന്നും ചലിച്ചുകൊണ്ടിരിക്കുന്ന പ്രവർത്തനപരിപാടിയും സന്ദർശനത്തിരക്കും കാരണം ഞങ്ങൾ കൂടുതൽ ഇടപഴകാൻ അവസരം കിട്ടാതെ അപരിചിതരെപ്പോലെ കഴിയേണ്ടി വന്നു. ചെറുപ്പം മുതൽ എന്റെ കൂടെയുണ്ടായിരുന്ന പ്രായംചെന്ന പരിചാരകൻ എന്റെ പെട്ടിയുടെ താക്കോൽ തന്നപ്പോൾ മാത്രമാണ് എനിക്ക് യൂറോപ്പിൽ ആവശ്യമുള്ളതായി അവനു തോന്നിയ എന്തെല്ലാം സാധനങ്ങളാണ് പെട്ടിക്കകത്ത്

For Group Contact us +91 9746065242

mappilaheritagelibrary.com

എടുത്തുവെച്ചത് എന്നുപോലും ഞാനറിയുന്നത്. ഇംഗ്ലണ്ടിലെത്തിയ പ്പോൾ വീട്ടിൽ നിന്ന് കിട്ടിയ എന്റെ മകളുടെ ആദ്യത്തെ കത്തിൽ വീട്ടിലുണ്ടായിരുന്ന സമയം ഒരു നേരമെങ്കിലും അവരുടെ കൂടെ ഭക്ഷണം കഴിക്കാനാവാത്തതിൽ പരാതിപ്പെട്ടത് വായിച്ചപ്പോൾ എനിക്ക് ആകെ മനോവിഷമമുണ്ടായി".

മൗലാനായും കൂട്ടുകാരും ഇംഗ്ലണ്ടിലെത്തിയപ്പോൾ അവിടെ തുർക്കിക്കെതിരായ ശക്തമായ പ്രചാരവേല നടക്കുകയായിരുന്നു. തുർക്കിയെ അപകീർത്തിപ്പെടുത്തുന്ന ഒട്ടേറെ പ്രവർത്തനങ്ങൾ നടക്കുകയുണ്ടായി. മാധ്യമങ്ങളെല്ലാം തുർക്കി വിരുദ്ധമനോഭാവം ഇളക്കിവിട്ടുകൊണ്ടിരുന്നു. ബ്രിട്ടീഷ് ജനതയുടെ മുമ്പിൽ തുർക്കിക്കനുകൂലമായി ഒരക്ഷരം പോലും പറയാൻ ആരും ധൈര്യപ്പെടാത്ത അവസരത്തിലാണ് ഖിലാഫത്ത് പ്രതിനിധി സംഘം ഇംഗ്ലണ്ടിലെത്തിയത്. ബ്രിട്ടീഷ് ഭരണനേതാക്കളെ കാണാൻ മുഹമ്മദലിക്ക് വളരെ വിഷമിക്കേണ്ടി വന്നു. ഇന്ത്യൻ സ്റ്റേറ്റ് സെക്രട്ടറിക്കു പകരം അദ്ദേഹത്തിന്റെ പ്രതിനിധിയെയാണ് കാണാൻ കഴിഞ്ഞത്. ആദ്യത്തെ ബ്രിട്ടീഷ് ലിബറൽ പ്രധാനമന്ത്രിയായിരുന്ന ആസ്ക്വിത്തിനെ കാണാൻ മുഹമ്മദലിക്ക് കഴിഞ്ഞു. തുർക്കിയെ സംബന്ധിച്ച ഇന്ത്യൻ മുസ്‌ലിംകളുടെ ആവശ്യം ലിബറൽ പാർട്ടി നേതാവിനെ അദ്ദേഹം ധരിപ്പിച്ചു.

അന്നത്തെ ലേബർ പാർട്ടി നേതാവ് ലാർഡ്ബറിയുടെ സഹായത്തോടെ ആൽബർട്ട് ഹാൾ, കിങ്ങ്സ് ഹാൾ എന്നിവിട ങ്ങളിൽ പൊതുയോഗങ്ങൾ സംഘടിപ്പിച്ചു പ്രസംഗിക്കാൻ മുഹമ്മദലിക്ക് കഴിഞ്ഞു. സ്താർബറോയിൽ ചേർന്ന ലേബർ പാർട്ടിയുടെ ഒരു സുപ്രധാന യോഗത്തിൽ ഇന്ത്യയിൽ നിന്നു വന്ന ഖിലാഫത്ത് നേതാവിന് അഞ്ചുമിനിട്ട് പ്രസംഗിക്കാൻ അനുമതി കിട്ടി. മൗലാനാ മുഹമ്മദലി തനിക്ക് അവസരം നൽകിയതിന് കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ട് പ്രസംഗം ആരംഭിച്ചത് ഇങ്ങിനെയായിരുന്നു. "ഏഴായിരം നാഴികകൾ താണ്ടി മുപ്പത്തിരണ്ട് കോടി ജനങ്ങളുടെ പ്രതിനിധിയായി വന്ന എനിക്ക് ഒരാൾക്ക് ഒരു സെക്കന്റ് വീതമനുവദിച്ചാൽത്തന്നെ എത്രസമയം പ്രസംഗിക്കേണ്ടി വരും?" അഞ്ചുമിനിട്ട് തീർന്നപ്പോൾ സദസ്യർ വിളിച്ചുപറഞ്ഞു: 'തുടരട്ടെ, തുടരട്ടെ' അങ്ങിനെ ഇരുപത്തിയഞ്ച് മിനിട്ട് നേരം അദ്ദേഹം തന്റെ വാദമുഖങ്ങൾ നിരത്തി പ്രസംഗിച്ചു.

For Group Contact us +91 9746065242

mappilaheritagelibrary.com

ബ്രിട്ടീഷ് പത്രങ്ങൾ ശത്രുതാപരമായ മനോഭാവമാണ് ഖിലാഫത്ത് പ്രതിനിധി സംഘത്തിനുനേരെ കാണിച്ചിരുന്നത് എങ്കിലും 1920 മാർച്ച് 17-നു പ്രധാനമന്ത്രി ലോയിഡ് ജോർജ്ജ് പ്രതിനിധിസംഘത്തെ സ്വീകരിച്ചു. മുഹമ്മദലിയും, ലോയിഡ് ജോർജ്ജും തമ്മിലുള്ള സംഭാഷണങ്ങൾ രണ്ട് വാഗ്മികൾ തമ്മിലുള്ള ഏറ്റുമുട്ടലായിരുന്നു. അഫ്സൽ ഇക്ബാലിന്റെ 'ലൈഫ് ആന്റ് ടൈംസ് ഓഫ് മുഹമ്മദലി' എന്ന ഗ്രന്ഥത്തിൽ പറയുന്നു:

''തുർക്കികൾ (ബാൾക്കൻ യുദ്ധത്തിലും മറ്റും) അർമീനീയക്കാരെ കൂട്ടക്കൊല ചെയ്തത് ലോയിഡ് ജോർജ്ജ് പരാമർശിച്ചു. അപ്പോൾ മുഹമ്മദലി പറഞ്ഞു: 'തുർക്കികൾ യഥാർത്ഥമായ ഈ അതിക്രമങ്ങൾക്കും ഭയങ്കരമായ കുറ്റങ്ങൾക്കും കുറ്റക്കാരാണെന്നു കണ്ടാൽ തുർക്കികളെ സംബന്ധിച്ചിടത്തോളം ഇസ്‌ലാമിന്റെ സൽപേരിനു കളങ്കം ചാർത്തുന്ന ഒരടയാളവും ഉണ്ടാവരുതെന്നതും പ്രധാനമാണ്.''

ബ്രിട്ടീഷ് പ്രധാനമന്ത്രിയുടെ മറുപടി വളരെ വ്യക്തമായിരുന്നു. ലോയ്ഡ് ജോർജ്ജ് പറഞ്ഞു. 'തുർക്കിയോടൊപ്പം എന്നും ഒന്നിച്ചുനിന്ന കൂട്ടുകാരിയുടെ മുമ്പിൽ തുർക്കി വാതിൽ കൊട്ടിയടച്ചു... തുർക്കിയുടെ കാര്യത്തിൽ മുഹമ്മദലിയുടെ അവകാശം എനിക്ക് മനസ്സിലാകുന്നില്ല. നീതിയാണ് മുഹമ്മദലി ആവശ്യപ്പെടുന്നത്. നീതി തുർക്കിക്ക് ലഭിക്കും. ഞങ്ങൾ ക്രിസ്ത്യൻ രാജ്യങ്ങൾക്ക് ഒരു തത്വവും മുസ്‌ലിം രാജ്യങ്ങൾക്ക് മറ്റൊരു തത്വവും പ്രാവർത്തികമാക്കുമെന്ന് ഇന്ത്യയിലെ ഒരു മുസ്‌ലിമും കരുതേണ്ട. ആസ്ത്രിയക്ക് നീതി കിട്ടിക്കഴിഞ്ഞു: ജർമ്മനിക്കും നീതി കിട്ടി. അതിഭയങ്കരമായ നീതി തന്നെ. എന്തിന് തുർക്കി മാത്രം അതിൽ നിന്നു ഒഴിവാക്കപ്പെടണം?''. എന്നാൽ ഇന്ത്യയിലെ മുസ്‌ലിംകൾ ആഗ്രഹിക്കുന്നതെന്താണെന്ന് ലോയ്ഡ് ജോർജ്ജിനു മനസ്സിലായില്ല. യുദ്ധത്തിൽ തോറ്റ മറ്റുള്ള രാജ്യങ്ങളോട് ബ്രിട്ടൻ അനുവർത്തിച്ച അതേനയം തുർക്കിയോടും അനുവർത്തിക്കരുതെന്നായിരുന്നു ഇന്ത്യയിലെ മുസ്‌ലിംകൾ ആഗ്രഹിച്ചത്. ഇസ്‌ലാമിൽ തുർക്കിക്കുള്ള സ്ഥാനം നിലനിർത്തണമെന്നായിരുന്നു ഇന്ത്യൻ മുസ്‌ലിമിന്റെ ആവശ്യം.

മുഹമ്മദലി ഇംഗ്ലണ്ടിലുണ്ടായിരുന്നപ്പോഴാണ് സേവേഴ്സ് ഉടമ്പടി പുറത്തായത്. അതുപ്രകാരം ഒട്ടോമൻ സാമ്രാജ്യമായ

For Group Contact us +91 9746065242

mappilaheritagelibrary.com

തുർക്കിക്ക് അതിന്റെ കോളനികൾ നഷ്ടപ്പെട്ടു. ഒരുകാലം തുർക്കിയുടെ അധീനതയിലുണ്ടായിരുന്ന ഗ്രീക്ക് പ്രദേശം നഷ്ടമായി. ഹിജാസിനെ ഛിന്നഭിന്നമാക്കി ജറുസലേം ഉൾപ്പെടുന്ന പാലസ്തീനും കർബല സ്ഥിതിചെയ്യുന്ന ഇറാഖും ബ്രിട്ടന്റെ സംരക്ഷണപ്രദേശമായും സിറിയ ഫ്രാൻസിന്റെ കീഴിലും അമർന്നു. നജ്ദും യമനും മാത്രമായിരുന്നു സ്വതന്ത്ര ഘടകങ്ങൾ. അത് ഒട്ടോമൻ തുർക്കി സാമ്രാജ്യത്തിന്റെ ഭാഗമായിരുന്നില്ല. ഹിജാസ് തുർക്കിയുടെ അധീനതയിലായിരു ന്നപ്പോൾ അവിടെ തുർക്കി ഗവർണ്ണറായിരുന്ന ശരീഫ് ഹുസൈൻ യൂറോപ്യൻമാരുടെ കുതന്ത്രത്തിൽപ്പെട്ടു തുർക്കിക്കെതിരായി വിപ്ലവം നടത്തി. കുപ്രസിദ്ധമായ ലോറൻസിന്റെ കുതന്ത്രങ്ങൾക്ക് ആദ്യത്തെ ഇര ശരീഫായിരുന്നു.

(ശരീഫ് ഹുസൈൻ തന്റെ ഏകാധിപത്യപരമായ പ്രവർത്തനങ്ങൾകൊണ്ട് വളരെയേറെ എതിർപ്പുനേടി. അങ്ങിനെ നജ്ദിലെ സുൽത്തനായിരുന്ന അബ്ദുൽ അസീസ് ഇബ്നു സഊദ് ഹിജാസ് പിടിച്ചെടുത്തു. ഇന്നത്തെ സൗദി അറേബ്യയുടെ ആരംഭകാലം അതായിരുന്നു).

തികച്ചും അപമാനം വരുത്തുന്ന ഒരു ഉടമ്പടി തുർക്കിയുടെ മേൽ കെട്ടിവെക്കുകയും ഒട്ടോമൻ സാമ്രാജ്യം ലിക്വിഡേറ്റു ചെയ്യുന്ന ആ കരാറിൽ തുർക്കിയെക്കൊണ്ട് ബ്രിട്ടനും സഖ്യരാജ്യങ്ങളും നിർബന്ധിച്ചു ഒപ്പ് വെപ്പിക്കയുമാണുണ്ടായത്. എന്നാൽ ഒരു സാമ്രാജ്യത്തിന്റെ അന്ത്യം കുറിച്ച സേവേഴ്സ് കരാർ ഒരു നവീന തുർക്കിയുടെ ഉദയം പ്രദാനം ചെയ്തുവെന്നത് മറ്റൊരുകഥയാണ്.

മൗലാനാ മുഹമ്മദലിയും സംഘവും ഫ്രാൻസിൽ പോയി. അന്നത്തെ ഫ്രഞ്ച് പ്രധാനമന്ത്രി മോൺ സേവ്യർ മില്ലർ 1920 ആഗസ്ത് 12 ന് മുഹമ്മദലിക്ക് അഭിമുഖസംഭാഷണമനുവദിച്ചു. തുർക്കിയുമായുള്ള കരാർ അവസാനവാക്കല്ല എന്നു ഫ്രഞ്ച് പ്രധാനമന്ത്രി പറഞ്ഞു. ഖിലാഫത്ത് പ്രതിനിധി സംഘം ഇന്ത്യയിലേക്ക് തിരിച്ചുവരുന്ന വഴി റോമിലെത്തിയ മൗലാന മാർപ്പാപ്പയുമായി കൂടിക്കാഴ്ച നടത്തി. തുർക്കി ഗവൺമെന്റ് ക്രൈസ്തവരോട് മതസഹിഷ്ണുത കാണിച്ചുവെന്ന മാർപ്പാപ്പയുടെ പരാമർശം മുഹമ്മദലിയെ സന്തുഷ്ടനാക്കി.

ഇന്ത്യയിൽ തിരിച്ചെത്തിയ മുഹമ്മദലി ഖിലാഫത്ത്

For Group Contact us +91 9746065242

mappilaheritagelibrary.com

പ്രസ്ഥാനത്തിന്റെ അനിഷേധ്യനേതാവെന്ന നിലക്ക് തന്റെ സ്വാതന്ത്ര്യസമര പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമാക്കി.

ഒരു ഭാഗത്ത് ഖിലാഫത്ത് സമരവും മറ്റൊരു ഭാഗത്ത് പഞ്ചാബ് പ്രശ്നവും ഒരു ധർമ്മസമരത്തിന്റെ പാതയിലേക്ക് ഇന്ത്യൻ രാഷ്ട്രീയത്തെ തള്ളിവിട്ടു. ഗാന്ധിജി നിസ്സഹകരണ പ്രസ്ഥാനം ഒരു രാഷ്ട്രീയ സമരമായി അംഗീകരിച്ചു. മുഹമ്മദലി ഇംഗ്ലണ്ടിൽ നിന്ന് മടങ്ങിയെത്തും മുമ്പുതന്നെ ഗാന്ധിജി സമരപരിപാടിയുമായി മുന്നോട്ടുനീങ്ങിയിരുന്നു. 1920 ജൂൺ മാസത്തിൽ അലഹാബാദിൽ സർവ്വകക്ഷി സമ്മേളനത്തിൽ മിതവാദികളുടെ നേതാക്കളായ തേജ് ബഹദൂർ സിങ്, മിസ്സിസ് ആനി ബസന്റ് എന്നിവർ നിസ്സഹകരണ സംരംഭത്തോട് വിയോജിപ്പ് പ്രകടിപ്പിച്ചു. എന്നാൽ ബഹുഭൂരിപക്ഷം നേതാക്കൻമാരും ഗാന്ധിജിയെ അനുകൂലിക്കുകയും ഓഗസ്ത് ഒന്നിന് നിസ്സഹകരണ സമരം ആരംഭിക്കുകയും ചെയ്തു. എല്ലാ നേതാക്കൻമാരും അവരുടെ ബഹുമതി പദവികൾ വലിച്ചെറിഞ്ഞു. ഗാന്ധിജിയും മിസ്സിസ് സരളാദേവിയും 'കൈസറെ ഹിന്ദ്' എന്ന തങ്കമുദ്രകളും ഹക്കീം അജ്മൽ ഖാൻ 'ഹാഫിസുൽ മുൽക്ക്' എന്ന സ്ഥാനപ്പേരും ഉപേക്ഷിച്ചു. നിരവധി പേർ നിയമസഭാംഗത്വവും മറ്റു പദവികളും രാജിവെച്ചു. മുഹമ്മദലി തിരിച്ചെത്തുംവരെ മൗലാനാ ഷൗക്കത്തലിയും, മടങ്ങിവന്ന ശേഷം മുഹമ്മദലിയും കോൺഗ്രസ്സിന്റെ നിസ്സഹകരണ സമരത്തിൽ സർവ്വാത്മനാ സഹകരിച്ചു. 1920 ഒക്ടോബർ 19-ന് ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിലെ സുപ്രധാന ദിനമായിരുന്നു. മൗലാനാ മുഹമ്മദലിയുടെ ആഹ്വാനമനുസരിച്ച് അലീഗറിലെ എം.എ.ഒ. കോളേജ് വിദ്യാർത്ഥികൾ ക്ലാസുകൾ ബഹിഷ്കരിച്ചു! അതേപോലെത്തന്നെ അന്നത്തെ പ്രസിദ്ധ അഭിഭാഷകരായ കൽകത്ത ബാറിലെ ചിത്തരഞ്ജൻ ദാസും യു.പി.യിലെ പണ്ഡിറ്റ് മോത്തിലാൽ നെഹ്റുവും, അഹമ്മദാബാദിൽ വല്ലഭായ് പട്ടേലും മദ്രാസിൽ രാജഗോപാലാചാരിയും അവരുടെ വലിയ വരുമാനമാർഗ്ഗമായിരുന്ന അഭിഭാഷകവൃത്തിയിൽ നിന്നു വിരമിച്ചു പൂർണ്ണമായും ദേശീയ സ്വാതന്ത്ര്യരംഗത്ത് അണിനിരന്നു. പാറ്റ്നയിൽ രാജേന്ദ്ര പ്രസാദും ലക്നോവിൽ ഖലീക്കുസ്സമാനും വക്കീൽ ജോലി ഉപേക്ഷിച്ചു, സ്വാതന്ത്ര്യസമരത്തിലെ

For Group Contact us +91 9746065242

mappilaheritagelibrary.com

മുന്നണിപ്പോരാളികളും ഖാദിയുടെ പ്രചാരകരുമായിത്തീർന്നു. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ ഖിലാഫത്ത് പ്രസ്ഥാനവും ഇന്ത്യൻ നാഷണൽ കോൺഗ്രസ്സും അനുപൂരകങ്ങളായി മാറി.

അലിഗറിലെ എം.എ.ഒ. കോളേജുകാരോട് സർക്കാർ സഹായം ഉപേക്ഷിക്കാൻ അലി സഹോദരൻമാർ ആവശ്യപ്പെട്ടെങ്കിലും തയ്യാറായില്ല. കോളേജ് വളപ്പിനകത്തുതന്നെ മറ്റൊരു പഠന ക്ലാസും മുഹമ്മദലി ആരംഭിച്ചു. മുഹമ്മദലിയെ സർവ്വകലാശാലാ വളപ്പിനകത്ത് കടക്കുന്നത് നിരോധിച്ചപ്പോൾ അദ്ദേഹം പള്ളിയിൽ കടന്നുകൂടി. അതിന്റെ അന്നത്തെ പ്രിൻസിപ്പൽ പ്രൊഫ. ക്യാംബൽ മുഹമ്മദലിയോട് പറഞ്ഞു. "നിങ്ങൾ കുട്ടികളെ അനുസരണയില്ലാത്തവരാക്കുകയാണ്". മൗലാനാ തിരിച്ചടിച്ചു: 'അല്ല പ്രൊഫ.ക്യാംബൽ, ഞാനവരെ ദൈവത്തോട് അനുസരണയുള്ളവരാക്കുകയാണ്.'

ബ്രിട്ടീഷ് ഗവൺമെന്റിന്റെ സഹായം വേണ്ടെന്നുവെക്കാൻ അലിഗർ കോളേജിന്റെ ട്രസ്റ്റികൾ വിസമ്മതിച്ചപ്പോൾ വിദ്യാർത്ഥികളെ സ്ഥാപനത്തിൽ നിന്നും ഇറക്കിക്കൊണ്ടുവന്ന മുഹമ്മദലി ടെന്റുകൾ കെട്ടി അവർക്കുവേണ്ടി പുതിയ ക്ലാസുകൾ ആരംഭിച്ചു. അതിന് മുസ്‌ലിം ദേശീയ സർവ്വകലാശാല എന്ന പേരും നൽകി. പിന്നീടത് ഗാന്ധിജിയുടെ ഉപദേശപ്രകാരം ഡൽഹിയിലേക്കു മാറ്റുകയും ഹക്കീം അജ്മൽ ഖാൻ, ഡോ. അൻസാരി, ഡോ. സക്കീർ ഹുസൈൻ എന്നിവരുടെ ചുമതലയിൽ പ്രവർത്തിപ്പിക്കുകയും ചെയ്തു. അതാണ് ഇന്നത്തെ ജാമിയ മില്ലിയ ഇസ്‌ലാമിയ. ഗാന്ധിജിയും മുഹമ്മദലിയും ചേർന്ന് മഹാകവി ഇഖ്ബാലിനോട് അതിന്റെ ചുമതല ഏറ്റെടുക്കാൻ അഭ്യർത്ഥിച്ചു. 'മുസ്‌ലിം ദേശീയ സർവ്വകലാശാല അങ്ങയെ മാടിവിളിക്കുന്നു' – 1921-ൽ അവർ ഇഖ്ബാലിനെഴുതി. അദ്ദേഹം അത് നിരസിച്ചു. അങ്ങിനെ മൗലാനാ തന്നെ ആദ്യത്തെ റെക്ടറായി ചുമതലയേറ്റു.

ഗാന്ധിജിയും അലി സഹോദരൻമാരും ഇന്ത്യയുടെ നഗരങ്ങളാകെ ഇളക്കിമറിച്ചുകൊണ്ട് 'ഖിലാഫത്ത് ദിനം' ആചരിച്ചു. നാടാകെ ഇളകി മറിഞ്ഞു. 1921 ജനുവരിയിൽ എഴുതിയ ഒരു കത്തിൽ മൗലാനാ തന്റെ ജീവിതാനുഭവങ്ങൾ ഇങ്ങിനെ വിവരിക്കുന്നു.

'ഗാന്ധിജിയും എന്റെ സഹോദരനും ആഴ്ചയിൽ രണ്ടു

For Group Contact us +91 9746065242

mappilaheritagelibrary.com

രാത്രികളിലധികം ഉറങ്ങിയില്ല. രാവും പകലും യാത്രചെയ്തും അഭിപ്രായങ്ങൾ പ്രചരിപ്പിച്ചും ഫണ്ടുകൾ സ്വരൂപിച്ചും സമയം കിട്ടുമ്പോൾ വണ്ടികളിൽ ഉറങ്ങിയും കഴിച്ചുകൂട്ടി. ഞാനാണെങ്കിൽ മുസ്‌ലിം സർവ്വകലാശാലയുടെ ചങ്ങല കൊണ്ട് ബന്ധിതനാണെന്നാണ് വെപ്പ്. എന്നിരുന്നിട്ടും ആ ചങ്ങലകൾ വലിച്ചിഴച്ചുതന്നെ ഞാനും ചുറ്റിനടന്നു. മാസാവസാനമാകുമ്പോഴേക്കും പതിനായിരക്കണക്കിനാളുകളോടു പ്രസംഗിച്ചിട്ടുണ്ടാവും.

നവംബർ അവസാനത്തോടെ ഞാനെന്റെ രണ്ട് മക്കളെയും കെട്ടിച്ചയച്ചു. എന്നാലും ഈ ഗവൺമെന്റിനെ (ബ്രിട്ടീഷ്) ഭയന്നതുകൊണ്ട് റാംപൂരിലെ നവാബ് ഞങ്ങളെ നാട്ടിൽ നിന്ന് പുറന്തള്ളുകയും ഞങ്ങളുടെ രണ്ട് ബന്ധുക്കൾക്ക് ഇരുപത് വർഷം ജയിൽശിക്ഷ നൽകുകയും ചെയ്തു. അതുകൊണ്ട് അവിടെ (റാംപൂരിൽ) വെച്ചു വിവാഹം നടത്താനും ഞങ്ങൾക്ക് കഴിഞ്ഞില്ല. വധൂവരൻമാരെ തൊട്ടടുത്ത നഗരത്തിലേക്ക് കൊണ്ടുവന്നു വിവാഹം നടത്തിക്കൊടുക്കേണ്ടി വന്നു. ജോലിത്തിരക്ക് കാരണം എനിക്കൊന്നിലും ശ്രദ്ധിക്കാൻ കഴിഞ്ഞില്ല. എന്റെ ഭാര്യ എത്രയും ഭംഗിയായി ആവശ്യമുള്ളതെല്ലാം ചെയ്തു. ഞാനാകട്ടെ വിവാഹത്തിൽ ഒരതിഥിയെന്നപോലെ അവിടെ ചെന്നെത്തി.'

ഹിന്ദു മുസ്‌ലിം മൈത്രി അതിന്റെ പരമകാഷ്ഠയിലെത്തിയ ഈ കാലഘട്ടത്തിൽ ഗാന്ധിജിയും അലി സഹോദരന്മാരും ഒന്നിച്ചുചേർന്ന് രാജ്യമാസകലം സഞ്ചരിക്കുകയായിരുന്നു. ബ്രിട്ടീഷ് രാജ് ഓരോ കരിനിയമം ഉപയോഗിച്ചും അലി സഹോദരൻമാരെ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു. അലിഗറിൽ മുഹമ്മദലിക്കുണ്ടായ വിസ്മയാവഹമായ വിജയത്തിൽ അമ്പരന്ന ബ്രിട്ടീഷ് ഗവൺമെന്റ് അലിഗർ ജില്ലയിൽ മുഹമ്മദലി പ്രസംഗിക്കുന്നത് നിരോധിച്ചു.

മുഹമ്മദലി ഈറോഡിൽ നടത്തിയ ഒരു പ്രസംഗം ബ്രിട്ടീഷ് പാർലമെന്റിൽ കോളിളക്കമുണ്ടാക്കി. ബ്രിട്ടീഷ് ഗവൺമെന്റിനെതിരായി അയർലന്റിൽ നടക്കുന്ന ഗറില്ലാ സമരമുറകളെപ്പറ്റി മൗലാനാ പ്രസംഗിച്ചതിനെപ്പറ്റിയായിരുന്നു ചോദ്യങ്ങൾ. ഇന്ത്യാ ഗവൺമെന്റ് നടപടിയെടുക്കുമെന്ന് സ്റ്റേറ്റ് സെക്രട്ടറി പറഞ്ഞു. നിസ്സഹകരണ പ്രസ്ഥാനവും ഖിലാഫത്തും ഒരു പോലെ അക്രമരഹിതമാകണമെന്ന ഗാന്ധിജിയുടെ നിഷ്കർഷ അലി സഹോദരൻമാരും

For Group Contact us +91 9746065242

mappilaheritagelibrary.com

സ്വീകരിച്ചിരുന്നുവെങ്കിലും മുഹമ്മദലിയുടെ വാഗ്വിലാസം പ്രൗഢവും ശക്തവും ജനങ്ങളെ ഹഠാദാകർഷിക്കുന്നതുമായിരുന്നു.

നിസ്സഹകരണ പ്രസ്ഥാനത്തിന്റെ അഭൂതപൂർവ്വമായ വിജയം ബ്രിട്ടനിലെ ജനങ്ങളെയും ഗവൺമെന്റിനെയും അസ്വസ്ഥമാക്കി. വലതുപക്ഷ സാമ്രാജ്യവാദികളായ പല ബ്രിട്ടീഷുകാരും ഇന്ത്യാ ഗവൺമെന്റിനെ കുറ്റപ്പെടുത്തി. ലണ്ടനിലെ 'സെൻട്രൽ ഏഷ്യൻ സൊസൈറ്റി' എന്ന ഒരു സമാജത്തിൽ പഞ്ചാബിലെ മുൻ പട്ടാളമേധാവി കേണൽ ഡയർ ചെയ്ത പ്രസംഗത്തിൽ 'രാജ്യദ്രോഹിയായ ഗാന്ധിയേയും അലി സഹോദരൻമാരെയും അടക്കി നിർത്തിയില്ലെങ്കിൽ ഗുരുതരമായ ഭവിഷ്യത്തുകളുണ്ടാവുമെന്ന് ബ്രിട്ടീഷ് ഗവൺമെന്റിനെ താക്കീത് ചെയ്തു.

അന്ന് 1921 സെപ്തംബർ 13-നു, മൗലാനാ മുഹമ്മദലിയും പത്നിയും മഹാത്മജിയും ഒന്നിച്ച് തീവണ്ടി മാർഗ്ഗം മദ്രാസ്സിലേക്ക് വരികയായിരുന്നു. തീവണ്ടി ആന്ധ്രയിലെ വാൾട്ടയറിൽ എത്തിയപ്പോൾ മൗലാനാ നല്ല ഉറക്കമായിരുന്നു. 14-നു പുലർച്ചെ വാൾട്ടയർ റെയിൽവെ സ്റ്റേഷനിൽ തീവണ്ടി കാത്തുനിൽക്കുകയായിരുന്ന സായുധ പോലീസ് മുഹമ്മദലിയെ വിളിച്ചുണർത്തി. സ്റ്റേഷനിൽ തടിച്ചുകൂടിയ നിസ്സഹകരണ-ഖിലാഫത്ത് പ്രവർത്തകൻമാർ ആവശ്യപ്പെട്ടതിനെത്തുടർന്ന്, ഗാന്ധിജിയും മുഹമ്മദലിയും തീവണ്ടിമുറിയിൽ നിന്ന് പുറത്തിറങ്ങി. സ്റ്റേഷന് പുറത്ത് തടിച്ചുകൂടിയ ജനങ്ങളെ ഒന്നു കാണണമെന്ന് ആവശ്യപ്പെട്ടപ്പോൾ ഗാന്ധിജിയും മുഹമ്മദലിയും ഒന്നിച്ച് നടന്നുനീങ്ങി. ഏതാനും വാര നടന്ന മുഹമ്മദലിയെ സമീപിച്ച ഒരു പോലീസ് ഓഫീസർ വളരെ പരവശനായി അദ്ദേഹത്തെ അറസ്റ്റ് ചെയ്യാനുള്ള തൃശ്ശിനാപള്ളി ഡിസ്ട്രിക്റ്റ് മജിസ്ട്രേറ്റിന്റെ ഉത്തരവ് കാണിച്ചുകൊടുത്തു.

തികച്ചും അപ്രതീക്ഷിതമായ ഈ 'അറസ്റ്റ്' അന്നവിടെ തടിച്ചുകൂടിയ ജനങ്ങളെ പ്രക്ഷുബ്ധരാക്കുമെന്ന് മനസ്സിലാക്കിയ ഗാന്ധിജി ജനങ്ങളോടു അക്രമരാഹിത്യവും നിസ്സഹകരണവും മുറുകെപ്പിടിച്ച് സ്വരാജിനുവേണ്ടി കൂടുതൽ പ്രയത്നിക്കാനാഹ്വാനം ചെയ്തു. ഗാന്ധിജിയുടെ തന്ത്രപൂർവ്വമായ നീക്കങ്ങൾ ഒരു വലിയ അനിഷ്ട സംഭവം ഒഴിവാക്കി.

മുഹമ്മദലിയെ പ്ലാറ്റുഫോറത്തിലെ ഒരു മുറിയിൽ തനിച്ചിരുത്തി ഗാന്ധിജിയും ബീഗം മുഹമ്മദലിയും

For Group Contact us +91 9746065242

mappilaheritagelibrary.com

അനുയായികളും യാത്ര തുടർന്നു. ബീഗം മുഹമ്മദലി അനന്യസാധാരണമായ ധൈര്യം കാണിക്കുകയും കുഞ്ഞുങ്ങളെക്കുറിച്ചോർത്ത് വിഷമിക്കരുതെന്ന് ഭർത്താവിനെ ധൈര്യപ്പെടുത്തുകയും ചെയ്ത രംഗം പലരെയും അത്ഭുത പ്പെടുത്തി. മദ്രാസിലെ വിവിധ ഖിലാഫത്തുയോഗങ്ങളിൽ ബീഗം സാഹിബ പ്രസംഗിച്ചു. അന്ന് യംഗ് ഇന്ത്യ പത്രത്തിൽ ഗാന്ധിജി ബീഗം മുഹമ്മദലിയെ വിശേഷിപ്പിച്ചത് 'ധീരനായ ഭർത്താവിന്റെ ധീരയായ ഭാര്യ' എന്നായിരുന്നു.

1921-ൽ ഖിലാഫത്ത് കോൺഫറൻസ് കറാച്ചിയിൽ വെച്ചു ചേർന്നപ്പോൾ അതിൽ അദ്ധ്യക്ഷനായിരുന്ന മുഹമ്മദലിയുടെ പ്രസംഗമായിരുന്നു അറസ്റ്റിനു കാരണം. ഇസ്ലാം മതത്തിനു ദോഷം ചെയ്യുന്ന ബ്രിട്ടീഷ് ഗവൺമെന്റിനെ സേവിക്കുന്നത് 'ഹറാ'മാണെന്നു അവിടെ ഒരു പ്രമേയം അംഗീകരിച്ചിരുന്നു. അതു രാജ്യദ്രോഹമാണെന്ന നിലക്ക് കറാച്ചി പോലീസായിരുന്നു അറസ്റ്റ് വാറണ്ട് പുറപ്പെടുവിച്ചത്. കറാച്ചിയിൽ നിന്ന് ഒരു ബ്രിട്ടീഷ് പോലീസുദ്യോഗസ്ഥൻ എത്തിച്ചേരുംവരെയുള്ള തടഞ്ഞുവെക്ക ലായിരുന്നു വാൾട്ടയറിൽ നടന്നത്. ഷൗക്കത്തലിയെ ബോംബെയിൽ വെച്ചും അറസ്റ്റ് ചെയ്തു. അങ്ങിനെ മൗലാനാ മുഹമ്മദലിയും, മറ്റുപല ഭാഗങ്ങളിൽ നിന്നായി മൗലാനാ ഹുസൈൻ അഹ്മദ്, ഡോ.കിച്ച്ലു, നിസാർ അഹ്മദ്, ശങ്കരാചാര്യൻ എന്നിവരും അറസ്റ്റ് ചെയ്യപ്പെട്ടു. അവരെ കറാച്ചിയിൽ കൊണ്ടുവന്നു. 1921 ഒക്ടോബർ 26-ന് സിന്ധിലെ ജുഡീഷ്യൽ കമ്മീഷണർ കെന്നഡിയുടെ മുൻപാകെ നടന്ന സുപ്രസിദ്ധമായ കറാച്ചി വിചാരണ സ്വാതന്ത്ര്യസമരചരിത്രത്തിലെ ഇജ്ജ്വലമായ അദ്ധ്യായമാണ്. അന്ന് അത്രയേറെ ജനശ്രദ്ധയാകർഷിച്ച മറ്റൊരു രാഷ്ട്രീയ വിചാരണ നടന്നിരുന്നില്ല. മുഹമ്മദലിയെയും ഷൗക്കത്തലിയെയും അറസ്റ്റ് ചെയ്ത വിവരം ബ്രിട്ടീഷ് ഗവൺമെന്റ് കുറെ നാൾ രഹസ്യമാക്കി വെച്ചു. ഗാന്ധിജിയാണിത് പരസ്യപ്പെടുത്തിയത്. എന്നാൽ ഈ അറസ്റ്റിന്റെ പേരിൽ രക്തച്ചൊരിച്ചിലുണ്ടാവരുതെന്ന് ഗാന്ധിജിക്ക് വലിയ നിർബന്ധമായിരുന്നു.

കറാച്ചിയിലെ ഖിലാഫത്ത് സമ്മേളനത്തിൽ ബ്രിട്ടീഷ് ഗവൺമെന്റിന് എതിരെ ജനവികാരം ഇളക്കിവിട്ടുവെന്ന് മാത്രമല്ല, മുസ്ലിം പട്ടാളക്കാരോട് ഇസ്ലാമിന് വിരുദ്ധമായ ഒരു

For Group Contact us +91 9746065242

mappilaheritagelibrary.com

ഭരണകൂടത്തിന് വേണ്ടി പടപൊരുതുന്നത് ഹറാമാണെന്നു പ്രചരിപ്പിച്ചുവെന്നും മുഹമ്മദലിക്കെതിരെ കുറ്റാരോപണമുണ്ടായി. മുഹമ്മദലിയുടെ അറസ്റ്റിനെയും സഹോദരൻമാരുടെ പേരിലുള്ള രാജ്യദ്രോഹക്കുറ്റത്തേയും പരാമർശിച്ചുകൊണ്ട് ഗാന്ധിജി ഇങ്ങനെ എഴുതിയതായി 'മഹാത്മ' എന്ന ഗ്രന്ഥത്തിൽ ടെൻഡുൽക്കർ രേഖപ്പെടുത്തുന്നു.

''വാൾട്ടയറിൽ 25 മിനിട്ട് തീവണ്ടി നിന്നു. മൗലാനാ മുഹമ്മദലിയും ഞാനും സ്റ്റേഷനു പുറത്ത് ഒരു യോഗത്തിൽ പ്രസംഗിക്കാൻ പോകുകയായിരുന്നു. ഞങ്ങൾ സ്റ്റേഷൻ കവാടത്തിൽ നിന്ന് കുറച്ച് അകലെയെത്തും മുമ്പ് മൗലാനാ ഒച്ചവെക്കുന്നതും അദ്ദേഹത്തിന് കിട്ടിയ നോട്ടീസ് വായിക്കുന്നതും ഞാൻ കേട്ടു. ഞാനദ്ദേഹത്തിന് ഏതാനുമടി മുമ്പിലായിരുന്നു. രണ്ടു വെള്ളക്കാരും അരഡസൻ ഇന്ത്യൻ പോലീസുകാരും ഉൾപ്പെടുന്നതായിരുന്നു അറസ്റ്റ് ചെയ്യാൻ വന്ന സംഘം. മൗലാനാ അത് വായിച്ചുതീർക്കും മുമ്പുതന്നെ പോലീസ് സംഘത്തിന്റെ ഓഫീസർ മൗലാനയെ കൈപിടിച്ചു അകലെ കൊണ്ടുപോയി. മുഖത്ത് മന്ദഹാസം വിടർത്തി അദ്ദേഹം ഗുഡ്ബൈ പറഞ്ഞു. എനിക്കതിന്റെ അർത്ഥം മനസ്സിലായി, ദൗത്യം ഞാൻ മുന്നോട്ടു കൊണ്ടുപോകണം.''

ഗാന്ധിജി തുടരുന്നു. "അലി സഹോദരൻമാർ പട്ടാളക്കാരുടെ കൂറു തകർക്കുകയും രാജ്യദ്രോഹം പ്രസംഗിക്കുകയും ചെയ്തുവെന്നാണ് കുറ്റാരോപണം, രാജ്യദ്രോഹം കോൺഗ്രസ്സിന് മുഖമുദ്രയാണ്. ഓരോ നിസ്സഹകരണവാദിയും ഗവൺമെന്റിനെതിരായി അസംതൃപ്തി പ്രചരിപ്പിക്കുകയാണ്. ഇതൊരു പുതിയ കണ്ടുപിടുത്തമല്ല. ഇത് ചെംസ്ഫോർഡ് പ്രഭുവിന് അറിയാമായിരുന്നു. റീഡിംഗ് പ്രഭുവിനും (പുതിയ വൈസ്രോയി) ഇതറിയാവുന്നതാണ്. ഞങ്ങളതിന് മാപ്പപേക്ഷിക്കുന്നില്ല. അങ്ങിനെ ഒന്ന് ഗവൺമെന്റിൽ നിന്ന് പ്രതീക്ഷിക്കുന്നില്ല. ഞങ്ങളെ അറസ്റ്റ് ചെയ്യിച്ചുകൊണ്ട് ഗവൺമെന്റിന് തൃപ്തിവരും വരെ ഞങ്ങളീ അസംതൃപ്തി പരസ്യമായും ക്രമപ്രവൃദ്ധമായും പരത്തുന്നതാണ്.

ജുഡീഷ്യൽ കമ്മീഷണർ കെന്നഡിയുടെ മുമ്പിൽ നടന്ന വിചാരണയിൽ മൗലാനാ രണ്ടു ദിവസം നേരിട്ടു വാദിച്ചു. കുറ്റം ചെയ്തിട്ടില്ല എന്ന് ഒരിക്കലും അദ്ദേഹം പറഞ്ഞില്ല. ജൂറിയോടു

For Group Contact us +91 9746065242

mappilaheritagelibrary.com

ന്യായവാദം നടത്തുക മാത്രമാണ് ചെയ്തത്. "ഞങ്ങൾ എന്തെല്ലാം ചെയ്തിട്ടുണ്ടോ അതെല്ലാം പരസ്യമായിട്ടേ ചെയ്തിട്ടുള്ളൂ. രഹസ്യമായി ഞങ്ങളൊന്നും ചെയ്തിട്ടില്ല. അതുകൊണ്ടുതന്നെ ഗൂഢാലോചന നടത്തി എന്ന കുറ്റം നിലനിൽക്കുന്നില്ല. സൈനികർക്കിടയിൽ ലഘുലേഖകൾ പ്രചരിപ്പിച്ചത് ഞങ്ങൾക്ക് നേരിട്ട് അറിവില്ല. എന്നാൽ അതു വേണ്ടാത്തതാണ് എന്നാണ് എന്റെ പക്ഷം. സഖ്യരാജ്യങ്ങൾ തുർക്കിക്കെതിരായി യുദ്ധത്തിന് സന്നാഹങ്ങളെടുത്തപ്പോഴാണ് ഇന്ത്യൻ സൈന്യത്തിൽ മുസ്‌ലിംകൾ ചേരുന്നത് 'ഹറാ'മാണെന്ന് ഞങ്ങൾ പ്രമേയം പാസ്സാക്കിയത് കാരണം ബ്രിട്ടീഷുകാർ തുർക്കികളോടു വിശ്വാസലംഘനം നടത്തി..."

യേശുക്രിസ്തുവിനെയും സോക്രട്ടീസിനെയും വിചാരണ ചെയ്യുംപോലെയാണ് കറാച്ചി വിസ്താരം നടത്തിയതെന്ന് മുഹമ്മദലി ബ്രിട്ടീഷ് ഭരണകൂടത്തെ പരിഹസിച്ചു.

''മത വിശ്വാസത്തെ ധിക്കരിക്കാൻ ഞങ്ങൾക്കാവില്ല. ബ്രിട്ടീഷ് ഗവൺമെന്റാണ് മതവിശ്വാസത്തെ ധിക്കരിച്ചത്. ഞങ്ങൾക്ക് ചക്രവർത്തിയോടോ, രാജകീയ കുടുംബത്തോടോ വ്യക്തിപരമായി യാതൊരു വെറുപ്പുമില്ല'' –മൗലാനാ തന്റെ സ്വതസിദ്ധമായ ശൈലിയിൽ ബ്രിട്ടീഷ് ജഡ്ജിയുടെ മുമ്പിലിരിക്കുന്ന ജൂറിമാരോട് പറഞ്ഞു. തിങ്ങിനിറഞ്ഞ കോടതിയിൽ ശ്വാസമടക്കിപ്പിടിച്ചുകൊണ്ട് ജനങ്ങൾ അത് കേട്ടു. ''എന്നാൽ ഞങ്ങളുടെ ദൈവത്തെ അനുസരിക്കാനുള്ള ഞങ്ങളുടെ അവകാശത്തെ നിഷേധിക്കുന്ന രാജാവിനെ ഞങ്ങളംഗീകരി ക്കുന്നില്ല." മൗലാനാ തുറന്നടിച്ചു. അത്യാകർഷകവും ധീരവും ഉജ്ജ്വലവുമായ ആ വാഗ്വാദം അവസാനിപ്പിച്ചുകൊണ്ട് വികാരതരളിതനായി മൗലാനാ മുഹമ്മദലി പ്രസ്താവിച്ചു. "ഇല്ല വ്യക്തിപരമായി എനിക്കാരോടും വിരോധമില്ല. ഒരു രാക്ഷസനെ കൊല്ലുന്നതിനു പോലും ഞാൻ കൂട്ടുനിൽക്കുകയില്ല. എന്നാൽ എന്റെ ദൈവത്തിന് വേണ്ടി ആവശ്യമാണെങ്കിൽ ഞാൻ സകലരേയും വധിക്കുന്നതാണ്. ഞാൻ ആരെയും ഒഴിവാക്കുകയില്ല. എന്റെ സ്വന്തം സഹോദരനെയും പ്രിയപ്പെട്ട മാതാവിനെയും എന്തിനേറെ പറയുന്നു എന്റെ ഭാര്യയെയും മക്കളെയും സർവ്വരെയും ഞാനെന്റെ ദൈവത്തിനുവേണ്ടി വധിക്കാൻ മടിക്കുകയില്ല:' എന്റെ റബ്ബ്

For Group Contact us +91 9746065242

mappilaheritagelibrary.com

അതിനെന്നെ സഹായിക്കട്ടെ".... മൗലാനായുടെ കണ്ണുകളിൽ നിന്ന് അശ്രുക്കൾ അടർന്നുവീണു.

ജൂറിമാർ അവരുടെ നിഗമനങ്ങൾ ജഡ്ജിയെ അറിയിച്ചു. ജഡ്ജി നവംബർ ഒന്നിനു വിധി പ്രസ്താവിച്ചു. ഗവൺമെന്റിനെതിരായി അസംതൃപ്തിയുണ്ടാക്കി എന്ന കുറ്റത്തിന് മാത്രം മുഹമ്മദലിക്കും ശങ്കരാചാര്യൻ ഒഴികെയുള്ള മറ്റു പ്രതികൾക്കും രണ്ട് വർഷം വീതം കഠിനതടവ് വിധിച്ചു. ശങ്കരാചാര്യനെ വിട്ടയച്ചു.

വിധി പ്രസ്താവിക്കപ്പെട്ടപ്പോൾ കോടതിമുറിയിൽ തടിച്ചുകൂടിയ ജനക്കൂട്ടം എല്ലാം മറന്ന് തക്ബീർ ധ്വനി മുഴക്കി. ശിക്ഷിക്കപ്പെട്ട നേതാക്കളുടെ കൈകൾ മുത്തി.

കറാച്ചി ജയിലിൽ വെച്ചു അലി സഹോദരൻമാരും ജയിലധികൃതരും തമ്മിൽ ഉരസി. നമസ്കാരത്തിനു തടസ്സമുണ്ടാക്കുന്ന വിധം ട്രൗസറും ലങ്കോട്ടിയും മാത്രം ഉടുപ്പായി നൽകുന്നതിലായിരുന്നു പ്രതിഷേധം. ഒരിക്കൽ അലി സഹോദരൻമാരെ ജയിലിൽ വെച്ച് തല്ലിക്കൊന്നുവെന്ന കിംവദന്തി പരക്കുകയുണ്ടായി. പരിഭ്രാന്തരായ ജനക്കൂട്ടം ജയിൽ പരിസരത്തെത്തി. ജനക്കൂട്ടത്തിന്റെ രോഷം കൂടുതൽ ഭവിഷ്യത്തുണ്ടാക്കുമെന്ന് ഭയന്നു ജയിലധികൃതർ അലി സഹോദരൻമാരെ അവർക്ക് കാണാനായി ഒരിടത്തു കൊണ്ടിരുത്തി. അവരിരുവരും പരസ്പരം ആലിംഗനം ചെയ്യുന്ന കാഴ്ച കണ്ട് ജനം തിരിച്ചുപോയി.

എന്നാൽ രണ്ടു പേരെയും ഒന്നിച്ചു താമസിപ്പിക്കുന്നത് ആപൽക്കരമാണെന്ന് കരുതി മുഹമ്മദലിയെ ബീജാപൂർ ജയിലിലേക്ക് മാറ്റി. അവിടെ ഭക്ഷണവും താമസസൗകര്യവും വളരെ മോശമായിരുന്നു. അതിനിടക്ക് തന്റെ പ്രിയപ്പെട്ട പുത്രി ആമിനക്ക് ഗുരുതരമായി രോഗം പിടിപെട്ട വിവരം ലഭിച്ചു. മികച്ച കവികൂടിയായിരുന്ന മുഹമ്മദലി കുറിച്ചു;

'ഞാൻ നിസ്സഹായനാണ്. എന്നാൽ
അല്ലാഹു സർവ്വശക്തനും
ഞാൻ നിന്നിൽ നിന്നു
അകലെയായിരിക്കാം
എന്നാൽ അവൻ അങ്ങിനെയല്ല
ഞാൻ നിന്റെ ആരോഗ്യമാഗ്രഹിക്കുന്നു

For Group Contact us +91 9746065242

mappilaheritagelibrary.com

എന്നാൽ അവൻ (അല്ലാഹു)
അതാഗ്രഹിക്കുന്നില്ലെങ്കിൽ
ഞാനവന്റെ ഇച്ഛക്ക് അർപ്പിക്കുന്നു
നിന്റെ കനിവ്, നാഥാ!
നിന്റെ ശക്തിയെക്കാൾ കുറവല്ല;
ആമിന കൂടി രക്ഷപ്പെട്ടാൽ,
അത് നിന്റെ ദയാവായ്പ
യല്ലാതെ മറ്റൊന്നുമല്ല."

ബീജാപൂർ ജയിലിൽ വെച്ചു നബി തിരുമേനിയുടെ ജീവചരിത്രമെഴുതാൻ മുഹമ്മദലി തീരുമാനിച്ചു. അതിനായി ചില പുസ്തകങ്ങൾ ജയിലിനകത്ത് കിട്ടി. അതിലൊന്ന് ഓക്സ്ഫോർഡിൽ തന്നെ അറബി ഭാഷ പഠിപ്പിച്ച പ്രൊഫസ്സർ മാർഗോളിയോത്ത് എന്ന ഇംഗ്ലീഷുകാരനെഴുതിയ നബി ചരിത്രമായിരുന്നു. ഈ ഗ്രന്ഥം വായിച്ചപ്പോൾ മുഹമ്മദലി കുപിതനായി. അതിൽ അത്രയധികം തെറ്റുകൾ കുന്നുകൂടിയിരുന്നു. പുസ്തകത്തിന്റെ പുറംചട്ടയിൽ ഗ്രന്ഥകാരന്റെ ഇംഗ്ലീഷ് പേരിൽ നിന്ന് അവസാനമുള്ള യോത്ത് (Youth) എന്നതിന്റെ അക്ഷരങ്ങൾ മുഹമ്മദലി വെട്ടിക്കളഞ്ഞു. പകരം പ്രൊഫസ്സർ മാർഗോളി എന്ന് മാത്രമാക്കി. ഉർദുവിൽ 'മാർഗോളി എന്നതിനർത്ഥം അവനെ വെടിവെക്കുക' എന്നാണ്. തന്റെ ജീവചരിത്രഗ്രന്ഥം മുഹമ്മദലി എഴുതിയതും ബീജാപൂർ ജയിലിൽവെച്ചു തന്നെയായിരുന്നു.

കത്തിക്കയറിയ സ്വാതന്ത്ര്യസമരാവേശത്തിനു ചിലപ്പോഴൊക്കെ തിരിച്ചടികളുമുണ്ടായി. ഒരു ഘട്ടത്തിൽ അത് അഫ്ഗാൻ രാജാവിനെ ഇന്ത്യ ആക്രമിക്കാൻ വിളിച്ചു എന്നതിനെച്ചൊല്ലിയായിരുന്നു. ബ്രിട്ടീഷ് ഭരണത്തിൽ നിന്നു ഇന്ത്യക്കാർക്കു മോചനം ലഭിക്കാൻ അഫ്ഗാൻ രാജാവ് സഹായിക്കുകയാണെങ്കിൽ അത് സ്വാഗതാർഹമാണെന്ന ഖിലാഫത്ത് വാദമായിരുന്നു ഇതിനു വഴിവെച്ചത്.

എന്നാൽ അലി സഹോദരൻമാരും ഗാന്ധിജിയും ഒന്നിച്ചു നിന്നുകൊണ്ട് ബ്രിട്ടീഷ് വിഭാഗം അഴിച്ചുവിടാൻ ശ്രമിച്ച ദുഷ്പ്രചരണത്തെ ചെറുക്കുകയും ഹിന്ദു-മുസ്‌ലിം ഐക്യം തകർക്കാനുള്ള ഗൂഢശ്രമത്തെ പരാജയപ്പെടുത്തുകയും ചെയ്തു.

അതേസമയം ഇന്ത്യയുടെ തെക്കേ അറ്റത്തെ മലബാറിൽ

For Group Contact us +91 9746065242

mappilaheritagelibrary.com

മാപ്പിളമക്കൾ നടത്തിയ സ്വാതന്ത്ര്യസമരത്തെ ഹിന്ദു സമുദായത്തിനെതിരായ 'മാപ്പിള ലഹളയാക്കി' പ്രചണ്ഡമായ പ്രചാരണം നടത്താൻ ബ്രിട്ടീഷുകാർ ആവനാഴിയിലെ എല്ലാ അസ്ത്രങ്ങളുമുപയോഗിച്ചു. അത് കുറെ ഫലിക്കുകയും ചെയ്തു. 1921-ലെ 'മലബാർ കലാപം' ഇന്ത്യാചരിത്രത്തിൽ വളച്ചൊടിക്കപ്പെട്ട ഒരു അദ്ധ്യായമായിത്തീർന്നത് അങ്ങിനെയാണ്.

ഏറനാട്, വള്ളുവനാട് താലൂക്കുകളിൽ നടന്നത് കലാപമായിരുന്നോ? അതെ കലാപമായിരുന്നു. അതൊരു ലഹളയായിരുന്നുവോ? അതെ അതൊരു 'ലഹള'യായിരുന്നു. ലഹള എന്നുവെച്ചാൽ അത് 'റയട്ട്' എന്ന അർത്ഥത്തിലുള്ള ഒരു ലഹളയല്ല. 'അപ്‌റൈസിംഗ്' (Uprising) ഉയിർത്തെഴുന്നേൽപ്പ്, വിപ്ലവം എന്ന അർത്ഥമേ അതിനുള്ളൂ. അത് ഹിന്ദുക്കൾക്കെതിരായിരുന്നുവോ? ഒരിക്കലുമല്ല. എന്നാൽ ഹിന്ദുക്കളായ ഭൂസ്വാമിമാർക്ക് കഷ്ടനഷ്ടങ്ങളുണ്ടായിട്ടുണ്ട്.

അതൊരു ബ്രിട്ടീഷ് വിരുദ്ധ കലാപമായിരുന്നു. അക്കാലത്തു ഇന്ത്യയിലാകെ ആഞ്ഞടിച്ച ഖിലാഫത്ത് സമരവും അനുരണനങ്ങളുണ്ടാക്കിയപ്പോൾ മാപ്പിളനാട്ടിൽ അതൊരു കൊടുങ്കാറ്റായി മാറി. നിക്ഷിപ്ത താൽപര്യത്തിന്റെ കേദാരങ്ങളും ക്രൂരമർദ്ദക ദുഷ്ടമേധാവിത്വത്തിന്റെ പ്രതീകങ്ങളുമായ നിരവധി വടവൃക്ഷങ്ങൾ കടപുഴകി. ഒരു ജനതയുടെ ധീരസമരമായിരുന്നു മലബാർ കലാപം.

മലബാർ കലാപത്തെപ്പറ്റി ഇന്നുള്ള ചരിത്രങ്ങളുടെ 'വസ്തുതകളെല്ലാം' മാപ്പിള മക്കളുടെ സ്വാതന്ത്ര്യദാഹം അടിച്ചമർത്തി ബ്രിട്ടീഷ് ഭരണമേധാവികൾ എഴുതിവെച്ചതാണ്. അവയെ ആധാരമാക്കിയാണ് ഇന്ത്യാചരിത്രത്തിൽ മലബാർ കലാപത്തെ വിലയിരുത്തിയിട്ടുള്ളത്. അതുകൊണ്ടുതന്നെ നിഷ്പക്ഷമതികളായിരിക്കേണ്ട ചരിത്രകാരൻമാർക്ക് 'മാപ്പിള കലാപകാരികളോട്' നീതിപുലർത്താൻ കഴിഞ്ഞിട്ടില്ല. ചരിത്രകാരൻമാർക്ക് മുസ്‌ലിം വിരുദ്ധ മനോഭാവം കൂടിയുണ്ടായാലോ?

ഡൽഹി സർവ്വകലാശാലയിലെ പ്രൊഫസ്സർ വൈ.ബി.മാത്തൂർ 'ഇന്ത്യൻ മുസ്‌ലിം രാഷ്ട്രീയത്തിന്റെ വളർച്ച' എന്ന ഗ്രന്ഥത്തിൽ ഇങ്ങിനെ രേഖപ്പെടുത്തുന്നു: "നിസ്സഹകരണ-ഖിലാഫത്ത് പ്രക്ഷോഭം മലബാറിലെത്തി. പ്രക്ഷോഭത്തിന്റെ

For Group Contact us +91 9746065242

mappilaheritagelibrary.com

മുഖ്യതത്വങ്ങൾ (1.) ഇന്ത്യാ ഗവൺമെന്റ് പൈശാചികമാണ്. ഹിന്ദുക്കളും മുസ്ലിംകളും ഒന്നിച്ചു നിൽക്കുകയും ഗവൺമെന്റിനെ സ്തംഭിപ്പിച്ച് എല്ലാവർക്കും സന്തോഷവും സൗഖ്യവും ലഭിക്കാനുതകുന്ന 'സ്വരാജ് സ്ഥാപിക്കുകയും ചെയ്യുക;

(2). ഗവൺമെന്റ് ഇസ്ലാമിന്റെ ശത്രുവാണ്. ഖിലാഫത്തിന്റെ വിരുദ്ധ തത്വങ്ങളെ അത് പരിക്കേൽപ്പിക്കുകയും അത് തുടരുകയും ചെയ്യുന്നു.

(3). ഇതൊക്കെയായാലും ഹിന്ദുക്കളും മുസ്ലിംകളും അങ്ങേയറ്റം അക്രമരാഹിത്യം കൈക്കൊള്ളണം എന്നിങ്ങനെയായിരുന്നു. ആ കാലത്തുതന്നെ മറ്റൊരു കൂട്ടർ നിയമപരമായി നിലവിൽ വന്ന ഒരു ഗവൺമെന്റിനെതിരായി വിപ്ലവശ്രമങ്ങൾ നടത്തുന്നതിനെയും എതിർത്തിരുന്നു.

ഖിലാഫത്തും കോൺഗ്രസ്സും 1919 മുതൽ തന്നെ മലബാറിൽ സജീവമായിരുന്നു. 1920 ൽ മഞ്ചേരിയിൽ ഖിലാഫത്ത് സമ്മേളനം നടന്നു. ഖിലാഫത്ത് പ്രമേയത്തിന്റെ അവതാരകൻ ശ്രീ. കോമമേനോനും അനുവാദകൻ സുന്ദരയ്യരുമായിരുന്നെന്ന് ഡോ.സി. കെ.കരീം കേരള ചരിത്രവിചാരത്തിൽ രേഖപ്പെടുത്തുന്നു. മലബാറിലെ കുടിയായ്മയെ സംബന്ധിച്ചായിരുന്നു മറ്റൊരു പ്രമേയം. ജന്മി നേതാക്കന്മാരായ മണ്ണാർക്കാട് മൂപ്പിൽ നായർ, ഉദയവർമ്മ രാജ, പെരിന്തൽമണ്ണ ശങ്കരൻ നമ്പൂതിരി, കെ.ടി. ചന്തു നമ്പ്യാർ എന്നിവർ എതിർത്തെങ്കിലും പ്രമേയം പാസ്സായി. ഹിന്ദു-മുസ്ലിം ഐക്യത്തിന് പ്രാധാന്യം നൽകി ഖിലാഫത്തിന് പിന്തുണ നൽകുന്നതായിരുന്നു യോഗം പാസ്സാക്കിയ മറ്റൊരു പ്രമേയം.

മഹാത്മാഗാന്ധിയും 1920 ഓഗസ്തിൽ മലബാറിൽ സന്ദർശനം നടത്തി. ഇന്ത്യയിലെ പിശാചിന്റെ ഭരണം അവസാനിപ്പിക്കാൻ അദ്ദേഹം ആഹ്വാനം നൽകി. മദ്രാസിലെ നിയമസഭാ കൗൺസിൽ അംഗത്വം രാജിവെച്ചു നിസ്സഹകരണ പ്രസ്ഥാനത്തിൽ ചേർന്ന യാക്കൂബ് ഹസൻ സേട്ട് കോഴിക്കോട്ട് വന്നെങ്കിലും ഒരു സ്വീകരണയോഗത്തിൽപോലും പങ്കെടുക്കാൻ കഴിഞ്ഞില്ല. യോഗങ്ങൾ നിരോധിക്കപ്പെട്ടിരുന്നു. നിരോധനാജ്ഞ ലംഘിച്ച യാക്കൂബ് ഹസൻ, യു. ഗോപാലമേനോൻ തുടങ്ങിയവരെ അറസ്റ്റുചെയ്ത് ആറു മാസം തടവിനു ശിക്ഷിച്ചു. 1921 ഏപ്രിലിൽ

For Group Contact us +91 9746065242

mappilaheritagelibrary.com

ഒറ്റപ്പാലത്ത് മറ്റൊരു കോൺഗ്രസ് സമ്മേളനം നടന്നു. അഭൂതപൂർവ്വമായ ആവേശം അലതല്ലിയ ഒരു സമ്മേളനം- ഹിന്ദു-മുസ്‌ലിം ഐക്യവും നിസ്സഹകരണ പ്രസ്ഥാനവും മലബാറിലെ ജനഹൃദയങ്ങളിലും രൂഢമൂലമായിക്കഴിഞ്ഞിരുന്നു. കരിനിയമങ്ങളുപയോഗിച്ച് അന്നത്തെ ദേശീയ നേതാക്കൻമാരായിരുന്ന കെ. മാധവൻ നായർ, യു. ഗോപാലമേനോൻ, ഇ. മൊയ്തു മൗലവി, വാരിയൻകുന്നത്ത് കുഞ്ഞഹ്മദ് ഹാജി എന്നിവർക്ക് മലബാർ കലക്ടർ തോമസ് സായിപ്പ് വിലക്ക് കൽപ്പിച്ചു.

എല്ലാവിധ മർദ്ദനമുറകളെയും എതിർപ്പിനെയും നേരിട്ട് നടത്തിയ ഒറ്റപ്പാലം സമ്മേളനവും, മഞ്ചേരി സമ്മേളനം പോലെത്തന്നെ 'മലബാർ കലാപ'ചരിത്രത്തിൽ സുപ്രധാന മായിരുന്നു. പ്രൊഫ. മാത്തൂർ ഇങ്ങിനെ രേഖപ്പെടുത്തുന്നു:

'1920 ഏപ്രിലിൽ ഏറനാടിന്റെ തലസ്ഥാനവും മതഭ്രാന്തിന്റെ കേന്ദ്രസ്ഥാനവുമായ മഞ്ചേരിയിൽ ഒരു സമ്മേളനം നടന്നു. മാപ്പിളമാരുടെ വലിയൊരു ജനക്കൂട്ടം സന്നിഹിതരായ ഈ യോഗത്തിൽ തീപ്പൊരി പ്രസംഗങ്ങൾ ഉണ്ടായി. മിസ്സിസ്സ് ആനിബസന്റിനെപ്പോലെ ന്യൂനപക്ഷക്കാരായ ചിലരുടെ ശ്രമങ്ങൾ ഉണ്ടായിട്ടുകൂടി ഖിലാഫത്തിനെ സംബന്ധിച്ചു വളരെ ശക്തമായ ഒരു പ്രമേയമംഗീകരിച്ചു. വീണ്ടും 1921 ഏപ്രിലിൽ വള്ളുവനാട്ടിലെ ഒറ്റപ്പാലത്ത് മറ്റൊരു സമ്മേളനം നടന്നു. മദ്രാസ്സിൽ വെച്ചും തൊട്ടടുത്ത കോയമ്പത്തൂർ ജില്ലയിലെ ഈറോഡിൽ വെച്ചും മി. മുഹമ്മദലി ചെയ്ത സുപ്രസിദ്ധമായ പ്രസംഗങ്ങൾ വളരെയേറെ മാപ്പിളമാർ സംബന്ധിച്ച യോഗത്തിൽ മതവികാരങ്ങൾ കത്തിപ്പടരാൻ സഹായിച്ചു.

(1921 സെപ്തംബറിൽ മദ്രാസ്സ് ഗവൺമെന്റ് ഇന്ത്യാ ഗവൺമെന്റിനയച്ച കത്തിനെ ആസ്പദമാക്കിയാണ് പ്രൊഫ. മാത്തൂർ ഇതു രേഖപ്പെടുത്തിയിട്ടുള്ളത്)

ഒറ്റപ്പാലം സമ്മേളനത്തിന്റെ രണ്ടാം ദിവസം കുടിയായ്മയെ സംബന്ധിച്ചായിരുന്നു ചർച്ച. അന്യായമായ ഒഴിപ്പിക്കലിലൂടെ കർഷകർ അനുഭവിച്ച പ്രശ്നങ്ങൾക്കുള്ള പരിഹാര മാർഗ്ഗങ്ങളും കാർഷിക പരിഷ്കാരങ്ങളും ഈ യോഗത്തിൽ വിഷയമായി. അന്യായമായ കുടിയിറക്കലിനും സാധു കർഷകരെ ജന്മിമാർ

For Group Contact us +91 9746065242

mappilaheritagelibrary.com

ദ്രോഹിക്കുന്നതിനുമെതിരെ ഈ യോഗനിർദ്ദേശങ്ങൾ അംഗീകരിച്ചു. അതോടൊപ്പം എം.പി. നാരായണ മേനോൻ, വാരിയൻകുന്നത്ത് കുഞ്ഞഹ്മദ് ഹാജി എന്നിവരെ വിദ്യാർത്ഥികളെ സംഘടിപ്പിക്കാനും, തിരൂരങ്ങാടി ആസ്ഥാനമാക്കി ഖിലാഫത്ത് പ്രവർത്തനം നടത്തുന്ന ആലി മുസ്ല്യാരെ ഖിലാഫത്ത് കമ്മിറ്റികൾക്ക് രൂപം നൽകാനും അധികാരപ്പെടുത്തി.

അന്നു മാപ്പിള നാട്ടിൽ നടന്നത് ബ്രിട്ടീഷുകാരുടെ 'പിശാചിന്റെ ഭരണത്തെയും' കുടിയാൻമാരെ ദ്രോഹിക്കുന്ന ജന്മി ഭൂപ്രഭുക്കളെയും എതിർക്കുന്ന ഒരു ദ്വിമുഖ സമരമായിരുന്നു. ഒറ്റപ്പാലം സമ്മേളനം കർഷകരിൽ അവരുടെ അവകാശങ്ങളെക്കുറിച്ച് ബോധം ഉദ്ദീപിപ്പിച്ചു. മഞ്ചേരി സമ്മേളനവും മലബാറിന്റെ വിവിധ ഭാഗങ്ങളിൽ കുടിയാൻ സമിതികൾ രൂപീകരിക്കാൻ ആഹ്വാനം നൽകിയിരുന്നു.

ആയിടക്കാണ്, നിലമ്പൂരിലെ ആറാം തിരുമുൽപ്പാട് പൂക്കോട്ടൂരുള്ള നിലമ്പൂർ ചേരിക്കൽ സ്ഥാനം ഒരു പരദേശി ബ്രാഹ്മണനു നൽകാൻ തീരുമാനിച്ചത്. പൂക്കോട്ടൂർ കർഷക സംഘത്തിന്റെ നേതൃത്വത്തിൽ ജന്മിയുടെ ഈ തീരുമാനത്തെ എതിർത്തു തോൽപ്പിച്ചു. ജന്മി കുടിയാൻ ബന്ധത്തിലെ ഒരു നാഴികക്കല്ലായിരുന്നു ഈ കർഷക പ്രക്ഷോഭം. ഖിലാഫത്തുകാരുടെ നേതൃത്വത്തിൽ നടന്ന ഈ പ്രക്ഷോഭത്തിൽ മുൻനിര നേതാവായിരുന്ന ഖിലാഫത്ത് കമ്മിറ്റി സെക്രട്ടറിയും പൂക്കോട്ടൂരിലെ നിലമ്പൂർ കോവിലകം കളത്തിന്റെ കാര്യസ്ഥരുമായിരുന്നു വടക്കേവീട്ടിൽ മുഹമ്മദിനെ തിരുമുൽപ്പാട് കാര്യസ്ഥസ്ഥാനത്തു നിന്ന് തിരിച്ചയച്ചു. ഒരു തോക്ക് കളവുകേസിൽ മുഹമ്മദ് പ്രതിയുമായി. പോലീസ് ഇൻസ്പെക്ടർ നാരായണൻ നായരുടെ സഹായത്തോടെ മുഹമ്മദിന്റെ പൂർവ്വ വിരോധിയായിരുന്ന വള്ളുവമ്പ്രം അധികാരി അഹമ്മദ് കുട്ടിയെയും കൂട്ടി പൂക്കോട്ടൂരിൽ അന്വേഷണത്തിനു വന്നു. ആളയച്ചിട്ടും മുഹമ്മദ് ഇൻസ്പെക്ടറെ കാണാൻ ചെന്നില്ല. ഇൻസ്പെക്ടർ അതിശയോക്തി കലർന്ന റിപ്പോർട്ട് മേലധികാരികൾക്കയച്ചു. കൂടുതൽ സന്നാഹവുമായി ഇൻസ്പെക്ടർ നാരായണൻ നായർ വീണ്ടും വന്നു ഭവനങ്ങൾ പരിശോധിക്കുകയും മുഹമ്മദിനെ അറസ്റ്റ് ചെയ്യുകയുമായിരുന്നു ഉദ്ദേശ്യം. മുഹമ്മദിനെ കൊല്ലാനുള്ള ശ്രമമാണെന്നു ധരിച്ച ജനക്കൂട്ടം

For Group Contact us +91 9746065242

mappilaheritagelibrary.com

സ്ത്രീകളും കുട്ടികളുമുൾപ്പെടെ പുറത്തിറങ്ങി. കിട്ടിയ ആയുധങ്ങളുമായി പാഞ്ഞെത്തിയ പ്രതിഷേധക്കാർ മുഹമ്മദിനെ വിട്ടുകൊടുക്കില്ലെന്നു വാശിപിടിച്ചു. ധാരാളം മാപ്പിള സ്ത്രീകൾകൂടി മുന്നോട്ടുവന്നു. ഈ പ്രതിഷേധ പ്രകടനത്തിൽ നിന്നു തടിതപ്പിയ പോലീസ് ഉദ്യോഗസ്ഥൻ ഭയാനകമായ റിപ്പോർട്ടുകൾ കലക്ടർക്കയച്ചു. ക്ഷിപ്രകോപിയായ കലക്ടർ തോമസ് മദ്രാസ് ഗവൺമെന്റിനു സംഭവങ്ങൾ പെരുപ്പിച്ചുകാണിച്ചു അടിയന്തിര റിപ്പോർട്ടയച്ചു.

ഈ വസ്തുതകളെ അപ്പടി വളച്ചൊടിച്ചു സത്യവിരുദ്ധമായി ചിത്രീകരിച്ചും അന്നു മദ്രാസ് പ്രസിഡൻസിയിൽ 'മലബാറും മാപ്പിളമാരും' എന്ന ഒരു ലഘുലേഘ സർക്കാർ ചിലവിൽ പ്രസിദ്ധം ചെയ്തിരുന്നു. പ്രൊഫസ്സർ മാത്തൂർ അതിങ്ങനെ ഉദ്ധരിക്കുന്നു.

'മലപ്പുറത്തിനടുത്ത് പൂക്കോട്ടൂരിൽ വെച്ചു കത്തി, വാൾ എന്നീ ആയുധങ്ങളുമായി നൂറുകണക്കായ മാപ്പിളമാർ ജന്മിയെ ഭീഷണിപ്പെടുത്തി പണം പിരിക്കുകയും പോലീസ് ഇൻസ്പെക്ടറെ കൊല്ലുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തു. ഇൻസ്പെക്ടർ അതിനെ ധീരമായും കരുത്തോടെയും ചെറുത്തുനിന്നു. കുറച്ചു ദിവസങ്ങൾക്കു ശേഷം തിരൂരിനടുത്ത താനൂരിൽ ഒരു കൂട്ടം മാപ്പിളമാർ തിയ്യരുടെ കള്ളുഷാപ്പുകൾ പിക്കറ്റു ചെയ്യുകയും കള്ളുകുടങ്ങൾ തകർക്കുകയും അറസ്റ്റു ചെയ്യാൻ വന്ന പോലീസിനെ തടയുകയും ചെയ്തു. മാപ്പിളമാരുടെ ആസൂത്രിതവും നിരന്തരവുമായ നടപടികൾ അവ ഏതോ ഒരു സംഘടനയുടെ നിർദ്ദേശങ്ങൾ അനുസരിച്ചാണെന്ന് കാണിച്ചു'. ആവശ്യമായ സർച്ചുകൾ നടത്താനും അറസ്റ്റുചെയ്യാനും മദ്രാസ് ഗവൺമെന്റ് കലക്ടർക്ക് അധികാരം നൽകി. 1854 മുതൽ നടപ്പിലുണ്ടായിരുന്ന മാപ്പിള ഔട്ട്റേജ് ആക്ടിലെ വ്യവസ്ഥകൾ പ്രകാരം സർച്ചുകൾക്കും അറസ്റ്റിനും പ്രത്യേകാധികാരങ്ങൾ നൽകിയിരുന്നു. 1921 ആഗസ്ത് 19-നു കോഴിക്കോട്ടു നിന്നും പുറപ്പെട്ട പട്ടാളം തിരൂരങ്ങാടി പള്ളിയിൽ കയറി പരിശോധിച്ചു. എന്നാൽ പള്ളികളിൽ പോലീസുകയറി പള്ളികൾ തകർക്കുന്നുവെന്ന പ്രചാരണം നാട്ടിലുണ്ടായി. ചില സ്ഥലങ്ങളിൽ നിന്ന് ഒളിച്ചുവെച്ച ആയുധങ്ങൾ പിടിച്ചെടുത്തു. ഇതൊക്കെ കഴിഞ്ഞു കലക്ടർക്കും സൂപ്രണ്ടിനും മടങ്ങാമായിരുന്നു. അവർ മടങ്ങിയില്ല.

For Group Contact us +91 9746065242

mappilaheritagelibrary.com

തിരൂരങ്ങാടി പള്ളികളിലും മമ്പുറം പള്ളിയിലും പോലീസ് ബൂട്ടിട്ടു കടന്നുവെന്നും പള്ളി തകർന്നുവെന്നും കേട്ട ജനങ്ങൾ പരപ്പനങ്ങാടി, പെരിന്തൽമണ്ണ, പൂക്കോട്ടൂർ, വണ്ടൂർ, മലപ്പുറം എന്നിവിടങ്ങളിൽ നിന്ന് തിരൂരങ്ങാടിയിലേക്കു പ്രവഹിച്ചു തുടങ്ങി. ജനക്കൂട്ടത്തെ പോലീസ് ലാത്തിച്ചാർജ് ചെയ്തും വെടിവെച്ചും പിരിച്ചുവിട്ടു. നാലുപേർ മൃതിയടഞ്ഞു. ഏഴുപേർക്ക് പരുക്കേറ്റു. താനൂർ ഖിലാഫത്ത് സെക്രട്ടറി ലവക്കുട്ടിയടക്കം ധാരാളം പേരെ അറസ്റ്റുചെയ്തു.

ജനരോഷം ആളിക്കത്തി, അപ്പോൾ ജനങ്ങളുടെ പ്രിയങ്കരനും വയോധികനും വന്ദ്യനുമായ ആലി മുസ്‌ല്യാർ ജനങ്ങളെ സമാധാനിപ്പിച്ചു. ഒരു വിധത്തിലും അക്രമം പാടില്ലെന്ന് അദ്ദേഹം ഉപദേശിച്ചു. താൻ തന്നെ കലക്ടറെയും സൂപ്രണ്ടിനെയും കണ്ട് തടവിലാക്കിയവരെ വിടുവിക്കാമെന്ന് ജനങ്ങൾക്ക് ഉറപ്പുകൊടുത്ത ആലി മുസ്‌ല്യാർ കലക്ടറും പട്ടാളമേധാവികളും ക്യാമ്പ് ചെയ്യുന്ന സ്ഥലത്തേക്കു പോയി. അദ്ദേഹത്തിന്റെ ചില അനുയായികളും വലിയൊരു ആൾക്കൂട്ടവും അദ്ദേഹത്തോടൊപ്പം നീങ്ങി. ജനക്കൂട്ടത്തെ കണ്ടപ്പോൾ രോഷാകുലരായ പട്ടാളമേധാവികളോട് ഒന്നും ചെയ്യരുതെന്നും അവർ സമാധാനപരമായി പിരിഞ്ഞുപോകുമെന്നും ആലി മുസ്‌ല്യാർ പറഞ്ഞെങ്കിലും മണൽപരപ്പിൽ തടിച്ചുകൂടിയ ജനങ്ങളെ വെടിവെക്കാനാണ് ബ്രിട്ടീഷ് സൈന്യമേധാവി ഉത്തരവിട്ടത്.

ഒരു പ്രകോപനവും സൃഷ്ടിക്കാതെ സമാധാനസംഭാഷണത്തിനു വന്ന ജനങ്ങളുടെ നേരെ വെടിപൊട്ടിയപ്പോൾ ജനങ്ങളും തിരിച്ചടിച്ചു. ആ തുറന്ന സംഘട്ടനത്തിൽ ജോൺസൺ, റൗലി, മൊയ്തീൻ എന്നീ എം.എസ്.പി ക്കാരടക്കം ആറു പട്ടാളക്കാരും പതിനേഴു മാപ്പിളമാരും കൊല്ലപ്പെട്ടു. കിട്ടാവുന്ന ആയുധങ്ങൾ ശേഖരിച്ചു ലഹളക്കാർ പോലീസിനെ ആക്രമിച്ചു.

തുടർന്നുണ്ടായ സംഭവങ്ങളെപ്പറ്റി ഡോ. സി.കെ. കരീം ഇങ്ങിനെ രേഖപ്പെടുത്തുന്നു:

'ഇതേതുടർന്ന്, നിലമ്പൂർ, പട്ടിക്കാട്, മണ്ണാർക്കാട്, മലപ്പുറം, പെരിന്തൽമണ്ണ തുടങ്ങിയ സ്ഥലങ്ങളിൽ അതാതു പ്രാദേശിക നേതാക്കന്മാരുടെ കീഴിൽ ഖിലാഫത്ത് ഗവൺമെന്റുകൾ സുസ്ഥാപിതങ്ങളായി , ഇംഗ്ലീഷ് ഭരണം കുറേ കാലത്തേക്ക്

For Group Contact us +91 9746065242

mappilaheritagelibrary.com

നിശ്ശേഷം എടുത്തെറിയപ്പെട്ടു. വാരിയൻകുന്നത്ത് കുഞ്ഞഹ്മദ് ഹാജി വിപ്ലവസേനയുടെ നേതൃത്വം ഏറ്റെടുത്തു. പരമ്പരാഗതമായി ഇംഗ്ലീഷ് വിരോധപ്രസ്ഥാനങ്ങൾക്ക് നേതൃത്വം കൊടുത്തിട്ടുള്ള പാരമ്പര്യം കുഞ്ഞഹ്മദ് ഹാജിയുടെ കുടുംബത്തിനുണ്ടായിരുന്നു. അദ്ദേഹത്തിനെയും പിതാവിനെയും ഇതിനുമുമ്പ് നടന്ന ലഹളയിൽ കൂട്ടാളികളാണെന്ന നിലയിൽ നാടുകടത്തിയിരുന്നു. കുഞ്ഞഹ്മദ് ഹാജി മടങ്ങിയെത്തിയിട്ട് അധികകാലമായിരുന്നില്ല. നയതന്ത്രപ്രഭുവും ധീരനുമായ അദ്ദേഹം ഹിന്ദുവും മുസൽമാനും ഒന്നിച്ചണിനിരന്ന് ഇംഗ്ലീഷുകാരെ മലബാറിൽ നിന്ന് തുരത്തണമെന്ന് ആഹ്വാനം ചെയ്തു. അന്നത്തെ പത്രങ്ങൾ പ്രാധാന്യം കൊടുത്തു പ്രസിദ്ധീകരിച്ച അദ്ദേഹത്തിന്റെ നയപ്രഖ്യാപനം ഇതൊരു വർഗ്ഗീയ കലാപമാണെന്ന് പറയുന്നവരുടെ വാദത്തെ എമ്പാടും പൊളിക്കത്തക്കതാണ്. യാതൊരാളും ഹിന്ദു സഹോദരങ്ങളെ ഉപദ്രവിക്കുകയോ മതപരിവർത്തനം നടത്തുകയോ ചെയ്യരുതെന്ന് അനുശാസിക്കുന്നതിനു പുറമേ സന്ധിയില്ലാത്ത ഈ സമരത്തിൽ ജാതിമതവ്യത്യാസം കൂടാതെ പങ്കാളികളാകുവാനുള്ള ആഹ്വാനവും ഉണ്ടായിരുന്നു. ഓഗസ്ത് 22-നു മഞ്ചേരിയിൽ സബ്ട്രഷറിയും നമ്പൂരി ബാങ്കുകളും കൊള്ളചെയ്തു ബാങ്കിലെ കണക്കുകൾ പരിശോധിച്ചു. പണ്ടങ്ങൾ പണയം വെച്ചിരുന്നവർക്ക് കുഞ്ഞഹ്മദ് ഹാജിയുടെ നേതൃത്വത്തിൽ തിരിച്ചുകൊടുത്തു. എല്ലാ സ്ഥലങ്ങളിലും രജിസ്റ്റർ കച്ചേരികൾ നശിപ്പിക്കുക ലഹളക്കാരുടെ പ്രധാനപണിയായിരുന്നു. ജന്മിത്വത്തിന്റെ പ്രമാണങ്ങളുടെ സൂക്ഷിപ്പുകേന്ദ്രങ്ങളെന്ന നിലയിൽ അവരുടെ അരിശം തീർത്തത് ഈ വിധത്തിലായിരുന്നു...

പ്രൊഫസ്സർ അഭിപ്രായപ്പെടുന്നത് കാണുക. 'ഗവൺമെന്റു തകർന്നപ്പോൾ ബന്ധപ്പെട്ട പ്രദേശങ്ങളിൽ മാപ്പിളമാർ സ്വരാജ് പ്രഖ്യാപിക്കുകയും സ്ഥാപിക്കുകയും ചെയ്തു. ആലി മുസ്ല്യാരെ രാജാവായി വാഴിച്ചു. ഖിലാഫത്ത് പതാക പാറുകയും ഏറനാടും വള്ളുവനാടും ഖിലാഫത്ത് സാമ്രാജ്യമായിത്തീരുകയും ചെയ്തു. രക്ഷപ്പെടാനാകാത്ത ഏതൊരു യൂറോപ്യൻ തോട്ടം ഉടമയും വധിക്കപ്പെടുന്ന രീതിയിലായിരുന്നു അവരുടെ പ്രവർത്തന സ്വഭാവം. ഹിന്ദുക്കളെ പൊതുവിൽ കൊന്നില്ല എന്നാൽ അവരുടെ വീടുകൾ കൊള്ളയടിക്കപ്പെട്ടിരുന്നു...'

For Group Contact us +91 9746065242

mappilaheritagelibrary.com

കേരളത്തിൽ ഒരു സമീന്താർ വിരുദ്ധ പ്രസ്ഥാനം, മുസ്‌ലിം മാപ്പിളമാർ ഹിന്ദു ജന്മിമാർക്കും പലിശക്കു പണംനൽകുന്ന വർക്കുമെതിരായി അക്രമം ആരംഭിച്ചപ്പോൾ വർഗ്ഗീയ കലാപമായി എന്നാണ് പീറ്റർ ഹീഹ്സ് 'ഇന്ത്യയുടെ സ്വാതന്ത്ര്യസമരം' എന്ന ഗ്രന്ഥത്തിൽ പറയുന്നത്.

അധികാര ദുർഗ്ഗങ്ങളെ പിടിച്ചുലച്ച മലബാറിലെ മാപ്പിളമക്കളുടെ ഐതിഹാസികമായ സ്വാതന്ത്ര്യസമരം അടിച്ചമർത്താൻ ബ്രിട്ടീഷ് പട്ടാളം ഏറനാട്ടിന്റെ വിരിമാറിലേക്ക് ഇരച്ചുകയറി. ജന്മി മുതലാളിത്തത്തിനെതിരായ കർഷക പ്രക്ഷോഭവും ബ്രിട്ടീഷുകാർക്കെതിരായ സ്വാതന്ത്ര്യസമരവും ഒന്നിച്ചുയിർകൊണ്ട ബഹുജന വിപ്ലവം ഒറ്റിക്കൊടുത്ത പലരോടും അവർ വിട്ടുവീഴ്ചയില്ലാത്ത പ്രതികാരം ചെയ്തു. സാമൂഹിക ദ്രോഹികൾ ഇതിൽ നിന്നു മുതലെടുക്കുകയും ചെയ്തു. പോലീസിന്റെയും പട്ടാളത്തിന്റെയും നിർബന്ധത്തിനു വഴങ്ങി സമരക്കാരെ ഒറ്റിക്കൊടുക്കുന്നവർക്ക് കനത്ത വില നൽകേണ്ടി വന്നു. അതുകൊണ്ടുതന്നെ ഇതൊരു ഹിന്ദുമുസ്‌ലീം ലഹളയാക്കി ചിത്രീകരിക്കാനും ചിലർക്ക് എളുപ്പമായി.

കലാപകാരികൾ കീഴടങ്ങാൻ തയ്യാറായില്ല. ബ്രിട്ടീഷ് പട്ടാളത്തിന്റെ തീതുപ്പുന്ന വെടിയുണ്ടകൾക്ക് അവർ വിരിമാറുകാണിച്ചുകൊടുത്തു. ലഹളയെ അടിച്ചമർത്താൻ അണിനിരന്ന ബ്രിട്ടീഷുകാരും സായുധ പോലീസും ചരിത്രത്തിൽ ഇന്നുവരെ തുല്യതയില്ലാത്ത കൊടുംക്രൂരതകളാണ് കാണിച്ചത്. പന്തീരായിരത്തിൽപരം ആളുകൾ മരണമടഞ്ഞതായും കാൽലക്ഷത്തോളം ആളുകൾ നാടുകടത്തപ്പെട്ടതായും പറയുന്നു. നിരവധി നിരപരാധികളുടെ ചുടുരക്തം മാപ്പിള നാട്ടിന്റെ മണ്ണിൽ തളംകെട്ടി.

'ഇന്ത്യൻ മുസ്‌ലിംകൾ ഒരു രാഷ്ട്രീയ ചരിത്രം' എന്ന ഗ്രന്ഥത്തിൽ രാംഗോപാൽ പറയുന്നു. ലഹളക്കാരിൽ 2266 പേർ രണാങ്കളത്തിൽ കൊല്ലപ്പെട്ടു. 1615 പേർക്ക് പരിക്കേറ്റു. 5688 പേർ പിടിക്കപ്പെട്ടു. 38256 പേർ കീഴടങ്ങി. മാപ്പിളത്തടവുകാരെ പട്ടാളക്കോടതി വിചാരണ ചെയ്തു. അവരെ വെടിവെച്ചു കൊല്ലുകയോ തൂക്കിക്കൊല്ലുകയോ ചെയ്തു. എഴുപതോളം മാപ്പിളമാരെ (മറ്റൊരു കണക്ക് പ്രകാരം 100) ഒരു ഗുഡ്സ്

For Group Contact us +91 9746065242

mappilaheritagelibrary.com

വാഗണിലിട്ടു പൂട്ടി കോഴിക്കോട്ടുനിന്ന് മദ്രാസിലേക്കയച്ചു. ദക്ഷിണേന്ത്യയിലെ ഉഷ്ണകാലം സൂര്യതാപമേറ്റ ഇരുമ്പ് വാഗൺ പോത്തന്നൂരിൽ വെച്ചു തുറന്നു നോക്കിയപ്പോൾ 66 മാപ്പിളമാർ ശ്വാസംമുട്ടി മരിച്ചതായും മറ്റുള്ളവർ ഗുരുതരാവസ്ഥയിലാണെന്നും കാണുകയുണ്ടായി.

കലാപത്തിന് മുഖ്യകാരണം ഖിലാഫത്ത് നിസ്സഹകരണ പ്രസ്ഥാനമാണെന്ന് പ്രൊഫസ്സർ മാത്തൂർ അഭിപ്രായപ്പെടുന്നു. അനന്തര ഭവിഷ്യത്തുകളെപ്പറ്റി ഒന്നുമോർക്കാതെ തങ്ങളുടെ പുണ്യസ്ഥാനങ്ങൾ നശിപ്പിച്ച (തുർക്കിക്കെതിരായ ബ്രിട്ടീഷ് യുദ്ധം) ഇംഗ്ലീഷുകാർക്കെതിരായ വിരോധവും ഇതിനു കാരണമായി ബ്രിട്ടന്റെ പട്ടാളശക്തിയോ ആയുധങ്ങളോ വകവെക്കാതെ പടക്കളത്തിലിറങ്ങിയ നിരക്ഷരരായ ആ സഹോദരൻമാർ മാത്രമല്ല വീടുകളിൽ അടങ്ങിയൊതുങ്ങിക്കഴിഞ്ഞിരുന്ന എത്രയോ പേരും ക്രൂരവും കിരാതവും മൃഗീയവും പൈശാചികവുമായ ദുരിതമനുഭവിക്കേണ്ടി വന്നു.

അന്തമാൻ ദ്വീപിലെ ഒരു സന്ദർശനവേളയിൽ ഈ ലേഖകനു ഒരനുഭവമുണ്ടായി. ഒരു തടവുകാരനായി വന്ന് ഇപ്പോൾ അന്തമാനിൽ സ്ഥിരതാമസമാക്കിയ തൊണ്ണൂറ്റിമൂന്ന് വയസ്സു കഴിഞ്ഞ ഒരു സമരസേനാനിയെ ഞാൻ കാണുകയുണ്ടായി. മാട്ടുമ്മൽ കുഞ്ഞമ്മദാജി. തന്റെ ഓർമ്മകളുടെ അറകൾ തുറന്നുവെച്ചു. 'പാണ്ടിക്കാട്ട് പട്ടാളക്യാമ്പിൽ കടന്നാക്രമണം നടത്തിയത് ഞാനറിഞ്ഞതു തന്നെ കുറെ ദിവസം കഴിഞ്ഞാണ്. ഞാൻ കരുവാരക്കുണ്ടിലെ എന്റെ വീട്ടിൽ ഇരിക്കുകയായിരുന്നു. പാണ്ടിക്കാട്ടെ പട്ടാളക്യാമ്പിൽ പോയവരെല്ലാം അവിടെത്തന്നെ മരിച്ചു. എന്നെയും പിടിച്ചു. ഞാൻ മജിസ്ട്രേറ്റിനോട് സങ്കടം പറഞ്ഞു. അപ്പോൾ അയാൾ പറഞ്ഞു: നിങ്ങൾ മാപ്പിള വർഗ്ഗത്തെ ശിക്ഷിക്കാനാണ് എന്നെ അയച്ചിട്ടുള്ളത്. രക്ഷിക്കാനല്ല. അങ്ങിനെ കുഞ്ഞഹമ്മദാജിയും നാടുകടത്തപ്പെട്ടു!

അപ്പോൾ 1921 ലെ മലബാർ കലാപം എന്തായിരുന്നുവെന്ന് ചോദിച്ചാൽ ഡോ. സി.കെ. കരീം അതിനു നൽകുന്നതാണ് അനുയോജ്യമായ മറുപടി എന്നു തോന്നുന്നു. രാഷ്ട്രീയവും കാർഷികവുമായ കാരണങ്ങളിൽ നിന്ന് ഉൽഭവിച്ചു പോലീസ് നരവേട്ടയിൽകൂടി ശക്തി സംഭരിച്ചു, പെട്ടെന്നൊരു

For Group Contact us +91 9746065242

mappilaheritagelibrary.com

പൊട്ടിത്തെറിയിൽ അവസാനിച്ച ഒരു മഹാ സംഭവം...'

ഈ സംഭവത്തെപ്പറ്റി അന്വേഷിക്കാൻ വിശിഷ്യാ നിർബന്ധിത മതപരിവർത്തനം സംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ കോൺഗ്രസ് നേതൃത്വം ഒരു കമ്മിറ്റിയെ നിയോഗിച്ചു. കേവലം മൂന്ന് നിർബന്ധിത മതപരിവർത്തനങ്ങൾ നടന്നതായി കമ്മിറ്റിക്കു അറിവു ലഭിച്ചു. മാപ്പിളലഹള ഒരു ഒറ്റപ്പെട്ട സംഭവമായി കാണാനാണ് ഗാന്ധിജി ആഗ്രഹിച്ചത്. രാജ്യമാസകലമുണ്ടായ ഹിന്ദു-മുസ്‌ലിം മൈത്രിയെ ഇതു ബാധിക്കരുതെന്ന് അദ്ദേഹം കരുതി.

കോൺഗ്രസ് കമ്മിറ്റി മാപ്പിളലഹളയെ സംബന്ധിച്ച് പ്രമേയം പാസാക്കി. എന്നാൽ അത് ഏകകണ്ഠമായി അംഗീകരിക്കാൻ കഴിഞ്ഞില്ല. കോൺഗ്രസ്സിന്റെ വിഷയനിർണ്ണയ കമ്മിറ്റിയിൽ പ്രമേയം വന്നപ്പോൾ ചൂടുപിടിച്ച വാദപ്രതിവാദം നടന്നു. ഹിന്ദു കോൺഗ്രസ് അംഗങ്ങൾ തന്നെ ഭേദഗതി കൊണ്ടുവന്ന് പ്രമേയം മയപ്പെടുത്തി. എന്നിട്ടും മൗലാനാ ഹസ്രത്ത് മോഹാനിയെ പോലുള്ളവർ അതിനെ എതിർത്തു. ആര്യസമാജ നേതാവായ സ്വാമി ശ്രദ്ധാനന്ദ് ഇതിനെപ്പറ്റി ഇങ്ങിനെ എഴുതി.

'ചില മുസ്‌ലിം നേതാക്കൻമാർക്ക് ഈ പ്രമേയം അസഹനീയമായിരുന്നു. അതിലൽഭുതവുമില്ല. എന്നാൽ മൗലാനാ ഹസ്രത്ത് മൊഹാനിയെപ്പോലുള്ള കടുത്ത ദേശീയവാദി മാപ്പിളരാജ്യം ഒരു 'ദാറുൽ അമാൻ അല്ല' എന്നും 'ദാറുൽ ഹർബ്' ആണെന്നും മാപ്പിളമാരുടെ ബ്രിട്ടീഷ് ശത്രുക്കളുമായി ഹിന്ദുക്കൾ കൂട്ടുചേർന്നുവെന്ന് അവർ സംശയിച്ചിരിക്കണമെന്നും പറഞ്ഞു പ്രമേയത്തെ എതിർത്തപ്പോൾ ഞാൻ അത്ഭുതപ്പെട്ടുപോയി. അതുകൊണ്ട് മാപ്പിളമാർ ഖുർആനോ, വാളോ ഹിന്ദുക്കൾക്ക് സമ്മാനിച്ചാൽ അതു ശരിയാണ്. മരണത്തിൽ നിന്നു രക്ഷപ്പെടാൻ ഹിന്ദുക്കൾ മുസ്‌ലിംകളായെങ്കിൽ അതു സ്വമനസ്സാലെയുള്ള മാറ്റമാണ്. നിർബന്ധ മതപരിവർത്തനമല്ലെന്നാണ് വാദം. അതെ, ഏതാനും മാപ്പിളമാരെ അപലപിക്കുന്ന ഇത്രയും നിരുപദ്രവകരമായ ഒരു പ്രമേയം പോലും ഐക്യകണ്ഠേന അംഗീകരിക്കാതെ വോട്ടെടുപ്പിലൂടെ പാസ്സാക്കേണ്ടി വന്നു'.

ഇന്ത്യൻ രാഷ്ട്രീയത്തിലെ സംഭവബഹുലവും പ്രക്ഷുബ്ധവുമായ വർഷമാണ് 1921. കറാച്ചി വിസ്താരം, അലി

For Group Contact us +91 9746065242

mappilaheritagelibrary.com

സഹോദരൻമാരുടെ ശിക്ഷ, കോൺഗ്രസ്സിന്റെ നിസ്സഹകരണ പ്രസ്ഥാനം സിവിൽ നിയമലംഘനം തുടങ്ങിയവ ഒരു വശത്ത്. മലബാർ കലാപത്തിന്റെ ചിത്രം വികലമാക്കി ഹിന്ദുക്കളെയും മുസ്ലിംകളെയും തമ്മിൽ അകറ്റുവാനുള്ള ബ്രിട്ടീഷ് കുതന്ത്രം മറ്റൊരു ഭാഗത്ത്.

ഇതിനിടയിലാണ് ബ്രിട്ടീഷ് കിരീടവകാശിയായ വെയിൽസ് രാജകുമാരൻ ഇന്ത്യയിൽ വന്നത്. 1921 നവംബർ 17-നു ബോംബെയിൽ കപ്പലിറങ്ങിയപ്പോൾ അദ്ദേഹത്തെ സ്വീകരിക്കാൻ ചെന്ന ചിലരെ സ്വാതന്ത്ര്യസമരക്കാരായ ചിലർ ആക്രമിച്ചു. ലഹള പൊട്ടിപ്പുറപ്പെട്ടു. 58 പേർ കൊല്ലപ്പെട്ടു. ഗാന്ധിജി ഉടൻ സമരം നിറുത്തിവെച്ചു. എന്നാൽ രാജ്യമാസകലം ഹർത്താലാചരണവും അറസ്റ്റുവരിക്കലും നടന്നു. മോട്ടിലാൽ നെഹ്റു, ജവഹർലാൽ നെഹ്റു, സി.ആർ. ദാസ്, മൗലാനാ അബുൽ കലാം ആസാദ്, സി. രാജഗോപാലാചാരി തുടങ്ങിയവർ അറസ്റ്റുചെയ്യപ്പെട്ടു. രാജ്യത്താകെ മുപ്പതിനായിരത്തിലേറെപ്പേരെ ബ്രിട്ടീഷുകാർ തുറുങ്കിലടച്ചു.

ഗുജറാത്തിലെ ബർദ്ദോളിയിൽ നവംബർ 17-നു തുടങ്ങേണ്ടിയിരുന്ന നിയമലംഘനം ഗാന്ധിജി നിറുത്തിവെച്ചു. നവംബർ 23ന് വീണ്ടും അദ്ദേഹം തന്നെ അതാരംഭിച്ചു. 1922 മാർച്ച് 10-നു ഗാന്ധിജിയെ അറസ്റ്റുചെയ്യുകയും ആറുവർഷം ശിക്ഷിക്കുകയും ചെയ്തു. അങ്ങിനെ മുഹമ്മദലിയും ഗാന്ധിജിയും ഒരേസമയം ജയിലിലായി. അതേവർഷം ഓഗസ്റ്റ് 29-ന് ഝാൻസി ജയിലിൽ നിന്നു മുഹമ്മദലിയെ വിട്ടയച്ചു. മൗലാനയെ സ്വീകരിക്കാൻ വാദ്യഘോഷങ്ങളുമായി വമ്പിച്ചൊരു ജനക്കൂട്ടം കാത്തിരുന്നു. ജനക്കൂട്ടത്തോട് അദ്ദേഹം പറഞ്ഞു: 'വാദ്യാഘോഷങ്ങൾ വേണ്ട. നമ്മുടെ ഉത്തമ സുഹൃത്ത് ഗാന്ധിജി ജയിലിലാണല്ലോ' മാത്രമല്ല ജയിൽ വിമുക്തനായ ഉടൻ അദ്ദേഹം ഗാന്ധിജിയുടെ ജീവിത സഖി കസ്തൂർബാ ഗാന്ധിക്ക് കമ്പിയടിച്ചു. 'ദൈവത്തിലും എന്റെ നാട്ടുകാരിലും വിശ്വാസമർപ്പിച്ചുകൊണ്ട് ഞാൻ യർവാദ ജയിലിന്റെ താക്കോൽ തടവുകാരനായിരുന്നു. മുഹമ്മദലിയും ഗാന്ധിജിയും അത്രയും അടുത്ത കൂട്ടുകാരായിരുന്നു.

മുഹമ്മദലി ജയിലിൽ പോകുമ്പോൾത്തന്നെ ഖിലാഫത്ത്

For Group Contact us +91 9746065242

mappilaheritagelibrary.com

പ്രസ്ഥാനത്തിന് ക്ഷീണമുണ്ടാക്കുന്ന സംഭവങ്ങളാണ് തുർക്കിയിൽ അരങ്ങേറിയത്. തുർക്കി സുൽത്താനിൽ നിന്നു അധികാരം പിടിച്ചെടുത്ത മുസ്തഫ കമാലിന്റെ നടപടികൾ ഖിലാഫത്ത് പ്രസ്ഥാനത്തെ സാരമായി ബാധിച്ചു. 1924 ആകുമ്പോഴേക്കും ഖിലാഫത്ത് നേതാക്കൾ വിശിഷ്യാ അലി സഹോദരൻമാർ തുർക്കി ഭരണകൂടത്തിന്റെ വിമർശകൻമാരായി മാറിയിരുന്നു.

ഇതിനു പ്രധാനകാരണം അങ്കാറ (തുർക്കിയുടെ തലസ്ഥാനം) അസംബ്ലിയുടെ തിരഞ്ഞെടുക്കപ്പെട്ട നേതാവായ മുസ്തഫാ കമാലിന്റെ നടപടികളാണ്. തുർക്കി സുൽത്താനായിരുന്ന അബ്ദുൽ മജീദിനെ അധികാരഭ്രഷ്ടനാക്കിയിരുന്നു. അക്കാലത്ത് ഇന്ത്യൻ പള്ളികളിൽ ജുമുഅ ഖുതുബയിൽ പ്രത്യേകം വിമർശിക്കപ്പെട്ടിരുന്നത് മുസ്‌ലിം ലോകത്തിന്റെ ഖലീഫ കൂടിയായ സുൽത്താൻ അബ്ദുൽ മജീദിന്റെ പേരായിരുന്നു. സുൽത്താൻ അബ്ദുൽ മജീദിനു മുമ്പ് വാഹിദുദ്ദീൻ, ഹമീദ് എന്നീ സുൽത്താൻമാരെയും തുർക്കികൾ അധികാരഭ്രഷ്ടനാക്കിയിരുന്നു. അതിലൊന്നും ഇന്ത്യൻ മുസ്‌ലിംകൾ കുപിതരായിരുന്നില്ല. എന്നാൽ സുൽത്താൻ അബ്ദുൽ മജീദിനെ സ്ഥാനഭ്രഷ്ടനാക്കുകയും 1924 മാർച്ച് മൂന്നാം തിയ്യതിയോടുകൂടി ഖിലാഫത്ത് തന്നെ അവസാനിപ്പിക്കുകയും ചെയ്തപ്പോൾ അലി സഹോദരൻമാർ കുപിതരായി. ഖിലാഫത്ത് അവസാനിപ്പിച്ച മുസ്തഫ കമാലിന്റെ നടപടി മതശാസനങ്ങളുടെ ഗുരുതരമായ ലംഘനമാണെന്ന് ഖിലാഫത്ത് കമ്മിറ്റി തലവനായ മൗലാനാ ഷൗക്കത്തലി പറഞ്ഞു, മുസ്തഫ കമാൽ ഒരു 'ലാമസ്മഹബ്' (നിർമ്മതവാദി)യാണെന്ന് മൗലാനാ മുഹമ്മദലി ആക്ഷേപിച്ചു.

ഇന്ത്യയിലെ മുസ്‌ലിംകളുടെ വികാരം മാനിക്കാൻ മുസ്തഫാ കമാൽ തയ്യാറായില്ല. മത ധർമ്മത്തിന്റെ പേരിൽ തുർക്കിക്കെതിരായി തോക്കെടുക്കാൻ വിസമ്മതിച്ച ഇന്ത്യയിലെ മുസ്‌ലിം പട്ടാളക്കാർ ബ്രിട്ടീഷുകാരുടെ വെടിയുണ്ടക്ക് ഇരയായി. എന്നാൽ അതേ ഇന്ത്യക്കാരുടെ വികാരം മുസ്തഫാ കമാൽ പുച്ഛിച്ചു തള്ളി.

അങ്ങിനെ ഇന്ത്യയിലെ ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ നട്ടെല്ലൊടിയുക മാത്രമല്ല അത് ആകപ്പാടെ പരിഹാസ്യമാകുകയും ചെയ്തു. കമാലിന്റെ 'നിർമ്മതതവും

For Group Contact us +91 9746065242

mappilaheritagelibrary.com

സുൽത്താനത്തും, ഖിലാഫത്തും എടുത്തുകളഞ്ഞ നടപടിയും ഒരു മതേതരരാജ്യം കെട്ടിപ്പടുക്കലും, അദ്ദേഹത്തിന്റെ മതപരമായ ഉത്തരവ് ഉപേക്ഷിക്കലുമെല്ലാം ശിപായി ലഹളക്കുശേഷം ഇന്ത്യൻ മുസ്‌ലിംകളുടെ മനസ്സിൽ പടിപടിയായി കെട്ടിപ്പടുത്തുകൊണ്ടിരുന്ന ഒരു സ്വപ്നത്തിന്റെ തകർച്ചയായിരുന്നു. എന്ന് ജവഹർലാൽ നെഹ്റു 'ഇന്ത്യയെ കണ്ടെത്തൽ' എന്ന ഗ്രന്ഥത്തിൽ അഭിപ്രായപ്പെടുന്നു.

ഇന്ത്യയിൽ ഹിന്ദു-മുസ്‌ലിം മൈത്രി നിലനിർത്തുന്നതിൽ ഖിലാഫത്തും കോൺഗ്രസ്സും വഹിച്ച പങ്ക് വിലയിരുത്തുന്ന ഒരാൾക്ക് ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ ചിറകൊടിഞ്ഞത് മറ്റുവിധത്തിലുണ്ടാക്കിയ പ്രത്യാഘാതങ്ങൾ നിർഭാഗ്യകരമായി അനുഭവപ്പെട്ടു. 1923-ൽ ആരംഭിച്ച 'ശുദ്ധി പ്രസ്ഥാനം' മുസ്‌ലിംകളും ഹിന്ദുക്കളും തമ്മിലുള്ള അകൽച്ചക്ക് തിരികൊളുത്തി. ഔറംഗസീബ് ചക്രവർത്തിയുടെ കാലത്ത് ഇസ്‌ലാം സ്വീകരിച്ചവരെന്ന് കരുതപ്പെടുന്ന രജപുത്രൻമാരെ ശുദ്ധീകരിച്ചെടുക്കണമെന്ന ഉദ്ദേശ്യത്തോടെയായിരുന്നു ആര്യസമാജക്കാർ ആദ്യം ശുദ്ധിപ്രസ്ഥാനം തുടങ്ങിയത്. 1923-നു വളരെകാലം മുമ്പേ ഇതു തുടങ്ങിയെങ്കിലും ആഗ്രയിലെ പ്രവർത്തനങ്ങളോടു കൂടിയാണ് ഇതൊരു പ്രസ്ഥാനമായി മാറിയതെന്നും പ്രൊഫ. മാത്തൂർ എഴുതുന്നു. ശുദ്ധിപ്രസ്ഥാനത്തെ നേരിടാനായി 'അഞ്ജുമൻ റിദായെ മുസ്തഹ' എന്ന ഒരു മതസംഘടനയും ബറേലിയിൽ രംഗത്തുവന്നു. ഇവ രണ്ടും ഏറ്റുമുട്ടലിന്റെ വക്കോളമെത്തി നിന്നു.

ഖിലാഫത്ത് പ്രസ്ഥാനം പരിക്ഷീണമായ കാലഘട്ടത്തിലാണ് അതിന്റെ മുന്നണി നേതാക്കളിലൊരാളായ ഡോ. സൈഫുദ്ദീൻ കിച്ച്‌ലു 'തൻസീം' പ്രസ്ഥാനം പഞ്ചാബിൽ ആരംഭിച്ചത്. 1923 -മെയ് മാസത്തിൽ കേന്ദ്ര ഖിലാഫത്ത് കമ്മിറ്റിയുടെ പേരിൽ ഡോ. കിച്ച്‌ലു ഒരു പുതിയ മാർഗ്ഗരേഖയുണ്ടാക്കി. 'പുതിയതും ഊർജ്ജസ്വലമായതും' എന്നു വിശേഷിപ്പിക്കപ്പെട്ട ഈ 'ദേശീയ പരിപാടിയിൽ' ഖിലാഫത്ത് പ്രസ്ഥാനവും ജംഇയ്യത്തുൽ ഉലമായും ഒത്തുചേർന്ന് വളണ്ടിയർ സേന ഉണ്ടാക്കി 'സ്വരാജി'നു വേണ്ടി പ്രവർത്തിക്കണമെന്നാ യിരുന്നു രൂപകൽപ്പന ചെയ്തിരുന്നത്. ഈ പ്രവർത്തനങ്ങളിൽ മോത്തിലാൽ നെഹ്റു അടക്കം പല കോൺഗ്രസ്സുകാരും വിയോജിച്ചു. 1925 മാർച്ച് 16 നു

For Group Contact us +91 9746065242

mappilaheritagelibrary.com

ഡോ. കിച്ച്‌ലു ചെയ്ത ഒരു പ്രസംഗം അദ്ദേഹം എത്ര കുപിതനായിരുന്നുവെന്ന് കാണിക്കുന്നു.

ഖിലാഫത്ത് കമ്മിറ്റി വരുന്നത് വരെ കോൺഗ്രസ്സ് നിർജ്ജീവമായിരുന്നു. ഖിലാഫത്ത് കമ്മിറ്റി ചേർന്നപ്പോൾ ഹിന്ദു കോൺഗ്രസ്സിന് നാൽപ്പത് വർഷംകൊണ്ട് കഴിയാത്തത് കോൺഗ്രസ്സ് സംഘടനക്ക് ഒരു വർഷം കൊണ്ട് ചെയ്യാൻ സാധിച്ചു. ഏഴു കോടി അധ:കൃതരെ ഉദ്ധരിക്കാനും കോൺഗ്രസ്സിനു കഴിഞ്ഞു. ഇത് തികച്ചും ഹിന്ദുക്കളുടെ മാത്രം കാര്യമായിരുന്നിട്ടും കോൺഗ്രസ്സ് അതിനു പണം ചിലവഴിച്ചു എന്റെയും മുസൽമാൻ സഹോദരങ്ങളുടെയും പണം വെള്ളംപോലെ ഒഴുക്കിയിട്ടും ധീരരായ മുസൽമാൻമാർ അതത്ര സാരമാക്കിയില്ല. അപ്പോൾ മുസൽമാൻമാർ തൻസീം പ്രവർത്തനം ഏറ്റെടുക്കുകയും കോൺഗ്രസ്സിനോ ഹിന്ദുക്കൾക്കോ അവകാശപ്പെടാത്ത പണം ചിലവഴിക്കുകയും ചെയ്യുമ്പോൾ ഹിന്ദുക്കൾ എന്തിനു വഴക്കിടണം? ഞങ്ങൾ ഈ രാജ്യത്തുനിന്നു ബ്രിട്ടീഷ് ഭരണത്തെ കെട്ടുകെട്ടിച്ച് 'സ്വരാജ്' സ്ഥാപിച്ചു കഴിഞ്ഞാൽ ഇവിടെ അഫ്ഗാനിസ്ഥാനോ മറ്റേതെങ്കിലും മുസ്‌ലിംകളോ ഈ രാജ്യത്തെ അക്രമിച്ചാൽ ഞങ്ങൾ ഈ രാജ്യത്തെ ശത്രുക്കളിൽ നിന്നും രക്ഷിക്കാൻ ഞങ്ങളുടെ എല്ലാ മക്കളെയും ബലികൊടുക്കും. എന്നാൽ കാര്യം ഞാൻ തുറന്നു പറയട്ടെ, എന്റെ പ്രിയപ്പെട്ട ഹിന്ദു സഹോദരങ്ങൾ കേൾക്കട്ടെ, വളരെ ശ്രദ്ധയോടെ കേൾക്കട്ടെ! തൻസീം പ്രസ്ഥാനത്തിന്റെ മുമ്പിൽ നിങ്ങൾ തടസ്സം വലിച്ചിട്ടാൽ ഞങ്ങളുടെ അവകാശം ഞങ്ങൾക്ക് നൽകുന്നില്ലെങ്കിൽ അഫ്ഗാനിസ്ഥാനോ മറ്റു മുസ്‌ലിം രാജ്യങ്ങളുമായോ യോജിച്ചുകൊണ്ട് ഞങ്ങൾ ഇവിടെ ഞങ്ങളുടെ ഭരണം സ്ഥാപിക്കും.

എന്നാൽ തൻസീം പ്രസ്ഥാനം ഹിന്ദു സംഘടന സമിതി പോലെ സാമുദായിക ലൈനിലായിരുന്നുവെങ്കിലും തബ്‌ലീഗ് പ്രസ്ഥാനം പോലെ ഹിന്ദു വിരുദ്ധ സംഘടനയായിരുന്നില്ല എന്നാണ് പ്രൊഫസ്സർ മാത്തൂർ പറയുന്നത്.

ശുദ്ധിപ്രസ്ഥാനത്തിന് നേരിട്ട എതിർപ്പും ഖിലാഫത്തിന്റെ ക്ഷീണവും മനസ്സിലാക്കി ജംഇയ്യത്തുൽ ഉലമ ഇസ്‌ലാമിലെ വിവിധ ചിന്താഗതിക്കാരെയും അവരുടെ സംഘടനയെയും കൂട്ടിയോജിപ്പിക്കാനായി 'അഞ്ജുമൻ തബ്‌ലീഗുൽ ഇസ്‌ലാം' എന്ന ഒരു

For Group Contact us +91 9746065242

mappilaheritagelibrary.com

പ്രസ്ഥാനത്തിനു രൂപം നൽകി. ഖിലാഫത്തു കമ്മിറ്റിക്കാർ അവരുടെ പ്രവർത്തനപരിപാടിയിൽ തബ്‌ലീഗ് ജമാഅത്ത് രൂപവൽക്കരണം ഒരു ഇനമായും സ്വീകരിച്ചു. ശുദ്ധിപ്രസ്ഥാനത്തിനെതിരായി ഇസ്‌ലാമിക തത്വങ്ങൾ ഉയർത്തിപ്പിടിക്കാൻ തബ്‌ലീഗ് ജമാഅത്ത് അന്ന് വളരെ ഉപകാരപ്പെട്ടു. സമുദായംഗങ്ങളെ വ്യക്തിപരമായിക്കണ്ട് സ്വന്തം മതവിശ്വാസവും കർമ്മാനുഷ്ഠാനങ്ങളും അവരിൽ രൂഢമൂലമാക്കുന്ന തബ്‌ലീഗ് ജമാഅത്തിന്റെ പ്രവർത്തനങ്ങൾക്ക് അന്നു വേണ്ടത്ര അംഗീകാരം മുസ്‌ലിംകളിൽ നിന്നു ലഭിച്ചു.

ജയിൽവിമോചിതനായ മൗലാനാ മുഹമ്മദലിയെ 1923-24 കാലത്തെ കോൺഗ്രസ്സ് പ്രസിഡണ്ടായി തിരഞ്ഞെടുത്തു. അദ്ദേഹം തന്റെ സെക്രട്ടറിമാരിലൊരാളായി ജവഹർലാൽ നെഹ്റുവിനെയും തിരഞ്ഞെടുത്തു. 1923-ൽ ചേർന്ന കാക്കനാഡ കോൺഗ്രസ്സ് സമ്മേളനം സുപ്രധാനമായിരുന്നു. മുഹമ്മദലിയുടെ അധ്യക്ഷപ്രസംഗം രാജ്യതന്ത്രജ്ഞത കുറിക്കുന്നതായിരുന്നു. നിയമസഭയിൽ പ്രവേശിക്കണമോ വേണ്ടയോ എന്നതായിരുന്നു ഒരു ചർച്ചാവിഷയം. നിയമനിർമ്മാണസഭയിൽ മൽസരിക്കാൻ അവസാന തീരുമാനമെടുത്തു. ഗാന്ധിജി അന്നു ജയിലിലായിരുന്നു. മുഹമ്മദലിക്ക് അന്ന് വ്യക്തിപരമായി അംബ്ലി തിരഞ്ഞെടുപ്പിനോട് ആഭിമുഖ്യമുണ്ടായിരുന്നില്ല. അദ്ദേഹം നിയമനിർമ്മാണസഭാ തിരഞ്ഞെടുപ്പിൽ പങ്കെടുത്തുമില്ല. എന്നാൽ കോൺഗ്രസ്സ് കമ്മിറ്റിയിൽ ഒരു അഭിപ്രായവ്യത്യാസം ഒഴിവാക്കാൻ അദ്ദേഹം കക്ഷിപിടിച്ചില്ല. ഖിലാഫത്ത് കമ്മിറ്റിയാകട്ടെ ഒരു പ്രത്യേക തീരുമാനമെടുത്തു. ഖിലാഫത്ത് കമ്മിറ്റിയുടെ പേരിൽ ആരും മൽസരിക്കരുത്. ഇനി ആർക്കെങ്കിലും മൽസരിക്കണമെങ്കിൽ വ്യക്തിപരമായി അവർക്ക് അങ്ങിനെയാകാം.

കോൺഗ്രസ്സിൽ മോത്തിലാൽ നെഹ്റുവും സി.ആർ. ദാസും നിയമസഭാ കൗൺസിൽ പ്രവേശനം വേണമെന്ന് പറഞ്ഞപ്പോൾ അതിനെ എതിർത്തത് രാജാജിയും പട്ടേലും രാജേന്ദ്രപ്രസാദുമായിരുന്നു. ഈ ഭിന്നിപ്പിനു പരിഹാരമുണ്ടാക്കാൻ മൗലാനയും നെഹ്റുവും ആസാദും ശ്രമിച്ചു. എന്നാൽ മുസ്‌ലിംകളിൽ ഭൂരിപക്ഷവും കോൺഗ്രസ്സ് നിസ്സഹകരണ പ്രസ്ഥാനം അവസാനിപ്പിച്ചാൽ നിയമസഭയിൽ മുസ്‌ലിംകൾക്ക് പങ്ക് കിട്ടണമെന്ന പക്ഷക്കാരാ

For Group Contact us +91 9746065242

mappilaheritagelibrary.com

യിരുന്നുവെന്ന് ചില ചരിത്രകാരൻമാർ രേഖപ്പെടുത്തിയിരിക്കുന്നു.

കാക്കിനാഡ സമ്മേളനത്തിലെ അധ്യക്ഷ പ്രസംഗത്തിൽ മുഹമ്മദലി പറഞ്ഞു.

''ഓരോ സമുദായവും അവരവർ വഹിക്കേണ്ടി വന്ന കഷ്ടതകളെ കുറിച്ചുമാത്രം ഓർക്കുന്നു. അവർ മറ്റുള്ളവർക്കുണ്ടാക്കിയ ദുരിതങ്ങളെപ്പറ്റി അവർ ഓർക്കുന്നില്ല. മർദ്ദിതവിഭാഗത്തോടു അവർ സഹിക്കേണ്ടി വന്ന വേദനകളോർത്ത് നമ്മൾ സൗഹൃദഭാവം കാണിക്കുക എന്നാൽ അത് മറ്റുള്ളവരെ കൂടുതൽ പീഡിപ്പിക്കാനോ നമ്മൾ സ്വയം ഏൽക്കേണ്ടി വന്ന പരുക്കുകൾക്ക് പ്രതികാരം ചെയ്യാനോ ആയിരിക്കരുത്. മതപരിവർത്തനം നടത്തുന്നവരെ പരിഹസിച്ചുകൊണ്ട് മൗലാന പറഞ്ഞു. 'രണ്ടു കൂട്ടരും അടുത്ത വ്യാഴവട്ടക്കാലത്ത് നടക്കാൻ പോകുന്ന കാനേഷുമാരി കണ്ടുകൊണ്ടാണു പ്രവർത്തിക്കുന്നത്.

കോൺഗ്രസ്സിലെ ഒരു വിഭാഗത്തിന്റെ തലവനായിരുന്ന മദൻമോഹൻ മാളവ്യയുടെയും മറ്റും പ്രവർത്തനങ്ങളിൽ മുഹമ്മദലി നീരസം പ്രകടിപ്പിച്ചു. ഗാന്ധിജി അത്തരക്കാരെ അകറ്റി നിർത്തണമെന്നും അദ്ദേഹം ആഗ്രഹിച്ചു. 1924 ജൂൺ 15-നു തന്റെ സെക്രട്ടറിയായ ജവഹർലാൽ നെഹ്റുവിനയച്ച ഒരു കത്തിൽ കോൺഗ്രസ്സ് പ്രസിഡന്റായ മൗലാനാ മുഹമ്മദലി എഴുതി:

'മാളവ്യയെ സംബന്ധിച്ച് ബാപ്പു (ഗാന്ധിജി) പറയുന്നതെല്ലാം അദ്ദേഹം തികച്ചും വിശ്വസിക്കുന്നതാണെങ്കിൽ ഏതു നിലക്കും അടുത്ത ഭാവിയെ സംബന്ധിച്ച് ഞാൻ നിരാശനായിരിക്കും. മാളവ്യ ഏതുവിധത്തിലും ഗാന്ധിസം നശിപ്പിക്കാനും, ഹിന്ദുക്കളുടെ നേതാവും മുസ്‌ലിംകളുടെ നേതാവും ഒരേ നിലക്കാവാൻ കഴിയാത്തതിനാൽ ഹിന്ദുക്കളുടെ നേതാവ് മാത്രമായിത്തീരാനും ശ്രമിക്കുകയാണ്, ഹിന്ദു-മുസ്‌ലിം ഐക്യം അദ്ദേഹത്തിന്റെ (മാളവ്യ) ലക്ഷ്യമേ അല്ല. ഇക്കാര്യത്തിൽ താങ്കളുടെ അഛൻ (മോത്തിലാൽ നെഹ്റു) ഏറെക്കുറെ എന്നോട് യോജിക്കുന്നു.

എന്റെ പ്രിയപ്പെട്ട ജവഹർലാൽ, മുസൽമാൻമാരിലും അവരുടെ മാളവ്യമാർ ഉണ്ടെന്ന കാര്യം ദൈവത്തിനറിയാം...

രോഗം പിടിപെട്ടു മൂർച്ചിച്ചതിനെത്തുടർന്ന് ഗാന്ധിജി ജയിൽ വിമുക്തനായി. അദ്ദേഹം ബോംബെയിൽ വെച്ചു മുഹമ്മദലിയെ കണ്ടു. അതിനിടക്ക് വടക്കുപടിഞ്ഞാറൻ അതിർത്തി

For Group Contact us +91 9746065242

mappilaheritagelibrary.com

പ്രദേശത്ത് സാമുദായികലഹള പൊട്ടിപ്പുറപ്പെട്ടു. ഡൽഹിയിൽ മുഹമ്മദലിയോടൊപ്പം താമസിച്ച ഗാന്ധിജി 21 ദിവസത്തെ നിരാഹാരസമരം ആരംഭിച്ചു. മുഹമ്മദലി നിരാഹാരസമരത്തെ എതിർത്തു. ഗാന്ധിജി മരണപ്പെട്ടാൽ ഹിന്ദുക്കൾ മുസ്‌ലിംകളോട് പ്രതികാരം ചെയ്യും. കോൺഗ്രസ്സ് പ്രസിഡന്റും ഗാന്ധിജിയുടെ ആതിഥേയനുമെന്ന നിലക്ക് നിരാഹാരത്തിനു മുമ്പ് തന്നോടുകൂടി ആലോചിക്കേണ്ടതായിരുന്നു. എന്നാൽ അതുണ്ടായില്ല. രോഗശയ്യയിലായിരുന്ന മൗലാനായുടെ വന്ദ്യമാതാവ് ബീ അമ്മയും വ്രതം അവസാനിപ്പിക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ചു. ഷൗക്കത്തലിയും ഗാന്ധിജിയുടെ ഇഷ്ടതോഴനായിരുന്നു. 'എന്നെ ഏറ്റവും അധികം നന്നായി മനസ്സിലാക്കിയ ഷൗക്കത്തലിയെപ്പോലെ ഒരു മുസ്‌ലിം ഇല്ല' എന്ന് ഗാന്ധിജി പറയാറുണ്ടായിരുന്നു. പക്ഷേ ഷൗക്കത്തലിയും ശ്രമിച്ചെങ്കിലും ഫലമുണ്ടായില്ല. ഗാന്ധിജി 21-ാം ദിവസം കഴിഞ്ഞു നിരാഹാരസമരം അവസാനിപ്പിച്ചപ്പോൾ ഒരു മുസ്‌ലിമിന്റെ വീട്ടിൽ നിരാഹാരസമരം നടന്നതിനെച്ചൊല്ലി വാദപ്രതിവാദവുമുണ്ടായി. സാമുദായിക ലഹളകളിൽ ഹിന്ദുക്കൾ മുസ്‌ലിംകളാൽ ആക്രമിക്കപ്പെട്ടതിലുള്ള പ്രതിഷേധമാണ് ഇതെന്ന് ആയിരുന്നു രാജാജിയുടെ അഭിപ്രായം.

അടുത്ത വർഷം 81-ാം വയസ്സിൽ ബീ അമ്മ മരിച്ചു. ഗാന്ധിജി ഉടൻ അവിടെ ഓടിയെത്തി. ആ രംഗത്തെപ്പറ്റി ഗാന്ധിജി വിവരിച്ചത് അഫ്സൽ ഇഖ്ബാലിന്റെ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു: 'ഞാനവിടെ തേങ്ങലുകൾ കണ്ടില്ല. എന്നാൽ മൗലാനാ മുഹമ്മദലിയുടെ കവിൾത്തടങ്ങളിലൂടെ കണ്ണുനീർത്തുള്ളികൾ ഇറ്റിറ്റു വീഴുന്നുണ്ടായിരുന്നു. വിഷമിച്ചാണെങ്കിലും ജ്യേഷ്ഠൻ (ഷൗക്കത്തലി) വേദന കടിച്ചമർത്തി; അവരെല്ലാം അല്ലാഹുവിന്റെ നാമം ജപിക്കുകയായിരുന്നു.'

ഖിലാഫത്ത് പ്രസ്ഥാനവും ബീ അമ്മയും ഒരർത്ഥത്തിൽ ഒന്നിച്ചാണവസാനിച്ചത്. ആ വന്ദ്യ വനിതയുടെ മൃതദേഹം ഖബറിലേക്ക് താഴ്ത്തുമ്പോഴും അന്തരീക്ഷത്തിൽ അന്ന് പ്രസിദ്ധ പ്രചാരമുള്ള ഒരു ആവേശഗാനം അലതല്ലിയിരുന്നു:

ബോലീ അമ്മാ(ൻ) മുഹമ്മദലീകി
ജാനെബൈട്ടാ ഖിലാഫത്ത്- പെദേദോ
സ്വപ്രത്യയസ്ഥൈര്യവും നിശ്ചയദാർഢ്യവും മൗലാനാ

For Group Contact us +91 9746065242

mappilaheritagelibrary.com

മുഹമ്മദലിയുടെ സവിശേഷതയായിരുന്നു. താൻ വിശ്വസിക്കുന്ന ആശയം ആർക്ക് ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും തുറന്നുപറയുന്നതിന് മൗലാനാ ഒട്ടും മടിച്ചിരുന്നില്ല. ഇങ്ങിനെ തുറന്ന അഭിപ്രായപ്രകടനം നടത്തിയതിന്റെ പേരിൽ അദ്ദേഹത്തെ ആദരിക്കുന്നവരും അദ്ദേഹത്തിന്റെ അനുയായികളുമായ ആളുകളിൽ നിന്നു തന്നെ ചിലപ്പോഴെങ്കിലും അപ്രീതിയും പ്രതിഷേധവും ഉണ്ടായിട്ടുണ്ട്.

ഗാന്ധിജിയും മുഹമ്മദലിയും തമ്മിലുള്ള വ്യക്തിപരമായ ബന്ധത്തിന്റെ പേരിൽ മൗലാനായെ പലരും വിമർശിച്ചിരുന്നു. ജയിലിൽ നിന്നു പുറത്തിറങ്ങിയ മൗലാനാ ഗാന്ധിജിയുടെ നിസ്സഹകരണ പ്രസ്ഥാനത്തെ മുക്തകണ്ഠം പുകഴ്ത്തുകയും ഗാന്ധിജിയെ അനുകരിക്കണമെന്നു നിർദ്ദേശിക്കുകയും ചെയ്തപ്പോൾ സ്വന്തം സമുദായത്തിലെ ആളുകൾ തന്നെ മുഹമ്മദലി മതപരമായി ഗാന്ധിജിയുടെ അനുയായി ആണെന്നു പറഞ്ഞു. എന്നാൽ മുഹമ്മദലി തനിക്കു ഗാന്ധിജിയോടുള്ള കൂറും അദ്ദേഹത്തിലുള്ള വിശ്വാസവും ഊന്നിപ്പറഞ്ഞു.

''ദൈവത്തിന്റെ ഏറ്റവും വലിയ അനുഗ്രഹമാണ് ഇസ്ലാമെന്ന് ഞാൻ വിശ്വസിക്കുന്നത് കൊണ്ട്, മഹാത്മജിയിലുള്ള എന്റെ സ്നേഹാതിരേകത്താൽ ഇസ്ലാമിന്റെ പ്രഭാപൂരംകൊണ്ട് അദ്ദേഹത്തിന്റെ ആത്മാവ് പ്രകാശിതമാക്കാൻ ഞാൻ ദൈവത്തോട് പ്രാർത്ഥിക്കുന്നു... ഞാൻ എന്റെ മാതാവിനെ അത്യഗാധമായി ആദരിക്കുന്നു. അതുപോലെ എന്റെ മതപരമായ ഗുരു മൗലാനാ അബ്ദുൽ ബാരിയെയും ഞാൻ കരുതുന്നു. ഇതൊക്കെയാണെങ്കിലും യഥാർത്ഥ സ്വഭാവ വൈശിഷ്ഠ്യംകൊണ്ടു മഹാത്മാ ഗാന്ധിയെക്കാളും ഉയർന്ന സ്ഥാനത്ത് മറ്റൊരാളെ കാണാൻ കഴിഞ്ഞിട്ടില്ല.''

പക്ഷേ വിശ്വാസവും യഥാർത്ഥ സ്വഭാവഗുണങ്ങളും തമ്മിൽ വലിയ അന്തരമുണ്ട്. ഒരു ഇസ്ലാം മതവിശ്വാസിയെന്ന നിലക്ക് ഇസ്ലാമിന്റെ ലക്ഷ്യത്തെപ്പറ്റി വിശ്വസിക്കാൻ ഞാൻ നിർബന്ധിതനാണ്. വളരെ വഴിപിഴച്ചുപോയവനും അധമനുമായ ഒരു മുസൽമാൻ, മഹാത്മാഗാന്ധിയെപ്പോലെയുള്ള ഒരു ഉന്നതശ്രേഷ്ഠനായ ഒരാളെങ്കിൽപോലും അമുസ്ലിമിനേക്കാളും ഉന്നതസ്ഥാനത്തിനു അർഹനാണ്.

ഈ പ്രസ്താവന വലിയ വാദകോലാഹലങ്ങൾക്കിടയാക്കി.

For Group Contact us +91 9746065242

mappilaheritagelibrary.com

മുഹമ്മദലി കോൺഗ്രസ്സ് പ്രസിഡന്റുപദം രാജിവെക്കണമെന്നു വരെ ആവശ്യമുയർന്നു. പക്ഷേ ഇത്, മല എലിയെ പ്രസവിച്ചതു പോലെയാണെന്ന് പറഞ്ഞ് ഗാന്ധിജി അവഗണിച്ചു.

മറ്റൊരു പ്രക്ഷുബ്ധമായ സംഭവമായിരുന്നു 1925-ൽ അഫ്ഗാനിസ്ഥാനിൽ അഹമ്മദീയ വിഭാഗത്തിൽ പെട്ട രണ്ടു പേരെ മതവിരുദ്ധ പ്രവർത്തനത്തിന്റെ പേരിൽ കല്ലെറിഞ്ഞു കൊല്ലാൻ തീരുമാനിച്ചപ്പോഴുണ്ടായത്. മുസ്‌ലിം വാർത്താമാധ്യമങ്ങളും മുഴുവൻ മുസ്‌ലിംലോകവും ഒന്നായി അനുകൂലിച്ച ഈ തീരുമാനത്തെ മുഹമ്മദലി എതിർത്തു. മതവിരുദ്ധൻമാരായി കാണുന്നവരെ കൊന്നതുകൊണ്ട് ആ പ്രസ്ഥാനം അവസാനിക്കുകയില്ലെന്നും അവരെ മതപ്രചരണത്തിലൂടെ മാറ്റിയെടുക്കണമെന്നുമുള്ള മൗലാനയുടെ ന്യായവാദം കേൾക്കാൻ ആരുമുണ്ടായില്ല.

ഇന്ത്യൻ മുസ്‌ലിംകളെയാകെ ഇളക്കിവിട്ട മറ്റൊന്നായിരുന്നു ഒരു ക്ഷുദ്രകൃതി -'റങ്കീലാ റസൂൽ' രാജ്പാൽ പ്രസാധനം ചെയ്ത ഈ കൃതി നബി തിരുമേനി(സ്വ)യെ അപകീർത്തിപ്പെടുത്തുന്ന ഒന്നായിരുന്നു. പഞ്ചാബിലും ഇന്ത്യയിലെ മറ്റു ഭാഗങ്ങളിലും ആഞ്ഞടിച്ച മുസ്‌ലിം സമുദായത്തിന്റെ പ്രതിഷേധം ബ്രിട്ടീഷ് സർക്കാറിനെ വലച്ചു. രാജ്പാലിന്റെ പേരിൽ 'സമുദായങ്ങൾ തമ്മിൽ വിദ്വേഷ'മുണ്ടാക്കിയെന്ന കുറ്റത്തിനു കേസെടുത്തു. മജിസ്ട്രേറ്റ് അയാളെ ശിക്ഷിച്ചു.

അന്നത്തെ ലാഹോർ ഹൈക്കോടതിയിൽ ജസ്റ്റിസ് ദിലീപ് സിംഗ് അപ്പീൽ വാദം കേട്ടു പ്രതിയെ വിട്ടയച്ചു. പ്രസക്തമായ നിയമത്തിന്റെ അഭാവം എന്നതായിരുന്നു പ്രതിയെ വിട്ടയക്കാൻ കാരണമായി വിധിന്യായത്തിൽ പറഞ്ഞത്. അപ്പോൾ പിന്നെ പ്രതിഷേധം ജഡ്ജിക്കെതിരെയായി. ജസ്റ്റിസ് ദിലീപ് സിംഗ് ഉദ്യോഗം രാജിവെക്കണമെന്ന് പ്രതിഷേധകോലാഹലമുയർന്നു. മൗലാനാ മുഹമ്മദലി തന്റെ സമുദായം അഴിച്ചുവിട്ട പ്രതിഷേധ കൊടുങ്കാറ്റിനു എതിരെയാണ് നിലയുറപ്പിച്ചത്. ഇന്ത്യൻ പീനൽകോഡിൽ ആവശ്യമായ നിയമവ്യവസ്ഥയില്ലാത്ത കാലത്തോളം ജഡ്ജിക്കെതിരെ പ്രക്ഷോഭം കൂട്ടുന്നതിൽ അർഥമില്ലെന്നു അദ്ദേഹം പറഞ്ഞു. ലക്നോവിൽ ചേർന്ന ഒരു വമ്പിച്ച മുസ്‌ലിം സമ്മേളനത്തിൽ തന്റെ അഭിപ്രായം മറ്റുള്ളവരുടെ പ്രതിഷേധം ഗൗനിക്കാതെ മുഹമ്മദലി തുറന്നടിച്ചു. മാത്രമല്ല

For Group Contact us +91 9746065242

mappilaheritagelibrary.com

ഇന്ത്യൻ ശിക്ഷാനിയമത്തിൽ ഭേദഗതി വരുത്തുവാൻ താൻ ശ്രമിക്കുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. 'ഹംദർദി' -ൽ അദ്ദേഹം എഴുതിക്കൊണ്ടിരുന്ന ലേഖനപരമ്പര തുടർന്നു. മുഹമ്മദലി എഴുതി തയ്യാറാക്കിയ ഭേദഗതി കേന്ദ്ര ലജിസ്ലേറ്റീവ് അസംബ്ലിയിൽ സുൽഫിക്കർ അലി ഖാൻ ഒരു ബില്ലായി അവതരിപ്പിച്ചു. അങ്ങിനെയാണ് ഇന്ത്യൻ പീനൽകോഡിൽ സമുദായങ്ങൾക്കിടയിൽ വിദ്വേഷവും വെറുപ്പുമുണ്ടാക്കുന്നവർക്കെതിരായി നടപടിയെടുക്കാനുള്ള നിയമവ്യവസ്ഥ നടപ്പിൽ വന്നത്.

ഹിജാസ് പ്രശ്നത്തിൽ മൗലാനാ മുഹമ്മദലി കൈകൊണ്ട നടപടികളെ അനുകൂലിക്കുന്നവരും എതിർക്കുന്നവരുമുണ്ട്. ഹിജാസ് തുർക്കിയുടെ അധീനതയിലായിരുന്നപ്പോൾ അവിടെ ഗവർണറായിരുന്ന ശരീഫ് ഹുസൈൻ തന്റെ ഭരണാധികാരം നിലനിർത്താൻ തുർക്കി സുൽത്താനെ ഒറ്റിക്കൊടുത്തതും പുണ്യഭൂമിയിൽ നജ്ദിലെ ഭരണാധികാരി ഇബ്നു സഊദ് രാജാവ് കടന്നതും അന്യത്ര പരാമർശിച്ചിരുന്നുവല്ലോ, ശരീഫ് ഹുസൈന്റെ ഭരണാധികാരം നിഷ്കാസനം ചെയ്ത സുൽത്താൻ ഇബ്നു സഊദിനു അന്നു ഇന്ത്യൻ മുസ്‌ലിംകളിൽ നിന്നു വലിയ എതിർപ്പു നേരിടേണ്ടി വന്നു.

ഇബ്നു സഊദ് 1925-ൽ ഹിജാസിലേക്ക് പടയോട്ടം നടത്തിയപ്പോൾ ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണമേധാവികൾ ശരീഫ് ഹുസൈനു പിന്തുണ നൽകി. മാത്രമല്ല, ആ വർഷത്തെ ഹജ്ജിനു പോകുന്നത് വിഷമകരമാണെന്ന നിലക്ക് അതു മാറ്റിവെക്കണമെന്ന ഒരു അഭ്യർത്ഥനയുമുണ്ടായി. ഹജ്ജ് യാത്ര ഒരു വിധത്തിലും നിറുത്തരുതെന്നും ആ ഉദ്ദേശ്യവുമായി എല്ലാ ഒരുക്കങ്ങളും ചെയ്ത മുസ്‌ലിം സഹോദരൻമാരെ അത് നിരാശപ്പെടുത്തുമെന്നും അത് മതപരമായ കർമ്മാനുഷ്ഠാനങ്ങളുടെ നിഷേധമാകുമെന്നുമുള്ള നിലപാട് മുഹമ്മദലി സ്വീകരിച്ചു. വേണമെങ്കിൽ ശരീഫ് ഹുസൈനെ കാണാൻ ഒരു പ്രതിനിധി സംഘത്തെ ഹിജാസിലേക്കയക്കാൻ ഖിലാഫത്ത് കമ്മിറ്റി ഒരുക്കമാണെന്ന് അദ്ദേഹം പ്രസ്താവിച്ചു. എന്നാൽ തീർത്ഥാടകർക്കു ജിദ്ദക്കു പകരം മറ്റു തുറമുഖങ്ങൾ സൗകര്യപ്പെടുത്താൻ ഇബ്നു സഊദ് സന്നദ്ധത പ്രകടിപ്പിച്ചു. അങ്ങിനെ ഒട്ടുവളരെ ഉത്കണ്ഠ സൃഷ്ടിച്ച ഹജ്ജ്

For Group Contact us +91 9746065242

mappilaheritagelibrary.com

യാത്ര ആ കൊല്ലം കുഴപ്പമില്ലാതെ നടന്നു. മുഹമ്മദലിയെ ആദ്യം എതിർത്തവർ തന്നെ കാലുമാറ്റിച്ചവിട്ടി.

ശരീഫ് ഹുസൈനെ പരാജയപ്പെടുത്തിയ ഉടനെ പുണ്യഭൂമികളുടെ ഭരണം ലോക മുസ്‌ലിംകളുടെ അഭിപ്രായഗതിക്കനുസരിച്ചായിരിക്കുമെന്ന് ഇബ്നു സഊദ് പ്രഖ്യാപിച്ചത് മൗലാനയെ സന്തോഷിപ്പിച്ചു. ഇതേ സമയം സഊദ് കുടുംബം അബ്ദുൽ വഹാബിന്റെ അനുചരൻമാരാണെന്നും വഹാബികളെന്ന നിലക്ക് അവർ അവിടെയുണ്ടായിരുന്ന പല മഖ്ബറകളും പൊളിച്ചുമാറ്റിയെന്നും മറ്റും ഇന്ത്യയിൽ അവർക്കെതിരായ എതിർപ്പ് വളർന്നിരുന്നു. മുഹമ്മദലിയാകട്ടെ ഇസ്‌ലാമിന്റെ ബാഹ്യശത്രുക്കളിൽ നിന്ന് ഹിജാസിനെ രക്ഷപ്പെടുത്തിയ ഒരാളെന്ന നിലക്ക് ഇബ്നു സഊദിന് പിന്തുണ പ്രഖ്യാപിക്കുകയും വടക്കേ ഇന്ത്യയിൽ രൂപംകൊണ്ട് 'ഖുദ്ദാമുൻ ഹറമൈൻ' എന്ന സംഘത്തിനെതിരായി തിരിയുകയും ചെയ്തു. മുഹമ്മദലി ഒരു വഹാബിയാണെന്നായി ആക്ഷേപം.

ഈ പ്രശ്നത്തിൽ മൗലാനാ മുഹമ്മദലി തന്റെ ഗുരുവര്യനായ മൗലാനാ അബ്ദുൽ ബാരിയുമായി ഇടഞ്ഞു. മൗലാനാ അബ്ദുൽ ബാരി സഊദിനെതിരായി പ്രകടനങ്ങൾ നടത്തുകയായിരുന്നു. അക്കാലത്തുണ്ടായ ദുഷ്പ്രചരണങ്ങളിൽ ഒന്ന് വിശുദ്ധ പ്രവാചക തിരുമേനി(സ്വ)യുടെ മദീനയിലെ മഖ്ബറയും ഇബ്നു സഊദിന്റെ പട്ടാളം തകർത്തുവെന്നതായിരുന്നു. ലക്നോവിൽ പോലും മുഹമ്മദലിക്കു പ്രസംഗിക്കാൻ വിഷമമുണ്ടായി. ആയിടെ യുനൈറ്റഡ് പ്രൊവിൻസിലെ പ്രമുഖ മുസ്‌ലിംലീഗ് നേതാവ് ചൗധരി ഖലീക്കുസ്സമാന്റെ അദ്ധ്യക്ഷതയിൽ തൗഹീഖ് ശരീഫ് എന്ന പണ്ഡിതൻ സംബന്ധിച്ച ഒരു യോഗം ലക്നോവിൽ നടന്നു. തൗഹീഖ് ശരീഫിന്റെ അറബി പ്രസംഗം ഉറുദുവിൽ പരിഭാഷപ്പെടുത്താൻ മൗലാനാ മുഹമ്മദലിയെ അനുവദിച്ചു. സദസ്യർ പക്ഷേ മൗലാനയെ പ്രസംഗിക്കാൻ വിട്ടില്ല. സ്വതവെ ക്ഷിപ്രകോപിയായ അദ്ദേഹം ക്ഷമ കൈകൊണ്ടു. ഇരുപതു മിനിട്ടിനകം തന്റെ പ്രസംഗം അവസാനിപ്പിച്ചു. അതിനകം ലക്നോ മുസ്‌ലിംകൾ തങ്ങളുടെ കണ്ണിലുണ്ണിയായ നേതാവിന്റെ ന്യായവാദങ്ങൾക്കു മുമ്പിൽ മുട്ടുകുത്തിക്കഴിഞ്ഞിരുന്നു. ഇതിനിടെ മുഹമ്മദലിയെ വേദനിപ്പിച്ച ഒരു സംഭവമുണ്ടായി. മുഹമ്മദലി തന്റെ

For Group Contact us +91 9746065242

mappilaheritagelibrary.com

ഗുരുവര്യനായിരുന്ന മൗലാനാ അബ്ദുൽ ബാരിയുമായി തെറ്റിപ്പിരിഞ്ഞുവെന്ന് പറഞ്ഞുവല്ലോ. 1926 ജനുവരിയിൽ ശിഷ്യനുമായി പിണങ്ങി നാലു ദിവസങ്ങൾ കഴിയുമ്പോഴേക്കും മൗലാനാ ബാരിക്ക് പക്ഷാഘാതം പിടിപ്പെട്ടു. അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു. മുഹമ്മദലി ലക്നോവിൽ പാഞ്ഞെത്തി തന്റെ സ്നേഹസമ്പന്നനായ ഗുരുനാഥന്റെ ഖബറിൽ അശ്രുകണങ്ങളുടെ ആദരാഞ്ജലി അർപ്പിച്ചു.

മുഹമ്മദലിയെ അതിനേക്കാൾ ദു:ഖിപ്പിച്ചത് ഹിജാസിലെ ഒരു വിജ്ഞാപനമായിരുന്നു. സുൽത്താൻ ഇബ്നു സഊദ്, സഊദി അറേബ്യയിലെ രാജാവായി പ്രഖ്യാപിക്കപ്പെട്ടു. ഒരു ഇസ്‌ലാമിക ജനാധിപത്യ വാഴ്ചക്കുവേണ്ടി നിലകൊണ്ട മുഹമ്മദലിക്ക് അതു സഹിച്ചില്ല. സുൽത്താൻ ഇബ്നു സഊദ് ലോക മുസ്‌ലിം നേതാക്കൻമാരെ ക്ഷണിച്ചപ്പോൾ ഇന്ത്യയിൽ നിന്ന് ഖിലാഫത്ത് പ്രതിനിധി സംഘം എന്ന നിലയിൽ മൗലാനയെയും ഖിലാഫത്ത് കമ്മിറ്റി പ്രസിഡന്റ് സയ്യിദ് സുലൈമാൻ നദ്‌വി, സെക്രട്ടറി ശുഐബ് ഖുറൈശി എന്നിവരെയും അവിടേക്ക് അയച്ചു. അവിടെ ചേർന്ന യോഗത്തിൽ വെച്ചു മൗലാനാ ഇബ്നു സഊദ് രാജാവിന്റെ മുഖത്തുനോക്കി തന്റെ എതിർപ്പു പ്രകടിപ്പിച്ചു. എന്നാൽ നജ്ദിലെയും ഹിജാസിലെയും ജനങ്ങളുടെ പ്രേരണ മൂലം നടത്തിയ 'രാജ്യാവകാശ പ്രഖ്യാപനം' അദ്ദേഹം എതിർത്തത് ഇന്ത്യയിൽ പലരുടെയും വിമർശനത്തിനു വിധേയമായി.

ദേശീയ സ്വാതന്ത്ര്യസമര രംഗം സംഭവബഹുലമായി. ഭാഗധേയങ്ങൾ മാറിമറിഞ്ഞുകൊണ്ടിരുന്നു. ഇതിനിടയിൽ ഹിന്ദു-മുസ്‌ലിം അന്തരം, ദൗർഭാഗ്യകരമെന്നു പറയട്ടെ കൂടിവന്നു. നാട്ടിലുടനീളം സാമുദായിക കലാപങ്ങൾ തുടങ്ങി. മൗലാനാ മുഹമ്മദലി ഈ ലഹളകളിൽ ഏതെങ്കിലും സമുദായത്തിന്റെ പക്ഷംപിടിക്കുന്ന നിലപാട് സ്വീകരിച്ചിരുന്നില്ല.

ഇക്കൂട്ടത്തിൽ 1924-ൽ കോഹാട്ടിൽ ഒരു സാമുദായിക ലഹളയുണ്ടായി. ഹിന്ദുക്കളും മുസ്‌ലിംകളും ഇതിന്റെ ഉത്തരവാദിത്വം അന്യോന്യം കെട്ടിവെച്ചു. ഇതിനെക്കുറിച്ച് അന്വേഷിക്കാൻ ഗാന്ധിജിയെയും കോൺഗ്രസ് നിയോഗിക്കുകയുണ്ടായി. തെളിവുകൊണ്ട് മുസൽമാൻമാരാണ് കുറ്റക്കാരെന്ന് ഗാന്ധിജി പറഞ്ഞു. പക്ഷേ ഷൗക്കത്തലി ഇതിനോട് വിയോജിച്ചു.

For Group Contact us +91 9746065242

mappilaheritagelibrary.com

നിഷ്പക്ഷവും നീതിപൂർവ്വകവുമായ തെളിവ് ലഭിച്ചില്ലെന്നായിരുന്നു അദ്ദേഹത്തിന്റെ പക്ഷം. കലാപത്തിന് ഒരു സമുദായത്തെ മാത്രം ആക്ഷേപിച്ചിട്ട് കാര്യമില്ലെന്നായിരുന്നു മുഹമ്മദലിയുടെ നിലപാട്.

കോൺഗ്രസ്സിന്റെ ഗൗഹാതി സമ്മേളനം ആരംഭിക്കും മുമ്പാണ് 1926 ഡിസംബറിൽ സ്വാമി ശ്രദ്ധാനന്ദ് നിഷ്ഠൂരമായി വധിക്കപ്പെട്ടത്. ഡൽഹിയിൽ രോഗബാധിതനായി കിടക്കുകയായിരുന്ന സ്വാമിയെ പത്രപ്രവർത്തകനായി ചമഞ്ഞ ഒരു മുസ്‌ലിം കൊലചെയ്തു എന്നായിരുന്നു ആരോപണം. സാമുദായിക സ്പർധ കൂടുതൽ പടരാതെ നോക്കാൻ എല്ലാവരും മാർഗ്ഗങ്ങൾ ആരായുകയായിരുന്നു.

കലാപങ്ങളുടെ വേലിയേറ്റം സ്വാതന്ത്ര്യസമരത്തെ തളർത്തി. ദേശീയ നേതാക്കളെല്ലാം പരിഹാരത്തിനുവേണ്ടി തലപുകഞ്ഞാലോചിച്ചു. ഇതിന്റെ ഭാഗമായി 1927-ൽ ഡോ. അൻസാരിയുടെ വസതിയിൽ ഒരു സർവ്വകക്ഷി സമ്മേളനം ചേരുകയും ഹിന്ദു-മുസ്‌ലിം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനെക്കുറിച്ചു ചർച്ച നടത്തുകയും ചെയ്തു.

ഈ ചർച്ച വിജയിച്ചില്ല. പക്ഷേ ഇന്ത്യയുടെ നീറുന്ന സാമുദായിക പ്രശ്നത്തിന് പരിഹാരം കാണാനുള്ള മുഹമ്മദലിയുടെ ഉൽക്കടമായ ആഗ്രഹം തണുത്തില്ല. അദ്ദേഹം ശ്രമം തുടർന്നു. ഡൽഹിയിൽ കേന്ദ്ര ലജിസ്ലേറ്റീവ് അസംബ്ലി സമ്മേളനം നടക്കുന്ന സന്ദർഭത്തിൽ അദ്ദേഹം മുഹമ്മദലി ജിന്നയുമായി ചേർന്ന് മുസ്‌ലിംകളുടെ സംയോജിതാഭിപ്രായം രൂപവൽക്കരിച്ചു. ബോംബെ സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന സിന്ധ് പ്രത്യേക സംസ്ഥാനമാക്കണമെന്ന് മുസ്‌ലിംകൾ ആവശ്യപ്പെട്ടിരുന്ന കാലമായിരുന്നു അത്. പഞ്ചാബിലും, ബംഗാളിലും നിയമസഭാ കൗൺസിലുകളിൽ ജനസംഖ്യാനുപാതികമായി പ്രാതിനിധ്യം കിട്ടണമെന്ന് മുസ്‌ലിംകൾ ആവശ്യമുന്നയിച്ചിരുന്നു. വടക്കുപടിഞ്ഞാറൻ അതിർത്തി സംസ്ഥാനവും ബലൂചിസ്ഥാനും സ്വയംഭരണാവകാശത്തിന്റെ സ്വാദ് അനുഭവിച്ച് തുടങ്ങിയതേ ഉണ്ടായിരുന്നുള്ളൂ.

കേന്ദ്ര അസംബ്ലിയിൽ മൂന്നിലൊരു ഭാഗം മുസ്‌ലിം സമുദായത്തിന് കിട്ടണമെന്ന് മുസ്‌ലിം നേതാക്കൻമാർ വാദിക്കുകയും മുസ്‌ലിംകൾക്ക് നിയമനിർമ്മാണ സഭകളിലേക്ക്

For Group Contact us +91 9746065242

mappilaheritagelibrary.com

പ്രത്യേക നിയോജക മണ്ഡലങ്ങൾ ഏർപ്പെടുത്തിയതിൽ ഹിന്ദു -സിക്ക് കേന്ദ്രങ്ങൾ എതിർപ്പ് പ്രകടിപ്പിക്കുകയും ചെയ്ത കാലഘട്ടത്തിലാണ് മുഹമ്മദലി ഡൽഹി നിർദ്ദേശങ്ങളുമായി മുന്നോട്ടുവന്നത്. അതിനിടയിൽ മറ്റു രണ്ട് സംഭവങ്ങൾകൂടി യുണ്ടായി. ഇന്ത്യയിലെ ഭരണ പരിഷ്കാരങ്ങളെപ്പറ്റി അന്വേഷിക്കാൻ സർ ജോൺ സൈമണിന്റെ നേതൃത്വത്തിൽ ഒരു കമ്മീഷനെ അയക്കാൻ ബ്രിട്ടീഷ് ഭരണകൂടം തീരുമാനിച്ചു. ഈ കമ്മീഷനെ ബഹിഷ്കരിക്കാൻ ജിന്ന സാഹിബ് തീരുമാനിച്ചു. മുസ്ലിംലീഗിലെ സർ മുഹമ്മദ് ശാഫി വിഭാഗം കമ്മീഷനെ അനുകൂലിച്ചു. ജിന്ന സാഹിബിന്റെ നേതൃത്വത്തിൽ കൽക്കത്തയിൽ ചേർന്ന മുസ്ലിംലീഗ് സമ്മേളനം സൈമൺ കമ്മീഷനെ ബഹിഷ്കരിക്കുമെന്ന് പ്രഖ്യാപിച്ചു. മൗലാനാ മുഹമ്മദലിയായിരുന്നു പ്രമേയത്തിനു രൂപം നൽകിയത്. ഡൽഹി നിർദ്ദേശങ്ങൾ ലീഗിനെക്കൊണ്ട് അംഗീകരിപ്പിക്കാനാണ് അദ്ദേഹം ലീഗിൽ ചേർന്നത്. അങ്ങിനെ മീറ്റിൽ വെച്ചു ചേർന്ന യോഗം മുഹമ്മദലിയുടെ ഡൽഹി നിർദ്ദേശം സ്വാഗതം ചെയ്തു. എന്നാൽ കോൺഗ്രസ്സിൽ ഇതിനു ഭൂരിപക്ഷം ലഭിച്ചില്ല. കോൺഗ്രസ്സിലെ ഡോ. ദുൺഞ്ചി, ഹിന്ദുസ്ഥാൻ ടൈംസിന്റെ അന്നത്തെ പത്രാധിപരായിരുന്ന ജയറാം ദാസ്, ദൗലത്ത് റാം പോലുള്ളവർ ഡൽഹി നിർദ്ദേശങ്ങളെ ശക്തിയുക്തം എതിർത്തു. അതോടെ മൗലാനാ കോൺഗ്രസ്സിൽ നിന്ന് വിട്ടുനിൽക്കാൻ തുടങ്ങി.

ഇതിനിടക്ക് മൗലാനയുടെ ആരോഗ്യനില മോശമായി. രാവും പകലും കഠിനാദ്ധ്വാനം ചെയ്ത അദ്ദേഹത്തെ വിദഗ്ധ ചികിത്സക്ക് അയക്കണമെന്ന് നിർദ്ദേശങ്ങളുണ്ടായി. മൗലാനയുടെ ഒരു വലിയ ആരാധകനായിരുന്ന ആൽവാറിലെ ഹൈന്ദവ രാജാവ് മുഴുവൻ ചിലവും താൻ വഹിച്ചുകൊള്ളാമെന്നേറ്റു. എന്നാൽ മൗലാന മടിച്ചു. പിന്നീട് ഡോ. എം.എ. അൻസാരിയും മൗലാനാ ഷൗക്കത്തലിയും നിർബന്ധിച്ചതിനനുസരിച്ചു യാത്രക്ക് തയ്യാറായി. അങ്ങിനെ പാരീസിലും പിന്നീട് ഇംഗ്ലണ്ടിലും യാത്ര ചെയ്തു. ഇംഗ്ലണ്ടിൽ എത്തിയ മൗലാന പാർലമെന്റിൽ (ഹൗസ് ഓഫ് കോമൺസിൽ) നടപടികൾ കാണാൻ ചെന്നിരുന്നു. നമസ്കാരത്തിനു സമയമായപ്പോൾ അദ്ദേഹം സന്ദർശന ഗ്യാലറിയിൽ ഒരിടത്ത് തന്റെ മുസല്ല നിവർത്തിയിട്ടു നമസ്കരിച്ചു. അടുത്ത

For Group Contact us +91 9746065242

mappilaheritagelibrary.com

ദിവസം ലണ്ടൻ പത്രങ്ങളിലെ പ്രധാന പടം മൗലാനയുടെ നമസ്കാരമായിരുന്നു.

മൗലാന ഇന്ത്യയിൽ മടങ്ങിവന്നപ്പോൾ കോൺഗ്രസ്സിലും മുസ്ലിംലീഗിലും നെഹ്റു റിപ്പോർട്ടിനെപ്പറ്റി ചൂടുപിടിച്ച ചർച്ച നടക്കുകയായിരുന്നു. കൽക്കത്തയിൽ ചേർന്ന മുസ്ലിംലീഗ് സമ്മേളനം ഇന്ത്യയുടെ ഭാവിഭരണഘടനയുടെ കരടു തയ്യാറാക്കാനായി കോൺഗ്രസ് നിർദ്ദേശിച്ചപോലെ ദേശീയ കൺവെൻഷനിൽ അവതരിപ്പിക്കേണ്ട ഭരണഘടന സ്വഭാവം ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്യാൻ ഒരു സബ് കമ്മിറ്റി രൂപവൽക്കരിച്ചു. സൈമൺ കമ്മീഷനെ ബഹിഷ്കരിക്കാൻ തീരുമാനിച്ചതിനെത്തുടർന്നു പകരം ഒരു ഭരണഘടനയുടെ കരട് ഉണ്ടാക്കാനായിരുന്നു തീരുമാനം. സർവ്വകക്ഷി സമ്മേളനം അംഗീകരിച്ച പ്രമേയത്തിനനുസരിച്ച് പണ്ഡിറ്റ് മോട്ടിലാൽ നെഹ്റു ചെയർമാനായി ഒരു കമ്മിറ്റിയെ ഇക്കാര്യം ഭാരമേൽപ്പിച്ചു.

നെഹ്റു റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ ഇവയാണ് (1) ഇന്ത്യയിൽ നിലനിൽക്കുന്ന പ്രത്യേക നിയോജകമണ്ഡലങ്ങൾക്ക് പകരം സംയുക്ത നിയോജക മണ്ഡലങ്ങളുണ്ടാക്കുക. (2) കേന്ദ്ര നിയമനിർമ്മാണ സഭയിൽ സംവരണം വേണ്ടെന്നുവെക്കുക. (3) പഞ്ചാബിലും ബംഗാളിലും ഒരു സമുദായത്തിനും സംവരണം നൽകാതിരിക്കുക എന്നാൽ മുസ്ലിം ന്യൂനപക്ഷങ്ങൾ ഉള്ള മറ്റു സംസ്ഥാനങ്ങളിൽ ജനസംഖ്യാനുപാതികമായും വടക്കുപടിഞ്ഞാറൻ അതിർത്തി സംസ്ഥാനത്ത് ഹിന്ദുക്കൾ ന്യൂനപക്ഷമായതുകൊണ്ട് അവിടെയും സംവരണം ഏർപ്പെടുത്തുക. (4) സംവരണം പത്തുവർഷത്തേക്കു മാത്രമായി നിജപ്പെടുത്തുക. (5) സാമ്പത്തിക സ്ഥിതിയെപ്പറ്റി അന്വേഷണം നടത്തിയ ശേഷം മാത്രം സിന്ധ് പ്രവിശ്യ ബോംബെയിൽ നിന്ന് വേർപ്പെടുത്തി പ്രത്യേക സംസ്ഥാനമാക്കുക. (6) വടക്കുപടിഞ്ഞാറൻ അതിർത്തി സംസ്ഥാനത്തും മറ്റു സംസ്ഥാനങ്ങളിലുള്ള ഭരണസംവിധാനം ഏർപ്പെടുത്തുക. നെഹ്റു റിപ്പോർട്ട് 1928-ൽ ലക്നോവിൽ മഹമൂദാബാദ് രാജാവിന്റെ വസതി (ഖൈസർ ബാഗ്) യിൽ ചേർന്ന അഖിലകക്ഷി കൺവെൻഷനിൽ ചർച്ചക്കുവന്നു. മൗലാന മുഹമ്മദലി തിരികെ വന്നപ്പോൾ അദ്ദേഹവും ജിന്നാ സാഹിബും അതിനെ എതിർക്കുകയും പകരം മറ്റൊരു നിർദ്ദേശം പഴയ ഡൽഹി

For Group Contact us +91 9746065242

mappilaheritagelibrary.com

നിർദ്ദേശങ്ങൾ പോലെ മുന്നോട്ടുവെക്കുകയും ചെയതു. വടക്കുപടിഞ്ഞാറൻ അതിർത്തി സംസ്ഥാനം, സിന്ധ്, ബലൂചിസ്ഥാൻ എന്നീ മുസ്‌ലിം ഭൂരിപക്ഷ സംസ്ഥാനങ്ങൾക്ക് പ്രത്യേക സംസ്ഥാനപദവികൾ നൽകുകയും മുസ്‌ലിം ഭൂരപക്ഷമുള്ള ബംഗാളിലും, പഞ്ചാബിലും ഒഴികെ മുസ്‌ലിം ന്യൂനപക്ഷ സംസ്ഥാനങ്ങളിലെ നിയമസഭകളിൽ മുസ്‌ലിംകൾക്ക് മതിയായ സംവരണം നൽകുകയും വേണം. ശക്തമായ സംസ്ഥാനങ്ങളും ഫെഡറൽ കേന്ദ്രവും, കേന്ദ്ര നിയമസഭയിൽ മൂന്നിലൊന്ന് പ്രാതിനിധ്യവും നൽകിയാൽ സംയുക്ത നിയോജകമണ്ഡല വ്യവസ്ഥയെ അനുകൂലിക്കാമെന്ന് മുഹമ്മദലിയും ജിന്നാ സാഹിബും സർവ്വകക്ഷിക്കാരെ അറിയിച്ചു.

കൽക്കത്തയിൽ 1928-ൽ കോൺഗ്രസ്സിന്റെ സമ്മേളനവും മുസ്‌ലിംലീഗിന്റെ സമ്മേളനവും നടത്താൻ ഒരുക്കങ്ങൾ നടന്നു. അതോടൊപ്പം ഖിലാഫത്ത് കമ്മിറ്റി. ഇതിനെല്ലാം മുൻപ് മോട്ടിലാൽ നെഹ്റു കൽക്കത്തയിൽ വെച്ചുതന്നെ ഒരു സർവ്വകക്ഷി സമ്മേളനവും വിളിച്ചുകൂട്ടി. 1928 ഡിസംബർ 23-ാം തിയ്യതി നടന്ന പ്രസ്തുത സമ്മേളനത്തിൽ നടന്ന വാദപ്രതിവാദങ്ങൾ ഇന്ത്യൻ രാഷ്ട്രീയത്തിൽ വഴിത്തിരിവു കുറിച്ചു.

ജെ.എൻ. സെൻഗുപ്ത, നെഹ്റു റിപ്പോർട്ട് ശരിവെക്കുന്ന ഒരു പ്രമേയം അവതരിപ്പിച്ചു. മൗലാനാ മുഹമ്മദലി അതിനെ നിശിതമായി വിമർശിച്ചു. നെഹ്റു റിപ്പോർട്ടിൽ പുത്രികാരാജ്യ പദവി (ഡൊമിനിയൻ പദവി) മതിയെന്നും പൂർണ്ണസ്വരാജ് വേണ്ടെന്നുമുള്ള വാദം മൗലാനയുടെ മൂർച്ചയുള്ള നാവിന്റെ കടന്നാക്രമണത്തിനു ഇരയായി. അദ്ദേഹം സെൻഗുപ്തയെ ഭീരുക്കളുടെ കൂട്ടത്തിൽ പെടുത്തിയപ്പോൾ കുഴപ്പമായി. ബഹളംവെച്ചവരെ കൂർത്തുമൂത്തവാക്കുകൾ കൊണ്ടദ്ദേഹം ഇരുത്തി. 'ബ്രിട്ടന്റെയോ ഹിന്ദുക്കളുടെയോ, മുസൽമാൻമാരുടെയോ തുർക്കിയുടെയോ അഫ്ഗാനിസ്ഥാന്റെയോ കീഴിൽ ഞാൻ ഡൊമിനിയൻ പദവി ചോദിക്കുന്നില്ല. എനിക്കും എന്റെ രാജ്യത്തിനും സ്വാതന്ത്ര്യമാണ് ഞാൻ ആവശ്യപ്പെടുന്നത്'. മുഹമ്മദലി വ്യക്തമാക്കി.

പ്രസിദ്ധ നിയമപണ്ഡിതൻ തേജ് ബഹദൂർ സപ്രു മുഹമ്മദലിയും ജിന്നയും കൊണ്ടുവന്ന ഓഫർ സ്വീകരിച്ച് പ്രശ്നം

For Group Contact us +91 9746065242

mappilaheritagelibrary.com

പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടു. ജിന്നയെ ഒരു 'പാളിപ്പോയ കുട്ടി' (Spoilt Child) എന്ന് അദ്ദേഹം വിശേഷിപ്പിച്ചു. ഹിന്ദു മഹാസഭ നേതാവ് ജയക്കർ സപ്രുവിനെയും മുഹമ്മദലിയെയും കഠിനമായി എതിർത്തു. മൗലാനാ മുഹമ്മദലിയും ജിന്നയുംകൂടി നൽകിയ ഓഫർ തിരസ്കരിക്കപ്പെട്ടു. മുസ്‌ലിംകൾക്ക് കേന്ദ്ര നിർമ്മാണ സഭയിൽ നൽകാൻ ശുപാർശ ചെയ്ത 25% സീറ്റുകൾ 27 ശതമാനാക്കാമെന്ന് മോട്ടിലാൽ നെഹ്റു പറഞ്ഞു. മുഹമ്മദലി ഒരു കൊടുങ്കാറ്റുപോലെ യോഗംവിട്ട് ഇറങ്ങിപ്പോയി. കോൺഗ്രസ്സ് ചില ഭേദഗതികളോടെ മൗലാനാ മുഹമ്മദലി-ജിന്ന സാഹിബ് ഓഫർ സ്വീകരിച്ചിരുന്നുവെങ്കിൽ 'വിയോജിപ്പിന്റെ വേദനാനിർഭരമായ അധ്യായം അവസാനിക്കുമായിരുന്നുവെന്നും നാലു നേതാക്കൻമാരുടെ പ്രസംഗങ്ങൾ ഇന്ത്യയുടെ ഭാവിക്ക് മുദ്രവെച്ചുവെന്നും ചൗധരി ഖലീക്കുസ്മാൻ അദ്ദേഹത്തിന്റെ 'പാക്കിസ്ഥാനിലേക്കുള്ള പാത'യിൽ എഴുതുന്നു.'

അഖിലേന്ത്യാ ഖിലാഫത്ത് കമ്മിറ്റിയുടെ അയ്യായിരത്തിൽപ്പരം പ്രതിനിധികൾ സംബന്ധിച്ച സമ്മേളനത്തിൽ ആധ്യക്ഷ്യം വഹിച്ചുകൊണ്ട് മൗലാനാ മുഹമ്മദലി മണിക്കൂറുകൾ നീണ്ടുനിന്ന ഉജ്ജ്വലപ്രസംഗം ചെയ്തു. പ്രശസ്ത ചരിത്രകാരനായ റാംഗോപാൽ 'ഇന്ത്യൻ മുസ്‌ലിംകൾ' എന്ന ഗ്രന്ഥത്തിൽ ആ പ്രസംഗത്തിൽ നിന്നും ഒരു ഭാഗം ഉദ്ധരിക്കുന്നു.

'ഇസ്‌ലാം എന്നാൽ സമാധാനമാണ്. ദേശീയത്വമെന്നാൽ യുദ്ധമെന്നുമാണ് അർത്ഥം. എല്ലാ മനുഷ്യസമൂഹത്തെയും ഒരു കുടുംബത്തിലും സമുദായത്തിലും ബന്ധിപ്പിക്കാനാണ് ദൈവം ഇസ്‌ലാംമതം അവതരിപ്പിച്ചത്. ഇതാണ് എന്റെ വർഗ്ഗീയത്വം. മനുഷ്യസമൂഹം രാഷ്ട്രങ്ങളായി വിഭജിക്കപ്പെടുകയും ഒന്ന് മറ്റൊന്നിന് ശത്രുവായിത്തീരുകയും ചെയ്തിരിക്കുന്നു. യുദ്ധത്തിലേക്ക് നയിക്കുന്ന നിങ്ങളുടെ ദേശീയത്വമാണത് വരുത്തിവെച്ചത്...'

മൗലാനാ മുഹമ്മദലി നെഹ്റു റിപ്പോർട്ടിന്റെ പേരിൽ കോൺഗ്രസ്സിന്റെയും ഹിന്ദു മത സംഘടനകളുടെയും നേതാക്കളുമായി തെറ്റിപ്പിരിഞ്ഞ ശേഷം അദ്ദേഹത്തെ ആത്യന്തിക വർഗ്ഗീയ വാദിയായി ചിത്രീകരിക്കുന്ന ഒട്ടനേകം ലേഖനങ്ങളും പ്രസിദ്ധീകരണങ്ങളും പുറത്തുവന്നുവെന്നത് ഖേദകരമായ

For Group Contact us +91 9746065242

mappilaheritagelibrary.com

വസ്തുതയാണ്.

അദ്ദേഹം സമുദായ വിദ്വേഷമുളവാക്കുന്ന ഒരു വാക്കുപോലും ഉച്ചരിച്ചിരുന്നില്ല. തന്റെ സമുദായത്തിന്റെ ന്യായമായ താൽപര്യസംരക്ഷണം ഇന്ത്യയിൽ സാമുദായിക സൗഹാർദ്ദം സൃഷ്ടിക്കാനും ബ്രിട്ടീഷുകാരിൽ നിന്നും ഇന്ത്യയെ വിമോചിപ്പിക്കാനും അനിവാര്യമാണെന്ന് മൗലാന ആത്മാർത്ഥമായി വിശ്വസിച്ചിരുന്നു. കോൺഗ്രസ്സിൽ നിന്ന് വിട്ടുനിൽക്കാനും മുസ്‌ലിംകളുടെ ഐക്യം കെട്ടിപ്പടുക്കാനും മുഹമ്മദലി ശ്രമിച്ചിരുന്നത് ഇതേ ഉദ്ദേശം വെച്ചുതന്നെയായിരുന്നു.

ഹിന്ദു മുസ്‌ലിം പ്രശ്നപരിഹാരത്തിനു തന്റെ സാന്നിദ്ധ്യം എപ്പോഴെല്ലാം ആവശ്യമാണോ, അന്നെല്ലാം അദ്ദേഹം എല്ലാം മാറ്റിവെച്ച് അതിനായി ശ്രമിച്ചിരുന്നു. അനാരോഗ്യം കാരണം കുറച്ചുകാലത്തേക്ക് വിശ്രമാർത്ഥം ബർമ്മയിൽ പോയിരുന്ന മൗലാന, ഹിന്ദു മുസ്‌ലിം കലാപത്തെക്കുറിച്ചു കമ്പി കിട്ടിയപ്പോൾ ഉടനെ തിരിച്ചെത്തി. സാമ്പത്തിക പ്രാരാബ്ധം അലട്ടിയിരുന്ന അക്കാലത്ത് മൗലാനാ മുഹമ്മദലി ബ്രിട്ടീഷ് ഗവൺമെന്റിന്റെ ഒരു ഉദ്യോഗം സ്വീകരിക്കാൻ പോകുന്നുവെന്നുകൂടി അദ്ദേഹത്തിന്റെ രാഷ്ട്രീയ ശത്രുക്കൾ പ്രചരിപ്പിച്ചിരുന്നു. പത്രങ്ങളിൽ അദ്ദേഹത്തിനെതിരെ അധിക്ഷേപങ്ങൾ പ്രത്യക്ഷപ്പെടുന്നത് കാണാനിടവന്നാൽ അപ്പോൾ തന്നെ ശക്തമായ തിരിച്ചടിയും കിട്ടും. എന്നാൽ അദ്ദേഹത്തിന്റെ നേത്രരോഗം വായന കുറക്കാൻ അദ്ദേഹത്തെ നിർബന്ധിതനാക്കി. അതുകൊണ്ടുതന്നെ ആരോപണങ്ങൾ പലതും ശ്രദ്ധയിൽപെട്ടില്ല.

മുഹമ്മദലിയുടെ രോഗം മൂർച്ഛിച്ചപ്പോൾ അദ്ദേഹത്തെ സിംല ആശുപത്രിയിൽ കിടത്തി ചികിൽസിക്കാൻ അന്നത്തെ വൈസ്രോയി ഇർവിൻ പ്രഭു പ്രത്യേകം നിഷ്കർഷിച്ചു. തന്റെ സ്വന്തം ഡോക്ടറേയും അയച്ചുകൊടുത്തു. ഭോപ്പാൽ നവാബ് മുഹമ്മദലിയുടെ ആതിഥേയനായി.

1930-ൽ ഇന്ത്യയുടെ ഭാവിയെ സംബന്ധിച്ച് ചർച്ചചെയ്യാൻ ഒരു വട്ടമേശ സമ്മേളനം ലണ്ടനിൽ വിളിച്ചുകൂട്ടി. കോൺഗ്രസ്സ് ആ സമ്മേളനം ബഹിഷ്കരിച്ചു. 1930- കാലത്ത് ഗാന്ധിജിയുടെ നേതൃത്വത്തിൽ ആരംഭിച്ച ഉപ്പുസത്യാഗ്രഹവും നിസ്സഹകരണ പ്രസ്ഥാനവും വട്ടമേശസമ്മേളനത്തിൽ നിന്നു കോൺഗ്രസ്സിനെ മാറ്റിനിർത്തി. കോൺഗ്രസ്സ് പങ്കെടുക്കുകയില്ല എന്ന

For Group Contact us +91 9746065242

mappilaheritagelibrary.com

കാരണംകൊണ്ടു തന്നെ വട്ടമേശ സമ്മേളനം ഫലത്തിൽ ആർക്കും വലിയ പ്രതീക്ഷയുണ്ടായിരുന്നില്ല.

വടക്കുപടിഞ്ഞാറൻ അതിർത്തിസംസ്ഥാനത്തു ഖാൻ അബ്ദുൽ ഗാഫർഖാന്റെ നേതൃത്വത്തിൽ ഒരു കൂട്ടം മുസ്‌ലിംകൾ പങ്കെടുത്തതല്ലാതെ ഇന്ത്യയിൽ പൊതുവെ മുസ്‌ലിം സമുദായം ഉപ്പ് സത്യാഗ്രഹവുമായി സഹകരിച്ചില്ല. മൗലാനാ മുഹമ്മദലിയാകട്ടെ കോൺഗ്രസ്സിന്റെ നയങ്ങളെ നിശിതമായി വിമർശിക്കുകയും ചെയ്തു. ഗാന്ധിജിയുടെ ലക്ഷ്യം സ്വാതന്ത്ര്യമല്ല. ഏഴുകോടി മുസ്‌ലിംകൾ ഹിന്ദു മഹാസഭയെ 'ആശ്രയിക്കുക എന്നതാണ്' എന്നുപോലും മൗലാനാ കുറ്റപ്പെടുത്തി. താൻ വിശ്വസിക്കുന്നതെല്ലാം തുറന്നുപറയുന്ന സ്വഭാവക്കാരനായ ആരെയും കൂസാത്ത പ്രത്യേക സ്വഭാവവിശേഷത്തിന്റെ പ്രതീകമായിരുന്നു അദ്ദേഹം.

വട്ടമേശ സമ്മേളനത്തിനുള്ള ക്ഷണം അദ്ദേഹം നിരസിച്ചില്ല. തന്റെ കൂടെ ഭാര്യയെക്കൂടി കൊണ്ടു പോകാൻ അദ്ദേഹം തീരുമാനിച്ചു. കലശലായ രോഗശയ്യയിൽ നിന്നു ഡോക്ടർമാരുടെ ഉപദേശങ്ങൾ തിരസ്കരിച്ച് ഒരു സ്ട്രക്ചറിലായിരുന്നു അദ്ദഹത്തെ കപ്പലിൽ കൊണ്ടുപോയി കിടത്തിയത്. വട്ടമേശ സമ്മേളനവിരുദ്ധൻമാർ മൗലാനക്ക് കറുപ്പുകൊടി കാട്ടി പ്രതിഷേധമുയർത്താൻ പരിപാടിയിട്ടു. എന്നാൽ തങ്ങളുടെ അഭിവന്ദ്യ നേതാവിനെതിരെ കറുപ്പുകൊടി കാട്ടി അപമാനിച്ചാൽ അതു സഹിക്കുകയില്ലെന്ന് ബോംബെയിലെ മുസ്‌ലിംകൾ താക്കീത് നൽകിയപ്പോൾ പ്രതിഷേധക്കാർ വലിയുകയാണ് ചെയ്തത്.

ലണ്ടനിൽ തന്റെ അസുഖത്തെ വകവെക്കാതെ, ടൈംസ് പത്രത്തിന്റേതടക്കമുള്ള പത്രപ്രതിനിധികളുമായി അദ്ദഹം അഭിമുഖസംഭാഷണം നടത്തി. ഇന്ത്യയെപ്പറ്റിയുള്ള നൂറുകൂട്ടം സംശയങ്ങൾക്ക് അദ്ദേഹം മറുപടി നൽകി.

1930 നവംബറിൽ ചേർന്ന വട്ടമേശ സമ്മേളനത്തിൽ മുഹമ്മദലി ചെയ്ത പ്രസംഗം ഏതൊരു ദേശാഭിമാനിയെയും പുളകമണിയിക്കുന്നതായിരുന്നു. ആ പ്രസംഗത്തിൽ നിരവധി വാചകങ്ങൾ എന്നും ഉദ്ധരിക്കാനുതകുന്നതാണ്. 'ഭിന്നിപ്പിച്ചു ഭരിക്കുക' എന്ന ബ്രിട്ടീഷ് തന്ത്രത്തെ പരാമർശിച്ച് അദ്ദേഹം പറഞ്ഞു. 'അതെ, ഇന്ത്യക്കാർക്കും അതിൽ പങ്കുണ്ട്. ഞങ്ങൾ

For Group Contact us +91 9746065242

mappilaheritagelibrary.com

ഇന്ത്യക്കാർ ഭിന്നിക്കുന്നു; നിങ്ങൾ - ബ്രിട്ടീഷുകാർ- ഞങ്ങളെ ഭരിക്കുന്നു.'

വട്ടമേശ സമ്മേളനത്തിൽ മുഹമ്മദലി ചെയ്ത പ്രസംഗം ചരിത്രപ്രസിദ്ധമായിത്തീർന്നിരിക്കുന്നു. മൗലാനാ സിംലയിൽ രോഗിയായി കിടന്നിരുന്ന കാലം ആസ്പത്രിയിലെ രോഗിണിയായിരുന്ന ഒരു വനിതാ ഡോക്ടറോടു ചോദിച്ചുവത്രെ: 'ഈ കിഴവന് എന്താണ് രോഗം?' ഡോക്ടർ പറഞ്ഞു: 'ഈ കിഴവന് ഇല്ലാത്ത രോഗം എന്താണ് എന്ന് ചോദിക്കുന്നതാണ് ഭേദം' ഹൃദ്രോഗം, പ്രമേഹം, നേത്രരോഗം എന്നിങ്ങനെ എല്ലാ രോഗങ്ങളും ഈ സംഭവം അനുസ്മരിച്ചുകൊണ്ട് മുഹമ്മദലി തുടർന്നു. ഈ രോഗങ്ങളോടുകൂടി വിവേകമുള്ള ആരും ഏഴു നാഴിക സഞ്ചരിക്കുമായിരുന്നില്ല. എന്നാൽ കരയും കടലും താണ്ടി ഞാൻ ഏഴായിരം നാഴിക ദൂരം സഞ്ചരിച്ച് ഇവിടെ എത്തിയിരിക്കുന്നു. കാരണം ഇസ്ലാമിനെയും ഇന്ത്യയെയും കുറിച്ചുള്ള പ്രശ്നങ്ങൾ വരുമ്പോൾ ഞാൻ ഭ്രാന്തനായിപ്പോകുന്നു.

ഹിന്ദു മഹാസഭാ നേതാവായ ജയക്കർ ഒരു യുവ ഭാരതത്തിനുവേണ്ടി നിലകൊള്ളുന്നുവെന്ന് പറഞ്ഞു. വയസ്സുകൊണ്ട് മൂത്തയാൾ ഞാനാണെങ്കിലും മനോഭാവത്തിലും സ്വഭാവത്തിലും സമരാസക്തിയിലും ജയക്കറേക്കാൾ ഇളയവനാണ് ഞാൻ. ജയക്കർ നിയമകോടതിയിൽ പോയിരുന്ന കാലത്ത് ഞാൻ നിസ്സഹകരണ പ്രസ്ഥാനത്തിലായിരുന്നു. ഇന്ത്യയിൽ നിന്ന് റീഡിംഗ് പ്രഭു ആദ്യമായി ജയിലിലയച്ചത് എന്നെയും ജ്യേഷ്ഠനെയും (ഷൗക്കത്തലി) ആയിരുന്നു...

ഞാൻ പുത്രികാരാജ്യ പദവിക്കുവേണ്ടി ഇവിടെ വന്നിട്ടില്ല. നെഹ്റു റിപ്പോർട്ടിലുള്ള കരട് ഭരണഘടനയുടെ ഒന്നാമത്തെ വകുപ്പ് ഡൊമിനിയൻ പദവിയാണ്. ഇത് 1927-ലെ മദ്രാസ് പ്രമേയത്തിനെതിരാണ്. എന്റെ പഴയ സെക്രട്ടറിയും കോൺഗ്രസ്സിന്റെ പ്രസിഡന്റുമായ ജവഹർലാലിനെപ്പോലും അച്ചൻ മോട്ടിലാൽ ഒതുക്കി നിർത്തിക്കളഞ്ഞു. ജവഹർലാലിനോട് എനിക്ക് പറയാനുള്ളത് ഒരു പൂച്ചയായാലും തരക്കേടില്ല. ഈ അച്ഛന്റെ മകനാകരുത് എന്നാണ്.

എന്റെ പഴയ സുഹൃത്ത് പ്രധാനമന്ത്രി റാംസെ മാക് ഡൊണാൾഡിനെക്കാളും ജോർജ്ജ് എന്നു പേരുള്ള ഒരു

For Group Contact us +91 9746065242

mappilaheritagelibrary.com

മനുഷ്യനെ- അദ്ദേഹത്തെ ഞാൻ വലിയൊരു മനുഷ്യൻ എന്നു വിളിക്കട്ടെ-അദ്ദേഹത്തെ ചക്രവർത്തി തിരുമനസ്സ് എന്നോ മറ്റെന്തെങ്കിലുമോ വിളിച്ചില്ല. അദ്ദേഹം മനുഷ്യൻ തന്നെയാണ്. മുപ്പത്തിരണ്ട് കോടി ജനങ്ങളോട് നീതി പുലർത്താൻ ഞാൻ അദ്ദേഹത്തിന്റെ നേർക്കാണ് നോക്കുന്നത്... അനിഷേധ്യമാംവണ്ണം ഇന്ത്യയെ അളവറ്റു സ്നേഹിച്ച വിക്ടോറിയ മഹാറാണിയുടെ പൗത്രനാണല്ലോ അദ്ദേഹം. അവരുടെ പൗത്രന്റെ കാലത്തെ ചരിത്രം ഇങ്ങിനെ എഴുതപ്പെടണം: 'മൂന്നാം ജോർജ്ജ് അമേരിക്ക നഷ്ടപ്പെടുത്തി; അഞ്ചാം ജോർജ്ജ് ഇന്ത്യ സമ്പാദിച്ചു.'

'ഞാനിവിടെ വന്നിട്ടുള്ളത്, സ്വാന്ത്ര്യവും നേടി എന്റെ രാജ്യത്തിലേക്ക് തിരിച്ചുപോകാനാണ്. അസ്വതന്ത്രമായ ഒരു രാജ്യത്തിലേക്ക് തിരിച്ചുപോകുന്നതിലുപരി ഇവിടെ ഇതൊരു വിദേശരാജ്യമാ ണെങ്കിലും സ്വതന്ത്രരാജ്യത്ത് മരിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ഇന്ത്യക്ക് സ്വാതന്ത്ര്യം നൽകുന്നില്ലെങ്കിൽ എനിക്കൊരു ഖബറിടം തരൂ...' ആ ധീരദേശാഭിമാനിയുടെ ശബ്ദം പ്രകമ്പനംകൊണ്ടു.

മൗലാനയുടെ രോഗം മൂർച്ഛിച്ചു. അതൊന്നും അദ്ദേഹം വകവെച്ചില്ല. 1931 ജനുവരി 23-ന് പ്രധാനമന്ത്രി റാംസെ മാക് ഡൊണാൾഡിന് സുദീർഘമായ ഒരു കത്തെഴുതി. വൈകുന്നേരം മൗലാന ആസന്നമരണനായി. 1931 ജനുവരി 24-നു പുലർച്ചെ പ്രിയതമയുടെയും ധീരനും വാൽസല്യനിധിയുമായ ജ്യേഷ്ഠന്റെയും സാമീപ്യത്തിൽ ആ വീരയോദ്ധാവ് 52-ാം വയസ്സിൽ ഇഹലോകവാസം വെടിഞ്ഞു. എന്നും അനശ്വരപ്രതിഭയായി പരിലസിക്കുന്ന മുഹമ്മദലിയെ പ്രശംസിച്ചുകൊണ്ട് അല്ലാമാ ഇഖ്ബാൽ കവിത രചിച്ചു. വിശ്വവിഖ്യാത ആംഗ്ലേയ ദാർശനികനായ ജോർജ്ജ് ബർണാഡ്ഷാ മുഹമ്മദലിയെ പുകഴ്ത്തി. പ്രമുഖനായ ഒരു ബ്രിട്ടീഷ് ഭരണാധികാരി എഴുതി: ബർക്കിന്റെ നാവും മെക്കാളയുടെ തൂലികയും നെപ്പോളിയന്റെ ഹൃദയവും ഒത്തൊരുമിച്ച മഹാൻ- അതാണ് മൗലാനാ മുഹമ്മദലി.

മൗലാനാ മുഹമ്മദലിയുടെ മൃതദേഹം കപ്പൽ മാർഗ്ഗം ജറുസലേമിലേക്ക് കൊണ്ടുപോയി. മസ്ജിദിൽ അബ്ബാസിൽവെച്ച് മയ്യിത്ത് നമസ്കാരം നടത്തിയ ശേഷം ബൈത്തുൽ മുഖദ്ദസിലെ മസ്ജിദുൽ അഖ്സയിൽ കൊണ്ടുവന്നു. ജുമാ നമസ്കാരത്തിനു

For Group Contact us +91 9746065242

mappilaheritagelibrary.com

ശേഷം പ്രധാന മുഫ്തി അമീനുൽ ഹുസൈനിയുടെ നേതൃത്വത്തിൽ ബൈത്തുൽ മുഖദ്ദസിൽ മറവുചെയ്തു. ആ ഖബറിന്റെ തലപ്പത്തു കല്ലിൽ ഇങ്ങിനെ അറബി ഭാഷയിൽ കൊത്തിവെച്ചിരുന്നു.

'അസ്സയ്യിദ് മുഹമ്മദലി അൽ ഹിന്ദി ഇവിടെ അന്ത്യവിശ്രമം കൊള്ളുന്നു.'

'ജവഹർ' എന്ന തൂലികാനാമത്തിൽ കവിതാരചന നടത്തിയിരുന്ന മൗലാനാ മുഹമ്മദലിയുടെ ഒരു കാവ്യതല്ലജം ഇപ്പോഴും തുടിച്ചുനിൽക്കുന്നു.

'ഇസ്‌ലാം സിന്ധ ഹോത്താഹെ ഹർ കർബലാകി ബ അദ്'

ഓരോ കർബലക്ക് ശേഷവും ഇസ്‌ലാം ജീവിച്ചു കൊണ്ടിരിക്കുന്നു.

മൗലാനാ മുഹമ്മദലിയുടെ വിയോഗം ഇന്ത്യൻ മുസ്‌ലിംകൾക്ക് ഒരു കർബല പോലെയായിരുന്നു. മുസ്‌ലിം നവോത്ഥാനത്തിന്റെ ശിൽപ്പികളിലൊരാളായ മൗലാനാ മുഹമ്മദലി ഇന്ത്യൻ ദേശീയരംഗത്ത് വിസ്മൃതിയിലാണ്. എന്നാൽ ചരിത്രത്തിൽ അദ്ദേഹം എന്നും ജീവിക്കും.

For Group Contact us +91 9746065242

mappilaheritagelibrary.com

5 മുഹമ്മദലി ജിന്ന

I

“അദ്ദേഹം ആദ്യവസാനം അംഗീകൃത ദേശീയവാദിയായിരുന്നു.”
“അദ്ദേഹം ഒന്നാന്തരം കോൺഗ്രസുകാരനായിരുന്നു. ”
“അദ്ദേഹം ഇന്ത്യയുടെ ഐക്യത്തിന്റെ ദൂതനായിരുന്നു. ”
“അദ്ദേഹം ഹിന്ദു-മുസ്‌ലിം ഐക്യത്തിന്റെ അംബാസിഡറായിരുന്നു.

ഇതിൽ അവസാനത്തെ വരികളെഴുതിയത് ഇന്ത്യൻ ദേശീയരംഗത്തെ വാനമ്പാടിയായിരുന്ന കവയിത്രി സരോജിനി നായിഡുവാണ്.

ഇങ്ങിനെയെല്ലാം അറിയപ്പെടുകയും പ്രകീർത്തിക്കപ്പെടുകയും ചെയ്ത മുഹമ്മദലി ജിന്ന ഒടുവിൽ പാക്കിസ്ഥാന്റെ ജനയിതാവായി.

മാത്രമല്ല അദ്ദേഹം തന്റെ ശത്രുക്കളുടെ അതിരൂക്ഷവും ശക്തവുമായ എതിർപ്പുകൾ നേരിടേണ്ടി വരികയും ചെയ്തു.

അദ്ദേഹം ഒന്നാന്തരം വർഗ്ഗീയവാദിയായിരുന്നു. അദ്ദേഹം ഒരു വിഘടനവാദിയായിരുന്നു, അദ്ദേഹം ബ്രിട്ടീഷുകാരുടെ ഏജന്റ് ആയിരുന്നു, ഇന്ത്യയെ വെട്ടിമുറിച്ചു ഹിന്ദു-മുസ്‌ലിം കലാപത്തിന് കളമൊരുക്കിയ ദ്വിരാഷ്ട്ര സിദ്ധാന്തക്കാരനും ദുശ്ശാഠ്യക്കാരനുമായിരുന്നു.

ഹിന്ദു-മുസ്‌ലിം ഐക്യത്തിന്റെ അംബാസിഡറെന്ന് സരോജിനി നായിഡു വിശേഷിപ്പിച്ച, ഇന്ത്യയുടെ ഐക്യത്തിന്റെ ദൂതനെന്ന് ഗോപാലകൃഷ്ണ ഗോഖലെ ഓമനപ്പേര് നൽകിയ മുസ്‌ലിം ഗോഖലെ എന്നറിയപ്പെട്ട മുഹമ്മദലി ജിന്ന എങ്ങനെ വർഗ്ഗീയവാദിയായി?

എങ്ങിനെ വിഘടനവാദിയായി?

അവസാനം ഒരു രാഷ്ട്രത്തിന്റെ ജനയിതാവും രാഷ്ട്രപിതാവുമായി?

For Group Contact us +91 9746065242

mappilaheritagelibrary.com

അദ്ദേഹത്തിന്റെ സംഭവബഹുലവും വർണ്ണശബളവുമായ ജീവിതം നിഷ്പക്ഷമായി അപഗ്രഥിച്ചാലേ മുഹമ്മദലി ജിന്ന എന്ന വലിയ മനുഷ്യനെ ചെറിയ തോതിലെങ്കിലും മനസ്സിലാക്കാൻ കഴിയൂ. മാത്രമല്ല ഒരു വ്യാഴവട്ടക്കാലം ഇന്ത്യയിലെ പത്തുകോടി മുസ്‌ലിംകളുടെ കിരീടം വെക്കാത്ത രാജാവായിരുന്നു ഖാഇദേ അഅ്സം മുഹമ്മദലി ജിന്ന. അവിഭക്ത ഇന്ത്യയിലെ മുസ്‌ലിംകളിൽ ജിന്നാ സാഹിബിനുണ്ടായിരുന്ന സ്വാധീനം ഇന്ത്യൻ മുസ്‌ലിംകളുടെ രാഷ്ട്രീയചരിത്രത്തിൽ മറ്റൊരു മുസ്‌ലിം നേതാവിനും നേടിയെടുക്കാൻ കഴിഞ്ഞിട്ടില്ല.

അദ്ദേഹം ഇഹലോകവാസം വെടിഞ്ഞിട്ട് നാൽപതു വർഷങ്ങൾ കഴിഞ്ഞെങ്കിലും നമ്മുടെ അയൽ രാജ്യമായ പാക്കിസ്ഥാനിൽ ഖാഇദേ അഅ്സം ജിന്ന രാഷ്ട്രപിതാവായി ജീവിക്കുന്നു. ഇന്ത്യയിൽ മുസ്‌ലിം നവോത്ഥാനചരിത്രത്തിൽ നിറഞ്ഞുനിൽക്കുന്ന അദ്ധ്യായമായും.

മുഹമ്മദലി ജിന്നയെ സംബന്ധിച്ച് പഠനം നടത്തിയപ്പോൾ അദ്ദേഹത്തിന്റെ രാഷ്ട്രീയപ്രവർത്തന രംഗത്തെ അഞ്ചു ഘട്ടങ്ങളായി വേർതിരിക്കാമെന്ന് തോന്നുന്നു. ഒന്ന്, രാഷ്ട്രീയരംഗത്ത് യാതൊരു വിധ സാമുദായികചിന്തക്കും സ്ഥാനം കൽപിക്കരുതെന്ന് അദ്ദേഹം ഉറച്ചുവിശ്വസിച്ച കാലഘട്ടം. ഇന്ത്യ ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ നുകത്തിൽ നിന്ന് മോചനം നേടാൻ അത് അനിവാര്യമാണെന്നു ജിന്ന കരുതി. ഇംപീരിയൽ ലെജിസ്ലേറ്റീവ് അസംബ്ലിയിലേക്ക് മുസ്‌ലിം സീറ്റിൽനിന്നു തിരഞ്ഞെടുക്കപ്പെട്ട ജിന്നാ സാഹിബ് തന്റെ കറകളഞ്ഞ ദേശാഭിമാനം 1925-ൽ ധനകാര്യ ബിൽ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പ്രകടിപ്പിച്ചു.

ഞാൻ ഒരിക്കലും ഒരു സ്ഥാനാർഥിയായിരുന്നില്ല. ഞാൻ ഒരു സ്ഥാനത്തിനും സ്ഥാനാർഥിയുമല്ല. സർ, ഞാനിവിടെ നിൽക്കുന്നത് വളരെ വ്യക്തമായ മനസ്സാക്ഷിയോടുകൂടിയാണ്. ഞാൻ ഒന്നാമതും രണ്ടാമതും അവസാനവും ഒരു ദേശീയവാദിയാണ്.

നിങ്ങൾ മുസൽമാനോ ഹിന്ദുവോ ആയിക്കൊള്ളട്ടെ, ദൈവത്തെ ഓർത്ത് സാമുദായിക കാര്യങ്ങൾ ഈ സഭയിലെ ചർച്ചകളിൽ കടത്തിവിടരുത്. ഇത് ഒരു യഥാർഥ ദേശീയ പാർലിമെന്റായിരിക്കണമെന്ന് നമ്മളാഗ്രഹിക്കുന്നു. ഈ സഭയെ തരം താഴ്ത്ത

For Group Contact us +91 9746065242

mappilaheritagelibrary.com

രുത്. അങ്ങിനെ പുറംലോകത്തിനും നമ്മുടെ ജനങ്ങൾക്കും നമ്മളൊരു മാതൃക സൃഷ്ടിക്കണം.

മുഹമ്മദലി ജിന്നയുടെ ജീവിതത്തിലെ രണ്ടാമത്തെ ഘട്ടം അന്ന് ഇന്ത്യയിലുണ്ടായിരുന്ന പ്രശ്നങ്ങൾ ഹിന്ദുക്കളും മുസ്ലിംകളും തമ്മിൽ, ഇന്ത്യക്കാരും ബ്രിട്ടീഷ് ഗവൺമെന്റും തമ്മിൽ, ഇന്ത്യൻ നാട്ടുരാജ്യങ്ങളും രാഷ്ട്രീയപ്രസ്ഥാനങ്ങളും തമ്മിൽ നിലവിലുണ്ടായിരുന്ന സങ്കീർണ്ണമായ പ്രശ്നങ്ങൾ സമന്വയിപ്പിച്ച് ഇന്ത്യക്ക് സ്വാതന്ത്ര്യം നേടുന്നതിന് അദ്ദേഹം അശ്രാന്ത പരിശ്രമങ്ങളിലേർപ്പെട്ടഘട്ടമായിരുന്നു. ഈ ശ്രമങ്ങളിലും ഗോഖലെ വിശേഷിപ്പിച്ച ഐക്യത്തിന്റെ ദൂതൻ തെറ്റിദ്ധരിക്കപ്പെട്ടു.

ലണ്ടനിൽ ചേർന്ന വട്ടമേശ സമ്മേളനങ്ങളിൽ ജിന്നയും ക്ഷണിക്കപ്പെട്ടിരുന്നു. ഈ വട്ടമേശ സമ്മേളന ചർച്ചകളിൽ ജിന്നാ സാഹിബ് വിഭിന്നാശയക്കാരെ സമന്വയിപ്പിക്കാനും ഇന്ത്യക്ക് ഒരു സ്വതന്ത്ര ഭരണ വ്യവസ്ഥ ഉണ്ടാക്കുവാനും ശ്രമിച്ചു. ഫലമോ? മാഞ്ചസ്റ്റർ ഗാർഡിയൻ പത്രം അന്നദ്ദേഹത്തെപ്പറ്റി ഇങ്ങിനെ എഴുതി.

വട്ടമേശാസമ്മേളനത്തിൽ മി. ജിന്നയുടെ സ്ഥാനം ഒരപൂർവ്വ സ്ഥാനമായിരുന്നു. ഹിന്ദുക്കൾ അദ്ദേഹത്തെ ഒരു മുസ്ലിം വർഗീയവാദിയായി കരുതി. മുസ്ലിംകൾ അദ്ദേഹത്തെ ഹിന്ദു പക്ഷപാതിയായും കണക്കാക്കി. നാട്ടുരാജാക്കൻമാർ അദ്ദേഹത്തെ വലിയൊരു ജനാധിപത്യവാദിയായി കണ്ടു. ബ്രിട്ടീഷുകാരാവട്ടെ ജിന്നയെ ഒരു തീവ്രവാദിയായും. ഫലം അദ്ദേഹം എല്ലായിടത്തുമുണ്ട്. എന്നാൽ എവിടെയും ഒട്ടില്ല താനും, ആർക്കും അദ്ദേഹത്തെ ആവശ്യമില്ല.

തന്റെ സമുദായത്തിന്റെ ന്യായമായ അവകാശങ്ങളും ആവശ്യങ്ങളുമെന്ന് തനിക്ക് ബോധ്യപ്പെട്ടതെല്ലാം കോൺഗ്രസിനെക്കൊണ്ടും ബ്രിട്ടീഷ് ഗവൺമെന്റിനെക്കൊണ്ടും അംഗീകരിപ്പിക്കാനും തദ്വാരാ ഇന്ത്യക്ക് സ്വാതന്ത്ര്യം നേടിയെടുക്കാനും അദ്ദേഹം ശ്രമിച്ചു. തന്റെ ആത്മാർഥമായ ശ്രമങ്ങൾക്ക് ഫലം കാണാതായപ്പോൾ ഭഗ്നാശയനായി കുറച്ചുകാലം ഇംഗ്ലണ്ടിൽ മാറിത്താമസിച്ചു. വീണ്ടും ഇന്ത്യയിൽ തിരിച്ചെത്തി മുസ്ലിംലീഗിന്റെ നേതൃത്വമേറ്റെടുത്ത 1940 വരെയുള്ള ജിന്നയുടെ രാഷ്ട്രീയ ജീവിതത്തിന്റെ മൂന്നാംഘട്ടവും വളരെ പ്രധാനമാണ്.

For Group Contact us +91 9746065242

mappilaheritagelibrary.com

കോൺഗ്രസിന്റെ നയങ്ങളെയും കാഴ്ചപ്പാടിനെയും അദ്ദേഹം അതിനിശിതമായി വിമർശിച്ചു. കോൺഗ്രസിന്റെ തീരുമാനങ്ങളെ സ്വാധീനിക്കുന്നത് മദൻ മോഹൻ മാളവ്യ, ഡോ. ജയക്കർ തുടങ്ങിയ ആത്യന്തിക വർഗീയവാദികളാണെന്ന് കുറ്റപ്പെടുത്തിയ മുഹമ്മദലി ജിന്ന ഈ കാലഘട്ടത്തിൽ കോൺഗ്രസും ലീഗും തമ്മിൽ യോജിപ്പുണ്ടാക്കുന്നതിനും ശ്രമിച്ചു. അതിന്റെ സാധ്യതകളെപ്പറ്റി ജിന്ന ഇങ്ങനെയാണ് വിശദീകരിച്ചത്.

"ആരാണ് കോൺഗ്രസ് നേതാക്കൻമാർ, ആരാണ് ഹിന്ദു മഹാസാഭാ നേതാക്കൻമാർ എന്ന് പറയാൻ വളരെ പ്രയാസമാണ്. വളരെയധികം വരുന്ന അവരെ സംബന്ധിച്ചിടത്തോളം രണ്ടിനെയും വേർതിരിക്കുന്ന രേഖ വളരെ ലോലമാണ്.

1940ൽ ലാഹോറിൽവച്ച് മുസ്ലിംലീഗ് പാക്കിസ്ഥാൻ പ്രമേയം അംഗീകരിച്ചത് മുതൽ 1947 ഓഗസ്തിൽ പാക്കിസ്ഥാൻ രൂപം കൊള്ളുന്നതു വരെയാണ് മുഹമ്മദലി ജിന്നയുടെ നാലാമത്തെ ജീവിതഘട്ടം. ഈ നാലാമത്തെ ഘട്ടത്തിൽ ഇന്ത്യൻ മുസൽമാന്റെ അനിഷേധ്യ രാഷ്ട്രീയനേതാവെന്ന നിലയ്ക്ക് ദേശീയരാഷ്ട്രീയത്തിൽ കോളിളക്കം സൃഷ്ടിച്ചുകൊണ്ട് താൻ വിശ്വസിക്കുന്നതെന്തോ, താൻ ലക്ഷ്യംവച്ചതെന്തോ, അത് നേടിയെടുക്കാനായി ഒരു കൊടുങ്കാറ്റുപോലെ ആഞ്ഞടിച്ച കാലമായിരുന്നു അത്.

ആർക്കും തകർക്കുവാനോ തളർത്തുവാനോ കഴിയാത്ത ഒരു പടക്കുതിരയായിരുന്നു ജിന്ന. 1946 ഏപ്രിൽ ആവുമ്പോഴേക്കും കേന്ദ്രത്തിലും സംസ്ഥാനങ്ങളിലുമുള്ള 450 തിരഞ്ഞെടുക്കപ്പെട്ട മുസ്ലിംലീഗ് നിയസഭാംഗങ്ങൾ ബംഗാളിലെ സുഹ്റവർദിയും പഞ്ചാബിലെ നവാബും സർദാർ ഷൗക്കത്ത് ഹയാത്ത് ഖാനും സർ ഫിറോസ് ഖാൻ നൂനും, അതിർത്തി സംസ്ഥാനത്തെ അബ്ദുൽഖയ്യൂം ഖാനും, യു.പി.യിലെ ഹസ്രത്ത് മോഹാനിയും അടങ്ങിയ നിയമസഭാ സാമാജികർ ഒരേസ്വരത്തിൽ പ്രതിജ്ഞയെടുത്തു.

"ഇന്ത്യ ഉപഭൂഖണ്ഡത്തിൽ ജീവിക്കുന്നവരുടെ പരിരക്ഷയും മോക്ഷവും എല്ലാം ഒരു മുസ്ലിം രാഷ്ട്രമായ പാക്കിസ്ഥാൻ നേടിയെടുക്കുന്നതിലാണ്. അതിന്നായി എന്ത് ത്യാഗവും സഹിക്കാൻ തയ്യാറാണ്" ഇന്ത്യയിലെ മുസ്ലിം നിയോജക മണ്ഡലങ്ങളെ പ്രതിനിധാനം ചെയ്യുന്ന 450 പേരുടെ പ്രതിജ്ഞ കിട്ടിക്കഴിഞ്ഞപ്പോൾ കോൺഗ്രസ് നേതൃത്വവും ബ്രിട്ടീഷ് ഭരണാധികാരി

For Group Contact us +91 9746065242

mappilaheritagelibrary.com

കളും കേൾക്കത്തക്കവണ്ണം ഖാഇദെ അഅ്സം മുഹമ്മദലി ജിന്ന പ്രഖ്യാപിച്ചു.

''ഞങ്ങളെ സംബന്ധിച്ചിടത്തോളം പാക്കിസ്ഥാനും അതിന്റെ പൂർണ്ണ അധീശാധികാരവും എന്ന അടിസ്ഥാന നയത്തിൽ യാതൊരു ഒത്തുതീർപ്പുമില്ല''

മുഹമ്മദലി ജിന്നയുടെ അഞ്ചാമത്തെ ഘട്ടം പാക്കിസ്ഥാന്റെ ജനയിതാവും ഗവർണ്ണർ ജനറലുമെന്ന നിലക്കുള്ള അദ്ദേഹത്തിന്റെ അവസാന കാലഘട്ടമാണ്. ഈ അഞ്ചു കാലഘട്ടങ്ങളെയും വിലയിരുത്താൻ ഒരുങ്ങുന്ന ഒരു നിഷ്പക്ഷ നിരീക്ഷകന് ''ഇന്ത്യയുടെ ഐക്യത്തിന്റെ അംബാസഡർ'' ''ഇന്ത്യൻ വിഭജനത്തിന്റെ വിധാതാ''വായതെങ്ങിനെയെന്ന് മനസ്സിലാക്കാൻ കഴിയും.

ഖോജാ വിഭാഗത്തിൽ പെട്ട ജിന്നഭായ് പുഞ്ചക്ക് മീതിഭായിയിലുണ്ടായ ഏഴുമക്കളിൽ മൂത്ത പുത്രനാണു മുഹമ്മദലി ജിന്നാഭായ്. ഇന്ന് അറുപത് ലക്ഷമാളുകൾ ജീവിക്കുന്ന കാറാച്ചി പട്ടണം അന്ന് അമ്പതിനായിരമാളുകൾ ജീവിക്കുന്നതും ബോംബെ സംസ്ഥാനത്തിന്റെ ഭാഗവുമായിരുന്നു. ഇപ്പോൾ പുനർനിർമ്മാണം ചെയ്ത ന്യൂൺഹാം റോഡിലെ വസീർ മൻസിലിലായിരുന്ന മുഹമ്മദലി ജിന്ന ജനിച്ചത്. ജനനവർഷത്തെപ്പറ്റി അഭിപ്രായ വ്യത്യാസമുണ്ടെങ്കിലും 1876 ഡിസംബർ 25 ഞായറാഴ്ച ക്രിസ്തുമസ് ദിനത്തിലാണ് ജനനമെന്നു രേഖപ്പെടുത്തിയിരിക്കുന്നു. മുഹമ്മദലിക്ക് ശേഷം മിതിഭായിയിൽ ജിന്നാ പുഞ്ചക്ക് മറ്റു ആറുമക്കളുണ്ടായി. റഹിമത്ത്, മറിയം, അഹ്മദലി ഷിറിൻ, ഫാത്തിമ, ബൻദെ അലി എന്നിവരായിരുന്നു അവർ. ഇവരിൽ ജിന്നാസാഹിബിന്റെ പ്രിയപ്പെട്ട സഹോദരിയായി ഫാത്തിമ ഒഴികെയുള്ളവർ അറിയപ്പെടാതെ പോയി.

സിന്ധ് മദ്രസാ സ്കൂളിലും ക്രിസ്ത്യൻ മിഷനറിസ്കൂളിലും പഠിച്ചു ബോംബെ മെട്രിക്കുലേഷൻ പാസ്സായ ജിന്നയുടെ സ്കൂൾ ജീവിതത്തെ സംബന്ധിച്ച് അദ്ദേഹത്തിന്റെ ചരിത്രകാരന്മാർ രസകരമായ ചില സംഭവങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു. കുടുംബത്തിൽ വാൽസല്യപൂർവ്വം 'മമദ്' എന്ന് വിളിക്കപ്പെട്ട ജിന്നക്ക് പഠിത്തത്തിൽ വലിയ പ്രതിപത്തിയില്ലായിരുന്നുവെന്നും അതോടൊപ്പം ഇംഗ്ലീഷ് കവിതകളിൽ വലിയ കമ്പമായിരുന്നുവെന്നും സ്റ്റെയിൻലി വോൾപെർട്ട് രേഖപ്പെടുത്തിയിട്ടുണ്ട്. പാക്കിസ്ഥാൻ ഗവൺമെന്റ്

For Group Contact us +91 9746065242

mappilaheritagelibrary.com

നിയോഗിച്ച ഔദ്യോഗിക ജീവചരിത്ര ഗ്രന്ഥകാരൻ ഹെക്ടർ ബോളിതോ, ജിന്നയുടെ കുട്ടിക്കാലം നേരിൽ കണ്ട ഒരു അയൽവാസിയായിരുന്നു. ഫാത്തിമാഭായ് പറഞ്ഞുകൊടുത്തതും രേഖപ്പെടുത്തിയിരിക്കുന്നു. രാത്രികാലങ്ങളിൽ എല്ലാവരും ഉറങ്ങുമ്പോൾ മണ്ണെണ്ണവിളക്ക് കത്തിച്ചുവെച്ച് അതിന്റെ പ്രകാശം മറ്റുള്ളവരെ അലോസരപ്പെടുത്താതിരിക്കാൻ കാർഡുബോർഡുകൊണ്ട് മറച്ചു വളരെ വൈകുന്നതുവരെ ജിന്ന പുസ്തകങ്ങൾ വായിക്കുമായിരുന്നുവത്രെ. ഒരു ദിവസം ഫാത്തിമാഭായ് മുഹമ്മദലിയെ ഗുണദോഷിച്ചു. "ഇങ്ങിനെ പഠിച്ചാൽ രോഗം വരും" അപ്പോൾ ജിന്ന പറഞ്ഞു:

"ഭായ്, ഇങ്ങിനെ കഠിനാധ്വാനം ചെയ്തില്ലെങ്കിൽ എനിക്ക് ജീവിതത്തിൽ ഒന്നും നേടാനാവില്ല"

ജിന്നയുടെ പഴയ കളത്തോഴനായിരുന്ന നാൻജി ജാഫർ തന്റെ വാർദ്ധക്യത്തിലും പഴയ കൂട്ടുകാരനെക്കുറിച്ചോർത്തു: "ഞാനും മുഹമ്മദലിയും നന്നെ ചെറുപ്പത്തിൽ തെരുവിൽ കളിക്കാറുണ്ടായിരുന്നു. പിന്നീട് പതിനാലു വയസ്സായ ജിന്ന പറഞ്ഞു 'തെരുവിൽ ഗോളി കളിക്കരുത്. അത് ചീത്തയാണ്, വൃത്തികേട്. നമ്മൾ വൃത്തികേടിൽ നിന്നും മാറിനിൽക്കണം. നമുക്ക് ക്രിക്കറ്റ് കളിക്കാം. ന്യൂൻഹാം റോഡിലെ പിള്ളേർ അതനുസരിച്ചു. ക്രിക്കറ്റ്കളി ജിന്ന ഞങ്ങളെ പഠിപ്പിച്ചു"

കഠിനാദ്ധ്വാനവും വൃത്തികേടിൽ നിന്നു മാറി നിൽക്കലും ജിന്ന ജീവിതാന്ത്യം വരെ നിലനിർത്തി.

ബോംബെയിലെ സാമാന്യം നല്ലൊരു വർത്തകനായിരുന്ന പീർഭായിയുടെ പ്രിയതമ മാൻഭായ് പിതൃസഹോദരിയായിരുന്നു. മാൻഭായ്ക്ക് 'മമദി'നെ വലിയ ഇഷ്ടമായിരുന്നു. മമദിന്റെ കുസൃതിക്കളി സ്വന്തം ഉമ്മയെക്കാൾ ഇഷ്ടപ്പെട്ട മാൻഭായ് മമദിനെ ബോംബെയിൽ കൊണ്ടുപോയി താമസിപ്പിച്ചു. അന്നത്തെ സിന്ധ് കൂടി ഉൾപ്പെട്ട സംസ്ഥാന തലസ്ഥാനമായ ബോംബെയുടെ സൗന്ദര്യവും, ജനത്തിരക്കും മനോഹാരിതയും മമദിനെ വല്ലാതെ ആകർഷിച്ചു. മമദിന്റെ ഭാവിജീവിതം കരുപ്പിടിപ്പിക്കുന്നതിൽ ബോംബെ നഗരിക്കുള്ള പങ്ക് അന്ന് ആ കുട്ടി മനസ്സിലാക്കിയിരുന്നില്ല. മെട്രിക്കുലേഷൻ പരീക്ഷയിൽ ജയിച്ച തന്റെ മകൻ നല്ല നിലവാരം നേടിയെടുക്കണം എന്ന് ജിന്നാഭായ് പുഞ്ച് മനസ്സിലാക്കി. സാമാന്യം നല്ല കച്ചവടവും വരുമാനമാർഗ്ഗങ്ങളുമുള്ള ഒരു ഇംഗ്ലീഷ് കമ്പനിയുടെ ജനറൽ മാനേജരായ സർ ഫ്രെഡറിക്ക്

For Group Contact us +91 9746065242

mappilaheritagelibrary.com

ക്രോഫ്റ്റുമായി ബന്ധപ്പെട്ടു. ക്രോഫ്റ്റിനാകട്ടെ മമദിന്റെ ഊർജ്ജസ്വലത നേരത്തെ ആകർഷകമായി തോന്നിയിരുന്നു. ഒരു ശോഭനമായ ഭാവി മമദിൽ കണ്ടത് ക്രോഫ്റ്റായിരുന്നു. അദ്ദേഹം തന്റെ ഇംഗ്ലങ്ങിലെ ഡഗ്ലസ്സ് ഗ്രഹാം കമ്പനിയിൽ ഒരു അപ്രൻടിസ് ട്രെയിനി എന്ന നിലക്ക് മമദിനെ സ്വീകരിക്കണമെന്ന ഒരു കത്ത് ജിന്നാഭായി പഞ്ചയെ ഏൽപിക്കുകയും തന്റെ മകനെ ഇംഗ്ലണ്ടിലയക്കണമെന്നു നിർബന്ധിക്കുകയും ചെയ്തു. പുഞ്ച് മകനെ ഇംഗ്ലണ്ടിൽ അയക്കാനുള്ള ഏർപ്പാടുകളും ചെയ്തു.

എന്നാൽ ഉമ്മ തന്റെ ഓമന പുത്രന്റെ വിദേശയാത്രയെപ്പറ്റി അറിഞ്ഞപ്പോൾ പൊട്ടിക്കരഞ്ഞു- ബോംബെയിൽ നാത്തൂന്റെ കൂടെ പോയി താമസിച്ചത് തന്നെ സഹിക്കാവതല്ല. ഇപ്പോൾ എത്രയോ ആയിരം നാഴികക്കപ്പുറമുള്ള 'ബിലാത്തി'യിൽ പോകുകയോ? വയ്യ തന്റെ മകൻ പോകണ്ട. സുമുഖനും അവിവാഹിതനുമായ ഒരു മകനെ അങ്ങിനെ വിടാൻ ആ മാതാവ് ഒരുക്കമായിരുന്നില്ല.

ഇംഗ്ലണ്ടിൽപോയി പഠിക്കുകയും ജോലി നോക്കുകയും ചെയ്താലുള്ള ഗുണങ്ങൾ ആവുന്നത്ര പറഞ്ഞുനോക്കിയിട്ടും മിതിബായി അതൊന്നും കേട്ടില്ല. നാത്തൂൻമാർ ബായിയും മമദിന് വേണ്ടി വാദിച്ചു. അവസാനം ഒരു ഉപാധിമേൽ മിതിബായ് സമ്മതിച്ചു. തന്റെ കുടുംബാചാര പ്രകാരം വിവാഹിതനാകട്ടെ. എന്നിട്ട് ഇംഗ്ലണ്ടിലേക്കു പോകാം. മകൻ പ്രതിഷേധിച്ചുനോക്കി. പക്ഷേ ഫലിച്ചില്ല. അങ്ങിനെ ഉമ്മ കണ്ടുവച്ച ഖോജാ വിഭാഗത്തിൽപ്പെട്ട ഒരകന്ന ബന്ധുവായ പതിനാലു വയസ്സു പ്രായമായ ഒരു ധനിക പുത്രി എമിബായിയെ പതിനാറുകാരനായ മുഹമ്മദലി വിവാഹം ചെയ്തു.

1893ൽ തനിച്ചു കപ്പൽ കയറിയ ജിന്ന ഇംഗ്ലണ്ടിൽ സതാംപ്ടണിൽ ഇറങ്ങി. അവിടെനിന്ന് വിക്ടോറിയ സ്റ്റേഷനിലേക്ക് തീവണ്ടി കയറി. കുറച്ചു മാസങ്ങൾ ആരുമായും പരിചയപ്പെടാനാവാതെ ആ വൻ നഗരത്തിൽ ജിന്ന ആൾക്കൂട്ടത്തിൽ തനിച്ചായി. ഗ്രഹാം കമ്പനിയിൽ കിട്ടിയ അപ്രന്റിസ് പണിയിൽ ഓഡിറ്റ് വിഭാഗത്തിലെ കണക്ക് പുസ്തകങ്ങളുമായി ആ യുവാവ് കുറേ മാസങ്ങൾ കഴിച്ചുകൂട്ടി. കമ്പനിയിലെ ജീവനക്കാരല്ലാതെ മറ്റാരും സംസാരിക്കാൻ പോലുമില്ലായിരുന്നു.

For Group Contact us +91 9746065242

mappilaheritagelibrary.com

അധികം വൈകാതെ ഗ്രഹാം കമ്പനിയിലെ കൊച്ചുകെട്ടിടത്തിൽനിന്നു ജിന്ന രക്ഷപ്പെട്ടു. 1893 ഫെബ്രുവരിയിൽതന്നെ ലണ്ടനിലെത്തി. വൻനഗരം യുവാവിനെ ഹഠാദാകർഷിച്ചു. പിതാവിന്റെ സഹായം ലഭിച്ചതുകൊണ്ട് റെൻസിങ്ടണിലെ റസ്സൽ റോഡിലെ പരിഷ്കൃത രീതിയിലുള്ള ഒരു ഫ്ളാറ്റിൽ ഒരിംഗ്ലീഷ് കുടുംബത്തോടൊപ്പം പേയിങ് ഗസ്റ്റായി താമസിക്കാൻ കഴിഞ്ഞു. മുഹമ്മദലി ജിന്നാഭായ് എന്ന പേര് തന്നെ ഇംഗ്ലീഷീകരിച്ചു. എം.എ. ജിന്ന എന്നാക്കി. 1983 ഏപ്രിൽ മാസം ലിങ്കൻസ് ഇന്നിൽ പ്രവേശന പരീക്ഷക്കപേക്ഷിച്ചു താമസിയാതെ അനുവദിക്കപ്പെട്ടു. മെയ് മാസം ജിന്ന ആദ്യത്തെ പ്രവേശന പരീക്ഷ പാസ്സായി. മറ്റു പരീക്ഷകൾക്കു ഹാജരായി. അവസാനം ആ വർഷം ജൂൺ 25-ന് ജിന്നക്ക് ലിങ്കൻസ് ഇന്നിൽ നിയമപഠനത്തിന് ചേരാൻ കഴിഞ്ഞു.

പതിനാലാം നൂറ്റാണ്ടിൽ ബ്രിട്ടീഷ് രാജാവിന്റെ മുഖ്യ സർജന്റായ തോമസ് ഡി ലിങ്കന്റെ സ്മരണക്കായി സ്ഥാപിച്ച ഈ പ്രശസ്ത സ്ഥാപനം ലോകത്തിലെ ഒട്ടനേകം വിഖ്യാതരുടെ പഠനകേന്ദ്രമാണ്. ലിങ്കൻസ് ഇന്നിൽ ചേർന്നു പഠിച്ച അരഡസൻ പ്രധാനമന്ത്രിമാരിൽ കാനിങ് പ്രഭു മുതൽ ആസ്കിത്ത് വരെ ഉൾപ്പെടും. മാത്രമല്ല തോമസ്മൂർ, വില്യം പിറ്റ് തുടങ്ങിയവർ പഠനം പൂർത്തിയാക്കാതെ പോയ ലോകപ്രശസ്തരായിരുന്നു. ബ്രിട്ടന്റെ വിഖ്യാതരായ രണ്ടു പ്രധാനമന്ത്രിമാർ ഡിസ്ത്രേലിയും ഗ്ളാസ്റ്റണും ലിങ്കൻസ് ഇന്നിൽ ചേർന്നു പഠനം പൂർത്തിയാക്കാതെ വിട്ടവരായിരുന്നു. അത് തന്നെയായിരുന്നു എം.എ ജിന്നയ്ക്കു പഠിക്കാൻ കിട്ടിയ സ്ഥാപനം.

കച്ചവടപ്പണി വിട്ടു നിയം പഠിക്കാൻ ചേർന്ന മകന്റെ ധിക്കാരം കറാച്ചിയിലെ പിതാവിന് രസിച്ചില്ല. എന്നിരുന്നാലും മകന്റെ ചെലവിനുള്ള പണം ശരിക്കും അയച്ചുകൊടുത്തിരുന്നു. മകനാവട്ടെ നിയമപഠനത്തോടൊപ്പം ഇംഗ്ലീഷ് മ്യൂസിയവും അതിലെ ഗ്രന്ഥാലയവും ശരിക്കും ഉപയോഗപ്പെടുത്തി. ഹെഡ്പാർക്കിൽ ഞായറാഴ്ചതോറും സ്പീക്കേഴ്സ് കോർണറിൽ നടക്കുന്ന വാചാലപ്രസംഗങ്ങൾ കേട്ടു. പിന്നീട് വിശ്വവിഖ്യാത പ്രാസംഗികരായി മാറിയ അവിടത്തെ അക്കാലത്തെ പ്രാസംഗികരുടെ വാഗ്വിലാസവും ശൈലിയും വശത്താക്കി.

For Group Contact us +91 9746065242

mappilaheritagelibrary.com

അന്നു ജിന്നയെ ഏറ്റവും ആകർഷിച്ച ഒരു ഇന്ത്യക്കാരനുണ്ടായിരുന്നു ലണ്ടനിൽ. ദാദാ ഭായ് നവറോജി എന്ന പാർസ് പ്രമുഖൻ. ലിബറൽ കക്ഷിക്കാരനായി ബ്രിട്ടീഷ് പാർലിമെന്റിൽ മൽസരിച്ചു ജയിച്ച ബോംബെ സ്വദേശിയായ നവറോജി അറിയപ്പെട്ടത് മിസ്റ്റർ നേരോ മജോറിറ്റി (Mr. Narrow Majority) എന്ന പേരിലായിരുന്നു. തെരഞ്ഞെടുപ്പിൽ വെറും മൂന്ന് വോട്ട് ഭൂരിപക്ഷം കൊണ്ട് (ഏറ്റവും കുറഞ്ഞ ഭൂരിപക്ഷം) വിജയിച്ചതാണ് ഈ അപരനാമത്തിനു കാരണം. ദാദാഭായിയുടെ കോമൺസഭാ പ്രസംഗം ജിന്നക്ക് ആവേശം പകർന്നു. ഇന്ത്യൻ ദേശീയവാദിയായ നവറോജിയുടെ വിജയത്തിനായി ജിന്നയെപ്പോലുള്ള ചെറുപ്പക്കാർ തെരഞ്ഞെടുപ്പിൽ ആത്മാർഥമായി പ്രവർത്തിച്ചിരുന്നു. സെൻട്രൽ ഫിട്സ്ബരി പാർലിമെന്ററി നിയോജകമണ്ഡലത്തിൽനിന്നു 1895-ൽ ബ്രിട്ടീഷ് പാർലിമെന്റിലേക്കു തിരഞ്ഞെടുക്കപ്പെട്ട ഈ വന്ദ്യവയോധികൻ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ രണ്ടാം സമ്മേളനം 1886ൽ ചേർന്നപ്പോൾ അതിന്റെ അധ്യക്ഷനായി തിരഞ്ഞെടുക്കപ്പെട്ടു.

ലണ്ടനിൽ പഠിച്ചുകൊണ്ടിരുന്ന ജിന്നക്ക് വളറെ ഇഷ്ടപ്പെട്ട ഒന്ന് നാടകങ്ങളായിരുന്നു. ലണ്ടൻ പട്ടണത്തിന്റെ തിയറ്ററുകളും നാടകങ്ങളും പ്രത്യേകതകളാണ്. റോമിയോ ആൻഡ് ജൂലിയറ്റ് നാടകത്തിൽ ജിന്ന റോമിയോ ആയി പ്രത്യക്ഷപ്പെട്ടിരുന്നു.

നിയമപഠനം പൂർത്തിയാക്കിയെങ്കിലും സാമ്പത്തിക ക്ലേശം കാരണം വിഷമിച്ച ജിന്ന തനിക്കിഷ്ടപ്പെട്ട നാടകാഭിനയത്തിന് ഒരു കമ്പനിയിൽ അപേക്ഷകനായിരുന്നു. ഭാവാഭിനയ ടെസ്റ്റിന് പോയി സെലക്ഷൻ കിട്ടിക്കഴിഞ്ഞപ്പോൾ വീട്ടിൽ കാര്യമറിയിച്ചു. പിതാവ് കുപിതനായി. കുടുംബത്തെ വഞ്ചിക്കരുതെന്ന പിതാവിന്റെ കത്ത് ജിന്നയെ ഇതികർത്തവ്യതാമൂഢനാക്കി. മാതാവും ഭാര്യയും നഷ്ടപ്പെട്ട വാർത്തയറിഞ്ഞു വ്യാകുലചിത്തനായ ജിന്ന പിതാവിന്റെ കത്തു കിട്ടിയപ്പോൾ ഒരു തീരുമാനമെടുത്തു. എത്ര വിഷമിച്ചാലും നാടകാഭിനയ ജോലിക്ക് ചേരില്ല എന്ന്. തന്റെ പിതാവിനെ ആ വിവരം അറിയിച്ചു കഴിഞ്ഞ ശേഷം മാത്രമേ ആ യുവ ബാരിസ്റ്റർക്ക് മനഃസ്സമാധാനം വന്നുള്ളു.

ഇനി എന്തുവേണം? ഇംഗ്ലണ്ടിൽ തുടരണമോ നാട്ടിലേക്ക് മടങ്ങണമോ? മാതാവും ഭാര്യയും നഷ്ടപ്പെട്ട നാട്. ജീവിക്കാൻ മാർഗ്ഗമില്ലാത്ത ഇംഗ്ലണ്ടും. ജിന്ന തീരുമാനിച്ചു-

For Group Contact us +91 9746065242

mappilaheritagelibrary.com

'മുഹമ്മദലി ജിന്ന ബാരിസ്റ്റർ അറ്റ് ലോ.'

1896 മെയ് 11-നു ലിങ്കൻസ് ഇന്നിൽനിന്ന് ഇറങ്ങി നിന്നു. അധികം വൈകാതെ കറാച്ചിക്ക് കപ്പൽ കയറി. മൂന്ന് വർഷങ്ങൾക്ക് മുമ്പ് കപ്പലിൽ നാടുവിട്ടപ്പോഴും തനിച്ചായിരുന്നു. ഇപ്പോഴും ഏകനായിട്ടു തന്നെ. മൂന്ന് സാധനങ്ങൾ കൂടെയുണ്ടായിരുന്നു. കുറേ പുസ്തകങ്ങൾ, ലണ്ടനിൽ ഏറ്റവും നന്നായി വസ്ത്രം ധരിക്കുന്ന ഇന്ത്യക്കാരിലൊളായിരുന്ന തന്റെ കുറേയേറെ പരിഷ്കൃത സൂട്ടുകൾ, ബാരിസ്റ്റർ എന്ന ബിരുദവും.

കറാച്ചിയിൽ സാമാന്യം ധനാഢ്യനായിരുന്ന ജിന്നാഭായ് പുഞ്ച് സാമ്പത്തികമായി വിഷമത്തിലായിരുന്ന കാലം. മാതാവും ഭാര്യയും നഷ്ടപ്പെട്ട കാലം, ബാരിസ്റ്റർ ജിന്നക്കവിടെ ഒന്നുമുണ്ടായിരുന്നില്ല. വീണ്ടും ബോംബെക്ക് പുറപ്പെട്ടു. കഴിഞ്ഞ കുറച്ചു മാസങ്ങളിൽ നിരാശാഭരിതമായ അനുഭവങ്ങൾ കൊണ്ടു കനം കൂടിയ മനസ്സിന്റെ ഉടമയായ ജിന്ന 1896 ആഗസ്ത് 24-ാനു ബോംബെ ഹൈക്കോടതിയിൽ അഭിഭാഷകനായി എൻറോൾ ചെയ്തു.

ബോംബെയിൽ ബാരിസ്റ്റർ ജിന്നയുടെ ആദ്യനാളുകൾ വളരെ വിഷമം പിടിച്ചതായിരുന്നു. പാർണി റോഡിലെ അപ്പോളോ റയിൽവേ ഹോട്ടലിൽ ഭേദപ്പെട്ട ഒരു മുറിയെടുത്തു താമസിച്ച ജിന്നക്ക് തന്റെ പിതൃസഹോദരി കുടുംബത്തിന്റെ തണലും പ്രോൽസാഹനവും മാത്രമേ ആശ്രയമായി ഉണ്ടായിരുന്നുള്ളു. മൂന്നു വർഷങ്ങൾക്കു ശേഷം ബോംബെയിലെ അന്നത്തെ അഡ്വക്കറ്റ് ജനറൽ ജോൺ മോൾഡ് വർത്ത് മക്ഫർസനുമായി പരിചയപ്പെട്ട ശേഷമാണ് അഭിഭാഷക ജോലിയിൽ ജിന്നക്ക് പിടിച്ചുനിൽക്കാനായത്.

ഒരിന്ത്യക്കാരനു മാക്ഫർസൻ നൽകിയ ആദ്യത്തെ ക്ഷണം മുഹമ്മദലി ജിന്നക്കായിരുന്നു. അഡ്വക്കറ്റ് ജനറലിന്റെ ചേമ്പറുമായി ബന്ധപ്പെട്ട ബാരിസ്റ്റർ ജിന്നക്ക്, ബോംബെയിലെ നാലു മുനിസിപ്പൽ ജഡ്ജി സ്ഥാനങ്ങൾ ഒഴിവുള്ളതായി മനസ്സിലാക്കാൻ കഴിഞ്ഞു. അന്നത്തെ ബോംബെ ഗവർണ്ണറുടെ എക്സിക്യൂട്ടീവിൽ ജുഡീഷ്യൽ മെമ്പറായിരുന്നു സർ ചാൾസ് ഒല്ലി വന്റിയുടെ ഓഫിസിൽ അഡ്വക്കറ്റ് ജനറൽ മാക്ഫർസന്റെ ശുപാർശക്കത്തുമായി ചെന്ന ബാരിസ്റ്റർ എം.എ. ജിന്നക്ക് ഒഴിവായിക്കിടന്ന മൂന്നാം പ്രസിഡൻസി മജിസ്ട്രേട്ടായി താൽക്കാലിക നിയമനം കിട്ടി.

For Group Contact us +91 9746065242

mappilaheritagelibrary.com

കുറ്റകൃത്യങ്ങളെ തുടർന്നു തന്റെ മുന്നിൽ ഹാജരാക്കപ്പെടുന്ന പ്രതികളെ തികച്ചും നിഷ്പക്ഷമായി വിചാരണ ചെയ്തു വിധി പ്രസ്താവിച്ചിരുന്ന മജിസ്ട്രേട്ട് എം.എ. ജിന്ന എല്ലാവരുടെയും പ്രശംസക്ക് പാത്രീഭൂതനായിത്തീർന്നു. നിർഭയനും നിഷ്പക്ഷനുമായിരുന്നു അദ്ദേഹം. പക്ഷേ തന്റെ ജീവിതം ഒരു മജിസ്ട്രേട്ട് ഉദ്യോഗത്തിൽ ഒതുക്കി നിർത്താൻ അദ്ദേഹം തയ്യാറായില്ല. ബഹുമാന്യമായ മജിസ്ട്രേട്ട് പദത്തിൽ സ്ഥിരപ്പെടുത്താൻ സർ ചാൾസ് ഒരുങ്ങി. എന്നാൽ ജിന്ന വഴങ്ങിയില്ല. പ്രതിമാസം 1500 ക ശമ്പളം ലഭിക്കുന്ന ഒരുദ്യോഗം വേണ്ടെന്നു വെക്കുകയോ? ജിന്നയോട് ചാൾസ് ചോദിച്ചു. 1901ൽ അത് ഒരു ഇന്ത്യക്കാരനു കിട്ടാവുന്ന ഏറ്റവും മികച്ച ശമ്പളമായിരുന്നു. എന്നാൽ ജിന്ന സർ ചാൾസിനോടു സധൈര്യം പറഞ്ഞു.

''അധികം വൈകാതെ അത്രയും തുക ഞാൻ ഒരു ദിവസംകൊണ്ട് സമ്പാദിക്കും.''

സ്വതന്ത്രനായ ഒരഭിഭാഷകനായി ബോംബെ ബാറിൽ പ്രാക്ടീസ് ആരംഭിച്ച ബാരിസ്റ്റർ ജിന്ന അത് മറ്റുള്ളവർക്ക് തെളിയിച്ചുകൊടുക്കുകയും ചെയ്തു.

മൂന്നുനാലു വർഷങ്ങൾക്കകം ജിന്നയുടെ ജീവിതത്തിൽ ചില മാറ്റങ്ങളുണ്ടായി. രോഗിയായി മാറിയ പിതാവ് ജിന്നാഭായ് പുഞ്ച് സകുടുംബം കറാച്ചിയിൽനിന്ന് ബോംബെക്ക് മാറി. രത്നഗിരി ജില്ലയിലെ കടൽത്തീരത്ത് അദ്ദേഹം ബാക്കി ജീവിതം കഴിച്ചുകൂട്ടി. ഏക സഹോദരി ഫാത്തിമയെ സഹോദരൻ ജിന്നയുടെ ചിലവിൽ ബാന്ദ്രയിലെ കോൺവന്റ് സ്കൂളിൽ ചേർത്തു. ഒഴിവ് വേള ആ സഹോദരൻ തന്റെ പ്രിയ സഹോദരിയെ ഹോസ്റ്റലിൽ ചെന്ന് കാണും. ജിന്നയും ഒരു ചെറിയ ഫ്ളാറ്റിലേക്ക് താമസം മാറ്റി. ഫാത്തിമ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി കഴിഞ്ഞപ്പോൾ അവളെ കൽക്കത്ത സർവകലാശാലയിലെ ഡെന്റൽ സ്കൂളിൽ ചേർത്തു. സഹോദരനെപ്പോലെ മെലിഞ്ഞു പൊക്കം കൂടി കവിളെല്ലുകൾ ഉന്തി നിൽക്കുന്ന ഫാത്തിമയും ആരെയും ആകർഷിക്കുന്ന പെൺകുട്ടിയായിരുന്നു.

ജിന്നാ സാഹിബിന്റെ പിൽക്കാല ജീവിതത്തിൽ ഫാത്തിമ വഹിച്ച പങ്ക് എല്ലാ ചരിത്രകാരൻമാരും രേഖപ്പെടുത്തിയിട്ടുണ്ട്. സഹോദരനും സഹോദരിയും മരിക്കും വരെ ഒന്നിച്ചായിരുന്നു.

For Group Contact us +91 9746065242

mappilaheritagelibrary.com

തന്റെ ജീവിതത്തിൽ പ്രിയപ്പെട്ട സഹോദരി ചെയ്ത നിസ്തുലമായ സേവനങ്ങളെപ്പറ്റി പാക്കിസ്ഥാൻ സ്ഥാപിച്ചു കഴിഞ്ഞ ശേഷം ജിന്ന തന്നെ വിശേഷിപ്പിക്കുകയുണ്ടായി.

ഞാൻ എപ്പോഴെല്ലാം വീട്ടിൽ വന്നു കാണുന്നുവോ, അപ്പോഴെല്ലാം എന്റെ സഹോദരി എനിക്ക് പ്രഭാപൂരം പരത്തുന്ന പ്രകാശത്തിന്റെയും പ്രത്യാശകളുടെയും കിരണമായിരുന്നു. അവളുടെ നിർബന്ധപൂർവ്വമായ നിഷ്കർഷകളില്ലായിരുന്നുവെങ്കിൽ എന്റെ ഉൽകണ്ഠ കൂടാനും എന്റെ ആരോഗ്യം മോശമാകാനും ഇടവരുമായിരുന്നു.

ഒരഭിഭാഷകനെന്ന നിലക്ക് കോടതിക്കകത്തും പുറത്തും ബാരിസ്റ്റർ മുഹമ്മദലി ജിന്ന തന്റെ വ്യക്തിത്വം എപ്പോഴും ഉയർത്തിപ്പിടിച്ചിരുന്നു. ആർക്കും വഴങ്ങാത്ത പ്രകൃതമായിരുന്നു അദ്ദേഹത്തിന്റേത്. ജിന്നാ സാഹിബിന്റെ ജീവചരിത്രമെഴുതിയ ഹെക്ടർ ബോളിതോ ബോംബെ ഹൈക്കോടതിയിൽ ജിന്ന പ്രാക്ടീസ് ചെയ്ത കാലത്തുണ്ടായ ചില സംഭവങ്ങൾ ജിന്ന പാക്കിസ്ഥാന്റെ സ്ഥാപകൻ എന്ന ഗ്രന്ഥത്തിൽ വിവരിച്ചിട്ടുണ്ട്.

ബോംബെ കോർപറേഷന്റെ പ്രസിഡന്റ് 1903ൽ സ്കോട്ട്ലണ്ടുകാരനായ ജെയിംസ് മക്ഡോനാൾഡായിരുന്നു. ബോംബെ കോർപറേഷന്റെ എല്ലാ കാര്യങ്ങളും ഈ സായ്പിന്റെ കയ്യിലായിരുന്നു. ബോംബെ ഹൈക്കോടതി ഒരു വലിയ കേസ് അന്ന് വിചാരണ ചെയ്യുകയായിരുന്നു. കോടതിമുറി നിറഞ്ഞിരുന്നു. കവാടം പോലും അടച്ചിട്ടു വക്കീലൻമാർക്ക് പ്രത്യേകമായി ഒരു സ്ഥലം കോടതിക്കകത്ത് നീക്കിവച്ചിരുന്നു. അന്ന് അത്രയൊന്നും അറിയപ്പെടാതിരുന്ന ജിന്ന അവിടെ എത്തിയപ്പോൾ തനിക്കിരിക്കാൻ തീരെ സ്ഥലമില്ല. വക്കീലൻമാർക്കുള്ള സീറ്റുകളിലൊന്നിൽ ജയിംസ് മാക്ഡോനാൾഡ് ഉപവിഷ്ടനായി കണ്ട ജിന്ന അദ്ദേഹത്തോടു സീറ്റ് മാറിത്തരാൻ ആവശ്യപ്പെട്ടു. സ്വാഭാവികമായും അദ്ദേഹം തിരസ്കരിച്ചു. അപ്പോൾ ജിന്ന കോടതിയിലെ ക്ളർക്കിനെ സമീപിച്ചു. ജയിംസ് മാക്ഡോനാൾഡിനെ ആ സീറ്റിൽനിന്ന് മാറ്റിയിരുത്തണമെന്ന് പറഞ്ഞു. കോർപറേഷൻ പ്രസിഡന്റിനെ അങ്ങിനെ ചെയ്യാൻ ക്ളാർക്ക് മടിച്ചപ്പോൾ താൻ ജഡ്ജിക്ക് പരാതി ബോധിപ്പിക്കുമെന്നായി ജിന്ന. ഗത്യന്തരമില്ലാതെ ക്ലർക്ക് മാക് ഡോണാൾഡിനെ സമീപിച്ചു. ആവശ്യം അറിയിച്ചു. അങ്ങനെ ഇന്ത്യക്കാരനായ ജിന്നക്ക്

For Group Contact us +91 9746065242

mappilaheritagelibrary.com

സീറ്റ് നൽകാനായി വെള്ളക്കാരൻ കോർപറേഷൻ പ്രസിഡന്റ് എഴുന്നേൽക്കേണ്ടിവന്നു. സത്യത്തിൽ മാക്ഡോണാൾഡ് കുപിതനാകുമായിരുന്നു. എന്നാൽ അദ്ദേഹം ശാന്തനായി ജിന്നയോട് പേര് മാത്രം ചോദിച്ചിരുന്നു. അടുത്ത ദിവസം ജിന്നയെ പ്രതിമാസം ആയിരം ഉറുപ്പിക വരുമാനം കിട്ടുന്ന കോർപ്പറേഷൻ കേസ് വാദിക്കുന്ന ജോലി ഭാരമേൽപ്പിക്കുകയാണുണ്ടായത്.

മറ്റൊരവസരം ജിന്ന കേസു വാദിച്ചുകൊണ്ടിരിക്കെ ജഡ്ജി ജിന്നയോടു കർശനമായി പറഞ്ഞു. "താങ്കൾ കേസ് വാദിക്കുന്നത് ഒരു മൂന്നാം ക്ലാസ് മജിസ്ട്രേട്ടിന്റെ മുമ്പിലല്ല."

ബാരിസ്റ്റർ ജിന്ന ഉടൻ തിരിച്ചടിച്ചു. "പ്രഭോ അങ്ങയുടെ മുമ്പിൽ കേസ് വാദിക്കുന്നതും ഒരു മൂന്നാം ക്ലാസ് വക്കീലല്ല."

തന്റെ സ്വാതന്ത്ര്യവും അഭിമാനവും അദ്ദേഹം ആരുടെ മുമ്പിലും അടിയറ വെക്കാറില്ല.

ഒരിക്കൽ തന്റെ കേസ് ജയിച്ചതിൽ സന്തുഷ്ടനായ ഒരു കക്ഷി ജിന്നക്ക് ആദ്യം നിശ്ചയിച്ചതിനെക്കാളും വലിയ തുക ഫീസിനത്തിൽ അയച്ചുകൊടുത്തു. ജിന്ന ഉടൻ മറുപടി അയച്ചു, നിങ്ങൾ എനിക്കയച്ച തുക (ഇത്ര) എന്റെ ഫീസ് ബാക്കി തുക ഇതാ തിരിച്ചയക്കുന്നു.

മറ്റൊരിക്കൽ ജിന്നയെ വലിയ ഒരു വർത്തകപ്രമുഖനായ അബ്ദുൽ കരീം ഹാജി പ്രമാദമായ ഒരു കേസ് ഏൽപിക്കാൻ സമീപിച്ചു. ജിന്നയോട് കേസിന് ആകെ എത്ര ഫീസ് വരുമെന്ന് കക്ഷി അന്വേഷിച്ചു. ജിന്ന പറഞ്ഞു ഒരു ദിവസം ഹാജരാവാൻ ഫീസ് 500 ക.

കച്ചവടക്കാരൻ പറഞ്ഞു. 'എന്റെ പക്കൽ 5000 കയുണ്ട്. കേസിന് ആകെ ഈ പണം ഫീസായി സ്വീകരിച്ചുകൂടേ.'

ജിന്ന പറഞ്ഞു. "ഇത് സ്വീകരിക്കാൻ വയ്യ. എന്റെ ഫീസ് ഒരു ദിവസം 500 കയാണ്. ഈ വ്യവസ്ഥയിൽ മാത്രം കേസേൽപ്പിച്ചാൽ മതി. അല്ലെങ്കിൽ മറ്റൊരു വക്കീലിനെ ഏൽപ്പിച്ചോളൂ."

അബ്ദുൽ കരീം വ്യവസ്ഥ അംഗീകരിച്ചു. മൂന്നു ദിവസം കൊണ്ട് കേസ് തീർന്നു. ജിന്ന 1500 ക മാത്രം സ്വീകരിച്ചു.

ഒരിക്കൽ ജിന്ന കേസ് വാദിച്ചുകൊണ്ടിരിക്കെ ജസ്റ്റിസ് കുറച്ച് ഉച്ചത്തിൽ പറയാൻ ആവശ്യപ്പെട്ടു. ഉടൻ ജിന്നയുടെ മറുപടി

"ഞാൻ ഒരു ബാരിസ്റ്ററാണ്, നടനല്ല".

ക്ഷമാശീലമുള്ള ജഡ്ജി വീണ്ടും പറഞ്ഞു

"മി. ജിന്ന കുറച്ച് ഉച്ചത്തിൽ സംസാരിക്കാനാണ് ഞാൻ പറഞ്ഞത്."

For Group Contact us +91 9746065242

mappilaheritagelibrary.com

ജിന്നയുടെ മറുപടി വീണ്ടും. ''അങ്ങയുടെ മുമ്പിലുള്ള ആ പുസ്തക കൂമ്പാരം ഒന്ന് മാറ്റി വച്ചാൽ ഞാൻ പറയുന്നത് കേൾക്കാൻ കഴിയും.''

ഒരഭിഭാഷകനെന്ന നിലക്ക് കോൺഗ്രസിലെ തീവ്രവാദി നേതാവായിരുന്ന ബാലഗംഗാധര തിലകന്റെ കേസു വാദിച്ചവരിൽ ഒരാളായിരുന്നു എം.എ. ജിന്ന. അദ്ദേഹം അഭിഭാഷകവൃത്തിയിൽ തന്റെ വ്യക്തിമുദ്ര പതിപ്പിച്ചിരുന്നു. മി. ജിന്ന കേസ്സു വാദിക്കുന്നത് ഒരു കലാസൃഷ്ടിയല്ലാതെ മറ്റൊന്നുമായിരുന്നില്ല എന്നാണ് ഒരു കാലം ജിന്നയുടെ ജൂനിയറും പിന്നെ ബോംബെ ഹൈക്കോടതി ചീഫ് ജസ്റ്റിസും കേന്ദ്രമന്ത്രിയുമായിരുന്ന എം.സി. ചഗ്ള ആത്മകഥയിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

ജിന്നയുടെ ആദ്യകാല പൊതുപ്രവർത്തനം കോൺഗ്രസ്സുമായി ബന്ധപ്പെട്ടുകൊണ്ടായിരുന്നു. അദ്ദേഹം ഇംഗ്ലണ്ടിലായിരുന്നപ്പോൾ തന്നെ ബ്രിട്ടീഷ് പാർലിമെന്റംഗമായ ദാദാ ായ് നവറോജിയുടെ ഒരു അനുയായി ആയിരുന്നു. എന്നാൽ ജിന്ന വളരെ ബഹുമാനിച്ച മറ്റൊരു പാർസി ബോംബെയിലുണ്ടായിരുന്നു. സർ ഫിറോസ് ഷാ മേത്ത. 1890ലെ കോൺഗ്രസ് അധ്യക്ഷൻ, ഇംഗ്ലണ്ടിലെ ലിങ്കൺസ് ഇന്നിൽനിന്ന് ആദ്യമായി ബാരിസ്റ്റർ ബിരുദം നേടിയ സർ ഫിറോസ് ഷാ 46 വർഷം തുടർച്ചയായി ബോംബെ മുനിസിപ്പൽ കോർപ്പറേഷന്റെ പ്രസിഡന്റായിരുന്നു. അന്ന് ബോംബെയുടെ കിരീടം വെക്കാത്ത രാജാവായിരുന്ന ഫിറോസ് ഷാ ജിന്നയുടെ ആദരവിന്റെ കേന്ദ്രബിന്ദുവായിരുന്നു. ''ബ്രിട്ടനിലെ ലിബറൽ ഗവൺമെന്റിനോടു ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ പ്രശ്നം വാദിക്കാൻ അവിടേക്ക് അയക്കേണ്ട രണ്ടു പേരുണ്ട്''. ഒരിക്കൽ ഫിറോസ് ഷാ മേത്ത പറഞ്ഞു.

''ഒന്ന് എം.എ. ജിന്ന, മറ്റൊരാൾ ഗോപാലകൃഷ്ണ ഗോഖലെ.'' ഈ അഭിപ്രായം ഫിറോസ് ഷാ പ്രകടിപ്പിച്ചപ്പോൾ അന്ന് ജിന്നയുടെ കഴിവുകൾ അറിയുന്ന അത്രയധികം ആളുകൾ ഇന്ത്യയിലില്ലായിരുന്നു.

1900ലെ കോൺഗ്രസ് സമ്മേളനത്തിലാണ് ജിന്ന ആദ്യമായി ദേശീയരംഗത്ത് വന്നത്. അന്നത്തെ കോൺഗ്രസിന്റെ അധ്യക്ഷനായിരുന്ന ദാദാഭായ് നവറോജിയുടെ സെക്രട്ടറിയെന്ന നിലയിൽ. കൽക്കത്തയിൽ ചേർന്ന പ്രസ്തുത കോൺഗ്രസ് സമ്മേളനത്തിൽ

For Group Contact us +91 9746065242

mappilaheritagelibrary.com

വയോവൃദ്ധനായ ദാദാഭായ് നവറോജിയുടെ അധ്യക്ഷപ്രസംഗം തയ്യാറാക്കുന്നതിൽ വലിയ പങ്ക് വഹിച്ചത് സെക്രട്ടറിയായ ജിന്ന യായിരുന്നു. ദേശീയ ഐക്യത്തെ ഏറ്റവും ഊന്നിപ്പറഞ്ഞ ഒരു പ്രസംഗമായിരുന്നു അത്. അന്നു മുതൽ ജിന്ന സംബന്ധിച്ച ഏത് യോഗത്തിലും അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഊന്നിപ്പറയുന്ന കാര്യവും ദേശീയ ഐക്യം തന്നെയായിരുന്നു.

കൽക്കത്ത കോൺഗ്രസിൽ വെച്ചായിരുന്നു ഇന്ത്യയുടെ വാനമ്പാടിയെന്നറിയപ്പെട്ടിരുന്ന സരോജിനി നായിഡുവുമായി ജിന്ന ആദ്യം കണ്ടുമുട്ടിയത്. അന്ന് വളരുന്ന ഒരഭിഭാഷകനും ഉയരുന്ന ഒരു രാഷ്ട്രീയ നേതാവുമായി എണ്ണപ്പെട്ടുകഴിഞ്ഞ ജിന്ന അവരെ ആദ്യത്തെ കാഴ്ചയിൽതന്നെ ഹഠാദാകർഷിച്ചു. സരോജിനി നായിഡു ജിന്നയുമായുള്ള തന്റെ സൗഹൃദം തുടർന്നു.

കൽക്കത്ത കോൺഗ്രസ് കഴിഞ്ഞു ബോംബെയിൽ തിരിച്ചെത്തിയ ജിന്നയിൽ ഒരു പുതിയ ആവേശവും പുതിയ കാഴ്ചപ്പാടുമുണ്ടായി. ഹിന്ദു മുസ്‌ലിം ഐക്യത്തിന്റെ ദീപശിഖ ഉയർത്തിപ്പിടിക്കാൻ അദ്ദേഹം മുന്നോട്ടുവന്നു. ദേശീയത്വവും മതേതരത്വവും ഇന്ത്യയിൽ സ്വരാജ് നേടിയെടുക്കാനാവശ്യമാണെന്നു ജിന്ന ഉറച്ചു വിശ്വസിച്ചു. സങ്കുചിത ചിന്തകൾക്കതീതമായ സ്വതന്ത്ര ഭാരതം നേടിയെടുക്കാനും ഹിന്ദു-മുസ്‌ലിം ഐക്യത്തിലൂടെ അത് കെട്ടിപ്പടുക്കാനും സാധ്യമാവുമെന്നു ഉറച്ചു വിശ്വസിച്ച ജിന്ന അക്കാലത്ത് സരോജിനി നായിഡു വിശേഷിപ്പിച്ച 'ഹിന്ദു-മുസ്‌ലിം ഐക്യത്തിന്റെ അമ്പാസിഡർ' പദത്തിന് ഏറ്റവും യോഗ്യനായിരുന്നു. അന്ന് ബോംബെയിൽ ഇരുന്നുകൊണ്ട് കോൺഗ്രസിന്റെ നേതൃനിരയെ നിയന്ത്രിച്ചിരുന്ന ത്രിമൂർത്തികൾ ദാദാഭായ് നവറോജി, ഗോപാലകൃഷ്ണ ഗോഖലെ, ഫിറോസ് ഷാ മേത്ത എന്നീ പാർസികൾ ജിന്നയെയും അദ്ദേഹത്തിന്റെ രാഷ്ട്രീയ കാഴ്ചപ്പാടിനെയും പരിപൂർണ്ണമായി അംഗീകരിക്കുകയും മുസ്‌ലിം സമുദായം കോൺഗ്രസിന് നൽകിയ ഏറ്റവും വലിയ പ്രതിഭയായി ജിന്നയെ സ്വീകരിക്കുകയും ചെയ്തു.

എന്നാൽ അന്ന് കോൺഗ്രസിനുള്ളിലെ സ്ഥിതി ആശാസ്യമായിരുന്നില്ല. ബാലഗംഗാധര തിലകന്റെയും ബംഗാളിലെ ബിപിൻ ചന്ദ്രപാലിന്റെയും നേതൃത്വത്തിൽ കോൺഗ്രസിലെ തീവ്രവാദികൾ ഗോഖലെയുടെ നയങ്ങളെ അനുകൂലിച്ചില്ല. ബോംബെ

For Group Contact us +91 9746065242

mappilaheritagelibrary.com

ത്രിമൂർത്തികളുടെ ഇഴഞ്ഞുനീങ്ങുന്ന കാളവണ്ടിക്ക് പൂർണ്ണ സ്വാതന്ത്ര്യത്തിലേക്കെത്താൻ കഴിയുകയില്ലെന്നായിരുന്നു തിലകന്റെ പക്ഷം. മിൻടോ-മോർലി ഭരണ പരിഷ്ക്കാരത്തിന്റെ പേരിൽ വൈസ്രോയിയുടെ ഭരണ നിർവഹണസമിതിയിൽ പ്രതിനിധികളെ തിരഞ്ഞെടുക്കുന്ന വ്യവസ്ഥ ഒരു പുതിയ പാതയാണെങ്കിൽപോലും അതുകൊണ്ട് തൃപ്തിപ്പെടാൻ തിലകനും കൂട്ടരും തയ്യാറായില്ല. 1907-ൽ നടന്ന സൂറത്ത് കോൺഗ്രസ്സിൽ വച്ച് ഗോഖലെ പക്ഷവും തിലകന്റെ പക്ഷവും ഇടഞ്ഞു കയ്യാങ്കളി വരെ എത്തി. അന്നത്തെ കോൺഗ്രസിന്റെ അധ്യക്ഷൻ ഗോഖലെ-ഫിറോസ് ഷാ മേത്ത ഗ്രൂപ്പിൽപ്പെട്ട ഡോ.റാഷ് ബിഹാരി ഘോഷ് ആയിരുന്നു. ഡോ. ഘോഷ് അധ്യക്ഷവേദിയിലേക്ക് കടന്ന് അധ്യക്ഷപ്രസംഗമാരംഭിച്ചപ്പോൾ തിലകൻ തന്നെ പ്രസംഗ മണ്ഡപത്തിലേക്ക് കയറി. തിലകനെ ചിലർ കയ്യേറ്റം ചെയ്യാൻ ശ്രമിച്ചപ്പോൾ ഗോഖലെ ഇടപെട്ടു രക്ഷപ്പെടുത്തി. സമ്മേളനപ്പന്തലാകെ ബഹളവും അടിപിടിയുമായി. ഫിറോസ് ഷാ മേത്തയ്ക്കും സുരേന്ദ്രനാഥ ബാനർജിക്കും ചെരിപ്പേറു കൊണ്ടു. പൊലീസ് വന്ന് ആളുകളെ ഒഴിപ്പിച്ചു.

ബാലഗംഗാധര തിലക് യാഥാസ്ഥിതിക ഹിന്ദുക്കളെ സ്വാധീനിക്കാൻ ശ്രമങ്ങൾ നടത്തി. തീവ്രവാദിയായ അദ്ദേഹത്തിന് വമ്പിച്ച ജനപിന്തുണയുണ്ടായിരുന്നു. പൂനയിലെ കേസരി പത്രത്തിൽ തിലകന്റെ ലേഖനങ്ങളുടെ പേരിൽ 1908-ൽ രാജ്യദ്രോഹക്കുറ്റം ചുമത്തി ജയിലിലടച്ചപ്പോൾ അദ്ദേഹം തന്റെ പ്രധാന അഭിഭാഷകനായി കേസേൽപ്പിച്ചത് യുവാവായ ജിന്നയെയായിരുന്നു. കേസിൽ ജിന്നയുടെ വാദങ്ങൾ അന്നത്തെ ജഡ്ജി സ്വീകരിച്ചില്ലെങ്കിലും പ്രമാദമായ തിലകൻ കേസ് ജിന്നക്ക് പുതിയൊരു അംഗീകാരം നേടിക്കൊടുത്തു. 1916-ൽ വീണ്ടും തിലകനെ ജയിലിലിട്ടപ്പോൾ ജിന്ന തന്നെയായിരുന്നു തിലകന് വേണ്ടി വാദം നടത്തിയത്. തിലകൻ വിട്ടയക്കപ്പെട്ടു. അന്ന് മുസ്‌ലി ലീഗുകാരനായിത്തീർന്ന ജിന്നക്ക് യാഥാസ്ഥിതിക ഹൈന്ദവ വിഭാഗത്തിനിടയിൽ അംഗീകാരവും പേരും ആ കേസ് നേടിക്കൊടുത്തു.

ജിന്ന തിലകന്റെ കേസെടുത്തതിന്റെ ഫലമായി അന്നത്തെ സാമുദായിക സംഘർഷങ്ങൾക്ക് അയവ് വരുത്താനും ജിന്നയുടെ മതേതര കാഴ്ചപ്പാടിന്റെ ദർശനമായി മറ്റുള്ളവർക്കദ്ദേഹത്തെ മനസ്സിലാക്കാനും കഴിഞ്ഞു.

For Group Contact us +91 9746065242

mappilaheritagelibrary.com

അന്നത്തെ വൈസ്രോയി മിൻടോ പ്രഭുവും അന്ന് ബ്രിട്ടീഷ് മന്ത്രിസഭയിൽ ഇന്ത്യാ സെക്രട്ടറിയായിരുന്ന കേർളി പ്രഭുവും സംയുക്തമായി ഇന്ത്യക്ക് വേണ്ടി തയ്യാറാക്കി നടപ്പിലാക്കിയ പരിഷ്ക്കാരത്തിന്റെ ഭാഗമെന്ന നിലക്കാണ് വൈസ്രോയിയുടെ ഇമ്പീരിയൽ കൗൺസിൽ വികസിപ്പിച്ചത്. 1909ലെ ഇന്ത്യാ കൗൺസിൽ നിയമം ബ്രിട്ടീഷ് പാർലമെന്റ് അംഗീകരിച്ചു. അതനുസരിച്ച് 60 അംഗ നിയമ നിർമ്മാണ സഭയിൽ ആറ് മുസ്‌ലിം പ്രതിനിധികളാണുണ്ടായിരുന്നത്. എന്നാൽ പകുതിയിലേറെ വരുന്ന നോമിനേറ്റ് ചെയ്യപ്പെടുന്ന ബ്രിട്ടീഷ് ഉദ്യോഗസ്ഥൻമാരായ അംഗങ്ങളൂടെ സ്ഥാനത്ത് രണ്ടു മുസ്‌ലിംകളെ നോമിനേറ്റ് ചെയ്തു. മുസ്‌ലിം അംഗസംഖ്യ വർധിപ്പിക്കാമെന്നു മിൻടോ പ്രഭു വാക്ക് നൽകിയിരുന്നു.

എന്നാൽ 1901ൽ നിലവിൽ വന്ന വൈസ്രോയിയുടെ സെൻട്രൽ ലെജിസ്ലേറ്റീവ് കൗൺസിൽ എന്ന അന്നത്തെ ഏറ്റവും ഉന്നതമായ നിയമ നിർമാണ സഭയിലേക്ക് ബോംബെയിലെ മുസ്‌ലിം സീറ്റിൽനിന്നു 35 വയസ്സു മാത്രം പ്രായമായ ബാരിസ്റ്റർ മുഹമ്മദലി ജിന്ന തിരഞ്ഞെടുക്കപ്പെട്ടു. 1910 ജനുവരി 25ന് ബാരിസ്റ്റർ മുഹമ്മദലി ജിന്ന വൈസ്രോയിയുടെ സാമ്രാജ്യ നിയമനിർമാണ സഭയിലെ അംഗമായി സത്യപ്രതിജ്ഞ ചെയ്തു. ബ്രിട്ടീഷുകാരും അന്നത്തെ നാട്ടുരാജാക്കൻമാരുമായ ബ്രിട്ടീഷ് ഗവൺമെന്റിന്റെ ഇഷ്ട മിത്രങ്ങളോടൊപ്പം അന്നത്തെ ഇമ്പീരിയൽ സഭയിൽ ഇന്ത്യൻ ദേശീയ സ്വാതന്ത്ര്യ സമര നായകരായ അന്നത്തെ ഇന്ത്യയിലെ നാലു സമുന്നത രാഷ്ട്രീയ നേതാക്കൾ ഉണ്ടായിരുന്നു. ഗോപാലകൃഷ്ണ ഗോഖലെ, മോട്ടിലാൽ നെഹ്റു, സുരേന്ദ്രനാഥ് ബാനർജി, മുഹമ്മദലി ജിന്ന.

ആദ്യ ദിവസം തന്നെ സഭയിൽ ഏറ്റവും ചെറുപ്പക്കാരനായ എം.എ. ജിന്ന എല്ലാവരെയും അത്ഭുതപ്പെടുത്തിക്കളഞ്ഞു. തന്റെ കൗൺസിലിലെ പുതിയ അംഗങ്ങളെ സ്വാഗതം ചെയ്തുകൊണ്ട് വൈസ്രോയി മിൻടോ പ്രഭു തന്റെ വിശാലമാക്കിയ നിയമ നിർമാണ സഭയിൽ പുതുതായി വന്ന അംഗങ്ങൾ ഇന്ത്യൻ ജനങ്ങൾക്ക് വേണ്ടി നല്ല കാര്യങ്ങൾ ചെയ്യുമെന്ന് പ്രത്യാശ പ്രകടിപ്പിച്ചു. ആദ്യത്തെ ദിവസം വൈസ്രോയി ആധ്യക്ഷ്യം വഹിച്ച കൗൺസിലിൽ വന്ന ഒരു പ്രമേയം ദക്ഷിണാഫ്രിക്കയിലെ ട്രാൻസ്വാളിലെ ഇന്ത്യൻ തൊഴിലാളികൾ അനുഭവിക്കുന്ന ദുരിതങ്ങളെക്കുറിച്ചായിരുന്നു.

For Group Contact us +91 9746065242

mappilaheritagelibrary.com

പ്രമേയത്തെ അനുകൂലിച്ചുകൊണ്ട് ജിന്ന പ്രസംഗമാരംഭിച്ചു.

''പ്രഭോ കൗൺസിലിനു മുമ്പാകെയുള്ള ഈ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. പ്രമേയാവതാരകനായ ബഹുമാനപ്പെട്ട മെമ്പർ വളരെ വ്യക്തമായി വിശദീകരിച്ചതിനാൽ അധികമൊന്നും അതിനെ സംബന്ധിച്ച് പറയേണ്ടതില്ല. എന്നാൽ ഈ പ്രമേയത്തിന്റെ പ്രാധാന്യം നമ്മളിലാരെങ്കിലുമൊരാൾ പ്രമേയത്തെ സംബന്ധിച്ച് അഭിപ്രായം പ്രകടിപ്പിക്കണമെന്നത് അനിവാര്യമാക്കിത്തീർത്തിരിക്കുന്നു. എന്നാൽ ഞാൻ ആദ്യമായി പറയട്ടെ, ഇത് വേദനാജനകമായ ഒരു പ്രശ്നമാണ്. ദക്ഷിണാഫ്രിക്കയിലെ ഇന്ത്യക്കാർ അനുഭവിക്കുന്ന നിഷ്ഠൂരവും ക്രൂരവുമായ പെരുമാറ്റം ഇന്ത്യയിലെ എല്ലാ വിഭാഗത്തിൽപ്പെട്ട ജനങ്ങളിലും അങ്ങേയറ്റം അമർഷവും പ്രതിഷേധവും രോഷവും ഇളക്കിവിട്ടിരിക്കുകയാണ്.''
ഉടൻ വൈസ്രോയി ഇടപെട്ടു.

''ഓർഡർ!! ബഹുമാനപ്പെട്ട മെംബർ, ക്രൂരം എന്ന പദം കുറേ കടുപ്പം കൂടിയതാണെന്ന് ഞാൻ കരുതുന്നു. സാമ്രാജ്യത്തിന്റെ സുഹൃദ് വിഭാഗത്തിൽപ്പെട്ട ഒരു ഭാഗ(ദക്ഷിണാഫ്രിക്ക)ത്തെ സംബന്ധിച്ചതാണ് അതെന്നു ബഹുമാനപ്പെട്ട അംഗത്തെ ഞാൻ ഓർമ്മിപ്പിക്കട്ടെ. സന്ദർഭത്തിനനുസരിച്ച് ഭാഷ അദ്ദേഹം ഉപയോഗപ്പെടുത്തണം.''
ജിന്നയുടെ മറുപടി:

''പ്രഭോ ഞാൻ കൂടുതൽ കടുത്ത ഭാഷ ഉപയോഗിക്കണമെന്നാണ് കരുതിയത്. എന്നാൽ ഈ സഭയുടെ ഭരണഘടനയെ സംബന്ധിച്ച് എനിക്ക് നല്ല ബോധമുണ്ട്. ഒരു നിമിഷത്തേക്ക്പോലും അതിന്റെ അതിർത്തി കയ്യേറാൻ ഞാൻ ആഗ്രഹിക്കുന്നില്ല. എന്നാൽ ദക്ഷിണാഫ്രിക്കയിലെ ഇന്ത്യക്കാർ അനുഭവിക്കുന്ന ദുരിതങ്ങൾ അങ്ങേയറ്റം നിഷ്ഠൂരവും. അക്കാര്യത്തിൽ ഞാനാദ്യം പറഞ്ഞതു പോലെ ഇന്ത്യയിലെ പ്രതികരണം ഏകകണ്ഠമാണ്.''

പിറ്റേന്ന് പ്രഭാതം പുലർന്നപ്പോൾ വാർത്താ മാധ്യമങ്ങൾ ചെറുപ്പക്കാരനായ ഇന്ത്യൻ ബാരിസ്റ്റർ ഇംഗ്ലീഷുകാരനായ വൈസ്രോയി മിൻടോ പ്രഭുവിനു സുന്ദരമായ ഭാഷയിൽ നൽകിയ തിരിച്ചടി പ്രസിദ്ധീകരിച്ചു. അന്ന് മുതൽ പത്രക്കാർക്ക് എം.എ. ജിന്ന ഒരു വാർത്തയായിരുന്നു. മിൻടൊ പ്രഭുവിന് ജിന്നയുടെ നാവ് ഒരു പേടിസ്വപ്നവും.

For Group Contact us +91 9746065242

mappilaheritagelibrary.com

II

ഇന്ത്യയുടെ നിയമനിർമ്മാണ ചരിത്രത്തിൽ എന്നും ഓർമ്മിക്കപ്പെടുന്ന പേരുകളിലൊന്നാണ് മുഹമ്മദലി ജിന്നയുടെത്. വൈസ്രോയിയുടെ ഇമ്പീരിയൽ ലെജിസ്ലേറ്റീവ് കൗൺസിലിൽ തുടക്കം മുതൽ ശ്രദ്ധേയനായ അംഗമായിരുന്നു അദ്ദേഹം. ജിന്ന ആദ്യകാലങ്ങളിൽ നിയമസഭയിൽ പ്രകടിപ്പിച്ച വാഗ്ധോരണി തന്നെ എല്ലാവരെയും ഹഠാദാകർഷിക്കുന്നതായിരുന്നു.

അന്ന് ഇന്ത്യൻ മുസ്‌ലിംകളെ വളരെയേറെ ദോഷകരമായി ബാധിച്ച ഒന്നായിരുന്നു വഖഫ് നിയമങ്ങളെ സംബന്ധിച്ച് നിലവിലുണ്ടായിരുന്ന കോടതി വിധി. ബോംബെ ഹൈക്കോടതിയുടെ ഒരു വിധിയനുസരിച്ച് മുസ്‌ലിംകൾ അവരുടെ പിന്തുടർച്ചാവകാശികൾക്കോ കുടുംബത്തിനോ വഖഫ് ചെയ്താൽ അത് അസാധുവാക്കുന്നതായിരുന്നു ബോംബെ ഹൈക്കോടതിയുടെ വിധി. ആ വിധിക്കെതിരെ പ്രിവി കൗൺസിലിൽ നൽകിയ അപ്പീലിലും മുസ്‌ലിംകൾക്ക് ദോഷകരമായ വിധിയുണ്ടായി. ഇത് മുസ്‌ലിംകളുടെ വ്യക്തിനിയമത്തിലുള്ള കയ്യേറ്റം മാത്രമല്ല നിരവധി കുടുംബങ്ങളെ ദരിദ്രരാക്കി തീർക്കുന്ന നടപടി കൂടിയായിരുന്നു. അന്നത്തെ പാശ്ചാത്യ പരിഷ്കൃത മുസ്‌ലിം നേതൃത്വം പോലും പ്രവികൗൺസിൽ വിധി മുസ്‌ലിം സമുദായത്തിന്റെ സാമ്പത്തിക ഭദ്രതക്ക് കനത്ത ആഘാതമേൽപ്പിക്കുന്നതാണെന്ന് കണ്ടെത്തി. അന്നത്ത മുസ്‌ലിംലീഗ് ഒട്ടേറെ പ്രമേയങ്ങളും നിവേദനങ്ങളും സമർപ്പിച്ചുനോക്കി. നദ്‌വത്തുൽ ഉലമപോലെയുള്ള ഒട്ടേറെ സംഘടനകൾ പ്രതിഷേധം പ്രകടിപ്പിക്കുകയും നിവേദനങ്ങൾ അയക്കുകയും ചെയ്തുകൊണ്ടിരുന്നു. മൗലാനാ ശിബിലിനുഅ്മാനിയുടെ നേതൃത്വത്തിൽ അഞ്ജുമനെ വഖഫ് അൽ ഔലാദ് എന്ന സംഘം നാട്ടിലുടനീളം മുസ്‌ലിംകളുടെ ആവശ്യം മുൻനിർത്തി പ്രചാരണം നടത്തി. പക്ഷേ ഒരു ഫലവുമുണ്ടായില്ല.

For Group Contact us +91 9746065242

mappilaheritagelibrary.com

അപ്പോഴാണ് 1911 മാർച്ച് 17-ന് മുഹമ്മദലി ജിന്ന ഇമ്പീരിയൽ ലെജിസ്ലേറ്റീവ് കൗൺസിലിൽ തന്റെ ആദ്യത്തെ നിയമ നിർമാണ നടപടിയുമായി രംഗത്തുവരുന്നത്. പ്രിവി കൗൺസിൽ വിധികൊണ്ടുണ്ടായ പ്രയാസങ്ങൾ നീക്കാനായി വഖഫ് സാധൂകരണബിൽ ഒരു അനൗദ്യോഗിക പ്രമേയത്തിലൂടെ അവതരിപ്പിച്ചു ജിന്ന ചെയ്ത പ്രസംഗം ഇസ്ലാമിക നിയമസംഹിതയിൽ അദ്ദേഹത്തിനുള്ള അവഗാഹം വിളിച്ചറിയിക്കുന്നതായിരുന്നു. ജിന്നയുടെ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിശോധനയ്ക്ക് വിട്ടു. സെലക്ട് കമ്മിറ്റി പരിശോധന കഴിഞ്ഞു ബിൽ അവസാന വായനയ്ക്ക് ഇമ്പീരിയൽ ലെജിസ്ലേറ്റീവ് കൗൺസിലിൽ വരുമ്പോഴേക്കും ജിന്നയുടെ അംഗത്വ കാലാവധി കഴിഞ്ഞിരുന്നു. എന്നാൽ എല്ലാവരും ഒരു കാര്യത്തിൽ ഒറ്റക്കെട്ടായി നിന്നു. ജിന്നയെപ്പോലെ ഒരു നിയമ നിർമ്മാണകാര്യ നിപുണൻ സഭയിൽ ഉണ്ടായിരിക്കണമെന്ന കാര്യത്തിൽ എല്ലാവരും ഏകാഭിപ്രായക്കാരായിരുന്നു. 1913ൽ വൈസ്രോയി ജിന്നയെ ഇമ്പീരിയൽ കൗൺസിലിലേക്ക് വീണ്ടും നോമിനേറ്റ് ചെയ്തു.

വഖഫ് നിയമനിർമ്മാണ സെലക്ട് കമ്മിറ്റി റിപ്പോർട്ട് പ്രകാരം 1913ൽ വീണ്ടും സഭയിൽ വന്നപ്പോൾ തനി ദേശീയവാദിയും പാശ്ചാത്യ പരിഷ്കാരിയുമായിരുന്ന ജിന്ന ചെയ്ത പ്രസംഗം മുസ്ലിം സമുദായത്തിന്റെ ഉള്ളിൽ ആഴത്തിൽ തറച്ചു.

എന്നെ സംബന്ധിച്ചിടത്തോളം മുസ്ലിംകളുടെ വ്യക്തി നിയമത്തെ ദോഷകരമായി ബാധിക്കുന്നതോ മുസ്ലിംകളിൽ അർപ്പിതമായ അവകാശങ്ങൾ നിരാകരിക്കുന്നതോ ആയ ഒരു വ്യവസ്ഥയെയും അനുകൂലിക്കാൻ ഞാനൊരുക്കമല്ല...ജിന്ന വ്യക്തമാക്കി.

ബ്രിട്ടീഷ് ഭരണാധികാരികളുടെ നിയന്ത്രണത്തിൽ നിയമ നിർമ്മാണമാരംഭിച്ച ശേഷം ഇന്ത്യയുടെ നിയമ നിർമ്മാണ ചരിത്രത്തിൽ ഒരു അനൗദ്യോഗികാംഗമെന്ന നിലക്ക് മുഹമ്മദലി ജിന്ന കൊണ്ടുവന്ന വഖഫ് സാധൂകരണ ബിൽ നിയമമായി തീർന്നു. ജിന്ന മുഴുവൻ മുസ്ലിം സമുദായത്തിന്റെയും പ്രശംസ പിടിച്ചുപറ്റി. വഖഫ് ബിൽ പാസാക്കിയെടുത്തപ്പോൾ മുസ്ലിംലീഗിന്റെ കൗൺസിൽ വളരെ സമർത്ഥമായി വഖഫ് നിയമം പാസ്സാക്കിയെടുത്ത മുഹമ്മദലി ജിന്നയെ അഭിനന്ദിച്ചുകൊണ്ടുള്ള പ്രമേയമാണ് പാസ്സാക്കിയത്. അദ്ദേഹത്തെ കാണാനും സഹായിച്ചു.

For Group Contact us +91 9746065242

mappilaheritagelibrary.com

ജിന്ന അന്നും ഒരുറച്ച കോൺഗ്രസുകാരൻ തന്നെയായിരുന്നു. എന്നിട്ടും 1912ൽ ബങ്കിപൂരിൽ ചേർന്ന മുസ്‌ലിംലീഗിന്റെ വാർഷിക യോഗത്തിൽ ഇന്ത്യക്ക് സ്വയം രണാധികാരം വകവച്ചു വാങ്ങണമെന്ന പ്രമേയത്തെ സംബന്ധിച്ച് പ്രസംഗിക്കാൻ അദ്ദേഹം ക്ഷണിക്കപ്പെട്ടു. തനി ദേശീയവാദിയും ഒരിക്കലും സാമുദായിക രാഷ്ട്രീയവുമായി ബന്ധപ്പെടാൻ ആഗ്രഹിക്കാത്ത ആളുമായിരുന്നു ജിന്ന. അതെ സമയം കോൺഗ്രസ്സിന്റെയും ലീഗിന്റെയും യോഗങ്ങൾ ഒരേ സ്ഥലത്ത് ഒരേ സമയം നടത്താൻ ജിന്ന ആഗ്രഹിക്കുകയും അതിനുവേണ്ടി ശ്രമങ്ങൾ നടത്തുകയും ചെയ്തുപോന്നു. 1910 മുതൽ 1912 വരെ ജിന്ന എല്ലാ ലീഗു സമ്മേളനങ്ങളിലും പങ്കെടുത്തു. 1912ൽ ലീഗിന്റെ ഭരണഘടനയിൽ ഭേദഗതി വരുത്തുന്നതിന്റെ പ്രേരകശക്തി ജിന്നയായിരുന്നു. എന്നാൽ അപ്പോഴും ജിന്ന ലീഗിൽ ചേർന്നിരുന്നില്ല.

ഗോഖലെയും ജിന്നയും 1913 ഏപ്രിലിൽ ഇംഗ്ലണ്ടിലേക്ക് യാത്ര പുറപ്പെട്ടു. ബോംബെയിൽനിന്ന് ലിവർപൂളിലേക്ക് പോയ ഈ രണ്ടു ഇന്ത്യൻ നേതാക്കൾ 47 വയസായ ഗോഖലെയും 36 വയസ്സായ ജിന്നയും. ഇന്ത്യയുടെ രാഷ്ട്രീയ സ്വാതന്ത്ര്യത്തിനു വേണ്ടി ചെയ്ത പ്രവർത്തനങ്ങളെ സംബന്ധിച്ച് ഔദ്യോഗിക രേഖകളില്ല. സരോജിനി നായിഡു അവർ രണ്ടുപേരെപ്പറ്റിയും പറയുന്നത്, സ്വന്തം രാജ്യത്തിനുവേണ്ടി അവരിരുവരുടെയും ആത്മാർഥമായ സേവനത്തെ സംബന്ധിച്ച് അവർക്ക് പരസ്പരമുള്ള പ്രത്യാശകളെയും സ്വപ്നങ്ങളെയും സംബന്ധിച്ച് നിസ്സംശയമായും അറേബ്യൻ നക്ഷത്രങ്ങളും ഈജിപ്ത്യൻ സമുദ്രങ്ങളും റിക്കാർഡുകൾ സൂക്ഷിച്ചിട്ടുണ്ട് എന്നാണ്. ജിന്നാ സാഹിബിനെപ്പറ്റി ഗോഖലെ സരോജിനിയോടു പറഞ്ഞു അദ്ദേഹത്തിന്റെ ശരിയായ കഴിവു അന്തർലീനമായിക്കിടക്കുന്നു. ഹിന്ദു-മുസ്‌ലിം ഐക്യത്തിന്റെ അമ്പാസിഡറായിരിക്കാൻ ആവശ്യമായവിധം സകല വിഭാഗിയ ചിന്തകളിൽനിന്നും അദ്ദേഹം സ്വതന്ത്രനാണ്.

ഇംഗ്ലണ്ടിലെ ഈ യാത്രയിൽ ജിന്ന രണ്ടു കാര്യങ്ങൾ ചെയ്തു. ഒന്നു ലണ്ടൻ ഇന്ത്യൻ അസോസിയേഷൻ സ്ഥാപിക്കാൻ സഹായം ചെയ്തു. 1913 ജൂൺ 28-ന് ക്ലാക്സ്റ്റൻ ഹാളിൽ കൂടിയ ഇന്ത്യൻ വിദ്യാർഥികളോടു ലണ്ടനിലെ ഇന്ത്യൻ അസോ

For Group Contact us +91 9746065242

mappilaheritagelibrary.com

സിയേഷൻ ശക്തിപ്പെടുത്താൻ ആഹ്വാനം ചെയ്ത ജിന്ന ഒറ്റപ്പെട്ടു നിൽക്കലിൽനിന്ന് മാറണമെന്ന് അവരെ ഉപദേശിച്ചു.

രണ്ടാമത്തേത് ജിന്ന ലീഗിൽ അംഗത്വമെടുത്തതാണ്. ജിന്ന ലണ്ടനിൽ ഉണ്ടായിരുന്നപ്പോൾ മൗലാനാ മുഹമ്മദലിയും സർവേന്ത്യാ മുസ്ലിംലീഗിന്റെ ഓണററി ജനറൽ സെക്രട്ടറി സയ്യിദ് വസീർ ഹസ്സനും കോൺപൂർ പള്ളിയുടെ പ്രശ്നം സംബന്ധിച്ച് ലണ്ടനിലുണ്ടായിരുന്നു. സർവ്വേന്ത്യാ മുസ്ലിം ലീഗിന്റെ ഈ രണ്ടു പ്രമുഖ നേതാക്കൻമാർ ജിന്നയോട് ലീഗിൽ ചേരാൻ അഭ്യർഥിച്ചു. തന്റെ ദേശീയ വീക്ഷണത്തിന് തരിമ്പും പോറലേൽക്കാത്ത വിധം പ്രവർത്തിക്കാനാകുമെങ്കിൽ ലീഗിൽ ചേരാമെന്ന് ജിന്ന സമ്മതിച്ചു. അങ്ങിനെ 1913 ഒക്ടോബർ 10ന് മുസ്ലിംലീഗിൽ അംഗത്വത്തിനുള്ള എം.എ. ജിന്നയുടെ അപേക്ഷ മൗലാനാ മുഹമ്മദലി നിർദേശിക്കുകയും സയ്യിദ് വസീർ ഹസ്സൻ (സർവേന്ത്യാ ലീഗിന്റെ ജന. സെക്രട്ടറി) പിന്താങ്ങുകയും ചെയ്തു. അന്ന് ഇന്ത്യയിൽ നിന്ന് എത്തിയ രണ്ട് മുസ്ലിം നേതാക്കളെ കാണാൻ അന്നത്തെ ഇന്ത്യാ സെക്രട്ടറി ക്രേവേ പ്രഭു ആദ്യം സമ്മതിക്കാതിരുന്നപ്പോൾ ജിന്നയിലുളവായ അഗാധമായ മനോവേദനയാണ് മുസ്ലിംലീഗിൽ അംഗത്വം സ്വീകരിക്കാൻ അദ്ദേഹത്തെ പെട്ടെന്ന് പ്രേരിപ്പിച്ചതെന്ന് മുഹമ്മദുൽ ഹസൻ സിദ്ദീഖിയെന്ന പ്രസിദ്ധനായ ഗവേഷകൻ ഖാഇദെ അഅ്സമിനെ സംബന്ധിച്ച് 1976 ഡിസംബറിൽ ചേർന്ന അന്താരാഷ്ട്ര കോൺഗ്രസിൽ അവതരിപ്പിച്ച ഒരു പ്രബന്ധത്തിൽ പറയുന്നു.

ഗോഖലെയും ജിന്നയും 1913 സെപ്തംബറിൽ ഇന്ത്യയിൽ തിരിച്ചെത്തി. കറാച്ചി കോൺഗ്രസിൽ പങ്കെടുത്തു. ഡിസംബർ 20-ാം തീയതി ബോംബെയിൽ കപ്പലിറങ്ങിയ മൗലാന മുഹമ്മദലിക്കും സർവസീർഹസ്സനും ബോംബെ അഞ്ജുമനെ സിയാവുൽ ഇസ്ലാം സംഘം നൽകിയ സ്വീകരണ യോഗത്തിൽ ജിന്ന ആധ്യക്ഷ്യം വഹിച്ചു. അടുത്ത ദിവസം അദ്ദേഹം ആഗ്രയിലേക്ക് പുറപ്പെട്ടു. മുസ്ലിംലീഗ് സമ്മേളനത്തിൽ പങ്കെടുക്കാൻ.

കറാച്ചിയിൽ നടന്ന കോൺഗ്രസ്സ് സമ്മേളനത്തിൽ ജിന്നയുടെ പ്രസംഗം തന്റെ ജൻമനാടിനെക്കുറിച്ചുള്ള മധുര സ്മരണകളയവിറക്കിക്കൊണ്ടായിരുന്നു. ജിന്ന തന്നെ തയ്യാറാക്കി അവതരിപ്പിച്ച കറാച്ചി കോൺഗ്രസിന്റെ ഒരു പ്രമേയം അന്നത്തെ ബ്രിട്ടീഷ്

For Group Contact us +91 9746065242

mappilaheritagelibrary.com

ഭരണാധികാരികൾക്ക് ഒട്ടേറെ വിഷമം സൃഷ്ടിച്ചു. അന്ന് ലണ്ടനിലെ ബ്രിട്ടീഷ് ഭരണകേന്ദ്രമായ വൈറ്റ് ഹാളിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഇന്ത്യാ കൗൺസിലിന്റെ ഘടനയിൽ സമൂലമായ മാറ്റം ആവശ്യപ്പെടുന്നതായിരുന്നു പ്രമേയം. അവിടെ ജോലി ചെയ്യുന്ന മുഴുവൻ ഇംഗ്ലീഷുദ്യോഗസ്ഥരുടെയും ശമ്പളം ഇന്ത്യയുടെ കണക്കിൽ ഉൾപ്പെടുത്തുന്നത് ഭേദഗതി വരുത്തണമെന്നായിരുന്നു ഇതിലെ ഒരു നിർദേശം. ഇന്ത്യാ കൗൺസിലിലുള്ള ഒമ്പതംഗങ്ങളിൽ മൂന്നിലൊരു വിഭാഗമെങ്കിലും ഇന്ത്യയിലെ കേന്ദ്രത്തിലും സംസ്ഥാനങ്ങളിലുമുള്ള ലെജിസ്ലേറ്റീവ് അസംബ്ലികളിലെ തെരഞ്ഞെടുക്കപ്പെടുന്ന അനൗദ്യോഗിക അംഗങ്ങളായിരിക്കണം, ബാക്കിയുള്ളവരിൽ പകുതി ഇന്ത്യയുമായി ബന്ധമില്ലാത്തവരും. എന്നാൽ പ്രാപ്തരും പ്രഗൽഭരുമായ പൊതുപ്രവർത്തകൻമാരായിരിക്കണം. പ്രമേയത്തിലെ വിശദാംശങ്ങൾ ഇതെല്ലാമായിരുന്നു. പ്രമേയത്തിലെ ഇംഗ്ലണ്ടിലുള്ള ഇന്ത്യാ സെക്രട്ടറിയുടെ കൗൺസിൽ ഒരു ഉപദേശകസമിതി മാത്രമേ ആകാവൂ, ഭരണപരമായി അധികാര സ്ഥാപനമാവരുതെന്ന ജിന്നയുടെ വാദം ഇന്ത്യ ഭരിക്കാനുള്ള ഇന്ത്യക്കാരുടെ അവകാശവാദത്തിന്റെ ആദ്യത്തെ തിരനോട്ടമായിരുന്നു. ലണ്ടനിലുള്ള ഇംഗ്ലീഷുകാരായ ഇന്ത്യൻ കാര്യ സെക്രട്ടറി മുഗിള രാജാവിനെക്കാളും വലിയ മുഗിള രാജാവാണെന്ന് ജിന്ന തുറന്നടിച്ചു.

ആഗ്രയിൽ ചെന്നെത്തിയ ജിന്നാ സാഹിബ് മുസ്‌ലിംലീഗ് സമ്മേളനത്തിൽ ആദരിക്കപ്പെട്ടു. പ്രത്യേക നിയോജകമണ്ഡലവാദം താൻ എതിർക്കുന്നില്ലെങ്കിലും ആ അവകാശവാദം തൽക്കാലത്തേക്ക് നിർത്തിവെക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ ഉപദേശം. ജിന്നാ സാഹിബ് ഒരംഗമായി വന്നതിൽ സന്തോഷിക്കുകയും അദ്ദേഹത്തെ പരമാവധി ബഹുമാനിക്കുകയും ചെയ്തുവെങ്കിലും അന്ന് ലീഗുകാർ ജിന്നയുടെ ആ ഉപദേശം സ്വീകരിച്ചില്ല.

1914-ൽ ബ്രിട്ടീഷ് ഗവൺമെന്റിന്റെ പുതിയ ഇന്ത്യൻ കൗൺസിൽ പുനസ്സംഘടനാ ബിൽ പ്രഭുസഭയിൽ ചർച്ചക്കെടുത്ത അവവസരം അതു സംബന്ധമായി ബ്രിട്ടീഷ് ഭരണകർത്താക്കളെ കാണാൻ കോൺഗ്രസ്സിന്റെ ഒരു നിവേദക സംഘത്തെ നയിച്ച് മെയ്മാസം ജിന്ന ലണ്ടനിലേക്ക് പോയി. ഐറിഷ് വിപ്ലവകാരികളുമായുള്ള ഏറ്റുമുട്ടൽ നടന്നുവന്നതിനാലും യൂറോപ്പിൽ യുദ്ധപ്പനി

For Group Contact us +91 9746065242

mappilaheritagelibrary.com

പിടിപെട്ടതിനാലും ബ്രിട്ടന് ഇന്ത്യാകാര്യം ശ്രദ്ധിക്കാൻ നേരം കിട്ടിയില്ല. എന്നാൽ പഴയ ബോംബെ ഹൈക്കോടതി ജഡ്ജിയും ചീഫ് സെക്രട്ടറിയുമായ സർ വില്യം ഹെഡ്ഡർ മോൺ പാലസ് ഹോട്ടലിൽ പ്രാതൽ ഏർപ്പെടുത്തി ജിന്നയുമായി ചർച്ച ചെയ്തു. കറാച്ചി കോൺഗ്രസ്സ് പ്രമേയത്തിന്റെ ആശയം ജിന്ന വിശദീകരിച്ചു. ലണ്ടൻ ടൈംസ് പത്രം ആദ്യമായി ജിന്നയുടെ ലേഖനം പ്രസിദ്ധീകരിച്ചു. അതിൽ ആദ്യത്തെ വാചകം തന്നെ യഥാർഥ പ്രാതിനിധ്യം ലഭിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്തിലെ ഒരേഒരു അംഗം ഇന്ത്യയാണെന്നും ഉത്തരവാദിത്വ ഭരണ സമ്പ്രദായമില്ലാത്ത ലോകത്തിലെ ഒരേ ഒരു പരിഷ്കൃത രാജ്യം ഇന്ത്യയാണെന്നും ആയിരുന്നു. പ്രഭു സഭ ബില്ലിന്റെ ചർച്ച മാറ്റിവച്ചു. അതിനു പ്രധാനമായും ഒരു പ്രേരണ ജിന്നയുടെ വാദമുഖങ്ങളായിരുന്നു.

ജിന്ന വെറുംകയ്യോടെ ഇന്ത്യയിലേക്ക് മടങ്ങി. എന്നാൽ ആദ്യമായി ജിന്നയുടെ അഭിപ്രായങ്ങൾക്ക് ബ്രിട്ടീഷ് ഭരണ നേതാക്കളും ലണ്ടൻ ടൈംസും സമയവും സ്ഥലവും കണ്ടു. സർ വെസ്സർമൺ പറഞ്ഞു ഇന്ത്യൻ പൊതു ജീവിതത്തിൽ അംഗീകരിക്കപ്പെട്ട മാന്യൻമാരിൽ ഒരാളാണ് എം.എ. ജിന്ന .

അന്നു ജിന്ന നയിച്ച നിവേദക സംഘത്തിലെ മറ്റു രണ്ടു പ്രമുഖൻമാർ കോൺഗ്രസ്സിന്റെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ബംഗാളിലെ ഭൂപേന്ദ്രനാഥ് ബാസുവും ലാലാ ലജ്പത് റായിയുമായിരുന്നു എന്നോർക്കുമ്പോഴാണ് അന്ന് കോൺഗ്രസ്സിലും ഇന്ത്യൻ രാഷ്ട്രീയ രംഗത്തും മുഹമ്മദലി ജിന്നക്കുണ്ടായിരുന്ന പ്രാധാന്യം മനസ്സിലാക്കാൻ കഴിയുക.

1915 ജനുവരിയിൽ ജിന്ന ഇന്ത്യയിൽ തിരിച്ചെത്തിയപ്പോൾ ഭാരിച്ച രാഷ്ട്രീയ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കേണ്ടി വന്നു. ഫിറോസ് ഷാ മേത്തയുടെ നിര്യാണവും ദാദാഭായ് നവറോജി ലണ്ടനിൽ ശിഷ്ടകാലം കഴിച്ചുകൂട്ടാൻ തീരുമാനിച്ചതും ജിന്നയെ ഏകനാക്കി. ബർമ്മ ജയിലിൽനിന്നും വിട്ടയക്കപ്പെട്ട ബാലഗംഗാധര തിലക് പുതിയ കോൺഗ്രസ് സംഘടനയുടെ അനിഷേധ്യ വിപ്ലവ നേതാവായി. ഹോംറൂൾ ലീഗിന്റെ അധ്യക്ഷയായ മിസ്സിസ് ആനി ബസന്റിന്റെ വെള്ളി നാക്കും ഐറിഷ് പാരമ്പര്യവും അവരെ ഒരാകർഷക ബിന്ദുവാക്കി. വിഘടിച്ച കോൺഗ്രസിനെ യോജിപ്പിക്കാൻ ബസന്റ് കിണഞ്ഞു ശ്രമിച്ചു. ജിന്നയാവട്ടെ കോൺഗ്രസ്സിന്റെ

For Group Contact us +91 9746065242

mappilaheritagelibrary.com

യോഗസ്ഥലത്തിന് തൊട്ടടുത്ത് മുസ്‌ലിം ലീഗിന്റെ സമ്മേളനവും നടത്തിക്കുന്ന തിരക്കിലായിരുന്നു. 1915 ഡിസംബറിൽ ബോംബെയിലെ കോൺഗ്രസ്സ് പന്തലും നടന്നുപോകാൻ കഴിയുന്നത്ര ദൂരത്തിലായിരുന്നു.

കോൺഗ്രസ്സ് സമ്മേളനത്തിലെ അധ്യക്ഷൻ സത്യേന്ദ്ര സിൻഹ, ഹിന്ദു-മുസ്‌ലിം ഐക്യമുദ്ദേശിച്ച ജിന്ന ഇരുവിഭാഗത്തിനും യോജിച്ച ഫോർമുല ഉണ്ടാക്കുകയാണെന്നറിയിച്ചു. ബംഗാളിലെ ബാരിസ്റ്ററായ മസ്ഹറുൽ ഹഖിന്റെ അധ്യക്ഷതയിൽ ചേർന്ന ലീഗ് യോഗത്തിൽ നാനാത്വങ്ങളിലൂടെയുള്ള ഏകത്വം ഉയർന്നുവരുന്നത് എല്ലാവരുടെയും പുരോഗതിക്കുതകും എന്ന് പറഞ്ഞു. എന്നാൽ മുസ്‌ലിംലീഗ് സമ്മേളനം പ്രതീക്ഷിച്ചപോലെ വിജയിച്ചില്ല. മൗലാനാ ഹസ്രത്ത് മൊഹാനിയുടെ നേതൃത്വത്തിൽ കുറെയാളുകൾ യോഗത്തിൽ ബഹളം വച്ചു. കശപിശയായി. പൊലീസിടപെട്ടു. ജിന്ന അതിനെ നേരിട്ടു. അതു മറ്റൊരു സംഭവം.

1915ൽ മുസ്‌ലിംലീഗിന്റെ ബോംബെ സമ്മേളനം ചേരുന്നതിന്, അതും കോൺഗ്രസ് സമ്മേളനപ്പന്തലിനടുത്ത് ചേരുന്നതിനെതിരായിരുന്നു പലരും. അങ്ങിനെ രണ്ടു യോഗം നടത്തുന്നത് ബ്രിട്ടീഷ് ഗവൺമെന്റിനെ വിഷമിപ്പിക്കുമെന്നായിരുന്നു ഇതിനു പറഞ്ഞ പ്രധാന കാരണം. എന്നാൽ യോഗാധ്യക്ഷനായ മസ്ഹറുൽ ഹഖ് ആ വാദം തള്ളിക്കളഞ്ഞു. നാം ഇത്തരമൊരവസരത്തിൽ നിശബ്ദരായിരുന്നാൽ അത് തികച്ചും തെറ്റും വ്യത്തികെട്ടതുമായ വ്യാഖ്യാനങ്ങൾക്കിടവരുത്തുമെന്ന് അദ്ദേഹം പറഞ്ഞു. ബ്രിട്ടീഷ് ഗവൺമെന്റിനോട് ഒരു വിധസഹകരണവും പാടില്ലെന്ന് നിർബന്ധം പിടിച്ച വലിയൊരു വിഭാഗവും യോഗത്തിലുണ്ടായിരുന്നു.

സമ്മേളനത്തിന്റെ രണ്ടാം ദിവസം 1915 ഡിസംബർ 31-ന് അധ്യക്ഷൻ ബാരിസ്റ്റർ മസ്ഹറുൽ ഹഖ് ജിന്നാ സാഹിബിനെ പ്രസംഗിക്കാൻ ക്ഷണിച്ചു. ഉടനെ മൗലാനാ മൊഹാനി ക്രമപ്രശ്നമുന്നയിച്ച് ചാടിയെഴുന്നേറ്റു. ദയവായി ഇരിക്കൂ എന്ന അധ്യക്ഷന്റെ അഭ്യർത്ഥന മൗലാന അവഗണിച്ചു. ജിന്ന പരിഷ്കാര കരട് നിർമ്മാണത്തിന് ഒരു സബ് കമ്മിറ്റി നിർദ്ദേശം അവതരിപ്പിക്കാൻ എഴുന്നേറ്റതായിരുന്നു. എന്നാൽ മൊഹാനിയും തന്റെ കൂടെയുണ്ടായിരുന്ന കുറേ മൗലാനാമാരും മറ്റും ചിലരും കൂടി രോഷത്തോടെ അധ്യക്ഷനും ജിന്നക്കുമെതിരെ ഉറുദുവിൽ അധിക്ഷേപങ്ങൾ ചൊരി

For Group Contact us +91 9746065242

mappilaheritagelibrary.com

ഞ്ഞു. പ്രസിഡന്റ് ഹഖിനെ നോക്കി അവർ പറഞ്ഞു. നിങ്ങൾ മുസ്ലിമാണെങ്കിൽ മുസ്ലിമിനെപ്പോലെ വസ്ത്രം ധരിക്കുക. മുസ്ലിംകളുടെ ഭാഷ സംസാരിക്കുക, നിങ്ങൾ ഒരു മുസ്ലിംനേതാവായി ചമയുന്നു. നിങ്ങൾക്ക് ഒരിക്കലും ഒരു മുസ്ലിം നേതാവാകാൻ കഴിയില്ല. ഈ ആക്ഷേപശരം മസ്ഹറുൽ ഹഖിനെതിരായി മാത്രമല്ല, യഥാർഥ പാശ്ചാത്യ വസ്ത്രധാരിയായ ജിന്നക്കുമെതിരായിട്ടായിരുന്നു. ജിന്നയുടെ ജീവിതകാലം മുഴുവൻ ശത്രുക്കൾ ഈ ആക്ഷേപം അദ്ദേഹത്തിനെതിരെ ഉയർത്തിയിരുന്നു.

തടിക്കാരായ പൊക്കം കൂടിയ ഒരു കൂട്ടം പത്താൻകാർ സ്റ്റേജിനടുക്കലേക്ക് നീങ്ങി, അവർ പഷ്ത്തു ഭാഷയിലും അലറി– ഉർദു മാത്രമായിരിക്കണം ലീഗ് യോഗത്തിന്റെ ഭാഷയെന്നായിരുന്നു മൗലാനാ മൊഹാനിയുടെ വാദം. യോഗത്തിൽ സംബന്ധിച്ച ആയിരക്കണക്കിനാളുകൾ എഴുന്നേറ്റു നിന്നു. ചിലർ മുദ്രാവാക്യങ്ങൾ വിളിച്ചു മൊഹാനിക്ക് പിന്തുണ നൽകി. ലീഗ് പന്തലിനകത്ത് കുഴപ്പങ്ങൾ നടക്കുമ്പോൾ പുറത്ത് ബോംബെ പോലീസ് കമ്മീഷണർ എഡ്വേർഡ് കാവൽ നിൽക്കുകയായിരുന്നു. സന്ദർശകരെന്ന നിലക്ക് ടിക്കറ്റെടുത്തു കടന്നവർ കുഴപ്പമുണ്ടാക്കുകയാണെന്നും അവരെ യോഗത്തിൽനിന്നു മാറ്റിയാൽ അവരുടെ ടിക്കറ്റിന്റെ തുക തിരിച്ചു കൊടുക്കാമെന്നും പൊലീസ് കമ്മീഷണറോടു ജിന്ന അപേക്ഷിച്ചു. ലീഗ് യോഗം നടത്തുന്നവരെ അത്രമാത്രം സഹായിക്കാൻ താനില്ലെന്ന് പോലീസ് കമ്മീഷണർ കട്ടായം പറഞ്ഞപ്പോൾ കുഴപ്പക്കാരെ അകത്തു വിട്ടതിന്റെ പിറകിലുള്ളവരെ ജിന്നക്ക് മനസ്സിലായി. ജിന്ന യോഗം പിരിച്ചുവിടാൻ അധ്യക്ഷൻ ഹഖിനെ ഉപദേശിച്ചു. അങ്ങിനെ കശപിശകൾക്കിടയിൽ ലീഗു സമ്മേളനം പിരിച്ചുവിട്ടു. ആളുകൾ പന്തൽ വിട്ടിറങ്ങി.

എന്നാൽ അടുത്ത വർഷം 1916ന്റെ പുതുവർഷപുലരിയിൽ തന്നെ താജ്മഹൽ ഹോട്ടലിൽ മുസ്ലിംലീഗിന്റെ യോഗം ചേർന്നു. ജിന്ന യോഗത്തിലെത്തിച്ചേർന്നപ്പോൾ നീണ്ടുനിന്ന കരഘോഷം മുഴങ്ങി. നീണ്ടുമെലിഞ്ഞു ബ്രിട്ടീഷുകാരെപ്പോലും അതിശയിപ്പിക്കുന്ന വിധം അത്രയും ഭംഗിയിലും ആകർഷകവുമായും വസ്ത്രധാരണം ചെയ്ത ആ നേതാവ് ബോംബെയിലെ മുസ്ലിം വിദ്യാർഥി യൂണിയന്റെ പ്രസിഡന്റും ചെറുപ്പക്കാരുടെ പ്രിയങ്കരനുമായിരുന്നു. യോഗത്തിൽ പോലീസ് കമ്മീഷണറുടെ നടപടി

For Group Contact us +91 9746065242

mappilaheritagelibrary.com

കളെ ജിന്ന അതിനിശിതമായി വിമർശിച്ചു. കോൺഗ്രസ്സും ലീഗും യോജിച്ചുകൊണ്ട് ഒരു പരിപാടി തയ്യാറാക്കാൻ എഴുപത്തൊന്നു മുസ്ലിം നേതാക്കളടങ്ങിയ ഒരു കമ്മിറ്റിയെ യോഗം തിരഞ്ഞെടുത്തു. മഹറുബാദ് രാജാവ് അധ്യക്ഷനായ കമ്മിറ്റിയിൽ ആഗാഖാൻ, ജിന്ന, മിയാൻ സർഫസലുൽ ഹുസൈൻ, എ.കെ. ഫസലുൽ ഹഖ് തുടങ്ങിയവർ അംഗങ്ങളായിരുന്നു.

മൗലാനാ ഹസ്രത്ത് മൊഹാനിയും കൂട്ടരും മാറ്റിനിർത്തപ്പെട്ടു. ബോബെയിൽ അന്ന് ലീഗിന്റെ അഭിമാനം രക്ഷിച്ച ജിന്ന എല്ലാ ലീഗനുഭാവികളുടെയും മുക്തകണ്ഠ പ്രശംസ പിടിച്ചുപറ്റി.

മൗലാനാ ഹസ്രത്ത് മോഹാനി 1921-ൽ അലഹാബാദ് ലീഗ് സമ്മേളനത്തിൽ അധ്യക്ഷനായിരുന്നു. പിന്നീടദ്ദേഹം മുഹമ്മദലി ജിന്നയുടെ വിശ്വസ്തനായ അനുയായിയായിത്തുടർന്നു. 1946-ൽ മുസ്ലിംലീഗിന്റെ ചരിത്രപ്രസിദ്ധമായ പ്രവർത്തകസമിതി യോഗത്തിൽ മുസ്ലിംലീഗിന്റെ പ്രത്യക്ഷ സമരപരിപാടിയെ സംബന്ധിച്ചു ചർച്ച ചെയ്തപ്പോൾ മൗലാനാ ഗർജ്ജിച്ചു; ഖാഇദേ അഅ്സം ഒന്നു ച്ചരിച്ചാൽ മതി ഒരു നിമിഷംകൊണ്ട് ഇന്ത്യയിലാകമാനമുള്ള മുസ്ലിംകൾ രണാങ്കണത്തിലേക്ക് എടുത്തുചാടും.

അലഹാബാദിൽ 1916 ഒക്ടോബറിൽ ചേർന്ന ബോംബെ സംസ്ഥാന ലീഗ് സമ്മേളനത്തിൽ അധ്യക്ഷ്യം വഹിച്ചുകൊണ്ട് ജിന്ന പ്രഖ്യാപിച്ചു

ഹിന്ദുക്കളും മുസ്ലിംകളും എവിടെയെല്ലാം ന്യൂനപക്ഷങ്ങളാണോ അവിടെയെല്ലാം അവർക്ക് ന്യൂനപക്ഷ വിഭാഗത്തിന് മതിയായതും ഫലപ്രദമായതുമായ പ്രാതിനിധ്യം ഉണ്ടായിരിക്കണം.

ലക്നോ സന്ധി ജിന്നയുടെ തൊപ്പിയിലെ വർണത്തൂവലായിരുന്നു. 1916 ഡിസംബറിൽ ലക്നോവിൽ കോൺഗ്രസിന്റെയും ലീഗിന്റെയും വാർഷിക സമ്മേളനങ്ങൾ ഒരേ സ്ഥലത്ത് ചേരാൻ രണ്ടു കൂട്ടരെക്കൊണ്ടും സമ്മതിപ്പിക്കാൻ ജിന്നക്ക് കഴിഞ്ഞു. മുസ്ലിംലീഗ് വാർഷിക സമ്മേളനത്തിലെ അധ്യക്ഷൻ ജിന്നയായിരുന്നു. ലീഗ് സമ്മേളനത്തിന് ഏതാനും ദിവസങ്ങൾക്ക് മുമ്പ് കൈസർബാഗിൽ കോൺഗ്രസ് സമ്മേളനം ചേർന്നു. ബാലഗംഗാധര തിലകന്റെ പുതിയ കോൺഗ്രസ് തിരികെ വന്നത് അതിലായിരുന്നു. പ്രസിഡന്റ് മജുംദാർ പ്രഖ്യാപിച്ചു: "അഖിലേന്ത്യാ കോൺഗ്രസ് കമ്മിറ്റിയും മുസ്ലിംലീഗ് പ്രതിനിധികളും ഏകോ

For Group Contact us +91 9746065242

mappilaheritagelibrary.com

പിച്ച് ഇന്ത്യക്ക് സ്വയംഭരണാധികാരം നൽകണമെന്നാവശ്യപ്പെടാൻ യോജിച്ചു തീരുമാനിച്ചിരിക്കുന്നു."

കൈസർബാഗിൽ വച്ചു ചേർന്ന മുസ്ലിംലീഗ് സമ്മേളനത്തിൽ ആധ്യക്ഷ്യം വഹിച്ച ജിന്ന പറഞ്ഞു: ഇ ൗ ചരിത്രപ്രസിദ്ധമായ ഹാളിൽ വച്ചു നമ്മളെടുക്കുന്ന ചരിത്രം സൃഷ്ടിക്കുന്ന തീരുമാനങ്ങൾ ഇന്ത്യയിലെ 7 കോടി മുസ്ലിംകളുടെയും പ്രാതിനിധ്യമുള്ള നേതാക്കൻമാർക്ക് അവകാശപ്പെടാവുന്ന ശക്തിയും കരുത്തുമുള്ളതായിരിക്കും. ഇന്ത്യയുടെ ഭാവിയും ഇന്ത്യയുടെ ഐക്യവും ഭരണഘടനാപരമായ സ്വാതന്ത്ര്യത്തിലുള്ള നമ്മുടെ ആശയങ്ങളുടെയും അഭിലാഷങ്ങളുടെയും പരിണിതിയും വലിയൊരളവോളം ഈ തീരുമാനങ്ങളെ ആശ്രയിച്ചിരിക്കുന്നു.

അങ്ങിനെ ആ തീരുമാനങ്ങളെടുത്തു. ഇന്ത്യക്ക് ഒരു പുതിയ ഭരണഘടന വേണം. അതനുസരിച്ച് ജനപ്രാതിനിധ്യ ഗവൺമെന്റ് വേണം, കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും കേന്ദ്ര ലജിസ്ലേറ്റീവ് കൗൺസിലിലും ബോംബെ പ്രവിശ്യാ ലെജിസ്ലേറ്റീവ് കൗൺസിലിലും മുസ്ലിം അംഗങ്ങളുടെ സംഖ്യ മൂന്നിലൊന്നായിരിക്കണം. പഞ്ചാബിൽ പകുതിയംഗങ്ങൾ മുസ്ലിംകളായിരിക്കണം. ബംഗാളിൽ 40 ശതമാനം ഐക്യ സംസ്ഥാനം (ഇന്നത്തെ ഉത്തർപ്രദേശ്) 30 ശതമാനം ബീഹാറിലും ഒറീസ്സയിലും 25 ശതമാനം വീതം, സെൻട്രൽ പ്രോവിൻസിലും (ഇന്നത്തെ മധ്യപ്രദേശ്) മദ്രാസിലും (ആന്ധ്ര, തമിഴ്നാട്, മലബാർ, തെക്കൻ കർണാടകവും അടങ്ങിയ മദ്രാസ് സംസ്ഥാനം)മുസ്ലിം പ്രാതനിധ്യം 15 ശതമാനം വീതം ഇങ്ങിനെ മുസ്ലിം ന്യൂനപക്ഷത്തിന് ലെജിസ്ലേറ്റീവ് കൗൺസിലുകളിൽ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതായിരുന്നു ലക്നോ സന്ധിയിലെ പ്രധാന വ്യവസ്ഥകൾ. എന്നാൽ ഈ ലക്നോ ഉടമ്പടി നടപ്പായില്ല. ഹിന്ദുരാജ് എന്ന മുദ്രാവാക്യങ്ങൾ വിലപ്പോകാതിരിക്കാൻ മുസ്ലിംകളുടെ പ്രാതിനിധ്യം ഉറപ്പുവരുത്തുന്ന 1916ലെ കോൺഗ്രസ് ലീഗ് ലക്നോ ഉടമ്പടി നടപ്പിലായിരുന്നുവെങ്കിൽ ഇന്ത്യയുടെ ഭാവി മറ്റൊന്നാകുമായിരുന്നു.

ഹിന്ദു മുസ്ലിം ഐക്യത്തിന്റെ അംബാസിഡർ എന്ന് സരോജിനി നായിഡു വിശേഷിപ്പിച്ച ജിന്ന ലക്നോ സന്ധിയിലൂടെ മഹത്തായ വിജയമാണ് നേടിയത്. എന്നാൽ അധികം കഴിയുന്നത് മുമ്പുതന്നെ മുഹമ്മദലി ജിന്ന മറ്റൊരു വിപ്ലവകരമായ നടപടിയി

For Group Contact us +91 9746065242

mappilaheritagelibrary.com

ലൂടെ സ്വന്തം ജീവിതത്തിലും പൊതുജീവിതത്തിലും ഏറ്റവും ശ്രദ്ധേയനായി മാറി.

ജിന്നയുടെ അടുത്ത സുഹൃത്തും ബോംബെയിലെ പാർസികളുടെ നേതാവും അഭിഭാഷകനും പൊതുകാര്യപ്രസക്തനുമായിരുന്ന സർ ദിൻഷാ പെറ്റിറ്റ്. സർ ദിൻഷായുടെ സുന്ദരിയും തന്റേടിയുമായ മകൾ റൂത്തിയെ താൻ വിവാഹം ചെയ്യാനുദ്ദേശിക്കുന്നുവെന്ന് ജിന്ന സർ ദിൻഷായെ അറിയിച്ചു. സർ ദിൻഷായ്ക്ക് അതൊരു ദുസ്വപ്നമായിരുന്നു. അദ്ദേഹം അതിനു സമ്മതിച്ചില്ല. പാർസി വിവാഹ നിയമമനുസരിച്ച് പ്രായപൂർത്തിയാകാത്ത മകളുടെ വിവാഹം വിലക്കാൻ സർ ദിൻഷാ കോടതിയിൽ ചെന്ന് ഇഞ്ചങ്ഷൻ നേടി. എന്നാൽ മകളും പിതാവിനെപ്പോലെ തന്നെ ശാഠ്യക്കാരിയായിരുന്നു. പ്രായപൂർത്തിയായ ദിവസം റൂത്തി പിതാവിന്റെ കൊട്ടാരം വിട്ടോടി-തന്റെ മാനസേശ്വരനെ വിവാഹം ചെയ്യാൻ. നിയമപരമായ തടസ്സങ്ങൾ നീങ്ങിക്കിട്ടും വരെ ജിന്നയും റൂത്തിയും കാത്തുനിന്നു. അങ്ങിനെ 1918 ഏപ്രിൽ 19ന് വെള്ളിയാഴ്ച ബോംബെ മലബാർ ഹില്ലിലെ മൗണ്ട് പ്ളസന്റ് റോഡിൽ ജിന്നയുടെ സൗത്ത് കോർട്ട് വനത്തിൽ വച്ച് അവർ വിവാഹിതരായി. പാർസിയായിരുന്നുവെങ്കിലും ഒരു മതാചാരവും അനുഷ്ഠിക്കാതിരുന്ന റൂത്തി വിവാഹത്തിന് മൂന്നു ദിവസം മുമ്പ് ഇസ്ലാം മതം സ്വീകരിച്ചു. റൂത്തിയുടെ കുടുംബക്കാർ ആരും ചടങ്ങിൽ പങ്കെടുത്തില്ല. മഹ്മൂദാബാദ് രാജാവടക്കം ജിന്നയുടെ ഏറ്റവും അടുത്ത ചില സുഹൃത്തുക്കൾ മാത്രം അതിൽ സംബന്ധിച്ചു.

ഗാന്ധിജിയും അലി സഹോദരന്മാരും അക്കാലത്ത് ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ പേരിൽ ഒന്നിച്ചു നീങ്ങി. മറ്റൊരു ഭാഗം ബാലഗംഗാതര തിലകും ആനിബസന്റും തോളോടുതോൾ ചേർന്നു ജിന്നയെയും ചേർത്തു രാഷ്ട്രീയപ്രവർത്തനവും തുടർന്നു. ഹോംറൂൾ ലീഗ് അന്ന് സജീവ പ്രസ്ഥാനമായിരുന്നു. വൈസ്രോയി ചെംസ്ഫോർഡിനോ ബോംബെ ഗവർണ്ണർ വെല്ലിംഗ്ടൺ പ്രഭുവിനോ ഇതിഷ്ടപ്പെട്ടില്ല. അവരിരുവരും ലണ്ടനിലെ ഇന്ത്യാകാര്യ സെക്രട്ടറിക്ക് ഇവർക്കെതിരായി റിപ്പോർട്ടുകളയച്ചുകൊണ്ടിരുന്നു.

ബോംബെ ഗവർണറെന്ന നിലക്ക് വെല്ലിംഗ്ടൺ പ്രഭു വിളിച്ചുകൂട്ടിയ യുദ്ധകാല സമ്മേളനത്തിൽ ഹോംറൂൾ ലീഗിന്റെ പ്രവർത്തനങ്ങളെ അദ്ദേഹം നിശിതമായി വിമർശിച്ചു. യോഗത്തിൽ

For Group Contact us +91 9746065242

mappilaheritagelibrary.com

സംബന്ധിച്ചിരുന്ന ബാലഗംഗാധരതിലകൻ ഗവർണ്ണറോടു പറഞ്ഞു: "ഹോംറൂൾ ഇല്ലാതെ ഹോംഡിഫൻഡ് (രാജ്യരക്ഷ) ഉണ്ടാവില്ല" കുപിതനായ ഗവർണ്ണർ തിലകനോടു യോഗം വിട്ടുപോകാൻ ആവശ്യപ്പെട്ടു. ഉടനെ ജിന്ന എഴുന്നേറ്റു ഗവർണ്ണറുടെ നടപടികളെ ചോദ്യം ചെയ്തു. നാട്ടുകാരുടെ സഹകരണം വേണമെന്ന് ആത്മാർത്ഥമായ ആഗ്രഹമുണ്ടെങ്കിൽ എല്ലാവരെയും തുല്യരായി കണക്കാക്കണമെന്ന് ജിന്ന ആവശ്യപ്പെട്ടു.

ഒന്നാം ലോക മഹായുദ്ധം അവസാനിക്കാറായതോടെ ഗവർണ്ണർ വെല്ലിംഗ്ടൺ പ്രഭുവിന്റെ ഉദ്യോഗകാലാവധി തീരുകയായിരുന്നു. വെല്ലിംഗ്ടണിന്റെ ചില പാർസി സുഹൃത്തുക്കൾ അദ്ദേഹം യാത്ര പുറപ്പെടുന്നതിന് മുമ്പ് പ്രശംസാസൂചകമായി ടൗൺഹാളിൽ ഒരു പൊതുചടങ്ങ് ഏർപ്പെടുത്തിയത് ജിന്ന അറിഞ്ഞു. വൈകുന്നേരം അഞ്ചുമണിക്കാണ് ഗവർണ്ണർക്കു പ്രശംസാപത്രം സമർപ്പിക്കാൻ കമ്മിറ്റി തീരുമാനിച്ചത്. തലേന്ന് രാത്രി ജിന്നയുടെ 300-ൽ പരം യുവാക്കളായ സഹപ്രവർത്തകന്മാർ ടൗൺഹാളിന്റെ പടിവാതിൽക്കൽ വന്നുനിന്നു. രാവിലെ 10 മണിക്ക് പോലീസ് ഹാൾ തുറന്നപ്പോൾ ആദ്യം കടന്നത് അവരായിരുന്നു. കുറച്ചു കഴിഞ്ഞപ്പോൾ ജിന്നയും ക്യൂവിൽ നിന്ന് അകത്തുകയറി വേഗം നടന്നു മുൻനിരയിൽ തന്നെ സ്ഥാനം പിടിച്ചു. ഉച്ചക്ക് ആരൊക്കെയോ എത്തിച്ചുകൊടുത്ത ഭക്ഷണപ്പൊതികൾ അകത്ത് കാലേക്കൂട്ടി കടന്നുകൂടിയവർ കഴിച്ചു. ജിന്നക്ക് ഭാര്യ റൂത്തി ഭക്ഷണമെത്തിച്ചു.

ബോംബെ ഷെരീഫ് സർജീം ബായ് എത്തും മുമ്പ്തന്നെ ഹാൾ നിറഞ്ഞിരുന്നു. വെല്ലിംഗ്ടൺ പ്രഭു ബോംബെയ്ക്ക് ചെയ്ത മഹത്തായ സേവനങ്ങളെ വാഴ്ത്താനും അദ്ദേഹത്തെ അനുമോദിക്കാനുമുള്ള പ്രമേയം അവതരിപ്പിക്കാൻ ഷെരീഫ് എഴുന്നേറ്റ ഉടൻ ജിന്ന വിളിച്ചുപറഞ്ഞു. 'ഇല്ല, ഇല്ല' തുടർന്നു 20 മിനുട്ടു നേരത്തേക്കു തുടർച്ചയായ പ്രതിഷേധവും ബഹളവുമായിരുന്നു. ബോംബെ ഷെരീഫ് പ്രമേയമവതരിപ്പിച്ചുകഴിഞ്ഞു എന്നു തോന്നിയപ്പോഴേക്കും ചടങ്ങ് അവതാളത്തിലായി. പോലീസ് കമ്മീഷണർ ആളുകളെ ഹാളിൽ നിന്നിറക്കി. ജിന്നയും റൂത്തിയും കൂട്ടുകാരും പുറത്തിറങ്ങി.

ബോംബെയിലെ ജനങ്ങളുടെ അപൂർവ്വ ഹീറോ ആയി പുറത്തിറങ്ങിയ ജിന്ന അപ്പോളോ തെരുവിലേക്ക് നീങ്ങിയ തന്റെ അനുയായി സംഘത്തോട് ആവേശത്തോടും ആഹ്ലാദത്തോടും പറഞ്ഞു:

For Group Contact us +91 9746065242

mappilaheritagelibrary.com

"മാന്യരേ, ബോംബെ പൗരന്മാരേ! നിങ്ങളുടെ കൂട്ടായ ശ്രമത്തെ തകർക്കാൻ അധികാരിവർഗ്ഗവും ഏകാധിപതികളും ഒന്നിച്ചുചേർന്നാൽ പോലും സാധ്യമല്ലെന്നു പ്രഖ്യാപിക്കുന്ന വിജയമാണ് നിങ്ങൾ നേടിയിട്ടുള്ളത്. ബോംബെയുടെ ചരിത്രത്തിൽ ഡിസംബർ 11 തങ്കലിപികളാൽ ആലേഖനം ചെയ്യപ്പെട്ടതായിരിക്കും. ജനാധിപത്യത്തിന്നുണ്ടായ ഈ നേട്ടം സുഹൃത്തുകളെ നിങ്ങൾ ആഘോഷിക്കുക."

മുഹമ്മദലി ജിന്നയുടെ ഈ അഭൂതപൂർവ്വമായ വിജയത്തിന്റെ സ്മരണക്കായി അന്ന് 65000 രൂപ പിരിച്ചെടുത്തു. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് കെട്ടിടത്തിൽ നിൽക്കുന്ന 'പീപ്പിൾസ് ജിന്നാ ഹാൾ' (പി.ജെ.ഹാൾ) പണിതീർത്തു. മുഹമ്മദലി ജിന്നയുടെ സുധീരവും സമർത്ഥവുമായ നേതൃത്വത്തിൽ നേടിയെടുത്ത മഹത്തായ വിജയത്തിന്റെ പ്രതീകമായി അതിന്നും നിലകൊള്ളുന്നു,

For Group Contact us +91 9746065242

For Group Contact us +91 9746065242
mappilaheritagelibrary.com

III

ജിന്നയുടെ വ്യക്തിപരവും രാഷ്ട്രീയവുമായ ജീവിതത്തിൽ ഒരുപോലെ പ്രാധാന്യമർഹിക്കുന്ന മറ്റൊരു വർഷമുണ്ട് –1919.

ബ്രിട്ടീഷ് ഗവൺമെന്റിന്റെ കുപ്രസിദ്ധ കരിനിയമമായ റൗളത്ത് ആക്ട് നടപ്പിൽ വന്നത് ആ വർഷമായിരുന്നു. ഇന്ത്യക്കാരുടെ സ്വാതന്ത്ര്യസമര പ്രവർത്തനങ്ങളെ കടിഞ്ഞാണിടാൻ ബ്രിട്ടീഷ് ഭരണാധികാരികൾ ജസ്റ്റീസ് റൗളത്ത് കമ്മിറ്റിയെ കൊണ്ടു എഴുതിപ്പിച്ചതായിരുന്നു റൗളത്ത് ബിൽ. ബോംബെയിൽ ഗവർണർ വെല്ലിംഗ്ടനെതിരെ പോലും തികച്ചു നിയമാനുസൃതമായ പ്രതിഷേധപ്രകടനത്തിന് നേതൃത്വം നൽകിയ ജിന്ന ഒരിക്കലും നിയമലംഘനങ്ങളെ അനുകൂലിക്കുമായിരുന്നില്ല. അദ്ദേഹം എന്നും നിയമവാഴ്ചയെ അംഗീകരിച്ചു. അതുകൊണ്ട് തന്നെ സഹകരണപ്രസ്ഥാനവും സത്യാഗ്രഹ സമരങ്ങളും ഒരു സ്ഥാനവും നേടിയില്ല.

എന്നാൽ ഇന്ത്യൻ ജനതയുടെ സ്വാതന്ത്ര്യ സമരാവേശത്തെ തടയുകയും തകർക്കുകയും ചെയ്യാനുള്ള ശ്രമങ്ങളെ ജിന്ന അതിശക്തമായി എതിർത്തു.

റൗളത്ത് ബിൽ എന്ന കരിനിയമം പാസ്സാക്കിയത് കേന്ദ്ര ലെജിസ്ലേറ്റീവ് കൗൺസിലിലെ തെരഞ്ഞെടുക്കപ്പെട്ട 22 അംഗങ്ങളുടെയു എതിർപ്പോടെയായിരുന്നു. ഔദ്യോഗികാംഗങ്ങളായ 34 പേരും കരിനിയമത്തിന് കൈകൂപ്പി. വൈസ്രോയി ചെംസ്ഫോർഡും, ജസ്റ്റീസ് റൗളത്തും കൂട്ടരും അധികാരത്തിന്റെ മത്ത് പിടിച്ച് ഇന്ത്യൻ പൊതുജനാഭിപ്രായത്തെ മാനിക്കാതെ നിയമം നടപ്പിലാക്കിയപ്പോൾ മുഹമ്മദലി ജിന്ന ഇമ്പീരിയൽ ലെജിസ്ലേറ്റീവ് കൗൺസിൽ അംഗത്വം രാജിവെച്ചു. 1919 ഫെബ്രുവരി 6-ന് ബിൽ കൗൺസിലിന്റെ പരിഗണനക്ക് വന്നപ്പോൾ ജിന്ന ചെയ്ത പ്രസംഗം ശ്രദ്ധേയമായിരുന്നു.

ഒരു പരിഷ്കൃത രാജ്യത്തും ഇത്തരം നിയമനിർമ്മാണം നടന്നതിന് ഒരു ദൃഷ്ടാന്തവുമില്ല. ഭരണപരിഷ്ക്കാരത്തെക്കുറിച്ചുള്ള അഭൂതപൂർവ്വമായ പ്രതീക്ഷയുടെ ഒരു ഘട്ടത്തിൽ ഇത്തരം നിയമങ്ങൾ

For Group Contact us +91 9746065242

mappilaheritagelibrary.com

കൊണ്ടുവരുന്നത് തീർത്തും അരോചകമാണ്. ഈ നിയമം പാസ്സാക്കിയാൽ ജനങ്ങളും ഗവർമെന്റും തമ്മിലുള്ള ബന്ധം ഉലക്കുന്ന വിനാശകരമായ പ്രക്ഷോഭങ്ങളും അസംതൃപ്തിയും സമരങ്ങളുമുണ്ടാകും. വിപ്ലവക്കുറ്റങ്ങൾക്ക് പ്രതിവിധിയായി കൊണ്ടുവന്ന ഈ നിയമം അതിനുള്ള ചികിൽസാവിധിയല്ല.

റൗലത്ത് ആക്ട് നടപ്പിൽ വന്ന 1919 മാർച്ച് 28-ന് ജിന്ന കൗൺസിൽ അംഗത്വം രാജിവെച്ചുകൊണ്ട് വൈസ്രോയി ചെംസ്ഫോർഡിനെഴുതി. റൗലത്ത് ആക്ട് പാസ്സാക്കിയ കൗൺസിൽ പേരിനു മാത്രമുള്ള ഒരു നിയമനിർമ്മാണസഭയാണ്. എന്നാണ്. പ്രയോഗികമായി അത് ബ്രട്ടീഷ് ഭരണാധികാരികൾക്കുള്ള സമാന്തര സമിതിയും. നീതിയുടെ അടിസ്ഥാന തത്വങ്ങൾ തകർത്തുകളഞ്ഞു. അതിൽ കവിഞ്ഞ ആവേശം കൈമുതലുള്ള കഴിവുകെട്ട ഒരു അധികാരിവർഗ്ഗം കൊണ്ടുനടത്തുന്ന ഈ രാജ്യത്തിന് യഥാർത്ഥമായ ഒരു ഭീഷണിയും ഇല്ലാത്ത ഒരവസരത്തിൽ ഈ നിയമം ജനങ്ങളുടെ ഭരണഘടനാപരമായ അവകാശങ്ങളുടെ ലംഘനമാണ്. ജനങ്ങളോട് ഒരു ഉത്തരവാദിത്വബോധവുമില്ലാത്ത ഉദ്യോഗസ്ഥവൃന്ദം ഈ നിയമവ്യവസ്ഥകൾ ദുരുപയോഗപ്പെടുത്തും. സമാധാനപരമായി ഭരണം നടക്കുന്ന ഒരു ഘട്ടത്തിൽ ഇത്തരം നിയമങ്ങൾ പാസ്സാക്കുന്നത് ഒരു പരിഷ്കൃത രാജ്യത്തിന് ചേർന്നതല്ല. അതുകൊണ്ടുതന്നെ ഈ കരിനിയമങ്ങൾക്ക് ഇന്ത്യാസെക്രട്ടറി അനുമതി നൽകുകയില്ലെന്ന് ഞാൻ ആശിക്കുന്നു.

പക്ഷേ കരിനിയമം നടപ്പിൽ വന്നു. ജിന്നയുടെ രാജിയും. ജിന്നയുടെ വ്യക്തിപ്രഭാവം എത്ര ഉന്നതമാണെന്നും അദ്ദേഹത്തിന്റെ പൊതുജീവിതം എത്ര നിസ്വാർത്ഥമാണെന്നും ഈ രാജി തെളിയിക്കുന്നു.

1919 ഏപ്രിൽ 13-നു നടന്ന ജാലിയൻ വാലാബാഗ് കൂട്ടക്കൊല എല്ലാവരെയും പിടിച്ചുകുലുക്കി. ജിന്നയാണെങ്കിൽ ഇന്ത്യൻ രാഷ്ട്രീയരംഗത്ത് തന്റെ പ്രതീക്ഷകൾക്കെതിരായി നടക്കുന്ന സംഭവങ്ങളിൽ മാനസികമായി വിഷമിക്കുകയായിരുന്നു. യുദ്ധത്തിന്റെ പരിണതിയും സമാധാനത്തിനുള്ള ചർച്ചകളും യൂറോപ്യൻ രാജ്യങ്ങളെയും തുർക്കിയെയും ഇന്ത്യയിലെ മുസ്ലിംകളെയും അലട്ടിക്കൊണ്ടിരിന്നു. ഇന്ത്യയിലെ മുസ്ലിംകളുടെ വികാരപ്രകടനം പ്രധാനമന്ത്രി ലോയിഡ് ജോർജ്ജിനെ

For Group Contact us +91 9746065242

mappilaheritagelibrary.com

അറിയിക്കാൻ മുസ്ലിംലീഗും തീരുമാനിച്ചു. ലീഗ് പ്രസിഡന്റ് എ.കെ ഫസ്ലുൽ ഹഖ്, യൂറോപ്പിൽ യുദ്ധത്തിന്റെ പേരിൽ തുർക്കിയുടെ ഒട്ടോമൻ സാമ്രാജ്യത്തിന്റെ ഭൂമി പിടിച്ചെടുക്കുന്ന ക്രൈസ്തവ രാജ്യങ്ങൾക്കെതിരെ അട്ടഹസിച്ചു. യുദ്ധകാല കൗൺസിലിൽ സത്യേന്ദ്രസിൻഹയും ബിക്കാനീർ രാജാവും ഇന്ത്യയെ പ്രതിനിധാനം ചെയ്യാൻ തെരഞ്ഞെടുക്കപ്പെട്ടു. അലി സഹോദരൻമാരും മൗലാനാ ആസാദും എല്ലാവരും തടവിൽ കഴിയുകയും ലീഗിനോ മുസ്ലിംകൾക്കോ പ്രാതിനിധ്യമില്ലാതിരിക്കുകയും ചെയ്ത ഒരവസരത്തിൽ മുസ്ലിം താൽപര്യം അപകടത്തിലാവുകയാണ് ഫസ്ലുൽ ഹഖ് മനസ്സിലാക്കി.

പ്രധാനമന്ത്രി ലോയിഡ് ജോർജ്ജിനെ കാണാൻ ജിന്നയുടെ നേതൃത്വത്തിൽ ഒരു പ്രതിനിധി സംഘത്തെ അയക്കാൻ തീരുമാനമായി. ഗർഭിണിയായ ഭാര്യ റൂത്തിയെയും കൂട്ടി മേയ് മാസത്തിൽ ലണ്ടനിലെത്തിയ ജിന്ന റീജന്റ് പാർക്കിൽ ഒരു വീട് വാടകക്കെടുത്തു താമസം തുടങ്ങി. വെർസയിൽസിൽ നടന്ന സമാധാനചർച്ചകളിൽ ബിക്കാനീർ രാജാവും ചെംസ്ഫോർഡ് പ്രഭുവും ഇന്ത്യയെ പ്രതിനിധീകരിച്ചു. ഫലസ്തീൻ ഇറാഖ്. ട്രാൻസ് ജോർഡാൻ, സിറിയ. ലബനാൻ എന്നീ തുർക്കി ഒട്ടോമാൻ സാമ്രാജ്യത്തിന്റെ പ്രദേശങ്ങളെ സംബന്ധിച്ച ചർച്ചകളിൽ ബ്രട്ടീഷ് ഗവർമെന്റ് ഇന്ത്യയിലെ മുസ്ലിം പ്രതിനിധികളെ ക്ഷണിച്ചില്ല. ലീഗിന്റെ പ്രിതിനിധിയായി ജിന്ന ക്ഷണിക്കപ്പെടുമെന്ന പ്രതീക്ഷയും അസ്ഥാനത്തായി. അടുത്ത കാലങ്ങളിൽ ബ്രട്ടീഷ് ഭരണത്തിനെതിരായി പ്രക്ഷോഭകാരികളെ സഹായിക്കുന്ന ജിന്നയുടെ ഇന്ത്യയിലെ പ്രവർത്തനങ്ങളെക്കുറിച്ച് ചെംസ്ഫോർഡ് പ്രഭു. വില്ലിംഗ്ടൺ പ്രഭു. തുടങ്ങിയവരുടെ പ്രചരണങ്ങൾ ബ്രട്ടീഷ് ഗവർമെന്റിനെ ജിന്നയെ ക്ഷണിക്കുന്നതിൽ നിന്നു വിലക്കി.

ജിന്നയാകട്ടെ തന്റെ കുടുംബജീവിതത്തിൽ ഒരു സുപ്രധാന സംഭവത്തിൽ സന്തുഷ്ടനായിക്കഴിഞ്ഞു. ഭാര്യ റൂത്തി പ്രസവിച്ചു. ഒരു പെൺകുഞ്ഞ്. പ്രസവിച്ച ദിവസമോ? 1919 ആഗസ്റ്റ് 14 അർദ്ധരാത്രി (ഇരുപത്തെട്ട് വർഷങ്ങൾക്ക്ശേഷം ജിന്നയുടെ രണ്ടാമത്തെ കുഞ്ഞ്.- പാക്കിസ്ഥാൻ പിറന്നതും 1947 ആഗസ്റ്റ് 14നും 15നുമിടയിലുള്ള അതേ സമയത്തായിരുന്നു) റൂത്തിയുടെയും ജിന്നയുടെയും പൊന്നോമന മകൾ ദിനയുടെ ജൻമദിനം.)

1919 നവംബർ മദ്ധ്യത്തോടെ ഇന്ത്യയിൽ തിരിച്ചെത്തിയ

For Group Contact us +91 9746065242

mappilaheritagelibrary.com

ജിന്നക്ക് രാഷ്ട്രീയമായി തന്റെ എതിരാളികളെ നേരിടേണ്ടി വന്നു. ഗാന്ധിജിയുടെ നിസ്സഹകരണ പ്രസ്ഥാനവും അലി സഹോദരൻമാരുടെ ഖിലാഫത്ത് പ്രസ്ഥാനവും ഒന്നിച്ചു മുന്നേറി. അമൃതസരസ്സിൽ ചേർന്ന കോൺഗ്രസ്സ് യോഗവും ലീഗ് യോഗവും അതംഗീകരിച്ചു. എന്നാൽ ഭരണഘടനാപരമായ മാർഗ്ഗങ്ങളിലൂടെ ബ്രട്ടീഷ് കോമൺവെൽത്തിൽ ഇന്ത്യക്ക് സ്വയഭരണം നേടണമെന്നായിരുന്നു ജിന്നയുടെ വാദം. കൽക്കത്തയിൽ ചേർന്ന കോൺഗ്രസ്സ് സമ്മേളനം ഗാന്ധിജിയുടെ നിസ്സഹകരണ പ്രമേയത്തെ അനുകൂലിച്ചു. ജിന്നയും ബംഗാളിലെ സി.ആർ. ദാസും ബി.സി. പാലും അതിനെ എതിർത്തെങ്കിലും ഗാന്ധിജിയുടെ കൂടെ അലി സഹോദരൻമാരും മോത്തിലാൽ നെഹ്റുവും ചേർന്നു. പൂർണ്ണസ്വരാജിന് വേണ്ടി സത്യഗ്രഹസമരം വേണമെന്ന ഗാന്ധിജിയുടെ വാദത്തെ ആനിബസന്റ് ഗോഖലെയുടെ അനുയായിയും സർവന്റ്സ് ഓഫ് ഇന്ത്യാ സൊസൈറ്റിയുടെ നേതാവുമായ ശ്രീനിവാസ ശാസ്ത്രി തുടങ്ങിയവരും എതിർത്തു. ഗാന്ധിജി സത്യഗ്രഹം പ്രഖ്യാപിച്ച 1920 ആഗസ്ത് 17-ാം തീയതി ബലഗംഗാധര തിലകൻ അന്തരിച്ചു. തിലകാണെങ്കിൽ ഒരു മുസ്ലിമിന്റെ കൂടെ ചേർന്ന യാഥാസ്തിതിക ബ്രാഹ്മണനായ ഗാന്ധി (മൗലാനാ മുഹമ്മദലി- ഗാന്ധിജി ബന്ധം ഉദ്ദേശിച്ചുകൊണ്ട്)യുടെ നേതൃത്വം സ്വീകരിക്കാൻ തയ്യാറായിരുന്നില്ല. ബോംബെയിൽ ചേർന്ന ഹോറൂൾ ലീഗ് യോഗത്തിൽ പങ്കെടുക്കാൻ കൽക്കത്തയിൽ നിന്ന് ജിന്നയും ഗാന്ധിജിയും ഒന്നിച്ചു യാത്രചെയ്തു. ആനിബസന്റ് ആരംഭിച്ച ഹോറൂൾ ലീഗിന്റെ ഭരണഘടന മാറ്റിയ ആ യോഗത്തിൽ ഗാന്ധിജി ആദ്ധ്യക്ഷ്യം വഹിച്ചു. ജിന്ന തന്റെ വാദത്തിൽ ഉറച്ചുനിന്നു. നിസ്സാഹകരണവും സത്യഗ്രഹവും അദ്ദേഹം സ്വീകരിച്ചില്ല. അത്തരക്കാർക്ക് ഹോറൂൾലീഗ് വിട്ടു പോകാമെന്ന് ഗാന്ധിജി പറഞ്ഞു. ജിന്ന മടിച്ചു നിന്നില്ല. അദ്ദേഹം ഹോംറൂൾലീഗിൽ നിന്നും രാജിവെച്ചു.

1920 ഡിസംബറിൽ നാഗ്പൂർ കോൺഗ്രസ് സമ്മേളത്തിൽ ഗാന്ധിജി തന്റെ സുപ്രസിദ്ധമായ പ്രമേയം അവതരിപ്പിച്ചു- ഇന്ത്യക്ക് നിയമവിധേയവും സമാധാനപരവുമായ എല്ലാ മാർഗ്ഗങ്ങളിലൂടെയും പൂർണ്ണ സ്വാതന്ത്ര്യം വേണമെന്ന പ്രമേയം. ജിന്ന അതിനെ എതിർത്തു. ഇന്ത്യക്ക് അത്രപെട്ടെന്ന് ബ്രട്ടിനുമായുള്ള എല്ലാ ബന്ധങ്ങളും വിച്ഛേദിക്കാൻ അപ്പോൾ സാദ്ധ്യമല്ലെന്നായിരുന്ന

For Group Contact us +91 9746065242

mappilaheritagelibrary.com

ജിന്നയുടെ വാദം. പൂർണ്ണ സ്വാതന്ത്ര്യത്തിന് വേണ്ടി ഇന്ത്യ കൂടുതൽ തയ്യാറെടുക്കേണ്ടതുണ്ടെന്ന് ജിന്ന വാദിച്ചു.

ഗാന്ധിജിയുടെ പ്രമേയത്തെ ലാലാ ലജ്പത്റായി അനുകൂലിച്ചപ്പോൾ 14500 പ്രതിനിധികൾ അടങ്ങിയ സദസ്സാകെ നീണ്ടുനിന്ന കരഘോഷത്തോടെ ആഹ്ളാദം പ്രകടിപ്പിച്ചു. എന്നാൽ ജിന്ന ഉറച്ചു നിന്നു. മുഖത്തെ ഒരു മന്ദഹാസവുമായി ജിന്ന ഫ്ളാറ്റുഫോമിൽ കയറി. ജനക്കൂട്ടം ജിന്നയെ കൂക്കിവിളിച്ചു- ലജ്ജാവഹം, ലജ്ജാവഹം. എന്ന് ആർപ്പുവിളി- രാഷ്ട്രീയ ആൾമാറാട്ടക്കാരൻ എന്ന് അപശ്രുതി. എന്നാൽ അതുകൊണ്ടൊന്നും ജിന്ന ഏശിയില്ല. അദ്ദേഹം പറഞ്ഞു: മി.ഗാന്ധിയുടെ പ്രമേയത്തെ പരാമർശിച്ചുകൊണ്ട്....." അപ്പോഴേക്കും ക്ഷുഭിതരായ പ്രതിനിധികൾ ആർത്തുവിളിച്ചു.

"ഇല്ലാ പാടില്ല മഹാത്മഗാന്ധി"

ജിന്ന വീണ്ടും ആവർത്തിച്ചു.

"മി. ഗാന്ധി...." പ്രതിനിധികൾ വീണ്ടും പ്രതിഷേധിച്ചു. എങ്കിൽ വേറെയൊന്നും പറയാതെ അത്രപോലും മഹാത്മായെന്ന് വിളിക്കുകയില്ലെന്ന് ശഠിച്ചുകൊണ്ട് പ്രസംഗം തുടർന്നു: ഈ സന്നിഗ്ദ്ധഘട്ടത്തിൽ രാജ്യത്തിന്റെ ഭാവി രണ്ടു പേരുടെ കരങ്ങളിലാണ് - അതിലൊന്ന് ഗാന്ധി. ജിന്ന തുടർന്നു ഈ കൂടിയവരിൽ ഭൂരിപക്ഷവും അദ്ദേഹത്തിന്റെ ആൾക്കാരാണെന്ന് അറിഞ്ഞുകൊണ്ട് തന്നെ ഞാൻ അദ്ദേഹത്തോട് അപേക്ഷിക്കുന്നു വളരെ വൈകും മുമ്പ് ഈ ആക്രോശങ്ങൾ നിർത്തുക.

ജിന്നയുടെ പ്രസംഗം തടസ്സപ്പെട്ടു. ആരും അത് കേട്ടില്ല. ഖിലാഫത്ത് പ്രസ്ഥാനക്കാരും വിശിഷ്യാ ഷൗക്കത്തലിയും അദ്ദേഹത്തോടുള്ള നീരസം പ്രകടിപ്പിച്ചു. മൗലാനാ മുഹമ്മദലിയേയും ജിന്ന മിസ്റ്റർ മുഹമ്മദലി എന്ന് മാത്രമേ വിളിച്ചിരുന്നുള്ളു. മൂന്നുമാസം മുമ്പ് മാത്രം മുസ്ലിംലീഗ് പൊതുയോഗത്തിൽ അദ്ധ്യക്ഷത വഹിച്ചിരുന്ന ജിന്ന നാഗ്പൂരിലെ സമ്മേളനത്തിൽ പങ്കെടുത്തില്ല. ഗാന്ധി-ഖിലാഫത്ത് കൂട്ടുകെട്ടിൽ യോജിക്കാനാവാതെ മുഹമ്മദലി ജിന്ന ഭാര്യ റൂത്തിയും ഒരുമിച്ചു ബോംബെക്ക് തിരിച്ചുപോന്നു. 1921 മുതൽ ഇന്ത്യൻ രാഷ്ട്രീയരംഗത്തെ സംഭവവികാസങ്ങളിൽ തപ്തനായ ജിന്ന വിപ്രവാസത്തിന് തന്നെ തീരുമാനിച്ചു. അങ്ങനെ ബോംബെയിൽ തന്റെ വരുമാനമുണ്ടാക്കുന്ന അഭിഭാഷക ജോലിയിൽ ശ്രദ്ധ

For Group Contact us +91 9746065242

mappilaheritagelibrary.com

കേന്ദ്രീകരിച്ച ജിന്ന 1921 മുതൽ രാഷ്ട്രിയരംഗത്ത് നിന്നു മാറിനിന്നു. പക്ഷേ അത് കൊടുങ്കാറ്റിനു മുമ്പുള്ള ശാന്തത മാത്രമായിരുന്നു.

നാഗ്പൂരിലെ തിക്താനുഭവങ്ങളെ തുടർന്ന് സജീവ രാഷ്ട്രീയത്തിൽ നിന്ന് മാറിനിന്ന ജിന്നക്ക് ആ വിപ്രവാസം ഒരുകൊല്ലം മാത്രമേ തുടരാൻ കഴിഞ്ഞുള്ള. 1923 സെപതംബറിൽ സെൻട്രൽ ലെജിസ്റ്റേറ്റീവ് അസംബ്ലിയിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ ബോംബെ മുസ്ലിം സീറ്റിൽ നിന്നു ജിന്ന മത്സരിച്ചു. ജിന്നക്ക് തന്റെ വോട്ടർമാരുടെ മുമ്പിൽ വെക്കാനുള്ളത് ഒന്നുമാത്രമായിരുന്നു. എനിക്ക് ഗവർമെന്റിൽ നിന്ന് സ്ഥാനമോ പദവിയോ നേടണമെന്ന് ആഗ്രഹമില്ല. രാജ്യത്തിന് തന്നാലാകുംവിധം സേവനം ചെയ്യുക- ഇത് മാത്രമേ എനിക്കുള്ളു.

ജിന്നയെ ബോംബെയിലെ മുസ്ലിം നിയോജകമണ്ഡലം വീണ്ടും തെരഞ്ഞെടുത്തപ്പോൾ അത് അദ്ദേത്തിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കി. ജിന്ന മതാനുഷ്ടാനങ്ങളിൽ വലിയ നിഷ്കർഷയുള്ള ആളായിരുന്നില്ല. എന്നാൽ ഇസ്ലാമിന്റെ വ്യക്തിത്വവും രാഷ്ട്രീയത്തിൽ അതിനുള്ള സ്വധീനവും ജിന്ന തികച്ചും മനസ്സിലാക്കിക്കഴിഞ്ഞിരുന്നു. നാഗപ്പൂരിൽ തനിക്കുണ്ടായ അപമാനം ജിന്നയെ വേദനിപ്പിച്ചു. മഹ്മൂദാബാദ് രാജാവ് 'ആദ്യം മുസ്ലിം പിന്നെ ഇന്ത്യക്കാരൻ' എന്ന് പറഞ്ഞപ്പോൾ 'എന്റെ കൂട്ടീ. ആദ്യം ഇന്ത്യാക്കാരൻ പിന്നെ മുസ്ലിമെന്ന്' കർശനമായി തിരുത്തിയ താൻ ഇപ്പോൾ എവിടെ എത്തിയെന്ന് ചിന്തിക്കാൻ താൻ നിർബന്ധിതനായി. തന്നെ ആർക്കും ആവശ്യമില്ലാത്തപ്പോൾ പോലും തന്റെ ഉപദേശം ആവശ്യമുള്ള ഒരു വിഭാഗമുണ്ട്; സ്വന്തം സമുദായം- ആ സമുദായവുമായി ബന്ധം പുലർത്താത്തതും ആ സമുദായത്തിന്റെ അനുഭവങ്ങളുടെയും ചരിത്രത്തിന്റെയും കുളമ്പടിശബ്ദം കേൾക്കാത്തതുമായ ഒന്നിനും ഒരു വിലയുമി ല്ലെന്ന് ബോംബെ മുസ്ലിംകൾ കാണിച്ച സൗഹൃദവും അംഗീകാരവും ജിന്നയിൽ ബോധോദയം ഉണ്ടാക്കി.

1924 ജനുവരി 31-ന് പുതിയ സെൻട്രൽ ലെജിസ്റ്റേറ്റീവ് അസംബ്ലിയിൽ വൈസ്രോയി റീഡിംഗ് പ്രഭു ഉദ്ഘാടനപ്രസംഗം വായിച്ചു. ജിന്ന സഭയിലുള്ള 21 സ്വതന്ത്രാംഗങ്ങളെ വിളിച്ചുകൂട്ടി ഒരു ഗ്രൂപ്പ് രൂപവത്കരിച്ചു. അതിനുശേഷം സി.ആർ. ദാസ് മോത്തിലാൽ നെഹ്റു എന്നിവരുടെ സ്വരാജ് കക്ഷിയുമായി വോട്ടെടുപ്പിൽ യോജിക്കാൻ സന്നദ്ധത പ്രകടിപ്പിച്ചു. സ്വരാജ്

For Group Contact us +91 9746065242

mappilaheritagelibrary.com

കക്ഷിയാകട്ടെ ജിന്നയുടെ കൂടെയുള്ള സ്വതന്ത്രാംഗങ്ങളെ കിട്ടിയാൽ നോമിനേറ്റ് ചെയ്യപ്പെട്ട ഔദ്യോഗികാംഗങ്ങളെ പരാജയപ്പെടുത്താമെന്നു കണ്ടു. അത് തന്നെ ജിന്നയുടെ പ്രധാന്യം വർദ്ധിപ്പിച്ചു. അങ്ങിനെ ജിന്നയുടെ നേതൃത്വത്തിൽ ഒരു പുതിയ ദേശീയകക്ഷി ഉദയം ചെയ്തു.

ജിന്ന ആദ്യമായി കൊണ്ടുവന്ന പ്രമേയം പ്രമുഖ ന്യൂനപക്ഷ സമുദായങ്ങളുടെ താത്പര്യത്തെ ക്കുറിച്ച് ചർച്ചചെയ്യാൻ ഒരു വട്ടമേശസമ്മേളനം ചേരണമെന്നും അതനുസരിച്ച് ഇന്ത്യാ ഗവൺമെന്റ് നിയമം ഭേദഗതി ചെയ്യണമെന്നും ആയിരുന്നു. 48 നെതിരെ 76 വോട്ടുകളോടെ പ്രമേയം സഭ പാസ്സാക്കി- ആഭ്യന്തര വകുപ്പ് സെക്രട്ടറി മൂഡ്ഡിമാൻ ചെയർമാനും ജിന്ന, തേജ് ബഹദൂർസപ്രു. പറഞ്ഞ്പോയ് തുടങ്ങിയവർ അംഗങ്ങളുമായി വൈസ്രോയി റീഡിംഗ് പ്രഭു ഒരു ഉന്നതാധികാര അന്വേഷണ കമ്മിറ്റി രൂപീകരിച്ചു. കമ്മിറ്റിയുടെ പേരുതന്നെ ജിന്നാ കമ്മിറ്റി. എന്നായിരുന്നു. ഈ കമ്മിറ്റിക്ക് വേണ്ടി റിപ്പോർട്ട് എഴുതി തയ്യാറാക്കിയത് ജിന്നയായിരുന്നു.

1925 ഫെബ്രുവരിയിൽ കേന്ദ്ര അസംബ്ളിയിൽ ഒരു സുപ്രധാന ചർച്ച നടന്നു. ഇന്ത്യൻ സേനയെ ഇന്ത്യാവൽക്കരിക്കുന്നതിനെ പറ്റിയായിരുന്നു അത് . ഇന്ത്യൻ സൈന്യത്തിൽ കൂടുതൽ ഇന്ത്യക്കാരെ ചേർക്കുന്നതിൽ വരുത്തുന്ന വീഴ്ചയെ നിശിതമായി വിമർശിച്ചുകൊണ്ട് ജിന്ന പറഞ്ഞു: ''തികച്ചും അത്യപ്തികമായ നടപടികളാണ് ഇവിടെ നടക്കുന്നത്. ഇക്കാര്യം വിശദീകരിക്കാൻ കമാണ്ടർ ഇൻ ചീഫ് സഭയിൽ വരുന്നത് ഞങ്ങളെ കാര്യം ബോധ്യപ്പെടുത്താൻ സഹായിക്കും. മറ്റെല്ലാം ഒരുതരം കണ്ണിൽ പൊടിയിടലാണ്.''

അപ്പോൾ ഔദ്യോഗികാംഗമായ ആർ.ഡി.ബെൽ ജിന്നയുടെ ഇടക്ക് കയറി പറഞ്ഞു: ''കോങ്കണ്ണുകാർക്ക് കണ്ണിൽ പൊടിയിടൽ ഉപകരിക്കും.'' ജിന്ന ഒരു കോങ്കണ്ണനാണെന്ന അർത്ഥത്തിലാണ് ഇത് പറഞ്ഞത്. ജിന്ന ഉടൻ തിരിച്ചടിച്ചു. ''എന്നാൽ കണ്ണില്ലാത്തവർക്കും കുരുടൻമാർക്കും കണ്ണിൽ പൊടിയിടൽ കൊണ്ടെന്ത് കാര്യം?''

(ആർ. ഡി.ബെൽ കാഴ്ചശക്തി കുറഞ്ഞ ആളായത് കൊണ്ട് കുരുടൻ എന്ന അപര നാമമുണ്ടായിരുന്നു.)

For Group Contact us +91 9746065242

mappilaheritagelibrary.com

IV

ഗാന്ധിജിയുടെ ആഹ്വാനം അനുസരിച്ചു അഭിഭാഷകവൃത്തി വിട്ടൊഴിയാഞ്ഞ മോത്തിലാൽ നെഹ്റു കേന്ദ്ര അസംബ്ലിയിൽ സ്വരാജ് കക്ഷിയുമായി മുമ്പോട്ട്പോയി. എന്നാൽ അതിനോട് ഗാന്ധിജി യോജിച്ചില്ല. നിയമനിർമ്മാണ സഭകൾ തുടർന്നും ബഹിഷ്കരിക്കാനുള്ള ഗാന്ധിജിയുടെ തീരുമാനം മോതിലാലിനേയും സ്വരാജ് പാർട്ടിക്കാരേയും വിഷമിപ്പിച്ചു. ജിന്ന 1924-ൻ ഹിന്ദുക്കളും മുസ്ലിംകളും യോജിച്ചാൽ ആ നിമിഷം ഇന്ത്യക്ക് ഡൊമിനിയൻ പദവിയിലുള്ള സ്വയംഭരണാധികാരം ലഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു.

ഇന്ത്യൻ രാഷ്ട്രിയത്തിൽ ഹിന്ദു- മുസ്ലിം സ്പർധ കൂടിവരുന്ന ഒരു സന്ദർഭമായിരുന്നു. അത്. ശുദ്ധിപ്രസ്ഥാനവും അർദ്ധസൈനിക രീതിയിലുള്ള സംഘദാൻ പ്രസ്ഥാനവും മുസ്ലിം വിരുദ്ധ പ്രചാരങ്ങൾ നടത്തുന്ന കാലം. 1925 ലെ കാനേഷുമാരിയനുസരിച്ച് പഞ്ചാബിലെ മുസ്ലിം ജനസംഖ്യ 54.8 ശതമാനമായും ബംഗാളിലേത്52.7 ശതമാനമായും ഉയർന്നതിൽ വൈക്ലബ്യമുള്ളവർ പല പ്രവർത്തനങ്ങളും നടത്തിവന്നു. എന്നാൽ ലക്നോ സന്ധിപോലുള്ള ഒന്നിലൂടെ ഐക്യം നിലനിർത്താമെന്ന് ജിന്ന വിശ്വസിച്ചു.

അതിനിടക്ക് വൈസ്രോയി റീഡിംഗ് പ്രഭുവിന്റെ കാലാവധി തീരാറായിയിരുന്നു. ജിന്നയെപ്പോലുള്ള ഒരു നേതാവിന്റെ പ്രവർത്തനങ്ങളിൽ തൃപ്തിരേഖപ്പെടുത്തികൊണ്ട് ജിന്ന സമ്മതിക്കുന്ന പക്ഷം അദ്ദേഹത്തിന് 'സർ' സ്ഥാനം ശുപാർശ ചെയ്യാമെന്ന് അഭിപ്രായമാരാഞ്ഞു. ജിന്ന അതിന് നൽകിയ മറുപടി ഇതായിരുന്നു.

''ഞാൻ വെറും മിസ്റ്റർ ജിന്നയായിരിക്കാനാണ് ഇഷ്ടപ്പെടുന്നത്. ഇതുവരെ ജീവിച്ചതും വെറും മി.ജിന്നയായിട്ടാണ്. മിസിസ് ജിന്ന ഒരുപടി മുന്നോട്ടുപോയി. ലേഡി ജിന്നയായിരിക്കാനാഗ്രഹിക്കുന്നുവോ എന്ന് ചോദിച്ചപ്പോൾ (മിസിസ് ജെ റൂത്തിജിന്ന

For Group Contact us +91 9746065242

mappilaheritagelibrary.com

അന്നങ്ങിനെയാണ് അറിയപ്പെട്ടത്) പറഞ്ഞു എന്റെ ഭർത്താവ് 'സർ' സ്ഥാനം സ്വീകരിച്ചാൽ അന്ന് ഞാൻ ഭർത്താവിൽ നിന്നു വേർപിരിയും."

തുടർന്നുള്ള വർഷങ്ങളിൽ ജിന്നക്കും അസുഖകരമായ അനുഭവങ്ങളുണ്ടായി. ജിന്നയും ഭാര്യയും തമ്മിൽ അഭിപ്രായവ്യത്യാസങ്ങൾ ഉടലെടുത്തു. ശാഠ്യക്കാരിയായ കൂട്ടുകാരിയെന്നോണം 1928-ൽ റൂത്തി ജിന്ന ബോബെ മൗണ്ട് പ്ളസന്റിലെ ഭർതൃഗൃഹം വിട്ട് താജ്മഹൽ ഹോട്ടലിലേക്ക് താമസം മാറ്റി ജിന്ന തന്റെ തെറ്റ് സമ്മതിച്ചു- 'ഭാര്യയോടു മാത്രം തെറ്റ് എന്റേതാണ്. അഭിപ്രായവ്യത്യാസങ്ങൾ പറഞ്ഞുതീർക്കാൻ കുറച്ചു സമയം വേണമായിരുന്നു അത് കണ്ടെത്താൻ ഞങ്ങൾക്കിരുവർക്കും കഴിഞ്ഞില്ല.'

1927 ഇന്ത്യക്കും ജിന്നക്കും തകർന്ന പ്രതീക്ഷകളുടെ വർഷമായിരുന്നു. ആ വർഷം നവംബർ 27-നു ബ്രട്ടീഷ് പാർലമെന്റിലെ സർ ജോൺ സൈമൺന്റെ നേതൃത്വത്തിൽ പാർലിമെന്റംഗങ്ങളടങ്ങിയ ഒരു കമ്മീഷൻ ഇന്ത്യ സന്ദർശിക്കാനും 1919 ലെ ഭരണപരിഷ്കാരങ്ങളെപ്പറ്റി പഠിച്ചു റിപ്പോർട്ടു ചെയ്യാനും ബ്രട്ടീഷ് ഗവർമെന്റ് തീരുമാനിക്കുകയുണ്ടായി. മുഴുവൻ അംഗങ്ങളും ശീമക്കാരായ ഈ കമ്മീഷനെ ബഹിഷ്കരിക്കാൻ തീരുമാനമെടുത്തു. ലുടനാറിൽ യോഗം ചേർന്ന ഒരു വിഭാഗം ലീഗുകാർ ബ്രട്ടീഷ് വൈസ്രോയിയുടെ മുൻനിയമ മെമ്പർ സർ മുഹമ്മദ് ഷാഫിയുടെ നേതൃത്വത്തിൽ സൈമൺ കമ്മീഷനെ സ്വാഗതം ചെയ്യാൻ തീരുമാനിച്ചു. കൽക്കത്തയിൽ ജിന്നയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ലീഗിന്റെ മറ്റൊരു വിഭാഗം സൈമൺ കമ്മീഷനെ ബഹിഷ്കരിക്കാനും തീരുമാനിച്ചു. 1928 ഫെബ്രുവരി 3-ന് സർ ജോൺ സൈമൺ ബോമബെയിൽ കപ്പലിറങ്ങിയപ്പോൾ ജിന്നയുടെ നേതൃത്വത്തിൽ പ്രതിഷേധപ്രകടനം നടന്നു. ജിന്നയുടെ നേതൃത്വത്തിൽ നടന്ന സൈമൺ കമ്മീഷനെ ബഹിഷ്കരിക്കാനുള്ള പ്രക്ഷോഭം തികച്ചും ഫലപ്രദമായതിൽ ഗാന്ധിജി ജിന്നയെ അഭിനന്ദിച്ചുകൊണ്ട് സന്ദേശമയച്ചു.

1927 ഫെബ്രുവരി 12-നു ഡൽഹിയിൽ ഡോ. അൻസാരിയുടെ നേതൃത്വത്തിൽ അഖിലകക്ഷി സമ്മേളനം ചേരുകയുണ്ടായി. മോട്ടിലാൽ നെഹ്റുവും ജവഹർലാൽ നെഹ്റുവും ലാലാ ലജ്പത്റായി, . മാളവ്യ. ജയക്കർ തുടങ്ങിയവരും സംബന്ധിച്ചിരുന്നു. ഭരണഘടനാ പരിഷ്കാരത്തിലൂടെ ഉത്തരവാദ ഭരണം ലഭിക്കുന്നതിനു ഉചിതമായ ഭരണഘടനയെ സംബന്ധിച്ചായിരുന്നു പ്രമേയം.

For Group Contact us +91 9746065242

mappilaheritagelibrary.com

ജവഹർലാൽ നെഹ്റുവും മുൻ കോൺഗ്രസ് പ്രസിഡന്റ് ശ്രീനിവാസ അയ്യങ്കാറും ഇതിനെ എതിർത്തു. കോൺഗ്രസ്സിന്റെ പ്രഖ്യാപിത ലക്ഷ്യം പൂർണ്ണ സ്വാതന്ത്ര്യമാണെന്നു അവർ വാദിച്ചു. മോട്ടിലാൽ നെഹ്റുവും ജിന്നയും അതിനോടു യോജിച്ചില്ല. എന്നാൽ പൂർണ്ണമായ ഉത്തരവാദ ഭരണത്തിനുള്ള ഒരു ഭരണഘടന തയ്യാറാക്കാനുള്ള തീരുമാനമുണ്ടായി. ഇതിനു എതിർപ്പും തുടർന്നു കാര്യങ്ങൾ ഭംഗിയായി നടക്കുമെന്ന ശുഭാപ്തിവിശ്വാസക്കാരനായിരുന്നു ജിന്ന.

കരട് ഭരണഘടന തയ്യാറാക്കുമ്പോഴാണ് പ്രശ്നങ്ങളുണ്ടായത്. മുസ്ലിംകൾക്ക് പ്രത്യേക നിയോജകമണ്ഡലങ്ങൾ അനുവദിക്കുന്ന ഒരു ഭരണഘടനയെ ലജ്പത്റായ്. മാളവ്യ ജയക്കർ എന്നിവർ എതിർത്തു. ജിന്നയുടെ നയം വളരെ വ്യക്തമായിരുന്നു. അദ്ദേഹം പ്രത്യേക നിയോജകമണ്ഡല വ്യവസ്ഥയെ അനുകൂലിക്കുന്ന ആളല്ലെങ്കിലും അത് അനിവാര്യമായ ദോഷമാണെന്നു മനസ്സിലാക്കി. മുസ്ലിംകൾക്കു പ്രാതിനിധ്യം നൽകണം. വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന ഒരു വിഭാഗത്തിനു സംരക്ഷണം കൊടുത്തേ തീരു അതിനുള്ള പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തിയാൽ പ്രത്യേക നിയോജകമണ്ഡല വ്യവസ്ഥ വേണ്ടെന്ന് വയ്ക്കാം.എന്നാൽ ആ സംരക്ഷണ വ്യവസ്ഥകളെപ്പറ്റി മുസ്ലിം ലീഗും കോൺഗ്രസ്സും തമ്മിൽ ഉണ്ടായിട്ടുള്ള ഉറപ്പുകൾ നടപ്പിൽ വരണം. അതിനു വ്യവസ്ഥകൾ വേണം.

എല്ലാ സംസ്ഥാനങ്ങളിലും കുറഞ്ഞപക്ഷം കുറെ മുസ്ലിംകൾ തിരഞ്ഞെടുക്കപ്പെടണം. മുസ്ലിം ഭൂരിപക്ഷമുള്ള സംസ്ഥാനങ്ങളിൽ ഹിന്ദുക്കൾ എന്നപോലെ മുസ്ലിംകൾ ന്യൂനപക്ഷമായ സംസ്ഥാനങ്ങളിൽ അവരുടെയും കുറഞ്ഞ അംഗങ്ങൾ തെരെഞ്ഞെടുക്കപ്പെടണം. ഈ ഉപാധിയിൽമേൽ പ്രത്യേക നിയോജകമണ്ഡലം വ്യവസ്ഥ വേണ്ടെന്ന് വെക്കാൻ ജിന്ന പത്തൊൻപത് മുസ്ലിം നേതാക്കളോടൊപ്പം ഒപ്പിട്ട് പ്രസ്താവന തയ്യാറാക്കി. പഞ്ചാബിലും ബംഗാളിലും മുസ്ലിം ഭൂരിപക്ഷം തുടരും. സിന്ധ് സംസ്ഥാനം ഒരു പ്രത്യേക സംസ്ഥാനമായിരിക്കണമെന്ന കാര്യത്തിൽ പോലും മുൻ ഉപാധി ലീഗു കയ്യൊഴിച്ചു. അങ്ങിനെ ഒത്തു തീർപ്പിന്റെയും അനുരഞ്ജനത്തിന്റെയും മാർഗ്ഗത്തിലൂടെ ഹിന്ദു-മുസ്ലിം ഐക്യം ഊട്ടിയെടുത്ത് ഇന്ത്യക്ക് ഒരു ഭരണഘടനയും ഉത്തരവാദിത്തഭരണവും നേടിയെടുക്കാൻ ജിന്നയുടെ നേതൃത്വ

For Group Contact us +91 9746065242

mappilaheritagelibrary.com

ത്തിൽ മുസ്ലിംലീഗ് മുന്നോട്ടുവന്നു.

എന്നാൽ എല്ലാവരെയും നിരാശപ്പെടുത്തുന്ന ഒരു സംഭവു മുണ്ടായി. 1928 ഫെബ്രുവരി അവസാനത്തിൽ ചേർന്ന ഹിന്ദു മഹാസഭാ യോഗം ഈ നിർദ്ദേശങ്ങൾ തള്ളിക്കളഞ്ഞു. കോൺഗ്രസ്സും അങ്കലാപ്പിലായി. മാത്രമല്ല ഇന്ത്യൻ സ്വാതന്ത്ര്യപ്രസ്ഥാനത്തെ തന്നെ ഇത് ഒരു വഴിത്തിരിവിലേക്ക് നയിച്ചു.

ഹിന്ദു മഹാസഭയുടെ എതിർപ്പും കോൺഗ്രസിന്റെ നിശ്ശബ്ദതയും ജിന്നയെ ഒട്ടേറെ വിഷമിപ്പിച്ചു. നെഹ്റു റിപ്പോർട്ടിൽ ചില ഭേദഗതികൾ ഉന്നയിച്ചത് ഡൽഹി മുസ്ലിംകളുടെ നിർദ്ദേശം എന്ന നിലയിലായിരുന്നു. ലക്നോ സന്ധിപോലെ എല്ലാ സംസ്ഥാനങ്ങളിലും ന്യൂനപക്ഷമായ മുസ്ലിംകൾക്ക് നന്നേ കുറഞ്ഞപക്ഷം സീറ്റുകൾ ഉറപ്പു നൽകിയാൽ സംയുക്ത നിയോജകമണ്ഡല വ്യവസ്ഥ അംഗീകരിക്കാമെന്നത് തികച്ചും ന്യായയുക്തമായ ഒരാവശ്യമായിരുന്നു. മാത്രമല്ല പ്രത്യേക നിയോജകമണ്ഡല വ്യവസ്ഥയുടെ ആവശ്യം തന്നെ ന്യൂനപക്ഷമായ മുസ്ലിംകൾക്ക് നിയമസഭകളിൽ പ്രതിനിധ്യം കിട്ടണമെന്ന ഏക ഉദ്ദേശ്യത്തോടെയായിരുന്നു. ഡൽഹി മുസ്ലിംകളുടെ ഈ നിർദ്ദേശങ്ങളാണ് ഹിന്ദു മഹാസഭ എതിർത്തത്. എന്നാലും ഒരു ശ്രമം കൂടി ജിന്ന ശ്രമിച്ചു. പക്ഷേ പരാജയപ്പെട്ടു.

ഹിന്ദുമഹാസഭയുടെ എതിർപ്പിന്റെ സ്വാഭാവവും തുടർന്നു അഖിലകക്ഷി സമ്മേളനമെടുത്ത തീരുമാനങ്ങളും ജിന്നയെ നിരാശനാക്കി. അദ്ദേഹം ഡൽഹിയിലെ ദീർഘനാളത്തെ താമസത്തിനശേഷം ബോംബെയിൽ തിരിച്ചെത്തിയപ്പോഴേക്കും ഭാര്യ റൂത്തി അമ്മയുടെ കൂടെ ഇംഗ്ളണ്ടിലേക്ക് കപ്പൽ കയറിയ വിവരമാണ് അറിഞ്ഞത്. ഒരു മാസത്തിനകം ജിന്നയും ലണ്ടനിലേക്ക് പുറപ്പെട്ടു.

ഇംഗ്ലണ്ടിൽ അദ്ദേഹത്തിന്റെ ഔദ്യോഗിക പരിപാടികളൊന്നുമുണ്ടായിരുന്നില്ല. തന്റെ പഴയ സ്നേഹിതൻ ലേബർ പാർട്ടി പ്രധാനമന്ത്രി റാംസെ മാക്ക്ഡൊണാൾഡിന്റെ കൂടെ അദ്ദേഹം കഴിച്ചുകൂട്ടി. റൂത്തി രോഗബാധിതയായിരുന്നു. ജിന്ന അവരെ ക്ലിനിക്കിൽ ചെന്നു കണ്ടു. ഭാര്യയെ രക്ഷിക്കാൻ പരമാവധി ചെയ്യണമെന്നു ഉറച്ച ജിന്ന റൂത്തിയെ മറ്റൊരു ക്ലിനിക്കൽ പ്രവേശിപ്പിച്ചു. റൂത്തി രോഗവിമുക്തയായി. എന്നാൽ തന്റെ ഭർത്താവിനെക്കാൾ മുമ്പ് അവർ നാട്ടിലേക്ക് മടങ്ങുകയാണ് ചെയ്തത് . ജിന്നയെ ഇതു വളരെ വേദനിപ്പിച്ചു. ജിന്നയുടെ സുഹൃത്തും ആ സമയം ജിന്ന

For Group Contact us +91 9746065242

mappilaheritagelibrary.com

യോടൊപ്പം ലണ്ടനിലുണ്ടായിരുന്ന ദേഹവുമായ ബാരിസ്റ്റർ ദിവാൻ ചമൻലാലിന്റെ അഭിപ്രായത്തിൽ അതിനുശേഷം ആ ഭാര്യാ ഭർത്താക്കൻമാർ പിന്നീട് നേരിൽ കണ്ടിട്ടില്ല.

നിശ്ചയദാർഢ്യമായിരുന്നു ജിന്നയുടെ വ്യക്തിത്വത്തിന്റെ ശക്തി. എത്ര വലിയ ആഘാതവും സഹിക്കാൻ കഴിവുള്ള ഒരു മനുഷ്യൻ. ജിന്ന കുലുങ്ങിയില്ല.

ജിന്ന ലണ്ടനിലുണ്ടായിരുന്നപ്പോൾ ഇന്ത്യയിൽ വീണ്ടും അഖിലകക്ഷി സമ്മേളനം നടന്നു. ഡോ. അൻസാരിയുടെ നേതൃത്വത്തിൽ ബോംബെയിൽ ചേർന്ന അഖിലകക്ഷി സമ്മേളനം ഇന്ത്യക്ക് ഒരു കരട് ഭരണഘടനയുണ്ടാക്കാൻ മോത്തിലാൽ നെഹ്റുവിന്റെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റിയുണ്ടാക്കി. ബ്രിട്ടീഷ് ഗവർമെന്റ് സർ ജോൺ സൈമണിന്റെ നേതൃത്വത്തിലുണ്ടാക്കിയ സൈമൺ കമ്മീഷന്റെ ഇന്ത്യൻ പതിപ്പായിരുന്നു നെഹ്റു കമ്മിറ്റി. നെഹ്റു കമ്മിറ്റി റിപ്പോർട്ടു തയ്യാറാക്കുമ്പോൾ തന്നെ വിവാദമായിരുന്നു. മോത്തിലാൽ നെഹ്റു തയ്യാറാക്കിയ റിപ്പോർട്ടിൽ പ്രത്യേക നിയോജകമണ്ഡല വ്യവസ്ഥ വേണ്ടെന്നും സംയുക്ത നിയോജകമണ്ഡലങ്ങൾ മതിയെന്നുമാണ് നിർദ്ദേശിപ്പെട്ടത്. കമ്മിറ്റിയുടെ മുമ്പിൽ ഹാജരായ ലീഗിന്റെ പ്രതിനിധികളിലൊരാളായ എം.സി.ഛഗ്ള താൻ അതിനുവേണ്ടി കമ്മിറ്റിയിൽ ശക്തിയായി വാദിച്ചുവെന്നു എഴുതിയിരിക്കുന്നു. മാത്രമല്ല ജിന്ന ഇംഗ്ളണ്ടിൽ നിന്നും തിരിച്ചെത്തിയപ്പോൾ ജിന്നയുടെ ദീർഘകാലം അസിസ്റ്റന്റായി പ്രാക്ടീസ് ചെയ്തിരുന്ന ഛഗ്ള ബോബെ തുറമുഖത്തുവെച്ചു തന്നെ ജിന്നയെ മുറിക്കകത്ത് കടന്നുചെന്ന് കാണുകയും താൻ പ്രത്യേക നിയോജക മണ്ഡലത്തെ എതിർത്ത വിവരം അറിയിക്കുകയും ചെയ്തവത്രെ. ജിന്ന രോഷാകുലനായി, ഛഗ്ള എഴുതുന്നു. താൻ ഒരു വിധിയും ഇപ്പോൾ പ്രഖ്യാപിക്കുന്നില്ലെന്നും മുസ്‌ലിംലീഗിന്റെ ഒരു നിയമ പ്രകാരമുള്ളയോഗം വിളിച്ചുകൂട്ടി ആലോചിക്കട്ടെയെന്നും അദ്ദേഹം പറഞ്ഞു. അഖിലേന്ത്യാ ലീഗ് പ്രസിഡന്റെന്ന നിലക്ക് മുസ്‌ലിംകളോടു അനാവശ്യമായി അസ്വസ്ഥരാവരുതെന്നും പ്രശ്നം പഠിച്ചു ചർച്ച ചെയ്തു തീരുമാനമെടുക്കാമെന്നും ജിന്ന പ്രസ്താവിച്ചു.

തുടർന്നു മോത്തിലാൽ നെഹ്റു ജിന്നയെ ഡൽഹിക്ക് ചർച്ചക്കായി ക്ഷണിച്ചു. ജിന്ന ക്ഷണം നിരസിച്ചു. എന്നാൽ 1928 ഡിസംബറിൽ കൽക്കത്തയിൽ ചേരുന്ന അഖിലകക്ഷിയോഗത്തിൽ പങ്കെടുക്കാൻ തന്നെ ജിന്ന തീരുമാനിച്ചു.

For Group Contact us +91 9746065242

mappilaheritagelibrary.com

നെഹ്റു റിപ്പോർട്ട് അക്ഷരാർത്ഥത്തിൽ മുസ്‌ലിം സമുദായിത്തിനു സ്വീകര്യമല്ലെന്നാണ് ജിന്ന മനസ്സിലാക്കിയത്. ലക്നോ സന്ധിയുടെ പല ഗുണങ്ങളും മുസ്‌ലിംകൾക്ക് നഷ്ടമാവുന്നു. പകരം ഒരു മെച്ചവും പുതിയതിൽ ഇല്ല താനും. തെരഞ്ഞെടുപ്പുവേളയിൽ നിയമ നിർമ്മാണസഭയിലെത്താൻ ഭൂരിപക്ഷത്തിന്റെ ദയാവായ്പും വേണ്ടിവരും- ഇതൊക്കെയായിരുന്നു ജിന്നയുടെയും കൂട്ടുകാരുടെയും എതിർപ്പുകൾക്ക് കാരണം.

നവംബറിൽ ലക്നോവിൽ ചേർന്ന മുസ്‌ലിംലീഗ് കൗൺസിലും ജിന്നയെ നിരാശനാക്കുകയാണു ചെയ്തത് . വിചാരിച്ചപോലെ കാര്യങ്ങൾ നടന്നില്ല. പല മുസ്‌ലിം അംഗങ്ങളും നെഹ്റു റിപ്പോർട്ടിനെ സ്വാഗതം ചെയ്തു. മഹ്മൂദാബാദ് രാജാവ് നെഹ്റു റിപ്പോർട്ട് സ്വീകര്യമാണെന്നു പറഞ്ഞപ്പോൾ ജിന്ന ഞെട്ടി. ഖഗ്ള അത്യധികം ആഹ്ളാദിച്ചു. ജിന്ന ഒരു വോട്ടെടുപ്പിന് സമ്മതിച്ചില്ല. അദ്ദേഹം തുറന്നടിച്ചു. നെഹ്റു കർട് ഭരണഘടന തയ്യാറാക്കിയത് ഹിന്ദുരേഖകളെ അടിസ്ഥാനമാക്കിയാണ്.

കൽക്കത്തയിൽ ചേരുന്ന നാഷണൽ കൺവെൻഷനിൽ പങ്കെടുക്കാൻ ഡോ. അൻസാരിയും മൗലാനാ ആസാദും ജിന്നയെ നിർബന്ധിച്ചു. ഡിസംബർ 26നു കൽക്കത്തയിൽ ചേർന്ന മുസ്‌ലിം ലീഗ് യോഗം പരമപ്രധാനമായിരുന്നു. ഇന്ത്യക്കാവശ്യമായ ഭരണഘടനാ നിർമ്മാണത്തെപ്പറ്റി തീരുമാനമെടുക്കുന്ന കോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിലുള്ള സുപ്രധാനമായ ദേശീയ കൺവെൻഷന് തൊട്ടു മുമ്പാണ് ലീഗ് യോഗം ചേർന്നത് .ലീഗ് സമ്മേളനത്തിൽ നെഹ്റു റിപ്പോർട്ട് ചർച്ചക്ക് വന്നു. റിപ്പോർട്ട് തള്ളിക്കളയണമെന്ന് ജിന്ന വാദിച്ചു. എന്നാൽ മൂന്ന് ഭേദഗതികൾ ലീഗ് സമ്മേളനം നിർദ്ദേശിച്ചു. ഒന്ന് പ്രത്യേക നിയോജകമണ്ഡലങ്ങൾ നിലനിർത്തുക, രണ്ട് കേന്ദ്ര ലെജിസ്ലേറ്റീവ് അസംബ്ലയിൽ മുസ്‌ലിംകൾക്ക് മൂന്നിലൊന്ന് സ്ഥാനങ്ങൾ സംവരണം ചെയ്യുക. മൂന്നാമത്തേത് പ്രത്യേക ഭരണാധികാരങ്ങൾ സംസ്ഥാനങ്ങൾക്ക് നൽകുക. ഈ കാര്യം ദേശീയ കൺവെൻഷനിൽ അവതരിപ്പിക്കാൻ ജിന്ന, മഹ്മൂദാബാദ് രാജാവ്, ആഗാഖാൻ ലിയാഖത്തിലി ഖാൻ, ഖഗ്ള എന്നിവരടങ്ങിയ 23 അംഗ കമ്മിറ്റിയെയും ലീഗ് സമ്മേളനം തിരഞ്ഞെടുത്തു. ഡിസംബർ 28 -ന് ചേർന്ന കൺവെൻഷനിൽ ലീഗിന്റെ തീരുമാനങ്ങൾ ജിന്ന തന്നെ അവതരിപ്പിച്ചു. ഇന്ത്യയുടെ പുരോഗതിക്കും ഹിന്ദു-മുസ്‌ലിം ഐക്യത്തിനും ഈ തീരുമാനങ്ങൾ അനിവാര്യമായ ഒരാവശ്യമായി

For Group Contact us +91 9746065242

mappilaheritagelibrary.com

അംഗീകരിക്കണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു.

ജിന്നയുടെ വാദം സ്വീകരിക്കണമെന്ന് അഭിപ്രായപ്പെട്ട ഒരാൾ വൈസ്രോയിയുടെ എക്സിക്യുട്ടീവ് കൗൺസിലിൽ മുമ്പ് നിയമ മെമ്പറായിരുന്ന പ്രസിദ്ധ അഭിഭാഷകൻ സർ തേജ് ബഹദൂർ സുപ്രു ആയിരുന്നു. അദ്ദേഹം പറഞ്ഞു:

''ഇപ്പോൾ തന്നെ മുസ്‌ലിംകൾക്ക് സംവരണം 30 ശതമാനമുണ്ട്. ജിന്ന ആവശ്യപ്പെടുന്നതോ 27 ശതമാനം. കുസൃതിക്കുട്ടിയായി മാറിയ ജിന്നക്ക് അതങ്ങ് അനുവദിച്ചു കൊടുക്കുക.''

ഹിന്ദുമഹാസഭയുടെ നേതാവ് എം.ആർ.ജയക്കർ അതിനെ എതിർത്തു. അങ്ങിനെ ജിന്നയെ താലോലിക്കേണ്ട ആവശ്യമില്ല. ജയക്കർ ചോദിച്ചു. ''ഒരു പ്രധാന കാര്യം ഞാൻ ചോദിക്കട്ടെ, മൗലാനാ അബുൽ കലാം ആസാദ്, ഡോ. അൻസാരി, സർ അലി ഇസ്‌ലാം, മഹ്മൂദാബാദ് രാജാസാഹിബ്, ഡോ: കിച്ച്‌ലു തുടങ്ങിയ പ്രമുഖ മുസ്‌ലിം നേതാക്കൻമാർ നെഹ്റു റിപ്പോർട്ടിൽ ഇങ്ങിനെ ഒരു ഒത്തുതീർപ്പു ആവശ്യപ്പെട്ടുവോ? മുസ്‌ലിംലീഗ്കാരായ കുറേയേറെ ആളുകൾ അംഗീകരിച്ചു കഴിഞ്ഞതാണീ റിപ്പോർട്ട് നെഹ്റു കമ്മിറ്റിയിൽ അവരെല്ലാം ഉണ്ടായിരുന്നു. ജിന്ന മുസ്‌ലിംകളിൽ വളരെ ചെറിയ ഒരു വിഭാഗത്തെ മാത്രമേ പ്രതിനിധാനം ചെയ്യുന്നുള്ളു.''

ജിന്നയുടെ വ്യക്തിത്വത്തിനെതിരെ ഒരടിയായിരുന്നു അത്. ജിന്ന എന്നിട്ടും വളരെ മൃദുലമായ സ്വരത്തിൽ പറഞ്ഞു.

''പരിപാവനമായ ഒരു കൃത്യം നിർവ്വഹിക്കുന്നതിനെ സംബന്ധിച്ച് വളരെ ഗൗരവമായി നമ്മൾ ചർച്ച ചെയ്യുകയാണ് . എല്ലാവരും യോജിച്ചുകൊണ്ട് ആ കരാർ നേടിയെടുക്കാനുള്ള ശ്രമത്തിലാണ്. നമ്മുടെ ലക്ഷ്യം നേടിയെടുക്കുവാൻ ഹിന്ദുക്കളും മുസ്‌ലിംകളും ഒന്നിച്ചു മുന്നോട്ടുനീങ്ങണം. അതുകൊണ്ട് മുസ്‌ലിംലീഗിനെ മാത്രമല്ല മുസ്‌ലിംകളെ മുഴുവൻ നിങ്ങൾക്ക് കിട്ടണം. ഞാനിവിടെ സംസാരിക്കുന്നത് ഒരു മുസൽമാൻ എന്ന നിലക്കല്ല. ഒരു ഇന്ത്യക്കാരൻ എന്ന നിലക്കാണ്. കുറച്ചാളുകളെ മാത്രം കിട്ടിയാൽ നിങ്ങൾക്ക് മതിയാവുമോ? ഞാൻ നിങ്ങളുടെ കൂടെ നിൽക്കാമെന്ന് പറഞ്ഞാൽ നിങ്ങൾക്ക് മതിയാവുമോ? മുസ്‌ലിം ഇന്ത്യ നിങ്ങളുടെ കൂടെ ഉണ്ടാവണമോ വേണ്ടയോ എന്നതാണ് നിങ്ങളുടെ മുമ്പിലുള്ള പ്രശ്നം. ന്യൂനപക്ഷക്കാർക്ക് ഭൂരിപക്ഷത്തിന് ഒന്നും നൽകാനാവില്ല. അതുകൊണ്ട് ഞാൻ ഇവിടെ

For Group Contact us +91 9746065242

mappilaheritagelibrary.com

പറയുന്നതായി നിങ്ങൾ വിശേഷിപ്പിക്കുന്ന ചെറിയ കാര്യങ്ങൾ എനിക്ക് നിർബ്ബന്ധിക്കാതിരിക്കാൻ വയ്യ. ഞാൻ ഒരു കുസൃതിക്കുട്ടിയായിത്തീർന്നതു കൊണ്ട് ഈ ഭേദഗതികൾ ആവശ്യപ്പെടുകയല്ല. ഇതൊക്കെ ചെറിയ കാര്യങ്ങളാണെങ്കിൽ അതങ്ങു സമ്മതിച്ചു കൂടേ? ഇത് ഭൂരിപക്ഷത്തിനല്ലാതെ മറ്റാർക്കും ചെയ്യാനാവില്ല. ഞാനിതാവശ്യപ്പെടുന്നതെന്തെന്നാൽ മുസ്ലിംകൾക്ക് നീതിയും ഇതുമൂലം കിട്ടുമെന്നത് കൊണ്ടാണ്. നമ്മളെല്ലാം ഈ നാട്ടിലെ ഒരേ ആളുകളാണ്. നമുക്കിവിടെ ഒന്നിച്ചു ജീവിക്കണം. നമുക്കിവിടെ ഒന്നിച്ചു ജോലിചെയ്യണം. നമുക്കിടയിൽ പ്രശ്നങ്ങളുണ്ടായാൽത്തന്നെ അതു കൂടുതൽ സങ്കീർണ്ണമാക്കാതെ പരിഹിക്കണം. നമുക്ക് യോജിക്കാൻ കഴിയില്ലെങ്കിൽ നമ്മൾ വിയോജിക്കുന്നുവെന്ന കാര്യത്തിൽ യോജിക്കുക എന്നാലും നമ്മൾ സുഹൃത്തുക്കളായി പിരിയുക. ഹിന്ദുക്കളും മുസ്ലിംകളും യോജിക്കാത്ത കാലത്തോളം ഇന്ത്യക്ക് ഒരു പുരോഗതിയുണ്ടാകുകയില്ലെന്ന് കരുതുക. യുക്തിയും തത്വശാസ്ത്രവും ഒന്നും അതിന് വിലങ്ങുതടിയായിത്തീരരുത്. ഹിന്ദു-മുസ്ലിം യോജിപ്പിലുപരി മറ്റൊന്നും തന്നെ എന്നെ സന്തുഷ്ടനാക്കുകയില്ല."

ജിന്നയുടെ പ്രസംഗം ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്നുള്ളതായിരുന്നു. സരോജിനി നായിഡു വിശേഷിപ്പിച്ച 'ഹിന്ദു മുസ്ലിം ഐക്യത്തിന്റെ അംബാസിഡറു'ടെ ആ ഗദ്ഗദം കൽക്കത്തയും ചെവികൊണ്ടില്ല. കൽക്കയിൽ വന്നുകൂടിയവരുടെയെല്ലാം മനസ്സിൽ ഇളക്കം തട്ടിക്കുന്നതായിരുന്നു ഡിസംബർ 28-നു ജിന്ന ചെയ്ത പ്രസംഗം. ഏത് പ്രശ്നത്തെയും ശരിക്കും അപഗ്രഥിച്ച് പഠിച്ച് പറയുന്ന മുഹമ്മദലി ജിന്ന ഇന്ത്യയുടെ ഭാവി ഭാസുരമായിരിക്കാൻ മനംനൊന്ത് പറഞ്ഞത് പക്ഷേ ആരും കേട്ടില്ല.

അത് വിട്ടുപിരിയലിന്റെ മാർഗ്ഗമായിരുന്നു.

വഴിപിരിയലിന്റെ മാർഗം. മുസ്ലിം സമുദായത്തിന്റെ നാഡിമിടിപ്പറിഞ്ഞ ഒരു നേതാവ് തന്റെ നാട്ടിന്റെ നൻമക്കായി നടത്തിയ സമരത്തിൽ പരാജയപ്പെട്ടു. ആ ഹൃദയവേദനയോടെ ജിന്ന വഴിപിരിഞ്ഞു.

1929 പിറന്നു. പുതവർഷവും ജിന്നക്ക് പല പുതിയ അനുഭവങ്ങളുമുണ്ടാക്കി. ലീഗിൽ ഷാഫി ലീഗും ജിന്നാ ലീഗും എന്ന ഭിന്നത തുടർന്നു. അതിനിടിക്ക് ഭാര്യ റൂത്തി ഗുരുതരമായ രോഗത്തിലാണെന്നു ഭാര്യാപിതാവ് ഫോൺ ചെയ്തിറിയിച്ചപ്പോൾ ജിന്ന

For Group Contact us +91 9746065242

mappilaheritagelibrary.com

ഞെട്ടിപ്പോയി. റൂത്തിയെ വിവാഹം ചെയ്തശേഷം റുത്തിയുടെ പിതാവിന്റെ ആദ്യത്തെ ഫോൺ! ജിന്ന ഉടൻ തീവണ്ടി മാർഗ്ഗം ബോംബെക്ക് പുറപ്പെട്ടു. റെയിൽവേ സ്റ്റേഷനിലെത്തി മിൻഷാ പെറ്റിറ്റ് ജാമാതാവിനെ സ്വീകരിച്ചു. തന്റെ മകളുടെ മരണവാർത്ത അറിയിക്കാൻ. ഫെബ്രുവരി 22-നു റൂത്തിജിന്നയുടെ മൃതദേഹം അടുത്ത ബന്ധുക്കളുടെ സാന്നിദ്ധ്യത്തിൽ ഇസ്‌ലാമികാചാരപ്രകാരം ഖബറടക്കം ചെയ്തു. ജിന്നയുടെ നയനങ്ങളിൽ അശ്രുകണങ്ങൾ ഉതിർന്നു ഛഗ്ള എഴുതുന്നു.

''എതിരാളികളുടെ മുമ്പിൽ കൂസാത്ത, ശത്രുക്കളുടെ മുമ്പിൽ തല കുനിക്കാത്ത, ഏത് കാലഘട്ടത്തിലും പതറാത്ത മുഹമ്മദലി ജിന്ന കരഞ്ഞു.''

ഉരുക്കു മനസ്സിൽ ഉടമയായ ജിന്നയുടെ കണ്ണുകൾ നിറയുന്നത് അപൂർവ്വമാണ്. അദ്ദേഹം രണ്ടു തവണ കരഞ്ഞ കഥ കറാച്ചി സിറ്റിയുടെ മേയറും ഒരു കെട്ടിടനിർമ്മാണ പ്രവർത്തകനും പാർസി പ്രമുഖനുമായ ജാംഷഡ്നു സ്റാജി അനുസ്മരിച്ചിട്ടുണ്ട്. ജിന്നാ സാഹിബിന്റെ ഔദ്യോഗിക ജീവചരിത്രകാരനായ ഹെക്ടർ ബോളിത്തോയോടു ജിന്ന രണ്ടു തവണ കരഞ്ഞ രംഗങ്ങൾ അദ്ദേഹം വിവരിക്കുകയുണ്ടായി.

'അതേ ജിന്നയെപ്പറ്റിയുള്ള എന്റെ സ്മരണ സുന്ദരമാണ്. അദ്ദേഹം ഒരിക്കലും ഒരു പ്രകടനക്കാരനായിരുന്നില്ല. എന്നും കുറച്ചു മാത്രം സംസാരിക്കുന്ന അന്തസ്സേറിയ ഒറ്റയാനായിരുന്നു.

എന്നാൽ 1928-ലെ ഒരു ദിവസത്തെപ്പറ്റി ഞാൻ പറയാനാഗ്രഹിക്കുന്നു – എനിക്ക് നിങ്ങളോട് പറയാനുള്ള ഒരൊന്നാന്തരം സംഭവം. അന്ന് ജിന്ന എഴുന്നേറ്റുനിന്നു- അദ്ദേഹം ലണ്ടനിൽ നിന്നു കൊണ്ടു വന്നിരുന്ന ആകർഷകമായ വസ്ത്രങ്ങൾ ധരിച്ചുകൊണ്ട് കോൺഗ്രസ്സ് നെഹ്റു റിപ്പോർട്ട് ചർച്ച ചെയ്ത യോഗത്തിൽ തന്റെ ജനങ്ങൾക്ക് വേണ്ടി അദ്ദേഹം അഭ്യർത്ഥിച്ചു. അദ്ദേഹത്തിന്റെ ഹൃദയത്തിന്റെ മഹാത്മ്യം എനിക്കറിയാം. ഹിന്ദുക്കളെയും മുസ്‌ലിംകളെയും ഒന്നിച്ചു കൊണ്ടുപോകാമെന്ന് അദ്ദേഹം വിശ്വാസിച്ചു. അദ്ദേഹത്തിൽ ഒരുവിധ അമർഷവും ഇല്ലായിരുന്നു. കുറേക്കാലത്തിന് ശേഷം വിഭജനം കഴിഞ്ഞപ്പോൾ അദ്ദേഹമെന്നോടു പറഞ്ഞു. പാക്കിസ്ഥാനിലെ ന്യൂനപക്ഷക്കാരോടു മുസ്‌ലിംകളിൽ എത്ര മാത്രം സഹിഷ്ണുത കാണിക്കണമെന്ന് താൻ ആഗ്രഹിക്കുന്നുവെന്ന്. ഞാൻ നിങ്ങളോടു കേണുപറയട്ടെ-''

For Group Contact us +91 9746065242

mappilaheritagelibrary.com

''മി: ജിന്ന ഒരു മനുഷ്യസ്നേഹിയായിരുന്നു. ഒരിക്കലും ജിന്ന കണ്ണീർ വീഴ്ത്തുന്ന സ്വഭാവക്കാരനായിരുന്നില്ല. ഓ. അല്ലേ - അദ്ദേഹം രണ്ടുതവണ കരയുന്നത് ഞാൻ കാണുകയുണ്ടായി. ഒരിക്കൽ വിഭജനത്തിന് ശേഷം 1948 ജനുവരിയിൽ. പാക്കിസ്ഥാനിൽ താമസിക്കാൻ തീരുമാനിച്ച ഹിന്ദുക്കളുടെ പാർപ്പിടത്തിൽ ഞാനദ്ദേഹത്തിന്റെ കൂടെ അവരെ കാണാൻ പോയിരുന്നപ്പോഴായിരുന്നു. അവരുടെ ദുരവസ്ഥ കണ്ടപ്പോൾ അദ്ദേഹം കരഞ്ഞു. അദ്ദേഹത്തിന്റെ കവിളിൽ ആശ്രുക്കൾ ഞാൻ കണ്ടു.''

''അദ്ദേഹം ആദ്യം കരയുന്നത് ഞാൻ കണ്ടത് 1928- ൽ കൽക്കത്തയിൽ നെഹ്റു റിപ്പോർട്ട് ചർച്ചചെയ്യാൻ ചേർന്ന യോഗത്തിലായിരുന്നു. അദ്ദേഹമന്ന് നല്ല കാര്യമാണ് ചെയ്തത്. വാദിച്ചു. ഒരു മഹാനെപ്പോലെ തന്റെ ജനതക്കുവേണ്ടി വാദിച്ചു. അദ്ദേഹത്തിന്റെ ആവശ്യങ്ങൾ നിരസ്സിക്കപ്പെട്ടു. മി. ജിന്നക്ക് മുസ്ലിംകൾക്ക് വേണ്ടി വാദിക്കാൻ അവകാശമില്ലെന്നുപോലും ഒരാൾ പറഞ്ഞു. കാരണം ജിന്ന മുസ്ലിംകളെ പ്രതിനിധാനം ചെയ്യുന്നില്ലത്രെ. അദ്ദേഹം അതീവ വിഷണ്ണനും അപമാനിതനുമായി തന്റെ ഹോട്ടലിലേക്ക് തിരിച്ചുപോയി.''

പിറ്റേന്ന് കാലത്ത് എട്ടരമണിക്ക് മി: ജിന്ന ട്രെയിൻ മാർഗ്ഗം കൽക്കത്ത വിടുമ്പോൾ അദ്ദേഹത്തെ യാത്രയാക്കാൻ ഞാൻ റെയിൽവെസ്റ്റേഷനിൽ പോയിരുന്നു. ഒരു ഒന്നാംക്ലാസ് കൂപ്പെ കമ്പാർട്ട്മെന്റിന്റെ അരികെ നിൽക്കുകയായിരുന്ന അദ്ദേഹം എന്റെ കരംപിടിച്ചു. അദ്ദേഹത്തിന്റെ കണ്ണുൾ നിറഞ്ഞു- അദ്ദേഹമെന്നോടു പറഞ്ഞു.

"ജാംഷഡ് ഇത്വഴി പിരിയലാണ്...."

ജിന്നാസാഹിബിന്റെ രാഷ്ട്രീയ ജീവതത്തിൽ 1929 ഒരു വഴിത്തിരിവ് കുറിച്ചു. പഴയ ഡൽഹിയിൽ വെച്ച് 30 നു അദ്ദേഹം വീണ്ടും വിളിച്ചുകൂട്ടിയ യോഗത്തിൽ സമർപ്പിക്കാനായി. നെഹ്റു റിപ്പോർട്ടിനു പകരമായി 14 ഇന പരിപാടി തയ്യാറാക്കി. എന്നാൽ അദ്ദേഹത്തിന്റെ സഹപ്രവർത്തകരായ ഡോ. അൻസാരി. തസദുഖ് അഹമദ്ഖാൻ ഷെർവാനി. ഡോ. മുഹമ്മദ് ആലാം. ഡോ. സയ്യിദ് മഹമൂദ് എന്നിവർ 14 ഇന പരിപാടിയോട് വിയോജിപ്പ് പ്രകടിപ്പിച്ചു. എന്നാൽ മൗലാനാ മുഹമ്മദലി പൂർണ്ണമായി അനുകൂലിക്കുകയും ചെയ്തു.

ഡൽഹിയിലെ അജ്മീർ ഗേറ്റിനടുത്ത റൗഷാൻ തീയേറ്റ

For Group Contact us +91 9746065242

mappilaheritagelibrary.com

റിൽ വെച്ചായിരുന്നു യോഗം ഡോ. അൻസാരിയുടെ അനുയായികൾ ഡോ. മുഹമ്മദ് ആലമീനെ അദ്ധ്യക്ഷസ്ഥാനത്തിരുത്തി. അദ്ധ്യക്ഷ വേദിയിൽ കയറിപ്പറ്റിയ ഉടൻ ഡോ. ആലം നെഹ്റു റിപ്പോർട്ടിനെ അനുകൂലിക്കുന്ന പ്രമേയമവതിപ്പിക്കുകയും. തസദുഖ് അഹ്മദ് ഖാൻ ഷെർവാനി അതിനെ പിന്താങ്ങുകയും ചെയ്തു. അവിടെ ഒരു കൊടുങ്കാറ്റുപോലെ എത്തിയ മൗലാനാ മുഹമ്മദലി. ഡോ. ആലമിനോടു അദ്ധ്യക്ഷവേദി വിടാൻ ആവശ്യപ്പെട്ടു. യോഗത്തിൽ പങ്കെടുത്തവരിൽ ബഹുഭൂരിപക്ഷമാളുകളും ഡോ. ആലമിനേയും ഷെർവാനിയെയും വെറുതെ വിടാൻ ഒരുക്കമില്ലാത്ത അവസ്ഥ വന്നു. അദ്ധ്യക്ഷവേദി. വിടാൻ വിസമ്മതിച്ച. ഡോ.ആലമിനെ കയ്യേറാൻ ജനക്കൂട്ടം തുനിഞ്ഞു. അവർ അദ്ധ്യക്ഷവേദിയിലേക്ക് നീങ്ങിയപ്പോൾ സർവ്വത്ര കുഴപ്പമായി. അൻസാരിയുടെ ആളുകൾക്ക് നല്ല തല്ല്കിട്ടി. ആ സമയത്ത് പ്രസിഡന്റ് ജിന്നാസാഹിബ് ശാന്തമാക്കിയെങ്കിലും അദ്ദേഹം യോഗനടപടികൾ നിർത്തിവെച്ചു പതിനാലിനപരിപാടി അവതരിപ്പിച്ചു.

മുസ്‌ലിംലീഗിൽ ഭിന്നിപ്പുണ്ടായി. പഞ്ചാബിൽ നിന്നുള്ള മിക്കവരും സർ മുഹമ്മദ് ഷാഫിയെ അനുകൂലിച്ചു. ഷാഫി ലീഗുണ്ടായി. മൗലാനാ ആസാദിന്റെ കൂടെ ചേർന്ന മുസ്‌ലിം നേതാക്കൾ കോൺഗ്രസ്സിൽ ഉറച്ചുനിന്നു. മറ്റ് കുറെപേർ ആഗാഖാന്റെ കുടെ അഖിലേന്ത്യ മുസ്‌ലിം കോൺഗ്രസിലും. ഖാഇദേ അഅ്സമിന്റെ ജീവചരിത്രകാരനായ സ്റ്റാൻലി വാൾപോർട്ട് എഴുതുന്നു. മാലിക്ക് ബർക്കത്ത് അലി അബ്ദുൽമാത്തിൽ ചൗധരി. സർ മുഹമ്മദ് യാക്കുബ് എന്നീ കുറച്ചുപേരൊഴികെ മറ്റുള്ളവർ ജിന്നയുടെ കൂടെ ചേർന്നുപ്രവർത്തിക്കാൻ മടിച്ചു.

ബ്രിട്ടനിൽ ജിന്നയുടെ പഴയകാല സുഹൃത്തുക്കളായ റാംസെറ്റിക് ഡോണാൾഡ് ലേബർ പാർട്ടി പ്രധാനമന്ത്രിയും വെഡ്ജ് ബുഡ് ബെൻ ഇന്ത്യൻ കാര്യ സെക്രട്ടറിയുമായി. ആയിടെ ഇന്ത്യക്കു പുത്രികാരാജ്യ പദവി(ഡൊമീനിയൻ സ്റ്റാറ്റസ്) കിട്ടണമെന്നും അല്ല പൂർണ്ണ സ്വരാജായിരിക്കണമന്നും രണ്ടഭിപ്രായങ്ങൾ കോൺഗ്രസ്സിലും രാജ്യത്തുമുണ്ടായി. ഉത്തരവാദിത്വ ഭരണാധികാരത്തോടെ ബ്രിട്ടന്റെ കീഴിൽ ഡൊമിനിയൻ പദവി ഉടൻ ഇന്ത്യക്ക് കിട്ടണമെന്ന അഭിപ്രായക്കാരായിരുന്നു മുഹമ്മദലി ജിന്നയെപ്പോലുള്ളവർ. എന്നാൽ ജവഹർലാൽ നെഹ്റുവും നേതാജി സുബാഷ് ചന്ദ്രബോസും പൂർണ്ണ സ്വതന്ത്ര്യം കിട്ടണമെന്ന പക്ഷക്കാരായിരുന്നു.

For Group Contact us +91 9746065242

mappilaheritagelibrary.com

കോൺഗ്രസ്സിൽ നെഹ്റു റിപ്പോർട്ടിനെപ്പറ്റി തർക്കവും സ്വാതന്ത്ര്യത്തെപ്പറ്റി അഭിപ്രായവ്യത്യാസവും ഉടലെടുത്തുകൊണ്ടിരിക്കെത്തന്നെ 1929 ജൂൺ 19-നും മുഹമ്മദലി ജിന്ന തന്റെ സുഹൃത്തുകൂടിയായ ബ്രിട്ടീഷ് പ്രധാനമന്ത്രി റാംസെറ്റാക്ക് ഡൊണാൾഡിനു ഒരു കത്തയച്ചു. പിന്നീട് ഒരു ചരിത്രരേഖയായിത്തീർന്ന പ്രസ്തുത കത്തിൽ ബ്രിട്ടീഷ് ഗവൺമെന്റ് ദേശീയ സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള ഇന്ത്യക്കാരുടെ ആവശ്യത്തിന്മേൽ എന്തെങ്കിലും ഉടൻ ചെയ്യാത്തപക്ഷം വളരെ ഗുരുതരമായ ഭവിഷ്യത്തുകളുണ്ടാകുമെന്ന് മുന്നറിയിപ്പ് നൽകിയിരുന്നു. ഡൊമിനിയൻ പദവിയുള്ള ഉത്തരവാദ ഗവൺമെന്റ് പ്രഖ്യാപിക്കണമെന്നും കത്തിൽ പറഞ്ഞു. കത്ത് തുടർന്നു.

''ഇന്ത്യക്ക് സ്വീകാര്യയോഗ്യമായിത്തീരുമെന്ന് ഞാൻ കരുതുന്ന ഒരു നിർദ്ദേശം ഞാനിവിടെ വെക്കട്ടെ. സൈമൺ കമ്മീഷൻ റിപ്പോർട്ടും അതിന്മേൽ ഇന്ത്യാ ഗവൺമെന്റിന്റെ അഭിപ്രായവും കിട്ടിക്കഴിഞ്ഞ ശേഷം ബ്രിട്ടീഷ് ഗവൺമെന്റ് അവരുടെ നിർദ്ദേശങ്ങൾ തയ്യാറാക്കും മുമ്പ് ഇന്ത്യൻ പ്രതിനിധികളെ കൂടിയാലോചനക്കായി ക്ഷണിക്കുക. ഇന്നത്തെ സ്ഥിതിയിൽ ഇന്ത്യയുടെ ഏകീകൃത അഭിപ്രായം ലഭിക്കുകയില്ല. എന്നാൽ ഇന്ത്യൻ പ്രതിനിധികളെ ക്ഷണിച്ചു അവരുമായി ചർച്ച നടത്തുകയും വൈസ്രോയി പറഞ്ഞതുപോലെ രാഷ്ട്രീയ ഇന്ത്യയുടെ സമ്മതപത്രം വാങ്ങുകയും ചെയ്താൽ, ഇന്ത്യയിലെ രാഷ്ട്രീയ ഭരണ രംഗത്തെ ഏറ്റവും മുൻനിരക്കാരെ അണിനിരത്തി എത്തിച്ചേരുന്ന യോജിപ്പ് ബ്രിട്ടനും ഇന്ത്യക്കും ശുഭപ്രതീക്ഷയ്ക്കല്ലാതെ വക നൽകുകയില്ല എന്നാണെന്റെ പക്ഷം!"

ആഗസറ്റ് നാലിനു ബ്രിട്ടീഷ് പ്രധാനമന്ത്രി ജിന്നക്കയച്ച മറുപടിക്കത്തിൽ, ജിന്നയുടെ നിർദ്ദേശങ്ങൾ സാഹചര്യം അനുവദിക്കുന്നിടത്തോളം ഉപയോഗപ്പെടുത്താനുള്ള ആഗ്രഹത്തോടെ പരിഗണിക്കുമെന്ന് പറഞ്ഞു. റാം സെറ്റാക് ഡൊണാൾഡ് തുടർന്നു. 'എനിക്കിവിടെ ഒരുകാര്യം പറയാനുണ്ട്. ഇതിന് മുമ്പും തുടർച്ചയായി പറഞ്ഞിരുന്നതും ഇന്നും ബ്രിട്ടീഷ് ഗവൺമെന്റിന്റെ ഉദ്ദേശ്യമായി അവശേഷിക്കുന്നതും കൂടിയാണത്. ഇന്ത്യക്ക് ഡൊമീനിയൻ പദവി ലഭിക്കണമെന്നു ഞങ്ങളാഗ്രഹിക്കുന്നു. ഭാവി നടപടികളെ സംബന്ധിച്ചു വളരെ വേഗം 'പ്രഖ്യാപനമുണ്ടായിരിക്കും' സെപ്തംബർ ഏഴിനു ജിന്ന ബ്രിട്ടീഷ് പ്രധാനമന്ത്രിക്ക

For Group Contact us +91 9746065242

mappilaheritagelibrary.com

യച്ച കത്തിൽ തന്റെ നിർദ്ദേശം സ്വീകരിച്ചതിൽ കൃതജ്ഞത അറിയിച്ചു. 'അത് ഇന്ത്യക്ക് ശോഭനമായ ഭാവിയും ബ്രിട്ടീഷ് ചരിത്രത്തിൽ സൽപേരും നൽകും' അദ്ദേഹം പ്രത്യാശിച്ചു.

1929 നവംബർ ഒന്നിനു വൈസ്രോയി ഇർവ്വിൻ പ്രഭുവിന്റെ ചരിത്ര പ്രസിദ്ധമായ പ്രഖ്യാപനം വന്നു. - ഇന്ത്യയുടെ പ്രശ്നങ്ങൾക്കു പരിഹാരം കാണാനും, ഇന്ത്യക്ക് ഡൊമീനിയൻ പദവി നൽകുന്നതിനുള്ള ലക്ഷ്യം വെച്ചുകൊണ്ട് ബ്രിട്ടീഷ് ഗവൺമെന്റ് നിർദ്ദേശങ്ങൾ രൂപീകരിക്കുമെന്നും അത് ബ്രിട്ടീഷ് പാർലമെന്റിൽ നിയമമാക്കിത്തീർക്കുമെന്നുമുള്ള പ്രഖ്യാപനം. അതിന്റെ ആദ്യഘട്ടമായി ലണ്ടനിൽ ഒരു വട്ടമേശസമ്മേളനം വിളിച്ചുകൂട്ടാൻ ബ്രിട്ടീഷ് ഗവൺമെന്റുദ്ദേശിക്കുന്നതായും വൈസ്രോയി ഇർവിൻ പ്രഭു പ്രസ്താവിച്ചു.

മുഹമ്മദലി ജിന്നയുടെ ഉപദേശമാണ് ബ്രിട്ടീഷ് പ്രധാനമന്ത്രി സ്വീകരിച്ചത്. തന്റെ അടുത്ത സുഹൃത്തും രാഷ്ട്രീയ ഉപദേശകനുമെന്ന നിലക്ക് ബ്രീട്ടീഷ് പ്രധാനമന്ത്രിയുടെ അംഗീകാരം കൂടിയായിരുന്നു അന്ന് ജിന്നക്ക് ലഭിച്ചത്. സരോജിനി നായിഡു, ബലഭായ് ദേശായ്, ഹോമിമോഡി, എം.സി.ഛഗ്ള എന്നിവർ സംയുക്ത പ്രസ്താവനയിൽ ബ്രിട്ടീഷ് ഗവൺമെന്റിന്റെ നിലപാടിൽ വന്ന മൗലികമായ മാറ്റത്തെ സ്വാഗതം ചെയ്തു. ഡൽഹിയിൽ മോട്ടിലാൽ നെഹ്റുവിന്റെ അദ്ധ്യക്ഷതയിൽ സമ്മേളിച്ച കോൺഗ്രസ്സും ഇതര പാർട്ടികളിലെ മുപ്പത് നേതാക്കളും ഈ പുതിയ അനുരജ്ഞനത്തിൽ ആശ്വാസം പ്രകടിപ്പിച്ചു. 'വട്ടമേശാസമ്മേളനം ഡൊമിനിയൻ ഭരണഘടന രൂപം കൈകൊള്ളുന്നതിനായിരിക്കണം' മോട്ടിലാലിന്റെ നേതൃത്വത്തിലെടുത്ത ഈ തീരുമാനത്തിനു 'ഡൽഹി മാനിഫെസ്റ്റോ' എന്നാണ് പറയുന്നത്.

ജവഹർലാൽ നെഹ്റു ഈ തീരുമാനത്തോടു ആദ്യം യോജിച്ചിരുന്നുവെങ്കിലും പിന്നീട് ഖേദം പ്രകടിപ്പിച്ചു. താൻ കോൺഗ്രസ്സ് പ്രസിഡന്റ് പദം രാജിവെക്കാമെന്ന് അദ്ദേഹം ഗാന്ധിജിയെ അറിയിച്ചുവത്രെ. അതാവശ്യമില്ലെന്നായി ഗാന്ധിജി. 1929 ഡിസംബർ 23-നു ഗാന്ധിജി, ജിന്ന, മോട്ടിലാൽ നെഹ്റു, തേജ്ബഹദൂർ സുപ്രു, വല്ലഭായ്പട്ടേൽ എന്നിവർ വൈസ്രോയി ഇർവിൻ പ്രഭുവിനെ ചെന്നുകണ്ടു. ഇർവിൻ പ്രഭുവും പത്നിയും തീവണ്ടിമാർഗ്ഗം ഡൽഹിയിലെത്തിയപ്പോൾ, ഒരു സ്ഫോടനത്തെത്തുടർന്ന് അദ്ദേഹം സഞ്ചരിച്ച തീവണ്ടിയുടെ മറ്റ കമ്പാർട്ടുമെന്റുകൾ തകർന്നു.

For Group Contact us +91 9746065242

mappilaheritagelibrary.com

വൈസ്രോയിയും പത്നിയും സംഘവും പരിക്കില്ലാതെ രക്ഷപ്പെട്ടു. ഇന്ത്യൻ നേതാക്കൾ ആദ്യമായി വൈസ്രോയിയേയും പത്നിയേയും അഭിനന്ദിക്കുകയും അക്രമത്തെ അപലപിക്കുകയും ചെയ്തു.

വട്ടമേശാസമ്മേളനത്തിൽ ഡൊമിനിയൻ പദവിയുള്ള ഒരു 'ഭരണഘടന' ഇന്ത്യക്ക് ലഭിക്കണമെന്നും ഈ പ്രശ്നത്തിൽ ഒത്തു തീർപ്പില്ലാതെ വട്ടമേശാസമ്മേളനം വിജയിക്കില്ലെന്നും ഗാന്ധിജി തീർത്തുപറഞ്ഞു. വട്ടമേശാസമ്മേളനത്തിൽ ഏതെങ്കിലും തരത്തിലുള്ള ഭരണഘടനക്ക് രൂപം കൊടുക്കുക അസാദ്ധ്യമാണെന്നും ഒരു പൂർണ്ണ ചർച്ചയാവാമെന്നും വൈസ്രോയി വിശദീകരിച്ചു. ഈ ചർച്ചകൊണ്ട് ഫലമുണ്ടായില്ല.

പൂർണ്ണ ഡൊമിനിയൻ പദവി വട്ടമേശാ സമ്മേളനത്തെ തുടർന്ന് ഉടൻ ഉണ്ടാവുമെന്നില്ലെങ്കിൽ താൻ അത്തരം സമ്മേളനത്തിനില്ല എന്നും ഉടൻ പൂർണ്ണ സ്വാതന്ത്ര്യം വേണമെന്നും ഗാന്ധിജിയും, ഡൊമിനിയൻ പദവിക്കുള്ള ഭരണഘടന വേണമെന്ന് മോട്ടിലാൽ നെഹ്റുവും ആവശ്യപ്പെട്ടു. ഇത് നീതീകരിക്കത്തക്കതല്ല എന്ന് ഇർവ്വിൻ പ്രഭു പറഞ്ഞു. ജിന്നാ സാഹിബ് ഗാന്ധിജിയോടും മോട്ടിലാൽ നെഹ്റുവിനോടും വട്ടമേശാസമ്മേളനത്തിൽ ഡൊമിനിയൻ പദവിക്കാവശ്യപ്പെടാമെന്നും മറിച്ച് ആരെങ്കിലും അഭിപ്രായം പറഞ്ഞാൽ അപ്പോൾ അഭിപ്രായവ്യത്യാസം പ്രകടിപ്പിക്കാമെന്നും പറഞ്ഞുനോക്കി. പക്ഷെ ഫലിച്ചില്ല.

ഗാന്ധിജിയുടെയും മോട്ടിലാലിന്റെയും നിലപാടിനെ ജിന്ന എതിർത്തു. പ്രധാനമന്ത്രി ഡൊണാൾഡിൽ നിന്നും വൈസ്രോയി ഇർവിൻ പ്രഭുവിൽ നിന്നും ക്രിയാത്മകമായ സഹകരണവും വാഗ്ദത്തവും നേടിയെടുത്തിട്ടും നല്ല ഒരവസരം കാറ്റിൽ പറത്തിയെന്ന് പേരിൽ ജിന്നയിൽ ഇരാഭംഗവും കോപവും നൈരാശ്യവും പ്രകടമായി. സ്റ്റാൻലി വാൾപോർട്ട് ഇങ്ങനെ രേഖപ്പെടുത്തി.

'ഡൊമിനിയൻ പദവി' നേടുന്നതിൽ ഇവിടെ യാതൊരു തടസ്സവുമില്ല എന്നു മോട്ടിലാൽ (വൈസ്രോയിയോട്) പറഞ്ഞപ്പോൾ അദ്ദേഹം ഉദ്ദേശിച്ചത് എന്താണെന്നു ജിന്നക്കു ശരിക്കു മനസ്സിലായി. ഗാന്ധിജിയാണെങ്കിൽ കുറെക്കൂടി തുറന്നു പറഞ്ഞു. ഐക്യത്തിന്റെ പോരായ്മയുണ്ടെന്നും അത് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുവെന്നും ഗാന്ധിജി പറഞ്ഞത് അതുകൊണ്ടാണ്. മോട്ടിലാൽ ആകട്ടെ അങ്ങിനെ ഒരു 'മുസ്ലിം പ്രശ്നം' ഉണ്ടെന്നുപോലും സമ്മതിക്കാൻ ഒരുക്കമില്ല. മോട്ടിലാലിന് തിരഞ്ഞെടുക്കപ്പെട്ട ചിലർ മാത്ര

For Group Contact us +91 9746065242

mappilaheritagelibrary.com

മുള്ള ആ സംഘത്തിൽ ജിന്നയുടെ സാന്നിദ്ധ്യം പോലും ഇഷ്ട പ്പെട്ടില്ല. വൈസ്രോയിയുമായി ഒരു ചർച്ചയ്ക്ക് സാഹചര്യം സൃഷ്ടി ച്ചതിൽ സുപ്രധാനപങ്ക് ജിന്നക്ക് മാത്രമായിരുന്നുവെങ്കിൽ പോലും. കാരണം താൻ വളരെ പാടുപെട്ട് തയ്യാറാക്കിയ ഒരു 'ഭരണഘടന' ചരിത്രത്തിന്റെ ചവറ്റുകൊട്ടയിലെറിയാൻ ഇടയാക്കിയതിനു ജീവി ക്കുന്ന കാരണമാണു ജിന്ന എന്നതു തന്നെ! ജിന്നക്കാണെങ്കിൽ വിളിച്ചുകൂട്ടാൻ ഒരു മുസ്‌ലിംലീഗുമില്ല; കോൺഗ്രസ്സിൽ നിന്നു തന്നെ അകറ്റി നിർത്തുന്ന സമുദ്രത്തിനുമേൽ ഒരു പാലം കെട്ടാനാവുക യില്ല.

കോൺഗ്രസ്സ് ലാഹോറിൽ യോഗം ചേർന്നു പൂർണ സ്വരാജ് പ്രഖ്യാപിച്ചു. 1929 ലെ ക്രിസ്തുമസ് ഒഴിവ്ദിനത്തിൽ ജവഹർലാൽ നെഹ്റുന്റെ അദ്ധ്യക്ഷതയിൽ പാസ്സാക്കിയ പൂർണ്ണ സ്വാതന്ത്ര്യം മുദ്രാവാക്യം നാടെങ്ങും മുഴങ്ങി. മുഹമ്മദലി ജിന്നയക്കാകട്ടെ ഘനമേറിയ ഹൃദയവുമായി മലബാർ ഹില്ലിലെ വസതിയിൽ ഇരു ന്നുകൊണ്ട് ഈ പുതിയ വിപ്ലവത്തിന്റെ തുടക്കവും അതിനെ അടി ച്ചമർത്തുന്ന ബ്രിട്ടീഷ് രാജിന്റെ നടപടികളും നിരാശയോടും നിർന്നി മേഷനായും നോക്കിക്കാണാനേ കഴിഞ്ഞുള്ളൂ.

പൂർണ്ണ സ്വരാജ് പ്രഖ്യാപനത്തെ തുടർന്നുണ്ടായ സംഭവ വികാസങ്ങൾക്ക് ഗാന്ധിജിയെ കുറ്റപ്പെടുത്തികൊണ്ടു ജിന്ന പ്രസ്താ വനയിറക്കി. ജിന്നയോട് യോജിപ്പ് പ്രകടിപ്പിച്ചുകൊണ്ട് സർ തേജ്ബഹദൂർ സുപ്രു ജിന്നക്ക് 1930 ജനുവരി 05-ന് അയച്ച കത്തിൽ 'കോൺഗ്രസ്സിനു ഭ്രാന്ത് പിടിച്ചിരിക്കുന്നു; എന്നാൽ ഏറ്റവും ദോശ കരമായിട്ടുള്ളത്, കോൺഗ്രസ്സിന്റെ ഭ്രാന്തമായ പോക്കിൽ രാജ്യ ത്തിന്റെ നാശമുൾപ്പെടുമെന്നതാണ്' എന്ന് എഴുതി. സുപ്രു ഡൽഹി യിൽ വിവിധ കക്ഷിക്കാരുടെ യോഗം വിളിച്ചു. ജിന്ന, മഹ്മൂദാ ബാദ് രാജാവ്, സർ ഷാഫി എന്നിവരും ക്രിസ്ത്യാനികൾ, മഹാസ ഭക്കാർ, മദ്രാസിലെ ജസ്റ്റിസ് പാർട്ടി പ്രതിനിധികൾ തുടങ്ങിയ 50 പ്രമുഖർ പങ്കെടുത്തു. ജിന്ന മാളവ്യയുമായി കൂടിക്കാഴ്ച നടത്തി. 1930 ഫെബ്രുവരി 26-ന്റെ പ്രസ്തുത യോഗത്തിനു മുൻതീരുമാന ങ്ങളിൽ ഒരു മാറ്റം വരുത്താൻ കഴിഞ്ഞില്ല.

കോൺഗ്രസ്സിന്റെ വിവിധ സമരങ്ങളെ തുടർന്ന് അതിന്റെ നേതാക്കൾ ജയിലിലായി. സുപ്രുവും ജയക്കറും ജയിലിലുള്ള കോൺഗ്രസ്സ് നേതാക്കന്മാരെ കണ്ടു യോജിപ്പിനുള്ള ശ്രമങ്ങൾ നട ത്തി. മാർച്ച് 12-നു തുടങ്ങിയതും ഏപ്രിൽ അഞ്ചിനു അവസാനിച്ച

For Group Contact us +91 9746065242

mappilaheritagelibrary.com

തുമായ ഗാന്ധിജിയുടെ ദണ്ഡി സത്യാഗ്രഹം ചരിത്രപ്രസിദ്ധമാ യിരുന്നു. മെയ് അഞ്ചിനു ഗാന്ധിജി അറസ്റ്റിലായി. പൂനയിലെ യർവാദാ ജയിലിൽ അദ്ദേഹം കഴിഞ്ഞു. നൈനിറ്റാളിൽ തടവിൽ കഴിയുന്ന മോട്ടിലാൽ-ജവഹർലാൽ എന്നിവരുമായും യർവാദ യിലെ ഗാന്ധിജിയുമായും കൂടിയാലോചന നടത്തി. സുപ്രു-ജയ ക്കർ മദ്ധ്യസ്ഥശ്രമവും, യർവാദ ജയിലിൽ മോട്ടിലാൽ, ജവ ഹർലാൽ-ഗാന്ധിജി എന്നിവരുടെ 'അഖില കക്ഷി' യോഗവും വട്ട മേശ സമ്മേളനത്തിൽ പങ്കെടുക്കേണ്ടതില്ല എന്ന് തന്നെ തീരുമാ നിച്ചു.

വട്ടമേശസമ്മേളനത്തിന്റെ ഒരുക്കത്തിൽ വൈസ്രോയിയെ സഹായിച്ച ജിന്ന ബ്രിട്ടീഷ് ലേബർ ഗവൺമെന്റിന്റെ ക്ഷണം സ്വീക രിച്ചു. അപ്പോൾ ജയിലിൽ കഴിയുകയായിരുന്ന വടക്കു ടിഞ്ഞാറൻ അതിർത്ഥി സംസ്ഥാനത്തെ നേതാവ് ഖാൻ അബ്ദുൽ ഗഫാർ ഖാനെ സമ്മേളനത്തിലേക്കു ക്ഷണിക്കണമെന്നും വൈസ്രോയി ഉപദേശിച്ചു.

1930 നവംബർ നാലിനു ലണ്ടനിൽ ചേരുന്ന വട്ടമേശ സമ്മേ ളനത്തിൽ ഒരുകാലത്ത് താൻ കൊണ്ടുനടന്ന കോൺഗ്രസ്സില്ലാതെ തന്നെ പങ്കെടുക്കാൻ ജിന്ന തീരുമാനിച്ചു. കഴിഞ്ഞ മുപ്പത്ത ഞ്ച്വർഷം സ്വന്തം നാടായി കരുതിയ ബോംബെയിലെ മലബാർ ഹില്ലിൽ നിന്ന് അദ്ദേഹം യാത്രക്കുള്ള ഒരുക്കങ്ങൾ തുടങ്ങി. ബ്രിട്ടീഷ് പ്രധാനമന്ത്രിയുടെ ഉറ്റസുഹൃത്ത്, വൈസ്രോയിയുടെ സ്നേഹഭാജനം, ഇന്ത്യയിലെ ഒന്നാംതരം അഭിഭാഷകൻ മുഹമ്മ ദലി ജിന്ന ഒരു തീരുമാനമെടുത്തു. ഇന്ത്യ വിടുകതന്നെ! ലണ്ട നിലെ പ്രിവി കൗൺസിലിൽ പ്രാക്ടീസ് ചെയ്യുക. മുസ്ലിംലീഗിന്റെ അദ്ധ്യക്ഷനാണല്ലോ. അദ്ദേഹം ഓർത്തു. താനില്ലാത്ത അവസരം ചേരുന്ന ലീഗ് വാർഷികത്തിൽ അദ്ധ്യക്ഷത വഹിക്കാൻ ഡോ. മുഹ മ്മദ് ഇഖ്ബാലിനെ ക്ഷണിച്ചു. 1930 ഒക്ടോബർ നാലിനു മുഹമ്മ ദലി ജിന്ന എല്ലാം കൽപിച്ചു മകൾ ദിനയേയും കൂട്ടി ബോംബെ യിൽ നിന്നു കപ്പൽ കയറി - ലണ്ടനിലേക്ക്!

For Group Contact us +91 9746065242

mappilaheritagelibrary.com

V

ഒന്നാം വട്ടമേശ സമ്മേളനം സമാരംഭിച്ചു. 1930 നവംബർ 12-നു പ്രഭുസഭയുടെ രാജകീയ ഗാലറിയിൽ ബ്രിട്ടീഷ് ചക്രവർത്തി ജോർജ്ജ് അഞ്ചാമൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. ബ്രിട്ടീഷ് ഇന്ത്യയിൽ നിന്നുള്ള 58 പ്രതിനിധികളിൽ മുഹമ്മദലി ജിന്നയും.

ഒന്നാം വട്ടമേശസമ്മേളനത്തിൽ ഗാന്ധിജിയും കോൺഗ്രസ്സ് പ്രതിനിധികളും സംബന്ധിച്ചില്ല. തേജ് ബഹദൂർ സുപ്രു, സർ ചിമൻലാൽ സെത്തൽവാദ്, ഡോ.ജയക്കർ, ഡോ. മൂൺജി എന്നിവരും മുസ്‌ലിം സമുദായത്തിന്റെ അന്നത്തെ അംഗീകൃത നേതാവായിരുന്ന ആഗാഖാൻ, സർ മുഹമ്മദ് ഷാഫി, മൗലാന മുഹമ്മദലി ഇന്ത്യൻ നാട്ടുരാജ്യങ്ങളുടെ പ്രതിനിധികളായി പട്യാല ആൾവാർ മഹാരാജാക്കന്മാർ തുടങ്ങിയവരെല്ലാം പങ്കെടുത്തിരുന്നു. നവംബർ 20നു ജിന്ന വട്ടമേശസമ്മേളനത്തിൽ നടത്തിയ പത്ത് മിനിട്ട് പ്രസംഗം ഇന്ത്യയുടെ ഭാവി സംബന്ധിച്ച് അദ്ദേഹത്തിന്റെ കാഴ്ചപ്പാട് വ്യക്തമാക്കുന്നതായിരുന്നു.

''ഒരുകാര്യം സമ്മതിച്ചുകൊടുക്കുന്നതിൽ എനിക്ക് മടിയില്ല. - ഇന്ത്യയിൽ ബ്രിട്ടന് രാഷ്ട്രീയവും വാണിജ്യപരവുമായ താൽപര്യമുണ്ട്. അതുകൊണ്ട് നിങ്ങൾ (ബ്രിട്ടൻ) ഒരു കക്ഷിയാണ് - അക്കാരണത്താൽ തന്നെ ബ്രിട്ടൻ വളരെ സുപ്രധാനമായും ഇന്ത്യയുടെ ഭാവി ഭരണഘടനയിൽ അതീവ തൽപരരുമാണ്. പക്ഷേ നിങ്ങൾ ഒരു കാര്യം സമ്മതിച്ചുതരണം. നിങ്ങൾക്കുള്ളതിനെക്കാൾ താൽപര്യം ഞങ്ങൾക്കുണ്ട്. നിങ്ങൾക്ക് അത് സാമ്പത്തികവും രാഷ്ട്രീയവും മാത്രമായിരിക്കുമെങ്കിൽ ഞങ്ങൾക്ക് (ഇന്ത്യക്കാർക്ക്) അതിലെല്ലാമുപരിയായി എല്ലാ വിഷയത്തിലും താൽപര്യമുണ്ടെന്നവസ്തുതകൂടി നിങ്ങൾ (ബ്രിട്ടൻ) സമ്മതിക്കണം. ഈ മേശക്കുചുറ്റും നാലു പ്രധാന കക്ഷികളാണിരിക്കുന്നത്, ബ്രിട്ടീഷ് കക്ഷി, ഇന്ത്യയിലെ നാട്ടുരാജാക്കന്മാർ, ഹിന്ദുക്കൾ, മുസ്‌ലിംകൾ.....''

For Group Contact us +91 9746065242

mappilaheritagelibrary.com

ലണ്ടനിൽ വട്ടമേശ സമ്മേളനം നടക്കുമ്പോൾ തന്നെയാ യിരുന്നു 1930 ഡിസംബറിൽ അലഹബാദ് മുസ്ലിംലീഗ് സമ്മേളന ത്തിലെ അദ്ധ്യക്ഷപ്രസംഗത്തിൽ അല്ലാമാ ഡോ. മുഹമ്മദ് ഇഖ്ബാൽ 'ഇന്ത്യയിൽ മുസ്ലിം ഇന്ത്യ' എന്ന ആശയം പ്രകടിപ്പി ച്ചത്. അല്ലാമാ ഇഖ്ബാൽ പ്രസംഗത്തിൽ എടുത്തു പറഞ്ഞ ചില വാചകങ്ങൾ അന്ന് വട്ടമേശസമ്മേളനത്തിലെ പ്രതിനിധികൾക്കിട യിൽ ചർച്ചാവിഷയമായി. ഇഖ്ബാൽ ഇങ്ങനെ പറഞ്ഞു:

'സാമുദായിക വിഭാഗങ്ങളെ അംഗീകരിക്കാതെയുള്ള യൂറോപ്യൻ ഡമോക്രസിയെ സംബന്ധിച്ച തത്വം ഇന്ത്യയിൽ നടപ്പിൽവരുത്തുവാൻ സാധ്യമല്ല. അതുകൊണ്ടുതന്നെ ഇന്ത്യക്കകത്ത് ഒരു മുസ്ലിം ഇന്ത്യ സൃഷ്ടിക്കണമെന്ന മുസ്ലിംകളുടെ ആവശ്യം നീതിയുക്തമാണ്.' മുമ്പ് ഒരു ലീഗ് പ്രസിഡന്റും പറയാത്ത വിധം ഇഖ്ബാൽ താൻ വിഭാവനം ചെയ്യുന്ന ഭാവി ഇന്ത്യയിൽ മുസ്ലിം ഇന്ത്യയുടെ അതിർത്തികളും പ്രഖ്യാപിച്ചു.

ജിന്നയും മുഹമ്മദ് ഇഖ്ബാലും വലിയ സുഹൃത്തുക്കളാ യിരുന്നു. ഇഖ്ബാൽ അലഹബാദ് പ്രസംഗത്തിനുശേഷം ലണ്ടനിൽ വെച്ചു തന്നെ പലതവണ ജിന്നയുമായി സംഭാഷണം നടത്തുകയുമുണ്ടായി. എന്നാൽ ഇഖ്ബാലിന്റെ പ്രേരണക്കു ജിന്ന വഴങ്ങിയില്ലെന്ന് ഹെക്ടർ ബോളിതോ 'ജിന്ന-പാകിസ്ഥാന്റെ ജനയിതാവ്' എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തുന്നു.

ബോളിതോ തുടരുന്നു: 'ജിന്ന സർ മുഹമ്മദ് ഇഖ്ബാലിനെ ലണ്ടനിൽ വെച്ചു പലതവണ കണ്ടിരുന്നു. അവർ വലിയ ചങ്ങാതികളുമായിരുന്നു. എന്നാൽ, ജിന്ന വലിയ നിരാശനായിരുന്നി ട്ടുപോലും ഇഖ്ബാലിന്റെ വാദമുഖങ്ങൾക്ക് അദ്ദേഹത്തെ കീഴ്പെടുത്താനായില്ല. 'ഇന്ത്യയെ അഭിമുഖീകരി ക്കുന്ന ഭരണഘടനാ പ്രശ്നങ്ങൾ സൂക്ഷ്മമായി പഠിക്കുകയും പരിശോധിക്കുകയും ചെയ്തതിന്റെ ഫലമായി ഇഖ്ബാലിന്റെ നിഗമനത്തിലെത്തിച്ചേരാൻ താൻ നിർബന്ധിതനായി' എന്ന് പ്രഖ്യാപിക്കാൻ ജിന്നക്ക് ഒരു ദശകം കൂടി വേണ്ടിവന്നു.

വട്ടമേശസമ്മേളനത്തിന് പരിഹാരം കണ്ടെത്താൻ കഴിയാത്ത ഹിന്ദു-മുസ്ലിം പ്രശ്നം എല്ലാവരുടെ മനസ്സിലും നിറഞ്ഞുനിന്നു. വട്ടമേശാസമ്മേളനമാരംഭിക്കുന്നതിന് തലേന്ന്

For Group Contact us +91 9746065242

mappilaheritagelibrary.com

രാത്രി ജിന്ന, ഷാഫി, ആഗാഖാൻ എന്നീ മുസ്‌ലിം പ്രതിനിധികൾ സപ്രു, സെത്തൽവാദ്, ജയക്കർ, നാഗ്പൂരിലെ ഹിന്ദുമഹാസഭാ നേതാവായ ഡോ. എസ്. മൂൺജി എന്നിവരുമായി ലണ്ടനിൽ ഭോപ്പാൽ നവാബിന്റെ വസതിയിൽ വെച്ചു ചർച്ചകൾ നടത്തി. മുസ്‌ലിം പ്രതിനിധികൾ ഉന്നയിച്ച പതിനാലിനങ്ങളിൽ പകുതിയോളം സമ്മതിച്ചുകൊടുക്കാൻ സപ്രുവും സെത്തൽവാദും സന്നദ്ധത കാണിച്ചു. ജയക്കറും മൂൺജിയും അതിനും തയ്യാറായില്ല.

മുസ്‌ലിംകളുടെ പ്രശ്നങ്ങളും ആവശ്യങ്ങളും വളരെ നല്ലപോലെ ജിന്ന മനസ്സിലാക്കി കഴിഞ്ഞിരുന്നു. 'മുസ്‌ലിംകളെയും മറ്റു ന്യൂനപക്ഷങ്ങളെയും തൃപ്തിപ്പെടുത്തുന്നവിധം വ്യവസ്ഥകളില്ലാത്ത ഒരു ഭരണഘടനയും പ്രായോഗികമായിരിക്കുകയില്ലെന്ന് ജിന്നയും ഷാഫിയും എല്ലാവരെയും ബോധ്യപ്പെടുത്തി. ബ്രിട്ടീഷ് പ്രധാനമന്ത്രിയുടെ ഉൾനാടൻ വസതിയായ 'പെർത്വിസിൽ' വെച്ചു ഹിന്ദു -മുസ്‌ലിം പ്രതിനിധികളുടെ കൂടിയാലോചന നടന്നു. ഫലമുണ്ടായില്ല. പ്രത്യേക നിയോജക മണ്ഡലവ്യവസ്ഥ ഉപേക്ഷിച്ചുകൊണ്ടുള്ള ഒരു നിർദ്ദേശവും സ്വീകരിക്കാൻ മുസ്‌ലിംകൾ തയ്യാറായില്ല. ഇന്ത്യാക്കാരെ നല്ലപോലെ അറിയുന്ന പഴയ ബോംബെ ഗവർണ്ണറും അക്കാലത്തെ കാനഡാ ഗവർണ്ണർ ജനറലുമായിരുന്ന വെല്ലിംഗ്ടൺ പ്രഭുവിന്റെ സേവനം ബ്രിട്ടീഷ് പ്രധാനമന്ത്രി മാക് ഡൊണാൾഡ് നേടി. ജിന്നക്ക് അത് തീരെ രുചിച്ചില്ല. ജിന്നയും വെല്ലിങ്ടൺ പ്രഭുവും ബോംബെയിൽ വെച്ച് ഇടഞ്ഞത് മറക്കാൻ കാലമായിരുന്നില്ല. വെല്ലിംഗ്ടൺ ചെയർമാനായ കമ്മിറ്റിയിലും ജിന്നയെ ഉൾപ്പെടുത്തിയില്ല.

ചർച്ചകൾക്കിടയിൽ ഒരു സംഭവമുണ്ടായി. ജിന്ന, ആഗാഖാൻ, ഷാഫി എന്നിവർ 1931 ജനുവരി 14-നു പ്രധാനമന്ത്രി മാക്ഡൊണാൾഡിനെ കണ്ടു. മുസ്‌ലിംകൾക്ക് സംരക്ഷണം നൽകാനുള്ള വ്യവസ്ഥകൾ പ്രധാനമന്ത്രിയുടെ പ്രസ്താവനയിൽ ഉൽക്കൊള്ളിച്ചില്ലെങ്കിൽ വട്ടമേശസമ്മേളന തീരുമാനങ്ങളിൽ നിന്ന് മുസ്‌ലിം പ്രതിനിധികൾ വിട്ടുനിൽക്കുമെന്ന് അവർ മുന്നറിയിപ്പു നൽകി.

ബ്രിട്ടീഷ് പ്രധാനമന്ത്രി ഇന്ത്യയുടെ ഭാവിയെപ്പറ്റി പറഞ്ഞ കൂട്ടത്തിൽ ഇന്ത്യൻ സംസ്ഥാനങ്ങൾ ഭരിക്കാൻ പ്രഗൽഭരായ ഇന്ത്യക്കാരെ ഗവർണ്ണർമായി നിയമിക്കാൻ ബ്രിട്ടീഷ്

For Group Contact us +91 9746065242

mappilaheritagelibrary.com

ഗവൺമെന്റുദ്ദേശിക്കുന്നതായി പ്രസ്താവിച്ചു. ജിന്നയുടെ നേരെ തിരിഞ്ഞുകൊണ്ട് ബ്രിട്ടീഷ് പ്രധാനമന്ത്രി പറഞ്ഞു: 'ഒരു നല്ല കുട്ടിയായാൽ ജിന്നക്ക് അത് ഏറ്റവും നല്ല ഒരവസരമായിരിക്കും'. തൽക്ഷണം ജിന്ന പറഞ്ഞു; 'എന്റെ സേവനങ്ങൾ വിൽക്കുവാനുള്ളതല്ല'. പ്രധാനമന്ത്രി പറഞ്ഞത് 'തനിക്ക് കൈക്കൂലി നൽകാനുള്ള ശ്രമ'മാണെന്ന് ജിന്ന വിശേഷിപ്പിച്ചതായി കുഞ്ചിദാരക ദാസ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ആർക്കും വിലക്ക് വാങ്ങാനാവാത്ത ആ വ്യക്തിത്വം തന്നെയാണ് പിന്നീട് ജിന്നയെ മഹാനായ നേതാവാക്കിത്തീർത്തത്. ഒന്നാം വട്ടമേശസമ്മേളനത്തിലും അതിന്റെ ഫലത്തിലും ജിന്ന നിരാശനായി. മുസ്‌ലിംലീഗിൽ നിന്ന് മാറിനിൽക്കാൻ തന്നെ അദ്ദേഹം തീരുമാനിച്ചു. ഹിന്ദു-മുസ്‌ലിം പ്രശ്നങ്ങൾ പരിഹാരമില്ലാതെ തുടരും. ലീഗുകാര്യങ്ങൾ ഷാഫിയും ഇഖ്ബാലും പഞ്ചാബ് സുഹൃത്തുക്കളും നടത്തട്ടെ. ലണ്ടനിൽ താമസിച്ചു പ്രിവി കൗൺസിലിൽ പ്രാക്ടീസ് തുടരുക. ഇന്ത്യയിൽ നിന്ന് കിട്ടുന്ന റിപ്പോർട്ടുകളിൽ തന്നെപ്പോലുള്ള ഒരാൾക്ക് അവിടെ സ്ഥാനമില്ലെന്നാണ് കാണുന്നത്, ജിന്ന ചിന്തിച്ചു. കിങ്ങ്സ് ബെഞ്ചം വാൾക്കിൽ അദ്ദേഹത്തിനു ചേംബർ കിട്ടി. ഹാംസ്റ്റഡിൽ ധാരാളം മുറികളുള്ള മൂന്നുനില കെട്ടിടം അദ്ദേഹം വിലക്കെടുത്തു. സഹോദരി ഫാത്തിമയോട് ജോലി രാജിവെച്ച് മകൾ ദിനയുമായി ലണ്ടനിലേക്ക് വരാൻ ആവശ്യപ്പെട്ടു. ഫാത്തിമ ജിന്ന അതനുസരിച്ചു.

ഇന്ത്യയിലെ പുതിയ വൈസ്രോയി ആയി നിയമിതനായ വെല്ലിംഗ്ടൺ പ്രഭു ജിന്നയെ കണ്ടു. അവർ സുഹൃത്തുക്കളെന്ന നിലക്ക് കുശലപ്രശ്നം നടത്തി. ഇന്ത്യൻ മുസ്‌ലിംകളെ സംബന്ധിച്ച തന്റെ കാഴ്ചപ്പാട് പുതിയ വൈസ്രോയിയെ ജിന്ന അറിയിച്ചു.

ജിന്ന ലണ്ടനിൽ താമസിച്ചു ലേബർപാർട്ടിയിൽ അംഗത്വമെടുത്തു പാർലിമെന്റിൽ ഒരംഗമായി. ദാദാഭായി നവറോജിയെപ്പോലെ ആവാനാഗ്രഹിക്കുന്നതായി റിപ്പോർട്ട് പരന്നു. ലേബർപാർട്ടിയുടെ നേതൃത്വം 'ജിന്നയെപ്പോലെ വിലപിടിച്ച വസ്ത്രങ്ങൾ ധരിക്കുന്ന ഉന്നതൻമാർക്ക് സീറ്റു നൽകാനാവില്ല' എന്നു തീരുമാനമെടുത്തുവത്രെ. എന്നാൽ ഇത് സത്യമല്ലെന്നും അദ്ദേഹം ലീഡ്സിലെ ഒരു ലഞ്ച് ക്ലബിൽ

For Group Contact us +91 9746065242

mappilaheritagelibrary.com

പ്രസംഗിക്കുക മാത്രമേ ചെയ്തിട്ടുള്ളൂവെന്നും 1932 ഏപ്രിൽ 18-ലെ പത്രം റിപ്പോർട്ട് ചെയ്തതായി ബോളിതോ തന്റെ ഗ്രന്ഥത്തിൽ പറയുന്നു. യാഥാസ്ഥിതിക കക്ഷിയുടെ ഒരു നിയോജക മണ്ഡലം കരസ്ഥമാക്കാൻ ജിന്ന ശ്രമിച്ചതായും അതിന്നായി ആഗാഖാന്റെ സഹായം തേടിയെങ്കിലും കിട്ടിയില്ലെന്നും സ്റ്റെയിൽനി വോൾപെർട്ട് എഴുതുന്നു. അദ്ദഹം ബ്രിട്ടീഷ് പാർലിമെന്റിലേക്ക് തെരഞ്ഞെടുക്കപ്പെട്ടിരുന്നു വെങ്കിൽ ചില കേസുകൾക്കായി ഇടക്കിടെ ഇന്ത്യയിൽ പോയിരുന്നത് പോലെയൊന്നും ഒരിക്കലുമദ്ദേഹം ഇന്ത്യയിലേക്ക് തിരിച്ചുവരില്ലായിരുന്നുവെന്ന് വോൽപെർട്ട് എഴുതിയിട്ടുണ്ട്.

ജിന്നയുടെ പുതിയ ജീവിതാവസ്ഥയെക്കുറിച്ച് ഹെക്ടർ ബോളിതോ ഇങ്ങിനെ രേഖപ്പെടുത്തുന്നു.

'ജിന്നയുടെ ജീവിതം അന്തസ്സുറ്റതും സുരക്ഷിതവുമാണ്, അദ്ദേഹത്തിന്റെ സമ്പത്ത് കൂടിവന്നു. സമ്പന്ന ജീവിത രീതി അദ്ദേഹം സ്വീകരിക്കുകയും ചെയ്തു. പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട ഡിന്നറുകൾ, അഭിഭാഷകരുമായി അടങ്ങിയൊതുങ്ങിയ ബുദ്ധിപരമായ സംഭാഷണം ലണ്ടൻ ക്ലബ്ബുകളിലെ സുരക്ഷിതത്വം, എല്ലാറ്റിലുമുപരി ബോംബെയിൽ ജോലി ഉപേക്ഷിച്ച് സഹോദരനോടൊപ്പം കഴിയാൻ ഇംഗ്ലണ്ടിലെത്തിയ സഹോദരിയുടെ സാന്നിദ്ധ്യം അന്നുമുതൽ മരണം വരെ സഹോദരനെ ശ്രുശൂഷിക്കാനായി സർവ്വവും ത്യജിച്ചവരായിരുന്നു അവർ'

രണ്ടാം വട്ടമേശസമ്മേളനം 1931 സെപ്തംബർ 7-നു ആരംഭിച്ചു. ഈ സമ്മേളനത്തിൽ ഏറ്റവും ശ്രദ്ധേയം മഹാത്മാഗാന്ധിയുടെ സാന്നിദ്ധ്യമായിരുന്നു. ജയിൽവിമുക്തനായ അദ്ദേഹം വട്ടമേശ സമ്മേളനത്തിൽ പങ്കെടുക്കാനെത്തിയതായിരുന്നു. കോൺഗ്രസിന്റെ കിരീടം വെക്കാത്ത രാജാവായിരുന്നു അന്ന് ഗാന്ധിജി. സപ്രു, ജയക്കർ, അംബേദ്കർ, ജിന്ന തുടങ്ങിയവരും സമ്മേളനത്തിൽ സംബന്ധിച്ചു. മുസ്‌ലിം പ്രതിനിധികൾക്ക് വേണ്ടി സംസാരിച്ച ജിന്ന യോജിപ്പിനുള്ള പദ്ധതിയിലെ സുപ്രധാനമായ വ്യവസ്ഥയിൽ യോജിപ്പുണ്ടായില്ല എന്നതിൽ ഖേദിച്ചു. ന്യൂനപക്ഷങ്ങൾക്കുള്ള സബ്കമ്മിറ്റിയുടെ തീരുമാനത്തെക്കുറിച്ചായിരുന്ന ജിന്നയുടെ പരാമർശം. ഗാന്ധിജി തന്റെ പ്രസംഗത്തിൽ

For Group Contact us +91 9746065242

mappilaheritagelibrary.com

മുസ്‌ലിം പ്രശ്നം നിലനിൽക്കുന്നുവെന്നു സമ്മതിച്ചു. അദ്ദേഹം തുടർന്നു, 'കോൺഗ്രസിന് കാര്യങ്ങൾ ചെയ്യാനാവുമെന്ന് എല്ലാ ബ്രിട്ടീഷ് മന്ത്രിമാരെയും പൊതുജനങ്ങളെയും ബോധ്യപ്പെടുത്താൻ എനിക്ക് കഴിയും. ഒരു വർഗ്ഗീയ ഛായയുമില്ലാത്ത അഖിലേന്ത്യാടി സ്ഥാനമുള്ള ഒരേ ഒരു കക്ഷി കോൺഗ്രസ്സാണ്. ഞാൻ പറയുന്നത് വിശ്വസിക്കൂ. മുസൽമാൻ പ്രശ്നം നിലവിലുണ്ട്. മാത്രമല്ല ന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാതെ ഇന്ത്യക്ക് സ്വരാജ് ഇല്ല. ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിക്കില്ല. ഇന്ത്യയിലെ ന്യൂനപക്ഷങ്ങളെ സംബന്ധിച്ച പ്രശ്നങ്ങൾ പരിഹൃതമാവുന്ന ഒരു ദിവസം ഉണ്ടാവുമെന്നതിൽ സംശയമില്ല. സമുദായങ്ങളെ തമ്മിൽ വർഗ്ഗങ്ങളെ തമ്മിൽ അകറ്റുന്ന വിദേശ ഭരണം നിലനിൽക്കുന്ന കാലത്തോളം യഥാർത്ഥമായ പരിഹാരം, സമുദായങ്ങൾ തമ്മിലുള്ള സത്യസന്ധമായ സൗഹൃദം കൈവരിക്കില്ല...'

ജിന്നക്ക് മുസ്‌ലിം പ്രതിനിധികളിൽ ചിലരുടെ നിലപാടിൽ തന്നെ പ്രതിഷേധമുണ്ടായിരുന്നു. പഞ്ചാബിലും ബംഗാളിലും മുസ്‌ലിം ഭൂരിപക്ഷമുണ്ടെങ്കിലും നിയമസഭകളിൽ ഭൂരിപക്ഷം നേടാനാവുമോ എന്ന കാര്യത്തിൽ അദ്ദേഹം സംശയാലുവായിരുന്നു. ആഗാഖാൻ ജിന്നക്കെഴുതിയ കത്തിൽ 'മുസ്‌ലിം വനിതകൾ പർദ്ദ ധരിക്കുന്നവരാകയാൽ വോട്ടുചെയ്യാൻ അവർ പോളിങ്ങ്ബൂത്തിൽ വരുമെന്ന് എന്താണുറപ്പ്?' എന്ന് അദ്ദേഹം ചോദിച്ചു.

രണ്ടാം വട്ടമേശസമ്മേളനവവും പരാജയപ്പെട്ടു. പ്രധാനമന്ത്രി റാം ഡൊറ്റിക് ഡൊണാൾഡിന്റെ ഉപസംഹാര പ്രസംഗം കഴിഞ്ഞപ്പോൾ സിന്ധ് നേതാവും സുൽഫിക്കൽ അലി ഭൂട്ടോയുടെ പിതാവുമായ സർ ഷാനവാസ് ഭൂട്ടോ പറഞ്ഞു: 'പറയത്തക്ക ഫലമുണ്ടാക്കാനാവാതെ സമ്മേളനം സമാപിച്ചു.'

മൂന്നാമത്തെ വട്ടമേശസമ്മേളനത്തിനു ജിന്ന ക്ഷണിക്കപ്പെട്ടില്ല. അതിൽ ഗാന്ധിജിയോ നെഹ്റുവോ ഉണ്ടായിരുന്നില്ല. (നെഹ്റുവും കോൺഗ്രസ്സ് നേതാക്കൻമാരും ജയിലിലായിരുന്നു) സർ മുഹമ്മദ് ഷാഫിയുടെ പുത്രി ബീഗം ഷാനവാസ്, സുപ്രു, ആഗാഖാൻ, ജയക്കർ, സർ സഫറുല്ലാഖാൻ, എസ്.എ. പാട്രോ തുടങ്ങിയവർ പങ്കെടുത്തു. ഹർഹഞ്ച് പ്രഭു, ഇർവ്വിൻ പ്രഭു, ആറ്റ്ലി, കാന്റർബറി ആർച്ച് ബിഷപ്പ് എന്നിവർ കൂടി

For Group Contact us +91 9746065242

mappilaheritagelibrary.com

പങ്കെടുത്തിരുന്നു. ഈ സമ്മേളനത്തിന്റെ തീരുമാനമെന്ന നിലയിൽ ബ്രിട്ടീഷ് ഗവൺമെന്റിന്റെ 'സാമുദായിക തീരുമാനം' ഒരു ബില്ലിന്റെ രൂപത്തിൽ ബ്രിട്ടീഷ് പാർലമെന്റിൽ അവതരിപ്പിക്കപ്പെട്ടു. പഞ്ചാബ് നിയമസഭയിൽ മുസ്‌ലിംകൾക്ക് 51 ശതമാനം പ്രാതിനിധ്യം വ്യവസ്ഥ ചെയ്യപ്പെട്ടു. ബംഗാളിൽ ബാലൻസ് ഒപ്പിക്കാൻ യൂറോപ്യൻ താൽപര്യങ്ങളുടെ പ്രതിനിധികളുമുണ്ടായിരിക്കും. ഹിന്ദു ഭൂരിപക്ഷമുള്ള സംസ്ഥാനങ്ങളിൽ മുസ്‌ലിംകൾക്ക് പ്രത്യേക നിയോജകമണ്ഡലങ്ങളും കേന്ദ്രത്തിൽ മൂന്നിലൊന്ന് പ്രാതിനിധ്യവും ഉറപ്പുവരുത്തും. ഒറീസ്സയും സിന്ധും പ്രത്യേക സംസ്ഥാനങ്ങളായിരിക്കും.

ലണ്ടനിലെ ജീവിതകാലം ജിന്നക്ക് ഏതാണ്ട് ഒരു രാഷ്ട്രീയ വിപ്രവാസമായിരുന്നു. എന്നാൽ ഏറെക്കാലം അദ്ദേഹത്തിനത് തുടരാനായില്ല. 1933 ജൂലായിൽ ഒരു വൈകുന്നേരം നവാബ് സാദാലിയാഖത്തലിഖാൻ പത്നീസമേതം ജിന്നാ സാഹിബിന്റെ വാസസ്ഥലമായ ഹാംപ്സ്റ്റഡിലെ വെസ്റ്റ് ഹീത്ത് ഹൗസിലെത്തി. ഉത്തർപ്രദേശിലെ ഒരു നവാബ് കുടുംബത്തിൽ 1896-ൽ ജനിച്ച ലിയാഖത്തലി ജിന്നയേക്കാളും 20 വയസ്സിനു താഴെയാണ്. ഇംഗ്ലണ്ടിലെ ഓക്സ്ഫോർഡ് സർവ്വകലാശാലയിൽ പഠിച്ച് ടെംപിൾസ് ഇന്നിൽ നിന്നു ബാർ അറ്റ് ലോ പാസായ ലിയാഖത്തലിഖാൻ സാധാരണ ജനങ്ങൾക്ക് പ്രിയപ്പെട്ടവനായിരുന്നു. യു.പി. ലെജിസ്ലേറ്റീവ് കൗൺസിൽ അംഗവും ഭരണനിപുണനുമായിരുന്ന ലിയാഖത്തലി ജിന്നയെ അതിരറ്റ് ആദരിക്കുന്ന മുസ്‌ലിം നേതാവായിരുന്നു. അദ്ദേഹം ഇംഗ്ലണ്ടിലെത്തിയപ്പോൾ തന്റെ നേതാവിനെ കാണാനാണ് ഹംപ്സ്റ്റഡ് ഹീത്തിലേക്ക് പോയത്.

മുഹമ്മദലി ജിന്നയും ലിയാഖത്തലിഖാനും തമ്മിലുള്ള സൗഹൃദവും 1933 ജൂലായിലെ അവരുടെ സമാഗമവും ബീഗം ലിഖത്തലിഖാൻ അനുസ്മരിച്ചത് ബോളിതോ ഇങ്ങിനെ രേഖപ്പെടുത്തുന്നു.:

1928 തൊട്ട് അവരിരുവരും പരസ്പരം അറിയുമായിരുന്നു. - ജിന്ന അപമാനിക്കപ്പെട്ട കൽക്കത്ത സമ്മേളനം മുതൽ ഒരു മുസ്‌ലിം നേതാവായി സ്വീകരിക്കപ്പെടാത്തതിൽ അദ്ദേഹം കരഞ്ഞുപോയ കാര്യം നിങ്ങൾ ഓർമ്മിക്കുന്നുണ്ടാവും. അന്ന്

For Group Contact us +91 9746065242

mappilaheritagelibrary.com

അദ്ദേഹത്തിന്റെ കൂടെ ഉറച്ചുനിന്ന ഒരാൾ ലിയാഖത്തായിരുന്നു. അദ്ദേഹം ജിന്നയെ ആദരിച്ചു. അത്ര തന്നെ, അന്ത്യം വരെ അദ്ദേഹത്തെ വിശ്വസിക്കുകയും ചെയ്തു.

ഞങ്ങൾ 1933 ആദ്യം വിവാഹിതരായി മധുവിധു ആഘോഷിക്കാൻ യൂറോപ്പിൽ പോകാൻ തീരുമാനിച്ചു. ആ കാലത്തെ ഇന്ത്യയിലെ മുസ്‌ലിം രാഷ്ട്രീയത്തെ കുറിച്ചൊന്ന് ഓർത്തുനോക്കൂ. മുസ്‌ലിംലീഗ് അന്ന് നാണംകെട്ട അവസ്ഥയിലായിരുന്നു. ഫണ്ടുകൾ ദുർവിനിയോഗം ചെയ്യപ്പെട്ടു. ലീഗിന് അന്ന് അന്തസ്സോ, അധികാരമോ ഒന്നും ഉണ്ടായിരുന്നില്ല. അത്രമാത്രം വഷളായിരുന്നു. നന്നാക്കിയെടുക്കാൻ പോലും പറ്റാത്ത അത്രയും വഷളായിരിക്കുന്നു. ലീഗിനെയും മുസ്‌ലിംകളെയും രക്ഷിക്കാൻ കഴിവുള്ള ഒരേ ഒരാൾ ജിന്ന മാത്രമാണെന്ന് ലിയാഖത്ത് വിശ്വസിച്ചു. എന്നാൽ ജിന്നയാണെങ്കിൽ ഇംഗ്ലണ്ടിലും. തന്റെ ജനങ്ങളോടു മനസ്സുമടുത്ത ജിന്ന ഒരിക്കലും തിരിച്ചുവരികയില്ലെന്നു അന്ന് വിശ്വസിക്കപ്പെട്ടിരുന്നു.

'ലിയാഖത്തും ഞാനും ലണ്ടനിലെത്തി. ഒരു സ്വീകരണത്തിൽ വെച്ചു ഞങ്ങൾ ജിന്നയെ കണ്ടു. ഉടൻ ലിയാഖത്ത് ഇന്ത്യയിലേക്ക് തിരിച്ചുവരാൻ ജിന്നയോട് അഭ്യർത്ഥിച്ചു. ജിന്നയുടെ പ്രതികരണം ഞാനിപ്പോഴും ഓർക്കുന്നു. 'വിലക്ക് വാങ്ങാൻ കഴിയുന്ന ഒരാളെയാണ് അവർക്കാവശ്യം'. എന്റെ ഭർത്താവ് വളരെ ഇഷ്ടപ്പെട്ട ഒരു വാചകമാണത്. അത് സത്യവുമായിരുന്നു. ജിന്ന വിലക്ക് വാങ്ങാൻ കഴിയാത്ത ഒരാളായിരുന്നു. ലിയാഖത്ത് പറഞ്ഞതെല്ലാം അദ്ദേഹം കേട്ടു. ജിന്ന ആദ്യം മറുപടിയൊന്നും പറഞ്ഞില്ല. ഇംഗ്ലണ്ടിലെ തന്റെ ജീവിതത്തെപ്പറ്റിയും ഹാംസ്റ്റഡിലുള്ള സംതൃപ്തിയെ സംബന്ധിച്ചും അദ്ദേഹം സംസാരിച്ചു. എന്നാൽ ലിയാഖത്താകട്ടെ അങ്ങിനെ വിട്ടുകൊടുക്കുന്ന ആളായിരുന്നില്ല. അദ്ദേഹം ജിന്നയോടു പറഞ്ഞു. 'അങ്ങ് വരണം ജനങ്ങൾക്ക് അങ്ങയെ ആവശ്യമുണ്ട്. അങ്ങക്ക് മാത്രമേ ലീഗിന് ഒരു പുതുജീവൻ നൽകാനും അതിനെ രക്ഷിക്കാനും കഴിയൂ...'

ജിന്ന പ്രതിവചിച്ചു. 'ശരി, വെള്ളിയാഴ്ച്ച ഡിന്നറിനു വരൂ'

'അങ്ങിനെ ഞങ്ങൾ ഹാംസ്റ്റഡിലെക്ക് കാറോടിച്ചുപോയി. സുന്ദരമായ സായാഹ്നമായിരുന്നു അത്. അദ്ദേഹത്തിന്റെ ആ വലിയ

For Group Contact us +91 9746065242

mappilaheritagelibrary.com

വീട് അവിടെ മുഴുവൻ ആപ്പിൾ മരങ്ങളായിരുന്നുവെന്ന് ഞാനോർക്കുന്നു. മിസ്സ് ജിന്ന അദ്ദേഹത്തിന്റെ എല്ലാവിധ സൗകര്യങ്ങൾക്കും പ്രത്യേകം ശ്രദ്ധവെക്കുന്നു. ആ സുരക്ഷിതത്വത്തിൽ നിന്ന് അദ്ദേഹത്തെ ഒന്നിനും ഇളക്കിവിടാനാ വില്ലെന്നും ഞാൻ കരുതി.

'ഡിന്നറിന് ശേഷം ലിയാഖത്ത് വീണ്ടും തന്റെ അപേക്ഷ തുടർന്നു. മുസ്ലിംകൾക്ക് അങ്ങയെ ആവശ്യമുണ്ട്. അവർക്കങ്ങയെ വേണം.

ഞാൻ വളരെക്കാലം ജിന്നയെ വ്യക്തിപൂജ ചെയ്യുന്ന ഒരാളാണ്. ഞാൻ ഇടക്ക് പറഞ്ഞു: 'അങ്ങക്ക് വേണ്ടി പ്രവർത്തിക്കാൻ ഞാൻ സ്ത്രീകളെ സംഘടിപ്പിക്കാം. അവരെ ഞാൻ വീണ്ടും രംഗത്തിറക്കാം' അദ്ദേഹം എന്നെ നോക്കി പുഞ്ചിരിതൂകി പറഞ്ഞു. 'നിങ്ങൾ ചെറുപ്പക്കാരിയാണ്, നിങ്ങൾക്ക് സ്ത്രീകളെ അറിഞ്ഞുകൂടാ; നിങ്ങൾക്ക് ലോകം അറിഞ്ഞുകൂടാ'. എന്നാൽ അദ്ദേഹം ലിയാഖത്ത് പറയുന്നത് സശ്രദ്ധം ശ്രവിച്ചു. അവസാനം അദ്ദേഹം ലിയാഖത്തിനോട് പറഞ്ഞു; 'താങ്കൾ തിരിച്ചുപോയി സ്ഥിതിവിശേഷങ്ങൾ മനസ്സിലാക്കുക; രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളും പരിശോധിക്കുക. താങ്കളുടെ വിധി ഞാൻ വിശ്വസിക്കുന്നു. 'താങ്കൾ മടങ്ങിവരൂ' എന്നു പറഞ്ഞാൽ ഞാനിവിടെ എന്റെ ജീവിതം മതിയാക്കി മടങ്ങിവരും.'

ഞങ്ങൾ തിരിച്ചുപോരുമ്പോൾ ലിയാഖത്ത് സന്തുഷ്ടനായിരുന്നു. ഞങ്ങൾ തിരിച്ചു കപ്പൽ കയറി. ഇന്ത്യയിലേക്ക് - കുറേ മാസങ്ങളോളം എന്റെ ഭർത്താവ് ഓരോ ദിവസവും യാത്ര ചെയ്യാനും കാര്യങ്ങൾ അന്വേഷിക്കാനുമുള്ള ജോലിയിൽ വ്യാപൃതനായി. എല്ലാ കാര്യങ്ങളിലും മുഴുകിച്ചെന്നു ശരിക്കും മനസ്സിലാക്കുന്ന ഒരാളായിരുന്നു ലിയാഖത്ത് എന്ന് എനിക്കറിയാം. തന്റെ തെളിവുകൾ അദ്ദേഹം വാരിക്കൂട്ടി - നൂറുകണക്കായ ആളുകളുമായി അദ്ദേഹം സംസാരിച്ചു. എന്നിട്ട് സ്വയം ബോദ്ധ്യമായപ്പോൾ അദ്ദേഹം ജിന്നക്ക് എഴുതി. -'വരൂ'

ജിന്ന തീരുമാനമെടുത്തു. തന്റെ പ്രാക്ടീസ് തൽക്കാലം അവസാനിപ്പിച്ചു. തന്റെ മനോഹരമായ വസതി വിൽക്കാൻ ഏർപ്പാടു ചെയ്തു - ഇന്ത്യയിലേക്ക് തിരിച്ചുപോകാൻ തയ്യാറെടുത്തു.

അഭിഭാഷക സുഹൃത്തുക്കളോട് യാത്രപറഞ്ഞപ്പോൾ

For Group Contact us +91 9746065242

mappilaheritagelibrary.com

ജിന്നയുടെ ചേംബറിൽ ഉപയോഗിച്ച മനോഹരമായ ഫർണ്ണിച്ചറിൽ കണ്ണുവെച്ച ഒരു അഭിഭാഷക സുഹൃത്ത് താനത് വാങ്ങാനുദ്ദേശിക്കുന്നതായി പറഞ്ഞു. ജിന്ന പ്രതികരിച്ചു: 'ഓഹോ, അത് നിങ്ങളെടുത്തുകൊള്ളൂ. ഇതിലൊന്നും എനിക്ക് അത്ര പ്രതിപത്തിയില്ല. ഞാൻ ഇന്ത്യയിലേക്ക് പോകുന്നത് മഹത്തായ ഒരു ദൗത്യവുമായിട്ടാണ്.'

1934-ൽ ജിന്നാ സാഹിബ് ഇന്ത്യയിൽ തിരിച്ചെത്തുമ്പോൾ മുസ്‌ലിംകളുടെയും മുസ്‌ലിംലീഗിന്റെയും സ്ഥിതി പരമദയനീയമായിരുന്നു.' ഒരു നേതാവില്ലാത്ത ജനത; മുസ്‌ലിംകൾ പരസ്പരം ഭിന്നിച്ചും കലഹിച്ചും കഴിഞ്ഞിരുന്ന കാലം. മൗലാനാ മുഹമ്മദലിയുടെ വിയോഗം വലിയ ശൂന്യത സൃഷ്ടിച്ചിരുന്നു. (ഒന്നാം വട്ടമേശ സമ്മേളനത്തിനു പോയ മൗലാനാ പിന്നെ തിരിച്ചു വന്നില്ല. അദ്ദേഹത്തിന്റെ മൃതദേഹം ബൈത്തുൽ മുഖദ്ദസിലെ (ജറുസലേമിൽ) ഖബറിടത്തിൽ മറമാടപ്പെട്ടു)

ഡോ. അൻസാരി കോൺഗ്രസ്സിൽ; ലീഗും മുസ്‌ലിം കോൺഫറൻസുമായി മുസ്‌ലിംകൾ രാഷ്ട്രീയമായി സംഘം പിരിഞ്ഞിരിക്കുന്നു. മുസ്‌ലിംലീഗിൽ അന്തഃഛിദ്രവും ഗ്രൂപ്പുവഴക്കും, ലീഗിന്റെ ആക്ടിംഗ് പ്രസിഡന്റായിരുന്ന പെഷവാറിലെ ബാരിസ്റ്റർ മിയാൻ അബ്ദുൽ അസീസ് തന്റെ ആൾക്കാരൊഴികെ മറ്റെല്ലാവരെയും പുറത്താക്കി ലീഗ് സ്വന്തമാക്കി. കുറച്ചു കഴിഞ്ഞപ്പോൾ ഖാൻ ബഹദൂർ ഹാഫിസ് ഹിദായത്ത് ഹുസൈൻ അസീസ് ഗ്രൂപ്പിനെ റബലുകളാക്കി യഥാർത്ഥ ലീഗ് തന്റേതാണെന്ന് അവകാശപ്പെട്ടു. ഹിദായത്ത് വട്ടമേശസമ്മേളനത്തിൽ പങ്കെടുത്ത പ്രതിനിധിയും ലണ്ടനിൽ വെച്ചു ജിന്നാ സാഹിബുമായി ബന്ധപ്പെട്ട വ്യക്തിയുമായിരുന്നു. രാജ്യത്തുടനീളം സാമുദായിക കലാപം നടക്കുന്നു. ബ്രിട്ടീഷ് ഗവൺമെന്റ് 'സാമുദായിക അവാർഡ്' പ്രഖ്യാപിച്ചിരിക്കുന്നു. ഓരോ മുസ്‌ലിം നേതാവും സ്വന്തം നേതാവായി ചമഞ്ഞു പാവപ്പെട്ട മുസ്‌ലിമിന്റെ പ്രശ്നങ്ങളിലൊന്നും ശ്രദ്ധിക്കാതെ തോന്നിയതുപോലെ പ്രവർത്തിക്കുന്ന കാലഘട്ടം.

ഇന്ത്യയിലേക്കു തിരിച്ചുവന്നെങ്കിലും ഈ കുഴപ്പങ്ങളിൽ ചെന്നുകുടുങ്ങാൻ ജിന്ന ഒരുക്കമില്ലായിരുന്നു. നേതൃത്വം ലഭിക്കണമെന്ന മോഹത്താൽ ഏതു നിലക്കും താഴ്ന്നുകൊടുക്കാൻ അദ്ദേഹം തയ്യാറായിരുന്നില്ല.

മുസ്‌ലിംലീഗിന്റെ അണികളിൽ ഐക്യമുണ്ടാക്കേണ്ടതിന്റെ

For Group Contact us +91 9746065242

mappilaheritagelibrary.com

പ്രാധാന്യം മനസ്സിലാക്കിയ ആഗാഖാൻ അക്കാര്യം ജിന്നയുമായി ചർച്ചചെയ്തു. ലീഗിന്റെ അണികളിൽ ഐക്യമുണ്ടാക്കാനും ആഗാഖാനും ജിന്നയുമായി ചർച്ച ചെയ്യാൻ ലീഗ് കൗൺസിൽ നേരത്തെ തീരുമാനിക്കുകയും ചെയ്തിരുന്നു. ജിന്ന നേതൃത്വമേറ്റെടുക്കുകയാണെങ്കിൽ തന്റെ ഗ്രൂപ്പിനെ മറ്റെ ഗ്രൂപ്പുമായി ചേർക്കാൻ ഒരുക്കമാണെന്ന് മിയാൻ അബ്ദുൽ അസീസ് അറിയിച്ചു. പക്ഷേ ഹിദായത്ത് ഗ്രൂപ്പ് അതിനൊരുക്കമല്ലായിരുന്നു. എന്നാൽ ജിന്നക്ക് വേണ്ടി പ്രസിഡന്റ് സ്ഥാനം ഒഴിയാനും ഓണററി സെക്രട്ടറി സ്ഥാനംകൊണ്ട് തൃപ്തിപ്പെടാനും ഹിദായത്ത് നിർബന്ധിതനായി. 1934 മാർച്ചിൽ ചേർന്ന ലീഗ് കൗൺസിൽ യോഗം ലീഗിന്റെ വാർഷികം ചേരുന്ന കാര്യം തീരുമാനിക്കാൻ ജിന്നയെ അധികാരപ്പെടുത്തി. ഏപ്രിൽ 23-ന് തനിക്ക് ലണ്ടനിലേക്ക് പോകാനുള്ളതിനാൽ വാർഷികം ഏപ്രിൽ ഒന്ന്, രണ്ട് തീയതികളിൽ ഡൽഹിയിൽ ചേരാൻ അദ്ദേഹം സന്നദ്ധത പ്രകടിപ്പിച്ചു. അങ്ങിനെ ലീഗിന്റെ നാൽപതിലധികം വരുന്ന കൗൺസിലർമാർ മുഹമ്മദലി ജിന്നക്ക് ന്യൂഡൽഹിയിൽ വീണ്ടും ആവേശകരമായ വരവേൽപ്പ് നൽകി. പത്രക്കാർക്ക് അനുമതി നിഷേധിക്കപ്പെട്ടു. ആ യോഗത്തിനുശേഷം ജിന്ന ഒരു അഭിമുഖസംഭാഷണം അനുവദിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞു ''മുസ്‌ലിംലീഗ് ഭദ്രവും ശക്തവുമാണ്, ഇന്ത്യയുടെ ഉത്തമ താൽപര്യങ്ങൾക്കായി സേവനമർപ്പിക്കുന്നതിൽ മുസ്‌ലിം സമുദായം മറ്റൊരു സമുദായത്തിന്റെയും പിന്നിലായിരിക്കില്ല. ഹിന്ദുക്കളും മുസ്‌ലിംകളും പരിപൂർണ്ണമായ സൗഹാർദ്ദവും സഹകരണവും ഉണ്ടാക്കിത്തീർക്കുന്നതിലുപരി മറ്റൊന്നും എന്നെ സന്തുഷ്ടനാക്കുകയില്ല. ഈ അഭിലാഷ സാക്ഷാൽക്കരണത്തിൽ മുസൽമാൻമാരുടെ കൂട്ടായ പിന്തുണ എനിക്കുണ്ടെന്ന് ഞാൻ മനസ്സിലാക്കുന്നു. മുസ്‌ലിംകൾ ദേശീയ സ്വയംഭരണ ഗവൺമെന്റുണ്ടാക്കണമെന്ന കാര്യത്തിൽ മറ്റാരുടെയും പിറകിലല്ല. പ്രശ്നത്തിന്റെ കാതൽ, ഭാവി ഭരണഘടനയിൽ മുസ്‌ലിംകൾക്ക് അവർ പ്രധാനമായി കരുതുന്ന അവകാശസംരക്ഷണം പൂർണ്ണമായും ഉറപ്പുനൽകുന്ന വ്യവസ്ഥകൾ ഉണ്ടാവുമോ എന്നത് മാത്രമാണ്.

ജിന്ന ലണ്ടനിലായിരിക്കേ 1934 ഒക്ടോബറിൽ ബോംബെ മുസ്‌ലിം സീറ്റിൽ നിന്ന് അദ്ദേഹത്തെ സെൻട്രൽ ലെജിസ്ലേറ്റീവ്

For Group Contact us +91 9746065242

mappilaheritagelibrary.com

അസംബ്ലിയിലേക്ക് എതിർപ്പില്ലാതെ തിരഞ്ഞെടുക്കുകയുണ്ടായി. ജിന്നയുടെ സമ്മതം വാങ്ങാതെയാണ് അദ്ദേഹത്തിന്റെ പേര് നിർദ്ദേശിക്കപ്പെട്ടത്. ഒരു സ്വതന്ത്രാംഗമായ ജിന്നക്ക് ആരും എതിരുണ്ടായിരുന്നില്ല.

ന്യൂഡൽഹിയിലെ കേന്ദ്ര ലെജിസ്ലേറ്റീവ് അസംബ്ലിയിൽ 1935 ഫെബ്രുവരിയിൽ ജിന്ന ഒരു പ്രസംഗം ചെയ്തു. ബ്രിട്ടീഷ് ഗവൺമെന്റ് നൽകിയ 'കമ്മ്യൂണൽ അവാർഡ് ഉൾക്കൊള്ളുന്ന ധവളപത്രത്തിലെ ചില വ്യവസ്ഥകൾ എടുത്തുകളയാനുള്ള ഭേദഗതികളുന്നയിച്ചുകൊണ്ടാണ് ജിന്ന പ്രസംഗിച്ചത്.

മൂന്ന് ഭാഗങ്ങളായിരുന്നു ജിന്നയുടെ ഭേദഗതി. ഒന്ന്, ബന്ധപ്പെട്ട സമുദായങ്ങൾ മറ്റൊരു അവാർഡ് സ്വീകരിക്കുന്നതുവരെ നിർദ്ദിഷ്ടമായ കമ്മ്യൂണൽ അവാർഡ് സ്വീകരിക്കുക. രണ്ട്, സംസ്ഥാന നിയമനിർമ്മാണസഭകൾക്കു ഉപരിസഭകൾ വേണ്ടെന്നുവെക്കുക. മൂന്ന്, പോലീസ് ചട്ടങ്ങൾ, രഹസ്യാന്വേഷണ വിഭാഗം, തുടങ്ങിയവയിൽ സംസ്ഥാന ഗവർണ്ണർമാർക്ക് നൽകിയ അസാധാരണാധികാരങ്ങൾ എടുത്തുകളയുക. കേന്ദ്രത്തിനെതിരായി നിർദ്ദേശിക്കപ്പെട്ട ഫെഡറൽ പദ്ധതി അടിസ്ഥാനപരമായി കൊള്ളരുതാത്തതും അസ്വീകാര്യവുമായതിനാൽ തള്ളുക എന്നിങ്ങനെയായിരുന്നു. കോൺഗ്രസ്സ് നേതാവായ ബുലഭായി ഭേദഗതിയെ എതിർത്തു. എന്നാൽ കമ്യൂണൽ അവാർഡ് സ്വീകരിക്കുക എന്ന ഭേദഗതി എതിർക്കാൻ കഴിയാത്തതിനാലും കോൺഗ്രസ്സ് വോട്ടെടുപ്പിൽ നിന്ന് മാറിനിന്നു. ജിന്ന തന്റെ ഭേദഗതികൾ അവതരിപ്പിച്ചുകൊണ്ട് പറഞ്ഞു.

'സർ, ഇത് ന്യൂനപക്ഷങ്ങളെ ബാധിക്കുന്ന ഒരു പ്രശ്നമാണ്. അതുകൊണ്ടു തന്നെ അതൊരു രാഷ്ട്രീയ പ്രശ്നവുമാണ്... ന്യൂനപക്ഷമെന്നാൽ ഒരുകൂട്ടം കാര്യങ്ങളുടെ സങ്കൽപ്പിത രൂപമാണ്. ഒരു ന്യൂനപക്ഷത്തിന്റെ മതം രാജ്യത്തുള്ള മറ്റു പൗരൻമാരുടെ മതത്തിൽ നിന്നു വ്യത്യസ്തമായിരിക്കാം; ഈ എല്ലാ കാര്യങ്ങളും മതം, സംസ്കാരം, വംശം, ഭാഷ, കല, സംഗീതം അങ്ങിനെ എല്ലാംകൂടി ചേർന്ന സങ്കലിതസ്വഭാവം ന്യൂനപക്ഷത്തെ രാജ്യത്തെ പ്രത്യേക വ്യക്തിത്വത്തോടു കൂടിയ വിഭാഗമാക്കിത്തീർത്തിരിക്കുന്നു. ഈ പ്രത്യേക വ്യക്തിത്വം പരിരക്ഷിക്കുകയെന്നതാണ് ന്യൂനപക്ഷത്തിന്റെ ആവശ്യം. അതുകൊണ്ട് ഇതൊരു

For Group Contact us +91 9746065242

mappilaheritagelibrary.com

രാഷ്ട്രീയപ്രശ്നമായി നാം കാണണം. നാം ഈ പ്രശ്നം പരിഹരിക്കുകയാണ് വേണ്ടത്, അല്ലാതെ അവഗണിക്കുകയല്ല.

ന്യൂനപക്ഷമെന്നതിനെപ്പറ്റി പലർക്കുമുള്ള സങ്കൽപവും ജിന്നാസാഹിബിന്റെ നിർവ്വചനവും എങ്ങനെയാണെന്നും ഉപരിസൂചിതമായ പ്രസംഗത്തിൽ നിന്നു മനസ്സിലാവുന്നതാണ്.

ജിന്നയുടെ വാദമുഖങ്ങൾ കേന്ദ്ര നിയമനിർമ്മാണ സഭാംഗങ്ങളുടെ മനസ്സിൽ തുളച്ചുകയറി. ഭേദഗതിയുടെ ആദ്യത്തെ ഭാഗം വോട്ടിനിട്ടപ്പോൾ ഔദ്യോഗിക വിഭാഗവും നോമിനേറ്റു ചെയ്യപ്പെട്ട യൂറോപ്യൻ അംഗങ്ങളും ജിന്നക്കനുകൂലമായി വോട്ടു ചെയ്തു. 15 നെതിരെ 65 വോട്ടുകൾക്കു ഭേദഗതി സ്വീകരിക്കപ്പെട്ടു. ഗവർണ്ണറുടെ അധികാരങ്ങൾ നിയന്ത്രിക്കാനുള്ള ജിന്നയുടെ ഭേദഗതിക്കനുകൂലമായി കോൺഗ്രസ്സും വോട്ടുചെയ്തു. കൂടുതൽ വോട്ടുനേടി അതും സ്വീകരിക്കപ്പെട്ടു.

തന്റെ ഭേദഗതികളുടെ വിജയം 'ഒരു കടലാസ്സ്' വിജയം മാത്രമാണെന്ന് ജിന്നക്കറിയാമായിരുന്നു. എന്നാൽ ബ്രിട്ടീഷ് പാർലമെന്റിന് കൊച്ചുന്യൂനപക്ഷത്തിനു നിയമനിർമ്മാണസഭകളിൽ ബാലൻസ് പിടിക്കാൻ കഴിയുന്ന ഈ പ്രതിഭാസം അവഗണിക്കാനാവില്ല എന്ന് അദ്ദേഹം മനസ്സിലാക്കി.

ജിന്ന അക്കാലത്ത് പ്രിവി കൗൺസിലിൽ കേസ് വാദിക്കാനായി ഇടക്കിടെ ഇംഗ്ലണ്ടിൽ പോയിരുന്നു. അദ്ദേഹം തന്റെ അറുപതാമത്തെ വയസ്സിൽ (1935 ഡിസംബർ അവസാനം) പ്രതിമാസം രണ്ടായിരം പവൻ (നാൽപതിനായിരം രൂപ) സമ്പാദിച്ചിരുന്നു എന്ന് അദ്ദേഹത്തിന്റെ ഒരു ജീവചരിത്രകാരൻ രേഖപ്പെടുത്തിയിട്ടുണ്ട്.

1935 ലെ ഇന്ത്യാ ഗവൺമെന്റ് നിയമം നടപ്പിൽവന്നു. അതനുസരിച്ച് നടക്കാനിരിക്കുന്ന പ്രവിശ്യാ തിരഞ്ഞെടുപ്പുകൾക്ക് ഒരുക്കമായി. മുസ്ലിംലീഗിന്റെ സ്ഥിതി അത്രയൊന്നും മെച്ചമായിരുന്നില്ല. ജിന്ന ഉടനെ ബോംബെയിലെത്തി. മുസ്ലിംലീഗിനെ പുനസംഘടിപ്പിക്കാൻ വഴിതേടി. ജിന്നയുടെ പൂർവ്വകാല അനുയായി എം.സി. ഛഗ്ളയോടു ലീഗിൽ ചേരാൻ അദ്ദേഹം അഭ്യർത്ഥിച്ചു. ലീഗിനു പകരം ഒരു മതേതര കക്ഷിയുമായി ചേർന്ന ജിന്ന തന്റെ പഴയകാല പ്രതാപം തിരിച്ചെടുക്കണമെന്നായിരുന്നു ഛഗ്ളയുടെ മറു നിർദ്ദേശം. ജിന്ന ഇത് സ്വീകരിച്ചില്ല.

For Group Contact us +91 9746065242

mappilaheritagelibrary.com

എന്നാൽ ഹിന്ദുക്കളും മുസ്‌ലിംകളും ഒത്തൊരുമിച്ചു മുന്നേറണമെന്ന തന്റെ അഭിപ്രായത്തിൽ ഒരു മാറ്റവുമുണ്ടായില്ല. ഇംഗ്ലണ്ടിൽ നിന്ന് ആദ്യം തിരിച്ചുവന്നപ്പോൾ അന്നു കോൺഗ്രസ്സ് പ്രസിഡന്റായിരുന്ന ഡോ. രാജേന്ദ്രപ്രസാദുമായി ജിന്ന നടത്തിയ 'ഹൃദയം തുറന്ന ചർച്ച' കൊണ്ടുപോലും സാമുദായികപ്രശ്നത്തിന് പരിഹാരം കാണാനായില്ല. ഹിന്ദുമഹാസഭയുടെ പ്രസിഡന്റും ഒരു കാലം കോൺഗ്രസ്സ് പ്രസിഡന്റുമായിരുന്ന പണ്ഡിറ്റ് മദൻമോഹൻ മാളവ്യ 'മുസ്‌ലിം ആവശ്യങ്ങൾ' തിരസ്കരിച്ചുവെന്നത് ജിന്നയുടെ മനസ്സിൽ അതേപടി അവശേഷിച്ചിരുന്നു. അതിനിടക്കാണ് 1936 ആദ്യം ലാഹോറിൽ അനിഷ്ടസംഭവമുണ്ടായത്.

ലാഹോറിൽ ശഹീദ്ഗഞ്ച് പള്ളിയിൽ നമസ്കാരത്തിനുള്ള അവകാശത്തെച്ചൊല്ലിയായിരുന്നു തർക്കം. അത് പരിഹാരമില്ലാതെ തുടർന്നു. മുസ്‌ലിംകളും സിക്കുകാരും, ലാഹോറിലെ തെരുവുകളിൽ സ്ഫോടനാത്മകമായ ആക്രമങ്ങളിൽ പങ്കെടുത്തു. നിരവധി പേർ മരിച്ചു. ഒരൊറ്റ മുസ്‌ലിം നേതാവും അങ്ങോട്ടു തിരിഞ്ഞുനോക്കിയില്ല.

ജിന്ന അവിടെ ഓടിയെത്തി. അദ്ദേഹം തന്റെ സഹോദരങ്ങളെ കണ്ടു; അവർ വികാരത്തിനടിമപ്പെടാതെ നിയമത്തിന്റെ മാർഗ്ഗം അവലംബിക്കാൻ അഭ്യർത്ഥിച്ചു. ജിന്നയുടെ അഭ്യർത്ഥനക്ക് മാസ്മരികമായ ഫലമുണ്ടായി. വ്യവസ്ഥാപിത മാർഗ്ഗങ്ങളിലൂടെ പ്രശ്നപരിഹാരത്തിനുള്ള ജിന്നയുടെ അഭ്യർത്ഥന മാനിച്ച് മുസ്‌ലിംകളും ഹിന്ദുക്കളും യോജിച്ചു.

തന്റെ ജനതയിലേക്ക് ഇറങ്ങിച്ചെല്ലാൻ ജിന്നയെ പ്രേരിപ്പിച്ചത് ലിയാഖത്തലിഖാനായിരുന്നു. അദ്ദേഹമാണ് ജിന്നയോട് ശഹീദ്ഗഞ്ച് പ്രശ്നത്തിലിടപെടാൻ ആവശ്യപ്പെട്ടത്. അന്നത്തെ പഞ്ചാബ് ഗവർണ്ണർ ജിന്ന നൽകിയ സേവനത്തെപ്പറ്റി ഇങ്ങിനെ രേഖപ്പെടുത്തിയിരിക്കുന്നു:

'സ്ഥിതിഗതികൾ വളരെ മെച്ചപ്പെടുത്തിയതിന് മി. ജിന്നയുടെ ശ്രമങ്ങൾക്ക് ഞാൻ അങ്ങേയറ്റം കടപ്പെട്ടവനാണ്. അദ്ദേഹം ചെയ്തതും ചെയ്തുകൊണ്ടിരിക്കുന്നതുമായ പ്രവർത്തനങ്ങൾക്കു എന്റെ അകമഴിഞ്ഞ അഭിവാദ്യങ്ങൾ അർപ്പിക്കാൻ ആഗ്രഹിക്കുന്നു. മുസ്‌ലിം ലോകം തികച്ചും നിയമവിധേയവും ഭരണഘടനാപരവുമാക്കി മാറ്റിയെടുക്കാനുള്ള

For Group Contact us +91 9746065242

mappilaheritagelibrary.com

മി. ജിന്നയുടെ ഒന്നാമത്തെ ശ്രമത്തിൽ അദ്ദേഹം വിജയിച്ചതു കൊണ്ട് പ്രശ്നപരിഹാരത്തിനാവശ്യമായ നടപടികൾ കൈക്കൊള്ളാൻ ഒരവസരം കാത്തിരുന്ന ഗവൺമെന്റിന് അത് സാധിച്ചു...'

പഞ്ചാബ് ശഹീദ്ഗഞ്ചിൽ ജിന്നക്കുണ്ടായ വിജയം ഇന്ത്യയിലെ മുസ്‌ലിംകളുടെ മനസ്സിൽ അദ്ദേഹത്തിന് പുതിയൊരു സ്ഥാനം നേടിക്കൊടുത്തു. എന്നാൽ മുസ്‌ലിംലീഗിനെ മാറ്റിയെടുക്കുകയെന്ന ഹെർക്കുലിയൻ സംരംഭം ജിന്നയെ തുറിച്ചുനോക്കി.

ബോംബെയിൽ 1936 ഏപ്രിലിൽ ചേർന്ന ലീഗ് കൗൺസിലിൽ ആസന്നമായ തിരഞ്ഞെടുപ്പിനെക്കുറിച്ചാണ് ചർച്ചചെയ്തത്. മുസ്‌ലിംലീഗിന്റെ സന്ദേശം ഗ്രാമങ്ങളിലല്ല നഗരങ്ങളിലും ചെന്നെത്തിക്കാൻ ഈ യോഗം തീരുമാനിച്ചു. എന്നാൽ അതിന്റെ നീക്കം ഒച്ചിന്റെ വേഗതയിലായിരുന്നു. പഴയകാലത്ത് അഖിലകക്ഷി സമ്മേളനം ചേർന്നപോലെ ഇന്ത്യയുടെ ഭാവി ഭരണഘടന തയ്യാറാക്കാൻ എല്ലാ വിഭാഗക്കാരുമായ പുരോഗമനശക്തികളുടെ യോഗം വിളിച്ചുകൂട്ടാൻ ലീഗും കോൺഗ്രസ്സും സംയുക്തമായി ക്ഷണം അയക്കണമെന്ന ഒരു പ്രമേയം യോഗം അംഗീകരിച്ചു. പഴയ 'ലഖ്നോ സന്ധി'യെ അനുസ്മരിപ്പിക്കുന്ന ഈ പ്രമേയം അവതരിപ്പിച്ചത് ജിന്നയായിരുന്നു.

ബോംബെ മുസ്‌ലിംലീഗ് സമ്മേളനം അംഗീകരിച്ച ജിന്നയുടെ പ്രമേയം വിലപ്പെട്ട രാഷ്ട്രീയ രേഖയാണ്. പ്രായപൂർത്തി വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ ഒരു ജനാധിപത്യ ഉത്തരവാദിത്വ ഭരണമുണ്ടാക്കുക. പ്രസംഗിക്കാനും പത്രങ്ങൾക്കുമുള്ള സ്വാതന്ത്ര്യത്തിനും എതിരായ കരിനിയമങ്ങൾ എടുത്തുകളയുക. കർഷകർക്കും വിദ്യാസമ്പന്നരായ തൊഴിലില്ലാത്തവർക്ക് തൊഴിൽ നൽകിയും മിനിമം കൂലി നിജപ്പെടുത്തിയും എട്ടുമണിക്കൂർ തൊഴിൽ മാത്രം അംഗീകരിച്ച് ആശ്വാസനടപികളെടുക്കുക. സൗജന്യ പ്രാഥമികവിദ്യാഭ്യാസം നിർബന്ധമാക്കുക തുടങ്ങിയ ആവശ്യങ്ങൾ ഈ പ്രമേയം ഉന്നയിച്ചു. ഇന്ത്യയുടെ ഭാവിഭരണത്തെ സംബന്ധിച്ച് ലീഗിന്റെ കാഴ്ചപ്പാട് ഇത് വ്യക്തമാക്കുന്നു.

ഇതേ യോഗത്തിൽ വെച്ചായിരുന്നു തിരഞ്ഞെടുപ്പ്

For Group Contact us +91 9746065242

mappilaheritagelibrary.com

പ്രവ്രത്തനങ്ങൾക്കായി ലീഗിനു ഒരുകേന്ദ്ര പാർലമെന്റ് ബോർഡും സംസ്ഥാനങ്ങളിൽ തിരഞ്ഞെടുപ്പ് കമ്മിറ്റികളും രൂപവൽക്കരിക്കാനുള്ള ഉത്തരവാദിത്വം ജിന്നയിൽ അർപ്പിക്കപ്പെട്ടത്.

കേന്ദ്ര പാർലിമെന്റ് ബോർഡിൽ നാട്ടിലുടനീളമുള്ള മുസ്ലിം പ്രാതിനിധ്യമുണ്ടായിക്കണമെന്ന് കരുതി ജിന്ന 54 പ്രമുഖ മുസ്ലിം രാഷ്ട്രീയ നേതാക്കളെ ഉൾപ്പെടുത്തി സാമാന്യം വലിയ ഒരു പാർലിമെന്ററി ബോർഡ് രൂപീകരിച്ചു. ജിന്ന വളരെയധികം ആശ്രയിച്ച ഒരു നേതാവ് അല്ലാമാ ഇഖ്ബാൽ ആയിരുന്നു. അന്ന് പഞ്ചാബിൽ ഇഖ്ബാൽ മുസ്ലിംകൾക്കിടയിൽ വളരെയേറെ സ്വാധീനശക്തിയുള്ള നേതാവായിരുന്നു. അന്നത്തെ ഐക്യസംസ്ഥാനമായറിയപ്പെട്ട ഇന്നത്തെ യു.പി.യിൽ നിന്ന് ലിയാഖത്തലിഖാൻ, ബംഗാളിൽ നിന്ന് എച്ച്.എസ്. സുഹ്റവർദി, ബോംബെ പ്രവിശ്യയിൽ നിന്ന് ഇസ്മായിൽ ചന്ദിഗർ എന്നിവർ ബോർഡിലുണ്ടായിരുന്നു.

മുസ്ലിംലീഗിന്റെ സംഘടനാപ്രവർത്തനങ്ങൾ ആദ്യകാലത്ത് നടന്നത് മഹ്മുദാബാദ് രാജാവിന്റെ സഹായത്തോടുകൂടിയാണ്. എന്നാൽ ജിന്ന തലപ്പത്തു വന്നപ്പോൾ ആ ഉത്തരവാദിത്വം ജിന്നയുടെ ഏറ്റവും അടുത്ത സുഹൃത്തും കൽക്കത്തയിലെ പ്രസിദ്ധമായ ഇസ്ഫഹാനി കമ്പനി ലിമിറ്റഡ് ഉടമയുമായ മിർസാ അബുൽ ഹസന്റെ ചുമതലയിലായി (ഇസ്ഫഹാനി ഇടക്കാല മന്ത്രിസഭയിലെ മുസ്ലിംലീഗ് അംഗങ്ങളിൽ ഒരാളായിരുന്നു).

ഒരിക്കൽ സമുദായസ്നേഹികളായ രാജാക്കൻമാരും നവാബുമാരും മാത്രമുണ്ടായിരുന്ന ലീഗിനെ മുഹമ്മദലി ജിന്ന ജനാധിപത്യ ബഹുജന സംഘടനയാക്കി മാറ്റാൻ തീരുമാനിച്ചു. 1906-ൽ മുസ്ലിംലീഗ് രൂപവൽക്കരിക്കപ്പെട്ട സാഹചര്യങ്ങളും അതിനു വിവിധ കാലഘട്ടങ്ങളിൽ വന്ന മാറ്റങ്ങളും മനസ്സിലാക്കിയാൽ മാത്രമേ ജിന്നയുടെ ശ്രമങ്ങൾ എത്രമാത്രം കഠിനവും പ്രശ്ന സങ്കീർണ്ണവുമായിരുന്നുവെന്നു മനസ്സിലാക്കാനാവൂ. അതുകൊണ്ടുതന്നെ ഇന്ത്യൻ മുസ്ലിംകളുടെ നവോത്ഥാനത്തിന്റെ കഥയിൽ അതിപ്രധാനമായ പങ്കുവഹിച്ച മുസ്ലിംലീഗിന്റെ ആരംഭത്തിലേക്കും അതിന്റെ കുതിപ്പും കിതപ്പും നിറഞ്ഞ ചരിത്രത്തിലേക്കും നമ്മുടെ അന്വേഷണം ചെന്നെത്തും.

For Group Contact us +91 9746065242

mappilaheritagelibrary.com

ഈ നൂറ്റാണ്ടിന്റെ തുടക്കത്തിൽ തന്നെ മുസ്‌ലിം സമുദായത്തിൽ നിരാശാബോധവും മ്ലാനതയും കനംതൂങ്ങി നിൽക്കുന്നുണ്ടായിരുന്നു.

മുസ്‌ലിംലീഗ് ഔപചാരികമായി രംഗത്ത് വരുന്നതിന് മുമ്പേ മുസ്‌ലിം സമുദായത്തിന്റെ സ്ഥിതി ഇതായിരുന്നു. കോൺഗ്രസ്സിന്റെ നയങ്ങളുമായി യോജിക്കാത്തവർ മാത്രമല്ല, സ്വന്തം സമുദായത്തിന്റെ ദുരവസ്ഥയിൽ മനക്ലേശമനുഭവിച്ച പലരും മുസ്‌ലിം സമുദായ പ്രവർത്തനരംഗത്തുണ്ടായിരുന്നു.

മുസ്‌ലിംലീഗിന്റെ സ്ഥാപനത്തെ സംബന്ധിച്ച് റാംഗോപാൽ 'ഇന്ത്യൻ മുസ്‌ലിംകൾ ഒരു രാഷ്ട്രീയ ചരിത്രം'(1958-1947) എന്ന ഗ്രന്ഥത്തിൽ ഇങ്ങിനെ രേഖപ്പെടുത്തുന്നു.

''1906 -ലെ വേനൽക്കാലം മുസ്‌ലിം സംഘടനയെപ്പറ്റി രാജ്യമാസകലമുള്ള ആശയത്തിന് രൂപം നൽകപ്പെട്ടു. അന്നത്തെ ഇന്ത്യാ ഗവൺമെന്റ് വേനൽകാല തലസ്ഥാനമായ സിംലയിലേക്കും യു.പി. ഗവൺമെന്റ് ഹിൽ സ്റ്റേഷനായ നൈനിറ്റാളിലേക്കു മാറി. രണ്ടു സ്ഥലങ്ങളിലും ഉദ്യോഗസ്ഥൻമാരുടെ ചർച്ചാവിഷയം മുസ്‌ലിംകളായിരുന്നു. കുന്നിൻ ചെരുവിന്ന് താഴെ സ്വകാര്യ ചർച്ചകളും നടന്നു. അലിഗർ സർവ്വകലാശാലയിൽ തയോഡർ മോറിസ്സന് ശേഷം പ്രിൻസിപ്പലായി വന്ന ആർച്ച്ബാൾസ് അത്തരം ചർച്ചകളിൽ മുഖ്യപങ്കാളിയായിരുന്നു. കോളേജ് വേനൽക്കാല മടച്ചപ്പോൾ ആർച്ച്ബാൾസ് സിംലയിലേക്ക് പോകുകയും അവിടെ നിന്ന് നവാബ് മുഹ്സിനുൽ മുൽക്കിന്ന് ഒരു കമ്പി സന്ദേശമയക്കുകയും ചെയ്തു. അത് ഇപ്രകാരമായിരുന്നു. ''

''മുസ്‌ലിംകളുടെ ഒരു പ്രതിനിധിസംഘത്തെ കാണാൻ വൈസ്രോയി സമ്മതിച്ചിരിക്കുന്നു. വൈസ്രോയിക്ക് സമർപ്പിക്കേണ്ട നിവേദനപത്രികയിൽ എല്ലാ പ്രവിശ്യകളിലേയും പ്രധാന മുസ്‌ലിം നേതാക്കൻമാർ ഒപ്പുവെച്ചിരിക്കണം. പുതിയ ഭരണസമ്പ്രദാ യത്തിനു കൃതജ്ഞത പ്രകടിപ്പിക്കുമ്പോൾ തന്നെ മുസ്‌ലിംകൾക്ക് തിരഞ്ഞെടുപ്പു സമ്പ്രദായമല്ല നോമിനേഷൻ സമ്പ്രദായമാണ് ഗുണകരമെന്ന് കൂടി പറയണം. ജമീന്താർമാരുടെ അഭിപ്രായങ്ങൾക്കും ആവശ്യമായ പരിഗണന നൽകണം. ഒരു പ്രസ്ഥാനമുണ്ടാ ക്കാനാണെങ്കിൽ സമയം കുറച്ചേയുള്ളൂ. അതുകൊണ്ട് ഉടൻ ശ്രമം നടത്തണം."

For Group Contact us +91 9746065242

mappilaheritagelibrary.com

''ഏതാണ്ട് ഇതുപോലെ ഒരു കത്ത് അലിഗറിലെ ഒരു ധനികനായ ഹാജി ഇസ്മയിൽ ഖാനിൽ നിന്നും ലഭിച്ചു. ലെജിസ്ലേറ്റീവ് കൗൺസിലുകൾ നിലവിൽവരാൻ പോകുന്ന ബ്രിട്ടീഷ് ഇന്ത്യയിലെ ഓരോ പ്രവിശ്യയിലേയും നാട്ടുരാജ്യത്തേയും ജനനം കൊണ്ടും സമ്പത്ത് കൊണ്ടും അധികാരം കൊണ്ടും ഉന്നതരായ 35 മുസ്ലിംകൾ ഹിമാലയച്ചെരുവിലെ സംലയിലെ വൈസ്രോയിയുടെ കൊട്ടാരത്തിലെ രാജകീയഹാളിൽ സമ്മേളിച്ചു. ഒരൊന്നാന്തരം കുതിരസവാരിക്കാരനും 'മി. റോളി' എന്ന അപര നാമത്തിലറിയപ്പെടുന്ന ദേഹവുമായ മിൻടോ പ്രഭു രാവിലെ കൃത്യം 11.00 മണിക്ക് ഹാളിൽ കടന്നു. ആഗാഖാൻ തന്റെ കൂട്ടുകാരെ വൈസ്രോയിക്ക് പരിചയപ്പെടുത്തിക്കൊടുത്തു. തുടർന്ന് വൈസ്രോയിയുടെ സെക്രട്ടറി മി. ഡൺലപ്പ് സ്മിത്തിന് നേരത്തെ അയച്ചുകൊടുത്തിരുന്ന വെള്ളക്കടലാസ്സിൽ അച്ചടിച്ച നിവേദനം മിൻടോ പ്രഭു ഉച്ചത്തിൽ വായിച്ചു."

ആ നിവേദനത്തിൽ ബ്രിട്ടീഷ് ഭരണകൂടത്തിന്റെ നീതിബോധത്തിലും നിഷ്പക്ഷതയിലും മുസ്ലിംകൾക്കുള്ള ഉറച്ച വിശ്വാസം പ്രകടിപ്പിച്ചിരുന്നു. വളരെ പ്രധാനപ്പെട്ട ആവശ്യങ്ങൾ നേടിയെടുക്കാൻ പോലും ഭരണകൂടത്തെ വിഷമിപ്പിക്കുന്ന മാർഗ്ഗങ്ങൾ അവലംബിക്കാൻ തങ്ങൾ ആഗ്രഹിക്കുന്നില്ലെന്ന് നിവേദനത്തിൽ വ്യക്തമാക്കി. എന്നാൽ മുസ്ലിം യുവജനങ്ങൾ, എത്രതന്നെ നിയന്ത്രിക്കാൻ ശ്രമിച്ചാലും പകുമായി മാർഗ്ഗനിർദ്ദേശം നൽകിയാലും അതെല്ലാം വിട്ടുപോകുന്ന സ്ഥിതിവിശേഷമുണ്ടെന്ന് ദയാപൂർവ്വം മനസ്സിലാക്കണമെന്നും ഉണർത്തിയിരുന്നു. തങ്ങളുടെ ദേശീയ താൽപര്യങ്ങൾ, ഭാവനാശൂന്യരായ ഭൂരിപക്ഷത്തിന്റെ ദയക്ക് വിധേയമായിപ്പോകാനിടയുള്ളതായും അവരിൽ ആശങ്ക പ്രകടിപ്പിക്കുകയുണ്ടായി.

ഖോജാ മുസ്ലിംകളുടെ ആത്മീയനേതാവായിരുന്ന സർ സുൽത്താൻ മുഹമ്മദ് ഷാ എന്ന ആഗാഖാനു അന്ന് 29 വയസ്സ് പ്രായമായിരുന്നു. നവാബ് മുഹസിനുൽമുൽക്ക് എന്ന അലിഗർ പ്രസ്ഥാന നേതാവ് നാലായിരം മുസ്ലിംകളുടെ ഒപ്പുകൾ വൈസ്രോയിക്ക് നൽകിയ നിവേദനത്തിനായി ശേഖരിച്ചിരുന്നു. ആഗാഖാന്റെ നിവേദനത്തിലുന്നയിച്ച പ്രധാന ആവശ്യങ്ങൾ ഇവയാണ്.

For Group Contact us +91 9746065242

mappilaheritagelibrary.com

1. ഗവൺമെന്റ് സർവ്വീസുകളിൽ മുസ്‌ലിംകൾക്ക് ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം നൽകുക.

2. സർവ്വീസിൽ തിരഞ്ഞെടുക്കപ്പെടുന്നതിന് മൽസരപ്പരീക്ഷകളിൽ നിന്ന് മുസ്‌ലിംകളെ ഒഴിവാക്കുക.

3. ഓരോ ഹൈക്കോടതിയിലും നാട്ടുരാജ്യങ്ങളിലെ ചീഫ് കോടതികളിലും മുസ്‌ലിംകളെ ജഡ്ജിമാരായി നിയമിക്കുക.

4. പഞ്ചാബിലെ നഗരസഭകളിലുള്ളത് പോലെ മുനിസിപ്പാലിറ്റികളിലും മുസ്‌ലിംകൾക്ക് പ്രത്യേകം അവരുടെ പ്രതിനിധികളെ അയക്കാൻ സാധിക്കുന്ന വ്യവസ്ഥയുണ്ടാക്കുക.

5. ലെജിസ്ലേറ്റീവ് കൗൺസിലുകളിലേക്ക് മുസ്‌ലിംകളുടെ ഭൂവുടമകൾ, അഭിഭാഷകർ, വർത്തകർ, സർവ്വകലാശാലാ ബിരുദധാരികൾ ഡിസ്ട്രിക്റ്റ് ബോർഡ് മുനിസിപ്പാലിറ്റി അംഗങ്ങൾ എന്നിവരിൽ നിന്ന് പ്രാതിനിധ്യം ലഭിക്കാൻ വ്യവസ്ഥകളുണ്ടാക്കുക.

നിവേദനത്തിനു മറുപടിയായി വൈസ്രോയി നീണ്ട പ്രസംഗം ചെയ്തു. നിവേദകസംഘത്തിന് ഹൃദ്യമായ സ്വാഗതവും അലിഗർ കോളേജിന്റെ പ്രവർത്തനങ്ങളിൽ അഭിനന്ദനവും വൈസ്രോയി പ്രകടിപ്പിച്ചു. നിവേദനത്തെ ശ്ലാഘിച്ച മിൻടോ പ്രഭു അവസാനം പറഞ്ഞു:

'ജനതക്ക് രൂപം നൽകുന്ന സമുദായങ്ങളുടെ വിശ്വാസവും പാരമ്പര്യവും കണക്കിലെടുക്കാതെ വ്യക്തിപരമായ വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിലുള്ള എല്ലാതരം തിരഞ്ഞെടുപ്പു പ്രാതിനിധ്യവും ദയനീയമായി പരാജയപ്പെടുകയേ ഉള്ളൂവെന്നും ഞാൻ ഉറച്ചു വിശ്വസിക്കുന്നു.'

ലിബറൽ കക്ഷിക്കാരനായ ഇന്ത്യാ കാര്യ സെക്രട്ടറി മോർളി പ്രഭു ലണ്ടനിൽ രൂപപ്പെടുന്ന പാർലമെന്ററി ജനാധിപത്യത്തോടു തനിക്കുള്ള രുചിക്കുറവ് യാഥാസ്ഥിതികനായ മിന്റോ പ്രഭു തുറന്നു പറഞ്ഞത് അങ്ങിനെയാണ്.

മുസ്‌ലിം പ്രതിനിധികൾ അന്ന് വൈസ്രോയിയെ കണ്ടു. ഇന്ത്യൻ മുസ്‌ലിംകളുടെ 'സംഘടിത സ്വരം' ആദ്യമായി ഉയർത്തിയ സംഭവത്തെപ്പറ്റി പല ആക്ഷേപാഭിപ്രായങ്ങളും പൊന്തിവന്നു. അന്നത്തെ ബ്രിട്ടീഷ് ഭരണതലസ്ഥാനമായ കൽക്കത്തയിലെ 'അമൃത് ബസാർ പത്രിക' ഈ കൂടിക്കാഴ്ച ഒരു തരം 'മുൻകൂട്ടി' ഏർപ്പെടുത്തിയ ഒന്നാണെന്നും ചില ഉദ്യോഗസ്ഥൻമാരും ബ്രിട്ടീഷ്

For Group Contact us +91 9746065242

mappilaheritagelibrary.com

ഗവൺമെന്റിനെ പിന്താങ്ങുന്ന പാവം ചില വമ്പൻമാരും ഒരുക്കിയതും ഉദ്യോഗസ്ഥൻമാരുടെ ചെയ്തികൾക്ക് വെള്ളപൂശാനുള്ളതുമാണെന്നും വിമർശിച്ചു. ഇത് ഒരു ഒത്തുകളിയാണെന്ന് മൗലാനാ മുഹമ്മദലിയും, ബ്രിട്ടീഷുദ്യോഗസ്ഥന്മാരും മുസ്ലിം പ്രമാണികരും കൂടി സമർത്ഥമായി ഒപ്പിച്ചെടുത്തതാണെന്ന് അൽത്താഫ് ഹുസൈൻ ഹാലിയും അഭിപ്രായപ്പെട്ടു.

സിംലയിൽ വൈസ്രോയിയുടെ പ്രതിനിധിസംഘത്തിൽ ആരോഗ്യപരമായ കാരണങ്ങളാൽ പങ്കെടുക്കാൻ കഴിയാതിരുന്ന ഒരു മുസ്ലിം പ്രമാണിയായിരുന്നു ഡാക്കാ നവാബ് സമീ ഉല്ലാഖാൻ. അദ്ദേഹം അലിഗറിലെ മുഹമ്മദൻ എജ്യൂക്കേഷൻ കോൺഫറൻസ് ഡാക്കയിൽ വെച്ചു ചേരണമെന്നും അതോടൊപ്പം 'മുസ്ലിംകൾ ഇന്ത്യാ കോൺഫറൻസ്' രൂപവൽക്കരിക്കണമെന്നും നിർദ്ദേശിച്ചു. ബംഗാൾ വിഭജനത്തെത്തുടർന്ന് ഒട്ടനേകം പ്രക്ഷോഭങ്ങളും ഹിന്ദു -മുസ്ലിം കോൺഫറൻസിന്റെ യോഗത്തിന്റെ സ്വാഗതസംഘം ചെയർമാനായ ഡാക്കാ നവാബ് സമീഉല്ലാ ഖാൻ വിളിച്ചുകൂട്ടിയ യോഗത്തിൽ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് അമ്പത്തെട്ട് പ്രതിനിധികൾ പങ്കെടുത്തു. ഡാക്കയിലെ 'ഷാനിബാഗ്' (രാജകീയ പൂന്തോട്ടം) ൽ 1906 ഡിസംബർ 30-ന് ചേർന്ന യോഗത്തിൽ നവാബ് പിഖാദുൽ മുൽക്ക് ആദ്ധ്യക്ഷ്യം വഹിച്ചു. ഈ ഒത്തുചേരൽ ഒരു പാർട്ടി രൂപവൽക്കരിക്കുന്നതിനു തീരുമാനിച്ചു. ആദ്യം നിർദ്ദേശിക്കപ്പെട്ട അഖിലേന്ത്യ മുസ്ലിം കോൺഫറൻസ് എന്ന പേര് സ്വീകാര്യമായില്ല. അങ്ങിനെ കൊട്ടും കുരവയുമില്ലാതെ 'ആൾ ഇന്ത്യാ മുസ്ലിംലീഗ്' രൂപംകൊണ്ടു.

1907 കറാച്ചിയിൽ ചേർന്ന സമ്മേളനം - സർവ്വേന്ത്യാ മുസ്ലിംലീഗിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളായി പ്രഖ്യാപിച്ചത് പ്രധാനമായും താഴെ പറയുന്ന കാരണങ്ങളാകുന്നു.

1) മുസൽമാൻമാരിൽ ബ്രിട്ടീഷ് ഗവൺമെന്റിനോടുള്ള കൂറ് വളർത്തിക്കൊണ്ടുവരികയും ഇന്ത്യയിൽ അവരെടുക്കുന്ന നടപടികളെപ്പറ്റിയും ഉദ്ദേശങ്ങളെപ്പറ്റിയും വല്ല സംശയവുമുണ്ടെങ്കിൽ അത് ദുരീകരിക്കുകയും ചെയ്യുക.

2) ഇന്ത്യയിൽ മുസൽമാൻമാരുടെ രാഷ്ട്രീയ അവകാശങ്ങൾ പരിചരിക്കുകയും ഉയർത്തിപ്പിടിക്കുകയും അവരുടെ ആവശ്യങ്ങളും

For Group Contact us +91 9746065242

mappilaheritagelibrary.com

അഭിലാഷങ്ങളും ഗവൺമെന്റിന്റെ മുമ്പിൽ ആദരപൂർവ്വം സമർപ്പിക്കുകയും ചെയ്യുക.

3) മുസ്‌ലിംലീഗിന്റെ മറ്റു ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് വിരുദ്ധമാകാത്ത വിധം മറ്റു സമുദായങ്ങളുടെ നേരെയുണ്ടാകുന്ന എതിർപ്പ് തടയുക.

അങ്ങിനെ കോൺഗ്രസ്സ് രൂപീകരിച്ചപ്പോഴുണ്ടായതു പോലെ തന്നെ, മുസ്‌ലിംലീഗും അന്നത്തെ ഭരണ മേധാവികളുടെ നല്ലപിള്ളയായി തന്നെയായിരുന്നു തുടക്കമിട്ടത്. ആദ്യകാല ലീഗ് പ്രസിഡന്റ് ആഗാഖാൻ ആയിരുന്നു. അദ്ദേഹത്തിന്റെ കൃത്യാന്തരബാഹുല്യം കാരണം പ്രസിഡന്റ് സ്ഥാനം ബീഹാറിലെ സർ അലി ഇമാം ഏറ്റെടുത്തു. ഡാക്കയിലെ ലീഗ് രൂപീകരണ സമ്മേളനത്തിൽ ആഗാഖാൻ സംബന്ധിച്ചിരുന്നില്ല.

മുസ്‌ലിംലീഗിനെ എതിർത്ത മുസ്‌ലിംകളിൽ ഏറ്റവും പ്രധാനി മുഹമ്മദലി ജിന്നയായിരുന്നു. ആഗാഖാൻ ജിന്നയുടെ എതിർപ്പിനെപ്പറ്റി തന്റെ ഓർമ്മക്കുറിപ്പുകളിൽ ഇങ്ങിനെ രേഖപ്പെടുത്തുന്നു.

''1906 -ൽ ലീഗിന്റെ ഏറ്റവും ബദ്ധശത്രു ജിന്നയായിരുന്നു. ഞാനും എന്റെ സുഹൃത്തുക്കളും ചെയ്തതും ചെയ്തുകൊണ്ടിരിക്കുന്നതും മുഴുക്കെ അദ്ദേഹം ശക്തിയായി എതിർത്തു. ഈ മനോഭാവം വെച്ചുപുലർത്തിയ അറിയപ്പെടുന്ന ഒരു മുസ്‌ലിം ജിന്ന മാത്രമായിരുന്നു. പ്രത്യേക നിയോജക മണ്ഡലത്തിന് വേണ്ടി ഞങ്ങളുന്നയിച്ച തത്വം രാഷ്ട്രത്തെത്തന്നെ ഭാഗിക്കുന്നതിന് തുല്യമാണെന്ന് അദ്ദേഹം പറഞ്ഞു.''

''1906-ൽ ഡാക്കയിൽ മുസ്‌ലിംലീഗ് പിറന്നുവീഴുമ്പോൾ തൊട്ടടുത്ത കൽക്കത്തയിൽ ദാദാഭായി നവറോജിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന കോൺഗ്രസ്സ് യോഗത്തിൽ സമാന ചിന്താഗതിക്കാരായ മറ്റു നാൽപ്പത്തിയഞ്ചു മുസ്‌ലിംകളോടൊപ്പം കോൺഗ്രസ്സിൽ ചേർന്ന ജിന്ന കോൺഗ്രസ്സിന്റെ സെക്രട്ടറിയായിരുന്നു. അന്ന് വയോധികനായ ദാദാബായി നവറോജിയുടെ പ്രസംഗം എഴുതിക്കൊടുത്തത് അദ്ദേഹത്തിന്റെ സെക്രട്ടറിയായിരുന്ന ജിന്നയും വായിച്ചത് ഗോപാലകൃഷ്ണ ഗോഖലെയുമായിരുന്നു. അന്നു മുതൽ ജിന്ന ഉന്നയിച്ച ദേശീയ ഐക്യമെന്ന മുദ്രാവാക്യത്തെ മുൻനിർത്തിയാണ് സരോജിനി

For Group Contact us +91 9746065242

mappilaheritagelibrary.com

നായിഡു 'ഹിന്ദു-മുസ്ലിം ഐക്യത്തിന്റെ അംബാസ്സിഡർ' എന്ന സ്ഥാനപ്പേര് അദ്ദേഹത്തിന് നൽകിയത്."

1913-ൽ ജിന്ന മുസ്ലിംലീഗിൽ ചേർന്നു. അദ്ദേഹം കോൺഗ്രസ്സിനെയും ലീഗിനെയും ഒരുമിച്ചു നിർത്താൻ ശ്രമിച്ചു. 1916-ലെ 'ലക്നോ ഉടമ്പടി' അദ്ദേഹത്തിന്റെ ശ്രമഫലം കൂടിയായിരുന്നു. തുടർന്നു ലീഗിൽ പ്രവർത്തിച്ചിരുന്നുവെങ്കിലും പ്രമാണിമാരുടെ കൈപ്പിടിയിൽ തന്നെ ലീഗും തുടർന്നു. എന്നാൽ 1936-മുതൽ ലീഗിനെ ഒരു ജനകീയപ്രസ്ഥാനമാക്കി മാറ്റിയത് ജിന്നയായിരുന്നു. 1906-ൽ ലീഗിന്റെ രൂപീകരണത്തിന് പിറകിലുണ്ടായ ചില അണിയറനീക്കങ്ങളെ സംബന്ധിച്ച് മുസ്ലിംകളുടെ മഹാനായ നേതാവ് (ഖാഇദേ അഅ്സം) മുഹമ്മദലി ജിന്നക്ക് ഒരു പത്രപ്രവർത്തകനായ എസ്.എം. സൗഖി എഴുതിയ രഹസ്യരേഖ മുസ്ലിംലീഗിന്റെ ചരിത്രത്തിൽ വിലമതിക്കാനാവാത്ത ഒരു രേഖയാണ്. ചരിത്രകാരന്റെ അന്വേഷണ ദൃഷ്ടിയിൽ അതിനു അമൂല്യസ്ഥാനമുണ്ട്.

മുസ്ലിംലീഗിന്റെ സാരഥ്യം 1935-മുതൽ മുഹമ്മദലി ജിന്ന ഏറ്റെടുത്തതോടെ ആ സംഘടനക്ക് ഇന്ത്യൻ രാഷ്ട്രീയത്തിൽ സവിശേഷമായ പ്രാധാന്യം കൈവന്നുവെന്നത് അനിഷേധ്യമാണ്. 1935-ന് മുമ്പും മുസ്ലിംലീഗ് പ്രസിഡന്റെന്ന നിലക്ക് ജിന്ന ലീഗ് രാഷ്ട്രീയത്തിൽ വലിയ സ്വാധീനം ചെലുത്തിയിരുന്നു. 1928 നവംബർ 11-ന് അന്നത്തെ കോൺഗ്രസ്സ് അധ്യക്ഷനായിരുന്ന സുഭാഷ് ചന്ദ്രബോസ് ജിന്നക്കയച്ച് കത്തിൽ ലീഗിന് ആവശ്യമായ നേതൃത്വം നൽകാൻ ജിന്നയുടെ നേരെയാണ് നോക്കുന്നതെന്നുപോലും പറഞ്ഞിരുന്നു.

അന്നത്തെ ലീഗിനെ ജമീന്താർമാരുടെയും നവാബുമാരുടെയും പിടിയിൽ നിന്ന് വിമുക്തമാക്കി ഒരു ബഹുജന സംഘടനയാക്കി മാറ്റിയെടുത്തത് ജിന്നയുടെ അസാമാന്യമായ സംഘടനാ പാടവമാണെന്നു ചരിത്രം വിളിച്ചറിയിക്കുന്നു. അല്ലാമാ ഇഖ്ബാൽ ഇക്കാര്യത്തിൽ ജിന്നയുടെ ഒരു വലിയ മാർഗ്ഗദർശകനായിരുന്നു. പാവപ്പെട്ട മുസ്ലിമിന്റെ സംഘടനയാക്കി ലീഗിനെ മാറ്റിയെടുക്കാനും മുസ്ലിം സമുദായത്തിന് നേതൃത്വം നൽകാനും കഴിയുന്ന വ്യക്തി ജിന്ന മാത്രമാണെന്ന് ഇഖ്ബാൽ വിശ്വസിച്ചതായി 1937 മെയ്- ജൂൺ മാസങ്ങളിൽ അദ്ദേഹം ജിന്നക്ക്

For Group Contact us +91 9746065242

mappilaheritagelibrary.com

അയച്ച കത്തുകൾ വ്യക്തമാക്കുന്നു. ലീഗിനെ പുനഃസംഘടിപ്പിച്ച് ഒരു ബഹുജന സംഘടനയാക്കി മാറ്റിയെടുക്കാൻ ശ്രമം തുടങ്ങിയ ഘട്ടത്തിൽ സുപ്രസിദ്ധ മുസ്‌ലിം പത്രപ്രവർത്തകനായ എസ്.എം. സൗഖി ജിന്നക്കയച്ച കത്തുകൾ 1906-ൽ ലീഗിന്റെ രൂപവൽക്കരണ ചരിത്രത്തിലേക്ക് വിലപ്പെട്ട വെളിച്ചം വീശുന്നു.

1938 മെയ് 20 മുതൽ സൗഖി ജിന്നക്കയച്ച ചില പ്രധാന കത്തുകൾ സയ്യിദ് ശരീഫുദ്ദീൻ പീർസാദ എഡിറ്റു ചെയ്ത 'ഖാഇദേ അഅ്സം ജിന്നയുടെ കത്തിടപാടുകൾ' എന്ന ഗ്രന്ഥത്തിലുണ്ട്. 1943 മെയ് 26-ന് സൗഖി ഖാഇദെ അഅ്സമിന് അയച്ച കത്ത് 'മുസ്‌ലിംലീഗിന്റെ ആരംഭദശയെ സംബന്ധിച്ച രഹസ്യ'ത്തെക്കുറിച്ച് ചരിത്രവിദ്യാർത്ഥികൾക്ക് അറിവുനൽകുന്നതാണ്. 1938 മെയ് 20-നു ഹൈദരാബാദിൽ നിന്ന് ജിന്നക്കയച്ച ഒരു കത്തിൽ സൗഖി ഇങ്ങിനെ സ്വയം പരിചയപ്പെടുത്തുന്നു:

''ഇപ്പോൾ താൽക്കാലികമായി ഹൈദരാബാദിൽ താമസിക്കുന്ന ഞാൻ ഒരു യു.പിക്കാരനാണ്. മുസ്‌ലിം രാഷ്ട്രീയത്തെക്കുറിച്ച് കുറച്ച് അറിവുള്ള ഒരു വൃദ്ധനാണ് ഞാൻ; മഹാനായ സർ സയ്യിദ്, നവാബ് മുഹ്സിനുൽ മുൽക്ക്, നവാബ് വഖാറുൽ മുൽക്ക് എന്നീ പഴയ ആളുകളുമായി ബന്ധം പുലർത്തിവന്ന ആ ലീഗുകാരൻ, വളരെ പഴയ കുട്ടി; 35 വർഷങ്ങൾക്കു മുമ്പ് ഒരു പത്രപ്രവർത്തകൻ; കഴിഞ്ഞ കാൽനൂറ്റാണ്ടു കാലം ഒരു സൂഫിയായി. എന്നാൽ ദയൂബന്ദിലെ സുപ്രസിദ്ധനായ മൗലവി ഹുസൈൻ അഹ്മദിനെപ്പോലെയുള്ള സൂഫിയല്ല, മാത്രമല്ല മധുരസ്മരണയുയർത്തുന്ന മർഹൂം ഡോ. സർ മുഹമ്മദ് ഇഖ്ബാലിനെപ്പോലെയുള്ള ബുദ്ധിപരമായ കഴിവുള്ള ആളോ അല്ല. അങ്ങിനെ അല്ലാത്ത ഒരു തരം സൂഫിയായി കഴിഞ്ഞുകൂടുകയാണ്. മിൻട്രോ പ്രഭുവിനെ കാണാൻ അഖിലേന്ത്യാ മുസ്‌ലിം പ്രതിനിധിസംഘം പോകുന്നതിനു മുമ്പും പിമ്പും ഉണ്ടായിരുന്ന ഉപാധികളെ സംബന്ധിച്ചും, ധാക്കയിൽ വെച്ച് അഖിലേന്ത്യാ മുസ്‌ലിംലീഗ് ജനിക്കുകയും വളരുകയും ചെയ്തപ്പോഴും അതിന്റെ പാതയിൽ ഉണ്ടായിരുന്ന മാർഗ്ഗതടസ്സങ്ങളെ സംബന്ധിച്ചും നല്ലപോലെ അറിയുന്ന ഒരാളാണ് ഞാൻ!''

സൗഖി അതേ കത്തിൽ ലീഗിന് നേതൃത്വം നൽകുന്നതിൽ

For Group Contact us +91 9746065242

mappilaheritagelibrary.com

ജിന്ന കാണിക്കുന്ന താൽപര്യത്തെ അഭിനന്ദിച്ചിട്ടുമുണ്ട്. ഈ പഴയ പടക്കുതിരയായ സൗഖി 1943 മെയ് 26-നു അജ്മീറിൽ നിന്ന് ജിന്നക്കയച്ച കത്തിൽ മുസ്ലിംലീഗിന്റെ രൂപവൽക്കരണത്തിൽ താൻ വഹിച്ച പങ്ക് പ്രത്യേകം എടുത്തുപറയുകയുണ്ടായി. ഈ കത്തിൽ ജിന്നയുടെ വ്യക്തിപരമായ അറിവിനു വേണ്ടി (പ്രസിദ്ധീകരണത്തിനു വേണ്ടിയല്ല) എന്നു പറഞ്ഞുകൊണ്ട് ഒരു രഹസ്യരേഖ കൂടി അടക്കം ചെയ്തു. ഈ രഹസ്യരേഖ വളരെ ദൈർഘ്യമേറിയതാണ്. എന്നാൽ മുസ്ലിംലീഗിന്റെ രൂപവൽക്കരണ കാലഘട്ടമായ 1906-ൽ ഇന്ത്യയിലെ സംഭവഗതികൾ വിവരിക്കുന്ന പ്രസ്തുത രേഖയിലെ പ്രസക്ത ഭാഗങ്ങൾ ചരിത്രമൂല്യത്തെ മുൻനിർത്തി ഇവിടെ സംക്ഷേപിക്കുകയാണ്.

മുസ്ലിംലീഗിന്റെ രൂപവൽക്കരണത്തിലേക്ക് നയിച്ച മുപ്പത്താറു വർഷം മുമ്പത്തെ സാഹചര്യങ്ങൾ പലരെ സംബന്ധിച്ചിടത്തോളവും ഒരു മുദ്രവെക്കപ്പെട്ട ഗ്രന്ഥവും, മുസ്ലിം ഇന്ത്യയുടെ രാഷ്ട്രീയ അടിമത്തചരിത്രത്തിലെ എഴുതപ്പെടാത്ത ഒരദ്ധ്യായവുമാണ്.

1905-1906 വർഷങ്ങളിൽ അന്നത്തെ വെയിൽസ് രാജകുമാരൻ (പിന്നീട് ബ്രിട്ടനിലെ അഞ്ചാം ജോർജ്ജ് ചക്രവർത്തി) പത്നീസമേതം ഇന്ത്യയിൽ യാത്ര ചെയ്തതും, അതിന്റെ വിജയത്തിനായി അന്നത്തെ വൈസ്രോയി കർസൺ പ്രഭു പ്രത്യേകം താൽപര്യമെടുത്തതും വെയിൽസ് രാജകുമാരന്റെ യാത്ര കവർ ചെയ്യാൻ ബ്രിട്ടീഷ് പത്രപ്രവർത്തകരോടൊപ്പം താനടക്കമുള്ള ആറു ഇന്ത്യൻ പത്രപ്രവർത്തകർ തിരഞ്ഞെടുക്കപ്പെട്ടതും വിവരിച്ച് സൗഖി എഴുതുന്നു.

'ആ ആറുപേരിൽ ഞാനും ഒരാളായി. അന്ന് സിന്ധിൽ നിന്നു പുറപ്പെടുന്ന ഏക ആംഗ്ലോ സിന്ധിവാരികയായ 'അൽഹാക്കി'ന്റെ പത്രാധിപരായിരുന്നു. അന്ന് എന്റെ പേര് 'മി. സെയ്തു മുഹമ്മദ്' എന്നായിരുന്നു. (സൗഖി എന്നതു പിന്നീട് കൂട്ടിച്ചേർത്തതാണ് എന്റെ ആത്മീയ ഗുരു എനിക്ക് തന്ന ആ പേര്, ശരിയായ പേരിനെ കവച്ചുവെക്കുന്നു.) മറ്റു അഞ്ചു ഇന്ത്യൻ പത്രപ്രതിനിധികൾ (1) ലാഹോറിലെ 'ഒബ്സർവർ' പത്രത്തിന്റെ അബ്ദുൽ അസീസ് (2) ലാഹോർ 'ട്രിബൂൺ' പത്രത്തിന്റെ കെ.പി. ചാറ്റർജി (3) ബംഗാളിലെ യു.എൻ. സെൻ (4) മദ്രാസിലെ 'ഇന്ത്യൻ

For Group Contact us +91 9746065242

mappilaheritagelibrary.com

ക്രിസ്ത്യൻ' പത്രത്തിന്റെ മി. മാപ്പിള (5) കവറയിലെ (പാർസി) മി. മുഞ്ചെർജി എന്നിവരായിരുന്നു.

അബ്ദുൽ അസീസ് പിന്നീട് 'ഒബ്സർവർ' പത്രം വിട്ടു. സി.ഐ.പി. സൂപ്രണ്ടായി ഗവൺമെന്റിന്റെ പ്രസ് ഡിപ്പാർട്ട്മെന്റിൽ ജോലിചെയ്തു. പിന്നീട് ഖാൻ ബഹദൂർ സ്ഥാനം നേടി. അന്ന് ഞങ്ങൾ ഇരുവരും ഒന്നിച്ചു മുസ്‌ലിംകളുടെ ക്ഷേമത്തിനായി കുറെ അധികം പ്രവർത്തിച്ചു. പോകുന്നിടത്തെല്ലാം ഞങ്ങൾ പ്രമുഖരായ മുസ്‌ലിംകളെ കാണും. ഒരു മുസ്‌ലിം പ്രമുഖനെ വിളിച്ച് മറ്റുള്ളവരെ വിളിച്ചുകൂട്ടും. വളരെ കുറഞ്ഞ നേരം കൊണ്ട് കുറെയധികം മുസ്‌ലിം പ്രതിനിധികളെ കാണാൻ കഴിയും. പൊതു പ്രാധാന്യമുള്ള കാര്യങ്ങളിൽ മുസ്‌ലിം പൊതുജനാഭിപ്രായങ്ങളെപ്പറ്റി ആശയവിനിമയം നടത്തും.

അങ്ങിനെ 1906 ഫെബ്രുവരിയിൽ ഒരു സുപ്രഭാതത്തിൽ ഞങ്ങൾ ഹൈദരാബാദിൽ വെച്ച് നവാബ് ഇമാദുൽ മുൽക്ക് മൗലവി സയ്യിദ് ഹുസൈൻ ബൽഗ്രാമിയെ കണ്ടു. സംഭാഷണത്തിനിടയിൽ കസേര അടുത്തുവലിച്ചിട്ട് അദ്ദേഹം ചോദിച്ചു. ഞങ്ങൾ വല്ല ഗുണപ്രദമായ കാര്യവും ഈ യാത്രക്കിടയിൽ ചെയ്യുന്നുവോ അതോ ഡിന്നറും പാർട്ടിയുമായി സുഖിക്കുകയാണോ എന്ന്. ഞങ്ങൾ എന്ത് ചെയ്യുകയായിരുന്നുവെന്ന് അദ്ദേഹത്തോട് പറഞ്ഞു. ഞങ്ങൾ കണ്ടവരെല്ലാം വളരെ ആലസ്യത്തിലും നിരാശയിലുമാണെന്ന് അദ്ദേഹത്തോട് പറഞ്ഞു. പ്രായമുള്ള മുസ്‌ലിംകൾ അവരുടെ സ്ഥലത്തിരുന്ന് പിറുപിറുക്കുന്നു. ചെറുപ്പക്കാരാകട്ടെ അലീഗർ ഗ്രൂപ്പ് നേതാക്കൻമാരായി ലഹളക്കു മുതിർന്നിരിക്കുന്നു. എല്ലാവരും അവരുടെ പതനത്തിൽ അത്യുത്സുകരാണ്. ചെറുപ്പക്കാരായ അവർ ഇതാണ് പറയുന്നത്: അവരോട് നേതാക്കൻമാരുടെയും ഗവൺമെന്റിന്റെയും താളത്തിനൊത്ത് നൃത്തം ചവിട്ടാൻ ആവശ്യപ്പെട്ടു- അവരത് ചെയ്തു. അവരോട് കോൺഗ്രസ്സിൽ ചേരാതെ വിട്ടുനിൽക്കാൻ പറഞ്ഞു- അവരത് അനുസരിച്ചു. അവരോട് ഗവൺമെന്റിനോട് കൂറുപുലർത്താൻ പറഞ്ഞു. അവർ ഓരോ യോഗത്തിലും വെച്ച് പ്രമേയങ്ങൾക്കു പുറമെ പ്രമേയങ്ങൾ പാസ്സാക്കി കൂറു പ്രഖ്യാപനം ചെയ്തു. അവരോട് പ്രക്ഷോഭങ്ങൾ നടത്തരുതെന്നും അവരുടെ പ്രശ്നങ്ങളെപ്പറ്റി പരസ്യമായി അഭിപ്രായപ്രകടനങ്ങൾ

For Group Contact us +91 9746065242

mappilaheritagelibrary.com

നടത്തരുതെന്നും പറഞ്ഞു- ചവിട്ടുകൾ ഏറ്റിട്ടുപോലും നല്ല കുട്ടികളെപ്പോലെ അവർ മിണ്ടാതിരുന്നു. ഗവൺമെന്റിലുള്ള അവരുടെ പ്രാതിനിധ്യം കുറഞ്ഞുകൊണ്ടേയിരുന്നു. ഇന്ത്യൻ ഹൈക്കോടതികളെ അലങ്കരിച്ച മഹാന്മാരായ മൂന്ന് ജഡ്ജിമാരുണ്ടായിരുന്നു- അലഹാബാദ് ഹൈക്കോടതിയിലെ ജസ്റ്റിസ് മഹ്മൂദ്, കൽക്കത്തയിലെ ജസ്റ്റിസ് അമീർ അലി, ബോംബെ ഹൈക്കോടതിയിലെ ജസ്റ്റീസ് ബദറുദ്ദീൻ ത്വയ്യബ്ജി, ഇന്ന് (1906-ൽ) കൂടുതൽ ബിരുദധാരികളും ബാരിസ്റ്റർമാരും സിവിൽ ഉദ്യോഗസ്ഥൻമാരും ഉണ്ടായിട്ടും ഒരൊറ്റ ജഡ്ജി പദവി പോലും ഇന്ത്യയിലെ ഹൈക്കോടതികളിൽ മുസ്‌ലിമിനില്ല. ഇപ്പോഴത്തെ രാജകീയയാത്രയുടെ കാര്യംതന്നെ എടുത്തുനോക്കുക; മുസ്‌ലിംകൾ എത്രമാത്രം അവഗണിക്കപ്പെട്ടുവെന്ന് കാണാം. ഉദാഹരണത്തിന് രാജകുമാരന്റെ മദ്രാസ് സന്ദർശന സ്വാഗതസംഘം. ഒരു ഹിന്ദുവും ഒരു മുസ്‌ലിമും ഒരു ഇന്ത്യൻ ക്രിസ്ത്യനുമായിരുന്നു അംഗങ്ങൾ. പരിപാടികൾ വളരെ ഭംഗിയായതിനാൽ കമ്മിറ്റിക്കാരെ കാണാൻ രാജകുമാരൻ ആഗ്രഹം പ്രകടിപ്പിച്ചു- ഹിന്ദു അംഗത്തെയും ക്രിസ്ത്യൻ അംഗത്തെയും രാജകുമാരന്റെ മുമ്പിൽ ഹാജരാക്കി. പാവം മുസ്‌ലിമിനെ രാജകുമാരനെ കാണാൻ അനുവദിച്ചില്ല. അയാൾക്ക് മറ്റെന്തോ പ്രധാന ജോലി നൽകി മാറ്റിനിർത്തി. ഇങ്ങിനെ മുസ്‌ലിംകൾ അവഗണിക്കപ്പെടുക മാത്രമല്ല. തന്ത്രപരമായി അടിച്ചമർത്തപ്പെടുക കൂടി ചെയ്യുന്നത് കണ്ട മുസ്‌ലിം ചെറുപ്പക്കാർ അങ്ങേയറ്റം വെറുപ്പും വിദ്വേഷവും കൊണ്ട് നീറിപ്പുകയുകയാണ്. നേതാക്കളുടെ ഉപദേശങ്ങൾ ലംഘിച്ചുകൊണ്ട് മുന്നോട്ടുപോകാനാണ് ചെറുപ്പക്കാർ ആലോചിക്കുന്നതെന്നും മനസ്സിലാക്കാൻ കഴിഞ്ഞതായി ഇമാദുൽ മുൽക്ക് നവാബിനെ ഞങ്ങളറിയിച്ചു.

'അന്ന് വൈകിട്ട് നൈസാം ക്ലബ്ബിൽ മൗലാനാ ഹാലിയുടെ ബഹുമാനാർത്ഥം സംഘടിപ്പിക്കപ്പെട്ട സ്വീകരണച്ചടങ്ങിന് ഞങ്ങളും ക്ഷണിക്കപ്പെട്ടിരുന്നു. ഞങ്ങൾ അവിടെ അൽപ്പം നേരത്തെ എത്തിച്ചേർന്നു. വെറുതെ നടക്കുന്നിതിനിടയിൽ ഇമാദുൽ മുൽക്ക് അവിടെ വന്നിറങ്ങി.

അദ്ദേഹം ഞങ്ങളെ കണ്ട ഉടൻ ഞങ്ങളുടെ അടുത്തേക്ക് വന്നു, ഞങ്ങൾ ഇരുവരുടെയും കൈപിടിച്ചു അടുത്ത മുറിയിലേക്ക്

For Group Contact us +91 9746065242

mappilaheritagelibrary.com

കൂട്ടിക്കൊണ്ടുപോയി. മുറി അകത്തുനിന്നടച്ചു. എന്നിട്ടദ്ദേഹം ഞങ്ങളോട് പറഞ്ഞത് അതേ വാക്കുകളിൽ ഓർക്കുന്നില്ലെങ്കിലും ഏതാണ്ട് ഇങ്ങിനെയായിരുന്നു.

''ഇന്ന് കാലത്ത് നിങ്ങളിരുവരും പോയശേഷം വെയിൽസ് രാജകുമാരന്റെ ചീഫ് ഓഫ് സ്റ്റാഫായ സർ വാൾട്ടർ ലോറൻസ് ഇന്ന് വൈകുന്നേരം എന്നെ ചായ കഴിക്കാൻ ക്ഷണിക്കുകയുണ്ടായി. ഞങ്ങൾ പഴയ സുഹൃത്തുക്കളാണ്. അദ്ദേഹം വൈസ്രോയി കഴ്സൺ പ്രഭുവിന്റെ പ്രൈവറ്റ് സെക്രട്ടറിയായിരുന്നപ്പോൾ ഞാൻ അന്ന് വൈസ്രോയിയുടെ എക്സ്ക്യൂട്ടീവ് കൗൺസിൽ അംഗമെന്ന നിലക്ക് സിംലയിൽ ഒന്നിച്ചായിരുന്നു. ഇന്ന് ഞാനദ്ദേഹത്തെ കണ്ടപ്പോൾ അദ്ദേഹമെന്നോട് രാജ്യത്തെ സ്ഥിതിഗതികൾ ആരാഞ്ഞു. നിങ്ങൾ രണ്ട് തീപ്പൊരി ചെറുപ്പക്കാർ ഇന്നു കാലത്ത് എന്നോട് പറഞ്ഞത് എന്റെ മനസ്സിനകത്ത് പതഞ്ഞുപൊങ്ങുകയായിരുന്നു. നിങ്ങൾ പറഞ്ഞതും, എനിക്കറിവുള്ളതും നിങ്ങൾക്കറിഞ്ഞുകൂടാത്തതുമായ സകലതും ഞാൻ സർ വാൾട്ടറിന്റെ മുമ്പിൽ കെട്ടഴിച്ചു. നമ്മുടെ ചെറുപ്പക്കാർ നമ്മുടെ കൈകളിൽ നിന്നു വിട്ടുപോകുമെന്ന് ഞാൻ തുറന്നുപറഞ്ഞു. ''നിങ്ങളുടെ നയം മാറ്റാത്തിടത്തോളം അവരെ നിയന്ത്രിക്കാൻ പറയരുത്. ചെറുപ്പക്കാരെപ്പറ്റി പറഞ്ഞത് തികച്ചും ശരിയാണെന്നും സർ വാൾട്ടർ സമ്മതിച്ചു. എന്നാൽ ഇനിയും സ്ഥിതിഗതികൾ മാറ്റിയെടുക്കാൻ സമയമുണ്ട്. അവർ കോൺഗ്രസ്സിലും മറ്റും ചേർന്നാൽ ദുരിതമനുഭവിക്കേണ്ടി വരും. അവർ അവർക്കാവശ്യമുള്ള ഒരു രാഷ്ട്രീയ സംഘടന തുടങ്ങി അവരുടെ ആവശ്യങ്ങൾക്ക് സ്വതന്ത്രമായി പോരാടട്ടെ''. എന്നെപ്പോലെയുള്ളവർ നിയന്ത്രിക്കുകയാണെങ്കിൽ അങ്ങിനെയുള്ള സംഘടനക്ക് ഗവൺമെന്റ് എല്ലാ സഹായവും ചെയ്യാമെന്നും അദ്ദേഹം ഏറ്റു. ഞാൻ അദ്ദേഹത്തോടു പറഞ്ഞു. ''നൈസാം ഗവൺമെന്റിന്റെ ചട്ടമനുസരിച്ച് എനിക്ക് രാഷ്ട്രീയത്തിൽ പ്രവർത്തിക്കാൻ പാടില്ലെന്നും ആഗാഖാനെപ്പോലുള്ള ഒരു വലിയ ഒരാൾ കാഴ്ചക്കാരനായിട്ടെങ്കിലും അതിന്റെ അധ്യക്ഷനായിരിക്കട്ടെ. പ്രധാനപ്പെട്ട പണിയും നിയന്ത്രണവും സെക്രട്ടറി നടത്തട്ടെ''. ''നിങ്ങൾ ഒരു സെക്രട്ടറിയായിക്കൊള്ളൂ. ഇനി നിങ്ങളുടെ സ്റ്റേറ്റിലെ ചട്ടങ്ങൾ അതിനനുവദിക്കുന്നില്ലെങ്കിൽ

For Group Contact us +91 9746065242

mappilaheritagelibrary.com

പകരം ഒരാളെ വെച്ച് നിങ്ങൾ തിരശ്ശീലക്ക് പിന്നിൽ നിൽക്കുക. നിങ്ങളത് ചെയ്യുന്നില്ലെങ്കിൽ മുസ്‌ലിംകൾ രണ്ടിനിടയിലും പെട്ട് ചതഞ്ഞുപോകും.'' ഞാൻ ആലോചിക്കട്ടെ എന്നദ്ദേഹത്തോട് പറഞ്ഞു. അദ്ദേഹം ഇന്ത്യ വിട്ടുപോകുന്നതിനു മുൻപ് വിവരം കിട്ടിയാലെ അദ്ദേഹത്തിന് വൈസ്രോയിക്കാവശ്യമായ നിർദ്ദേശങ്ങൾ കൊടുക്കാനാവൂ എന്നും അദ്ദേഹമെന്നോട് പറഞ്ഞു.

'ഇമാദുൽ മുൽക്ക് ഞങ്ങളോട് തുടർന്ന് പറഞ്ഞു: 'നിങ്ങൾ രണ്ടു തീപ്പൊരികൾ എന്നെ പുകച്ചു കത്തിച്ചു. ഞാൻ ഒരു വിഡ്ഢിയെപ്പോലെ ഈ ഭാരിച്ച ഉത്തരവാദിത്വം തലയിലേറ്റി'.

സൗഖി അന്നത്തെ മുസ്‌ലിംകളുടെ ചിന്താഗതി വെളിപ്പെടുത്തിക്കൊണ്ടു ഖാഇദേ അഅ്സമിനു അയച്ച കത്ത് ഇങ്ങിനെ തുടരുന്നു.

''ഞാൻ ഇമാദുൽ മുൽക്ക് നവാബിനെ തണുപ്പിച്ചിട്ടു പറഞ്ഞു. വിഷമിക്കാനൊന്നുമില്ല. എല്ലാം ശരിപ്പെടും. വെയിൽസ് രാജകുമാരൻ ഹൈദരാബാദ് പരിപാടി കഴിഞ്ഞ് ബനാറസിലേക്ക് പോകും. ബനാറസിൽ നിന്ന് രണ്ടാഴ്ച തെറായി കാടുകളിൽ ശിക്കാറിനു പോകും. അതും കഴിഞ്ഞ് (1906) മാർച്ച് പകുതിയോടെ അലിഗറിലെത്തും. അലിഗറിൽ വലിയ ഒരു സ്വീകരണമുണ്ടായിരിക്കും. നാട്ടിലെങ്ങുമുള്ള മുസ്‌ലിം പ്രമാണിമാർ വന്നെത്തും. പഞ്ചാബിലെ മുസ്‌ലിം പ്രമാണിമാർ ഷാഹ്ദിനും മുഹമ്മദ് ഷാഹിയും അടക്കം അവിടെ എത്താൻ മി. അസീസ് കത്തെഴുതും. ഞാൻ മറ്റു ഭാഗങ്ങളിലുള്ള മുസ്‌ലിം പ്രമാണിമാർക്കും കത്തെഴുതും. ആവുന്നത്ര പ്രമുഖ മുസ്‌ലിംകളെ നമുക്ക് അവിടെ എത്തിക്കാം. ഞങ്ങൾ കുറേ നേരത്തെ അലീഗറിലെത്താം. താങ്കളും നേരത്തെ എത്തുക. ഞങ്ങളെല്ലാം അവിടെ എത്തിയാൽ അവിടെ രഹസ്യമായി യോഗം ചേർന്ന് നമുക്ക് കാര്യങ്ങൾ ആലോചിക്കാം.

'ഈ ആശയത്തോട് നവാബും യോജിച്ചു. പക്ഷേ, ഒരു കാര്യം ഓർക്കണം! ഞാൻ നവാബ് ഇമാദുൽ മുൽക്കിനോട് പറഞ്ഞു: 'താങ്കൾ ഞങ്ങളുടെ ആലോചനാ യോഗം നടക്കും മുമ്പ് ഒരു അതിപ്രധാന സംഗതി ചെയ്യണം. അതു താങ്കൾക്കേ ചെയ്യാനാവൂ. ആഗാഖാനെയും നവാബ് മുഹ്സിനുൽ മുൽക്കിനെയും വശത്താക്കണം. നമ്മുടെ ആളുകളെ നമുക്ക് അറിഞ്ഞുകൂടെ? ഈ രണ്ടു പ്രമുഖൻമാർ നമ്മുടെ ആശയത്തെ

For Group Contact us +91 9746065242

mappilaheritagelibrary.com

എതിർത്താൽ മറ്റുള്ളവരും അതിനെ എതിർക്കും. പിന്നെ ഒന്നും നടക്കില്ല. ആഗാഖാൻ ഒരു കോൺഗ്രസ്സ് അനുകൂലിയാണ്, അദ്ദേഹം മുസ്‌ലിംകൾക്ക് ഒരു പ്രത്യേക രാഷ്ട്രീയ സംഘടന ഉണ്ടാക്കുന്നതിനെ എതിർക്കുന്ന ആളുമാണ്. മുഹ്സിനുൽ മുൽക്കാണെങ്കിൽ രാഷ്ട്രീയത്തിലെ പുതുമയും തിളക്കവും ബഹുജനങ്ങളെ അലീഗർ എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷനിൽ നിന്നും അകറ്റി നിർത്തുമെന്നും എം.എ.ഒ. കോളേജിനു ഇന്നുള്ള പ്രസിദ്ധി കുറയുമെന്നും വിചാരിക്കുന്ന ആളുമാണ്. മുസ്‌ലിംകൾ ആവശ്യമായ വിദ്യാഭ്യാസം ലഭിക്കാത്തവരും എളുപ്പം വികാരഭരിതരുമാകുന്ന സ്വഭാവക്കാരുമായതിനാൽ രാഷ്ട്രീയം കടത്തിവിടുന്നത് ബുദ്ധിപൂർവ്വമല്ലെന്നു കരുതുന്ന വ്യക്തിയാണ് അദ്ദേഹം. 1857-ലെ ദുരന്തങ്ങളുടെ കഥ കാണാതെ പോകരുതെന്നും ഇപ്പോഴും ഗവൺമെന്റ് ഹിന്ദുക്കളെക്കാളുപരി ഭയപ്പെടുന്നത് മുസ്‌ലിംകളെയാണെന്നുമുള്ള അഭിപ്രായക്കാരനാണ് അദ്ദേഹം അതിനാൽ തിരഞ്ഞെടുക്കപ്പെട്ട കുറച്ചുപേരെ മാത്രം വിളിച്ചുചേർത്തു ഒരു തരം ഡിഫൻസ് അസോസിയേഷൻ രൂപവൽക്കരിച്ച് ക്രമേണ മുസ്‌ലിംകളുടെ രാഷ്ട്രീയ നവോത്ഥാനത്തിനായി ശ്രമിക്കണമെന്ന പക്ഷക്കാരനാണദ്ദേഹം.

'കുറച്ചുനേരം ആലോചിച്ചിരുന്ന ശേഷം നവാബ് ഇമാദുൽ മുൽക്ക് കുറെ ചോദ്യങ്ങൾകൂടി ഉന്നയിച്ച ശേഷം വെയിൽസ് രാജകുമാരൻ എത്തിച്ചേരുന്നതിന് അഞ്ചു ദിവസം മുമ്പ് അലിഗറിൽ എത്തിച്ചേരണമെന്നും ആഗാഖാൻ നിശ്ചയമായും അവിടെ എത്തിച്ചേരുമെന്നും എന്നോട് പറഞ്ഞു!

അതിനിടയിൽ ഒരു സംഭവമുണ്ടായി. ഞാനന്ന് ബോംബെവരെ പോയിരുന്നു. എന്റെ വളരെ പഴയ ഒരു സുഹൃത്തായ സർ ഫിറോസ്ഷാ മേത്തയെ ഞാൻ കാണുകയുണ്ടായി. ഞങ്ങളിരുവരും സംസാരിക്കുകയായിരുന്നു. അതിനിടക്ക് അദ്ദേഹം പറഞ്ഞു. 'നിങ്ങൾ മുഹമ്മദീയർ നിങ്ങളുടെ മാത്രം ഒരു കോൺഗ്രസ്സുണ്ടാക്കുന്നതായി കേട്ടുവല്ലോ. നിങ്ങൾക്കും എന്തുകൊണ്ട് നിങ്ങളുടെ കോൺഗ്രസ്സ് ഉണ്ടാക്കിക്കൂടാ? എന്റെ അനുഭവവും പിന്തുണയും നിങ്ങൾക്കുണ്ടായിരിക്കും. ഒരു കാര്യമോർക്കണം. നിങ്ങളുടെ കൂട്ടത്തിലെ മിതവാദികൾ ഞങ്ങളിലുള്ള തീവ്രവാദികളായിരിക്കും. നിങ്ങൾ ഗവൺമെന്റിനും

For Group Contact us +91 9746065242

mappilaheritagelibrary.com

ഹിന്ദുക്കൾക്കും ഒരുപാട് ബുദ്ധമുട്ടുകളുണ്ടാക്കും. എനിക്കതിൽ സന്തോഷമേ ഉള്ളൂ! ഞാനൊന്നും പറഞ്ഞില്ല. ഞാനാകെ വിഷമിച്ചു. ഇദ്ദേഹം വെറുതെ തട്ടിവിട്ടതാണോ അതോ കാര്യം വല്ലതും അറിഞ്ഞിട്ടു തന്നെയാണോ?'

അലിഗറിൽ ഞങ്ങൾ അഞ്ചു ദിവസം മുമ്പെത്തി. അര മണിക്കൂറിനകം നവാബ് ഇമാദുൽ മുൽക്ക് ഞങ്ങളുടെ ടെന്റിൽ വന്നു. സ്ഥിതിയുടെ കിടപ്പും രണ്ടു പ്രമുഖരെ വശത്താക്കിയതും അറിയിച്ചു. പിന്നീട് ഒരു രഹസ്യയോഗം ചേർന്നു ഒരു രാഷ്ട്രീയ സംഘടനയുണ്ടാക്കാൻ തീരുമാനിച്ചു. പിന്നെയെങ്ങിനെ നീങ്ങണമെന്നായി ആലോചന. രഹസ്യയോഗത്തിൽ പങ്കെടുത്ത ഒരു മാന്യൻ പറഞ്ഞു, കുറച്ചുനാളുകൾക്ക് മുമ്പ് നവാബ് വഖാറുൽ മുൽക്ക് ഒരു രാഷ്ട്രീയ സംഘടന ഉണ്ടാക്കിയെന്നും അതിന് പേര് 'മുസ്‌ലിംലീഗ്' എന്നാണെന്നും. എന്നാൽ ഈ സംഘടന വെറും കടലാസ് സംഘടന മാത്രമായിരുന്നു. മാത്രവുമല്ല നവാബ് വഖാറുൽ മുൽക്കും നവാബ് ഇമാദുൽ മുൽക്കും തമ്മിൽ ഇടക്കാലത്തുണ്ടായ സ്വരച്ചേർച്ച ഇല്ലായ്മ കാരണം അതേ പേരിൽ ഒരു സംഘടന ഉണ്ടാക്കിയാൽ സ്വാഭാവികമായും അത് വളരെയധികം തെറ്റിദ്ധാരണകളുണ്ടാക്കുകയേ ഉള്ളൂ. കാര്യം ഗൗരവപൂർവ്വം ചർച്ച ചെയ്തു. അപ്പോൾ നവാബ് ഇമാദുൽ മുൽക്കിൽ നിന്ന് ഒരു നിർദ്ദേശമുണ്ടായി. ഒരു നിവേദകസംഘം നവാബ് വഖാറുൽ മുൽക്കിനെ കാണുക. അദ്ദേഹത്തിന്റെ സംഘടന പ്രവർത്തിക്കുന്ന ഒന്നാണെങ്കിൽ നമ്മളെല്ലാവരെയും അതിൽ അംഗങ്ങളാക്കുക. അതല്ലെങ്കിൽ അദ്ദേഹവും അദ്ദേഹത്തിന്റെ കൂടെയുള്ളവരും അത് മതിയാക്കി ഞങ്ങൾ ഉണ്ടാക്കാൻ പോകുന്ന സംഘത്തിൽ ചേരട്ടെ. അങ്ങിനെ നിശ്ചിത ദിവസങ്ങൾക്കകം നിപ്പോർട്ട് ചെയ്യാൻ അധികാരപ്പെടുത്തി ഒരു നിവേദകസംഘത്തെ കാര്യം ചുമതലപ്പെടുത്തി രഹസ്യയോഗം പിരിഞ്ഞു!

'ഈ കാലത്താണ് ഒരു മുസ്‌ലിം കോൺഗ്രസ്സ് ആരംഭിക്കുന്നതുൾപ്പെടെയുള്ള വിവിധ ആശയങ്ങൾ വിവിധ കേന്ദ്രങ്ങളിൽ ആലോചനാ വിധേയമായത്. ഇതു സംബന്ധിച്ച അണിയറ ജോലി നടന്നുകൊണ്ടിരിക്കേയാണ് ദൈവാധീനമെന്ന നിലക്ക് മിൻട്രോ-മോർലി ഭരണപരിഷ്കാരം നടപ്പിൽ വന്നത്. ഈ അവസരം നവാബ് മുഹ്സനുൽ മുൽക്ക് ശരിക്കും

For Group Contact us +91 9746065242

mappilaheritagelibrary.com

ഉപയോഗപ്പെടുത്തുകയും ഒരു ചവിട്ടുപടിയെന്ന നിലക്ക് വൈസ്രോയി മിൻട്രോ പ്രഭുവിനെ കാണാനുള്ള നിവേദകസംഘത്തെ സംഘടിപ്പിക്കുകയും ചെയ്തു. നവാബ് ഇമാദുൽ മുൽക്ക് തന്നെ നിവേദനപത്രിക എഴുതിയുണ്ടാക്കി. വൈസ്രോയിയുടെ മറുപടി അനുകൂലമായിരിക്കുമെന്നു രണ്ടു നവാബുമാർക്കും നേരത്തെ ഉറപ്പുലഭിച്ചിരുന്നു. മാത്രമല്ല, അന്നത്തെ ഹിന്ദു പത്രങ്ങൾ അന്തരീക്ഷം മോശമാക്കി തൻമൂലം വൈസ്രോയിയുടെ മറുപടിയും മോശമായിപ്പോകുന്നത് തടയാൻ കാര്യങ്ങൾ രഹസ്യമാക്കിവെക്കാനും നിഷ്കർഷത കാണിച്ചിരുന്നു. ആഗാഖാൻ നിവേദനപട്ടിക വായിക്കുംവരെ അത് പുറത്താരും അറിഞ്ഞിരുന്നില്ല.'

'ഇവിടെയും ഒരു തമാശയുണ്ടായി. പതിനൊന്നാം മണിക്കൂറാകുംവരെ, മാത്രമല്ല സംഗതി ആരും അറിഞ്ഞിരിക്കാത്ത ആ അവസരത്തിൽ ഞാൻ സ്വന്തം ഒരാവശ്യത്തിന് ബോംബെയിലെത്തി. ഞാൻ മി. ഗോഖലെയെ കാണാനിടയായി. അദ്ദേഹം നിർദ്ദിഷ്ടമായ നിവേദകസംഘത്തെപ്പറ്റിയും എന്നോട് പറഞ്ഞപ്പോൾ ഞാൻ ഞെട്ടിപ്പോയി. മുസ്‌ലിംകൾക്കിടയിൽ ചാരവൃത്തി നടക്കുകയാണോ എന്നു ഞാൻ ചോദിച്ചു. താൻ വൈസ്രോയിയുടെ കൗൺസിലിൽ ഒരംഗമാണെന്നും വൈസ്രോയി മറുപടി പറയും മുമ്പ് തന്നോടും ആലോചിക്കുമെന്നും അദ്ദേഹം പറഞ്ഞു.'

'അങ്ങിനെ സിംല സംഭവം വൻ വിജയമായി. മുസ്‌ലിംകൾ ഒന്നുഷാറായി -പാവങ്ങൾ' വൈസ്രോയിയുടെ ഒരു വമ്പിച്ച നേട്ടമായിട്ടാണ് അവർ കണക്കാക്കിയത്. നവാബ് മുഹ്സിനുൽ മുൽക്കിന്റെ നടപടി അതിമഹത്തായി അവർ കരുതി. ഇതിന്റെയൊക്കെ ഫലമായി മുഹമ്മദൻ എജ്യുക്കേഷനൽ കോൺഫറൻസ് രണ്ടു ദിവസം ഡാക്കയിൽ വെച്ചു നടക്കുകയും നവാബ് വകാറുൽ മുൽക്ക് അദ്ധ്യക്ഷനായി ചേർന്ന യോഗത്തിൽ വെച്ച് മുസ്‌ലിംലീഗ് സംഘടന ഔപചാരികമായി രൂപംകൊള്ളുകയും ചെയ്തു.

''തുടർന്നു മുസ്‌ലിംലീഗിലുണ്ടായ ഒട്ടേറെ തമ്മിൽതല്ലലും ഗ്രൂപ്പു വടംവലികളും പഞ്ചാബ് ഗ്രൂപ്പും അലിഗർ ഗ്രൂപ്പും ഉരസിയതും അതിനെ നിയന്ത്രിക്കാൻ മൂഹമ്മദലിയും മുഹമ്മദ് ഷാഫിയും

For Group Contact us +91 9746065242

mappilaheritagelibrary.com

തമ്മിൽ ഗ്രൂപ്പ് വടംവലി നടക്കുന്നതും എല്ലാം എല്ലാവരും അറിയുന്ന ഒന്നായിത്തീർന്നിരിക്കുന്നു. ഒരു കാര്യം തീർച്ചയാണ് നവാബ് ഇമാദുൽ മുൽക്കും സർ വാൾട്ടർ ലോറൻസും തമ്മിൽ നടന്ന ഒരു സ്വകാര്യ ചർച്ചയാണ് മുസ്ലിംലീഗിന് അടിസ്ഥാന ശിലയിട്ടത്. കോൺഗ്രസസിന്റെ രൂപവൽക്കരണത്തിലും അവർക്ക് കൈയുണ്ട്. ആദ്യകാലങ്ങളിൽ ലീഗ് ഗവൺമെന്റിന്റെ ആൾക്കാരുടെ കൈയിലായിരുന്നു. ദൈവത്തിന് നന്ദി. ഇന്ന് (1943)-ൽ ലീഗ് തികച്ചും മാറിയിരിക്കുന്നു. ഇന്ന് മുസ്ലിംലീഗ് തികച്ചും സ്വതന്ത്രവും, കൂടുതൽ ശക്തവും ഉപഭൂഖണ്ഡത്തിലെ മുഴുവൻ മുസ്ലിംകളെയും പ്രതിനിധാനം ചെയ്യുന്നതുമാണ്. പഴയകാലത്തെ അന്തഛിദ്രമോ ഉൾപോരോ ഇല്ലാത്ത ഭദ്രമായ ഒരു സംഘടനയാണെന്ന് ശത്രുക്കൾ പോലും സമ്മതിക്കുന്നു. " സൗഖി കൂട്ടിച്ചേർത്തു.

അതെ, ഒരു കാലം മുസ്ലിംലീഗിന്റെ വിരോധിയായിരുന്ന മുഹമ്മദലി ജിന്ന, മുസ്ലിംലീഗിൽ ചേർന്നിട്ടും അതിന്റെ ന്യായങ്ങൾ വളരെക്കാലത്തോളം പൂർണ്ണമായി ഉൾക്കൊള്ളാത്ത മുഹമ്മദലി ജിന്ന, ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ മുസ്ലിം ജനകോടികളുടെ സംഘടനയാക്കി അതിനെ മാറ്റിയെടുത്തു. അദ്ദേഹം ഇന്ത്യൻ മുസ്ലിംകളുടെ 'ഖാഇദേഅഅ്സം' (മഹാനായ നേതാവ്) ആയി സർവ്വസമ്മതനായി അംഗീകരിക്കപ്പെടുകയും ചെയ്തു. ഇന്ത്യൻ മുസ്ലിം നവോത്ഥാനത്തിന്റെ ചരിത്രത്തിൽ അത്ഭുതാവഹമായ ഒരു പ്രതിഭാസമായി നിൽക്കുന്ന അപൂർവ്വമായ ഒരദ്ധ്യായമാണ്. 'ഖാഇദെ അഅ്സം' -മഹാനായ നേതാവ്! മുഹമ്മദലി ജിന്നക്ക് ഈ ബഹുമതി എങ്ങിനെ ലഭിച്ചു?

ഇന്ത്യയിലെ മുസ്ലിം ഭരണാധികാരികളുടെയും നേതാക്കൻമാരുടെയും ജീവചരിത്രം പരിശോധിച്ചാൽ സ്ഥാനപ്പട്ടങ്ങൾ ലഭിക്കുക സർവ്വസാധാരണമാണെന്നു കാണാം. മുഗിള രാജാക്കൻമാരുടെ ഭരണകാലം തൊട്ട് ഭരണാധികാരികൾക്ക് ബഹുമതിപ്പട്ടം കിട്ടിവന്നിരുന്നു. ചില രാജാക്കൻമാർക്ക് അവരുടെ പിതാക്കളും മറ്റും ചില പ്രമുഖ വ്യക്തികൾക്ക് ഭരണാധികാരികളും ബഹുമതികൾ കൽപ്പിച്ചരുളിയതായി കാണാം. ചിലർ ഈ ബഹുമതിപ്പട്ടം കുടുംബപാരമ്പര്യമായി ഉപയോഗിച്ചു പോന്നിരുന്നു. ഇന്ന് ഇംഗ്ലണ്ടിലെ പ്രഭു കുടുംബാംഗങ്ങൾ ആസ്ഥാന പദവി

For Group Contact us +91 9746065242

mappilaheritagelibrary.com

പിന്തുടർച്ചാവകാശമായി നിലനിറുത്തുന്നതുപോലെ ഇന്ത്യയിലും ഇങ്ങിനെ ചില ബഹുമതിപ്പട്ടങ്ങൾ കുടുംബപാരമ്പര്യമായി അഗീകരിച്ചുപോന്നു. ഡക്കാൻ പീഠഭൂമി അടക്കിഭരിച്ചിരുന്ന (1712 മുതൽ 1719 വരെ) ഫാറൂഖ് സിയ്യാർ തന്റെ 'സുബേദാറാ'യി (വൈസ്രോയി) ചിൻഖാലിഫ്ഖാൻ ബഹദൂറിനെ നിയമിക്കുകയും അദ്ദേഹത്തിന് നിസാമുൽ മുൽക്ക് എന്നസ്ഥാനപ്പേര് നൽകുകയും ചെയ്തു. പിന്നീട് അതിന്റെ ചുരുക്കമായി 'നൈസാം' ഒരു കുടുംബ പാരമ്പര്യമാവുകയും 1724-ലെ ബീഹാർ യുദ്ധാനന്തരം ആവഹ്ജാ നൈസാം രാജവാഴ്ചക്ക് അടിത്തറ പാകുകയും ചെയ്തുവെന്ന് കേംബ്രിഡ്ജ് ഇന്ത്യാചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നൈസാം തന്റെ പ്രധാനമന്ത്രിക്കും, ധനകാര്യമന്ത്രിക്കും മറ്റു ചില മന്ത്രിമുഖ്യൻമാർക്കും ബഹുമതിപ്പട്ടങ്ങൾ നൽകി. അവർ സ്വന്തം പേരിനെക്കാളുപരി അറിയപ്പെട്ടതും സ്ഥാനപ്പേരുകളിലായിരുന്നു. ഉദാ: സലാർജംഗ്, മുഹ്സിനുൽ മുൽക്ക്, വഖാറുൽ മുൽക്ക്, ഇമാദുൽ മുൽക്ക്, ബഹദൂർ യാർജംഗ്...

ഇന്ത്യയിലെ മറ്റു പല നാട്ടുരാജാക്കൻമാരും ബഹുമതിപ്പട്ടങ്ങൾ അവരുടെ ഇഷ്ടക്കാർക്ക് നൽകിപ്പോന്നു. ബ്രിട്ടീഷുകാരും ഖാൻ ബഹദൂർ, ഖാൻ സാഹിബ്, റാവു ബഹദൂർ, റാവു സാഹിബ്, ഒ.ബി.ഇ. (ഓർഡർ ഓഫ് ബ്രിട്ടീഷ് എമ്പയർ) എന്നീ സ്ഥാനപ്പട്ടങ്ങളും ബഹുമതിയും അംഗീകാരവും നൽകി ചിലരെ ആദരിച്ചു. സർ സയ്യിദ് അഹ്മദ് ഖാന്റെ അഭിപ്രായത്തിൽ (ഇന്ത്യൻ വിപ്ലവത്തിനുള്ള കാരണങ്ങൾ 1857 എന്ന ഗ്രന്ഥത്തിൽ) ശിപായി ലഹളയുടെ കാരണങ്ങളിലൊന്ന് പഴയ ചക്രവർത്തിമാർ കൽപിച്ചു നൽകിയ ബഹുമതിമുദ്രകൾ ബ്രിട്ടീഷ് ഭരണകൂടം അംഗീകരിക്കത്തതിലുണ്ടായ അസംതൃപ്തിയായിരുന്നു. അന്ന് ഭരണകൂടത്തിൽ അംഗീകാരവും ബഹുമതിയും ഈ സ്ഥാനപ്പട്ടങ്ങൾക്കനുസരിച്ചാക്കി മാറ്റിയെടുക്കുവാൻ ബ്രിട്ടീഷ് സാമ്രാജ്യഭരണകൂടത്തിന് കാലക്രമേണ കഴിഞ്ഞു. പൊതുവേദികളിലും ഔദ്യോഗിക ചടങ്ങുകളിലും ബഹുമതിപ്പട്ടം ഔദ്യോഗിക അഗീകാരത്തിന്റെ മുദ്രയായി സ്വീകരിക്കപ്പെട്ടു. അതുകൊണ്ടുതന്നെ ബ്രിട്ടീഷ് ഭരണകൂടം പല പ്രമാണിമാരുടെയും കൂറും കനിവും എളുപ്പം നേടിയെടുക്കുകയും ചെയ്തു. അന്നത്തെ നാട്ടുമുഖ്യൻമാരും ജന്മി-പ്രഭുക്കൻമാരും ബ്രിട്ടീഷ് ഭരണകൂടത്തിന്റെ ബഹുമതിപ്പട്ടം

For Group Contact us +91 9746065242

mappilaheritagelibrary.com

നേടിയെടുക്കാൻ നെട്ടോട്ടം നടത്തുകയും ചെയ്തിരുന്നു. എന്നാൽ ബ്രിട്ടീഷ് ഗവൺമെന്റാകട്ടെ ബഹുമതിപ്പട്ടം ലഭിച്ചവർ ആസ്ഥാനത്തിനർഹരായിത്തീരുംവണ്ണം കീർത്തിമുദ്രകൾക്ക് ചില യോഗ്യതകൾ നിർണ്ണയിച്ചിരുന്നുവെന്ന വസ്തുത വിസ്മരിച്ചുകൂടാ, ഒരുപക്ഷേ അതുകൊണ്ട് തന്നെയാവാം ബഹുമതിപ്പട്ടം ലഭിച്ച ചിലരെങ്കിലും സമൂഹത്തിൽ പദവി എന്നതിനെക്കാളുപരി സേവനപാരമ്പര്യം കൊണ്ട് അനുസ്മരിക്കപ്പെടുന്നവരായിത്തീർന്നത്.

ബഹുമതിപ്പട്ടവും കീർത്തിമുദ്രകളും മുഗളരുടേയോ, ബ്രിട്ടീഷ് ഭരണകൂടത്തിന്റെയോ മാത്രം കുത്തകയായിരുന്നില്ല. സ്വതന്ത്രഭാരതത്തിൽ പോലും ജനാധിപത്യ ഗവൺമെന്റ് "ഭാരത രത്ന" മുതൽ 'പത്മശ്രീ' വരെ ബഹുമതിപ്പട്ടം നൽകി ആദരിക്കുന്നത് നാം ഇന്നു കാണുന്നു. എല്ലാ രാജ്യങ്ങൾക്കും അവരുടെ നാട്ടിലെ വിവിധ രംഗങ്ങളിൽ പ്രഗൽഭരും പ്രാമാണികരുമായ വ്യക്തികളേയും മറ്റു രാജ്യങ്ങളിൽ നിന്നുള്ളവരെയും ബഹുമതി നൽകി ആദരിക്കുന്ന സമ്പ്രദായമുണ്ട്.

ഇന്ത്യ സ്വാതന്ത്ര്യം നേടുന്നതിന് മുമ്പ്, ദേശീയബോധവും, ബ്രിട്ടന്റെ കോളനിവാഴ്ചയോട് വെറുപ്പും ഉള്ള ദേശീയ നേതാക്കൻമാർ ബ്രിട്ടീഷ് ഭരണകൂടത്തിന്റെ ബഹുമതിപ്പട്ടങ്ങൾക്ക് തലവെച്ചു നീട്ടാറുണ്ടായിരുന്നില്ല. അങ്ങിനെ ബഹുമതിപ്പട്ടം ലഭിച്ച ഒട്ടേറെ പേർ സ്വാതന്ത്ര്യസമരരംഗത്ത് വന്നതിൽ പിന്നെ ബ്രിട്ടനോടുള്ള പ്രതിഷേധസൂചകമായി സ്ഥാനമുദ്രകൾ തിരിച്ചേൽപ്പിച്ചതും സർവ്വസാധാരണമായിരുന്നു.

ഇതിനു പുറമേ ദേശീയ സ്വാതന്ത്ര്യപോരാളികൾക്ക് ജനങ്ങൾ തന്നെ ബഹുമതിപ്പട്ടങ്ങൾ നൽകുകയുണ്ടായി. 'നേതാജി' (പ്രിയങ്കരനായ നേതാവ്) സുഭാഷ് ചന്ദ്രബോസിനെയും, 'മഹാത്മാ' (മഹാത്മാവ് എന്നർത്ഥത്തിൽ) ഗാന്ധിജിയെയും 'ലോകമാന്യ' (ബഹുജനങ്ങളുടെ ആരാധനാപാത്രം എന്നർത്ഥത്തിൽ) ബാലഗംഗാധര തിലകനേയും, 'ദേശബന്ധു' (ജനങ്ങളുടെ പ്രിയങ്കരനായ സഹോദരൻ) സി.ആർ. ദാസിനെയും ഇന്ത്യൻ ജനത അങ്ങിനെയാണ് ബഹുമതിപ്പട്ടം നൽകി ആദരിച്ചത്. ഗാന്ധിജിക്ക് 'മഹാത്മാവ്' എന്ന ബഹുമതിപ്പട്ടം ആദ്യമായി നൽകിയത് രവീന്ദ്രനാഥ ടാഗോറായിരുന്നു. 'സത്യത്തിന്റെ കാഹളം' (കാൾ ഓഫ് ട്രൂത്ത്) എന്ന തന്റെ ഗ്രന്ഥത്തിൽ "ഇന്ത്യയിലെ

For Group Contact us +91 9746065242

mappilaheritagelibrary.com

അശരണരായ ദശലക്ഷം ജനങ്ങൾ തങ്ങളെപ്പോലെ വസ്ത്രം ധരിച്ചു, തങ്ങളുടെ ഭാഷയിൽ സംസാരിക്കുന്ന ഒരാളെ'' കണ്ടെത്തുകയും അദ്ദേഹം അവർക്ക് ''സത്യത്തിന്റെ ശക്തി'' പകർന്നുകൊടുക്കുകയും ചെയ്തുവെന്നും ടാഗോർ വിശദീകരിച്ചു.

പുരാതനകാലം മുതൽ തന്നെ മുസ്‌ലിംകളിൽ ഇങ്ങിനെ ബഹുമതിപ്പട്ടം നൽകിവരുന്ന സമ്പ്രദായം നിലവിലുള്ളതായി ചില ഇസ്‌ലാമിക ചരിത്രകാരൻമാർ രേഖപ്പെടുത്തിയിട്ടുണ്ട്. ഇമാം ഗസ്സാലിയെപ്പോലുള്ള ഒരു പണ്ഡിതവര്യൻ (1058-1111) പിൽക്കാലത്ത് 'ഹുജ്ജത്തുൽ ഇസ്‌ലാം' (ഇസ്‌ലാമിന്റെ പ്രമാണം) എന്ന പേരിൽ അറിയപ്പെട്ടു. അതുപോലെ 1253-1325 കാലഘട്ടത്തിൽ ജീവിച്ചിരുന്ന കവിവരേണ്യൻ അമീർ ഖുസ്രു 'തൂത്തെ ഹിന്ദ്' (ഇന്ത്യയുടെ രാക്കുയിൽ) എന്നുമറിയപ്പെട്ടിരുന്നു.

ഇന്ത്യയിൽ സ്വാതന്ത്ര്യത്തിന്നു മുമ്പ് മുസ്‌ലിംകൾക്കിടയിൽ ജനങ്ങൾ ബഹുമതിപ്പട്ടങ്ങൾ നൽകി ആദരിച്ച ഒട്ടേറെ നേതാക്കളുണ്ടായിരുന്നു. മൗലാനാ അബുൽകലാം ആസാദിന് 'ഇമാമുൽ ഹിന്ദ്', ഹക്കീം അജ്മൽ ഖാനു 'മസീഹുൽ മുൽക്ക്' മൗലാനാ മുഹമ്മദലിക്കു 'റഈസുൽ അഹ്റാർ' എന്നീ ബഹുമതികൾ ജനങ്ങൾ നല്കിയതായിരുന്നു. അല്ലാമാ ഇഖ്ബാലിന് അന്ന് ജനങ്ങൾ നൽകിയ ബഹുമതികൾ 'ഷായിറെ ഇസ്‌ലാം' (ഇസ്‌ലാമിന്റെ കവി), 'ഷായിറെ മഷ്‌രിക്ക്' (കിഴക്കിന്റെ കവി) എന്നിവയായിരുന്നു.

'ഖാഇദേ അഅ്സം' (ഏറ്റവും മഹാനായ നേതാവ്) എന്ന ബഹുമതി പല മുസ്‌ലിം നേതാക്കൾക്കും പല സന്ദർഭങ്ങളിലും പലരും നൽകിയിരുന്നുവെങ്കിലും മൂഹമ്മദലി ജിന്നയുടെ പേരിനൊപ്പമാണ് ഇന്ത്യയിലെ ജനലക്ഷങ്ങൾ നൽകിയ ഓമനപ്പേരായി ഈന്ത്യാചരിത്രത്തിൽ ഈ ബഹുമതിമുദ്ര തിളങ്ങിനിൽക്കുന്നത്. ഡോ. അൻസാരിക്കും മൗലാനാ മുഹമ്മദലിക്കും, മുസ്തഫാ കമാൽഅത്താ അൽ തുർക്കിനും വടക്കെ ഇന്ത്യയിലെ പത്രമാസികകൾ പലപ്പോഴും ഖാഇദേ അഅ്സം എന്ന സ്ഥാനപ്പേര് നൽകിയിരുന്നു. മൗലാനാ മുഹമ്മദലിയുടെ മരണവാർത്ത ബിജ്നൂരിലെ ദൈവാരികയായ 'മദീന' പ്രസിദ്ധീകരിച്ചത്, 'ഖാഇദേ അഅ്സമിന്റെ വഫാത്ത്' എന്ന ശീർഷകത്തിലായിരുന്നു.

For Group Contact us +91 9746065242

mappilaheritagelibrary.com

മുസ്ലിം നേതാക്കൻമാരോടുള്ള സ്നേഹബഹുമാനാദര വുകൾ പ്രകടിപ്പിക്കാൻ സമുദായം അങ്ങിനെ ഇഷ്ടംപോലെ സ്ഥാനപ്പേരും ബഹുമതിപ്പേരും വർഷിച്ചുകൊണ്ടിരിക്കുമ്പോൾ മുഹമ്മദ്അലി ജിന്നയെപ്പോലുള്ള ഒരു നേതാവിന് 1930-ന്റെ അവസാനകാലം മുതൽ "ഖാഇദേ അഅ്സമെന്ന" ബഹുമതി കിട്ടിയതിൽ അത്രയൊന്നും അത്ഭുതപ്പെടാനില്ല. എന്നാൽ ആ ബഹുമതിക്ക് ഇന്ത്യൻ രാഷ്ട്രീയ ചരിത്രത്തിൽ സ്ഥിരപ്രതിഷ്ഠ ലഭിച്ചത് അക്ഷരത്തിലും അർത്ഥത്തിലും അതിനു അർഹനായ മുഹമ്മദലി ജിന്നയുടെ പേരിനോട് അത് ചേർന്നപ്പോഴാണെന്നത് തർക്കമറ്റ വസ്തുതയാണ്.

'ഖാഇദേ അഅ്സം' എന്ന ബഹുമതി ജിന്നാ സാഹിബിന് ലഭിച്ചതിനച്ചൊല്ലി ഒരു വിവാദമുണ്ട്. ജിന്നക്ക് ആ പേര് നൽകിയത് ഗാന്ധിജിയായിരുന്നുവെന്നാണ് മൗലാനാ അബുൽ കലാം ആസാദിന്റെ അഭിപ്രായം. 'ഖാഇദേ അഅ്സം' എന്ന പേര് ജിന്നക്ക് ആദ്യം നൽകിയതും അതിനു പ്രചാരമുണ്ടാക്കിയതും ഗാന്ധിജിയായിരുന്നുവെന്നതിന് മൗലാനാ ആസാദ് ഒരു സംഭവം ഉദ്ധരിക്കുന്നു. അന്ന് ഗാന്ധിജിയുടെ കൂടെ ആശ്രമത്തിലെ അന്തേവാസികളിൽ മിസ്സ് ആംതുസ്സ് സലാം എന്നു പേരായ ഒരു മുസ്ലിം വനിതയുണ്ടായിരുന്നുവത്രെ. അവർ, ജിന്നയെക്കുറിച്ച് ചില ഉർദു പത്രങ്ങൾ 'ഖാഇദേ അഅ്സം' എന്ന് ബഹുമാനസൂചകമായി എഴുതിയത് വായിച്ചിരുന്നു. ഒരിക്കൽ ഗാന്ധിജി, ജിന്നയുമായി കൂടിക്കാഴ്ചക്കായി ഒരു കത്തെഴുതാൻ നേരത്ത് ജിന്നയെ ചില പത്രങ്ങൾ 'ഖാഇദേ അഅ്സം' എന്ന് വിശേഷിപ്പിക്കുന്ന വിവരം അവർ ഗാന്ധിജിയെ അറിയിക്കുകയും ഗാന്ധിജി അങ്ങിനെ അഭിസംബോധന ചെയ്യണമെന്ന് അപേക്ഷിക്കുകയും ചെയ്തു.

''അതിന്റെ മറ്റ് അനന്തരഫലങ്ങളൊന്നും ആലോചിക്കാനിടം കൊടുക്കാതെ ഗാന്ധിജി ജിന്നയെ 'ഖാഇദേ അഅ്സം' എന്ന് സംബോധന ചെയ്ത് കത്തെഴുതി . ഈ കത്ത് ഉടൻ പത്രങ്ങളിൽ പ്രസിദ്ധീകരിക്കപ്പെട്ടു. ഗാന്ധിജി തന്നെ ജിന്നയെ 'ഖാഇദെ അഅ്സം' എന്നു വിളിക്കുന്നത് കണ്ടപ്പോൾ ഇന്ത്യയിലെ മുസ്ലിംകളും അദ്ദേഹം അങ്ങിനെ തന്നെയായിരിക്കുമെന്ന് കരുതി. മൗലാനാ ആസാദ്

For Group Contact us +91 9746065242

mappilaheritagelibrary.com

രേഖപ്പെടുത്തിയിരിക്കുന്നു.

എം.സി. ഛഗ്ള തന്റെ ജീവചരിത്ര ഗ്രന്ഥത്തിലും ഗാന്ധിജി നൽകിയ 'ഖാഇദേ അഅ്സം' എന്ന സ്ഥാനപ്പേര് ജിന്ന കൃതാർത്ഥതയോടും അഭിമാനത്തോടും സ്വീകരിച്ചുവെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

മൗലാനാ ആസാദിന്റെ അഭിപ്രായങ്ങളെ ജിന്നാ സാഹിബിന്റെ ജീവചരിത്രകാരൻമാരിൽ ഒരാളായ ശരീഫുദ്ദീൻ പിർസാദ ഖണ്ഡിക്കുന്നു. ഗാന്ധിജിയുടെ കത്തിൽ അങ്ങിനെ എഴുതിയിട്ടില്ലെന്നും അല്ലെങ്കിൽ തന്നെ ജിന്നയെ സമുദായം 'ഖാഇദെ അഅ്സം' ആക്കി സ്വീകരിച്ചു കഴിഞ്ഞതാണെന്നും പിർസാദ വാദിക്കുന്നു. മൗലാനാ ആസാദ് ഇങ്ങിനെ പറയുന്നതിന് കാരണം 1921-ൽ ആസാദിനേയും ചിലപ്പോൾ ഖാഇദെ അഅ്സമെന്ന് വിശേഷിപ്പിക്കപ്പെട്ടിരുന്നുവെന്നും പിന്നീടത് ജിന്നക്ക് ലഭിച്ചതിലുള്ള മനക്ലേശം മനുഷ്യസഹജമാണെന്നും പിർസാദ തുടരുന്നു.

ഇതൊക്കെയാണെങ്കിലും ഒരു കാര്യം അനിഷേധ്യമാണ്. ഗാന്ധിജി ജിന്നാ സാഹിബിനെ 'ഖാഇദേ അഅ്സം' എന്നു അഭിസംബോധന ചെയ്തപ്പോൾ അത് ജിന്നയുടെ അനുയായികളുടെ മനോവീര്യം വർദ്ധിപ്പിക്കുകയും ജിന്നയുടെ പ്രതിച്ഛായ ഉയർത്താൻ ശ്രമിച്ച അവർക്ക് നല്ല അവസരം പ്രദാനം ചെയ്യുകയുമുണ്ടായി.

ഗാന്ധിജിയെപ്പോലെ വമ്പിച്ച ജനസ്വാധീനമുള്ള ഇന്ത്യയിലെ ഒരു ജനനേതാവ് ജിന്നയെ 'ഖാഇദെ അഅ്സം' എന്ന് ബഹുമാനപൂർവ്വം അഭിസംബോധന ചെയ്യുമ്പോൾ ഏതു നിലക്കും മുഹമ്മദലി ജിന്ന മുസ്ലീംകളുടെ 'മഹാനായ നേതാവായി' അംഗീകരിക്കപ്പെടുമെന്ന വസ്തുത അനിഷേധ്യമാണ്.

'ഖാഇദേ അഅ്സം' എന്ന ബഹുമതി നൽകിയത് ജംഇയ്യത്തുൽ ഉലമാ -എ ഹിന്ദിന്റെ സെക്രട്ടറിയായിരുന്ന മൗലാനാ അഹ്മദ് സഹീദാണെന്ന പക്ഷവുമുണ്ട്. വളരെ രസകരമായ ഒരു വിവാദം ഇതിനെത്തുടർന്നുണ്ടായി. ദൽഹിയിൽ നിന്ന് പുറപ്പെടുന്ന ദൈവാരികയായ 'അൽഅമീന്റെ' പത്രാധിപർ മൗലാനാ മസ്ഹറുദ്ദീൻ ഖാഇദേ അഅ്സമെന്ന ബഹുമതി മുദ്ര നൽകിയെന്ന് ജമാലുദ്ദീൻ അഹ്മദ് എന്ന ലീഗ് നേതാവ് 'ഖാഇദെ അഅ്സം

For Group Contact us +91 9746065242

mappilaheritagelibrary.com

സംഗ്രഹം' എന്ന ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നു. ''എന്നാൽ മുഹമ്മദ് അമീൻ സുബേരി മറഹ്റാവി ഖണ്ഡിതമായും പറയുന്നത് ജംഇയ്യത്തുൽ ഉലമാ -എ ഹിന്ദ് ജനറൽ സെക്രട്ടറി, 1936 ഡിസംബർ 07-നു മുറാദാബാദിലെ ജുമാമസ്ജിദിലെ പ്രസംഗത്തിൽ 'ഖാഇദേ അഅ്സം' എന്ന് അഭിസംബോധന ചെയ്തുവെന്നാണ്". അദ്ദേഹം ഇങ്ങിനെ പറഞ്ഞുവത്രെ:

''ഇന്ന് ജീവിച്ചിരിക്കുന്ന മുസ്‌ലിം നേതാക്കളിൽ ജിന്നയേക്കാളും നന്നായി രാഷ്ട്രീയം അറിയുന്നവർ മറ്റാരുമില്ല -അതുകൊണ്ട് അദ്ദേഹം മുസ്‌ലിംകളുടെ 'ഖാഇദേ അഅ്സം' എന്ന സ്ഥാനപ്പേരിന് തികച്ചും അർഹനാണ്."

കോൺഗ്രസ്സിന്റെ ഒരു പോഷകസംഘടനയായ ജംഇയ്യത്തുൽ ഉലമാ എ ഹിന്ദ് അങ്ങിനെ പറഞ്ഞതിന്റെ പൊള്ളത്തരം ചൂണ്ടിക്കാണിക്കുന്നവർക്കും മൗലാനാ മുഹമ്മദ് സുബേരിക്ക് മറുപടിയുണ്ട്. ഒന്ന്, 1936-ൽ ജംഇയ്യത്ത് ലീഗിന് എതിരായിരുന്നില്ല. രണ്ട്, സമുദായിക അവാർഡ് നിർദ്ദേശം കോൺഗ്രസ്സ് തള്ളിക്കളഞ്ഞതിന്റെ വളരെയധികം മാനസികവിഷമം ജമാഅത്തിനുണ്ടായിരുന്നു. അവർ ലീഗ് എടുത്ത അതേ നിലപാടാണ് ഇക്കാര്യത്തിൽ കൈക്കൊണ്ടത്. മൂന്ന്, 1928 മുതൽ 1937 വരെ നടത്തിയ എല്ലാ ദേശീയ കൺവെൻഷനുകളിലും ജിന്ന എടുത്ത നിലപാടുകളും ജിന്നയുടെ രാഷ്ട്രീയവും നയവും പരിപാടികളും ജംഇയ്യത്ത് തുടർച്ചയായി അനുകൂലിച്ചുകൊണ്ടിരുന്നു. മാത്രമല്ല 1929 ജനുവരി അഞ്ചിനു ജംഇയ്യത്തിന്റെ മുഖപത്രമായ ''അൽ ജംഇയ്യത്ത്'' എഴുതിയ ശ്രദ്ധേയമായ മുഖപ്രസംഗത്തിൽ ദേശീയ കൺവെൻഷൻ ജിന്നയുടെ ഭേദഗതികൾ തള്ളിയതിനെ നിശിതമായി വിമർശിക്കുകയും, 'ജിന്നയുടെ ഒരേയൊരു കുറ്റം ജിന്ന ഒരു മുസ്‌ലിം ആയിപ്പോയതും അദ്ദേഹം മുസ്‌ലിംകളെ പ്രതിനിധാനം ചെയ്തതും മാത്രമാണെന്നും തുറന്നടിക്കുകയും ചെയ്തിരുന്നു. മാത്രമല്ല മൂന്നുമാസം കഴിഞ്ഞപ്പോൾ ജിന്നയുടെ 14 ഇനങ്ങൾ എതിർക്കുന്നവരെ 'അൽ ജംഇയ്യത്ത്' ഭത്സിക്കുകയും ജിന്നയുടെ നേതൃത്വവും രാഷ്ട്രീയ പരിപാടികളും സ്വീകരിക്കുകയും ചെയ്തിരുന്നുവെങ്കിൽ അത് ഇന്ത്യൻ രാഷ്ട്രീയത്തിൽ വമ്പിച്ച വിപ്ലവമുണ്ടാക്കുമായിരുന്നു എന്ന് പ്രസ്താവിക്കുകയും ചെയ്തു.'

For Group Contact us +91 9746065242

mappilaheritagelibrary.com

സ്ഥാനമാനങ്ങളും പദവികളും തിരസ്കരിച്ച വ്യക്തിയായിരുന്നു ജിന്ന, ബ്രിട്ടീഷ് വൈസ്രോയിമാർ ഒന്നിലധികം തവണ സർ സ്ഥാനം ഓഫർ ചെയ്തപ്പോൾ മുഖംതിരിച്ച ജിന്ന സർവ്വകലാശാലകളിൽ നിന്ന് ഓണററി ബിരുദങ്ങൾ പോലും സ്വീകരിച്ചിരുന്നില്ല. തനിക്കേറ്റവും പ്രിയപ്പെട്ട അലിഗർ സർവ്വകലാശാലാ ഓണററി ബഹുമതി സ്വീകരിക്കാനയച്ച ക്ഷണം നിരസിച്ചുകൊണ്ട് അന്നത്തെ വൈസ് ചാൻസ്‌ലർ ഡോ. സിയാവുദ്ദീൻ അഹ്മദിനു 1942 ഒക്ടോബർ 4-നു അയച്ച കത്തിൽ അദ്ദേഹം പറഞ്ഞു:

'...അങ്ങേയറ്റം വൈമനസ്യത്തോടെ ഞാൻ പറയട്ടെ, ഞാൻ മി. ജിന്നയായിട്ടാണ് ജീവിച്ചത്. വെറും മി. ജിന്നയായി മരിക്കണമെന്നും ഞാൻ പ്രത്യാശിക്കുന്നു. എന്തെങ്കിലും പദവിയോ സ്ഥാനമോ സ്വീകരിക്കുന്നതിൽ ഞാൻ അത്യധികം വിരോധമുള്ള ഒരാളാണ്. എന്റെ പേരിനൊപ്പം മറ്റൊന്നുമില്ലാതിരിക്കുന്നതിലാണ് എനിക്ക് സന്തോഷം.'

ഇങ്ങിനെ ബഹുമതികളൊന്നും ഇഷ്ടപ്പെടാത്ത ജിന്ന 'ഖാഇദേഅഅ്സം' എന്നു തന്നെ വിളിക്കുന്നതിനെ തടഞ്ഞില്ല. അലിഗർ സർവ്വകലാശാലാ വൈസ്ചാൻസ്‌ലറായിരുന്ന ഡോ. സക്കീർ ഹുസൈൻ ജിന്നയെ 'ഖാഇദെ അഅ്സം' എന്ന് അഭിസംബോധന ചെയ്തതിനെ ജിന്ന സ്വാഗതം ചെയ്തത് എന്തുകൊണ്ടായിരിക്കും?

ഒന്ന് : ഇന്ത്യയിലെ മുസ്‌ലിം ജനത അവരുടെ ഏറ്റവും പ്രിയങ്കരനായ നേതാവായി തന്നെ സ്വീകരിക്കുന്നു എന്നർത്ഥത്തിൽ അദ്ദേഹം 'മഹാനായ നേതാവ്' എന്ന് ആഗ്രഹിച്ചു. മറ്റൊന്ന് മുസ്‌ലിം സമുദായം തന്റെ പരമാധികാരനേതൃത്വം അംഗീകരിക്കുന്നതിന്റെ തെളിവായി 'ഖാഇദെ അഅ്സം' എന്ന സംബോധന ജിന്നാസാഹിബ് അംഗീകരിച്ചു. 1938 മുതൽ ഇന്ത്യൻ രാഷ്ട്രീയത്തിൽ ഉരുത്തിരിഞ്ഞ കോൺഗ്രസ്സ് -ലീഗ് വടംവലിയിൽ മുസ്‌ലിംകളുടെ അംഗീകൃത രാഷ്ട്രീയ നേതൃത്വം ലീഗിന്ന് മാത്രമാണെന്നും മുസ്‌ലിം സമുദായത്തിനുവേണ്ടി വാദിക്കാനർഹത ലീഗിന്ന് മാത്രമാണെന്നും മുസ്‌ലിംകളുടെ 'ഖാഇദെ അഅ്സം' പറയുന്നത് മുസ്‌ലിം സമുദായത്തിന്റെ ശബ്ദമാണെന്നും കോൺഗ്രസ്സടക്കമുള്ള കക്ഷികളെക്കൊണ്ട് അംഗീകരിക്കപ്പെടു

For Group Contact us +91 9746065242

mappilaheritagelibrary.com

കയെന്നതാണ് ഈ ബഹുമതി സ്വീകരിക്കുന്നതിന് പ്രേരകമെന്നും ഒരു ജീവചരിത്രകാരൻ അഭിപ്രായപ്പെടുന്നു.

കോൺഗ്രസ്സുമായി ഇഞ്ചോടിഞ്ച് പൊരുതി മുപ്പതുകളിലെ മുസ്‌ലിംലീഗ് നേതൃത്വവും അന്നത്തെ ഉത്തരേന്ത്യൻ രാഷ്ട്രീയ പശ്ചാത്തലവും കോൺഗ്രസ്സ് ലീഗ് വടംവലിയും ഏത് രീതിയിലായിരുന്നുവെന്ന് ഡോ. അംബേദ്കറുടെ വാചകങ്ങളിൽ ഒരു ചരിത്രവിദ്യാർത്ഥിക്ക് മനസ്സിലാക്കാം.

''എതിർത്തു നിൽക്കുന്ന രണ്ട് രാഷ്ട്രങ്ങൾ ആയുധപ്പന്തയം നടത്തുന്നതുപോലെയാണ് ഹിന്ദുക്കളും മുസ്‌ലിംകളും സഞ്ചരിച്ചത്. മുസ്‌ലിംകളുടെ ഓറംഗസീബിനോട് കിടപിടിക്കാനാണ് ഹിന്ദുക്കൾ ശിവാജി പുരാണം സൃഷ്ടിച്ചത്. മറ്റു രംഗങ്ങളിലും അതു കാണാനിടയായി. ഹിന്ദുക്കൾക്ക് ബനാറസ് സർവ്വകലാശാലയുണ്ടെങ്കിൽ മുസ്‌ലിംകൾക്ക് അലിഗർ സർവ്വകലാശാല, ഹിന്ദുക്കൾ ശുദ്ധിപ്രസ്ഥാനം തുടങ്ങിയപ്പോൾ മുസ്‌ലിംകൾ തബ്‌ലീഗ് പ്രസ്ഥാനം തുടങ്ങി. ഹിന്ദുക്കൾ സംഘ്ദാൻ തുടങ്ങിയപ്പോൾ മുസ്‌ലിംകൾ തൻസീം കൊണ്ടതിനെ നേരിട്ടു. ഹിന്ദുക്കൾക്ക് ആർ.എസ്സ്.എസ്സുണ്ടായപ്പോൾ അതിനെതിരെ മുസ്‌ലിംകൾ ഖാക്സാർ സംഘടിപ്പിച്ചു...''

എന്നാൽ മഹാത്മാഗാന്ധി ഇല്ലായിരുന്നുവെങ്കിൽ 'ഖാഇദേ അഅ്സം' ജിന്ന ഉണ്ടാകുമായിരുന്നില്ല എന്ന നിഗമനം ശരിയല്ല. മഹാത്മാഗാന്ധി ജീവിച്ചിരിക്കുമ്പോഴും മരിച്ചുകഴിഞ്ഞപ്പോഴും ഒരു ജനതയുടെ കിതപ്പിലും കുതിപ്പിലും ഉൾക്കൊള്ളുന്നു. 'ഖാഇദെ അഅ്സം' മുഹമ്മദലി ജിന്നയും തന്റെ ജനതക്ക് 'മഹാനായ നേതാവി'നേക്കാൾ സമുന്നതനായ ഒരു പ്രസ്ഥാനമായിരുന്നു. അദ്ദേഹം ഒരു പുതിയ ഇസ്‌ലാമിക റിപ്പബ്ലിക്കിന്റെ ജനയിതാവായി, രണ്ടു ദിവസം മുമ്പ് പാക്കിസ്ഥാൻ ഭരണഘടനാ നിർമ്മാണസഭ പാസ്സാക്കിയ ഒരു പ്രമേയത്തിൽ പാക്കിസ്ഥാനിലെ എല്ലാ നിയമങ്ങളിലും ചട്ടങ്ങളിലും ഔദ്യോഗിക പ്രസിദ്ധീകരണങ്ങളിലും 'മി. മുഹമ്മദലി ജിന്ന' എന്നതിനു പകരം 'ഖാഇദേ അഅ്സം' എന്നായിരിക്കുമെന്നു രാഷ്ട്രം തീരുമാനിച്ചു. - ഒരു രാഷ്ട്രനിർമ്മാതാവിനു ആ രാഷ്ട്രം നൽകിയ ശാശ്വതമായ ആദരാജ്ഞലി.

For Group Contact us +91 9746065242

mappilaheritagelibrary.com

VI

മുസ്‌ലിം സമുദായത്തിന്റെ 'ഖാഇദേ അഅ്സം' (മഹാനായ നേതാവ്) ആയിത്തീർന്ന മുഹമ്മദലി ജിന്ന, 1936-ൽ ഒട്ടേറെ രാഷ്ട്രീയ പ്രശ്നങ്ങളെ നേരിടേണ്ടി വന്നു. ഒരു ഭാഗത്ത് തന്റെ കറകളഞ്ഞ ദേശീയ ബോധം, മറ്റൊരു ഭാഗത്ത് താനോങ്ങളുടെ രാഷ്ട്രീയസ്വാധീനം ഉറപ്പിക്കാൻ ശ്രമിക്കുന്ന സംസ്ഥാനങ്ങളിലെ മുസ്‌ലിം പ്രമുഖർ; ഇതിലെ എല്ലാമുപരി സർവ്വവിശ്വാസവും തന്നിൽ അർപ്പിച്ച മുസ്‌ലിംലീഗ് പ്രസ്ഥാനം.

ഇന്ത്യയിലെ ഹിന്ദുക്കളും മുസ്‌ലിംകളും ഒത്തൊരുമിച്ചു പോകണമെന്നതിൽ നിർബന്ധബുദ്ധിയുണ്ടായിരുന്ന നേതാവാണ് മുഹമ്മദലി ജിന്ന. 'മുസ്‌ലിംലീഗ് കോൺഗ്രസ്സുമായും മറ്റു ഹിന്ദു ഭൂരിപക്ഷ സംഘടനകളുമായും 'തോളുരുമ്മി' മുന്നോട്ടുപോക ണമെന്ന നിലപാട് അദ്ദേഹത്തിനു തന്നെ വലിയ പ്രയാസങ്ങളു ണ്ടാക്കി. സംസ്ഥാനങ്ങളിലെ ശക്തരായ ഭൂപ്രഭുക്കൾ കൂടിയായിരുന്ന പഞ്ചാബിലെ ഫസലലി, സിന്ധിലെ സർ ഗുലാം ഹുസൈൻ ഹിദായത്തുല്ല, ആസ്സാമിലെ സർ മുഹമ്മദ് സ അദുല്ല, വടക്കുപടിഞ്ഞാറൻ അതിർത്തി പ്രദേശത്തെ ഖാൻ അബ്ദുൽ ഖയ്യൂം ഖാൻ എന്നിവർ. കേന്ദ്രത്തിലെ ബ്രിട്ടീഷ് ഗവൺമെന്റിന്റെ തണലിൽ മുസ്‌ലിംകൾക്ക് ചില പ്രത്യേകാവകാശങ്ങൾ നേടിയെടുക്കണമെന്ന അഭിപ്രായക്കാരായിരുന്നു. എന്നാൽ ജിന്നയുടെ കാഴ്ചപ്പാട് അതിനപ്പുറമായിരുന്നു. - രാഷ്ട്രീയത്തിലെ എല്ലാവരും ഇന്ത്യക്കാരനും ഇംഗ്ലീഷുകാരനും തുല്യാവകാശം നേടിയെടുക്കുക എന്നതായിരുന്നു അത്... ജിന്നയുടെ ജീവചരിത്രകാരനായ സ്റ്റെയിൻലി വോർപോർട്ടിന്റെ വരികളാണു മേലുദ്ധരിച്ചത്.

മുസ്‌ലിം ഭൂരിപക്ഷ ബംഗാളായിരുന്നു ജിന്നയുടെ മുഖ്യപ്രശ്നം, അവിടെ മുസ്‌ലിംലീഗിന് അഭിമുഖീകരിക്കേണ്ടിവന്നത് ഡാക്കാ നവാബിന്റെ മുസ്‌ലിം ഐക്യകക്ഷിയേയും ഫസലുൽ

For Group Contact us +91 9746065242

mappilaheritagelibrary.com

ഹഖിന്റെ കർഷക കക്ഷിയേയുമായിരുന്നു. കൽക്കത്താ ടൗൺഹാളിൽ വിളിച്ചുകൂട്ടിയ ഐക്യകക്ഷിയുടെ ത്രിദിന കൺവെൻഷൻ ഇസ്ഫഹാനിയും കൂട്ടരും കലക്കി. അതിൽ പങ്കെടുക്കാമെന്നേറ്റ ജിന്നയെ അത് നിരാശനാക്കി. എന്നാൽ ഇസ്ഫഹാനിയും സഹപ്രവർത്തകരും ഒരു സന്തോഷവാർത്ത ജിന്നയെ അറിയിച്ചു. ഫസലുൽ ഹഖ് ക്ഷണിക്കുന്നു -വരണം. ഖാഇദേ അഅ്സം ജിന്ന കൽക്കത്തയിലെത്തിയപ്പോൾ ബംഗാളിലെ മുസ്ലിം നേതാക്കൾ എല്ലാവരും കൽക്കത്താ ടൗൺഹാളിൽ തടിച്ചുകൂടി. പിൽക്കാലത്ത് പാക്കിസ്ഥാനിലെ ഗവർണ്ണർ ജനറലും പ്രധാനമന്ത്രിയുമായ ഖാജാ നാസിമുദ്ദീനും, ഉസൈൻശഹീദ് സുഹ്റവർദിയും ലീഗിൽ ചേർന്നത് അപ്പോഴാണ്.

ഫസലുൽ ഹഖും ലീഗിൽ ചേർന്നു. പാർട്ടിയുടെ പാർലമെന്ററി ബോർഡിൽ അംഗമാവുകയും ചെയ്തു. എന്നാൽ തെരഞ്ഞെടുപ്പ് വന്നപ്പോൾ ഫസലുൽഹഖ് പിണങ്ങി. പിന്നീട് ഹഖും ജിന്നയുടെ കൂടെനിന്നു.

പഞ്ചാബിൽ സർ സിക്കന്തർ ഹയാത്ത്ഖാന്റെ യൂനിയനിസ്റ്റ് പാർട്ടിക്കാർ ലീഗിനെയും ജിന്നയെയും എതിർത്തു. സംസ്ഥാന സ്വയംഭരണം എന്ന ആശയത്തിൻമേൽ പഞ്ചാബിൽ സ്വാധീനവും അധികാരവും നിലനിർത്താൻ പുതിയ തെരഞ്ഞെടുപ്പ് സഹായിക്കുമെന്നതായിരുന്നു സർ സിക്കന്തറിനെയും മറ്റും പ്രധാനമായും ഇതിന് പ്രേരിപ്പിച്ചത്. എന്നാൽ മഹാകവി ഇഖ്ബാലിന്റെ വിഭാഗത്തിലുള്ള ഒരു ന്യൂനപക്ഷം മാത്രമേ അന്ന് ലീഗിനെ അനുകൂലിച്ചിരുന്നുള്ളൂ.

മറ്റൊരു മുസ്ലിം ഭൂരിപക്ഷപ്രദേശമായ വടക്കുപടിഞ്ഞാറൻ അതിർത്തി സംസ്ഥാനവും ലീഗിന്റെ കൂടെയായിരുന്നില്ല. അവിടെ അന്നത്തെ ശക്തിദുർഗ്ഗം ഖാൻ സഹോദരൻമാരായിരുന്നു. ഖാൻ അബ്ദുൽ ഗാഫർഖാനും ഖാൻ സാഹിബും. അവരിരുവരും ജിന്നക്കും ലീഗിനും എതിരായിരുന്നു.

1937-ൽ സംസ്ഥാന സ്വയംഭരണത്തിന്റെ പേരിലുള്ള തിരഞ്ഞെടുപ്പ് വരുന്നതിന് മുമ്പ് മുസ്ലിംലീഗിനെ അതിന് സജ്ജമാക്കാനുള്ള തീവ്രശ്രമത്തിലായിരുന്നു ജിന്ന. അന്നത്തെ ഐക്യ സംസ്ഥാനമായിരുന്ന ഇന്നത്തെ ഉത്തർപ്രദേശിലും ലീഗിന് പല ശക്തികളെയും എതിർക്കേണ്ടിവന്നു. എന്നാൽ ആവുന്നത്ര

For Group Contact us +91 9746065242

mappilaheritagelibrary.com

പേരെ ഒരുമിപ്പിച്ചുനിർത്താൻ ജിന്ന തീരുമാനിച്ചു.

ഉത്തർപ്രദേശിൽ മൗലാനാ ഹുസൈൻ അഹ്മദ് മദനിയുടെ നേതൃത്വത്തിൽ ജംഇയ്യത്തുൽ ഉലമാ എ ഹിന്ദ് സ്വാധീനമുള്ള കക്ഷിയായിരുന്നു. എന്നാൽ ഖിലാഫത്ത് പ്രസ്ഥാനം തളർന്നതോടെ ശുഷ്കിച്ച ജംഇയ്യത്ത് അന്ന് ചൗധരി ഖലീക്കുസ്സമാനെപ്പോലെ പ്രഗൽഭനായ ഒരാളുടെ ബുദ്ധിപരമായ നേതൃത്വമുള്ളതും സലീംപൂർ മഹാരാജാവിന്റെ കീഴിലുള്ളതുമായ മുസ്‌ലിം കോൺഫറൻസുമായി ലയിച്ചു 'മുസ്‌ലിംഐക്യ സംഘം' എന്ന പേരിൽ തെരഞ്ഞെടുപ്പിൽ മൽസരിക്കാൻ തീരുമാനിച്ചു. ഈ കക്ഷിയുടെ സഹപ്രവർത്തകരും ഡൽഹിയിൽ വന്ന് ഖാഇദേ അഅ്സമിനെ കണ്ടു -ജിന്നയുടെ രാഷ്ട്രീയ തന്ത്രം അവിടെയായിരുന്നു. മുസ്‌ലിം ഐക്യസംഘം ലീഗിന്റെ ടിക്കറ്റിൽ മൽസരിക്കാനും ഖലീക്കുസ്സമാൻ കേന്ദ്ര പാർലിമെന്റ് ബോർഡിൽ അംഗമാവാനും തീരുമാനമുണ്ടായി. പ്രതിവർഷം 20 ലക്ഷം രൂപ വരുമാനമുണ്ടായിരുന്ന യുവാവായ മഹ്മൂദാബാദ് രാജാവ് അമീർ അഹ്മദ്ഖാനെ ലീഗിന്റെ ഖജാഞ്ചിയാക്കി.

1937 ഫെബ്രുവരിയിൽ മുസ്‌ലിംലീഗിന്റെ തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോ ജനാധിപത്യ ബോധാധിഷ്ഠിതവും പുരോഗമനപരവും ആയിരുന്നു.

എല്ലാ കരിനിയമങ്ങളും പിൻവലിപ്പിക്കുക, ഇന്ത്യയുടെ താൽപര്യത്തിന് ഹാനികരവും ജനങ്ങളുടെ മൗലികാവകാശങ്ങളെ നിഷേധിക്കുന്നതും രാജ്യത്തെ സാമ്പത്തികമായി ചൂഷണം ചെയ്യുന്നതുമായ എല്ലാ വ്യവസ്ഥകളെയും എതിർക്കുക, ഇന്ത്യൻ സൈന്യത്തെ ദേശസാൽക്കരിക്കുക, ഗ്രാമീണ ജനങ്ങളുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ ഉന്നമനത്തിനായി ശ്രമിക്കുക... ഇതെല്ലാമായിരുന്നു പ്രകടനപത്രികയിലെ പ്രധാന കാര്യങ്ങൾ. ഇതോടൊപ്പം മുസ്‌ലിംകളുടെ പ്രശ്നം സംബന്ധിച്ച് ഖാഇദേ അഅ്സം ജിന്ന രണ്ട് സുപ്രധാന ഇനങ്ങൾ കൂടി മുസ്‌ലിംലീഗിന്റെ ചരിത്രത്തിലെ ഒന്നാമത്തെ തിരഞ്ഞെടുപ്പ് മാനിഫെസ്റ്റോയിൽ ഉൾക്കൊള്ളിച്ചു. തികച്ചും മതപരമായ പ്രശ്നങ്ങൾ വരുമ്പോൾ ജംഇയ്യത്തുൽ ഉലമാ എ ഹിന്ദിന്റെ അഭിപ്രായങ്ങൾക്ക് വേണ്ടത്ര പ്രാധാന്യം കൽപ്പിക്കുന്നതും ഉർദുഭാഷയും ലിപിയും സംരക്ഷിക്കുന്നതും

For Group Contact us +91 9746065242

mappilaheritagelibrary.com

വളർത്തുന്നതുമാണ് എന്ന്.

പാശ്ചാത്യ പരിഷ്കാരവും വിദ്യാഭ്യാസവും നേടിയ മുഹമ്മദലി ജിന്ന മുസ്‌ലിംലീഗിന്റെ പ്രസിഡന്റെന്ന നിലയിൽ അന്നത്തെ സമുദായത്തിന്റെ നാഡിമിടിപ്പ് എത്രത്തോളം അഗാധമായി മനസ്സിലാക്കിയെന്ന് ഇതിൽ നിന്ന് വ്യക്തമാവും. മൗലാനാ അബുൽ കലാം ആസാദിന്റെ വിശ്വസ്ത മിത്രങ്ങളടങ്ങിയ ജംഇയ്യത്തുൽ ഉലമ എ ഹിന്ദ് പിന്നീട് ജിന്നയുമായി തെറ്റിപ്പിരിഞ്ഞെങ്കിലും ജിന്നയുടെ പ്രകടനപത്രികയിലെ രണ്ട് ഇനങ്ങളിം മുസ്‌ലിം സമുദായത്തിൽ ലീഗിന് കൂടുതൽ സ്വാധീനം നേടിക്കൊടുത്തുവെന്നത് നിസ്തർക്കമാണ്.

1937-ലെ തിരഞ്ഞെടുപ്പ് 1935-ലെ ഇന്ത്യാ ഗവൺമെന്റ് നിയമമനുസരിച്ചായിരുന്നു. സംയുക്ത നിയോജകമണ്ഡലങ്ങൾ വേണമെന്ന കോൺഗ്രസ്സിന്റെ ആവശ്യം ബ്രിട്ടീഷ് ഗവൺമെന്റ് തിരസ്കരിച്ചു. പ്രത്യേക നിയോജകമണ്ഡലങ്ങൾ ഏർപ്പെടുത്തി. പതിനൊന്ന് സംസ്ഥാനങ്ങളിൽ ആകെ 1585 സീറ്റുകളായിരുന്നു. അതിൽ മുസ്‌ലിം(പ്രത്യേക) നിയോജകമണ്ഡലങ്ങൾ 82 എണ്ണമായിരുന്നു.

1937-ലെ തിരഞ്ഞെടുപ്പ് കോൺഗ്രസ്സും ലീഗും ചിലയിടങ്ങളിൽ യോജിച്ചും ചിലയിടങ്ങങ്ങളിൽ എതിർത്തും നേരിട്ടു. ചിലപ്പോൾ മൽസരം ജിന്നയും നെഹ്റുവും തമ്മിലുള്ളതാണോ എന്ന് തോന്നിപ്പിക്കുന്ന തരത്തിലായിരുന്നു. പലപ്പോഴും തന്റെ ആശയങ്ങൾ മറ്റുള്ളവരിലുണ്ടാക്കി ത്തീർക്കുന്ന പ്രതികരണങ്ങളെ ശരിക്കും അളക്കാതെ തുറന്നടിക്കുന്ന സ്വഭാവക്കാരനായിരുന്നു പണ്ഡിറ്റ് നെഹ്റു. 1937 ജനുവരിയിൽ അമ്പാലയിൽ ഒരു വമ്പിച്ച പൊതുയോഗത്തെ അഭിസംബോധന ചെയ്യവെ പണ്ഡിറ്റ്ജി പറഞ്ഞു; 'രാജ്യത്ത് രണ്ട് ശക്തികൾ മാത്രമേ ഉള്ളൂ -കോൺഗ്രസ്സും (ബ്രിട്ടീഷ്) ഗവൺമെന്റും... കോൺഗ്രസ്സിനെതിരായി വോട്ടുചെയ്യുക എന്നതിനർത്ഥം ബ്രിട്ടീഷ് ഗവൺമെന്റ് തുടരുന്നതിന് വോട്ടുചെയ്യുക എന്നതാണ്...' കൽക്കത്തയിൽ വെച്ചു ജിന്ന ഇതിനു മറുപടി നൽകി.

"ഇല്ല ഞാനതംഗീകരിക്കുന്നില്ല. ഇന്ത്യയിൽ മൂന്നാമതൊരു കക്ഷികൂടിയുണ്ട്-മുസ്‌ലിംകൾ" പിന്നീട് അദ്ദേഹത്തിന്റെ ശ്രമം തന്റെ വാദമാണ് ശരി എന്നു തെളിയിക്കാനായിരുന്നു.

For Group Contact us +91 9746065242

mappilaheritagelibrary.com

തെരഞ്ഞെടുപ്പു ഫലപ്രഖ്യാപനം മുസ്ലിംലീഗിനു പിടിച്ചു നിൽക്കാൻ ആത്മവിശ്വാസവും ഖാഇദേ അഅ്സമിനു തന്റെ രാഷ്ട്രീയ നിലപാടിനു അംഗീകാരം ലഭിച്ചുവെന്ന സംതൃപ്തിയും പ്രദാനം ചെയ്തു. ഉത്തർപ്രദേശിൽ 35 മുസ്ലിം നിയോജകമണ്ഡലങ്ങളിൽ 29-ഉം ലീഗ് നേടി. കോൺഗ്രസ്സിനു സ്വന്തമായി ഒരൊറ്റ മുസ്ലിമിനെയും തിരഞ്ഞെടുക്കാനായില്ല. കോൺഗ്രസ്സ് നേതാവായിരുന്നു റാഫി അഹ്മദ് ഖിദ്വായി പോലും ഖലീക്കുസ്സമാന്റെ സഹായത്തോടെയാണ് ജയിച്ചത്. ബംഗാളിൽ ഫസ്ലുൽ ഹഖിന്റെ കർഷക പാർട്ടി 40-ഉം മുസ്ലിംലീഗ് 38-ഉം നേടി. ബോംബെ, മദ്രാസ് സംസ്ഥാനങ്ങളിൽ ന്യൂനപക്ഷ സീറ്റുകൾ നേടി. എന്നാൽ പഞ്ചാബിൽ ലീഗിന് തിരിച്ചടിയായിരുന്നു. ലീഗ് മൽസരിച്ച ഏഴു സീറ്റിൽ രണ്ടും ആസ്സാമിൽ 34-ൽ 9-ഉം കിട്ടി. അന്നത്തെ ബ്രിട്ടീഷ് ഇന്ത്യയിൽ മുസ്ലിംലീഗിന് 60-നും 70-നുമിടയിൽ ശതമാനം സ്ഥാനാർത്ഥികളെ വിജയിപ്പിക്കുവാൻ കഴിഞ്ഞു. കോൺഗ്രസ്സിന് 1585 സീറ്റുകളിൽ 716 എണ്ണം ലഭിച്ചു. ഈ തിരഞ്ഞെടുപ്പു വിജയങ്ങളെപ്പറ്റി ഷേക്ക് മുഹമ്മദ് ഇക്രമിന്റെ 'ആധുനിക മുസ്ലിം ഇന്ത്യാ' എന്ന ഗ്രന്ഥത്തിൽ ഇങ്ങിനെ വിവരിച്ചിരിക്കുന്നു. മഹാത്മാ എന്ന മാന്ത്രികനാമവും ജവഹർലാലിന്റെ ഓട്ടപ്രദക്ഷിണവും ഡോ. അൻസാരി മരിച്ചശേഷം 1936-ൽ കോൺഗ്രസ്സു പാർലമെന്ററി ബോർഡ് ചെയർമാനായ വല്ലഭായ് പട്ടേലിന്റെ സംഘടനാസമാർത്ഥ്യവും വഴി ഹിന്ദു ഭൂരിപക്ഷ സംസ്ഥാനങ്ങളിലും ഖാൻ സഹോദരൻമാരുടെ സഹായത്തോടെ വടക്കുപടിഞ്ഞാറൻ അതിർത്തിസംസ്ഥാന ങ്ങളിലും കോൺഗ്രസ്സിനു വമ്പിച്ച ഭൂരിപക്ഷം കരസ്ഥമാക്കാൻ കഴിഞ്ഞു.

മുസ്ലിംലീഗിനാണെങ്കിൽ ആകെക്കൂടിയുള്ളത് ജിന്ന മാത്രമായിരുന്നു. ഏറ്റവും വലിയ ഭൂരിപക്ഷമുള്ള സംസ്ഥാനങ്ങളിൽ പഞ്ചാബിൽ സർ സിക്കന്തർ ഹയാത്ത് ഖാൻ എന്ന പ്രഭുവും ബംഗാളിൽ ഫസ്ലുൽ ഹഖ് എന്ന കർഷകനേതാവും ലീഗിനോട് ഏറ്റുമുട്ടി. എന്നാലും ജിന്നയും ലീഗും തളർന്നില്ല. അദ്ദേഹം തന്റെ രാഷ്ട്രീയ യാഥാർത്ഥ്യവും അവസരത്തിനൊത്തുയരാനുള്ള കഴിവും പ്രകടിപ്പിച്ചു: പഞ്ചാബിൽ സർ സിക്കന്തറിനെ അങ്ങിനെ വിട്ടു. ബംഗാളിൽ കർഷകപാർട്ടിയെ ലീഗിൽ ലയിപ്പിച്ചു മുസ്ലിം

For Group Contact us +91 9746065242

mappilaheritagelibrary.com

സ്വതന്ത്രന്മാരെ കൂട്ടുപിടിച്ചു. ഫസലുൽ ഹഖിനെ പ്രധാന (മുഖ്യ) മന്ത്രിയാക്കി മന്ത്രിസഭ രൂപവൽക്കരിച്ചു. ഉത്തർപ്രദേശിൽ കോൺഗ്രസ് ലീഗുമായി ചേർന്ന് മന്ത്രിസഭയുണ്ടാക്കാൻ ഏതാണ്ട് തീരുമാനിച്ചു. എന്നാൽ കാബിനറ്റിൽ മുസ്ലിംലീഗിനു നൽകാമെന്നേറ്റ രണ്ടു സീറ്റുകൾക്ക് പകരം ഒന്നു മാത്രം നൽകിയാൽ മതിയെന്ന നെഹ്റുവിന്റെ നിർബന്ധം അത് തകർത്തുവെന്നു മൗലാനാ അബുൽ കലാം ആസാദിന്റെ 'ഇന്ത്യ സ്വാതന്ത്ര്യം നേടുന്നു' എന്ന ഗ്രന്ഥത്തിൽ പറയുന്നു.

യു.പിയിൽ കോൺഗ്രസ്-ലീഗ് സഖ്യം പൊളിഞ്ഞതിനെപ്പറ്റി ഗ്രന്ഥകാരനായ വോൾപെർട്ടിനു മറ്റു ചില കാര്യങ്ങൾകൂടി പറയാനുണ്ട്. 1937 ഏപ്രിൽ ഒന്നാം തീയ്യതി ഡൽഹിയിൽ കോൺഗ്രസ്സ് പ്രസിഡന്റായിരുന്ന ജവഹർലാൽ നെഹ്റു പ്രവിശ്യാ നേതാക്കളുടെ യോഗം വിളിച്ചുകൂട്ടി. ബ്രിട്ടീഷുകാരോടൊപ്പം ചേർന്നു സംസ്ഥാനങ്ങളിൽ ഗവൺമെന്റ് രൂപീകരിക്കുന്നതിന് നെഹ്റു എതിരായിരുന്നു. എന്നാൽ പുതിയ ഭരണഘടന (1935-ലെ സംസ്ഥാന സ്വയംഭരണം നൽകുന്ന ഇന്ത്യാ ഗവൺമെന്റ് ആക്ട്) ഒന്ന് പരീക്ഷിക്കണമെന്ന കോൺഗ്രസ്സ് സംസ്ഥാന നേതാക്കളുടെ അഭിപ്രായം അനുകൂലിച്ച നെഹ്റുവിനും അത് സ്വീകരിക്കേണ്ടിവന്നു. എന്നാൽ മുസ്ലിംലീഗുമായോ, 'അർദ്ധ സാമ്രാജ്യത്വ' കക്ഷികളുമായോ കൂട്ടുകെട്ടുണ്ടാക്കുന്നതിനെ നെഹ്റു വർക്കിംഗ് കമ്മിറ്റിയിൽ എതിർത്തു. മോത്തിലാൽ നെഹ്റുവിന്റെ സെക്രട്ടറിയായിരുന്ന റാഫി അഹ്മദ്ഖിദ്വായി നെഹ്റുവിന്റെ വിശ്വസ്ത സഹപ്രവർത്തകനായിരുന്നു. എന്നാൽ ഉത്തർപ്രദേശിൽ ലീഗിനു രണ്ടു സീറ്റുകൾ നൽകാൻ നെഹ്റുവിനെക്കൊണ്ട് ഒരു വിധം സമ്മതിപ്പിച്ചതായി ഖലീക്കുസ്സമാന്റെ ഉത്തമ സുഹൃത്തു കൂടിയായ ഖിദ്വായി ഏറ്റിരുന്നതാണ്. തിരഞ്ഞെടുപ്പിനു മുമ്പുണ്ടായിരുന്ന ഈ ധാരണ തിരഞ്ഞെടുപ്പു കഴിഞ്ഞപ്പോൾ നെഹ്റു തള്ളിക്കളഞ്ഞതായി കാഞ്ചിദ്വാരക ദാസ് രേഖപ്പെടുത്തിയിരിക്കുന്നു. മുസ്ലീംലീഗുമായി ഇതു സംബന്ധിച്ച് ചർച്ചചെയ്യാൻ നിയോഗിക്കപ്പെട്ടിരുന്ന മൗലാനാ അബ്ദുൽ കലാം ആസാദ് ഒരു ഒത്തുതീർപ്പുണ്ടാക്കാൻ ശ്രമിച്ചതായും തന്നെ കോൺഗ്രസ്സ് മന്ത്രിസഭയിൽ ചേരാൻ ക്ഷണിച്ചതായും ചൗധരി ഖലീക്കുസ്സമാൻ പ്രസ്താവിച്ചിരിക്കുന്നു. അതിന്നു കോൺഗ്രസ്സ് മുന്നോട്ടുവെച്ച

For Group Contact us +91 9746065242

mappilaheritagelibrary.com

ഉപാധിയെപ്പറ്റി ഖലീക്കുസ്സമാന്റെ പ്രസിദ്ധമായ 'പാത്ത്‌വേ റ്റു പാക്കിസ്ഥാൻ' (പാക്കിസ്ഥാനിലേക്കുള്ള വഴി) എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

'ഐക്യസംസ്ഥാന(യു.പി)ത്തെ മുസ്‌ലിംഗ്രൂപ്പ് ലെജിസ്ലേച്ചർ പാർട്ടി പ്രത്യേക ഗ്രൂപ്പായി പ്രവർത്തിക്കരുത്. അതിലെ അംഗങ്ങളെല്ലാം കോൺഗ്രസ്സ് കക്ഷിയിലെ അംഗങ്ങളായിരിക്കണം. ലീഗിന്റെ പ്രവിശ്യാ പാർലമെന്ററി ബോർഡ് ഫലത്തിൽ പിരിച്ചുവിടണം...'

ഈ ഉപാധികൾ മുസ്‌ലിംലീഗിനെ സംബന്ധിച്ചിടത്തോളം 'മരണവാറണ്ട്' ആയിട്ടാണ് ഖലീക്കുസ്സമാൻ കണക്കാക്കിയത്.

കോൺഗ്രസ്സും ലീഗും യോജിച്ചു മുന്നോട്ടുപോകണമെന്ന ആഗ്രഹക്കാരനായിരുന്നു ജിന്ന, നെഹ്റുവിന്റെ രാഷ്ട്രീയ നിലപാട് അറിഞ്ഞാണെങ്കിലും ബോംബെയിൽ കോൺഗ്രസ് – ലീഗ് കക്ഷികൾ യോജിച്ചു കൂട്ടുകക്ഷി ഗവൺമെന്റുണ്ടാക്കുവാൻ ജിന്ന പുതിയ ശ്രമമാരംഭിച്ചു. ഗാന്ധിജിയുമായി ഇക്കാര്യം ചർച്ചചെയ്യാനാണ് അദ്ദേഹം ഉദ്ദേശിച്ചത്. അന്നു ബോംബെയിലെ കോൺഗ്രസ് നേതാവും വളരെക്കാലം കോൺഗ്രസ്സിന്റെ മുഖ്യമന്ത്രിയുമായിരുന്ന ശ്രീ ബി.ജി. ഖെറിന്റെ സഹായം ജിന്ന തേടി. ജിന്ന ഗാന്ധിജിക്കയച്ച സന്ദേശത്തിന്റെ ഉള്ളടക്കം അറിയുകയില്ലെങ്കിലും ഹിന്ദു-മുസ്‌ലിം ഐക്യത്തിനു കോൺഗ്രസ്-ലീഗ് ഒത്തുതീർപ്പ് അനിവാര്യമാണെന്നും ബോംബെയിൽ മന്ത്രിസഭയിൽ ലീഗ് ഭരണ പങ്കാളിത്തം വഹിക്കുന്നതാണെന്നും പിന്നീട് റിപ്പോർട്ട് ചെയ്യപ്പെട്ടു. ജിന്നാ സാഹിബിന്റെ സന്ദേശത്തിനു ഗാന്ധിജി അയച്ച മറുപടി ഹ്രസ്വവും പ്രസക്തവുമായിരുന്നു. 1937 മെയ് 22-നു അയച്ച കത്തിൽ തന്റെ നിസ്സഹായത വെളിപ്പെടുത്തിക്കൊണ്ട് ഗാന്ധിജി പറഞ്ഞു.

'ഖെർ, താങ്കളുടെ സന്ദേശം എനിക്ക് നൽകി. എന്തെങ്കിലും ചെയ്യാൻ കഴിയണമെന്ന് എനിക്കാഗ്രഹമുണ്ട്. പക്ഷേ ഞാൻ തികച്ചും നിസ്സഹായനാണ്. ഐക്യത്തെ സംബന്ധിച്ച് എന്റെ വിശ്വാസം എന്നും ശോഭനമാണ്. കൂരിരുട്ടിനെ തുളച്ചുകടന്ന സൂര്യോദയം ഞാൻ കാണുന്നില്ല. അത്തരം വിഷമവൃത്തത്തിനു വേണ്ടി ദൈവത്തോടു കേഴുന്നു.

യു.പിയിൽ എന്ന പോലെ ബോംബെയിലും മുഴച്ചുനിന്ന പ്രശ്നം 'കൂട്ടുകക്ഷി'യും 'ലയന'വും തമ്മിലുള്ള തർക്കമായിരുന്നു.

For Group Contact us +91 9746065242

mappilaheritagelibrary.com

സർദാർ വല്ലഭായ് പട്ടേൽ ബോംബെ നിയമസഭയിലെ ലീഗ് അംഗങ്ങൾ കോൺഗ്രസ്സിൽ ലയിക്കണമെന്ന് ശഠിച്ചു. ജിന്നയാകട്ടെ രണ്ടു കക്ഷികൾ തമ്മിലുള്ള 'കൂട്ടുകക്ഷി' ഗവൺമെന്റിൽ മാത്രമെ യോജിപ്പിനു തയ്യാറുള്ളൂ. ബി.ജി. ഖെറും ജിന്നയും സംസാരിച്ചു. സർദാർ പട്ടേലിന്റെ അപ്പുറം പോകാൻ ഖെറിന്നാവില്ല. അങ്ങിനെ അവിടെയും കോൺഗ്രസ് -ലീഗ് സഖ്യ ശ്രമം തകർന്നു.

ബോംബെയും യു.പിയുമുൾപ്പെടെ കോൺഗ്രസ്സ് ഭൂരിപക്ഷമുള്ള അഞ്ചു സംസ്ഥാനങ്ങളിൽ ലീഗില്ലാതെ കോൺഗ്രസ് ഭരണത്തിൽ വന്നു. സ്വയംഭരണം സ്വാതന്ത്ര്യത്തിലേക്കുള്ള വഴി എന്ന് കോൺഗ്രസ്സു പറഞ്ഞപ്പോൾ ജിന്നയും ലീഗും അതിന് മറ്റൊരു പേരു നൽകി, 'ഹിന്ദു സ്വരാജ്.'

കോൺഗ്രസുമായി ചേർന്ന് ഭരണപങ്കാളിത്തത്തിനായി ജിന്നാസാഹിബ് നടത്തിയ ശ്രമങ്ങൾ പരാജയപ്പെട്ടതാണു പിന്നീട് 'പാക്കിസ്ഥാൻ' ആവശ്യപ്പെടാൻ ജിന്നയെ നിർബ്ബന്ധിതനാക്കിയ തെന്നും പല ചരിത്രകാരൻമാരും രേഖപ്പെടുത്തിയിട്ടുണ്ട്. മഹാത്മാ ഗാന്ധിയുടെ സെക്രട്ടറി പ്യാരേലാൽ എഴുതിയ 'അവസാന ഘട്ടം' എന്ന ഗ്രന്ഥത്തിൽ 'കോൺഗ്രസിനു പറ്റിയ അതിതന്ത്രപരമായ തെറ്റാ'യിട്ടാണ് ഇതിനെ വിശേഷിപ്പിച്ചിരിക്കുന്നത്. കോൺഗ്രസ്സ് പ്രവർത്തകസമിതിയുടെ തീരുമാനം ഗാന്ധിജിയുടെ 'അവഗാഢമായ വിധി'ക്കെതിരായിരുന്നുവെന്നും പ്യാരേലാൽ എഴുതി. യു.പിയിൽ അന്ന് ലീഗിനെ കൂട്ടുപിടിച്ചിരുന്നുവെങ്കിൽ പിന്നീട് മുസ്ലിംലീഗിന്റെ നിലപാട് തന്നെ മാറുമായിരുന്നുവെന്ന് നെഹ്റുവിന്റെ നയത്തെ വിമർശിച്ച് മൗലാനാ ആസാദ് തന്റെ ഗ്രന്ഥത്തിൽ രേഖപ്പെടുത്തി. 1937-ലെ തിരഞ്ഞെടുപ്പിനു ശേഷം കോൺഗ്രസ്സ് ലീഗിനെ തന്ത്രപൂർവ്വം കൈകാര്യം ചെയ്തിരുന്നുവെങ്കിൽ പാക്കിസ്ഥാൻ എന്നൊന്ന് ഉണ്ടാകുമായിരുന്നില്ല എന്നാണ് 'ഗാന്ധിജിയും ജിന്നയും തമ്മിൽ' എന്ന ഗ്രന്ഥത്തിൽ അല്ലൻഹെയ്ഡ് മെറിമയമിനെ ഉദ്ധരിച്ചുകൊണ്ട് പ്രസിദ്ധ എഴുത്തുകാരനനായ ഫ്രാങ്ക് മൊറായ്സ് പറയുന്നത്, പാക്കിസ്ഥാൻ ഉണ്ടായതിന് പ്രധാന കാരണം 1937-ൽ ലീഗുമായി സഹകരിക്കുന്നതിൽ കോൺഗ്രസ്സിന്റെ പരാജയമാണെന്ന് സ്വാതന്ത്ര്യത്തിനു മുമ്പും പിമ്പും ഇന്ത്യൻ സിവിൽസർവ്വീസിലെ ഒരു ബ്രിട്ടീഷ് ഉദ്യോഗസ്ഥനായിരുന്ന പെൻഡേർഡ് മുൻ 'ഡിവൈഡ് ആന്റ് കിറ്റ്' എന്ന ഗ്രന്ഥത്തിൽ

For Group Contact us +91 9746065242

mappilaheritagelibrary.com

അഭിപ്രായപ്പെടുന്നു.

അതേയവസരം ജിന്നയെപ്പോലുള്ള വിഷമം പിടിച്ച ഒരു മനുഷ്യനുമായി കൂട്ടുചേരാനുള്ള വൈമനസ്യമാണത്രെ കോൺഗ്രസ്സിനെ അന്ന് ലീഗിൽ നിന്ന് അകറ്റിനിർത്തിയത്. കോൺഗ്രസ്സ് മന്ത്രിമാരുടെ ഓരോ തീരുമാനവും നടപ്പിലാക്കണമെങ്കിൽ ജിന്നയുടെ മുൻകൂട്ടിയുള്ള അനുമതി വേണ്ടിവരും. നെഹ്റു-പട്ടേൽ-ആസാദ് എന്നിവർ തമ്മിൽ എന്ത് അഭിപ്രായഭിന്നതയു ണ്ടായിരുന്നുവെങ്കിലും അവർ ഒത്തൊരുമിച്ചു; എന്നാൽ ജിന്നയെ സംബന്ധിച്ചിടത്തോളം അത് ശരിയായെന്നുവരില്ല.

പഞ്ചാബിൽ ഭൂരിപക്ഷമുള്ള യൂനിയനിസ്റ്റ് പാർട്ടി മന്ത്രിസഭയിലെ ഹിന്ദു മഹാസഭക്ക് സർ സിക്കന്തർ സീറ്റു വാഗ്ദാനം ചെയ്തതുപോലെ, കോൺഗ്രസ്സ് ലീഗിനു ഓഫർ ചെയ്തിരുന്നുവെങ്കിലും അത് ജിന്നയെ വലിയ വിഷമത്തിലാക്കുമായിരുന്നു; പക്ഷേ കോൺഗ്രസ്സ് അത് ചെയ്തില്ല എന്ന് ആക്ഷേപിക്കുന്നവരുമുണ്ട്.

കോൺഗ്രസ്സിന്റെ ഒരോ വീഴ്ചയും മുഹമ്മദലി ജിന്ന ഫലപ്രദമായി ഉപയോഗിച്ചു. 1937 ഒക്ടോബറിൽ ലക്നോവിൽ ചേർന്ന മുസ്ലിംലീഗ് മഹാസമ്മേളനം ലീഗിന്റെയും ഇന്ത്യയുടെയും ചരിത്രത്തിൽ സുപ്രധാനമായിരുന്നു. ഇന്ത്യയിൽ മുസ്ലിംകളുടെ രാഷ്ട്രീയ ഐക്യത്തിന് കളമൊരുക്കിയത് ഈ സമ്മേളനമായിരുന്നു.

ബോംബെയിൽ നിന്ന് ലക്നോവിലേക്ക് പുറപ്പെട്ട ജിന്നാസാഹിബ് സഞ്ചരിച്ച തീവണ്ടി കാൺപൂർ സെൻട്രൽ സ്റ്റേഷനിലെത്തിയപ്പോൾ ആവേശഭരിതരായ ജനക്കൂട്ടം അദ്ദേഹത്തിന്റെ കമ്പാർട്ടുമെന്റിലേക്ക് തള്ളിക്കയറി. പതിവിനു വിരുദ്ധമായി ജനക്കൂട്ടത്തെ കണ്ടപ്പോൾ ജിന്നാസാഹിബിന്റെ മുഖത്ത് ഗൗരവവും നിശ്ചയദാർഢ്യവും നിഴൽവിരിക്കുന്നത് പലരും ശ്രദ്ധിച്ചു. അവസാനം തന്റെ സമുദായം ഉണർന്നിരിക്കുന്നു.

ഒക്ടോബർ 13-നു ലക്നോവിൽ ഉജ്ജ്വലമായ വരവേൽപ്പായിരുന്നു. ഒരു കാലം മുഗള ഭരണാധികാരികൾ പട്ടം കെട്ടിയ ആനപ്പുറത്തിരുന്നു സഞ്ചരിച്ചിരുന്ന ലക്നോ തെരുവുകളിലൂടെ ആ സായംസന്ധ്യയിൽ ഖാഇദെ അഅ്സമിനെ ആനയിച്ചു. ഖലീക്കുസ്സമാന്റെയും മഹമൂദാബാദ് രാജാവിന്റെയും

For Group Contact us +91 9746065242

mappilaheritagelibrary.com

വാളണ്ടിയർമാരുടെയും അകമ്പടിയോടെ പന്തംകൊളുത്തിയ ഘോഷയാത്രയായി മുസ്ലീംലീഗുകാർ അവരുടെ പ്രസിഡന്റിനെ വരവേറ്റു. സഹോദരിയോടൊപ്പം വളരെ ക്ഷീണിതനായിട്ടാണ് അദ്ദേഹം യാത്ര ചെയ്തിരുന്നതെങ്കിലും ആ മുഖത്ത് നിശ്ചയദാർഢ്യം സ്ഫുരിക്കുന്നുണ്ടായിരുന്നു.

ലക്നോ സമ്മേളനം ജിന്നയുടെ രാഷ്ട്രീയ നേട്ടങ്ങളുടെ നിറപ്പകിട്ടാർന്ന ഒരദ്ധ്യായമായിരുന്നു. ലീഗിന്റെ സമ്മേളനത്തിൽ പങ്കെടുക്കുവാൻ ക്ഷണിക്കപ്പെട്ട പഞ്ചാബ് മുഖ്യൻ സിക്കന്തർ ഹയാത്ത് ഖാൻ ലക്നോവിലെത്തി നേതാവിനെ കണ്ടു ചർച്ച നടത്തി. ലീഗിൽ ലയിക്കണമെന്നുള്ള ഖാഇദിന്റെ ആവശ്യം സർ സിക്കന്തർ സ്വീകരിച്ചു -ഒരു ഉപാധിയോടെ, പഞ്ചാബിൽ തന്റെ കക്ഷിയുടെ പരമാധികാരം അംഗീകരിക്കണം. സർ സിക്കന്തറിന്റെ സുശക്തമായ യൂനിയനിസ്റ്റ് പാർട്ടി മുസ്ലീംലീഗിൽ ലയിപ്പിച്ചത് ജിന്നാ സാഹിബിന്റെ തൊപ്പിയിൽ ഒരു പൊൻതൂവൽകൂടി ചാർത്തി. അടുത്ത ദിവസം അയ്യായിരം പ്രതിനിധികൾ പങ്കെടുത്ത ലീഗ് സമ്മേളനത്തിൽ പഞ്ചാബ് ഉടമ്പടി പ്രഖ്യാപിക്കുകയും മഹ്മൂദാബാദ് വസതിക്കു മുമ്പിൽ ജിന്നാസാഹിബ് പച്ചക്കൊടി ഉയർത്തുകയും ചെയ്തപ്പോൾ ഉണ്ടായ അഭിവാദ്യം അന്നത്തെ ബ്രിട്ടീഷ് ഇന്ത്യയിലെ ഏറ്റവും പ്രമുഖരായ രണ്ടു മുസ്ലിം നേതാക്കൻമാരുടെ കൂട്ടുകെട്ടിന്റെ പ്രഖ്യാപനവും കൂടിയായിരുന്നു.

ബംഗാളിലെ ഫസലുൽ ഹഖും ലക്നോവിൽ വെച്ചു അന്നുതന്നെ തന്റെ അഭിപ്രായവ്യത്യാസങ്ങളെല്ലാം അവസാനിപ്പിച്ചു. പിന്നീട് മുസ്ലിം ദക്ഷിണേഷ്യയുടെ സുശക്തമായ കേന്ദ്രമായി കണക്കാക്കിയ 'ബംഗാളിലെ സിംഹം' സമുദായത്തിന്റെ ഖാഇദേ അഅ്സമിന്റെ മുമ്പിൽ അനുസരണയുള്ള കുട്ടിയായി മുഹമ്മദലി ജിന്ന തന്റെ രണ്ടാമത്തെ 'ലക്നോ സന്ധി' അങ്ങിനെ നേടിയെടുത്തു.

1937 ഒക്ടോബർ 15 ഇന്ത്യയിലെ പ്രമുഖ മുസിലിം നേതാക്കളും സർ മുഹമ്മദ് ഷാഫിയുടെ ജാമാതാവായ മിയാൻ ബഷീർ അഹമ്മദ്, സർ സിക്കന്തർ ഹയാത്ത്ഖാൻ, നവാബ് മുഹമ്മദ് ഇസ്മായിൽ ഖാൻ, ഫസലുൽ ഹഖ്, നാസിമുദ്ദീൻ തുടങ്ങി അയ്യായിരം പ്രതിനിധികളും ഉൾപ്പെടെ മുക്കാൽ ലക്ഷത്തോളം ജനങ്ങൾ തടിച്ചുകൂടിയ വമ്പിച്ച പൊതുസമ്മേളന പന്തലിൽ

For Group Contact us +91 9746065242

mappilaheritagelibrary.com

മുസ്‌ലിംലീഗ് പ്രസിഡന്റ് മുഹമ്മദ് അലി ജിന്ന, കടന്നുവന്നു. പുതിയ ഭാവം, പുത്തനുണർവ്വ്, വിലപിടിച്ച അത്യാകർഷകമായ ഇംഗ്ലീഷ് സ്യൂട്ടും ടൈയും ധരിച്ച് ലക്നോവിലെത്തിയ മുഹമ്മദലി ജിന്ന, കറുത്ത ആകർഷകമായ ഷെർവാനിയാണ് ധരിച്ചത്. ആ നീളൻ കോട്ടിൻമേൽ 'ഖാഇദേ അഅ്സം' എന്ന് ആകർഷകമായി കൊളുത്തിവെച്ചിരുന്നു. തലേന്ന് രാത്രി മഹ്മൂദാബാദിലെ രാജകീയ വസതിയിലേക്ക് തിരിച്ചുപോകുമ്പോൾ നവാബ് ഇസ്മായിൽ മനോഹരമായ ഒരു തൊപ്പി ധരിച്ചത് കണ്ടു. താൻ അതൊന്നു നോക്കട്ടെ എന്ന് പറഞ്ഞ ജിന്നാ സാഹിബ് അതെടുത്ത് തലയിലിട്ടു. ആ തൊപ്പിയും ധരിച്ച് പൊതുസമ്മേളനത്തിന് വന്നെത്തിയ തങ്ങളുടെ മഹാനായ നേതാവിനെ ജനക്കൂട്ടം സിന്ദാബാദ് വിളികളോടെ അഭിവാദ്യം ചെയ്തു. 'ഖാഇദേ അഅ്സം' മുഹമ്മദലി ജിന്ന ഒരു പുതിയ ഉണർവ്വ് അവർക്ക് നൽകി. ഒരു പുതിയ തൊപ്പിയും -'ജിന്നാ കേപ്പ്.'

തലയിൽ 'ജിന്നാ കേപ്പ്' ധരിച്ചെത്തിയ ഖാഇദേ അഅ്സം പ്രഖ്യാപിച്ചു. 'ഇന്ത്യയിലെ എട്ടുകോടി മുസൽമാൻമാർക്ക് ഒന്നും ഭയപ്പെടാനില്ല, അവരുടെ ഭാവി ഭാഗധേയം അവരുടെ കരങ്ങളിലാണ്. സുസംഘടിതവും ഭദ്രവുമായ ഒരു ശക്തി എന്ന നിലക്ക് ഏത് ആപത്തിനേയും അഭിമുഖീകരിക്കാനും അവരുടെ ഐക്യമുന്നണിക്കും ഏകീകൃതാഭിലാഷത്തിനുമെതിരായ എതിർപ്പിനെ തടുക്കാനും അവർക്ക് (മുസൽമാൻമാർക്ക്) കഴിവുണ്ട്. നിങ്ങളുടെ കരങ്ങളിൽ ഒരു മാന്ത്രിക ശക്തിയുണ്ട്. നിങ്ങൾക്കാവശ്യമുള്ള തീരുമാനങ്ങൾ ഗുരുതരമായതോ മഹത്തരമായതോ അതിന്റെ പ്രത്യാഘാതങ്ങൾ ദൂരവ്യാപകമായതോ ആയിരിക്കാം. ഒരു തീരുമാനമെടുക്കും മുമ്പ് നൂറുതവണ ആലോചിക്കുക -എന്നാൽ ഒരു തീരുമാനമെടുത്തു കഴിഞ്ഞാൽ ഒരൊറ്റയാളെപ്പോലെ ഉറച്ചുനിൽക്കുക.' ഖാഇദെ അഅ്സം തന്റെ ജീവിതത്തിലുടനീളം പകർത്തിയ നേതൃഗുണത്തിന്റെ ആഹ്വാനമായിരുന്നു അന്നു ലക്നോവിൽ മുഴങ്ങിയത്.

ഇന്ത്യൻ മുസ്‌ലിംകളുടെ ചരിത്രത്തിൽ ശ്രദ്ധേയമായ വഴിത്തിരിവു കുറിച്ച 1937 ഒക്ടോബർ 15-ലെ മുസ്‌ലിംലീഗിന്റെ ലക്നോ സമ്മേളനം, മുഹമ്മദലി ജിന്ന സമുന്നത നേതൃപദവിയിലേക്കുയരുന്നതിന്റെ തുടക്കം അവിടെ നിന്നായിരുന്നു. ലക്നോ

For Group Contact us +91 9746065242

mappilaheritagelibrary.com

സമ്മേളനം ഖാഇദെ അഅ്സമിൽ പുതിയ കരുത്തു പകർന്നു.

മുസ്ലിംലീഗിനെ ശക്തിപ്പെടുത്താൻ പുതിയ തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിനു ലക്നോ സമ്മേളനവിജയം വലിയ പ്രചോദനമായി. ലീഗിനെ ബഹുജന സംഘടനയാക്കി കെട്ടിപ്പടുക്കാനുള്ള തീവ്രയത്നത്തിന്റെ ആരംഭവും ലക്നോവിൽ നിന്നു തന്നെയായിരുന്നു. വ്യക്തിപരമായി ഖാഇദേ അഅ്സമിനെ സംബന്ധിച്ചിടത്തോളം 1937 ഒക്ടോബറിൽ ലക്നോവിൽ തുടങ്ങി 1940 മാർച്ച് 22-നു ലാഹോറിലെ 'മിൻടോ പാർക്കിൽ' (ഇപ്പോഴത്തെ അല്ലാമാ ഇഖ്ബാൽ പാർക്ക്) 'പാകിസ്ഥാൻ പ്രമേയ'വുമായി വരുന്നത് വരെയുള്ള കാലയളവ് സംഭവബഹുലവും പ്രവർത്തനനിരതവുമായിരുന്നു. ഇക്കാലത്ത് അദ്ദേഹം തന്റെ രാഷ്ട്രീയ തന്ത്രങ്ങളുടെ മികവും കരുനീക്കങ്ങൾ നടത്താനുള്ള കഴിവും, അനുയായികളെ ഒപ്പം നിർത്താനുള്ള പ്രാപ്തിയും പ്രതിയോഗികളെ വരച്ചവരയിൽ നിർത്താനുള്ള മിടുക്കും പ്രകടിപ്പിച്ചു. മുസ്ലിംലീഗിനെ ശക്തിപ്പെടുത്താനുള്ള പരിശ്രമങ്ങൾ തുടർന്നു. അതോടൊപ്പം സംസ്ഥാനങ്ങൾ ഭരിക്കുന്ന കോൺഗ്രസ് ഗവൺമെന്റുകളെയും തന്റെ ഒപ്പം ചേരില്ലെന്ന് വാശികാണിക്കുന്ന കോൺഗ്രസ് പാർട്ടിയേയും പാഠം പഠിപ്പിക്കാൻ അദ്ദേഹം നിശ്ചയിച്ചുറക്കുകയും ചെയ്തു.

കോൺഗ്രസ്സ് ഭരിക്കുന്ന സംസ്ഥാനങ്ങളിൽ മുസ്ലിംകൾ സുരക്ഷിതരല്ലെന്നും മുസ്ലിംകളുടെ സാംസ്കാരികചൈതന്യം നശിപ്പിക്കപ്പെടുന്നുവെന്നും അദ്ദേഹം ആരോപിച്ചു. 'വന്ദേമാതരം' ദേശീയഗാനമാക്കുന്നതിന് സമാനമായ കോൺഗ്രസിന്റെ ചില നടപടികളെ അദ്ദേഹം നിശിതമായി വിമർശിച്ചു. മുസ്ലിംകളുടെ മതവികാരങ്ങൾ വ്രണപ്പെടുന്നുവെന്നും വ്യാപകമായ പരാതികളുയർന്നു. മുസ്ലിംലീഗിനെ ശക്തിപ്പെടുത്തുകയാണ് ഇതിനു പ്രതിവിധിയെന്നു അദ്ദേഹം ചൂണ്ടിക്കാട്ടി. മുസ്ലിംലീഗിനൊരു വിദ്യാർഥി വിഭാഗവും, വനിതാ വിഭാഗവും സംഘടിപ്പിക്കാൻ അദ്ദഹം നടപടി സ്വീകരിച്ചു. സഹോദരി ഫാത്തിമ ജിന്നയുടെ അദ്ധ്യക്ഷതയിൽ ബീഗം ഷാനവാസ്, ബീഗം നവാബ് സിദ്ദീഖ് അലിഖാൻ തുടങ്ങിയവരെ ഉൾപ്പെടുത്തി ഒരു വനിതാ കമ്മിറ്റി രൂപവൽകരിച്ചപ്പോൾ പലരും എതിർക്കാതിരുന്നില്ല. കോൺഗ്രസ്സിന്റെ മഹിളാവിഭാഗത്തിലേക്കു അന്നത്തെ മുസ്ലിം

For Group Contact us +91 9746065242

mappilaheritagelibrary.com

പ്രമാണിമാരുടെ കുടുംബങ്ങളിലെ മുസ്‌ലിം സഹോദരിമാർ ഒഴുകിപ്പോകുന്നത് തടയുക എന്ന പ്രധാന ഉദ്ദേശ്യവുമുണ്ടായിരുന്നു. ഖാഇദെ അഅ്സം വിമർശകരോട് പറഞ്ഞു (പാറ്റ്ന സമ്മേളനം അംഗീകരിച്ച) 'ലീഗ് പ്രമേയം ഒന്നു മാത്രമേ പറയുന്നുള്ളൂ. മുസ്‌ലിംലീഗിനെ സഹായിക്കുന്നതിനു വേണ്ടി ലീഗിന്റെ കീഴിൽ സംഘടിക്കാൻ അവർക്കൊരവസരം നൽകുക അത്രമാത്രം. ആ ന്യായീകരണത്തെ എതിർക്കാൻ അന്ന് മറ്റാരും മുതിർന്നില്ല.'

മുസ്‌ലിം വിദ്യാർത്ഥി ഫെഡറേഷനെ സംബന്ധിച്ചിടത്തോളം അതൊരു ഉയിർത്തെഴുന്നേൽപ്പിന്റെ ഘട്ടമായിരുന്നു. ദേശീയ രാഷ്ട്രീയ സംഭവവികാസങ്ങളിൽ ഭാഗഭാക്കുകളായിരുന്ന അലിഗറിലെ മുസ്‌ലിം വിദ്യാർത്ഥികൾ അവരുടെ ഭാവിയെ സംബന്ധിച്ച് ആശങ്കാകുലരായിരുന്നു. കോൺഗ്രസ്സുകാരനായ റാഫി അഹ്മദ് ഖിദ്വായി ആദ്യ തെരഞ്ഞെടുപ്പിൽ തോറ്റു. മന്ത്രിസഭ രൂപവൽക്കരണത്തിന്റെ ഇടവേളയിൽ കോൺഗ്രസും ലീഗും നല്ല ബന്ധമായിരുന്നു. ലീഗിനു രണ്ടു മന്ത്രിസ്ഥാനങ്ങൾ നൽകാമെന്ന ഓഫർ ആദ്യം കോൺഗ്രസനുകൂലിയും പിന്നീട് മുസ്‌ലിംലീഗ് വക്താവുമായ ഖലീക്കുസ്സമാൻ അതേപടി സ്വീകരിച്ചു. അതിനിടക്ക് ഒഴിവുവന്ന മുസ്‌ലിം സീറ്റിൽ ലീഗിന്റെ സഹായത്തോടെ ഖിദ്വായി തിരഞ്ഞെടുക്കപ്പെട്ടു. പിന്നീട ലീഗിനെ മന്ത്രിസഭയിലെടുക്കാതെ ലീഗംഗങ്ങളെ മന്ത്രി പദവി കാണിച്ചു വ്യാമോഹിപ്പിച്ചു കോൺഗ്രസ്സിൽ ചേർക്കാൻ നടത്തിയ ശ്രമങ്ങൾ അലീഗറിലെ യുവമുസ്‌ലിം ഹൃദയങ്ങളിൽ ചലനങ്ങളുണ്ടാക്കി. അക്കാലത്ത് അലിഗറിലും ലക്നോവിലും മുസ്‌ലിം വിദ്യാർത്ഥി സംഘടനകൾ പ്രവർത്തിച്ചിരുന്നു. മുസ്‌ലിം സമുദായത്തിലെ ബുദ്ധിജീവികളെ പ്രതിനിധാനം ചെയ്തിരുന്ന അലിഗർ യൂണിവേഴ്സിറ്റി യൂണിയനും മുസ്‌ലിം വിദ്യാഭ്യാസ പ്രവർത്തകൻമാരും വിദ്യാർത്ഥിനേതാക്കളും അറിയപ്പെടുന്ന വിദ്യാർത്ഥിപ്രസ്ഥാനങ്ങളായിരുന്നു. ഇന്ത്യയിലെ രാഷ്ട്രീയരംഗവും തിരഞ്ഞെടുപ്പും വിവിധ സംസ്ഥാനങ്ങളിലെ ഭരണരീതികളും ഖാഇദേ അഅ്സമിന്റെ നേതൃത്വത്തിൽ നടന്നുവന്ന മുസ്‌ലിംലീഗിന്റെ ഉത്ഥാനവും ആ യുവഹൃദയങ്ങളിൽ ചലനങ്ങൾ സൃഷ്ടിച്ചു.

ഖാഇദെ അഅ്സമിന്റെ നേതൃത്വത്തിൽ മുസ്‌ലിംലീഗ് ബംഗാളിൽ കാഹളധ്വനി മുഴക്കിയപ്പോൾ ആവേശഭരിതരായ

For Group Contact us +91 9746065242

mappilaheritagelibrary.com

വിദ്യാർത്ഥി യുവജനങ്ങളിൽ അതിന്നും അനുരണനങ്ങളുണ്ടായി. അവിടെ അഖില ബംഗാൾ മുസ്ലിം സ്റ്റുഡന്റ്സ് ലീഗ് രൂപംകൊണ്ടു.

ഇതിനിടയിലാണ് അലിഗർ സർവ്വകലാശാല വിദ്യാർത്ഥി യൂണിയൻ നേതാവായിരുന്ന ഊർജ്ജസ്വലനായ മുഹമ്മദ് നുഅ്മാൻ ഈ മൂന്നു സംഘടനകളെയും സംയോജിപ്പിച്ചുകൊണ്ട് അഖിലേന്ത്യാ മുസ്ലിം സ്റ്റുഡന്റ്സ് ഫെഡറേഷനു രൂപം നൽകിയത്. ഖാഇദേ അഅ്സമിൽ നിന്ന് ആവേശം നുകർന്ന നുഅ്മാൻ ബോംബെയിലെത്തി. ഫെഡറേഷന്റെ വാർഷികസമ്മേളനത്തിനു ഖാഇദേ അഅ്സമിനെ ക്ഷണിച്ചു. ലക്നോ സമ്മേളനത്തിനു ശേഷം പലപ്പോഴും അനാരോഗ്യം വിഷമിപ്പിച്ചിരുന്നുവെങ്കിലും നുഅ്മാന്റെ തന്നെ ഭാഷയിൽ 'ഖാഇദ് ക്ഷണം സ്വീകരിക്കുവാൻ ഒരു മിനുട്ട് മാത്രമേ സമയമെടുത്തുള്ളൂ'. 'എങ്കിൽ താൻ ഈ വാർത്ത പത്രങ്ങൾക്ക നൽകട്ടെ' എന്ന് ഖാഇദിനോട് ആരാഞ്ഞപ്പോൾ അദ്ദേഹം എഴുന്നേറ്റ് നിന്ന് പറഞ്ഞു: "അത് ഇപ്പോൾ തന്നെ ആവട്ടെ" അങ്ങിനെ 1937 ഡിസംബറിൽ കൽക്കത്തിൽ വെച്ചു ഉദ്ഘാടന കർമ്മം നിർവ്വഹിക്കപ്പെട്ടു. കോൺഗ്രസുമായി ബന്ധപ്പെട്ട പഴയ അഖിലേന്ത്യാ വിദ്യാർത്ഥി ഫെഡറേഷൻ "മുസ്ലിം വിദ്യാർത്ഥി ഫെഡറേഷനെ" വർഗ്ഗീയവും പ്രതിലോമപരവുമെന്ന് മുദ്രകുത്തി. എന്നാൽ മഹ്മൂദാബാദ് രാജാവ് പ്രസിഡന്റും മുഹമ്മദ് നുഅ്മാൻ ജനറൽ സെക്രട്ടറിയുമായി രംഗത്തുവന്ന അഖിലേന്ത്യാ മുസ്ലിം വിദ്യാർത്ഥി ഫെഡറേഷൻ ഒരു സജീവ സംഘടനയായി മുന്നോട്ടുനീങ്ങി. കൽക്കത്തയിൽ ചേർന്ന മുസ്ലിം വിദ്യാർത്ഥി ഫെഡറേഷൻ സമ്മേളനത്തിൽ അന്നത്തെ വടക്കുപടിഞ്ഞാറൻ അതിർത്തി സംസ്ഥാനം മുതൽ ആസ്സാംവരെയുള്ള പ്രദേശങ്ങളിൽ നിന്ന് 300-ൽപ്പരം മുസ്ലിം വിദ്യാർത്ഥികൾ പങ്കെടുത്തിരുന്നു. അവരെ അഭിസംബോധന ചെയ്ത ഖാഇദ് പ്രസ്താവിച്ചു: -'ഞാൻ അലാറം ബെൽ അടിച്ചുകൊണ്ടേയിരിക്കുന്നു, എന്നാൽ ഫയർ ബ്രിഗേഡ് ഇതുവരെ എത്തിയില്ല. നിങ്ങൾ (മുസ്ലിം വിദ്യാർത്ഥികൾ) ഫയർ ബ്രഗേഡ് സൃഷ്ടിക്കണം. ദൈവാനുഗ്രഹത്താൽ നമുക്ക് ആ തീ കെടുത്താനാവും.' തുടർന്ന് അദ്ദേഹം തന്റെ വ്യക്തിപരമായ ആ വാചകങ്ങൾ മൊഴിഞ്ഞു. 'അമേരിക്കയിലെ നീഗ്രോകളുടെ സ്ഥാനത്തേക്ക് നമുക്ക് താഴാനാവില്ല, അതുകൊണ്ടു തന്നെ മുസ്ലിം വിദ്യാർത്ഥികൾ സ്വന്തം സമുദായത്തിന്റെ ദുരവസ്ഥയെക്കുറിച്ചും

For Group Contact us +91 9746065242

mappilaheritagelibrary.com

ഇന്ത്യയിലെ സംഭവവികാസങ്ങളിൽ അവർക്കുള്ള പങ്കിനെ സംബന്ധിച്ചു ബോധവാൻമാരായിരിക്കണം.' മഹ്മൂദാബാദ് രാജാവും മുഹമ്മദ് നുഅ്മാനും തയ്യാറാക്കിയതും ഖാഇദേ അഅ്സമിന്റെ അംഗീകാരം നേടിയതുമായ അഖിലേന്ത്യാ എം.എസ്.എഫിന്റെ 'ലക്ഷ്യപരിപാടികളിൽ' രാജ്യത്തിന്റെ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുക്കാനുതകും വിധം മുസ്‌ലിം വിദ്യാർത്ഥികളിൽ രാഷ്ട്രീയബോധം ഉണ്ടാക്കിത്തീർക്കുക. മുസൽമാൻമാരുടെ സാമ്പത്തികവും സാമൂഹികവുമായ സ്ഥിതി മെച്ചപ്പെടുത്തുന്ന പ്രവർത്തനങ്ങൾ നടത്തുക. ഇസ്‌ലാമിക വിരുദ്ധ ശക്തികളുടെ പ്രചരണങ്ങൾ തടഞ്ഞു നിർത്തുകയും ഇസ്‌ലാമിക വിശ്വാസം ശക്തിപ്പെടുത്തുകയും ചെയ്യുക തുടങ്ങിയ കാര്യങ്ങൾ ഉൾപ്പെടുന്നു.

അലിഗർ മുസ്‌ലിം സർവകലാശാലയായിരുന്നു ഖാഇദേ അഅ്സമിന്റെ പ്രമുഖ വിദ്യാർത്ഥി സങ്കേതം. 1938 ജനുവരിയിൽ ഒരു ദിവസം അലിഗറിൽ തീവണ്ടിയിറങ്ങിയ ഖാഇദിനെ വിദ്യാർത്ഥി യുവജനങ്ങൾ മൂന്നു നാഴിക ദൂരം രാജകീയ സ്വീകരണം നൽകി. ഘോഷയാത്രയായി കൊണ്ടുപോയി. സ്വീകരണയോഗത്തിലെ സ്വാഗതപ്രസംഗത്തിൽ മുസ്‌ലിംകൾ സ്വതന്ത്രമായി ജനിച്ചവരാണ് എന്ന് പറഞ്ഞതിനെ പരാമർശിച്ചുകൊണ്ട് അദ്ദേഹം ചോദിച്ചു.

''മുസൽമാൻ എപ്പോഴായിരുന്നു സ്വതന്ത്രൻ? ഈ രാജ്യത്ത് ഏതായാലും അവൻ (മുസൽമാൻ) കഴിഞ്ഞ 150 വർഷം ഒരു അടിമയായിരുന്നു.'' ഇതേ യോഗത്തിൽവെച്ചായിരുന്നു അക്കാലത്ത് കോൺഗ്രസിന് പിന്തുണ നൽകിയിരുന്ന ചില മതപണ്ഡിതൻമാരെയും ജിന്നാ സാഹിബ് നിശിതമായി വിമർശിച്ചത്. ''സമുദായത്തിന്റെ അഭിമാനം ചില്ലിക്കാശിനു വിൽക്കുന്നവരാണ് മൗലവിമാർ'' -ഖാഇദ് തുറന്നടിച്ചു. അദ്ദേഹം കൂട്ടിച്ചേർത്തു -''മുസ്‌ലിംകളുടെ അവകാശങ്ങൾ പരിരക്ഷിക്കപ്പെടുന്നതിന്റെ പേരിലാണെങ്കിൽ ഒരു വർഗ്ഗീയവാദിയാകുന്നതിൽ ഞാൻ അഭിമാനം കൊള്ളുന്നു.'' ഖാഇദേ അഅ്സമിന്റെ ഈ വാക്കുകൾ വിദ്യാസമ്പന്നരായ മുസ്‌ലിം യുവാക്കളിൽ ആവേശം കോരിനിറച്ചു.

മുസ്‌ലിം വിദ്യാർത്ഥി യുവജനങ്ങളിൽ ഖാഇദേ അഅ്സം ചെലുത്തിയ സ്വാധീനവും അവരെ വളർത്തിക്കൊണ്ടുവരുന്നതിൽ അദ്ദേഹം കാണിച്ച ശ്രദ്ധയും വിവരിക്കുന്ന ഒട്ടനേകം സംഭവകഥകൾ ഹെക്ടർ ബോളിത്തോ രേഖപ്പെടുത്തിയിട്ടുണ്ട്.

For Group Contact us +91 9746065242

mappilaheritagelibrary.com

മുസ്ലിംലീഗിലെ ചെറുപ്പക്കാരനായിരുന്ന ക്യാപ്റ്റൻ സയ്യിദ് അബ്ബാസ് അലഹബാദ് സർവ്വകലാശാലയിൽ ജിന്നാസാഹിബ് പ്രസംഗിച്ച രംഗം വിവരിക്കുകയുണ്ടായി. 1937-38 കാലങ്ങളിൽ ജിന്ന അലഹബാദ് സന്ദർശിച്ചപ്പോഴാണ് ആദ്യമായി ഞാൻ ജിന്നയെ കണ്ടത്. മുസ്ലിം വിദ്യാർത്ഥികളായ ഞങ്ങൾക്ക് ഇന്ത്യയിലെ മുസ്ലിം നവോത്ഥാനത്തിന്റെ നെടുനായകനായിരുന്നു അദ്ദേഹം. ഹിന്ദു വിദ്യാർത്ഥികൾക്കാണെങ്കിൽ അഴിമതിയില്ലാത്ത ഒരു സ്വാതന്ത്ര്യപോരാളിയും. അദ്ദേഹത്തെ അപ്പോഴും തിരിച്ചുലഭിച്ചേക്കും എന്നു തോന്നിയ ഘട്ടമായിരുന്നതിനാൽ വർഗ്ഗീയവാദി എന്നു വിളിക്കുന്നതിൽ ഒരു തരം അനിശ്ചിതത്വം നിലനിന്നിരുന്നു. ഗാന്ധിജി അടക്കമുള്ള രാഷ്ട്രീയനേതാക്കൾക്ക് നൽകിയതിനേക്കാൾ ഉജ്ജ്വല വരവേൽപ്പാണ് ഖാഇദേ അഅ്സമിനു നൽകിയത്. ഡൽഹിക്കു പോകുന്ന കൽക്കത്ത മെയിൽ വണ്ടി രണ്ടു മണിക്കൂറോളം അലഹബാദിൽ തങ്ങും. മുസ്ലിം വിദ്യാർത്ഥികളായ ഞങ്ങളാരും ജിന്നയെ നേരിൽ കണ്ടിരുന്നില്ല. അദ്ദേഹത്തിന്റെ പാശ്ചാത്യ വസ്ത്രരീതിയെപ്പറ്റി ഒട്ടനവധി കഥകൾ ഞങ്ങൾ കേട്ടിരുന്നു. അദ്ദേഹം തനി ഇംഗ്ലീഷുകാരനെപ്പോലെയാണെന്നും.

തീവണ്ടി സ്റ്റേഷനിൽ നിൽക്കേണ്ട താമസം ഞങ്ങൾ ഹാരങ്ങളുമായി തീവണ്ടിമുറിക്ക് നേരെ ഓടി. ഞങ്ങൾ ഒരു തീവണ്ടി മുറിയുടെ വാതിൽ തുറന്നപ്പോൾ ഭംഗിയായി നീല സൂട്ടും വെള്ളക്കോളറും ധരിച്ച ഒരാളെ കണ്ടു. ഞങ്ങൾ ആ മനുഷ്യനെ വളഞ്ഞു. ഹാരമണിയിക്കാനൊരുമ്പെട്ടപ്പോൾ അദ്ദേഹം പ്രതിഷേധിച്ചു. 'ഞാൻ മിസ്റ്റർ ജിന്നയല്ല' ഞാൻ ഉച്ചത്തിൽ പറഞ്ഞു; 'അങ്ങ് വിനയാന്വിതനാവാൻ ശ്രമിക്കുന്നു.'

അപ്പോൾ മറ്റൊരു ഭാഗത്ത് നിന്ന് 'മുഹമ്മദലി ജിന്ന സിന്ദാബാദ്' വിളികേട്ടു -ഞങ്ങൾ അസ്വസ്ഥനായ ആ മനുഷ്യനെ തോളിലേറ്റി നടക്കാൻ ഒരുങ്ങുമ്പോഴാണ് ഈ ജയ്വിളി കേട്ടത്. ഞങ്ങൾക്ക് തെറ്റുപറ്റി. ഞങ്ങൾ ആ ഭാഗത്തേക്ക് പോയി. യഥാർത്ഥ ജിന്നയെ കണ്ടു. മെലിഞ്ഞു പൊക്കംകൂടി മാന്യത തുളുമ്പുന്ന ആ രൂപം അതെന്നും മനസ്സിനകത്ത് തറച്ചിരിക്കും.

'അദ്ദേഹത്തിന്റെ പ്രസംഗത്തിലെ രണ്ടു ഭാഗങ്ങൾ ഞാനിപ്പോഴും ഓർമ്മിക്കുന്നു. ജിന്ന പറഞ്ഞു: 'മാന്യരേ, ഈ രാജ്യത്തിലെ ദുരിതമനുഭവിക്കുന്ന ദശലക്ഷക്കണക്കിന് ജനങ്ങളുടെ

For Group Contact us +91 9746065242

mappilaheritagelibrary.com

ജീവിതം നന്നാക്കിത്തീർക്കാൻ, ഇന്ത്യയിലെ മുസൽമാൻമാരുടെ സാമൂഹിക സാമ്പത്തിക, രാഷ്ട്രീയ നിലവാരമുയർത്താൻ വേണ്ടി ശ്രമിക്കുന്നതിന്റെ പേരിൽ ഞാൻ വർഗ്ഗീയവാദിയായി മുദ്രകുത്തപ്പെടുന്നു. അതുകൊണ്ടുതന്നെ മാന്യരേ, ഒരു വർഗ്ഗീയവാദിയാകുന്നതിൽ ഞാൻ അഭിമാനംകൊള്ളുന്നു.'

'ഈ വാക്കുകൾ സർവകലാശാല വിദ്യാർത്ഥികൾ നീണ്ട കരഘോഷത്തോടെ സ്വീകരിച്ചു. ഒരു തവണ മാത്രം ചില ഹിന്ദു വിദ്യാർത്ഥികൾ 'ഗാന്ധിജി കീ ജയ്' വിളിച്ചപ്പോൾ പ്രസംഗം തടസ്സപ്പെട്ടു. ജിന്ന ഒരു മിനിറ്റ് നിറുത്തി, അപ്പോൾ സദസ്സ് ആകെ നിശ്ശബ്ദമായി. തുടർന്ന് അദ്ദേഹം ശാന്തസ്വരത്തിൽ പറഞ്ഞു 'അതെ, ഗാന്ധി എന്തുകൊണ്ടും ഒരു ഹിന്ദു നേതാവാണ്.' പിന്നീട് വിദ്യാർത്ഥികൾ-ഹിന്ദുക്കളും മുസ്‌ലിംകളും തടസ്സപ്പെടുത്തലുമില്ലാതെ പ്രസംഗം മുഴുവൻ കേട്ടിരുന്നു.

മുസ്‌ലിം വിദ്യാർത്ഥി ഫെഡറേഷൻ ജനറൽ സെക്രട്ടറിയായിരുന്ന മുഹമ്മദ് നുഅ്മാൻ പറഞ്ഞത് മറ്റൊരു അനുഭവമാണ്.

''1935-ൽ നുഅ്മാൻ ഇംഗ്ലണ്ടിൽ വിദ്യാഭ്യാസം പൂർത്തിയാക്കാൻ ആഗ്രഹിച്ചു. 'അന്ന് വിദ്യാർത്ഥികളെ സംഘടിപ്പിക്കാൻ ഓരോ കോളേജിലേക്കും ചുറ്റിനടക്കുകയായിരുന്നു. എനിക്ക് പഠിക്കാൻ ഒരുപാട് ബാക്കിയുണ്ട്. ലണ്ടനിലേക്ക് യാത്ര ചെയ്യാൻ ഹൈദരബാദ് ഗവൺമെന്റിൽ ഒരു ഗ്രാന്റിനായി ഞാനപേക്ഷിച്ചുവെന്നു ജിന്നയോട് പറഞ്ഞു. ജിന്ന ഉടൻ തന്നെ പറഞ്ഞു. ഇല്ല നിങ്ങൾ സ്വന്തം ശക്തിയിൽ അതുണ്ടാക്കണം.' അദ്ദേഹമെന്നോട് മുസ്‌ലിംലീഗിന്റെ ചരിത്രമെഴുതാനാവശ്യപ്പെട്ടു -ഞാനത് ചെയ്തു. അദ്ദേഹമപ്പോൾ എന്നോട് പറഞ്ഞത് ഞാനോർക്കുന്നു: 'അപ്പോൾ പുസ്തകത്തിൽ നിന്നും ലഭിക്കുന്ന റോയൽറ്റി കൊണ്ട് വിദ്യാഭ്യാസം തുടരാം' അദ്ദേഹവും എന്റെ കൂടെ ജോലിചെയ്തു. എനിക്കാവശ്യമുള്ള കടലാസുകളെല്ലാം തന്നു. പുസ്തകം എഴുതിത്തീരും വരെ കുറേ മണിക്കൂറുകൾ അദ്ദേഹം എന്റെ കൂടെയായിരുന്നു. അദ്ദേഹത്തിന്റെ സഹനശക്തി അത്ഭുതകരമായിരുന്നു."

മുഹമ്മദ് നുഅ്മാന്റെ കഴിവുകളിൽ ഒന്നായിരുന്നു മിമിക്രി. നുഅ്മാന്റെ അഭ്യാസങ്ങളിലൊന്ന് ഖാഇദേ അഅ്സമിനെ

For Group Contact us +91 9746065242

mappilaheritagelibrary.com

അനുകരിക്കലായിരുന്നുവത്രെ -വിരലുയർത്തി ആകാശത്തിൽ കയ്യുയർത്തി ശക്തമായി അമർത്തി സംസാരിക്കുന്ന ഖാഇദിനെ അതുപോലെ അനുകരിക്കുന്ന നുഅ്മാന്റെ ശബ്ദാനുകരണ കൗശലത്തെക്കുറിച്ച് ഖാഇദും വിവരമറിഞ്ഞു. അദ്ദേഹം നുഅ്മാനെ വിളിച്ചുവരുത്തി. നുഅ്മാൻ ആകെ പരുങ്ങി. ഖാഇദ് പറഞ്ഞു: താൻ എന്നെ അനുകരിച്ച് ഒന്നാന്തരമായി സംസാരിക്കുമെന്ന് പറഞ്ഞുകേട്ടു. അതെങ്ങിനെയെന്നു ഞാനും കാണട്ടെ. മുഹമ്മദ് നുഅ്മാൻ ജിന്നയുടെ മുമ്പിൽ നിന്നുകൊണ്ടു തന്നെ ഒന്നാന്തരമായി അത് അവതരിപ്പിച്ചു കാണിച്ചു. അത് കഴിഞ്ഞ ഉടൻ ജിന്ന തന്നെ ഹാറ്റും വായിക്കാൻ ഉപയോഗിക്കുന്ന ചെറിയ കണ്ണടയും നൽകിയിട്ട് നുഅ്മാനോട് പറഞ്ഞു:

വളരെ നന്നായിരിക്കുന്നു. ഇത് കൂടി എടുത്തോളൂ, ഇതുംകൂടി വച്ചു പ്രകടനം നടത്തിയാൽ ഗംഭീരമായിരിക്കും.

മുസ്ലിംലീഗിനെ ഒരു ബഹുജന സംഘടനയാക്കി മാറ്റിയെടുക്കുന്ന തീവ്രശ്രമത്തിനു ഖാഇദേ അഅ്സമിനു നിരന്തരയാത്രയും അദ്ധ്വാനവും ആവശ്യമായി. അദ്ദേഹത്തിന്റെ സാന്നിദ്ധ്യം എല്ലാവർക്കും പ്രിയപ്പെട്ടതായിരുന്നു. ഇന്ത്യയിൽ എല്ലാ ഭാഗത്തുള്ളവരും അതിനുവേണ്ടി കൊതിച്ചു. അനുയായികൾക്കു അവരുടെ മഹാനായ നേതാവിനെ കണ്ടാൽ മാത്രം മതിയാവുമായിരുന്നില്ല. അവർക്കു അദ്ദേഹത്തെ തേടിക്കൊണ്ടുപോകണം.

ശ്വാസകോശത്തിൽ അനാരോഗ്യം അനുഭവപ്പെട്ട ജിന്ന, ഈ അതിർകവിഞ്ഞ ആവേശപ്രകടനം നിർത്താൻ തന്റെ അനുയായികളോടു പറഞ്ഞു. കൽക്കത്തയിൽ മുസ്ലിംലീഗ് സമ്മേളനത്തിന് എത്തിച്ചേരുമ്പോൾ ഘോഷയാത്രകൾ ആവശ്യമില്ലെന്ന് അറിയിച്ചുകൊണ്ട് അദ്ദേഹം ഏപ്രിൽ 12-നു അയച്ച ഒരു കത്തിൽ ഇങ്ങിനെ നിർദ്ദേശിച്ചു.

'എന്റെ സ്വീകരണങ്ങൾ കുറച്ചേറെ ക്രമപ്പെടുത്തിയിരിക്കണം, ഒരു നിശ്ചിത സമയത്തിനകം എനിക്ക് താമസസ്ഥലത്ത് എത്തിച്ചേരണം. മണിക്കൂറുകൾ നീണ്ടുനിൽക്കുന്ന ഈ ഘോഷയാത്രകൾ എന്റെ ആരോഗ്യത്തെയും ശരീരപ്രകൃതത്തെയും വല്ലാതെ കുഴക്കുന്നു. അതുകൊണ്ട് പന്ത്രണ്ടു മണിക്കകം തന്നെ വീട്ടിലെത്താനും ഏതുനിലക്കും ഉച്ചക്കുശേഷം അൽപ്പം

For Group Contact us +91 9746065242

mappilaheritagelibrary.com

വിശ്രമിക്കാനും സൗകര്യപ്പെടുത്തിത്തരണം. അലിഗറിലും മീറത്തിലും അതുപോലെ മറ്റിടങ്ങളിലുമുണ്ടായ എന്റെ സന്ദർശനങ്ങളെപ്പറ്റി ഒര പക്ഷേ പത്രങ്ങളിൽ വായിച്ചിരിക്കാം. അതിലൊന്നും ഒരു തെറ്റുമില്ല -എന്നാൽ അതൊക്കെ ഒന്ന് ക്രമപ്പെടുത്തുകയാണാവശ്യം. അതില്ലാത്തുകൊണ്ട് എന്റെ ആരോഗ്യത്തെ സാരമായി ബാധിച്ചു.

മുഹമ്മദലി ജിന്നയും മുസ്‌ലിംലീഗും നടത്തുന്ന 'കാമ്പയിൻ' കണ്ടില്ലെന്ന് നടിച്ച് അടങ്ങിയിരിക്കാൻ കോൺഗ്രസിനായില്ല. കോൺഗ്രസിനെയും അതിന്റെ നേതാക്കളെയും അതിനിശിതമായി വിമർശിക്കുന്നതായിരുന്നു ജിന്നയുടെ നീക്കങ്ങൾ, ഇതിനെ നേരിടുവാൻ മുസ്‌ലിം ബഹുജന സമ്പർക്ക പരിപാടി (Mass Contact) കോൺഗ്രസ് ആവിഷ്കരിച്ചു. മുസ്‌ലിംലീഗിന്റെയും അതിന്റെ നേതാക്കളുടെയും തലക്ക് മുകളിലൂടെ മുസ്‌ലിം ബഹുജനങ്ങളെ സ്വാധീനിക്കാനുള്ള കോൺഗ്രസിന്റെ ശ്രമങ്ങളെ ജിന്ന പുച്ഛിച്ചുതള്ളി. അതിനദ്ദേഹം ഒരു പരിഹാസപ്പേരും നൽകി. 'മുസ്‌ലിം കൂട്ടക്കൊല സമ്പർക്കം' (Muslim Massacre Contact).

കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളിൽ മുസ്‌ലിംകൾ അനുഭവിക്കുന്ന യാതനകളെക്കുറിച്ച് ഖാഇദേഅഅ്സമും മുസ്‌ലിംലീഗും ആരോപണങ്ങൾ നിരത്തിവെച്ചു. 'വന്ദേമാതരം' ദേശീയ ഗാനമായംഗീകരിക്കാൻ ശ്രമിക്കുന്നു, ഉർദു ഭാഷയുടെ സ്ഥാനം സംസ്കൃതവൽക്കരിക്കപ്പെട്ട ഹിന്ദിക്ക് നൽകുന്നു, മദ്രസകളുടെ പേരുകൾ വിദ്യാമന്ദിർ എന്നാക്കി മാറ്റുന്നു, കോൺഗ്രസിന്റെ തലവൻ എന്നർത്ഥം വരുന്ന സദ്റേ കോൺഗ്രസിന്റെ സ്ഥാനം രാഷ്ട്രപതി എന്നാക്കുന്നു, മദ്ധ്യപ്രദേശിന്റെ അന്നത്തെ പേരായ സെൻട്രൽ പ്രോവിൻസ് മാറ്റി മഹാകുശാൽ എന്നാക്കുന്നു, മുസ്‌ലിംകളുടെ സാംസ്കാരിക പൈതൃകം നശിപ്പിക്കുന്നു, ഇതൊക്കെയായിരുന്നു പ്രധാന ആരോപണങ്ങൾ. കൂടാതെ അന്ന് നടന്ന സാമുദായിക കലാപങ്ങളും അതിൽ മുസ്‌ലിംകൾ അനുഭവിക്കേണ്ടി വന്ന ദുരിതങ്ങളും വിമർശനങ്ങൾക്ക് മൂർച്ചകൂട്ടുകയും ചെയ്തു.

1938 ഏപ്രിൽ 18-ന് കൽക്കത്തയിൽ ചേർന്ന മുസ്‌ലിംലീഗിന്റെ പ്രത്യേക സമ്മേളനത്തിൽ പ്രസംഗിക്കവേ ഖാഇദേ അഅ്സം പറഞ്ഞു, 'മതം, സംസ്കാരം, ഭാഷ, വ്യക്തിനിയമങ്ങൾ

For Group Contact us +91 9746065242

mappilaheritagelibrary.com

എന്നിവപോലെ അതിപ്രധാനമായതാണ് രാജ്യത്തിലെ ഭരണത്തിലും ഗവൺമെന്റിലുമുള്ള പങ്കാളിത്തം.' ഒരു 'ഹിന്ദു രാജ്' ഉണ്ടാക്കുവാനുള്ള ഏത് ശ്രമത്തെയും മുസ്ലിംകൾ അവസാന നിമിഷംവരെ എതിർക്കും. ജീവൻ അവശേഷിക്കുന്ന കാലത്തോളം മറ്റാരുടെയും ആധിപത്യം അവർ വെച്ചുപൊറുപ്പിക്കില്ല. ഈ സമ്മേളനം കോൺഗ്രസ് ഗവൺമെന്റുകളുടെ ചെയ്തികളെ സംബന്ധിച്ച് മുസ്ലിംകളുടെ പരാതികൾ ശേഖരിക്കാൻ പീർപൂർ മഹാരാജാവ് രാജാ സയ്യിദ് മുഹമ്മദ് മെഹ്ദിയുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റിയെ അധികാരപ്പെടുത്തി. കോൺഗ്രസ് ഭരിക്കുന്ന ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങൾ സന്ദർശിച്ച 'പീർപൂർ കമ്മിറ്റി' മുസ്ലിംകളിൽ നിന്ന് ആക്ഷേപങ്ങൾ കേൾക്കുകയും എഴുതിവാങ്ങുകയും ചെയ്തു. 1938 നവംബറിൽ ലീഗ് സെക്രട്ടറി നവാബ് സദാലിയാഖത്തിലഖാൻ 'പീർപൂർ റിപ്പോർട്ട്' ഡൽഹിയിൽ പ്രസിദ്ധീകരണത്തിനു നൽകി.

മുസ്ലിംലീഗിന്റെ ലക്നോ സമ്മേളനത്തിൽ ഖാഇദേ അഅ്സം മുഹമ്മദലി ജിന്ന ചെയ്ത പ്രസംഗം ദേശീയ രാഷ്ട്രീയത്തിൽ വലിയ കോളിളക്കം സൃഷ്ടിച്ചു. ഇതിൽ ഏറ്റവും വലിയ അസന്തുഷ്ടി പ്രകടിപ്പിച്ചത് ഗാന്ധിജിയായിരുന്നു. മുഹമ്മദലി ജിന്ന മുസ്ലിം സമുദായത്തെ ഇന്ത്യയിൽ ഒരു പ്രത്യേക രാഷ്ട്രീയശക്തിയാക്കി വളർത്തിക്കൊണ്ടുവരുന്നത് കണ്ടില്ലെന്നു വെക്കാൻ കോൺഗ്രസ്സിന് കഴിയുമായിരുന്നില്ല. ജിന്നയുടെ പുതിയ സരണി ഇന്ത്യൻ രാഷ്ട്രീയ വ്യവസ്ഥാപനത്തിൽ ഉണ്ടാക്കുവാനിടയുള്ള അധികാര അസന്തുലിതാവസ്ഥ ഗാന്ധിജി മുൻകൂട്ടി കണ്ടിരുന്നുവെന്ന് അദ്ദേഹം ജിന്നക്കെഴുതിയ കത്ത് വെളിപ്പെടുത്തുന്നു.

ലക്നോവിൽ ചെയ്ത പ്രസംഗം വായിച്ചപ്പോൾ അതൊരു യുദ്ധ പ്രഖ്യാപനമായിട്ടാണ് തനിക്കു തോന്നിയതെന്ന് ഗാന്ധിജി എഴുതി. ഗാന്ധിജി അങ്ങിനെ ധരിച്ചുപോയിട്ടുണ്ടെങ്കിൽ തനിക്കതിൽ ഖേദമുണ്ടെന്നും എന്നാൽ അത് സ്വയംരക്ഷക്ക് തികച്ചും ആവശ്യമാണെന്നും ജിന്ന 1937 നവംബർ 05-നു മറുപടി നൽകി -"എന്റെ പ്രസംഗം ദയവുചെയ്ത് ഒന്നുകൂടി വായിച്ചു മനസ്സിലാക്കുക" അദ്ദേഹം അഭ്യർത്ഥിച്ചു.

ഗാന്ധിജി മൂന്നുമാസങ്ങൾക്കുശേഷം വീണ്ടും

For Group Contact us +91 9746065242

mappilaheritagelibrary.com

ജിന്നക്കെഴുതി:

''യുദ്ധപ്രഖ്യാപനമാണെന്ന എന്റെ നിഗമനം താങ്കൾ നിഷേധിക്കുന്നു. എന്നാൽ തുടർന്നുള്ള താങ്കളുടെ പ്രഖ്യാപനങ്ങൾ അത് സ്ഥിരീകരിക്കുകയാണ്. ദക്ഷിണാഫ്രിക്കയിൽ ഞാൻ സ്വയംവരിച്ച വിപ്രവാസം അവസാനിപ്പിച്ച് 1915-ൽ ഇന്ത്യയിൽ തിരിച്ചെത്തിയപ്പോൾ എല്ലാവരും ഏറ്റവും ശക്തനായ ദേശീയവാദിയും ഹിന്ദുക്കളുടെയും മുസ്‌ലിംകളുടെയും ആശാകേന്ദ്രമായും പറഞ്ഞുകേട്ടത് നിങ്ങളുടെ പേരായിരുന്നു. അതേ മിസ്റ്റർ ജിന്ന തന്നെയാണോ താങ്കൾ? താങ്കൾ അതങ്ങനെയാണെന്നു പറഞ്ഞാൽ, താങ്കളുടെ പ്രസംഗങ്ങൾ എന്ത് തന്നെയായാലും ശരി, താങ്കളുടെ വാക്ക് ഞാൻ സ്വീകരിക്കും.''

ജിന്ന മറുപടി നൽകി: ''... എന്റെ പ്രസംഗത്തിൽ പഴയ ദേശീയവാദിയെ കാണുന്നില്ലെന്ന് താങ്കൾ പറഞ്ഞു. അങ്ങിനെ പറഞ്ഞത് നീതീകരിക്കപ്പെട്ടതാണെന്ന് താങ്കൾ കരുതുന്നുണ്ടോ? 1915-ൽ ജനങ്ങൾ താങ്കളെപ്പറ്റി എന്ത് പറയുന്നുവെന്നോ, ഇപ്പോൾ ജനങ്ങൾ താങ്കളെപ്പറ്റി എന്ത് പറയുന്നുവെന്നോ ഞാൻ കാര്യമാക്കുന്നില്ല. ദേശീയത്വം ഏതെങ്കിലും വ്യക്തിയുടെ കുത്തകയല്ല. ഈ കാലഘട്ടത്തിൽ അത് നിർവ്വചിക്കാനും പ്രയാസമാണ്. ഏതായാലും വിവാദങ്ങളുടെ ഈ പാത ഇനിയും തുടരണമെന്ന് ഞാനാഗ്രഹിക്കുന്നില്ല.''

ഗാന്ധിജി-ജിന്ന കത്തിടപാടുകൾക്കിടയിൽ ജവഹർലാൽ നെഹ്റുവും ജിന്നയും തമ്മിൽ എഴുത്തുകുത്തുകൾ നടന്നു. ഇരുവരും അന്ന് സ്വീകരിച്ചിരുന്ന വ്യത്യസ്തമായ കാഴ്ചപ്പാട് അവരുടെ കത്തുകളിലെ ഭാഷയും ശൈലിയും വിളിച്ചോതുന്നു.

1938 ഫെബ്രുവരി 5-നു നെഹ്റു മുഹമ്മദലി ജിന്നക്കെഴുതി:

''അടിസ്ഥാനപരമായ തർക്കവിഷയങ്ങൾ എന്താണെന്ന് എനിക്കിനിയും മനസ്സിലാക്കാൻ കഴിഞ്ഞില്ലെന്ന കുറ്റസമ്മതം ചെയ്യേണ്ടിവരുമോ എന്ന് ഞാൻ ഭയപ്പെടുന്നു. അതുകൊണ്ടാണ് അതൊന്ന് വിശദീകരിച്ചുതരണമെന്ന് ഞാൻ പറഞ്ഞുകൊണ്ടിരുന്നത്. ഇക്കാര്യത്തിൽ ഇതുവരെ എനിക്ക് ഒരു സഹായവും കിട്ടിയില്ല...''

ജിന്ന രൂക്ഷമായി പ്രതികരിച്ചു. ''താങ്കളുടെ അജ്ഞതയിൽ ഞാൻ അത്ഭുതപ്പെടുന്നു. 1935 മുതൽ 1935 വരെ രാജ്യത്തെ പ്രധാന നേതാക്കളെല്ലാം ശ്രമിച്ചുകൊണ്ടിരുന്ന കാര്യം അതിന് ഇന്നും

For Group Contact us +91 9746065242

mappilaheritagelibrary.com

പരിഹാരം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. അതൊന്ന് പഠിക്കണമെന്ന് ഞാൻ കേണപേക്ഷിക്കുന്നു. സ്വയംകൃത അലംഭാവം കാണിക്കരുത്. ആത്മാർത്ഥമായി ശ്രമിച്ചാൽ പത്രങ്ങളിലും പൊതുവേദിയിലും തുടർച്ചയായി പ്രത്യക്ഷപ്പെട്ട അടിസ്ഥാനപരമായ തർക്കപ്രശ്നങ്ങൾ മനസ്സിലാക്കാൻ താങ്കൾക്ക് വിഷമുണ്ടാവു കയില്ലെന്ന് ഞാൻ കരുതുന്നു...”

1938 ഏപ്രിൽ 6-നു പണ്ഡിറ്റ്ജി അയച്ച കത്ത് ജിന്നയെ വല്ലാതെ ചൊടിപ്പിച്ചു. നെഹ്റു എഴുതി:

‘നിശ്ചയമായും മുസ്‌ലിംലീഗ് ഒരു സുപ്രധാന വർഗ്ഗീയ സംഘടനയാണ്. ആ നിലയിൽ തന്നെ അതിനോട് ഇടപെടുകയും ചെയ്യും. ഞങ്ങളുടെ കൂട്ടത്തിലുൾപ്പെടുന്ന എല്ലാ സംഘടനകളുടെയും വ്യക്തികളുമായും ഞങ്ങൾക്ക് ഇടപെടേണ്ടതുണ്ട്. അവ ഓരോന്നിന്റെയും പ്രാധാന്യമോ വ്യത്യസ്ത സ്വഭാവമോ അനുസരിച്ച് അതിന് അർഹമായ പരിഗണന ലഭിക്കുമെന്നത് അനിവാര്യമായ വസ്തുതയാണ്. എന്നാൽ ഈ അംഗീകാരം അതിനുപുറത്തുള്ള അംഗീകാരമല്ല. അതിന്റെ ഉള്ളിൽ നിന്ന് അതിന് ലഭിക്കുന്ന സ്വയം ശക്തികൊണ്ടുണ്ടാവുന്നതാണ്. മറ്റു സംഘടനകൾ അതു ചെറുതോ പുതിയതോ ആവട്ടെ അവഗണിക്കാവുന്നതല്ല.’

ജിന്ന നെഹ്റുവിന് നൽകിയ മറുപടിയും അതേ സ്വരത്തിലായിരുന്നു;

‘താങ്കളുടെ കത്തിൽ പ്രകടിപ്പിച്ച സ്വരവും ഭാഷയും കോൺഗ്രസ്സ് ഒരു പരമാധികാര ശക്തിയാണെന്നു ദ്യോതിപ്പിക്കുന്ന തരത്തിലുള്ള ദുശ്യോഠ്യവും കടുംപിടുത്തവുമാണ് പ്രകടമാക്കുന്നത്. ഞാൻ എന്റെ അഭിപ്രായം അത് പല പൊതുവേദികളിലും പറഞ്ഞതാണ്. ഇവിടെ ആവർത്തിക്കട്ടെ, മുസ്‌ലിംലീഗിനെ കോൺഗ്രസ്സിന്റെ അതേ തുല്യപദവിയിൽ കണക്കാക്കി, ഹിന്ദു-മുസ്‌ലിം ഒത്തുതീർപ്പിനുള്ള കൂടിയാലോചനക്ക് തയ്യാറാവുന്നില്ലെങ്കിൽ ഞങ്ങളും വ്യത്യസ്തമോ, പ്രത്യേകമായതോ ആയ ഞങ്ങളുടെ സ്വന്തമായ ശക്തി ആശ്രയിച്ചു പ്രശ്നപരിഹാരം കാത്തിരുന്നുകൊള്ളാം...

ഈ കത്തിടപാടുകൾ നിരൂപണം ചെയ്തു ഒട്ടേറെ അഭിപ്രായപ്രകടനങ്ങളുണ്ടായി. ജവഹർലാൽ നെഹ്റുവിന്റെ കത്ത്, രണ്ടു മഹാൻമാരായ നേതാക്കൻമാരുടെ കത്തിടപാടുകളിൽ ഏറ്റവും

For Group Contact us +91 9746065242
mappilaheritagelibrary.com

ദോഷം ചെയ്യുന്നതായിരുന്നു എന്ന് ഈ വർഷം പുറത്തിറങ്ങിയ 'പാർട്ടിഷൻ ഓഫ് ഇന്ത്യ: ലെജന്റ് ആന്റ് റിയാലിറ്റി' എന്ന ഗ്രന്ഥത്തിൽ പ്രശസ്ത നിയമജ്ഞനായ എസ്.എം. സീർവായ് അഭിപ്രായപ്പെടുന്നു. നെഹ്റുവിന്റെ കത്തും ജിന്നയുടെ മറുപടിയും പ്രശ്നങ്ങൾ കൂടുതൽ സങ്കീർണ്ണമാക്കിത്തീർത്തുവെന്നാണ് ചരിത്രകാരൻമാർ പിൽക്കാലത്ത് അഭിപ്രായപ്പെട്ടത്.

പഴയ ദേശീയവാദിയെ കാണുന്നില്ല എന്നു ജിന്നയെപ്പറ്റി ഗാന്ധിജി പറഞ്ഞത് ശരിയായിരുന്നു. ജിന്നക്ക് അതിനു ന്യായീകരണവുമുണ്ടായിരുന്നു. 1938-നും 1940-നുമിടയിലുള്ള കാലഘട്ടം മുഹമ്മദലി ജിന്നയുടെ ജീവിതത്തിലെ മൂന്നാം ഘട്ടത്തിൽ നിന്നു നാലാം ഘട്ടത്തിലേക്കുള്ള മാറ്റം കുറിക്കുന്നു. സ്വന്തം സമുദായത്തെക്കുറിച്ച് പറയുന്നതുപോലും ശരിയല്ലെന്ന് കരുതിപ്പോന്ന ആത്യന്തിക ദേശീയവാദിയായിരുന്ന ജിന്നയുടെ, ഹിന്ദു-മുസ്‌ലിം ഐക്യത്തിന്റെ അംബാസഡറായ ലക്നെന സന്ധിക്ക് അടിത്തറയിട്ട മുഹമ്മദലി ജിന്നയുടെ ചിന്താസരണിക്കും പ്രവർത്തന പദ്ധതിക്കും പരിവർത്തനം സംഭവിക്കുന്നു. ചരിത്രപരമായ കാരണങ്ങളാൽ വിസ്മൃതിയിലാണ്ടുപോവുകയും അവഗണിക്കപ്പെടുകയും ചെയ്ത സ്വന്തം സമുദായത്തിനു വ്യക്തിത്വം നൽകി അംഗീകാരം നേടിയെടുക്കാൻ ശ്രമിച്ച ഖാഇദേ അഅ്സം അതിനുള്ള ഏകവഴി പുതിയ രാഷ്ട്രം നേടിയെടുക്കലാണെന്ന അഭിപ്രായത്തിലേക്കും പിന്നീട് അതിനുള്ള തീരുമാനത്തിലേക്കും എത്തിച്ചേരുന്നത് 1938-40 കാലത്താണ്. അതേക്കുറിച്ച് സ്റ്റെയിൻലി വോൾപെർട്ട് രേഖപ്പെടുത്തുന്നു.

''കോൺഗ്രസ്സിന്റെ അപമാനങ്ങൾ, വിഡ്ഢിത്തങ്ങൾ, അവഗണന, പരിഹാസം, അയഥാർത്ഥമോ, യഥാർത്ഥമോ ആയ മുസ്‌ലിം വിരുദ്ധ മനസ്ഥിതി, തളർച്ച, ഇച്ഛാഭംഗം, ഭയം, സംശയങ്ങൾ, പ്രത്യാശകൾ തകർന്നടിഞ്ഞ സ്വപ്നങ്ങൾ, വെണ്ണീറായി മാറിയ മോഹങ്ങൾ, പൊങ്ങച്ചം എല്ലാം ജിന്നയിലുണ്ടായ മാറ്റങ്ങൾക്ക് അതിന്റെ പങ്കുവഹിച്ചു.''

'1938-ൽ രണ്ട് സുപ്രധാന ലീഗ് സമ്മേളനങ്ങളിൽ ജിന്ന തന്റെ കാഴ്ചപ്പാട് വ്യക്തമാക്കി. 1938 ഒക്ടോബർ 08-ന് അദ്ദേഹം പറഞ്ഞത് ഇങ്ങനെയായിരുന്നു.

''നമ്മുടെ സ്വന്തം ശക്തിയെ ആശ്രയിച്ചുകൊണ്ട് നമ്മുടെ

For Group Contact us +91 9746065242

mappilaheritagelibrary.com

ശക്തി കെട്ടിപ്പടുക്കുകയും തീരുമാനങ്ങൾക്ക് ബഹുജനാംഗീകാരം നേടുകയും വേണം. മുസൽമാൻമാർ അവരുടെ ദേശീയലക്ഷ്യവും അഭിലാഷങ്ങളും സാക്ഷാൽക്കരിക്കുന്നതിൽ പരാജയപ്പെടുകയാണെങ്കിൽ അത് മുൻകാലങ്ങളിൽ സംഭവിച്ചതുപോലെ നമ്മളിലുള്ളവർ നമ്മെ വഞ്ചിക്കുന്നതുകൊണ്ട് മാത്രമായിരിക്കും. ഞാൻ ഹിന്ദു സമുദായത്തോട് സമരം ചെയ്യുകയില്ലെന്ന് വ്യക്തമാക്കാനാഗ്രഹിക്കുന്നു. ഹിന്ദുക്കളുമായി എനിക്ക് കലഹവുമില്ല. ഹിന്ദുക്കളിൽ എനിക്ക് ധാരാളം സുഹൃത്തുക്കളുണ്ട്. 1938 ഡിസംബർ 26-നു പാറ്റ്നയിൽ ചേർന്ന മുസ്ലിംലീഗിന്റെ സമ്മേളനത്തിൽ പങ്കെടുക്കാൻ പാറ്റ്ന സിറ്റി റെയിൽവെസ്റ്റേഷനിലെത്തിയ ഖാഇദേ അഅ്സമിനെ ബീഹാറിലെ മുസ്ലിംകൾ എതിരേറ്റ് ഏഴു നാഴിക ഘോഷയാത്രയായി കൊണ്ടുപോയത് അന്നത്തെ ഏറ്റവും പ്രധാന വാർത്തയായിരുന്നു.

ഹിന്ദു മുസ്ലിം ഒത്തുതീർപ്പ് ഉണ്ടാക്കുവാനുള്ള എല്ലാ ശ്രമവും ഫാസിസ്റ്റ് രീതിയിൽ കോൺഗ്രസ്സ് കൊന്നുവെന്ന് ആരോപിച്ചുകൊണ്ട് അദ്ദേഹം കൂട്ടിച്ചേർത്തു.

'ഇന്ത്യയിൽ എല്ലാവർക്കുവേണ്ടിയും സംസാരിക്കാനുള്ള അവകാശം തങ്ങൾക്ക് മാത്രമാണെന്ന അബദ്ധജഡിലമായ അവകാശവാദം കോൺഗ്രസ്സ് ഹൈക്കമാന്റ് ഉന്നയിക്കുന്നു. മറ്റുള്ളവർ അവരെ പരമാധികാര ശക്തിയായി അംഗീകരിച്ച് അവർ നൽകുന്ന സമ്മാനം സ്വീകരിക്കണമത്രെ. മുസ്ലിംകളുടെ പരാതികൾ അവർ പരിഹരിക്കുമെന്നും മുസ്ലിംകൾ അവരുടെ പ്രഖ്യാപനം സ്വീകരിക്കുമെന്നും അവർ പ്രതീക്ഷിക്കുന്നു. എന്നാൽ ഞാൻ അവരോടു പറയുന്നു. അവരുടെ ഔദാര്യമോ, പാരിതോഷികമോ മുസൽമാൻമാർക്ക് ആവശ്യമില്ല. ഇന്ത്യയിലെ മുസ്ലിംകൾ അവരുടെ അവകാശം പരിപൂർണ്ണമായും നേടിയെടുക്കാൻ തീരുമാനിച്ചിരിക്കുന്നു. അത് അവകാശമായിത്തന്നെ ലഭിക്കണം'

എന്നാൽ ജിന്നാസാഹിബ് ഈ നിലയിലേക്ക് നീങ്ങുന്നതിനു മുമ്പുതന്നെ അതിൽ നിന്നു അദ്ദേഹത്തെ പിന്തിരിപ്പിക്കാൻ ഗാന്ധിജി ആത്മാർത്ഥമായി പരിശ്രമിച്ചിരുന്നു. 1938-ന്റെ ആദ്യകാലങ്ങളിൽ ഖാഇദേ അഅ്സം മുസ്ലിംകളുടെ അനിഷേധ്യമായ നേതൃത്വത്തിലേക്ക് നീങ്ങുകയും ഫെബ്രുവരി

For Group Contact us +91 9746065242

mappilaheritagelibrary.com

-ഏപ്രിൽ മാസങ്ങളിൽ നെഹ്റു ജിന്നാ കത്തിടപാടുകൾ സ്ഥിതിഗതികൾ സങ്കീർണ്ണമാക്കുകയും ചെയ്തപ്പോൾ ജിന്നാ സാഹിബിനെ കാണാൻ ഗാന്ധിജി ആഗ്രഹം പ്രകടിപ്പിച്ചു. കൽക്കത്തയിൽ നിന്ന് ബോംബെക്ക് മടങ്ങുംവഴി തന്നെ കാണണമെന്നു ഗാന്ധിജി ആഗ്രഹം പ്രകടിപ്പിച്ചെങ്കിലും ജിന്ന അതിനു സന്നദ്ധനായില്ല. എന്നാൽ ബോംബെയിൽ വെച്ചു കാണാമെന്നും ആസാദ് കൂടി തന്നോടൊപ്പമുണ്ടായിരി ക്കുമെന്നും ഗാന്ധിജി നിർദ്ദേശിച്ചു. ലീഗുകാരനല്ലാത്ത ഒരു മുസ്ലിമിനെയും കാണാൻ താനാഗ്രഹിക്കുന്നില്ല എന്നായി ജിന്ന. കത്തുകളും കമ്പികളും പരസ്പരം പ്രവഹിച്ചു. ഒടുവിൽ 1938 ഏപ്രിൽ അവസാനം ഗാന്ധിജി ബോംബെയിൽ മലബാർ ഹില്ലിൽ ജിന്നയുടെ വസതിയിലെത്തി. മൂന്നര മണിക്കൂർ നേരം മഹാത്മാഗാന്ധിയും ഖാഇദേ അഅ്സമും തനിച്ചു കഴിച്ചുകൂട്ടി. പക്ഷേ ആ സംഭാഷണം കഴിഞ്ഞു മടങ്ങിയ ഗാന്ധിജി കൂടുതൽ വിഷണ്ണനായിരുന്നു. അതിനിടയിൽ ബംഗാളിലെ സുഭാഷ് ചന്ദ്രബോസ് തന്റെ നാൽപത്തൊന്നാം വയസ്സിൽ ജവഹർലാൽ നെഹ്റുവിൽ നിന്ന് കോൺഗ്രസ് പ്രസിഡന്റ് പദം ഏറ്റെടുത്തു. മേയ് ആദ്യവാരത്തിൽ സുഭാഷ് ചന്ദ്രബോസും ജിന്നാസാഹിബും തമ്മിൽ ബോംബെയിൽ വെച്ചു ചർച്ച തുടർന്നു. അതും ഫലപ്രദമായില്ല.

കോൺഗ്രസ്സും മുസ്ലിംലീഗും രണ്ടു ദിശകളിലൂടെ മുന്നോട്ടുപോകുകയായിരുന്നു. മുഹമ്മദലി ജിന്ന ലീഗിനെ ഒരു ബഹുജന സംഘടനയാക്കി പരിവർത്തിപ്പിക്കുന്നതിൽ വ്യാപൃതനായിരുന്നു. അതിന്റെ നേതൃത്വത്തിൽ പ്രമുഖരെയും അദ്ദേഹം കൂട്ടിച്ചേർത്തു. ലിയാഖത്തലിഖാൻ, ഖലീക്കുസ്സമാൻ, ഫസ്ലുൽ ഹഖ്, സർ സിക്കന്തർ ഹയാത്ത്ഖാൻ എന്നിവരുൾപ്പെട്ട ലീഗ് ഹൈക്കമാന്റ് ഏത് നിലക്കും കോൺഗ്രസ്സ് ഹൈക്കമന്റിനോട് ഒപ്പത്തിനൊപ്പം നിൽക്കേണ്ടതായിരുന്നു. ബുദ്ധിശക്തി, വിദ്യാഭ്യാസം, ജനസ്വാധീനം, വ്യക്തിത്വം തുടങ്ങിയ സിദ്ധികളുള്ളവർ ഖാഇദേ അഅ്സമിന്റെ ഏറ്റവും അടുത്ത ഉപദേഷ്ടാക്കളായി. ആളുകളുടെ എണ്ണത്തേക്കാളുപരി അവരിൽ കുടികൊള്ളുന്ന കഴിവുകളും വിശ്വസ്തതയും ആയിരുന്നു ഉപദേഷ്ടാക്കളെ തിരഞ്ഞെടുക്കുന്നതിൽ ഖാഇദേ അഅ്സമിന്റെ

For Group Contact us +91 9746065242

mappilaheritagelibrary.com

അളവുകോൽ.

മുസ്‌ലിംലീഗിന്റെ അണികളിൽ അടങ്ങാത്ത ആവേശമായിരുന്നു. രണ്ടേ രണ്ടു കാര്യങ്ങൾക്കു മാത്രമേ ആവേശാതിരേകത്തെ തൃപ്തിപ്പെടുത്താൻ കഴിഞ്ഞുള്ളൂ- ഒന്ന് മുസ്‌ലിംലീഗിന്റെ ഹരിതപതാക, മറ്റൊന്ന് ഖാഇദേ അഅ്സമിന്റെ സാന്നിദ്ധ്യവും. അപാരമായ അന്തഃസിദ്ധികളും അസാധാരണമായ സ്ഥൈര്യവും അസാമാന്യമായ ധിഷണാശക്തിയും വീറുറ്റ വാദമുഖങ്ങളും സർവ്വോപരി അതുല്യമായ വ്യക്തിത്വവും അനന്യമായ നേതൃപാഠവവും ജിന്നക്കു മുസ്‌ലിംകളിൽ മാത്രമല്ല ഇന്ത്യൻ ജനതയിലാകെയും ബ്രിട്ടീഷ് ഭരണാധികാരികളിലും മതിപ്പും ആദരവും നേടിക്കൊടുത്തു.

കോൺഗ്രസ്സിന്റെ നേതൃത്വം 1938-ൽ ബംഗാളിലെ തീവ്രവാദിയായ സുഭാഷ്ചന്ദ്രബോസ് ഏറ്റെടുത്തു. മുസ്‌ലിംകൾ ഖാഇദേ അഅ്സം എന്ന് ജിന്നയെ വിളിക്കുന്നതുപോലെ ബഹുജന നേതാവായിരുന്ന സുഭാഷ് ചന്ദ്രബോസിനെ 'നേതാജി' (ബഹുമാന്യനായ നേതാവ്) എന്ന് ജനങ്ങൾ ആദരപൂർവ്വം വിളിച്ചിരുന്നു. നേതാജിയുടെ അനുയായികളിൽ വലിയൊരു വിഭാഗം വിശിഷ്യാ ബംഗാളികൾ ഗാന്ധിജിയുടെ അക്രമരാഹിത്യ പ്രസ്ഥാനത്തോടു വലിയ ആഭിമുഖ്യമുള്ളവരായിരുന്നില്ല.

1939-ലും സുഭാഷ് ചന്ദ്രബോസ് കോൺഗ്രസ് പ്രസിഡന്റാവണമെന്ന ആഗ്രഹം കോൺഗ്രസ് അണികളിലുണ്ടായിരുന്നുവെങ്കിലും ഗാന്ധിജിക്ക് അതിൽ നീരസമുണ്ടായിരുന്നു. മൗലാനാ ആസാദ്, ജവഹർലാൽ നെഹ്റു, പട്ടാഭിസീതാരാമയ്യ എന്നിവരിലാരെങ്കിലും കോൺഗ്രസ്സ് പ്രസിഡന്റാവുന്നതിലായിരുന്നു ഗാന്ധിജിക്ക് കൂടുൽ താൽപര്യം. ഏതായാലും രണ്ടാമതൊരു തവണകൂടി കോൺഗ്രസ് പ്രസിഡന്റ് പദത്തിന് മത്സരിക്കാൻ തന്നെ നേതാജി തീരുമാനിച്ചു. അങ്ങിനെ 1939-ൽ കോൺഗ്രസ് പ്രസിഡന്റ് സ്ഥാനത്തേക്ക് സുഭാഷ് ചന്ദ്രബോസും പട്ടാഭി സീതാരാമയ്യയും തമ്മിൽ വാശിയേറിയ മൽസരം നടന്നു. നേതാജിക്ക് 1850 വോട്ടുകളും പട്ടാഭിക്ക് 1377 വോട്ടുകളും ലഭിച്ചു. നേതാജി രണ്ടാമതൊരു തവണകൂടി കോൺഗ്രസ് പ്രസിഡന്റായി തുടർന്നു.

പക്ഷേ കോൺഗ്രസ് പ്രസിഡന്റായി തുടരുവാൻ സുഭാഷ് ചന്ദ്രബോസിന് കോൺഗ്രസിനകത്തെ വടംവലികൾ കാരണം

For Group Contact us +91 9746065242

mappilaheritagelibrary.com

സാദ്ധ്യമായില്ല. വർക്കിംഗ് കമ്മിറ്റിയിൽ നേതാജിക്ക് കാര്യങ്ങൾ താനാഗ്രഹിക്കുന്നതുപോലെ നടത്തിക്കൊണ്ടുപോകാനാകാതെ വന്നു. പ്രസിഡന്റിന്റെ ഒട്ടേറെ നയങ്ങൾ വർക്കിംഗ് കമ്മിറ്റിക്ക് സ്വീകാര്യമായില്ല. സ്വന്തം പാർട്ടിയിൽ പിൻബലം കുറഞ്ഞതും തകർന്ന ആരോഗ്യവും കോൺഗ്രസ്സ് പ്രസിഡന്റ് സ്ഥാനം രാജിവെച്ചൊഴിയാൻ നേതാജിയെ നിർബന്ധിതനാക്കി. കോൺഗ്രസ്സിൽ നിന്നു രാജിവെച്ച നേതാജി സുഭാഷ് ചന്ദ്രബോസ് സ്വന്തം കക്ഷി രൂപവൽക്കരിച്ചു - ഫോർവേർഡ് ബ്ലോക്ക്.

രണ്ടാം ലോകയുദ്ധം പൊട്ടിപ്പുറപ്പോൾ ബ്രിട്ടീഷ് വിരുദ്ധനും തീവ്രവാദിയുമായിരുന്ന നേതാജി ജയിലിലടക്കപ്പെട്ടു. നേതാജി ജയിൽചാടി ജർമ്മനിയിലേക്ക് കടന്നു. ബ്രിട്ടനെതിരായി യുദ്ധം ചെയ്തിരുന്ന ജർമ്മനിയിൽ നിന്നു അദ്ദേഹം മറ്റൊരു വിരുദ്ധശക്തിയായ ജപ്പാനിലെത്തി. അന്നു സിങ്കപ്പൂരിലും മലയായിലും കടന്നുവന്ന ജപ്പാനെ സഹായിക്കാനും ഇന്ത്യക്ക് സ്വാതന്ത്ര്യം നൽകാത്ത ബ്രിട്ടനെതിരെ പോരാടാനും നേതാജി 'ഇന്ത്യൻ നാഷണൽ ആർമി (ഐ.ൻ.എ)ക്ക് രൂപം നൽകി. അന്നത്തെ സഖ്യശക്തികളായിരുന്നു ബ്രിട്ടീഷ് സാമ്രാജ്യശക്തിക്കെതിരായി ജപ്പാന്റെ കൂടെ നിലയുറപ്പിച്ച സാഹസികനും അന്നത്തെ ഇന്ത്യൻ വിപ്ലവകാരികളുടെ ആവേശകേന്ദ്രവുമായിരുന്ന നേതാജി സുഭാഷ് ചന്ദ്രബോസ് ഒരു വിമാനയാത്രയിൽ അപകടമരണമടഞ്ഞു. മരണപ്പെട്ട സാഹചര്യങ്ങൾ ഇന്നും ചരിത്രത്തിലെ ദുരൂഹതകളിൽ ഒന്നായി തുടരുന്നു.

കോൺഗ്രസ് പ്രസിഡന്റ് പദം ഡോ. രാജേന്ദ്രപ്രസാദ് ഏറ്റെടുത്തു. കോൺഗ്രസ്സും മുസ്‌ലിംലീഗും തമ്മിൽ ഒത്തുതീർപ്പുണ്ടാക്കാൻ ഡോ.രാജേന്ദ്രപ്രസാദ് മുൻകൈ എടുത്തുവെങ്കിലും വിജയിച്ചില്ല. കോൺഗ്രസ് ഭരിച്ച ബീഹാർ, ഉത്തർപ്രദേശ്, മദ്ധ്യപ്രദേശ് പ്രവിശ്യകളിൽ അക്കാലത്ത് നടന്ന സാമുദായിക കലാപങ്ങൾ സ്ഥിതിഗതികൾ സങ്കീർണ്ണമാക്കി. ബംഗാളിലെ ഫസലുൽ ഹഖ് 1937 ജൂലായ് മുതൽ 1939 ആഗസ്റ്റ് വരെ നടന്ന കലാപങ്ങളെ സംബന്ധിച്ച് തയ്യാറാക്കിയ റിപ്പോർട്ടും ബീഹാർ സംസ്ഥാന മുസ്‌ലിംലീഗ് എസ്.എം. ശരീഫ് ചെയർമാനായി നിയോഗിച്ച കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടും രണ്ടു സമുദായങ്ങളും തമ്മിലുള്ള അകൽച്ച വരച്ചുകാണിച്ചു. പീർപൂർ രാജാവ്

For Group Contact us +91 9746065242

mappilaheritagelibrary.com

സയ്യിദ് മുഹമ്മദ് മഹ്ദിയുടെ റിപ്പോർട്ട് നേരത്തെതന്നെ ലഭിച്ചിരുന്നു.

കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളിൽ പ്രത്യക്ഷ സമരപരിപാടിക്ക് സമയമായെന്ന് ലീഗിൽ അഭിപ്രായമുണ്ടായി. എന്നാൽ ഖാഇദേ അഅ്സം അതിനു അനുവദിച്ചില്ല. രാഷ്ട്രീയ പ്രചാരണം തുടർന്നു. അതിനിടക്ക് 1939 സെപ്തംബർ ഒന്നിനു ബ്രിട്ടീഷ് പ്രധാനമന്ത്രി നെവിൽ ചേംബർലൈൻ ബ്രിട്ടീഷ് ജനതയും ജർമ്മനിയും തമ്മിൽ യുദ്ധത്തിലാണെന്ന് പ്രഖ്യാപിച്ചു. രണ്ടാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടപ്പോഴും ഇന്ത്യയിൽ കോൺഗ്രസ്സും മുസ്‌ലിംലീഗും തമ്മിൽ 'രാഷ്ട്രീയയുദ്ധം' തുടരുകയായിരുന്നു കോൺഗ്രസിന്റെ നേതൃത്വത്തിലുള്ള സംസ്ഥാന മന്ത്രിസഭകൾ 1939 ഒക്ടോബർ- നവംബർ മാസങ്ങളിലായി രാജിവെച്ചൊഴിഞ്ഞു. ആ രാജിയിലും രാഷ്ട്രീയവിജയം കണ്ടെത്താൻ മുഹമ്മദലി ജിന്ന മറന്നില്ല. 1939 ഡിസംബർ 22-നു 'വിമോചന ദിനം' ആഘോഷിക്കാൻ അദ്ദേഹം മുസ്‌ലിംലീഗുകാരെ ആഹ്വാനം ചെയ്തു.

'സ്റ്റേറ്റ്സ്മാൻ പത്രത്തിന്റെ' മുൻ പത്രാധിപർ ആർതർ മൂർ എഴുതി:

''ജർമ്മനി റഷ്യയെ ആക്രമിച്ചപ്പോൾ ചർച്ചിൽ ചെയ്ത പ്രസംഗത്തോടു ഉപമിക്കാവുന്നതാണ്, ജിന്നയുടെ നേതൃത്വത്തിൽ മുസ്‌ലിംലീഗ് സന്നിഗ്ധഘട്ടത്തിൽ തക്കസമയം പെട്ടെന്ന് തീരുമാനമെടുക്കാൻ പ്രകടിപ്പിച്ച കഴിവ്, കോൺഗ്രസ് ആകെ ഞെട്ടിപ്പോയി. ഒരു ഗുസ്തിക്കാരന് ഇടിയേറ്റതുപോലെ മറ്റു പാർട്ടിക്കാരും അത്ഭുതപ്പെട്ടു. മാത്രമല്ല മുസ്‌ലിം ഇന്ത്യയിലുണ്ടായ പ്രതികരണവും ശക്തമായിരുന്നു. മുസ്‌ലിംകൾ ദിനമാചരിച്ചത് ഒരു മതചടങ്ങുപോലെയാണ്. കോൺഗ്രസ് ഗവൺമെന്റുകൾക്ക് പൂച്ചെണ്ട് നൽകിയ ഗവർണ്ണർമാരും മറ്റും മുസ്‌ലിം ഗ്രാമീണരിൽ എത്രമാത്രം അസംതൃപ്തിയും അവിശ്വാസവും വെറുപ്പും ഉണ്ടാക്കിയെന്നു വിമോചനദിനം വ്യക്തമാക്കി."

ആ രാഷ്ട്രീയവിജയം നൽകിയ വർദ്ധിച്ച ആത്മവിശ്വാസവുമായി ഖാഇദേ അഅ്സം മുന്നോട്ടുപോയി.

For Group Contact us +91 9746065242

mappilaheritagelibrary.com

VII

സംഭവബഹുലമായ വർഷങ്ങളായിരുന്നു 1939 ഉം 1940 ഉം. ഉപഭൂഖണ്ഡത്തിന്റെ ഭാഗദേയം നിർണ്ണയിച്ച സുപ്രധാന സംഭവങ്ങൾക്ക് ഈ വർഷങ്ങൾ സാക്ഷ്യം വഹിച്ചു. പല പ്രധാന രാഷ്ട്രീയ തീരുമാനങ്ങളും നീക്കങ്ങളും ഈ വർഷങ്ങളിലുണ്ടായി.

മൂന്നു ശക്തികൾ രംഗത്തുണ്ടായിരുന്നു. അവയെ നിയന്ത്രിച്ചും നയിച്ചും നെടുനായകൻമാർ നിലയുറപ്പിച്ചു. അവരുടെ തീരുമാനങ്ങളും ആ തീരുമാനങ്ങളിലടിയുറച്ചു നിന്നുകൊണ്ട് അവർ നടത്തിയ രാഷ്ട്രീയ മുന്നേറ്റവും ഇപ്പോൾ ചരിത്രത്തിന്റെ ഭാഗമാണ്.

ആ മൂന്ന് ശക്തികൾ ബ്രിട്ടീഷ് ഗവൺമെന്റും ഇന്ത്യയിലെ സുപ്രധാന രാഷ്ട്രീയ കക്ഷികളായ കോൺഗ്രസ്സും മുസ്‌ലിം ലീഗുമായിരുന്നു. അതിലെ നായകൻമാരോ? വൈസ്രോയി ലിൻലിത്ത് ഗോ പ്രഭു, സർ സ്റ്റാഫോർഡ് ക്രിപ്സ്, മഹാത്മാഗാന്ധി, ജവഹർലാൽ നെഹ്റു, മുഹമ്മദലി ജിന്ന തുടങ്ങിയവരും.

ഇന്ത്യയെ സംബന്ധിച്ചിടത്തോളം അന്നു രാജ്യം രണ്ടു തരം യുദ്ധമുഖത്തായിരുന്നു- ഒന്ന്, ബ്രിട്ടനുമായി യുദ്ധം പ്രഖ്യാപിച്ച ജർമ്മനിക്കെതിരെ ബ്രിട്ടന്റെ കോളനിയെന്ന നിലയിലുള്ള യുദ്ധം; മറ്റൊന്ന് ഇന്ത്യയിലെ രണ്ടു രാഷ്ട്രീയ പ്രസ്ഥാനങ്ങളായ കോൺഗ്രസ്സും ലീഗും തമ്മിലുള്ള രാഷ്ട്രീയ യുദ്ധവും.

മുഹമ്മദലി ജിന്ന, ഈ രണ്ട് മേഖലകളിലും തന്റെ രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ പേരിൽ അവസരപൂർവ്വം കരുക്കൾ നീക്കി. മാത്രമല്ല 1928-ൽ 'ജിന്ന മുസ്‌ലിംകളെ പ്രതിനിധീകരിക്കുന്നില്ല' എന്നു പറഞ്ഞു തന്നെ അപഹസിച്ചവരോട് അതേ സമുദായത്തിന്റെ രാഷ്ട്രീയാടിത്തറയിൽ അധിഷ്ഠിതമായ ഒരു സംഘടനയുടെ അനിഷേധ്യനായ നേതാവെന്ന നിലക്ക്, കണക്കുപറയാനുള്ള തയ്യാറെടുപ്പിലായിരുന്നു അദ്ദേഹം.

1939 സെപ്റ്റംബർ മൂന്നിനു വൈസ്രോയി ലിൻലിത്ത് ഗോ

For Group Contact us +91 9746065242

mappilaheritagelibrary.com

പ്രഭു ഇന്ത്യയും ജർമ്മനിയും യുദ്ധമാണെന്ന് പ്രക്ഷേപണം ചെയ്തതിന്റെ പിറ്റേദിവസം ഗാന്ധിജിയുമായി രണ്ടു മണിക്കൂർ ചർച്ച നടത്തി. തുടർന്ന് വൈസ്രോയി ജിന്നാ സാഹിബിനെയും കണ്ടു. ഗാന്ധിജി ആദ്യം ബ്രിട്ടനെ സഹായിക്കാനുള്ള അഭിപ്രായപ്രകടനം നടത്തിയെങ്കിലും കോൺഗ്രസ്സ് വർക്കിംഗ് കമ്മിറ്റിയുടെ തീരുമാനം കാത്തുനിൽക്കാനാവശ്യപ്പെട്ടു. കോൺഗ്രസ്സിന്റെ പ്രവർത്തകസമിതിയാകട്ടെ ഇന്ത്യൻ ജനതയുടെ അഭിലാഷങ്ങൾ കണക്കിലെടുക്കാതെയാണ് ബ്രിട്ടീഷ് ഗവൺമെന്റ് ഇന്ത്യയെ യുദ്ധത്തിലേക്ക് വലിച്ചിഴച്ചതെന്ന് ആരോപിച്ചു. ഫാസിസത്തിനും നാസിസത്തിനും എതിരായി കോൺഗ്രസ്സ് അതിന്റെ നിലപാട് പ്രഖ്യാപിക്കുകയും ഇന്ത്യക്ക് സ്വാതന്ത്ര്യം പ്രഖ്യാപിക്കണമെന്ന് ബ്രിട്ടീഷ് ഗവൺമെൻറിനോട് അഭ്യർത്ഥിക്കുകയും ചെയ്തു.

മുസ്ലിംലീഗ് അതിന്റെ പ്രമേയത്തിൽ അഞ്ച് ആവശ്യങ്ങൾ ഉന്നയിച്ചു. (1) ഇന്ത്യൻ സേന ഇന്ത്യയുടെ പുറത്തുള്ള ഒരു മുസ്ലിം രാജ്യത്തേയോ ശക്തിയേയോ ആക്രമിക്കാൻ അനുവദിക്കരുത്. (2) 1935-ലെ ഇന്ത്യാ ഗവൺമെന്റ് ആക്റ്റ് ഇന്ത്യയിലെ സ്ഥിതിഗതികളിലുണ്ടായ അനുഭവത്തിന്റെ വെളിച്ചത്തിൽ ഫെഡറേഷൻ വ്യവസ്ഥ സസ്പെൻഡ് ചെയ്തത് പുനഃപരിശോധന നടത്തുക. (3) ഇന്ത്യയിലെ മുസ്ലിംകളുടെ പൂർണ്ണമായ സമ്മതമില്ലാതെ യാതൊരു രാഷ്ട്രീയ തീരുമാനവും കൈക്കൊള്ളരുത്. ഏതെങ്കിലും രാഷ്ട്രീയ ശക്തിയുടേയോ വിഭാഗത്തിന്റേയോ സമ്മർദ്ദംകൊണ്ട് താൽക്കാലികമായിട്ടുപോലും മുസ്ലിംകളുടെ മുൻകൂട്ടിയുള്ള അനുമതി തേടാതെ തീരുമാനമെടുക്കരുത്. (4) അറബികളും ബ്രിട്ടനുമായുള്ള ഒത്തുതീർപ്പ് ഉടൻ ഉണ്ടാക്കണം, അതാകട്ടെ അറബികളുടെ പരിപൂർണ്ണ തൃപ്തിക്ക് അനുയോജ്യമാകുകയും വേണം. (5) കോൺഗ്രസ്സ് ഭരിച്ചിരുന്ന സംസ്ഥാനങ്ങളിൽ 'പീഡിപ്പിക്കപ്പെട്ട' മുസ്ലിംകളുടെ ആവലാതികൾ പരിഹരിക്കണം. 1939 ഒക്ടോബർ അഞ്ചിനായിരുന്നു വൈസ്രോയി ലിൻലിത്ത് ഗോ പ്രഭുവിനെ അദ്ദേഹത്തിന്റെ ക്ഷണമനുസരിച്ച് ജിന്ന കണ്ടത്. നവംബർ ഒന്നാം തിയ്യതി വീണ്ടും ഗാന്ധിജി, രാജേന്ദ്ര പ്രസാദ് എന്നിവർ ജിന്നാ സാഹിബിന്റെ ഡൽഹി ഔറംഗസീബ് റോഡിലുള്ള പത്താം നമ്പർ

For Group Contact us +91 9746065242

mappilaheritagelibrary.com

വസതിയിൽ എത്തി ഉന്നതതല ചർച്ച നടത്തി. നെഹ്റു അന്ന് ഇന്ത്യയിലില്ലായിരുന്നു. ജിന്നയുടെ വിദേശനിർമ്മിത കാറിൽ അവർ മൂവരും വൈസ്രോയിയെ കാണാൻ ചെന്നു.

ഇന്ത്യയിലെ രാഷ്ട്രീയശക്തികളുടെ പിന്തുണ നേടാൻ ബ്രിട്ടീഷ് ഭരണം തീവ്രശ്രമം നടത്തുകയായിരുന്നു. മുസ്‌ലിംലീഗ് ഉന്നയിച്ച ആവശ്യങ്ങൾ ഏതാണ്ട് മുഴുവൻ അംഗീകരിച്ചുകൊണ്ട് വൈസ്രോയി ജിന്നക്ക് അയച്ച 1939 നവംബർ അഞ്ചിലെ കത്ത് ജിന്നയുടെയും ലീഗിന്റെയും അന്തസ്സ് ഉയർത്തുന്നതായിരുന്നു. അതിൽ പറഞ്ഞു: (1) യുദ്ധം അവസാനിച്ച ഉടൻ സാഹചര്യം അനുവദിക്കുന്നതിനനുസരിച്ച് 1935-ലെ ഇന്ത്യാ ഗവൺമെന്റ് ആക്റ്റിനു പുറമെ ഇന്ത്യയുടെ ഭരണഘടനയെപ്പറ്റിയും മുഴുവൻ പുനരാലോചന ചെയ്യുന്നതാണ്. (2) ബ്രിട്ടീഷ് ഗവൺമെന്റോ ബ്രിട്ടീഷ് പാർലിമെന്റോ ഏതു പ്രഖ്യാപനം നടത്തുമ്പോഴും ഇന്ത്യയിലെ രണ്ട് പ്രബല സമുദായങ്ങളായ ഹിന്ദുക്കളുടെയും മുസ്‌ലിംകളുടെയും സമ്മതവും അംഗീകാരവും വാങ്ങുന്നതാണ്. (3) ഫലസ്തീൻ അറബികളുടെ ന്യായമായ ദേശീയ പ്രശ്നങ്ങൾ ബ്രിട്ടീഷ് ഗവൺമെന്റ് പരിഹരിക്കുന്നതാണ്. (4) ഇന്ത്യക്ക് പുറത്ത്, ഇന്ത്യൻ സേനയെ ഒരു മുസ്‌ലിം രാജ്യത്തിനോ, ശക്തിക്കോ എതിരായി ഉപയോഗപ്പെടു ത്തുന്നതല്ല. (5)കോൺഗ്രസ്സ് ഭരിച്ച സംസ്ഥാനങ്ങളിൽ മുസ്‌ലിംകളുടെ പ്രാഥമികാവകാശങ്ങൾ സംരക്ഷിക്കപ്പെട്ടില്ല എന്നതിനെ പരാമർശിച്ചുകൊണ്ട് ഇപ്പോൾ കോൺഗ്രസ്സ് ഗവൺമെന്റുകൾ രാജിവെച്ചിരിക്കുകയാണ്.

വൈസ്രോയിയുടെ കത്ത് തങ്ങളുടെ നേതാവിന്റെ തൊപ്പിയിൽ ഒരു തൂവലായി മുസ്‌ലിംലീഗ് വർക്കിംഗ് കമ്മിറ്റി കണ്ടു. 1939 ഡിസംബർ 23-ന് വൈസ്രോയി തന്റെ ആദ്യ കത്തിൽ പറഞ്ഞ വസ്തുതകൾ ഒന്നുകൂടി ആവർത്തിക്കുകയും ചെയ്തു.

കോൺഗ്രസ്സുമായുള്ള രാഷ്ട്രീയപോരാട്ടം ലീഗും ജിന്നയും തുടർന്നു. കോൺഗ്രസ്സിനെയും അതിന്റെ നേതാക്കൻമാരെയും ഞെട്ടിക്കുന്നതായിരുന്നു ഡിസംബർ 22-ന് വെള്ളിയാഴ്ച് ആരംഭിച്ച 'വിമോചന ദിനം' അതൊരു വിജയദിനമായി നാടെങ്ങും ആഘോഷിച്ചു.

സംസ്ഥാനങ്ങളിലെ കോൺഗ്രസ്സ് ഗവൺമെൻറ് രാജിവെച്ചത് വിജയദിനമായി മുസ്‌ലിംലീഗ് കൊണ്ടാടിയപ്പോൾ

For Group Contact us +91 9746065242

mappilaheritagelibrary.com

അത് ലീഗിന് പുതിയ കൂട്ടുകാരെ ഉണ്ടാക്കി. ദക്ഷിണേന്ത്യയിൽ അന്ന് വലിയൊരു ഇളക്കം സൃഷ്ടിച്ച ജസ്റ്റിസ് പാർട്ടിയും ദ്രാവിഡസ്ഥാൻ നേതാവായിരുന്ന പെരിയാർ രാമസ്വാമി നായ്ക്കരും ജിന്നാ സാഹിബിനെയും മുസ്ലിംലീഗിനെയും അനുകൂലിച്ചു. ദക്ഷിണേന്ത്യയിലും അങ്ങിനെ വിമോചന ദിനം അരങ്ങേറി, പ്രതിധ്വനികൾ അലയടിച്ചു. അധ:കൃതവർഗ്ഗ ലീഗിന്റെ നേതാക്കളും ആംഗ്ലോ ഇന്ത്യൻ സമുദായനേതാക്കളും ജിന്നയുമായി കൈകോർത്തുപിടിച്ചു. വിമോചനദിനത്തോടനുബന്ധിച്ചു ബോംബെയിൽ ചേർന്ന വമ്പിച്ച യോഗത്തിൽ സർ കരീംബായി അവതരിപ്പിച്ച പ്രമേയത്തെ പിന്താങ്ങിയത് അധ:കൃതവർഗ്ഗ നേതാവായിരുന്ന ഡോ. ബി.ആർ. അംബേദ്കറായിരുന്നു.

യുദ്ധത്തിൽ ബ്രിട്ടന് ഇന്ത്യയുടെ പൂർണ്ണ സഹകരണം ലഭിക്കാനുള്ള ഉദ്ദ്യേശ്യത്തോടെ സർ സ്റ്റാഫോർഡ് ക്രിപ്സ് ഒരു അനൗദ്യോഗിക സന്ദർശനത്തിനായി ഇന്ത്യയിലെത്തി. ഇന്ത്യക്ക് ഡൊമിനിയൻ പദവി നൽകാമെന്നും ഒരു ഭരണഘടനാ നിർമ്മാണസമിതി രൂപവൽക്കരിക്കാമെന്നും ഗാന്ധിയെയും നെഹ്റുവിനെയും ക്രിപ്സ് അറിയിച്ചു. എന്നാൽ ഇന്ത്യയിൽ മറ്റു ചില അഭിപ്രായക്കാരുമുണ്ടെന്ന് ലിയാഖത്തലി ഖാനും സർ സിക്കന്തറും അദ്ദേഹത്തെ ഉണർത്തിച്ചു. ക്രിപ്സ് ജിന്നയുമായി കൂടിക്കാഴ്ച നടത്തിയപ്പോൾ ഇന്ത്യൻ രാഷ്ട്രീയരംഗത്ത് നിലനിൽക്കുന്ന അഭിപ്രായഭിന്നതയുടെ പൂർണ്ണരൂപം അദ്ദേഹം ഗ്രഹിച്ചു. ഒരു ഭരണഘടനാസമിതി വിളിച്ചുകൂട്ടുന്നതിന് ജിന്ന ഒരുക്കമല്ലായിരുന്നു. ഇന്ത്യക്ക് ഡൊമിനിയൻ പദവി നൽകുകയും ഭരണഘടനാ നിർമ്മാണസമിതി രൂപവൽക്കരിക്കുകയും ചെയ്താൽ രാഷ്ട്രീയ സന്തുലിതാവസ്ഥ എന്തായിരിക്കണമെന്നും ആദ്യം തീരുമാനിക്കണമെന്നായിരുന്നു ജിന്നയുടെ വാദം. ബ്രിട്ടൻ അങ്ങിനെ വിട്ടുപോയാൽ രാഷ്ട്രീയമായി കോൺഗ്രസ്സുമാത്രം ഭരിക്കുന്നത് 'ഹിന്ദുരാജ്' ആയിരിക്കുമെന്ന് ജിന്ന തുറന്നടിച്ചു.

എന്നാൽ ക്രിപ്സ് അന്നത്തെ ഇന്ത്യാവകുപ്പു സെക്രട്ടറി സെറ്റിലാന്റ് പ്രഭുവിന് സമർപ്പിച്ച അനൗദ്യോഗിക റിപ്പോർട്ടിൽ ഇന്ത്യക്ക് ഡൊമിനിയൻ പദവിയും, കേവല ഭൂരിപക്ഷപ്രകാരം തീരുമാനമെടുക്കാനുള്ള അധികാരത്തോടെ ഒരു ഭരണഘടനാ നിർമ്മാണസഭയും ശുപാർശ ചെയ്തു. ഇത് ജിന്നയെ ചൊടിപ്പിച്ചു.

For Group Contact us +91 9746065242

mappilaheritagelibrary.com

മൂന്നിൽ രണ്ടിന്റെ ഭൂരിപക്ഷമില്ലാതെ അത്തരം തീരുമാനങ്ങൾ ഭരണഘടനാ നിർമ്മാണ സമിതിയെടുക്കുന്നതിനെ ജിന്ന ശക്തിയുക്തം എതിർത്തു.

'മാഞ്ചസ്റ്റർ ഗാർഡിയൻ' പത്രത്തിന്റെ പ്രതിനിധിക്ക് അനുവദിച്ച ഒരു അഭിമുഖസംഭാഷണത്തിൽ കോൺഗ്രസ്സ് ഉയർത്തിപ്പിടിച്ച ജനാധിപത്യ ആശയത്തെ ഖാഇദേ അഅ്സം നിശിതമായി വിമർശിച്ചു. അദ്ദേഹം പറഞ്ഞു: ''ഈ ഭരണഘടനയുടെ പ്രവർത്തനം (1935-ലെ ഇന്ത്യാ ഗവ. ആക്റ്റിനെ പരാമർശിച്ചുകൊണ്ട്) ഇന്ത്യയിൽ സ്ഥിരമായി ജനാധിപത്യ വ്യവസ്ഥയനുസരിച്ചുള്ള ഒരു പാർലമെന്ററി രീതിയിലുള്ള ഗവൺമെന്റ് സാധ്യമല്ലെന്ന് വ്യക്തമാക്കിയിരിക്കുന്നു. ന്യൂനപക്ഷങ്ങളുടെ മേൽ സ്ഥിരമായി ആധിപത്യം വെച്ചുപുലർത്തുന്ന ഒരു സാമുദായിക ഭൂരിപക്ഷമായിരിക്കും ഇതിന്റെ തിക്തഫലം. ആകയാൽ മറ്റു കാരണങ്ങളിലെ വിശദാംശങ്ങളിലേക്കൊന്നും പോകാതെ തന്നെ എന്റെ സുചിന്തിതമായ അഭിപ്രായം ഇന്ത്യയിൽ ജനാധിപത്യമെന്നതിന്റെ അർത്ഥം രാജ്യത്താകെ ഹിന്ദുരാജ് ആയിരിക്കും എന്നതാണ്.''

താൻ പ്രതിനിധാനം ചെയ്യുന്ന വിഭാഗത്തിന് ശബ്ദവും സ്ഥാനവുമില്ലാതെ ഒന്നും തന്നെ തനിക്ക് സ്വീകാര്യമല്ലെന്ന ജിന്നയുടെ കാഴ്ചപ്പാട് 1939-ൽ കൂടുതൽ വ്യക്തമായി. എന്നാൽ കൂടുതൽ കോൺഗ്രസ്സ് നേതാക്കൾ വിശിഷ്യാ ഗാന്ധിജി, ജിന്നയെ അങ്ങിനെ വിടാൻ ഭാവമില്ലായിരുന്നു. കോൺഗ്രസ്സ് പൂർണ്ണ സ്വാതന്ത്ര്യവാദത്തിൽ ഉറച്ചു നിന്നു. ആ ഒരു ഉപാദി വെച്ചുമാത്രം യുദ്ധത്തെ സഹായിക്കാനായിരുന്നു കോൺഗ്രസ്സിന്റെ തീരുമാനം. 1939 സെപ്റ്റംബർ നാലിന് കോൺഗ്രസ്സ് വർക്കിംഗ് കമ്മിറ്റി പാസാക്കിയതും ജവഹർലാൽ നെഹ്റു തയ്യാറാക്കിയതുമായ പ്രമേയത്തിൽ 'ഇന്ത്യൻ ജനതക്ക് പുറത്തുള്ളവരുടെ ഇടപെടലില്ലാതെ അവരുടെ സ്വന്തം ഭരണഘടന തയ്യാറാക്കാൻ അവകാശമുണ്ടെന്നും' അതിനുള്ള സാഹചര്യം ഉറപ്പായാൽ യുദ്ധത്തിൽ സഹായിക്കുവാൻ സാധ്യമാണെന്നും പ്രസ്ഥാവിച്ചു. ഗാന്ധിജിയാവട്ടെ ഈ പ്രമേയം നെഹ്റുവിന്റേതാണെന്നും നിരുപാധികം യുദ്ധത്തെ സഹായിക്കണമെന്നുമാണ് തന്റെ പക്ഷമെന്നും വ്യക്തമാക്കി.

For Group Contact us +91 9746065242

mappilaheritagelibrary.com

ജിന്നയുമായുള്ള കത്തിടപാടുകളും കൂടിക്കാഴ്ചകളും തുടർന്നു. ജിന്നയെ വശപ്പെടുത്തുന്നതിന്റെ ഭാഗമായി നെഹ്റു-ജിന്ന കൂടിക്കാഴ്ച ഗാന്ധിജി നിർദ്ദേശിച്ചു. 1939 നവംബർ ഏഴിനു ഗാന്ധിജി തന്റെ 'ഹരിജൻ' വാരികയിൽ ജിന്നാ സാഹിബിനായി ഒരു കത്തെഴുതി. അതിൽ പറഞ്ഞു: "ഇന്ത്യയെ സംബന്ധിച്ച യുദ്ധോദ്ദേശ്യങ്ങളെ ബ്രിട്ടൻ പ്രഖ്യാപനം ചെയ്യാൻ വിസമ്മതിച്ചത് ഉർവ്വശീശാപം ഉപകാരം പോലെയായിത്തീർന്നു. മുസ്ലിംലീഗിനു സ്വന്തം തീരുമാനങ്ങളെടുക്കാൻ കോൺഗ്രസ്സിന്റെ തടസ്സങ്ങൾ നീങ്ങി. ആസ്സാം, ബീഹാർ, ബോംബെ, മദ്ധ്യപ്രദേശ്, മദ്രാസ്, ഒറീസ, യു.പി, വടക്കുപടിഞ്ഞാറൻ അതിർത്തി പ്രദേശം എന്നിവിടങ്ങളിൽ കോൺഗ്രസ്സ് ഗവൺമെന്റുകൾ രാജിവെച്ചു. അവിഭക്ത ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി ഇനി മുസ്ലിംലീഗിനു പ്രവർത്തിക്കാം. ഇന്ത്യയെ തുണ്ടംതുണ്ടമാക്കാൻ ലീഗിനുദ്ദേശ്യമില്ലെന്ന് ഞാൻ പ്രത്യാശിക്കുന്നു. ജനാബ് ജിന്നാ സാഹിബും പണ്ഡിറ്റ് നെഹ്റുവും തമ്മിലുള്ള സംഭാഷണം പുനരാരംഭിക്കുമെന്നും അത് സാമുദായിക പ്രശ്നങ്ങൾക്ക് സ്ഥായിയായ പരിഹാരമായിത്തീരുമെന്നും ഞാൻ പ്രത്യാശിക്കട്ടെ."

ഗാന്ധിജിയുടെ സ്വരം അനുരജ്ഞനത്തിന്റെ സ്വരമായിരുന്നു. ജിന്ന ഗാന്ധിജിക്ക് മറുപടി അയച്ചു: ''താങ്കളുടെ ലേഖനത്തിൽ കുറേ കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. അതെല്ലാം ഭാവനാസൃഷ്ടിയാണ്. ഒന്നുകിൽ താങ്കൾ ഏകനായി ജീവിക്കുന്നതുകൊണ്ടോ, അല്ലെങ്കിൽ താങ്കളുടെ ഉൾവിളി കൊണ്ടോ ആയിരിക്കാം. യാഥാർത്ഥ്യവുമായി താങ്കൾക്കു ബന്ധം കുറവാണ്. എന്നുവച്ചാൽ ഒരു സാധാരണ മനുഷ്യജീവി പ്രായോഗിക രാഷ്ട്രീയം എന്ന് പറയുന്നതിൽ താങ്കൾക്ക് യാതൊരു കാര്യവുമില്ല. സംഭവഗതികൾ കുതിച്ചുപായുകയാണ്. ആഴ്ചതോറും 'ഹരിജൻ' വാരികയിലെഴുതുന്ന വേദമോതലും താങ്കളുടെ പ്രത്യേകമായ ഖദറും അഹിംസാ തത്വങ്ങളും നൂൽ നൂൽപ്പുംകൊണ്ട് ഇന്ത്യയുടെ സ്വാതന്ത്ര്യം നേടാനാവില്ല. നമ്മുടെ മുന്നോട്ടുള്ള പ്രയാണത്തിൽ പ്രവർത്തനങ്ങളും രാജ്യതന്ത്രജ്ഞതയും മാത്രമേ സഹായിക്കൂ. നമ്മുടെ രാജ്യത്തെ സഹായിക്കുന്നതിനും തദ്വാരാ സംതൃപ്തിയും സന്തോഷവും കൈവരുത്തുന്നതിനും താങ്കളുടെ പദവിക്കൊത്ത് ഉണരുമെന്ന് ഞാൻ വിശ്വസിക്കുന്നു."

For Group Contact us +91 9746065242

mappilaheritagelibrary.com

ഇതിനിടയിൽ ജിന്നയും നെഹ്റുവും തമ്മിൽ ഒട്ടേറെ കത്തിടപാടുകൾ നടന്നു. രണ്ട് ഉന്നതരും അവരുടെ വാദമുഖങ്ങളിൽ ഉറച്ചുനിന്നു. 1939 ഡിസംബർ 9-നു ജവഹർലാൽ നെഹ്റു മുഹമ്മദലി ജിന്നക്ക് എഴുതി.

കോൺഗ്രസ്സ് ഗവൺമെന്റുകൾ നിലവിലില്ലാത്തതിൽ ആശ്വാസം പ്രകടിപ്പിച്ച പ്രസ്താവന ഞാൻ ഒന്നിലധികം തവണ വായിക്കുകയും ഇരുപത്തിനാല് മണിക്കൂർ ചിന്തിക്കുകയും ചെയ്തു. ഞാനേതായാലും ഈ കത്ത് തർക്കങ്ങളിലേക്കു കടക്കുന്നില്ല. എന്റെ അഭിപ്രായം താങ്കൾക്കു നല്ലപോലെ അറിയാം. നമ്മുടെ മൂല്യബോധവും ജീവിതത്തിലും രാഷ്ട്രീയത്തിലും നമ്മുടെ ലക്ഷ്യവും വളരെയേറെ അകന്നതിലാണ് ഞാൻ ഏറെ പരവശനായിരിക്കുന്നത്. നമ്മൾ തമ്മിൽ സംസാരിച്ചപ്പോൾ അത്രയധികം വിടവുണ്ടായി എന്ന് ഞാൻ കരുതിയില്ല. എന്നാൽ ആ വിടവ് ഇപ്പോൾ വളരെ വർദ്ധിച്ചിരിക്കുന്നു. നമ്മുടെ ചർച്ചക്ക് പൊതുവായ കാരണവും ഉദ്ദേശ്യവും ഉണ്ടാവണം എന്ന് ഞാനാഗ്രഹിക്കുന്നു. ഒരു ഫലമുണ്ടാവാൻ അത് അത്യാവശ്യമാണ്.

നെഹ്റുവിന്റെ എഴുത്തിലെ കൂടിയാലോചനക്കുള്ള സൂചന ജിന്ന തള്ളിക്കളഞ്ഞില്ല. 1939 ഡിസംബർ 13-ന് അദ്ദേഹം പ്രിയപ്പെട്ട ജവഹർലാലിനെഴുതി: ''ചർച്ചക്ക് ഫലമുണ്ടാവണമെങ്കിൽ പൊതുവായ ഒരു ഉദ്ദേശ്യമുണ്ടായിരിക്കണമെന്ന താങ്കളുടെ വാദം ശരിയാണ്. ആദ്യമായി മുസ്‌ലിംലീഗ് സംഘടനയെ മുസ്‌ലിംകളുടെ അംഗീകൃത പ്രാതിനിധ്യസംഘടനയായി കോൺഗ്രസ്സ് അംഗീകരിക്കുന്നില്ലെങ്കിൽ ഹിന്ദു മുസ്‌ലിം യോജിപ്പിനുള്ള ചർച്ചകൾ നടത്താൻ സാധ്യമല്ല. കോൺഗ്രസ്സ് വർക്കിംഗ് കമ്മിറ്റിയുടെ 1939 ഒക്ടോബർ ഒന്നിലെ പ്രമേയം പറയുന്നതുപോലെ കോൺഗ്രസ്സിന്റെ ആവശ്യപ്രകാരമുള്ള ഒരു പ്രഖ്യാപനം ന്യൂനപക്ഷപ്രശ്നത്തെപ്പറ്റി ഒത്തുതീർപ്പുണ്ടാകുംവരെ അംഗീകരിക്കാൻ തങ്ങൾക്കു സാധ്യമല്ല എന്നതാണ് രണ്ടാമത്തെ പ്രശ്നം. ഈ പ്രശ്നം ഈ അടിസ്ഥാനത്തിൽ ചർച്ച ചെയ്യാനാണെങ്കിൽ ഞാനെന്നും അതിന് സന്നദ്ധനാണ്.''

നെഹ്റു ജിന്നക്ക് മറുപടി അയച്ചു- 1939 ഡിസംബർ 14-ന്, ജവഹർലാൽ 'എന്റെ പ്രിയപ്പെട്ട ജിന്നാ' എന്ന് വിളിച്ചെഴുതി: ''മുസ്‌ലിംലീഗിനെ മുസ്‌ലിംകളുടെ ആധികാരിക

For Group Contact us +91 9746065242

mappilaheritagelibrary.com

പ്രാതിനിധ്യസംഘടനയായി അംഗീകരിക്കണമെന്നാണ് താങ്കൾ ആദ്യമായി ഉന്നയിച്ചത്. കോൺഗ്രസ്സ് എന്നും മുസ്ലിംലീഗിനെ മുസ്ലിംകളിൽ സ്വാധീനമുള്ളതും വളരെ പ്രധാനപ്പെട്ടതുമായ ഒരു സംഘടനയായി പരിഗണിക്കുന്നു. അതുകൊണ്ടാണ് നാം തമ്മിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുവാൻ ആകാംക്ഷ കാണിക്കുന്നതും. എന്നാൽ ഞങ്ങൾ (കോൺഗ്രസ്സ്) ഞങ്ങളുടെ സഹപ്രവർത്തകൻമാരും മറ്റുള്ള മുസ്ലിംകളുമായി ബന്ധപ്പെടാതെ മുസ്ലിംലീഗുമായി മാത്രം ബന്ധപ്പെടണം എന്നാണ് താങ്കൾ ഉദ്ദേശിക്കുന്നതെന്ന് തോന്നുന്നു. അത്തരക്കാരെ ഒഴിവാക്കുവാനോ തഴയുവാനോ ഞങ്ങൾക്കു പ്രയാസമുണ്ട്. രണ്ടാമത്തെ പ്രശ്നമായ ബ്രിട്ടീഷ് ഗവൺമെന്റിന്റെ ഒരു പ്രഖ്യാപനം കോൺഗ്രസ്സ് ആവശ്യപ്പെട്ടത് മുസ്ലിംലീഗിന് സ്വീകാര്യമല്ല എന്നത് ഖേദകരമാണ്. കാരണം വിദേശ ഇടപെടലില്ലാതെ നമ്മുടെ ഭരണഘടന ഉണ്ടാക്കണം. ഇത് അംഗീകരിക്കാൻ സാധ്യമല്ലെങ്കിൽ നമുക്ക് തമ്മിൽ യോജിക്കാനാവില്ലെന്നാണ് അതിനർത്ഥം. കോൺഗ്രസ്സിന്റെ പ്രമേയം ജനങ്ങൾ അംഗീകരിച്ചതാണ്. ഇത് അവഗണിക്കാൻ എനിക്ക് ശക്തിയില്ല".

1939 ഡിസംബർ 15-നു ജിന്ന ജവഹർലാലിനെഴുതി: ''ബ്രിട്ടീഷ് ഗവൺമെന്റിൽ നിന്ന് ഒരു പ്രഖ്യാപനം പാടില്ലെന്ന് ഞാൻ പറഞ്ഞില്ല. കോൺഗ്രസ്സിന്റെ 1939 ഒക്ടോബർ 10-ലെ പ്രമേയത്തിൽ പറയുന്ന ഉപാധികൾക്കനുസരണമായി യോജിക്കാനാവില്ലെന്നാണ് ഞാൻ പറഞ്ഞത്. മുസ്ലിംലീഗിനെ മുസ്ലിംകളുടെ ഒരേയൊരു ആധികാരികപ്രാതിനിധ്യ സംഘടനയായി അംഗീകരിക്കാനും കോൺഗ്രസ്സിന്റെ പ്രമേയം ഭേദഗതി ചെയ്യാനും ആവില്ലെങ്കിൽ നമ്മൾ ചർച്ചചെയ്തത് കൊണ്ട് എന്താണുണ്ടാവുകയെന്ന് എനിക്കറിഞ്ഞുകൂടാ'', ജിന്ന ദൃഢസ്വരത്തിലെഴുതി.

1939 ഡിസംബർ 18-നു ജവഹർലാൽ നെഹ്റു വീണ്ടും സുദീർഘമായ കത്തെഴുതി. പരസ്പര ധാരണക്കും യോജിപ്പിനും സഹായിക്കുന്ന ഒരു സന്ദർഭവും പാഴാക്കരുതെന്നാണ് തന്റെ ആഗ്രഹമെന്നും അദ്ദേഹം പറഞ്ഞു, അദ്ദേഹം കൂട്ടിച്ചേർത്തു: ''മനസ്സിന്റെ അവിചിന്നതയും മറ്റെന്തെങ്കിലും നേരിടുന്നതിലുള്ള ഉദ്ദേശ്യവും ഞാൻ വിട്ടുപോകരുതെന്ന് താങ്കൾ കരുതുന്നതുപോലെ

For Group Contact us +91 9746065242

mappilaheritagelibrary.com

താങ്കളും അങ്ങിനെയായിരിക്കണമെന്ന് ഞാനും കരുതുന്നു. ആ മാർഗ്ഗത്തിൽ അഭികാമ്യമായതൊന്നും നേടാനാവില്ല. ഇക്കാലമത്രയും ഞാൻ ശ്രമിച്ചത് അതാണ്. അതിന്നായി അഗാധമായ രാഷ്ട്രീയ വിശ്വാസവും എനിക്കുണ്ട്".

ഈ കത്തിടപാടുകൾ പ്രസിദ്ധീകരണത്തിന് നൽകിക്കൊണ്ട് 1940 ജനുവരി 7-നു സർവേന്ത്യാ മുസ്‌ലിംലീഗ് പ്രസിഡന്റ് എം.എ. ജിന്ന പത്രങ്ങൾക്ക് നൽകിയ പ്രസ്താവനയിൽ ഇങ്ങനെ പറഞ്ഞു.

''ഒരു ഉത്തരവാദപ്പെട്ട നേതാവിന് യോജിക്കാത്ത നിലയിൽ പഞ്ചാബിലും മറ്റിടങ്ങളിലും സഞ്ചരിച്ചുകൊണ്ട് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു എന്നെ വിമർശിച്ചത് ഖേദകരമാണ്. ബ്രിട്ടീഷ് മേധാവിത്വം ഇന്ത്യയിൽ നിലനിർത്തുവാൻ ഞാൻ ശ്രമിക്കുന്നുവെന്ന് അദ്ദേഹം കുറ്റപ്പെടുത്തിയത് അനാവശ്യം മാത്രമല്ല, തരംതാണതുമാണെന്ന് വിശേഷിപ്പിക്കാൻ മാത്രം കൊള്ളുന്നതാണ്. എന്നോടു തുടർന്നു സംസാരിക്കാൻ വിസമ്മതിച്ചതിന് അദ്ദേഹം പറഞ്ഞ കാരണങ്ങൾ സത്യത്തിൽ നിന്ന് വളരെ അകന്നതും തെറ്റിദ്ധരിപ്പിക്കുന്നതും മര്യാദയില്ലാതുമാണ്!"

അങ്ങിനെ ചർച്ചക്കും അനുരജ്ഞനത്തിനുമുള്ള ആ അദ്ധ്യായവും അടഞ്ഞു.

കോൺഗ്രസുമായി ചേർന്ന് ഭരണപങ്കാളിത്തത്തിനായി ജിന്നാസാഹിബ് നടത്തിയ ശ്രമങ്ങൾ പരാജയപ്പെട്ടതാണു പിന്നീട് 'പാക്കിസ്ഥാൻ' ആവശ്യപ്പെടാൻ ജിന്നയെ നിർബ്ബന്ധിതനാക്കിയതെന്നും പല ചരിത്രകാരൻമാരും രേഖപ്പെടുത്തിയിട്ടുണ്ട്. മഹാത്മാ ഗാന്ധിയുടെ സെക്രട്ടറി പ്യാരേലാൽ എഴുതിയ 'അവസാന ഘട്ടം' എന്ന ഗ്രന്ഥത്തിൽ 'കോൺഗ്രസിനു പറ്റിയ അതിതന്ത്രപരമായ തെറ്റാ'യിട്ടാണ് ഇതിനെ വിശേഷിപ്പിച്ചിരിക്കുന്നത്. കോൺഗ്രസ്സ് പ്രവർത്തകസമിതിയുടെ തീരുമാനം ഗാന്ധിജിയുടെ 'അവഗാഢമായ വിധി'ക്കെതിരായിരുന്നുവെന്നും പ്യാരേലാൽ എഴുതി. യു.പിയിൽ അന്ന് ലീഗിനെ കൂട്ടുപിടിച്ചിരുന്നുവെങ്കിൽ പിന്നീട് മുസ്‌ലിംലീഗിന്റെ നിലപാട് തന്നെ മാറുമായിരുന്നുവെന്ന് നെഹ്റുവിന്റെ നയത്തെ വിമർശിച്ച് മൗലാനാ ആസാദ് തന്റെ ഗ്രന്ഥത്തിൽ രേഖപ്പെടുത്തി. 1937-ലെ തിരഞ്ഞെടുപ്പിനു ശേഷം കോൺഗ്രസ്സ് ലീഗിനെ തന്ത്രപൂർവ്വം

For Group Contact us +91 9746065242

mappilaheritagelibrary.com

കൈകാര്യം ചെയ്തിരുന്നുവെങ്കിൽ പാക്കിസ്ഥാൻ എന്നൊന്ന് ഉണ്ടാകുമായിരുന്നില്ല എന്നാണ് 'ഗാന്ധിജിയും ജിന്നയും തമ്മിൽ' എന്ന ഗ്രന്ഥത്തിൽ അല്ലൻഹെയ്ഡ് മെറിമയമിനെ ഉദ്ധരിച്ചുകൊണ്ട് പ്രസിദ്ധ എഴുത്തുകാരനനായ ഫ്രാങ്ക് മൊറായ്സ് പറയുന്നത്, പാക്കിസ്ഥാൻ ഉണ്ടായതിന് പ്രധാന കാരണം 1937-ൽ ലീഗുമായി സഹകരിക്കുന്നതിൽ കോൺഗ്രസ്സിന്റെ പരാജയമാണെന്ന് സ്വാതന്ത്ര്യത്തിനു മുമ്പും പിമ്പും ഇന്ത്യൻ സിവിൽസർവ്വീസിലെ ഒരു ബ്രിട്ടീഷ് ഉദ്യോഗസ്ഥനായിരുന്ന പെൻഡേർഡ് മുൻ 'ഡിവൈഡ് ആന്റ് കവിറ്റ്' എന്ന ഗ്രന്ഥത്തിൽ അഭിപ്രായപ്പെടുന്നു. ചേരാനായിരുന്നു നേരത്തെ തീരുമാനിച്ചിരുന്നത്. എന്നാൽ അഖിലേന്ത്യാ പ്രസിഡന്റിന്റെ ദേഹാസ്വാസ്ഥ്യങ്ങളെ തുടർന്ന് അത് മാറ്റിവെക്കുകയായിരുന്നു. 1940 മാർച്ച് 22,23 തിയ്യതികളിൽ ലാഹോറിൽ സമ്മേളനം ചേരാൻ തീരുമാനമായി.

മാർച്ച് 13-ന് മുസ്ലിംലീഗ് പ്രസിഡന്റ്, വൈസ്രോയി ലിൻലിത്ത് ഗോ പ്രഭുവിനെ വീണ്ടും കാണുകയും യുദ്ധശ്രമങ്ങളിൽ ലീഗിന്റെ സഹകരണം ഉറപ്പുനൽകുകയും ചെയ്തു. ഇത് സോപാധികമായിരുന്നു. മുസ്ലിംകളുടെ മുൻകൂട്ടിയുള്ള അനുമതിയില്ലാതെ ബ്രിട്ടീഷ് ഗവൺമെന്റ് കോൺഗ്രസ്സുമായി ഒരു രാഷ്ട്രീയ തീരുമാനവും ഉണ്ടാക്കരുതെന്നായിരുന്നു അത്. ഇക്കാര്യം അനുഭാവ പൂർവ്വം കണക്കിലെടുക്കാമെന്നും ജിന്നയുടെ പ്രതികരണം ബ്രിട്ടനിലെ ഭരണകൂടത്തെ അറിയിക്കാമെന്നും വൈസ്രോയി ഏറ്റു.

1940 മാർച്ച് 22-ന് മുസ്ലിംലീഗ് സമ്മേളനത്തിന് ലാഹോർ ഒരുങ്ങിക്കൊണ്ടിരിക്കേ പെട്ടെന്ന് ലാഹോറിൽ കുഴപ്പമുണ്ടായി. അല്ലാമാ മശ്രിഖിയുടെ തീവ്രവാദി സംഘടനയായ 'ഖാക്സാർ' വാളണ്ടിയർമാരും പഞ്ചാബ് പോലീസും തമ്മിൽ ഏറ്റുമുട്ടി. ഖാക്സാറുകളുടെ ഭീകരനേതാവായിരുന്ന ആഗാ സൈഗാം ഉൾപ്പെടെ പലരും പോലീസ് വെടിയേറ്റു മരിച്ചു. യൂറോപ്യൻമാർ ഉൾപ്പെടെ പഞ്ചാബ് പോലീസിനും ആൾനാശമുണ്ടായി. തിരക്കുപിടിച്ച ലാഹോർ പട്ടണം യുദ്ധാനന്തരം ഭീകരനിശബ്ദത ജനിപ്പിച്ചു. പഞ്ചാബിലെ അന്നത്തെ മുഖ്യമന്ത്രി സർ സിക്കന്തർ ഹയാത്ത് ഖാൻ സമ്മേളനം മറ്റൊരു തിയ്യതിയിലേക്ക് മാറ്റിവെക്കുവാൻ ഖാഇദേ അഅ്സമിന്റെ അനുമതി തേടി. ഖാഇദേ

For Group Contact us +91 9746065242
mappilaheritagelibrary.com

അഅ്സമിന്റെ ഉറച്ച മറുപടി 'അരുത്' എന്നായിരുന്നു. ഖാഇദേ അഅ്സമിന്റെ സുരക്ഷിതത്വം കൂടിയോർത്തിട്ടാണ് താനിങ്ങനെ അപേക്ഷിക്കുന്നതെന്ന് പറഞ്ഞുവെങ്കിലും ജിന്ന ആ അപേക്ഷ തിരസ്കരിച്ചു.

1937-ലെ മുസ്‌ലിംലീഗ് സമ്മേളനം ലാഹോറിൽ ചേരണമെന്ന് മഹാനായ ഇസ്‌ലാമിക കവി അല്ലാമാ ഇഖ്ബാൽ അഭ്യർത്ഥിച്ചതാണ്. അന്നത്തെ പഞ്ചാബിലെ സ്ഥിതികൊണ്ട് അതിന് സാധിച്ചില്ല. ഇന്ത്യൻ മുസ്‌ലിംകൾ രാഷ്ട്രീയമായി സന്നിഗ്ദഘട്ടത്തിലായ ഒരു സന്ദർഭത്തിൽ മുസ്‌ലിംലീഗിന്റെ മാറ്റിവെക്കപ്പെട്ട സമ്മേളനം ഖാക്സാർ കുഴപ്പത്തിന്റെ പേരിൽ നീട്ടിവെച്ചാൽ അത് അണികളിൽ ആശയക്കുഴപ്പവും രാഷ്ട്രീയരംഗത്ത് അങ്കലാപ്പും ശത്രുക്കളിൽ ആഹ്ലാദവും ഉണ്ടാക്കും. അതുകൊണ്ടു തന്നെ ലാഹോർ സമ്മേളനം നിശ്ചിത തിയ്യതികളിൽ ചേരണമെന്ന് ലീഗ് പ്രസിഡന്റ് ശഠിച്ചു. അങ്ങിനെത്തന്നെ നടക്കുകയും ചെയ്തു.

1940 മാർച്ച് 22-ന് ഫ്രോണ്ടിയർ മെയിലിന് ബഹളത്തിൽ നിന്നെല്ലാം ഒഴിഞ്ഞുമാറി ഒതുങ്ങിയെത്തിയ ഖാഇദേ അഅ്സം നേരെ പോയത് ലാഹോർ മേയോ ആശുപത്രിയിലേക്കായിരുന്നു. ഖാക്സാർ രക്തസാക്ഷികളെ ആദരിക്കാനും പരിക്കേറ്റവരെ സന്ദർശിക്കാനും മുസ്‌ലിംലീഗ് പ്രസിഡന്റ് സമയം കണ്ടെത്തിയപ്പോൾ ലീഗിന്റെ നേരെ ശത്രുത പുലർത്തിയ ഖാക്സാർ തീവ്രവാദികൾക്ക് പോലും മനസ്സിൽ അത് ആശ്വാസമേകി.

മുസ്‌ലിംലീഗ് മുസ്‌ലിംകൾക്ക് വേണ്ടി ഒന്നും ചെയ്യുന്നില്ല എന്നായിരുന്നു അല്ലാമാ മശ്‌രിഖിയും ഖാക്സാറുകളും ലീഗിനെതിരായി പറഞ്ഞുകൊണ്ടിരുന്നത്. ലാഹോറിൽ മാർച്ച് 19-ന് നടന്ന അനിഷ്ട സംഭവങ്ങളെത്തുടർന്ന് വഷളായ അന്തരീക്ഷത്തിൽ ലീഗ് സമ്മേളനത്തെയും തകിടം മറിക്കുമെന്ന് താക്കീതുണ്ടായി. മാത്രമല്ല ലീഗ് സമ്മേളനത്തിന്റെ സമാധാനാന്തരീക്ഷം തകർക്കുമെന്നും ഖാഇദേ അഅ്സമിന്റെ ജീവൻ തന്നെ അപഹരിക്കുമെന്നും പരസ്യമായി ഭീഷണി ഉയർന്നു. ഇത്തരമൊരു ചുറ്റുപാടിലാണ് ജിന്ന ആശുപത്രി സന്ദർശിച്ചത്. മാത്രമല്ല, ഖാക്സാറുകൾ പങ്കെടുക്കുന്ന മുസ്‌ലിം

For Group Contact us +91 9746065242

mappilaheritagelibrary.com

പൊതുയോഗത്തിൽ താൻ പ്രസംഗിക്കുമെന്നും ഖാഇദേ അഅ്സം പ്രഖ്യാപിച്ചു.

ലാഹോർ സമ്മേളനത്തിൽ മുസ്‌ലിംലീഗിനു വേണ്ടി രണ്ടു രാഷ്ട്രീയ പ്രശ്നങ്ങൾക്ക് ജിന്നാ സാഹിബ് പരിഹാരം കണ്ടെത്തി. ഒന്ന് ഇന്ത്യൻ മുസ്‌ലിംകളുടെ 'രാഷ്ട്രീയഭാവി'യെ സംബന്ധിച്ച പ്രശ്നം, മറ്റൊന്ന് പഞ്ചാബിലെ വിശിഷ്യാ ലാഹോറിലെ സമാധാനജീവിതത്തെ അപകടപ്പെടുത്തിയിരുന്ന ഖാക്സാർ പ്രക്ഷോഭം. രണ്ടു പ്രശ്നങ്ങളും ധിഷണയും ദീർഘവീക്ഷണവും പ്രകടിപ്പിക്കുന്ന ഉചിതമായ പരിഹാര മാർഗ്ഗങ്ങൾ അദ്ദേഹം കണ്ടെത്തി.

മിൻടോ പാർക്കിലെ വിശാലമായ മൈതാനിയിൽ ഉയർന്നുവന്ന അല്ലാമാ ഇഖ്ബാൽ പാർക്ക് മുസ്‌ലിം ഇന്ത്യയുടെ മഹാനായ ചിന്തകന്റെ സ്മരണ പുതുക്കിയപ്പോൾ, ബാദ്ഷാഹി മസ്ജിദിന്റെയും ഷാജഹാൻ കോട്ടയുടെയും ഉയർന്നുതിളങ്ങുന്ന മിനാരങ്ങൾ ഇസ്‌ലാമിക കലാശിൽപ്പഭംഗി വിളിച്ചോതി. മുക്കാൽ ലക്ഷം ആളുകൾക്കിരിക്കാനിടമുള്ള പന്തലിൽ സ്റ്റേജിന്റെ ഒത്തനടുവിൽ സിംഹാസനമെന്നു തോന്നിപ്പിക്കുന്ന ഇരിപ്പിടം ഒരുക്കിവെച്ചിരുന്നു. പന്തലും പരിസരവും ജനങ്ങൾ നിറഞ്ഞൊഴുകിയ അന്ന് 1940 മാർച്ച് 22-നു ഉച്ചക്കു ശേഷം രണ്ടര മണിക്ക് പഞ്ചാബി വേഷത്തിൽ ചുരിദാറും അച്കനും ധരിച്ച് സഹോദരി ഫാത്തിമയുടെയും ബോംബെയിൽ നിന്നു വന്ന ലീഗ് വളണ്ടിയർമാരുടെയും അകമ്പടിയോടെ പഞ്ചാബ് മുഖ്യമന്ത്രി സിക്കന്തർ ഹയാത്ത് ഖാനോടൊപ്പം ജിന്നാ സാഹിബ് പന്തലിൽ പ്രവേശിച്ചപ്പോൾ 'ഖാഇദേ അഅ്സം സിന്ദാബാദ്, മുസ്‌ലിംലീഗ് സിന്ദാബാദ്' വിളികൾകൊണ്ട് അന്തരീക്ഷം മുഖരിതമായി. സ്വാഗതസംഘം അധ്യക്ഷൻ മംദോത്ത് നവാബ് സർ ഷാനവാസ് ഖാൻ അഖിലേന്ത്യാ പ്രസിഡന്റിനെ സ്വാഗതം ചെയ്തു.

ഖാഇദേ അഅ്സം പ്രസംഗിക്കാൻ എഴുന്നേറ്റുനിന്നപ്പോൾ നിറഞ്ഞൊഴുകിയ ജനക്കൂട്ടത്തിനിടയിൽ ചെറിയ ഒരു മർമ്മരം കേട്ടു. വെട്ടിത്തിളങ്ങുന്ന കണ്ണുകളുടെയും മുഖത്തിന്റെയും നിശ്ചയദാർഢ്യം മുറ്റിനിൽക്കുന്ന ഭാവത്തിന്റെയും ഉടമയായ ആ നീണ്ടുമെലിഞ്ഞ മനുഷ്യന് കരകവിഞ്ഞൊഴുകുന്ന ശ്രോതാക്കളെ തന്നിൽ ദത്തശ്രദ്ധരാക്കേണ്ടതെങ്ങിനെയാണെന്ന് അറിയുമായി

For Group Contact us +91 9746065242

mappilaheritagelibrary.com

രുന്നു. ജനങ്ങൾ അവരുടെ സ്ഥാനത്ത് അടങ്ങിയിരിക്കുംവരെ അദ്ദേഹം ഒരു സിഗരറ്റ് പുകച്ച് അതിൽ ശ്രദ്ധിച്ചുകൊണ്ടിരുന്നു. ജനങ്ങൽ നിശ്ശബ്ദരായപ്പോൾ അദ്ദേഹം പത്രക്കാരുടെ നേരെ തിരിഞ്ഞു പറഞ്ഞു. 'ലോകം ഞങ്ങളുടെ നേരെ സൂക്ഷ്മദൃഷ്ടിയോടെ നോക്കുകയാണ്. അതുകൊണ്ട് ഇംഗ്ലീഷിൽ പ്രസംഗിക്കുവാൻ എന്നെ അനുവദിക്കുക' പിന്നീട് അദ്ദേഹം പ്രസംഗം തുടങ്ങി. അതൊരു പ്രവാഹമായിരുന്നു. ലീഗിന്റെ ചരിത്രം, പ്രവർത്തനം, കോൺഗ്രസ്സ്-ലീഗ് ബന്ധങ്ങൾ ബ്രിട്ടീഷ് ഗവൺമെന്റിന്റെ മുമ്പിൽ ലീഗ് വെച്ച നിർദ്ദേശങ്ങൾ, ഖാക്സാർ ലഹള... അങ്ങിനെ വിവിധ വിഷയങ്ങളിലൂടെ അത് രണ്ടുമണിക്കൂറോളം നീണ്ടുനിന്നു. ഇംഗ്ലീഷ് ഭാഷ അറിയുന്നവർ സദസ്സിൽ
ചെറിയ ഒരു ഭാഗമേ ഉണ്ടായിരുന്നുള്ളൂ. എന്നിട്ടും അവർ തങ്ങളുടെ നേതാവിന്റെ ഓരോ വാക്കും നിശ്ശബ്ദരായി കേട്ടിരുന്നു.

ഖാഇദേ അഅ്സമിന്റെ ജീവചരിത്രകാരനും എഴുത്തുകാരനുമായ മത്‌ലൂബുൽ ഹസൻ സയ്യിദ് ഈ സന്ദർഭത്തെപ്പറ്റി 'മുഹമ്മദലി ജിന്ന ഒരു രാഷ്ട്രീയ പഠനം' എന്ന ഗ്രന്ഥത്തിൽ ഇങ്ങിനെ വിവരിക്കുന്നു:

'തന്റെ ശക്തി മുഹമ്മദലി ജിന്ന ഒരുപക്ഷേ പരീക്ഷിച്ചത് ആദ്യം ഈ സന്ദർഭത്തിലായിരിക്കാം. സേവനംകൊണ്ടുമാത്രം തന്റെ അനുയായികൾക്ക് തന്നോട് എന്തുമാത്രം കടപ്പാട് ഉണ്ടായിരിക്കുന്നുവെന്നും ഇന്ത്യയിലെ മുസൽമാൻമാർ തന്നിൽ എത്രമാത്രം വിശ്വാസം അർപ്പിച്ചിരിക്കുന്നുവെന്നും അദ്ദേഹം മനസ്സിലാക്കിയത് അപ്പോഴായിരുന്നു. ആരുടെയും മനം കുളിർപ്പിക്കാൻ ഈ പ്രകടനം മതിയാകുന്നതാണ്.'

ജിന്നയുടെ പ്രസംഗത്തിൽ പലപ്പോഴും ആക്ഷേപഹാസ്യം കലർന്നിരുന്നു. കോൺഗ്രസ്സിന്റെ നിർദ്ദേശങ്ങൾ സ്വീകാര്യമല്ലെന്ന് അദ്ദേഹം വെട്ടിത്തുറന്നു പറഞ്ഞു.

''ബ്രിട്ടീഷ് ഗവൺമെന്റിനെക്കൊണ്ട് പ്രഖ്യാപനം നടത്തിക്കുന്നതിൽ ഞങ്ങൾക്ക് വിശ്വാസമില്ല. അതുകൊണ്ട് ഗുണമില്ല. പ്രഖ്യാപനങ്ങൾ നടത്തിയിട്ടു ബ്രിട്ടീഷ് ഗവൺമെന്റിനെ ഇന്ത്യയിൽ നിന്ന് പുറത്താക്കാനും കഴിയില്ല".

ഭാവിപരിപാടികൾ ജിന്നാ സാഹിബ് വിശദീകരിച്ചു. നമ്മെ

For Group Contact us +91 9746065242

mappilaheritagelibrary.com

സംബന്ധിച്ചിടത്തോളം ഭാവി ഭരണഘടനയിൽ നമ്മുടെ നിലപാട് എന്തായിരിക്കണമെന്ന് തീരുമാനിക്കാൻ ഒരു സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഒരു കാര്യം ഞാൻ വ്യക്തമാക്കിക്കൊള്ളട്ടെ, മുസ്‌ലിംകൾ എന്നും ഒരു ന്യൂനപക്ഷമാണെന്നും ആ നിലക്ക് തന്നെ അവർ എല്ലാ കാര്യങ്ങളും സ്വീകരിച്ചുകൊള്ളുമെന്നുമുള്ള ഒരു തെറ്റായ ധാരണയുണ്ട്. മുസൽമാൻമാർ ഒരു ന്യൂനപക്ഷമല്ല-ഏതൊരു നിർവ്വചനമനുസരിച്ചും മുസൽമാൻ ഒരു രാഷ്ട്രീയമാണ്.

1940-മാർച്ച് 23-ന് ഖാഇദേ അഅ്സം അധ്യക്ഷത വഹിച്ച യോഗത്തിൽ ബംഗാൾ മുഖ്യമന്ത്രി ഫസ്‌ലുൽ ഹഖ് ചരിത്രപ്രസിദ്ധമായ ആ പ്രമേയം അവതരിപ്പിച്ചു.

''മുസ്‌ലിം ഭൂരിപക്ഷമുള്ള വടക്കുപടിഞ്ഞാറും, കിഴക്കൻ മേഖലകളിലുമുള്ള പ്രദേശങ്ങൾ കൂട്ടിച്ചേർത്തു അതിർത്തികൾ പുനർനിർണ്ണയം ചെയ്തു സ്വയം ഭരണാധികാരവും അധീശാധികാരവുമുള്ള സ്വതന്ത്രരാജ്യങ്ങളാക്കുക" എന്നതായിരുന്നു പ്രമേയത്തിന്റെ കർമ്മകാണ്ഡം.

ആദ്യമതിനെ പാക്കിസ്ഥാൻ പ്രമേയം എന്നാരും വിളിച്ചില്ല. പിന്നീടാണ് മുമ്പ് അല്ലാമാ ഇഖ്ബാൽ പ്രകടിപ്പിച്ച ആശയവും ചൗധരി റഹ്മത്തലിയുടെ നാമകരണവും ചേർന്നു ലാഹോർ പ്രമേയത്തിനു 'പാകിസ്ഥാൻ പ്രമേയം' എന്ന പേരുവീണത്. പ്രമേയത്തിലെവിടെയും 'പാകിസ്ഥാൻ' എന്ന പദം പ്രയോഗിച്ചിട്ടില്ലെന്നതാണ് ശ്രദ്ധേയമായ വസ്തുത.

'പി' എന്ന അക്ഷരം പഞ്ചാബിനും, 'കെ' കാശ്മീരിനും 'എസ്' സിന്ധിനും 'സ്ഥാൻ' ബലൂചിസ്ഥാനും ഉദ്ദേശിച്ചുകൊണ്ടാണ് റഹ്മത്തലി പാകിസ്ഥാൻ എന്ന അക്ഷരങ്ങൾ കോർത്തിണക്കിയതെന്ന്, പാകിസ്ഥാനെ സംബന്ധിച്ച് റഹ്മത്തലിയുടെ രേഖകളിൽ പറഞ്ഞിരിക്കുന്നു.

ഈ പ്രമേയം എതിർപ്പുകളുയർത്തി. ഗാന്ധിജിയും രാജഗോപാലാചാരിയും കോൺഗ്രസ്സ് പ്രസിഡന്റ് മൗലാനാ അബുൽ കലാം ആസാദും നെഹ്റുവുമെല്ലാം പ്രമേയത്തെ നിശിതമായി വിമർശിച്ചു. ഇന്ത്യയെ തുണ്ടംതുണ്ടമാക്കാനേ ഇതു സഹായിക്കൂ എന്ന് അവർ ആക്ഷേപിച്ചു. ജിന്ന അതൊന്നും വകവെച്ചില്ല. 'ഇന്ത്യയിലെ ഒമ്പത് കോടി മുസ്‌ലിംകളുടെ

For Group Contact us +91 9746065242

mappilaheritagelibrary.com

ഭാഗധേയത്തെ സംബന്ധിക്കുന്ന ഈ പ്രശ്നത്തിൽ മുസ്‌ലിം ഇന്ത്യ ഇതിന്റെ പ്രാധാന്യത്തെയും ആഭ്യന്തരമായും വൈദേശികമായും ഈ സ്ഥിതിയെ നേരിടുന്നതിന്റെ ഗുരുതരാവസ്ഥയെയും സംബന്ധിച്ചു തികച്ചും ബോധവാൻമാരാണെന്ന് എനിക്കുറപ്പുണ്ട്'. അദ്ദേഹം പറഞ്ഞു.

''ഹിന്ദു മുസ്‌ലിം ഐക്യത്തിന്റെ അംബാസിഡർ' പാകിസ്ഥാന്റെ മഹാനായ നേതാവായി മാറിക്കഴിഞ്ഞു". സ്റ്റാൻലി വോൾപെർട്ട് എഴുതുന്നു. ഇന്ത്യാവിഭജനത്തെ സംബന്ധിച്ച് ബോംബെ ഹൈക്കോടതിയിലെ മുൻ അഡ്വക്കേറ്റ് ജനറലും നിയമജ്ഞനുമായ എച്ച്.എം. സീർവായി തന്റെ 'ഇന്ത്യാ വിഭജനം: ഐതിഹ്യവും യാഥാർത്ഥ്യവും' എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തുന്നു.

നിയമസഭകളിലെ തിരഞ്ഞെടുപ്പുകളിൽ പ്രത്യേക നിയോജകമണ്ഡലങ്ങൾ വഴി സംവരണം ചെയ്യപ്പെട്ട സീറ്റുകളുണ്ടായിട്ടും 1937-ൽ നടന്ന തിരഞ്ഞെടുപ്പുകളോ, ഗവർണ്ണർമാർക്ക് നൽകിയ പ്രത്യേക ഉത്തരവാദിത്വങ്ങൾ പോലുമോ ന്യൂനപക്ഷങ്ങൾക്ക് മതിയായ സംരക്ഷണം നൽകിയില്ല. അപ്പോൾ പോലും ജിന്ന പാകിസ്ഥാൻ മുറവിളി മുഴക്കിയില്ല. പ്രത്യുത ഹിന്ദു-മുസ്‌ലിം പ്രശ്നത്തിന് ദേശീയ പരിഹാരം കണ്ടെത്താൻ ഗാന്ധിയോട് അപേക്ഷിച്ചു. ഈ അപേക്ഷക്ക് മറുപടിയായി ഗാന്ധി പറഞ്ഞത് ഹിന്ദു-മുസ്‌ലിം ഐക്യത്തിൽ തന്റെ വിശ്വാസം എന്നത്തേക്കാളും ശക്തമാണ്. എന്നാൽ താൻ തികച്ചും കൂരിരുട്ടിലാണ് ദൈവത്തോട് പ്രശ്നപരിഹാരത്തിന് സഹായിക്കാൻ കേഴുന്നു എന്നായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ കേഴലിനു മറുപടി കിട്ടിയില്ല. കൗൺസിൽ ഡൊമിനിയൻ കാബിനറ്റായി പരിഗണിക്കണമെന്ന് കോൺഗ്രസ്സ് ആവശ്യപ്പെട്ട പ്പോൾ പരിരക്ഷ വേണമെന്ന മുസ്‌ലിംലീഗിന്റെ ആവശ്യം കോൺഗ്രസ്സ് മറികടന്നു. ഈ ആവശ്യം ക്രിപ്സും തള്ളിക്കളഞ്ഞു. മുസ്‌ലിംലീഗും അതിനെ ശക്തമായി എതിർക്കുമായിരുന്നു. ഇതൊക്കെയാണെങ്കിലും ഇന്ത്യയുടെ വിഭജനം വരെ ഈ ആവശ്യം ഓരോ തവണ ഉന്നയിക്കപ്പെട്ടു. അപ്പോഴെല്ലാം മുസ്‌ലിംലീഗ് എതിർക്കുകയും ഇന്ത്യ വിഭജിച്ചു ഇന്ത്യയും പാകിസ്ഥാനുമായി തീരുന്നത് വരെ ബ്രിട്ടീഷുകാർ എതിർക്കുകയും ചെയ്തു. (പേജ് -28)

For Group Contact us +91 9746065242

mappilaheritagelibrary.com

മുഹമ്മദലി ജിന്നയും അനുയായികളും അവരുടെ ഏകലക്ഷ്യം മുസ്‌ലിം ഭൂരിപക്ഷപ്രദേശങ്ങളുടെ സ്വയംഭരണാധികാര രാഷ്ട്രത്തിന്റെ രൂപവൽക്കരണമാണെന്ന് പ്രഖ്യാപിച്ചു. പിന്നെ ആ ലക്ഷ്യ പ്രാപ്തിക്കുവേണ്ടിയായി തുടർന്നുള്ള നീക്കം.

മുസ്‌ലിംലീഗിന്റെ ലാഹോർ പ്രമേയം പിന്നീട് 'പാകിസ്ഥാൻ പ്രമേയം' എന്ന പേരിലാണ് അറിയപ്പെട്ടത്. 1940 മാർച്ച് 23-ന് ലാഹോറിൽ സർവ്വേന്ത്യാ മുസ്‌ലിംലീഗ് സമ്മേളനം അംഗീകരിച്ച പ്രമേയത്തിൽ 'പാകിസ്ഥാൻ' എന്ന ഒരു പദം ഉണ്ടായിരുന്നില്ല. എന്നാൽ ഈ പ്രമേയം അല്ലാമാ ഇഖ്ബാലിന്റെ തത്വശാസ്ത്രവും റഹ്മത്തലിയുടെ വ്യാഖ്യാനവും ഉൾക്കൊള്ളുന്നതായിരുന്നു. അതുകൊണ്ടു തന്നെ, ആ പ്രമേയം 'പാകിസ്ഥാൻ പ്രമേയം' എന്ന പേരിൽ പ്രചാരം നേടി.

ഇസ്‌ലാമിക ഗവൺമെന്റ് ദൈവിക ഗവൺമെന്റാണെന്ന് അല്ലാമാ ഇഖ്ബാൽ തന്റെ കവിതകളിലൊന്നിൽ വിവരിച്ചത് അസീസ് അഹമ്മദും സി.ഇ. വോൺഗ്രുണെ ബോഷും സംയുക്തമായി എഴുതിയ 'ഇന്ത്യയും പാകിസ്ഥാനിലും മുസ്‌ലിം സ്വയംപ്രസ്ഥാവം' എന്ന ഗ്രന്ഥത്തിൽ വിവരിക്കുന്നു.

അല്ലാഹുവിന്റെ അടിമക്ക് ഒരു പ്രത്യേക സ്ഥലമില്ല. ആരും അവന്റെ (അല്ലാഹുവിന്റെ അടിമയുടെ) അടിമയല്ല. അവൻ ആരുടെയും അടിമയുമല്ല. അല്ലാഹുവിന്റെ അടിമ സ്വതന്ത്രനാണ്. അത്രതന്നെ.

അവന്റെ രാജ്യവും നിയമവും അല്ലാഹു മാത്രം നൽകിയതാണ്.

അവന്റെ സമ്പ്രദായങ്ങളും അവന്റെ മാർഗ്ഗങ്ങളും അവന്റെ വിശ്വാസവും എല്ലാം അല്ലാഹുവിന്റേതാണ്...

അവന്റെ ന്യായവും അന്യായവും, അവന്റെ മാധുര്യവും, കയ്പ്പും അല്ലാഹുവിന്റേതാണ്...

ആദ്യമായി മുസ്‌ലിം ഭൂരിപക്ഷ പ്രദേശങ്ങൾക്ക് സ്വയംഭരണാധികാരവും ഒരു ഇസ്ലാമിക ഭരണകൂടവും എന്ന തത്വവുമായി 'ഇന്ത്യയിൽ മുസ്‌ലിം ഇന്ത്യ' എന്ന ആശയം ഉയർത്തിയ ഇഖ്ബാലിനോട് തനിക്കുള്ള കടപ്പാട് മുഹമ്മദലി ജിന്ന പ്രകടിപ്പിച്ച കാര്യം മതലൂബുൽ ഹസൻ സയ്യിദി തന്റെ ഗ്രന്ഥത്തിൽ (ജിന്ന ഒരു രാഷ്ട്രീയ പഠനം) രേഖപ്പെടുത്തുന്നു:

For Group Contact us +91 9746065242

mappilaheritagelibrary.com

'ഒരിക്കൽ ജിന്ന എന്നോട് പറഞ്ഞു: ഇപ്പോൾ ഇഖ്ബാൽ നമ്മോടൊപ്പമില്ല. അദ്ദേഹം ജീവിച്ചിരിപ്പുണ്ടായിരുന്നുവെങ്കിൽ ഞങ്ങളോട് അദ്ദേഹം എന്താണോ ആവശ്യപ്പെട്ടത് അതുപോലെത്തന്നെ ഞങ്ങൾ ചെയ്തു എന്നറിഞ്ഞാൽ അദ്ദേഹം തികച്ചും സന്തോഷിക്കുമായിരുന്നു.'

1937 മെയ് 28-ന് അല്ലാമാ ഇഖ്ബാൽ ജിന്നാ സാഹിബിന് അയച്ച കത്തിൽ 'നമ്മുടെ ഇപ്പോഴത്തെ ബുദ്ധിമുട്ടുകൾക്ക് ഒരു പോംവഴി കണ്ടെത്താൻ ഈ ഗുരുതരമായ നിമിഷത്തിൽ താങ്കളുടെ ബുദ്ധിവൈഭവത്തിനു സാധിക്കുമെന്ന് മുസ്‌ലിം ഇന്ത്യ പ്രത്യാശിക്കുന്നു' എന്ന് എഴുതി. അതേവർഷം ജൂൺ 21-ന് ഇഖ്ബാൽ അയച്ച മറ്റൊരു കത്തിൽ ഇങ്ങിനെ എഴുതി:

"ഒരു ഏക ഫെഡറേഷൻ എന്ന ആശയത്തോടെയുള്ള ഭരണഘടന തികച്ചും ദോഷകരമായിട്ടാണ് എനിക്ക് തോന്നുന്നത്. ഞാൻ നിർദ്ദേശിച്ച പ്രകാരമുള്ള മുസ്‌ലിം പ്രവിശ്യകളെ പുനർരൂപീകരിച്ചുകൊണ്ടുള്ള ഒരു പ്രത്യേക ഫെഡറേഷൻ കൊണ്ടുമാത്രമേ സമാധാനകരമായ ഇന്ത്യ നിലനിറുത്താനും അമുസ്‌ലിം മേധാവിത്വത്തിൽ നിന്നും മുസ്‌ലിംകളെ രക്ഷിക്കാനുമാകു കയുള്ളൂ. ഇന്ത്യയിലും ഇന്ത്യക്ക് പുറത്തുമുള്ള മറ്റു രാഷ്ട്രങ്ങളിലുള്ളത് പോലെ വടക്കുപടിഞ്ഞാറൻ ഇന്ത്യയിലും ബംഗാളിലുമുള്ള മുസ്‌ലിംകൾക്ക് എന്തുകൊണ്ട് സ്വയംനിർണ്ണയാവകാശം ഉന്നയിച്ചുകൂടാ?"

ഇഖ്ബാലിന്റെ ഈ ആശയത്തെ കുറേകൂടി വ്യക്തമാക്കുന്നതായിരുന്നു കേംബ്രിഡ്ജ് സർവ്വകലാശാലാ വിദ്യാർത്ഥിയായിരുന്ന ചൗധരി റഹ്മത്തലിയുടെ നിർദ്ദേശം. റഹ്മത്തലിയാണ് ആദ്യമായി 'പാകിസ്ഥാൻ' എന്ന പേരും നൽകിയത്. തന്റെ 'പാകിസ്ഥാൻ' എന്ന പ്രസിദ്ധീകരണത്തിൽ റഹ്മത്തലി പറയുന്നത് നോക്കുക:

'പാകിസ്ഥാൻ' എന്നത് പാർസിയും ഉർദുവും ചേർന്ന രണ്ടിലുമുള്ള പദമാണ്. നമ്മുടെ ജന്മഭൂമിയിലെ എല്ലാ പേരുകളും 'ഇന്ത്യനും' 'ഏഷ്യനും' പെറുക്കിവെച്ചതാണ്. അതായത് പഞ്ചാബ്, അഫ്ഗാനിയ (വടക്കുപടിഞ്ഞാറൻ അതിർത്തിസംസ്ഥാനം), കാശ്മീർ, ഇറാൻ, സിന്ധ് (കച്ചുകത്തിയവാറും ഉൾപ്പടെ), തുഖാറിസ്ഥാൻ, അഫ്ഗാനിസ്ഥാൻ, ബലൂചിസ്ഥാൻ ഇതൊക്കെ.

For Group Contact us +91 9746065242

mappilaheritagelibrary.com

ഇതിന്റെ അർത്ഥം പാക്സിന്റെ ഭൂമി-ആത്മീയമായി കലർപ്പില്ലാത്തതും പരിശുദ്ധവും നമ്മുടെ ജനതയുടെ മതവിശ്വാങ്ങളേയും വംശീയ ഘടനയേയും ഇത് വിളിച്ചോതുന്നു. അത് നമ്മുടെ യഥാർത്ഥ പിതൃഭൂമിയുടെ എല്ലാ അതിർത്തി ഘടകങ്ങൾക്കും വേണ്ടി നിലകൊള്ളുന്നു.'

ലാഹോർ പ്രമേയത്തിന്റെ ആഴവും പരപ്പും കണക്കിലെടുക്കുമ്പോൾ റഹ്മത്തലിയുടെ ആശയങ്ങൾ അതിന്റെ പ്രായോഗികവശത്ത് പ്രതിഫലിക്കുന്നതായി ഏതൊരു നിരീക്ഷകനും മനസ്സിലാകും. ലാഹോർ പ്രമേയം അവതരിപ്പിച്ച ബംഗാളിലെ ഫസലുൽ ഹഖും അതിനെ പിന്താങ്ങിയ സംസ്ഥാന നേതാക്കളും കോൺഗ്രസ്സിനെയും അക്കാലത്ത് അതിന്റെ പ്രസിഡന്റായിരുന്ന മൗലാനാ അബുൽ കലാം ആസാദിനെയും അദ്ദേഹത്തിന്റെ അനുയായികളെയും വിമർശിച്ചു. ആയിടെ കോൺഗ്രസ്സിൽ നിന്ന് രാജിവെച്ച മൗലാനാ സഫർ അലിഖാൻ റാംഗർ കോൺഗ്രസ്സ് സമ്മേളനം അംഗീകരിച്ച പ്രമേയത്തെ വിമർശിച്ചു. അതിർത്തി സംസ്ഥാന ലീഗ് പ്രസിഡന്റ് സർദാർ ഔറംഗസീബ് ഖാൻ, സിന്ധിലെ സർ അബ്ദുല്ല ഹാദുൺ, ബീഹാറിലെ നവാബ് മുഹമ്മദ് ഇസ്മായീൽ ഖാൻ, ബോംബെയിലെ ഐ.ഐ. ചുന്ദ്രഗർ, മദ്രാസിലെ അബ്ദുൽ ഹമീദ് ഖാൻ, മധ്യപ്രദേശിലെ അബ്ദു റഊഫ്ഷാ എന്നിവർ ആരുംതന്നെ കോൺഗ്രസ്സിനെയോ അതിന്റെ നേതാക്കളേയോ വിമർശിക്കാതെ വിട്ടില്ല.

ലാഹോർ സമ്മേളനത്തിൽ ചെയ്ത പ്രസംഗത്തിലും ജിന്നാ സാഹിബ് തന്റെ പ്രത്യേക രാഷ്ട്ര വാദത്തിന് ഉപോൽബലകമായി 1925-ൽ ലാലാ ലജ്പത്റായി സി.ആർ. ദാസിന് അയച്ച ഒരു കത്ത് ഉദ്ധരിച്ചു. 'പാകിസ്ഥാന്റെ ഉൽപ്പത്തി' (Genesis of Pakistan) എന്ന ഗ്രന്ഥത്തിൽ വി.വി. നഗാർക്കർ ലാലാ ലജ്പത്റായിയുടെ കത്ത് ഇങ്ങിനെ രേഖപ്പെടുത്തുന്നു.

'ഈ അടുത്ത കാലത്തായി എന്നെ വിഷമിപ്പിക്കുന്നതും താങ്കൾ സൂക്ഷ്മമായി ആലോചിക്കേണ്ടതുമായ ഒരു പ്രശ്നമുണ്ട്. അത് ഹിന്ദു-മുഹമ്മദൻ പ്രശ്നമാണ്. കഴിഞ്ഞ ആറുമാസമായി മുസ്ലിം ചരിത്രവും മുസ്ലിം നിയമവും പഠിക്കാൻ ഞാനെന്റെ മിക്കസമയവും വിനിയോഗിക്കുന്നു. ഹിന്ദു-മുഹമ്മദൻ ഐക്യം

For Group Contact us +91 9746065242

mappilaheritagelibrary.com

സാധ്യമോ പ്രായോഗികമോ അല്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. നിസ്സഹകരണ പ്രസ്ഥാനത്തിൽ മുഹമ്മദീയ നേതാക്കൻമാരുടെ ആത്മാർത്ഥത സമ്മതിച്ചാൽത്തന്നെ അവരുടെ മതം അത്തരം (നിസ്സഹകരണ പ്രസ്ഥാനം പോലുള്ള) ഒന്നിനു ഫലപ്രദമായ നിരോധം ചുമത്തുന്നുണ്ട്. കൽകത്തയിൽ വെച്ച് ഹക്കീം അജ്മൽ ഖാനെയും ഡോ. കിച്ച്‌ലുവിനെയും കണ്ട് ചർച്ചചെയ്തു ഞാൻ റിപ്പോർട്ട് ചെയ്തിരുന്നുവല്ലോ. ഹക്കീം അജ്മൽ ഖാനെക്കാളും ഒന്നാന്തരം മറ്റൊരു മുസ്‌ലിം മറ്റൊരു മുഹമ്മദീയൻ ഹിന്ദുസ്ഥാനത്തിലില്ല. എന്നാൽ ഏതെങ്കിലും മുസ്‌ലിം നേതാവിന് ഖുർആനെ മറികടക്കാനാവുമോ? ഇസ്‌ലാമിക നിയമം വായിച്ചപ്പോൾ എനിക്കു തോന്നിയത് അത് (നിസ്സഹകരണ സമരവുമായുള്ള സഹകരണം) തികച്ചും തെറ്റാണെന്നാണ്. അങ്ങിനെത്തന്നെയാണെന്ന് കൂടുതൽ ബോധ്യമാകുന്നതുകൊണ്ടേ എനിക്കും സമാധാനമുണ്ടാകുകയുള്ളൂ. നമുക്ക് ബ്രിട്ടീഷുകാർക്കെതിരായി യോജിക്കാം. എന്നാൽ ഹിന്ദുസ്ഥാൻ ബ്രിട്ടീഷുകാർ പറയുംപോലെ ഭരിക്കാനാവില്ല; ജനാധിപത്യ പരമായും ഭരിക്കാനാവില്ല... ഇതിനു പരിഹാരമെന്ത്? ഏഴുകോടി മുസൽമാൻ മാരെക്കുറിച്ച് എനിക്കു ഭയമില്ല. ഏഴുകോടി മുസൽമാൻമാരോടൊപ്പം അഫ്ഗാനിസ്ഥാനും മധ്യേഷ്യയും അറേബ്യയും മെസപ്പോട്ടേമിയയും തുർക്കിയും അവരുടെ സൈന്യവും കൂടിച്ചേർന്നാൽ നമുക്കത് തടുക്കാനാവില്ല. എന്നാൽ ഖുർആനിലും ഹദീസിലും ഉൾക്കൊള്ളുന്ന നിർദ്ദേശങ്ങളോ നേതാക്കൻമാർക്ക് അതിനെ അവഗണിക്കാനാകില്ല. എങ്കിൽ നമ്മൾ നശിപ്പിക്കപ്പെടുമോ? ഈ വിഷമങ്ങൾക്ക് പരിഹാരം താങ്കളുടെ പ്രബുദ്ധമായ മനസ്സും ബുദ്ധിയുള്ള തലയും കണ്ടെത്തുമെന്ന് ഞാൻ പ്രത്യാശിക്കുന്നു'.

ഈ കത്ത് വായിച്ചുകൊണ്ടുതന്നെ ജിന്ന തന്റെ ശ്രോതാക്കളോടു ചോദിച്ചു: '25 വർഷങ്ങൾക്കു മുമ്പ് ലാലാ ലജ്പത്റായി ഇവിടെ ജനാധിപത്യഭരണം ആവില്ലെന്ന് പറഞ്ഞു. ഞാൻ പതിനെട്ട് മാസങ്ങൾക്കുമുമ്പ് ഇവിടത്തെ സ്ഥിതിഗതികൾ പറഞ്ഞപ്പോൾ എന്റെ നേരെ കടുത്ത വിമർശനങ്ങൽ എയ്തുവിട്ടു. ഇതിനു പരിഹാരമെന്ത്? കോൺഗ്രസ്സിനാണെങ്കിൽ ന്യൂനപക്ഷത്തെ എന്നും ഭൂരിപക്ഷ ഭരണത്തിൻ കീഴിൽ നിർത്തി ഭരിക്കണം എന്നാണാഗ്രഹം. അതിനെതിരായിട്ടാണ് ജിന്ന മുസ്‌ലിം

For Group Contact us +91 9746065242

mappilaheritagelibrary.com

ഭൂരിപക്ഷമുള്ള പ്രദേശങ്ങൾ കൂട്ടിച്ചേർത്തു സ്വയം ഭരണാധികാരമുള്ള രാജ്യം വേണമെന്ന വാദമുന്നയിച്ചത്. ചൗധരി റഹ്മത്തലി ഉദ്ദേശിക്കുന്ന 'പാകിസ്ഥാൻ' അപ്രായോഗികമാണെന്ന് പറഞ്ഞ പലരും മറ്റു പല ബദൽ നിർദ്ദേങ്ങളും അക്കാലത്ത് തയ്യാറാക്കിയിരുന്നു. അന്നത്തെ വൈസ്രോയിയുടെ എക്സിക്യൂട്ടീവ് കൗൺസിലിലെ വിദ്യാഭ്യാസമെമ്പറും പ്രസിദ്ധ നിയമപണ്ഡിതനുമായിരുന്ന സർ സഫറുല്ല ഖാൻ മുന്നോട്ടുവെച്ച ഒരു പദ്ധതിയെപ്പറ്റി ഐഷാ ജലാലിന്റെ 'ഒരേ ഒരു വക്താവ്' (Sole Spokesman) എന്ന ഗ്രന്ഥത്തിൽ വിവരിച്ചിട്ടുണ്ട്. വടക്കുപടിഞ്ഞാറും, വടക്കുകിഴക്കും മുസ്‌ലിം ഭൂരിപക്ഷമുള്ള രണ്ട് സംസ്ഥാനങ്ങളും മറ്റു വിവിധ പ്രദേശങ്ങളും സംസ്ഥാനങ്ങളും സംസ്ഥാനങ്ങൾക്ക് പൂർണ്ണ ഭരണാധികാരങ്ങളും അവക്കെല്ലാമുപരി ഒരു അയഞ്ഞ കേന്ദ്രവുമുള്ള ഫെഡറേഷനായിരുന്നു സഫറുല്ല ഖാന്റെ നിർദ്ദേശം. ഹിന്ദുക്കൾക്കും മുസ്‌ലിംകൾക്കും തുല്യപങ്കാളിത്തമുള്ള ഒരു കേന്ദ്രമില്ലെങ്കിൽ സംസ്ഥാന സ്വയംഭരണംകൊണ്ടു ഗുണമുണ്ടാവുകയില്ലെന്നും, ആ നിലക്ക് എന്നും സ്വയംഭരണമുള്ള സംസ്ഥാനം കേന്ദ്രത്തിന് മീതെ, സ്വാധീനിക്കാൻ കഴിയാത്ത ഒരു കേന്ദ്രമായിരിക്കുമെന്ന കാരണത്താലും ഖാഇദേ അഅ്സം ഈ നിർദ്ദശവും തള്ളിക്കളഞ്ഞു. ആ പശ്ചാത്തലത്തിലാണ് ലാഹോർ പ്രമേയവുമായി അദ്ദേഹം മുന്നോട്ടുവന്നത്. അപ്പോഴും അദ്ദേഹം വിഭാവന ചെയ്യുന്ന ഭാവി ഇന്ത്യയെപ്പറ്റി വ്യക്തമായ അതിർത്തിരേഖ അദ്ദേഹത്തിന്റേയോ അദ്ദേഹത്തിന്റെ അനുകൂലികളുടേയോ മനസ്സിൽ ഉണ്ടായിരുന്നില്ല.

ജിന്നാ സാഹിബ് ലാഹോറിൽ പാകിസ്ഥാൻ ആശയം മുന്നോട്ടുവെച്ച സന്ദർഭത്തിൽ ഇന്ത്യ സന്ദർശിച്ചിരുന്ന സുപ്രസിദ്ധ ഗ്രന്ഥകാരൻ സർ പെർസിവൽ ഗ്രാഫ്ത്ത്സ്, ഖാഇദേ അഅ്സമിന്റെ കൂടെ ഭക്ഷണം കഴിച്ച അനുഭവം അദ്ദേഹത്തിന്റെ ഒരു ഗ്രന്ഥത്തിൽ (British Impact on India) വിവരിച്ചിരിക്കുന്നത് ഉദ്ധരണയോഗ്യമാണ്. 'ജിന്ന തന്റെ ദ്വിരാഷ്ട്രവാദ സിദ്ധാന്തവും പാകിസ്ഥാൻ വാദത്തിന്റെ മുഴുവൻ രൂപവും ആകർഷകമായും പടിപടിയായും വികസിപ്പിച്ചു വിശദീകരിച്ചു. ഗ്രന്ഥകാരനും അവിടെ സന്നിഹിതരായിരുന്നവരുമെല്ലാം അതിനുള്ള സുപ്രധാനങ്ങളായ തടസ്സങ്ങൾ ഉന്നയിച്ചു. സാമ്പത്തികമായ അപകടങ്ങൾ, അതിർത്തി

For Group Contact us +91 9746065242
mappilaheritagelibrary.com

പ്രശ്നങ്ങൾ, സൈനികവും ഭരണപരവുമായുണ്ടാകുന്ന പ്രയാസങ്ങൾ- മി. ജിന്ന അതൊക്കെ തള്ളിമാറ്റി അതിന്റെ വിശദാംശങ്ങൾ ചർച്ചചെയ്യാൻ കൂട്ടാക്കിയില്ല. ഇങ്ങിനെ സുവ്യക്തമായ ഒരു ആശയത്തിൽ അടിയുറച്ചു നിന്നുകൊണ്ട് അതിനെ സംബന്ധിച്ച എല്ലാ വിശദാംശങ്ങളിലോ നടപടികളിലോ ഉള്ള വിഷമതകൾ അവഗണിക്കാനുള്ള മി. ജിന്നയുടെ അപാരമായ കഴിവാണ് ഒരുപക്ഷേ അദ്ദേഹത്തിന്റെ ഏറ്റവും വലിയ ശക്തിയുടെ ഉറവിടം.

അങ്ങിനെ അന്നുമുതൽ ഐക്യത്തിന്റെ ദൂതനായിരുന്ന മി. ജിന്ന വിഭജനത്തിലേക്ക് അടിയുറച്ച കാൽവെപ്പോടെ തന്റെ മുഖം തിരിച്ചു- ചീത്തവിളിച്ചു മുദ്രകുത്തപ്പെടലുകൊണ്ടോ ഭീഷണികൊണ്ടോ പിന്തിരിപ്പിക്കാനാവാത്ത വിധം ഒരു തീരുമാനമെടുക്കുന്നതിന് നൂറുതവണ ആലോചിക്കൂ. തീരുമാനമെടുത്തുകഴിഞ്ഞാൽ ഒരൊറ്റ മനുഷ്യനെപ്പോലെ അതിലുറച്ചു നിൽക്കൂ എന്ന തന്റെ തത്വം ഖാഇദേ അഅ്സം പാകിസ്ഥാൻ വാദത്തിലും കൈവിടാതെ തുടർന്നു. 'മില്ലത്തേ ഇസ്‌ലാമും ഇന്ത്യനിസം എന്ന ശല്യവും' എന്ന ഗ്രന്ഥത്തിലൂടെ പാകിസ്ഥാൻ പ്രസ്ഥാനത്തിന്റെ ശിൽപ്പിയായ ചൗധരി റഹ്മത്തിലൂടെ വരച്ചുവെച്ച ഇന്ത്യയുടെ ഭൂപടത്തിൽ വടക്കുപടിഞ്ഞാറൻ അതിർത്തി സംസ്ഥാനം, പഞ്ചാബ്, സിന്ധ്, കാശ്മീർ, ബലൂചിസ്ഥാൻ എന്നതിന് പാകിസ്ഥാൻ എന്നും ആസാമിന്റെ ഹൃദയഭാഗമുൾപ്പെടുത്തിയ ബംഗാളിന് 'ബംഗെ ഇസലാം' എന്നും, ഹൈദരാബാദ് നാട്ടുരാജ്യത്തിന് 'ഉസ്മാനിസ്ഥാൻ' (നൈസാമിന്റെ പേർ അതായിരുന്നു) എന്നും നാമകരണം നൽകി. മൂന്ന് സ്വതന്ത്ര മുസ്‌ലിം രാജ്യങ്ങളാണ് രൂപമിട്ടതെന്ന് റാംഗോപാലിന്റെ 'ഇന്ത്യൻ മുസ്‌ലിംകൾ-ഒരു രാഷ്ട്രീയ പഠനം' എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഖാഇദേ അഅ്സം ജിന്ന ലാഹോർ പ്രമേയത്തിന് ശേഷം ഇങ്ങിനെ വ്യക്തമായ ഒരു അതിർത്തി നിർണ്ണയവുമായി മുന്നോട്ടു പോയില്ല. തന്റെ മുസ്‌ലിം ഭൂരിപക്ഷ പ്രദേശങ്ങളുടെ സ്വതന്ത്രരാജ്യ പദവിയെന്ന വാദത്തിന് വമ്പിച്ച എതിർപ്പുകളുണ്ടായി. ജിന്നാസാഹിബിന് തന്റെ ആശയത്തിന് വലിയൊരു ജനവിഭാഗത്തെയും നല്ലൊരു ഭാഗം മുസ്‌ലിം ബുദ്ധിജീവികളെയും അണിനിരത്താനായെങ്കിലും തന്റെ കൂട്ടുകാരിൽ പലരുടെയും അകൽച്ചയും അഭിമുഖീകരിക്കേണ്ടി വന്നു.

For Group Contact us +91 9746065242

mappilaheritagelibrary.com

അന്നത്തെ സിന്ധ് സംസ്ഥാനത്തിലായിരുന്നു തന്റെ ആശയത്തിന് ആദ്യം വലിയ തിരിച്ചടി കിട്ടിയത്. അവിടെ കോൺഗ്രസ്സ് അനുകൂല മുഖ്യമന്ത്രി ഖാൻ ബഹദൂർ അല്ലാബക്സ് ജിന്നയെ അനുകൂലിച്ചില്ല. പഞ്ചാബിൽ സർ സിക്കന്തർ ഹയാത്ത് ഖാന്റെ പിൻഗാമിയായി വന്ന മാലിക് കിസർ ഹയാത്ത്ഖാൻ ജിന്നയുടെ ആശയം തള്ളിക്കളഞ്ഞു. വടക്കുപടിഞ്ഞാറൻ അതിർത്തി സംസ്ഥാനത്തിലെ കോൺഗ്രസ്സ് അനുകൂല ഖാൻ സഹോദരൻമാർ (ഡോ. ഖാൻ സാഹിബും സഹോദരൻ ഖാൻ അബ്ദുൽ ഗഫാർ ഖാനും) ജിന്നയെ നഖശിഖാന്തം എതിർത്തു. ബംഗാളിലെ മുഖ്യനും പാകിസ്ഥാൻ പ്രമേയാവതാരകനുമായിരുന്ന ഫസ്‌ലുൽ ഹഖ് ഒരു വർഷം കഴിയുമ്പോഴും കാലുമാറുകയും ഖാഇദേ അഅ്സമിനെ എതിർക്കുകയും വിഭജനം ബംഗാളിനു ബാധകമല്ലെന്ന് വരെ തുറന്നുപറയുകയും ചെയ്തു. മാത്രമല്ല മുസ്‌ലിംലീഗിനെ ഒഴിച്ചുനിർത്തി പഴയ കോൺഗ്രസ്സുകാരെയും ഫോർവേർഡ് ബ്ലോക്ക് എന്നറിയപ്പെട്ട പുതിയ കക്ഷിക്കാരെയും ചേർത്ത് ബംഗാളിൽ മന്ത്രിസഭയുമുണ്ടാക്കി.

ഖാഇദേ അഅ്സം തന്റെ തീരുമാനത്തിൽ പാറപോലെ ഉറച്ചുനിന്നു. മുസ്‌ലിംകളും അല്ലാത്തവരുമായ പലരും അദ്ദേഹത്തിന്റെ അപാരമായ കഴിവിലും അനുപമമായ നേതൃത്വസിദ്ധിയിലും അതുല്യമായ ദൂരക്കാഴ്ചയിലും ആകൃഷ്ടരായി. 1940 ഡിസംബർ 25-നു ഖാഇദേ അഅ്സമിന്റെ അറുപത്തി നാലാമത്തെ ജന്മദിനത്തിൽ ജീവിതത്തിന്റെ വിവിധ തുറകളിലുള്ളവർ അദ്ദേഹത്തിന് ജന്മദിനാശംസകൾ നേരുകയും ജന്മദിനമാഘോഷിക്കുകയും ചെയ്തു. ആന്ധ്ര സർവ്വകലാശാലാ വൈസ്ചാൻസ്‌ലറായിരുന്ന ഡോ. സി.ആർ. റെഡ്ഡി എഴുതി. 'മുഹമ്മദലി ജിന്ന ഇന്ത്യയുടെ അഭിമാനമാണ്, അത് മുസ്‌ലിംകളുടെ സ്വകാര്യസ്വത്തൊന്നുമല്ല....' ജിന്നയുടെ അപൂർവ്വമായ പാർലമെന്ററി സിദ്ധികളെക്കുറിച്ചു സർ ഫ്രെഡറിക് ജെയിംസ് പ്രകീർത്തിച്ചു. അദ്ദേഹം തുടർന്നെഴുതി: ''അദ്ദേഹം ശക്തനായ വാഗ്മിയും ഒന്നാന്തരം നയകോവിദനുമാണ്. നിർഭയനും അഴിമതി പുരളാത്തതുമായ ജനനേതാവ്." ദക്ഷിണേന്ത്യക്കാരനായ സർ ഷൺമുഖംചെട്ടി എഴുതി: ''മി. ജിന്ന യാഥാർത്ഥ്യബോധമുള്ള ഒരു

For Group Contact us +91 9746065242

mappilaheritagelibrary.com

ദേശാഭിമാനിയാണ്. രാജ്യത്തിന്റെ രാഷ്ട്രീയ ഉയിർത്തെഴുന്നേൽപ്പിനുള്ള തന്റെ ആവേശത്തിലും ആർക്കും അദ്ദേഹം അടിമപ്പെടുകയില്ല".

ജിന്നയെ ആദ്യകാല വക്കീൽകാലം മുതൽ അടുത്തറിയുമായിരുന്ന സുഹൃത്ത് പാർസി നേതാവ് സർ കോവാസ് ജി. ജഹാംഗീർ: ''തന്റെ വ്യക്തിതാൽപര്യം ഒരിക്കലും രാജ്യതാൽപര്യത്തേക്കാളുപരിയായി മി. ജിന്ന കണ്ടിരുന്നില്ല". അധകൃതവർഗ്ഗ നേതാവും തൊട്ടുകൂടാത്തവനെന്നറിയപ്പെട്ടിരുന്ന വിഭാഗത്തിന്റെ പ്രതിനിധിയുമായ എം.സി. രാജ ജിന്നയെ പ്രകീർത്തിച്ചത് ഇങ്ങിനെയാണ്:

'...കോൺഗ്രസ്സിനോടും അവരുടെ നേതാക്കൻമാരോടും ആ പാർട്ടി അംഗസംഖ്യകൊണ്ടും സാമ്പത്തികം കൊണ്ടും എത്ര പ്രബലമായാലും ആ സംഘടന ഇന്ത്യയെ മുഴുവൻ പ്രതിനിധാനം ചെയ്യുന്നില്ല എന്നു പറയാൻ കരുത്തുള്ള ഒരു നേതാവ് ആവശ്യമായിരുന്നു. ഹിന്ദു ഭൂരിപക്ഷത്തിന്റെ സ്റ്റീം റോളറിൽ (ജാതികളിൽ) ഞെരിഞ്ഞുപോകുന്ന ആപത്തിൽ നിന്ന് മുസ്ലിംകളെയെന്നപോലെ എല്ലാ വിഭാഗത്തിന്റെയും ലക്ഷ്യം ഉയർത്തിപ്പിടിക്കുന്ന മി. ജിന്നയെ ഞാൻ പ്രകീർത്തിക്കുകയും അദ്ദേഹത്തോടു കൃതജ്ഞത പ്രകടിപ്പിക്കുകയും ചെയ്യുന്നു'. (ഹെക്ടർ ബോളിത്തോയുടെ ഗ്രന്ഥത്തിൽ എടുത്തു പറഞ്ഞതാണ് മുകളിലുദ്ധരിച്ച വിശേഷണങ്ങൾ)

തന്റെ രാഷ്ട്രീയ ശത്രുക്കളെ നേരിടുന്നതിൽ ഖാഇദേ അഅ്സം ഒട്ടും കൂസിയില്ല. അദ്ദേഹം തനിക്കും തന്റെ പ്രസ്ഥാനത്തിനുമെതിരായി മൂന്നുതരത്തിൽപ്പെട്ട രാഷ്ട്രീയ ശത്രുക്കളെ കണ്ടു - ഒന്ന്, ബ്രിട്ടീഷ് ഗവൺമെന്റിനകത്തുള്ള ശത്രുക്കൾ, മറ്റൊന്ന് കോൺഗ്രസ്സിനകത്തുള്ള മുസ്ലിംകൾ, പിന്നെ ഹൈന്ദവ ആത്യന്തികവാദികൾ. അക്കാലത്തു അവർക്കോരുത്തരുടെയും ഉദ്ദ്യേശ്യങ്ങളും കൂർമ്മബുദ്ധിയുടെ ഉടമയായ അദ്ദേഹം സ്വയം കണ്ടെത്തി. അന്നത്തെ വൈസ്രോയി ലിൻലിത്ത് ഗോ പ്രഭു അടക്കമുള്ള ബ്രിട്ടീഷ് ഗവൺമെന്റിലുള്ളവർക്ക് യുദ്ധകാലത്ത് മുസ്ലിംകളുടെ കൂറും പിന്തുണയും വേണം. യുദ്ധം കഴിഞ്ഞാൽ അവർ നൽകുന്ന 'ബക്ഷീഷും' പ്രതീക്ഷിച്ചുകൊണ്ടിരിക്കണം. ഹിന്ദു വർഗ്ഗീയവാദികൾക്കാണെങ്കിൽ ജർമ്മനിയിൽ ജൂതൻമാരെ

For Group Contact us +91 9746065242

mappilaheritagelibrary.com

അടിമകളാക്കിയതുപോലെ ഇന്ത്യയിലെ മുസ്‌ലിംകളെ അടിമകളാക്കണം. കോൺഗ്രസ്സിലെ മുസ്‌ലിംകളാകട്ടെ വെറും കാഴ്ചപ്പണ്ടങ്ങളും. ഇതിനിടയിലാണ് ഖാഇദേ അഅ്സം 1941 ഏപ്രിൽ മാസത്തിൽ മദ്രാസ് മുസ്‌ലിംലീഗ് സമ്മേളനത്തിനായി പുറപ്പെട്ടത്. വഴിയിൽ അദ്ദേഹം രോഗബാധിതനായി. സഹോദരി ഫാത്തിമ അർദ്ധരാത്രി സഹോദരനോട് ചോദിച്ചു.

'ജിൻ, എന്താണ് കുഴപ്പം?'

1941 ഏപ്രിൽ 12-ന് മദിരാശിയിയലെ ജനതാ പാർക്കിൽ ചേർന്ന മുസ്‌ലിംലീഗിന്റെ സുപ്രധാന വാർഷിക സമ്മേളനത്തിൽ പങ്കെടുക്കാനായിരുന്നു ഖാഇദേ അഅ്സം ബോംബെയിൽ നിന്നു തീവണ്ടി മാർഗ്ഗം പുറപ്പെട്ടത്. മദിരാശിയിലെത്താൻ ഏതാനും മണിക്കൂറുകൾ ബാക്കിനിൽക്കെ പുലർച്ചെയോടടുത്ത് അദ്ദേഹത്തിനു അസുഖം അനുഭവപ്പെട്ടു. 'ജിന്ന എന്റെ സഹോദരൻ' എന്ന പുസ്തകത്തിൽ ഫാത്തിമ ജിന്ന എഴുതുന്നു. 'അദ്ദേഹം പുഞ്ചിരിച്ചു, മങ്ങിയ മന്ദഹാസം; എനിക്കു പെട്ടെന്നു ക്ഷീണം തോന്നി- തളർച്ച' അദ്ദേഹം പറഞ്ഞു. ഒരു കൈ ചുമലിൽ വെച്ചു അദ്ദേഹം നിവർന്നിരുന്നു. തന്റെ ബർത്തിനടുത്തേക്ക് നീങ്ങി. ട്രെയിൻ നിന്നു... ആവേശഭരിതരായ ആയിരക്കണക്കിന് അനുയായികൾ 'ഖാഇദേ അഅ്സം സിന്ദാബാദ്' എന്ന് പ്ലാറ്റ്ഫോമിൽ നിന്നു ആർത്തുവിളിക്കുന്നുണ്ടായിരുന്നു. ഞാൻ കമ്പാർട്ടുമെന്റിന്റെ വാതിൽ പതുക്കെ തുറന്ന് അവരോട് അപേക്ഷിച്ചു. 'ശബ്ദം വെക്കല്ലേ, ഖാഇദ് വിശ്രമിക്കുകയാണ്. അദ്ദേഹത്തിന് പനിയും തളർച്ചയുമുണ്ട്. ദയവായി ഒരു ഡോക്ടറെ കൊണ്ടുവരൂ...'

നിമിഷങ്ങൾക്കകം ഡോക്ടർ വന്നു. ഡോക്ടർ ഉപദേശിച്ചു: 'സർ അങ്ങയ്ക്ക് നാഡി തളർച്ചയാണ്. ഗുരുതരമായി ഒന്നുമില്ല. ഒരാഴ്ചവരെയെങ്കിലും എങ്ങും പോകരുത്. ബെഡ്ഡിൽ തന്നെ കിടക്കണമെന്നാണെന്റെ അഭിപ്രായം' ഞങ്ങൾ മദ്രാസിലെത്തി. ഖാഇദിനു ഉദ്ഘാടനദിവസത്തെ ചടങ്ങിൽ പ്രസംഗിക്കാൻ കഴിഞ്ഞില്ല. അദ്ദേഹം അത്രയും പരിക്ഷീണിതനായിരുന്നു. എന്നാൽ അടുത്ത ദിവസത്തെ അദ്ധ്യക്ഷപ്രസംഗം തന്നെ നടത്തണമെന്നു അദ്ദേഹം ശഠിച്ചു.

ഞാൻ അതു വേണ്ടെന്ന് ഉപദേശിച്ചുനോക്കി. അദ്ദേഹം

For Group Contact us +91 9746065242

mappilaheritagelibrary.com

പോകണമെന്നു തന്നെ തീർത്തു പറഞ്ഞപ്പോൾ വളരെകുറച്ചു സംസാരിച്ചാൽ മതിയെന്നു ഞാൻ കേണപേക്ഷിച്ചു. 'ശരി, ഞാൻ ആവുന്നത്ര കുറക്കാം' അദ്ദേഹം പറഞ്ഞു. അദ്ദേഹം കുറിപ്പൊന്നുമില്ലാതെയാണ് പ്രസംഗിച്ചത്. ഒരിക്കൽ പ്രസംഗം ആരംഭിച്ചപ്പോൾ പിന്നീടത് രണ്ടു മണിക്കൂറിലേറെ നീണ്ടുനിന്നു.

ഖാഇദിന്റെ പ്രസംഗം ശ്രവിക്കാൻ ഒരു ലക്ഷത്തിലേറെ ജനങ്ങൾ തിങ്ങിക്കൂടിയിരുന്നു. ക്ഷീണിതനായിരുന്ന ഖാഇദ് ഒരു കൈ തന്റെ വെളുത്ത നീളൻ ജാക്കറ്റിന്റെ കീശയിലേക്കു താഴ്ത്തി മറ്റേ കൈയുടെ നീണ്ടു മലിഞ്ഞ വിരലുകൾ കൊണ്ട് സ്പീക്കർ സ്റ്റാൻഡിൽ ഭദ്രമായി പിടിച്ചുകൊണ്ട് പ്രസംഗിച്ചു. മുഖത്ത് ക്ഷീണമുണ്ടായിരുന്നുവെങ്കിലും തിളങ്ങിയ കണ്ണുകൾ ആകർഷകം തന്നെയായിരുന്നു. ശരീഫുദ്ദീൻ വീർ സാദയുടെ 'അടിത്തറകൾ എന്ന' ഗ്രന്ഥത്തിൽ മദിരാശി പ്രസംഗത്തിലെ പ്രസക്തഭാഗങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഖാഇദിന്റെ വാക്‌ധോരണി ഒഴുകി:

'മുഗൾ ഭരണം നിലംപതിച്ച ശേഷം മുസ്‌ലിംകൾ ഇതിനു മുമ്പൊരിക്കലും ഇത്രമാത്രം സംഘടിതരും രാഷ്ട്രീയ ബോധമുള്ളവരാകുകയും ചെയ്ത അവസരമുണ്ടായിട്ടില്ല എന്ന് പറഞ്ഞാൽ ശരിയായിരിക്കും. നമ്മൾ നമ്മുടേതായ ഒരു പതാക സ്ഥാപിച്ചു. മുസ്‌ലിം ഇന്ത്യയുടെ ദശീയപതാക. മുഴുവൻ മുസ്‌ലിം ഇന്ത്യയുടെയും പരിപൂർണ്ണമായ ഐക്യത്തിന്റെ അസാധാരണമായ പ്രതിഫലനം പ്രകടമാക്കുന്ന ഒരു വേദി നമ്മളൊരുക്കി. ഇരുട്ടിൽ തപ്പിത്തടയുകയായിരുന്ന മുസ്‌ലിം ഇന്ത്യയുടെ യഥാർത്ഥമായ ലക്ഷ്യം നമ്മൾ വ്യക്തമായ ഭാഷയിൽ നിർവ്വചിച്ചു-ആ ലക്ഷ്യമാണ് പാകിസ്ഥാൻ. കഴിഞ്ഞ അഞ്ചുവർഷത്തെ നമ്മുടെ പദ്ധതിയാണത്. ലീഗിന്റെ അഭിമാനവും പ്രശസ്തിയും ഇന്ത്യയൊട്ടുക്കും മാത്രമല്ല നമ്മളുയർത്തിയത്. ലോകത്തിന്റെ അങ്ങേയറ്റം വരെ. ഇന്നിപ്പോൾ ലോകം നമ്മളെ സൂക്ഷിച്ചു നോക്കുന്നു. ഇനിയങ്ങോട്ടെന്ത്?... കഠിനാദ്ധ്വാനം കൊണ്ടല്ലാതെ ലോകത്ത് ഒരു ജനതക്കും അവരാഗ്രഹിക്കുന്നത് നേടിയെടുക്കാനായിട്ടില്ല.

മദിരാശി സമ്മേളനത്തെപ്പറ്റി ഫാത്തിമ ജിന്ന പറഞ്ഞത് ആവേശഭരിതരായ ആ വമ്പിച്ച ജനക്കൂട്ടം ഒരു ടോണിക്ക് പോലെ ഖാഇദിന് ഫലപ്പെട്ടുവെന്നാണ്.

1940-42 വർഷങ്ങൾ ബ്രിട്ടനെയും ഇന്ത്യയിലെ പ്രബല

For Group Contact us +91 9746065242

mappilaheritagelibrary.com

രാഷ്ട്രീയ കക്ഷികളെയും സംബന്ധിച്ചിടത്തോളം നിർണ്ണായകമായിരുന്നു. കോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം ബ്രിട്ടനുമായുള്ള നിസ്സഹകരണം തുടർന്നു. ഗാന്ധിജി ബ്രിട്ടന്റെ യുദ്ധസന്നാഹങ്ങളെക്കുറിച്ചു ഓരോ ബ്രിട്ടീഷുകാരനുമായി ഒരു തുറന്ന കത്തെഴുതി. - അദ്ദേഹം പറഞ്ഞു; 'ബ്രിട്ടൻ തോൽക്കണമെന്നു ഞാനാഗ്രഹിക്കുന്നില്ല. എന്നാൽ മൃഗീയ ശക്തിപരീക്ഷണംകൊണ്ട് ബ്രിട്ടൻ ജയിക്കണമെന്നും എനിക്കില്ല. നാസിസത്തിനെതിരായി ആയുധമില്ലാതെ നിങ്ങൾ സമരം ചെയ്യണം. നിങ്ങളെയും മനുഷ്യകുലത്തെയും രക്ഷിക്കാനായി ഉപയോഗശൂന്യമാണെന്ന നിലക്ക് നിങ്ങൾ ആയുധം താഴെവെക്കണം. ഹിറ്റ്ലറെയും മുസ്സോളിനിയെയും നിങ്ങൾ ക്ഷണിച്ചു. നിങ്ങളുടെ കൈവശമുള്ള രാജ്യങ്ങൾ അവർക്ക് നൽകുക. നിങ്ങളുടെ മനോഹരമായ ദ്വീപും സുന്ദരമായ കെട്ടിടങ്ങളും അവരെടുക്കട്ടെ. നിങ്ങളുടെ ആത്മാവും മനസ്സും അവർക്ക് നൽകരുത്...' ഫലപ്രദമായിത്തീരുമെങ്കിൽ തന്റെ സേവനവും ഗാന്ധിജി വാഗ്ദാനം ചെയ്തു. വൈസ്രോയിക്കു ഗാന്ധിജിയുടെ സേവനം വേണ്ടായിരുന്നു. അദ്ദേഹം ഇന്ത്യയിൽ യുദ്ധ സംരംഭങ്ങൾ വിജയിപ്പിക്കാൻ തകൃതിയായി നടപടികളെടുക്കുകയായിരുന്നു. ഗാന്ധിജി വ്യക്തിഗത സത്യഗ്രഹസമരം തുടങ്ങി. ആദ്യമായി ഗാന്ധിജിയുടെ പ്രധാന ശിഷ്യനായിരുന്ന വിനോബ ഭാവെ യുദ്ധത്തിനെതിരെ പ്രസംഗിച്ച് ഒക്ടോബർ 17-നു അറസ്റ്റുവരിച്ചു. തുടർന്ന് ബ്രിട്ടീഷ് ഗവൺമെന്റ് പല പ്രസിദ്ധീകരണങ്ങളും കണ്ടുകെട്ടി. അതിൽ പ്രതിഷേധിച്ചു 'ഹരിജൻ' പ്രസിദ്ധീകരണം ഗാന്ധിജി നിർത്തിവെച്ചു. നെഹ്റുവും ഒക്ടോബർ 30-നു അറസ്റ്റുചെയ്യപ്പെട്ടു. ബ്രിട്ടീഷ് പട്ടാളനിയമം ലംഘിച്ചുവെന്ന പേരിൽ വിചാരണ ചെയ്യപ്പെട്ട ജവഹർലാലിനെ നാലുവർഷം തടവിന് ശിക്ഷിച്ചു.

ഖാഇദേ അഅ്സം ജിന്നക്ക് ആരോഗ്യം വീണ്ടെടുക്കാൻ ഊട്ടിയിൽ കുറച്ചുനാൾ വിശ്രമിക്കേണ്ടിവന്നു. അതിനിടക്ക് ബ്രിട്ടീഷ് ഗവൺമെന്റും വൈസ്രോയിയും വൈസ്രോയിയുടെ എക്സിക്യൂട്ടീവ് കൗൺസിലും നടത്തിയത് യുദ്ധകാര്യ കമ്മിറ്റികൾ രൂപവൽക്കരിച്ച് പ്രമുഖൻമാരെ അണിനിരത്താനുള്ള ശ്രമമായിരുന്നു. കൗൺസിലിലും കമ്മിറ്റിയിലുമുള്ള ലീഗിന്റെ പ്രാതിനിധ്യവും മറ്റുചില ഉപാധികളും വ്യക്തമാക്കണമെന്നായിരുന്നു ജിന്നയുടെ

For Group Contact us +91 9746065242

mappilaheritagelibrary.com

നിലപാട്. അതിനിടക്കാണ് പഞ്ചാബിലെയും ബംഗാളിലെയും ആസ്സാമിലേയും മുഖ്യമന്ത്രിമാർ യുദ്ധകാര്യ കമ്മിറ്റിയിലേക്ക് നോമിനേറ്റ് ചെയ്യപ്പെട്ടത്. ഒന്നുകിൽ കമ്മിറ്റിയിൽ നിന്ന് രാജിവെക്കുക, അല്ലെങ്കിൽ ലീഗിൽ നിന്ന് പുറത്തുപോകുക എന്നായി ജിന്ന. തന്റെ തലക്കുമുകളിലും ലീഗിന്റെ തീരുമാനങ്ങൾക്കെതിരായും വൈസ്രോയി നടത്തുന്ന നീക്കങ്ങൾ ചെറുത്തുതോൽപ്പിക്കാൻ തന്നെ ഖാഇദ് തീരുമാനിച്ചു.

സംസ്ഥാനങ്ങളിലെ ഭരണത്തലവൻമാർ എന്ന നിലക്കാണ് തങ്ങൾ വൈസ്രോയിയുടെ കമ്മിറ്റിയിൽ വന്നതെന്നും ലീഗ് പ്രതിനിധികളായിട്ടല്ലെന്നും സർ സിക്കന്തർ പറഞ്ഞുനോക്കി. ഒടുവിൽ കമ്മിറ്റി അംഗത്വം രാജിവെക്കുകയേ ശരണമുള്ളൂ എന്നദ്ദേഹം തീരുമാനിച്ചു. ഫസലുൽ ഹഖ് പടവെട്ടി. പക്ഷേ നിർവ്വാഹമില്ലാതെയായി. ഖാഇദിന്റെ ഏകാധിപത്യപ്രവണതയിൽ പ്രതിഷേധിച്ച് ലീഗ് പ്രവർത്തകസമിതിയിൽ നിന്നും യുദ്ധകമ്മിറ്റിയിൽ നിന്നും ഫസ്‌ലുൽ ഹഖ് രാജിവെച്ചു. ആസാം മുഖ്യൻ സഅദുല്ലാ ഖാൻ നേതാവിനെ അനുസരിച്ചുകൊണ്ട് ഡിഫൻസ് കമ്മിറ്റി വിട്ടു. തന്റെ ആജ്ഞ ധിക്കരിച്ച ബീഗം ഷാനവാസിനെയും സർ സുൽത്താൻ അഹമ്മദിനെയും ലീഗിൽ നിന്നും പുറത്താക്കി. വൈസ്രോയിയുടെ നടപടികളിൽ അസംതൃപ്തി രേഖപ്പെടുത്താൻ കേന്ദ്ര ലജിസ്ലേറ്റീവ് അസംബ്ലിയിലെ തിരഞ്ഞെടുക്കപ്പെട്ട ലീഗ് അംഗങ്ങളെ ഖാഇദ് പിൻവലിച്ചു.

ഫസ്‌ലുൽ ഹഖ് ലീഗ് പ്രതിനിധികളെ ഒഴിവാക്കി ഹിന്ദു മഹാസഭക്കാരെ തന്റെ പ്രജാ പാർട്ടിക്കാരുടെ കൂടെ അണിനിരത്തി ഡാക്കാ നവാബിനെയും വലയിലാക്കി വീണ്ടും മുഖ്യമന്ത്രിയായി ഗവൺമെന്റ് രൂപവൽക്കരിച്ചു. നാഗ്പൂരിൽ 1941 ഡിസംബർ 25-നു നടന്ന അറുപത്തഞ്ചാം ജൻമദിന യോഗത്തിൽ പ്രസംഗിക്കവേ ഖാഇദ് കളിയാക്കി: 'ബംഗാളിൽ കോൺഗ്രസ്സ് ചെയ്യുന്നതെന്താണ്? കേൺഗ്രസ്സ് കക്ഷി ഹഖിന്റെ ഗവൺമെന്റിനെ സഹായിച്ച് ഹഖിനെ മുഖ്യമന്ത്രിയാക്കി. ഇപ്പോൾ ഞാൻ വൈസ്രോയി ലിൻലിത്ത് ഗോ പ്രഭുവിന് മി. ഹഖിനെ ഒരു ക്രിസ്തുമസ് സമ്മാനമായി നൽകുന്നു! ബംഗാൾ ഗവർണ്ണർക്കും ഒരു നവവൽസര സമ്മാനമുണ്ട് - ഡാക്കാ നവാബ്! മുസ്‌ലിംകളോട് കൊലച്ചതിയും കടുംവഞ്ചനയും

For Group Contact us +91 9746065242

mappilaheritagelibrary.com

കാണിച്ചു ഗുരുതരമായ കുറ്റം ചെയ്ത ഈ ആളുകൾ ഇന്ത്യയിൽ നിന്ന് ഒഴിഞ്ഞുപോയതിൽ ഞാൻ വളരെയേറെ സന്തുഷ്ടനാണ്.'

യുദ്ധരംഗം പുതിയ പതനത്തിലേക്ക് നീങ്ങി. ഇംഗ്ലണ്ടിനെ അമർത്താൻ കഴിയാതിരുന്ന ഹിറ്റ്‌ലർ കിഴക്കോട്ടു തിരിഞ്ഞു. 1941 ജൂൺ 22-നു റഷ്യയെ ആക്രമിച്ചു. ജപ്പാൻ ഡിസംബർ 07-നു പേൾ ഹാർബർ യുദ്ധമുഖം ആക്രമിച്ചതോടെ അമേരിക്കയും യുദ്ധമുഖത്തിലേക്ക് കടക്കുകയും അതൊരു ആഗോള യുദ്ധമായി മാറുകയും ചെയ്തു. ശാന്തസമുദ്രത്തിലെ അമേരിക്കൻ നാവികപ്പടയെ കടത്തിവെട്ടി ജപ്പാൻ സിങ്കപ്പൂരും മലേഷ്യയും ബർമ്മയും പിടിച്ചടക്കി. ഇനി അവരുടെ അടുത്ത ലക്ഷ്യം കല്ക്കത്തയായിരിക്കുമെന്നും ഇന്ത്യയുടെ കവാടത്തിൽ യുദ്ധമെത്തിയെന്നും ബ്രിട്ടീഷ് ഗവൺമെന്റിനു ബോധ്യമായി. ഇന്ത്യയിലെ യുദ്ധസന്നാഹങ്ങൾ ക്രമീകരിക്കാൻ ഇന്ത്യൻ ജനതയുടെ പ്രശ്നങ്ങൾ പരിഹരിച്ചേ മതിയാവൂ എന്ന് ബ്രിട്ടനിലെ യുദ്ധകാല പ്രധാനമന്ത്രി സർ വിൻസ്റ്റൻ ചർച്ചിൽ മനസ്സിലാക്കി. അക്കാര്യം ബ്രിട്ടീഷ് കോമൺസഭയിൽ പ്രധാനമന്ത്രി ചർച്ചിൽ 1941 മാർച്ച് 11-ന് പ്രഖ്യാപിക്കുകയും ചെയ്തു. ഇന്ത്യൻ നേതാക്കൻമാരുമായി കൂടിയാലോചന നടത്താൻ സർ സ്റ്റാഫോർഡ് ക്രിപ്സിനെ ഇന്ത്യയിലേക്ക് അയക്കാനും ബ്രിട്ടീഷ് ഗവൺമെന്റ് തീരുമാനിച്ചു.

ഡൽഹിയിൽ ക്രിപ്സ് വിമാനമിറങ്ങിയപ്പോഴായിരുന്നു പാക്കിസ്ഥാൻ ദിനത്തിന്റെ രണ്ടാം വാർഷികം. നാഴികകൾ നീളമുള്ള കൂറ്റൻ ഘോഷയാത്രയും ജിന്ന അഭിസംബോധന ചെയ്ത പതിനായിരങ്ങളുടെ യോഗവുമാണ് ക്രിപ്സ് ആദ്യം തന്നെ കാണുന്നത്.

ക്രിപ്സിന് ആദ്യം തന്നെ ജിന്ന മുൻകൂട്ടി നോട്ടീസ് നൽകി. ക്രിപ്സ് ദൗത്യത്തെ പരാമർശിച്ച ഖാഇദേ അഅ്സം പ്രസ്താവിച്ചു.

'അദ്ദേഹം കോൺഗ്രസ്സിന്റെ സുഹൃത്താണെന്ന ഭാവമുണ്ട്. അദ്ദേഹം പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ ആതിഥ്യം സ്വീകരിച്ച ആളാണ്... അതൊക്കെ ശരിയായിരിക്കുമെങ്കിലും അക്കാരണംകൊണ്ട് ഞങ്ങൾ ഭയപ്പെടുന്നില്ല. മുസ്‌ലിംകളുടെ താൽപ്പര്യങ്ങളെ ഹനിക്കുന്ന ഏതൊരു നിർദ്ദേശവും പദ്ധതിയും ഞങ്ങളുടെ മേൽ കെട്ടിവെച്ചാൽ അതിനെ നേരിടുവാൻ ഞങ്ങൾ

For Group Contact us +91 9746065242

mappilaheritagelibrary.com

സന്നദ്ധരാണ്. ഞങ്ങളത് സ്വീകരിക്കുകയില്ലെന്ന് മാത്രമല്ല സർവ്വശക്തിയുമുപയോഗിച്ച് എതിർക്കുകയും ചെയ്യും. അക്കാരണംകൊണ്ട് മരിക്കേണ്ടി വന്നാൽ ഞങ്ങൾ സമരം ചെയ്തുകൊണ്ടുതന്നെ മരിക്കും'. താനുദ്ദേശിക്കുന്ന ലക്ഷ്യം നേടിയെടുക്കുന്നതിൽ എന്ത് വെല്ലുവിളിയേയും നേരിടാനുള്ള തയ്യാറെടുപ്പും നിശ്ചയദാർഢ്യവും ഈ വാചകങ്ങളിൽ കാണാം.

ക്രിപ്സ് കോൺഗ്രസ്സ് പ്രസിഡന്റ് മൗലാനാ ആസാദിനെ കണ്ടു. ആസാദ് മടങ്ങുമ്പോൾ ജിന്ന വൈസ്രോയിയുടെ വസതിയിലെത്തി. രണ്ടര വർഷങ്ങൾക്ക് മുൻപ് താൻ നിനക്കാത്ത ഒന്ന് (പാക്കിസ്ഥാൻ വാദം) ശക്തിപ്പെട്ടുവെന്ന് ക്രിപ്സ് ജിന്നയോട് സമ്മതിച്ചു. അവരുടെ കൂടിക്കാഴ്ച വളരെ സൗഹാർദ്ദ പരമായിരുന്നു.

ഗാന്ധിജി, നെഹ്റു, ആസാദ് എന്നീ കോൺഗ്രസ്സ് നേതാക്കൻമാരും ജിന്നയുമായി പലവട്ടം ചർച്ചകൾ നടത്തി. പൂർണ്ണ സ്വാതന്ത്ര്യമല്ലാത്ത ഒന്നുകൊണ്ടും കോൺഗ്രസ്സ് തൃപ്തിപ്പെട്ടില്ല. നിസ്സഹകരണത്തിൽ നിന്ന് കോൺഗ്രസ്സിനെ മാറ്റിയെടുക്കാൻ ക്രിപ്സിനു കഴിഞ്ഞില്ല. മുസ്‌ലിം താൽപര്യ സംരക്ഷണത്തിനു വേണ്ടി ലീഗ് മുന്നോട്ടുവെച്ച പാകിസ്ഥാൻ വാദം സ്വീകരിക്കാത്ത തുകൊണ്ട് ലീഗും ക്രിപ്സിന്റെ ദൗത്യം തള്ളി. 1942 ഏപ്രിൽ രണ്ടിനു അലഹാബാദിൽ മഹ്മൂദാബാദ് രാജാവിന്റെ ഉദ്യാനത്തിൽ വെച്ചു ഖാഇദ് പത്രക്കാരോട് പറഞ്ഞു: 'മുസ്‌ലിം രാഷ്ട്രത്തിന്റെ ആസ്തികൃവും അവിച്ഛിന്നതയും അംഗീകരിക്കാത്തതും, സംസ്ഥാനങ്ങളുടെ അതിർത്തികൾക്ക് ആവശ്യത്തിലധികം പ്രാധാന്യം നൽകുന്നതുമായ പദ്ധതി കടുത്ത നിരാശയാണുളവാക്കിയത്. സ്വയം നിർണ്ണയാവകാശത്തിനുള്ള അവകാശം അനിഷേധ്യമായി അംഗീകരിക്കുംവരെ മുസ്‌ലിം ഇന്ത്യ തൃപ്തിയടയുകയില്ല'

ചർച്ചിൽ മന്ത്രിസഭയിൽ ഉദിച്ചുയർന്ന താരമായിരുന്നു ക്രിപ്സ്. എന്നാൽ ഇന്ത്യൻ ദൗത്യം അദ്ദേഹത്തെ നിരാശനും ക്ഷീണിതനുമാക്കി. മാത്രമല്ല പ്രധാനമന്ത്രി ചർച്ചിലിനെ ഒരു വിധത്തിലും സ്വാധീനിക്കാനാവാതെ സർസ്റ്റാഫോർഡ് ക്രിപ്സിനു യുദ്ധം തീരുംമുമ്പേ മന്ത്രിസഭ വിടേണ്ടി വന്നു.

അതിനിടക്ക് ദക്ഷിണേന്ത്യയിൽ നിന്നു അവിചാരിതമായി

For Group Contact us +91 9746065242

mappilaheritagelibrary.com

പാകിസ്ഥാൻ വാദത്തിന് ഒരു പിന്തുണ! അതും കോൺഗ്രസ്സുകാരിൽ നിന്ന്. മദ്രാസിലെ കോൺഗ്രസ്സ് മന്ത്രിസഭയുടെ മുഖ്യമന്ത്രിയായിരുന്ന (1935-ൽ) പ്രമുഖ കോൺഗ്രസ്സ് നേതാവും ഗാന്ധിജിയുടെ ഉറ്റശിഷ്യനുമായിരുന്ന ചക്രവർത്തി രാജഗോപാലാചാരിയുടേതായിരുന്നു ആ ശബ്ദം! പാകിസ്ഥാൻ അടിസ്ഥാനമാക്കി ഹിന്ദു-മുസ്‌ലിം പ്രശ്നങ്ങൾ പരിഹരിക്കാമെന്ന് രാജഗോപാലാചാരി മദ്രാസിൽ വെച്ച് 1942 ഒക്ടോബറിൽ പ്രസ്താവിച്ചപ്പോൾ കോൺഗ്രസ്സുകാർ ഞെട്ടിപ്പോയി. മദ്രാസിലെ നിയമസഭാ കോൺഗ്രസ്സ് പാർട്ടിയിൽ രാജാജിയോടൊപ്പം നിൽക്കാൻ കുറച്ചു പേരുണ്ടായി. എന്നാൽ എ.ഐ.സി.സി-യിൽ സി.ആർ. ഫോർമുല പതിനഞ്ചിനെതിരെ 120 വോട്ടിനു തള്ളപ്പെട്ടു. രാജാജിയും പാകിസ്ഥാൻ അനുകൂലിയെന്ന വിലക്കുമൂലം കുറെക്കാലം കോൺഗ്രസ്സിൽ നിന്ന് വിട്ടുനിൽക്കേണ്ടി വന്നു. ഈ വിപ്രവാസ കാലത്ത് രാജാജിയുടെ ഫോർമുലയെപ്പറ്റി ധാരാളം ചർച്ച രാജ്യത്തുടനീളം നടന്നു. 'സി.ആർ. ഫോർമുല'യുടെ ചുരുക്കം ഇതാണ്. (1) താഴെ പറയുന്ന ഉപാധികൾക്ക് വിധേയമായി സ്വാതന്ത്ര്യ ഇന്ത്യക്ക് ഒരു ഭരണഘടന ഉണ്ടാക്കുന്നതിനും ഒരു താൽക്കാലിക ഗവൺമെന്റുണ്ടാക്കാനും സഹകരിക്കുമെന്നു മുസ്‌ലിംലീഗ് സമ്മതിക്കുക. (2) യുദ്ധം തീർന്നുകഴിഞ്ഞാൽ വടക്കു-പടിഞ്ഞാറും, കിഴക്കുമുള്ള മുസ്‌ലിം ഭൂരിപക്ഷമുള്ളതും തുടർച്ചയായ അതിർത്തിയുള്ളതുമായ മുസ്‌ലിം ഭൂരിപക്ഷ പ്രദേശങ്ങൾ അടയാളപ്പെടുത്താനും ഹിതപരിശോധന നടത്തുവാനുമുള്ള കമ്മീഷൻ നിശ്ചയിക്കുക. പ്രായപൂർത്തി വോട്ടവകാശത്തിന്റെ വെളിച്ചത്തിൽ നടത്തുന്നതും എല്ലാ വിഭാഗക്കാർക്കും വോട്ടവകാശമുള്ളതുമായ ഹിതപരിശോധനയിൽ ഹിന്ദുസ്ഥാനിൽ നിന്ന് വിട്ടുപോവുകയാണെന്ന് തീരുമാനിച്ചാൽ അവർക്ക് പരമാധികാരരാജ്യം രൂപവൽക്കരിക്കുക. എന്നാൽ അതിർത്തിയിലുള്ള ജില്ലകൾക്ക് ഏതെങ്കിലും ഒരു രാജ്യത്ത് അവരുടെ ഇഷ്ടംപോലെ ചേരാൻ അവകാശമുണ്ടായിരിക്കുന്നതാണ്. (3) ഹിതപരിശോധനക്ക് മുമ്പ് എല്ലാവർക്കും അവരവരുടെ അഭിപ്രായപ്രകടനം പ്രചരിപ്പിക്കാവുന്നതാണ്. (4) വേർപിരിയുന്ന ഘട്ടത്തിന് രാജ്യരക്ഷ, വ്യാപാരം, വാർത്താവിനിമയം എന്നിവ സംബന്ധിച്ചു പരിരക്ഷ നൽകുന്നതിനെക്കുറിച്ചു

For Group Contact us +91 9746065242

mappilaheritagelibrary.com

പരസ്പര കരാറുണ്ടാക്കണം. (5). ജനങ്ങളെ കൈമാറ്റം ചെയ്യുന്ന ഏതുകാര്യവും അവരവരുടെ ഇഷ്ടപ്രകാരം മാത്രമേ പാടുള്ളൂ. (6) ബ്രിട്ടൻ ഇന്ത്യക്ക് പൂർണ്ണവും ഉത്തരവാധിത്വവുമുള്ള ഭരണം ഏൽപ്പിക്കുകയുമാണെങ്കിൽ മാത്രമേ ഈ ഉപാധികൾ നടപ്പിലാവുകയുള്ളൂ.

എന്നാൽ ക്രാന്തദർശിയായ രാജ്യതന്ത്രജ്ഞൻ രാജാജിക്ക് 1943-ലും പകരം കിട്ടിയത് ശകാരമായിരുന്നു.

യുദ്ധം കൊടുമ്പിരികൊള്ളുകയായിരുന്നു. കൽകത്തയിൽ നിന്നു ജപ്പാന്റെ ആക്രമണം ഭയന്നു ആളുകൾ ഒഴിഞ്ഞുപോക്കു പോലും ആരംഭിച്ചു. കോൺഗ്രസ്സ് യുദ്ധത്തിൽ അതിന്റെ നിലപാടിൽ ഉറച്ചുനിന്നു. ഇന്ത്യൻ സൈന്യം എവിടെ എങ്ങിനെ യുദ്ധം ചെയ്യണമെന്നു ഇന്ത്യക്കാർ തീരുമാനിക്കണമെന്നാണ് കോൺഗ്രസ്സ് വീക്ഷണത്തിന്റെ സാരം. ബ്രിട്ടീഷ് ഗവൺമെന്റാകട്ടെ ഇന്ത്യൻ സ്ഥിതിഗതികൾ നേരിടാൻ വൈസ്രോയിക്ക് പൂർണ്ണ അധികാരം നൽകി.

1942 ആഗസ്റ്റ് 8-നു കോൺഗ്രസ്സ് 'ക്വിറ്റ് ഇന്ത്യ' (ഇന്ത്യ വിടുക) പ്രസ്ഥാനമാരംഭിച്ചു. ക്വിറ്റ് ഇന്ത്യാ പ്രമേയം പാസാക്കി കഴിഞ്ഞപ്പോൾ ഗാന്ധിജി കോൺഗ്രസ്സ് സഹപ്രവർത്തകൻമാരോട് പറഞ്ഞു: 'ഇതാ ചെറിയൊരു മന്ത്രമിതാ. ഈ മന്ത്രം നിങ്ങളുടെ ഹൃദയത്തിൽ തുന്നിക്കൂട്ടി ശ്വാസോച്ഛ്വാസത്തിൽ ഉരുവിടുക. മന്ത്രം ഇതാണ്. 'പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക'. ഒന്നുകിൽ ഇന്ത്യയെ മോചിപ്പിക്കും, അല്ലെങ്കിൽ ആ ശ്രമത്തിൽ മരിക്കും'

ഗാന്ധിജിയേയും കൂട്ടുകാരേയും പിറ്റേന്നു അറസ്റ്റു ചെയ്തു. ആഗസ്റ്റ് 09-നു നാടെങ്ങും ക്വിറ്റ് ഇന്ത്യാ സമരം നടന്നു. കോൺഗ്രസ്സ് അവസാനം ഇത്തരമൊരു സമരമാരംഭിച്ചതിൽ ജിന്ന അഗാധമായി ഖേദിച്ചു. അടുത്ത വർഷം ചില പ്രത്യേക സംഭവവികാസങ്ങളുണ്ടായി. ബംഗാളിലെ ഫസ്ലുൽഹഖ് താൻ പ്രത്യേകമായുണ്ടാക്കിയ പ്രോഗ്രസ്സീവ് മുസ്ലിംലീഗിന്റെ പേരിൽ കോൺഗ്രസ്സ്, ഫോർവേഡ് ബ്ലോക്ക്, ഹിന്ദുമഹാസഭ കക്ഷികളുമായി കൂടിച്ചേർന്നുണ്ടാക്കിയ കൂട്ടു ഗവൺമെന്റ് പതിനാറ് മാസക്കാലം നീണ്ടുനിന്നു. അവസാനം മുസ്ലിംലീഗുമായി അനുനയമുണ്ടാക്കുക മാത്രമേ ഗത്യന്തരമുള്ളു എന്ന നില വന്നു. ഖാഇദേ അഅ്സമിനെ കാണാൻ ഡൽഹിയിലേക്ക് വന്നു. ഖാഇദിനോട് എല്ലാറ്റിനും

For Group Contact us +91 9746065242

mappilaheritagelibrary.com

ക്ഷമാപണം ചെയ്തുവെങ്കിലും അതൊന്നും ഹഖിനോടുള്ള തന്റെ നിലപാട് മാറ്റാൻ ഖാഇദിന് കാരണമായി തോന്നിയില്ല. ഖാഇദ് രണ്ട് ഉപാധികൾ വെച്ചു. 'ഫസലുൽ ഹഖ് ആദ്യം മുഖ്യമന്ത്രി പദം രാജിവെക്കുക; പിന്നീടദ്ദേഹം തന്റെ പുതിയ കക്ഷി (പോഗ്രസ്സീവ് മുസ്ലിംലീഗ്) പിരിച്ചുവിടുക. എന്നിട്ടുവരട്ടെ' ജിന്നാസാഹിബിന്റെ തീരുമാനം ഉറച്ചതായിരുന്നു.

ഫസ്ലുൽ ഹഖ് 1943 ഫെബ്രുവരി അഞ്ചിന് ഖാഇദിനു അയച്ച കത്തിൽ രാജ്യത്തിനും സമുദായത്തിനും വേണ്ടി എല്ലാ ത്യാഗവും ചെയ്യാൻ സന്നദ്ധനാണെന്നു അറിയിച്ചു. 'എന്റെ രാജിയോടുകൂടി പ്രോഗ്രസ്സീവ് കൂട്ടുകക്ഷി തകരും. എന്നാൽ എന്റെ ഉദ്ദേശ്യം മനസ്സിലായി എന്ന് ഞാൻ മുഖ്യമന്ത്രി പദം രാജിവെക്കുന്നതോടുകൂടി ലീഗിൽ ചേരാനുള്ള നിരോധനം നീങ്ങുമെന്നും ഒരു മറുപടി എനിക്കു നൽകുക'.

ഹഖ് രണ്ടാഴ്ചക്കകം ഈ ഉപാധികൾ സ്വീകരിക്കുമെന്ന വാഗ്ദത്വം 1942 നവംബറിൽ താൻ കേട്ടതാണെന്നും അതു നടപ്പിലാക്കിയിട്ടു മതി മറ്റു കാര്യങ്ങളെന്നും ഖാഇദ് ശഠിച്ചു. ഇസ്ഫഹാനിയും മറ്റു മുസ്ലിംലീഗുകാരും ഫസലുൽ ഹഖിനെതിരായി സമ്മർദ്ധം കൂട്ടി. ഹഖ് ആവുന്നയിടങ്ങളിലെല്ലാം ആളുകളെ കൂട്ടുപിടിച്ചു. അതിനിടക്ക് ഒരവിശ്വാസപ്രമേയത്തെ അദ്ദേഹം അതിജീവിച്ചു. അവസാനം ഹഖ് ഇസ്ഫഹാനിയുടെ വസതിയിൽ പോയി രക്ഷപ്പെടാൻ നോക്കി -താൻ രാജിവെക്കാം. അതിനുശേഷം വീണ്ടും തന്നെ മുഖ്യമന്ത്രിയാക്കിയാൽ മതി. ഇസ്ഫഹാനിയുടെ സാന്നിദ്ധ്യത്തിൽ ഖാഇദേ അഅ്സമിനു ഫോൺ ചെയ്തു. എന്നാൽ ഖാഇദ് ഇസ്ഫഹാനിക്ക് നിർദ്ദേശം നൽകി, 'ആ മനുഷ്യൻ രാജിവെച്ചാലും മുസ്ലിംലീഗിന്റെ ബംഗാൾ നിയമസഭാകക്ഷി നേതാവ് അയാളായിരിക്കുകയില്ല.'

ഫസ്ലുൽ ഹഖ് കടിച്ചുതൂങ്ങാൻ ആവുന്നതെല്ലാം ചെയ്തു. അദ്ദേഹത്തിന്റെ കൂട്ടത്തിൽ നിന്നു രാജിവെച്ച് മുസ്ലിംലീഗ് പാർട്ടിയിൽ ചേരുന്നവരെ തടയുവാൻ ഹഖിനായില്ല. അങ്ങിനെ ഇസ്ഫഹാനി ഖാഇദിനെ അറിയിച്ചു. ഫസ്ലുൽ ഹഖ് നിലംപതിച്ചു. മാർച്ച് 29-നു ഫസ്ലുൽ ഹഖ് മന്ത്രിസഭ തകർന്നു. മുസ്ലിംലീഗ് നേതാവ് രാജാ ഖാസിമുദ്ദീൻ ഗവൺമെന്റ് രൂപീകരിച്ചു.

1943 ഏപ്രിൽ മാസം ഡൽഹിയിൽ ചേർന്ന മുസ്ലിംലീഗ്

For Group Contact us +91 9746065242

mappilaheritagelibrary.com

വാർഷികസമ്മേളനസ്റ്റേജിൽ പാകിസ്ഥാന്റെ ഒരു ഭൂപടം തൂങ്ങിക്കിടന്നു. അതിന്റെ ചുവട്ടിലെഴുതിയിരുന്നു: 'ഇന്ത്യയുടെ സ്വാതന്ത്ര്യം പാകിസ്ഥാനിൽ നിലകൊള്ളുന്നു'

ഖാഇദേ അഅ്സം ധരിച്ച ശർവാനിയുടെ വെളുത്ത ബട്ടണുകളിലും കോളറിലും ഇംഗ്ലീഷിലെ 'പി' (P) അക്ഷരം വ്യക്തമായും കാണാമായിരുന്നു. ജനക്കൂട്ടത്തിന്റെ ആവേശഭരിതമായ സ്വീകരണത്തിന്നിടയിൽ ഖാഇദ് പറഞ്ഞു: ''പഞ്ചാബിലും സിന്ധിലും ആസാമിലും ബംഗാളിലും മുസ്ലിംലീഗ് മന്ത്രിസഭയുണ്ടായി. ഇനി അടുത്തുതന്നെ വടക്കുപടിഞ്ഞാറൻ അതിർത്തി സംസ്ഥാനത്തു ലീഗ് മന്ത്രിസഭ വരുന്നു. (ഔറംഗസീബ് ഖാന്റെ നേതൃത്വത്തിൽ പെഷവാറിൽ ഒരു മന്ത്രിസഭകൂടി വന്നു). ഖാഇദ് പറഞ്ഞു: മുസ്ലിംലീഗ് ഭൂരിപക്ഷ സംസ്ഥാനങ്ങളിലാണ് ഗവൺമെന്റ് ഉണ്ടാക്കിയത്. ന്യൂനപക്ഷ സംസ്ഥാനങ്ങൾ നിങ്ങൾ മറക്കരുത്. മുസ്ലിം ഭൂരിപക്ഷ സംസ്ഥാനങ്ങളിൽ ഇരുട്ടുവ്യാപിച്ചപ്പോൾ ന്യൂനപക്ഷ സംസ്ഥാനങ്ങളാണ് മുസ്ലിംലീഗിന്റെ പ്രഭ പരത്തിയത്".

അതിനിടക്ക് 1942 ഡിസംബറിൽ സർ സിക്കന്തർ ഹയാത്ത് ഖാൻ നിര്യാതനായി. പകരം ചെറുപ്പക്കാരൻ സർ ഖാസർ ഹയാത്ത് മുഖ്യമന്ത്രിയായി.

1943 ജൂലൈയിലാണ് മുസ്ലിംകളെ ആകമാനം ഞെട്ടിച്ച ആ സംഭവം നടന്നത് – ഖാഇദേ അഅ്സമിന്റെ നേരെ വധശ്രമം.

റഫീഖ് സാബിർ ഹസൻ ഷാഫി മുപ്പത് വയസ്സുള്ള ഒരു മെലിഞ്ഞ മനുഷ്യനാണ്. ജൂലൈ ആറിനാണ് റഫീഖ് ബോംബെയിലെത്തിയത്. ജിന്നാ സാഹിബിനെയും മുസ്ലിംലീഗിനെയും എതിർത്ത ഖാക്സർ വിഭാഗത്തിൽ പെട്ട റഫീഖ് ദുരുദ്ദേശ്യം വെച്ച് കറങ്ങി നടക്കുകയായിരുന്നു. അല്ലാമാ മശ്രഖി എന്നറിയപ്പെടുന്ന ഇനായത്തുള്ളാ ഖാന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെട്ട തീവ്രവാദികളായ ഖാക്സാർ പ്രസ്ഥാനം 1938-ൽ ലക്നോവിലുണ്ടായ സുന്നി-ഷിയാ സംഘട്ടനങ്ങൾക്കു ശേഷമാണ് രംഗത്തുവന്നത്.

VIII

ഒരു ബിരുദധാരിയും ഇന്ത്യൻ വിദ്യാഭ്യാസ സർവ്വീസിൽ ഉദ്യോഗസ്ഥനുമായിരുന്ന മശ്രിഖി തന്റെ തീവ്രവാദിപ്രസ്ഥാനം ആദ്യമാരംഭിച്ചത് പഞ്ചാബിലായിരുന്നു. മറ്റു മതങ്ങളെല്ലാം

For Group Contact us +91 9746065242
mappilaheritagelibrary.com

ഇസ്‌ലാമിന് താഴെയാണെന്നും യഥാർത്ഥമായ സാമൂഹ്യനീതിക്കായി ഇസ്‌ലാമിക പ്രസ്ഥാനത്തെ വളർത്തണമെന്നും മശ്‌രിഖി അഭിപ്രായപ്പെട്ടു. എന്തും ചെയ്യാൻ മടിക്കാത്ത നിരവധി ചെറുപ്പക്കാരെ മശ്‌രിഖി തന്റെ അനുയായികളാക്കി മാറ്റി. ഖാക്‌സാർ യൂനിഫോറത്തിൽ വാളണ്ടിയർമാരുടെ സ്ട്രീറ്റ്മാർച്ച് അല്ലാമാ മശ്‌രിഖിയുടെ ഒരു പ്രത്യേക പ്രവർത്തനപരിപാടിയായിരുന്നു. ലാഹോറിൽ 1940-ൽ ചേർന്ന മുസ്‌ലിംലീഗ് സമ്മേളനത്തിൽ ജിന്നാസാഹിബ് തന്നെയായിരുന്നു ഖാക്‌സാറുകളുടെ പരാതിക്ക് പരിഹാരം കാണാൻ ഒരു അന്വേഷണക്കമ്മീഷൻ ഗവണ്മെന്റിനെ കൊണ്ട് വെപ്പിച്ചത്. എന്നാൽ മുസ്‌ലിംലീഗും ജിന്നയും ഖാക്‌സർസേന ചിന്തിക്കുംവിധം മുസ്‌ലിം സമുദായിത്തിനു ഒന്നും ചെയ്യുന്നില്ലെന്നും അവർ ബ്രട്ടീഷുകാരെയും ഹിന്ദുമതക്കാരെയും പ്രീണിപ്പിക്കുകയാണെന്നും ഈ തീവ്രവാദി സംഘടന പ്രചരിപ്പിച്ചുപോന്നു.

അന്നു ജിന്നാസാഹിബ് മലബാർ ഹില്ലിലെ മൗണ്ട് പ്ളസന്റ് വസതിയിൽ ഉച്ചഭക്ഷണത്തിനുശേഷം പഠനമുറിയിൽ ഇരിക്കുകയായിരുന്നു. അക്രമിഗേറ്റിലുള്ള കാവൽക്കാരന് സലാംവെച്ചു ഖാഇദേ അഅ്സമിനെ കാണാൻ ആഗ്രഹിക്കുന്നതായി പറഞ്ഞു. കാവൽക്കാരൻ റഫീഖിനെ ഖാഇദിന്റെ സെക്രട്ടറിയുടെ അടുത്തേക്ക് കൊണ്ടുപോയി. ഖാഇദ് വളരെ തിരക്കിലാണെന്ന് സെക്രട്ടറി എം.എസ.സയ്യിദ് വിശദീകരിച്ചു. അപ്പോൾ അക്രമി നേരെ മുറിക്കകത്തേക്ക് കടന്നുചെന്നു.

വധശ്രമക്കേസ്സിൽ സാക്ഷിയായ ഖാഇദ് ഇങ്ങനെ മൊഴിനൽകി. എന്റെ ശ്രദ്ധ മുഴുവൻ കത്തിടപാടിലായിരുന്നു. ഞാൻ മുറിവിട്ട് പോകാനാംരംഭിക്കുകയായിരുന്നു. അപ്പോൾ അക്രമി മുറിക്കകത്ത് കടന്നുവരുന്നത് ഞാൻ ഒരു മിന്നലിൽ കണ്ടു. അക്രമി പെട്ടെന്ന് ചുരുട്ടിയ മുഷ്ടികൊണ്ട് എന്റെ ഇടത് താടിയെല്ലിന് ഒരിടിവെച്ചുതന്നു. ഞാൻ പിറകോട്ടു കുറച്ചാണ്ടുപോയി. അയാൾ ഉടൻ അരയിലൊളിപ്പിച്ച നിവർത്തിയ കത്തിയെടുത്തു. ആത്മരക്ഷാബോധം അയാളുടെ കൈയിൽ കടന്നുപിടിക്കാൻ എന്നെ പ്രേരിപ്പിച്ചു. അതിന്റെ ഫലമായി കത്തികൊണ്ടുള്ള

For Group Contact us +91 9746065242

mappilaheritagelibrary.com

കുത്തിന്റെ സക്തി കുറഞ്ഞുപോയി എന്നിട്ടും കത്തി എന്റെ ഇടത് താടിയെല്ലിൽ ഉരസി. എന്റെ ഇടത് കവിളിൽ മുറിവേറ്റു. എന്റെ ഇടതുവശം മുറിഞ്ഞു. ജിന്നാസാഹിബിന്റെ വാച്ച്മേനും സെക്രട്ടറിയും കൂടി അക്രമിയെ നിരായുധനാക്കി. ഇത്രയൊക്കെ സംഭവിച്ചിട്ടും ഖാഇദ് ശാന്തനായിരുന്നു. എന്നാൽ രക്തപ്രവാഹം അദ്ദേഹത്തെ ക്ഷീണിതനാക്കി. രാജ്യത്തുടനീളം ഈ വാർത്ത കാട്ടുതീപോലെ പടർന്നു. കമ്പികളും സാന്ത്വനങ്ങളും മൗണ്ട്പ്ളസന്റിലേക്കൊഴുകി. ദൈവാധീനം കൊണ്ട് തങ്ങളുടെ ഖാഇദ് രക്ഷപ്പെട്ടതിൽ മുസ്‌ലിംലീഗുകാർ നാടൊട്ടുക്കും അല്ലാഹുവിന് കൃതജ്ഞതാ ദിനം പ്രാർത്ഥനാദിനമായി ആചരിച്ചു. മുഹമ്മദലി ജിന്നക്ക് വേണ്ടി രാജ്യമാസകലം പ്രാർത്ഥനകൾ നടന്നു. ഖാഇദേ അഅ്സം മുസ്‌ലിം ഇന്ത്യയിൽ അത്രമാത്രം അലിഞ്ഞുചേർന്നു കഴിഞ്ഞിരുന്നു. അദ്ദേഹം മുസ്‌ലിം ഇന്ത്യക്ക് അത്രമേൽ പ്രിയങ്കരനായിരുന്നു.

ഇന്ത്യയിലെ ബ്രട്ടീഷ് ഭരണകർത്താവിന്റെ മാറ്റമായിരുന്നു 1943-ലെ മറ്റൊരു പ്രധാന സംഭവം. ആ വർഷം ജൂലായ് രണ്ടിനു ബ്രട്ടീഷ് പ്രധാനമന്ത്രി വിൻസ്സൺ ചർച്ചിൽ ഇന്ത്യയുടെ വൈസ്രോയിയായി ലിൻലിത്ത് ഗോ പ്രഭുവിന് പകരം വേവൽ പ്രഭുവിനെ നിയമിച്ചു. മിതവാദിയായി അറിയപ്പെടുന്ന പട്ടാള മേധാവി എന്ന നിലയിൽ ഇന്ത്യയിൽ സ്റ്റാറ്റസ്ക്കോ. നിലനിർത്താൻ വേവൽ പ്രഭുവിന് ആവുമെന്ന് ചർച്ചിൽ പ്രത്യാശ പ്രകടിപ്പിച്ചു. വേവൽ പ്രഭുവിന്റെ നിയമനത്തെ കോൺഗ്രസ്സ് അനുകൂലഭാവത്തിലല്ല നോക്കിക്കണ്ടത്. കെ.എം. മുൻഷിയുടെ സ്വാതന്ത്ര്യത്തിലേക്കുള്ള തീർത്ഥയാത്ര, (Pilagimage to Freedom) എന്ന ഗ്രന്ഥത്തിൽ ഇങ്ങനെ വിവരിക്കുന്നു.

ലിൻലിത്ത് ഗോ പ്രഭുവിന്റെ പിൻഗാമിയായി വേവൽ പ്രഭു. നിയമിക്കപ്പെട്ടു. ഇന്ത്യയിലെ ഒരു മുൻ കമാന്റർ- ഇൻ -ചീഫായിരുന്ന വേവൽ പ്രഭുവിന്റെ നിയമനം കോൺഗ്രസ്സ് അനുകൂല ഭാവത്തോടെയല്ല കണ്ടത്. വൈസ്രോയിയായി ഇന്ത്യയിലേക്ക് വരുന്നതിന് മുമ്പ് ഗാന്ധിജിയെയും നെഹ്റുവിനെയും തടവിൽ നിന്നു മോചിപ്പിക്കണമെന്നും അവരെ രണ്ടുപേരെയും എക്സിക്യൂട്ടീവ് കൗൺസിലിൽ നിയമിക്കാൻ അനുവദിക്കണമെന്നും വേവൽപ്രഭു ബ്രട്ടീഷ് ഗവർമെന്റിന്

For Group Contact us +91 9746065242

mappilaheritagelibrary.com

എഴുതിയിരുന്ന വസ്തുത നിൽഭാഗ്യവശാൽ അന്നാരും അറിഞ്ഞിരുന്നില്ല. ഈ നിൽദ്ദേശം ബ്രട്ടീഷ് ഗവർമെന്റ് തള്ളിക്കളഞ്ഞിരുന്നു.

1944 ഒക്ടോബർ 25-നാണ് വേവൽപ്രഭു വൈസ്രോയിയായി ചാർജ്ജെടുത്തത്. വൈസ്രോയി പദം ഏറ്റെടുക്കും മുമ്പ് ഇന്ത്യയിലെ ഏറ്റവും പ്രമുഖരായ മൂന്ന് രാഷ്ട്രീയ നേതാക്കൻമാരെ ഗാന്ധി, നെഹ്റു,ജിന്ന തന്റെ ഭരണനിർവ്വാഹകസമിതി എക്സിക്യൂട്ടീവ് കൗൺസിൽ അംഗങ്ങളായി ക്ഷണിക്കാൻ തന്നെ അനുവദിക്കണമെന്ന് വേവൽപ്രഭു ബ്രട്ടീഷ് പ്രധാനമന്ത്രിയോട് അപേക്ഷിച്ചതായി വേവൽ പ്രഭുവിന്റെ ജീവചരിത്രകാനായ റൊണാൾഡ് ലെവിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബ്രട്ടീഷ് ഗവർമെന്റിലെ ഇന്ത്യാകാര്യസെക്രട്ടറി ആന്റിപ്രഭു പലപ്പോഴും പ്രധാനമന്ത്രി ചർച്ചിലിന്റെ ഇന്ത്യയെപ്പറ്റിയുള്ള കാഴ്ചപ്പാട് വേവൽപ്രഭുവിനെ ഓർമ്മിപ്പിക്കാറുണ്ടായിരുന്നുവത്രേ, വൈസ്രോയിയുടെ ജർണൽ എഴുതിയ വെൽഡെറെൽ മൂൺ ഇങ്ങിനെ എഴുതി. ഇന്ത്യയിൽ എല്ലാവിധ രാഷ്ട്രീയ പരിഷ്കാരങ്ങളിൽ നിന്നും ഒഴിഞ്ഞുനിൽക്കണമെന്ന് ചർച്ചിൽ വേവലിനോടു നിർദ്ദേശിച്ചു. മാത്രമല്ല തന്റെ മൃതദേഹത്തിന് മുകളിലൂടെ മാത്രമേ ഗാന്ധിയെ സമീപിക്കാനാവൂ എന്നും ചർച്ചിൽ പറഞ്ഞു.

ഈ ഘട്ടത്തിൽ മുഹമ്മദലി ജിന്ന തന്റെ ഉത്തരവാദിത്വങ്ങൾ കഴിവിന്റെ പരമാവധി പ്രയോജനപ്പെടുത്തി വിജയകരമാക്കിത്തീർക്കാനുള്ള തീവ്രശ്രമത്തിലായിരുന്നു. ബലൂചിസ്ഥാനിലെ സമ്പന്നരായ തന്റെ അനുയായിവൃന്ദത്തെ സന്ദർശിച്ചു വിലകുറഞ്ഞ മുദ്രാവാക്യങ്ങൾ ഉപേക്ഷിച്ച് വിദ്യാഭ്യാസത്തിന് പ്രധാന്യം കൊടുക്കാൻ ഉപദേശിച്ച ഖാഇദിന്, നേരെ എതിർവശത്ത് ഇന്ത്യയുടെ കിഴക്കൻ അതിർത്തിയിൽ തന്റെ അനുയായി ഭരിക്കുന്ന ബംഗാളിലെ അഭിശപ്തമായ ക്ഷാമം വലിയ മാനസിക പ്രയാസം സൃഷ്ടിച്ചു. അവിടെ ജിന്നയുടെ വലംകൈയ്യായിരുന്ന ഇസ്ഫഹാനി ഖാഇദിനോടു കേണപേക്ഷിച്ചു. പുതിയ മുഖ്യമന്ത്രി നാസിമുദ്ദീന് ശത്രക്കളുടെ എതിർപ്പിനെ അഭിമുഖീകരിക്കാനാവുന്നില്ല. അദ്ദേഹം നല്ലവാനണെങ്കിലും ഭരണം നടത്താൻ ദുർബ്ബലനാണ്. ഖാഇദ് ഒന്നിവിടെ വരൂ - നമ്മുടെ ആൾക്കാർക്ക് കരുത്തുപോരാ-

For Group Contact us +91 9746065242

mappilaheritagelibrary.com

ഇസ്ഫഹാനി വിലപിച്ചു. എന്നാൽ അപ്പോൾ ബംഗാളിൽ ചെല്ലുന്നതുകൊണ്ട് ഒന്നും നേടാനാവില്ലെന്നു ബോധ്യമുണ്ടായിരുന്ന ഖാഇദ് നേരെ ബോംബെയിലെത്തി. അദ്ദേഹം ശക്തമായ ഭാഷയിൽ ഒരു പ്രസ്താവനയിറക്കി. ആയിരക്കണക്കിനാളുകൾ പട്ടിണികൊണ്ടു മരിക്കുന്നു. അവരെ രക്ഷിക്കാൻ ബ്രട്ടീഷ് ഗവർമെന്റ് സഹായിച്ചേതീരൂ. ചർച്ചിലിനു ഉത്തരവാദിത്വമുണ്ട്. ഡൽഹിയിൽ ചേർന്ന മുസ്ലിംലീഗ് പ്രവർത്തകസമിതിയും കാര്യം അതീവ ഗൗരവമായി ചർച്ചചെയ്തു. എല്ലാവരും നാസിമുദ്ദീനെതിരായിതിരഞ്ഞു. ഖാക്സാറുകളും പഞ്ചാബികളും ലീഗിനെതിരായി തിരിഞ്ഞു- ഇപ്പോൾ ബംഗാളികളും. എന്നാൽ ഖാഇദ് തന്റെ അനുയായികളെ കൈവിടാനോ തന്റെ സുപ്രധാനമായ ലക്ഷ്യം-പാക്കിസ്ഥാൻ വാദം-ഉപേക്ഷിക്കാനോ ഒരുക്കമില്ലായിരുന്നു.

ഡൽഹിയിലെ കേന്ദ്ര ലെജിസ്ലേറ്റീവ് അസംബ്ളിയിൽ ബംഗാളിലെ രൂക്ഷമായ പട്ടിമിമരണത്തെക്കുറിച്ച് ചർച്ചകൾ നടന്നു. അന്നു യൂറോപ്യൻ പാർട്ടി നേതാവ് സർ ഹെൻറി റിച്ചാർഡ്സൻ അടക്കം പലരും ബ്രിട്ടീഷ് ഗവണ്മെന്റിനെ കുറ്റപ്പെടുത്തിയതിനെ വിമർശിച്ചു. ബംഗാൾ ദുരന്തത്തിന്റെ പേരിൽ ബ്രട്ടീഷ് ഗവർമെന്റിനെ കുറ്റപ്പെടുത്തുന്നതിലായിരുന്നു ഹെൻറി റിച്ചാർഡ്സന് അരിശം.

യൂറോപ്യൻ പാർട്ടി നേതാവിന്റെ വാദം ഖാഇദിനെ ചൊടിപ്പിച്ചു. ഖാഇദേ അഅസം സഭയിൽ എഴുന്നേറ്റുനിന്നു. സഭയാകെ നിശ്ശബ്ദമായി. അദ്ദേഹം സ്വതസിദ്ധമായ ശൈലിയിൽ പൊട്ടിത്തെറിച്ചു.

'രാജ്യത്തിന്റെ ഉത്തരവാദിത്വമുള്ള ഗവർമെന്റ് അവരുടെ പ്രവർത്തനരീതി വിശദീകരിക്കണമെന്നു പറയുന്നതാണോ കുറ്റപ്പെടുത്തൽ. ഗവർമെന്റ് അവരുടെ ഉത്തരവാദിത്വം നിർവ്വഹിച്ചുവോ ഇല്ലയോ എന്ന് പരിശോധിക്കാൻ ഞങ്ങൾക്ക് അവകാശമുണ്ട്. അതറിയില്ലേ? ആരാണ് യഥാർത്ഥ കള്ളൻ എന്ന് കണ്ടുപിടിക്കേണ്ടിയിരുന്നു. നിശ്ചയമായും രാജ്യത്തിലെ ഗവണ്മെന്റിനു ജനങ്ങളുടെ സുരക്ഷിതത്വത്തിന്റെ ഉത്തരവാദിത്വമുണ്ടെന്ന വസ്തുത ആർക്കും നിഷേധിക്കാനായില്ല. ഇംഗ്ലണ്ടിൽ ആയിരക്കണക്കിന് വേണമെന്നില്ല. വെറും നൂറുകണക്കിനാളുകൾ മരിക്കുകയോ മരിച്ചുകൊണ്ടിരിക്കുകയോ ചെയ്താൽ ചർച്ചിൽ ഗവർമെന്റിന് 24 മണിക്കൂർ നിലനിൽപ്പുണ്ടാകുമോ? ഇവിടെ വന്നു

For Group Contact us +91 9746065242

mappilaheritagelibrary.com

വളരെ തണുപ്പൻ മട്ടിൽ പറയുന്നു നമ്മൾ പരസ്പരം കുറ്റപ്പെടുത്തരുതേ എന്ന്. ഇവിടെ നീക്കാൻ കഴിയാത്തതും നിരുത്തരവാദപരവുമായ ഒരു ഗവർമെന്റിന്റെ കീഴിൽ ജീവിക്കാൻ നമ്മൾ നിർബന്ധിതരായിപ്പോയി എന്നതാണ് നമ്മുടെ ദൗർഭാഗ്യം- മാത്രമല്ല വൻ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ കഴിവില്ലാത്ത ഒരു ഗവണ്മെന്റാണു ഇതെന്നു കൂടി ഞാൻ കൂട്ടിച്ചേർക്കട്ടെ....

റൗളത്ത് നിയമത്തെ എതിർത്തതിൽപ്പിന്നെ ഒന്നാം ലോകമഹായുദ്ധത്തിനു ശേഷം ജിന്നയുടെ ഏറ്റവും കൂർത്തുമൂർത്ത ഈ വിമർശനം ബ്രട്ടീഷ് ഗവർമെന്റിനെ പിടിച്ചുകുലുക്കി. വേവൽ പ്രഭുവിന്റെ ഭരണത്തിലെ ആദ്യത്തെശ്രമവും ബംഗാളിലെ ദുരന്തത്തിന് പരിഹാരം കാണുക എന്നതായിരുന്നു. തന്റെ ഭരണത്തിൽ പിന്നീട് മുഴുവൻ കാലവും ബംഗാളിൽ ഉണ്ടായതു പോലുള്ള ക്ഷാമവും പട്ടിണമരണവും ഒഴിവാക്കാൻ വേവൽപ്രഭു ശ്രമിച്ചിരുന്നു.

1943 ഡിസംബറിൽ കറാച്ചിയിൽ ചേർന്ന മുസ്ലിംലീഗിന്റെ മുപ്പത്തിഒന്നാം വാർഷിക സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ച ഖാഇദേ അഅസം തന്റെ ജൻമഭൂമിയിൽ ലീഗിനെ സ്വീകരിക്കാനെത്തിച്ചേർന്ന പതിനായിരങ്ങളെ കണ്ടപ്പോൾ വികാരതരളിതനായി പ്പറഞ്ഞു. ''എനിക്ക് ചില ഉജ്ജ്വലമായ ആശയങ്ങൾ നിർദ്ദേശങ്ങളായി ലഭിക്കുന്നു. കുറേയേറെ പരാതികളും. ഇതെല്ലാം കാണിക്കുന്നത് മുസ്ലിം സമുദായം ഉണർന്നിരിക്കുന്നുവെന്നാണ്. മുസ്ലിം ഇന്ത്യ ഉണർന്നു എന്നതിൽ ഞാൻ ദൈവത്തോടു കൃത്ജ്ഞതയുള്ളവനാണ് ; മുസ്ലിം ഇന്ത്യ അതിന്റെ മനസ്സാക്ഷി വീണ്ടെടുത്തു എന്നതിൽ ഞാൻ കൃതാർത്ഥനാണ്; മുസ്ലിം എന്ന നിലയിൽ ഇന്ത്യൻ മുസ്ലിംകളെ സംബന്ധിച്ച് മാത്രമല്ല. ലോകമെമ്പാടുമുള്ള മുസ്ലിംകളുടെ കാര്യങ്ങളിൽ തൽപരരായിരിക്കുന്നുവെന്നതിൽ ഞാൻ ആഹ്ളാദവാനാണ്".

ഈ ചരിത്രപ്രസിദ്ധമായ സമ്മേളനത്തിൽ വെച്ച് ഖാഇദേ അഅ്സം തന്റെ വിശ്വസ്തരായ പ്രമുഖ സഹപ്രവർത്തകൻമാരെ ഉൾപ്പെടുത്തി രണ്ടു സുപ്രധാന കമ്മിറ്റികൾ പ്രഖ്യാപിച്ചു. തിരഞ്ഞെടുപ്പിൽ രാജ്യമാസകലമുള്ള മുസ്ലിംലീഗിന്റെ സ്ഥാനാർത്ഥികളെ സംബന്ധിച്ച് അവസാനതീർപ്പു കൽപിക്കാനുള്ള പാർലമെന്ററി കമ്മറ്റി. ഈ കമ്മിറ്റിയിലെ

For Group Contact us +91 9746065242

mappilaheritagelibrary.com

മൂന്നാംഗങ്ങൾ ലിയാഖത്തലിഖാൻ, ഖലീഖുസ്സമാൻ, ഹുസ്സൈൻ ഇമാം എന്നിവരായിരുന്നു. മറ്റൊരു കമ്മിറ്റി മുസ്‌ലിംകളുടെ വിദ്യാഭ്യാസം, സാമ്പത്തികം, സാമൂഹ്യസംരക്ഷണം എന്നീ തുറകളിൽ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കാനുള്ള ആക്ഷൻ കമ്മിറ്റിയായിരുന്നു. ഈ കമ്മറ്റിയിലേക്ക് അദ്ദേഹം ചെയർമാനായി നിയമിച്ചത് നവാബ് ഇസമായിൽഖാനെ ആയിരുന്നു. മറ്റംഗങ്ങൾ പഞ്ചാബിലെ പടക്കുതിരായായ മംദോത്ത് നവാബ്, ഡിന്ധിലെ ശക്തൻ ജി.എം.സയ്യിദ്. മലബാറിലെ (അന്ന് മദ്രാസ് സംസ്ഥാനത്തിലായിരുന്നു) മുസ്‌ലിംലീഗിന്റെ സ്ഥാപകനേതാവായ ഹാജി അബ്ദുസത്താർ സേട്ടുസാഹിബ്, ബലൂചിസ്ഥാനിലെ പ്രമാണി ഖാസി ഈസ എന്നിവരായിരുന്നു. 1943 ഡിസംബർ 27 നു കമ്മിറ്റി നിലവിൽ വന്നു. ലിയാഖത്തലിഖാൻ സ്റ്റേജിൽവന്നു ഖാഇദേ അഅസമിന് ജൻമദിനാശംസകൾ നേർന്നു.

ജന്മദിനം കഴിഞ്ഞു രണ്ടുദിവസമായിരുന്നുവെങ്കിലും സ്റ്റേജിൽ ഖാഇദിനു പിറകിൽ സിന്ധ് മുഖ്യമന്ത്രിയോടൊപ്പം ഉപവിഷ്ടരായിരുന്ന പഞ്ചാബ്, ആസ്സാം മുഖ്യമന്ത്രിമാരോടൊപ്പം ബംഗാളിൽ നിന്നെത്തിയ നാസിമുദ്ദീനും ആശംസകളിൽ പങ്കുചേർന്നു. അപ്പോൾ വടക്കുപടിഞ്ഞാറൻ അതിർത്തി പ്രവിശ്യയിലെ മുഖ്യമന്ത്രി ഔറംഗസീബ് ഖാൻ പ്രഖ്യാപിച്ചു. 'പാക്കിസ്ഥാൻ നേടിയെടുക്കാൻ അങ്ങ് ഞങ്ങളോടു പറയുന്ന ആ ദിവസം - എല്ലാം വലിച്ചെറിഞ്ഞു ഞങ്ങളതിനു ഒരു മടിയും കൂടാതെ ഇറങ്ങിത്തിരിക്കുന്ന ആ ദിനം കാത്തിരിക്കുകയാണ്'.

പ്രശസ്തി ഖാഇദേ അഅ്സമിനെത്തേടി അങ്ങോട്ടു ചെല്ലുകയായിരുന്നു. അദ്ദേഹം ഒരിക്കലും അത് തേടിപ്പോയില്ല. പത്രലേഖകരിൽ നിന്നും അവരുടെ അഭിമുഖസംഭാഷണങ്ങളിൽ നിന്നും അകലം പാലിക്കുകയായിരുന്നു അദ്ദേഹം.

അതിനിടയിലാണ് 1943- ൽ ജിന്നാസാഹിബിന്റെ ജൻമദിനത്തിനു രണ്ടുനാൾ മുമ്പ് ഇന്ത്യയിലെ ഏറ്റവും വാർത്താമൂല്യമുള്ള നേതാവിനെ കാണാൻ പ്രശസ്ത ഇംഗ്ലീഷ് എഴുത്തുകാരനായ ബവർലി നിക്കൾസണു ഒരവസരം ലഭച്ചത്. പത്രപംക്തികളിൽ പ്രത്യക്ഷപ്പെടാൻ താൽപര്യമില്ലാതിരുന്നതിനാൽ ബ്രിട്ടനിലും ഇന്ത്യയിൽതന്നെയും ജിന്നാസാഹിബ് വേണ്ടവിധം മനസ്സിലാക്കപ്പെട്ടിരുന്നില്ല.

For Group Contact us +91 9746065242
mappilaheritagelibrary.com

കൂടിക്കാഴ്ചയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ബവർലി നിക്കൾസിന്റെ 'അമാനുഷ സിദ്ധിമാനുമായി അഭിമുഖം' (Dilogue with a Giant) എന്ന പ്രശസ്ത അദ്ധ്യായം യൂറോപ്പിലെ ഭരണാധികാരികളുടെയും ബുദ്ധിജീവികളുടേയും മനസ്സിൽ ജിന്നയെപ്പറ്റി മതിപ്പുളവാക്കി 1943 ഡിസംബർ 18-നാണ് നിക്കൾസ് ഖാഇദിനെ കണ്ടത്. അദ്ദേഹം തന്റെ Verdict on India എന്ന സുപ്രസിദ്ധ ഗ്രന്ഥത്തിലെ അദ്ധ്യായത്തിൽ ഇങ്ങിനെ രേഖപ്പെടുത്തുന്നു.-

''അറുപത്തേഴ് വയസ്സായ മെലിഞ്ഞു പൊക്കംകൂടിയ അന്തസ്സേറിയ, അതൃഷ്ണത്തിലും തടിച്ച വെള്ളകേളർവെച്ച, വായിക്കാൻ ഉപയോഗിക്കുന്ന പട്ടു ചരടിൽ ഘടിപ്പിച്ച ഒറ്റക്കണ്ണടവെച്ച ഇദ്ദേഹം ഏഷ്യയിൽ ഏറ്റവും പ്രധാനപ്പെട്ട വ്യക്തിയാണ്. സ്പെയിനിലെ ഒരു ബഹുമാന്യ വ്യക്തിയെ അനുസ്മരിപ്പിക്കുന്നു. ഒരു പഴയകാല നയതന്ത്രപ്രതിനിധയെ തോന്നിപ്പിക്കുന്നു.... ''

തന്റെ തിരക്കുപിടിച്ച വിരലുകൾക്കിടയിൽ ഒറ്റക്കണ്ണട എടുത്തുപിടിച്ചു മേശമേൽ കുറച്ചൊന്ന് കുനിഞ്ഞിരുന്നുകൊണ്ട് അദ്ദേഹം പറഞ്ഞു. ''മുസ്ലിംകൾ ഒരു രാഷ്ട്രീയമാണ് നിങ്ങളതനുവദിച്ചാൽ നിങ്ങൾ ഒരു സത്യസന്ധനായ മനുഷ്യനാണെങ്കിൽ നിങ്ങൾ പാക്കിസ്ഥാൻ തത്വം സമ്മതിച്ചുതരും'' . അദ്ദേഹം കൂട്ടിച്ചേർത്തു. ''മുസ്ലിംകൾ പ്രയാസമുള്ളവരാണ്. അവർ ദുർബ്ബലരും. എന്നാൽ കർശന സ്വഭാവക്കാരുമാണ്. പാക്കിസ്ഥാനു വേണ്ടിയാണെങ്കിൽ അവർ കൂടുതൽ പ്രയാസങ്ങൾ സഹിച്ചുകൊള്ളും. ഒരു പരിഭവവുമില്ലാതെ.''

അപ്പോൾ നിക്കൾസ് ജിന്നയോടു ചോദിച്ചു. 'പാക്കിസ്ഥാൻ വന്നുകഴിഞ്ഞാൽ മുസ്ലിംകൾ കൂടുതൽ സമ്പന്നരാവുമോ അതോ കൂടുതൽ ദരിദ്രരായിത്തീരുമോ?'

ജിന്ന ഉത്തരം നൽകി.

''ദേശീയത്വത്തിന്റെ പാരിതോഷികം സാമ്പത്തിക ബാദ്ധ്യതയായിരുക്കുമെന്ന് സങ്കൽപ്പിക്കാൻ മാത്രം കാരണങ്ങളെന്താണ്? എനിക്കൊരിക്കലും അംഗീകരിക്കാൻ കഴിയാത്ത വെർസെയിൽസ് ഉടമ്പടിക്ക് ശേഷം ഏതൊരു യൂറോപ്യനാണ് പാക്കിസ്ഥാൻ സാമ്പത്തികമായി അസാദ്ധ്യമാണെന്നു പറയാൻ

For Group Contact us +91 9746065242

mappilaheritagelibrary.com

കഴിയുക? കൃത്രിമവും പരസ്പരവിരുദ്ധവുമായ അതിർത്തികളുണ്ടാക്കി യൂറോപ്പിനെ അപഹാര്യമായി വെട്ടിനുറുക്കിയ യൂറോപ്പിലെ മഹൻമാരായ ബുദ്ധിശാലികൾക്ക് സാമ്പത്തിക ശാസ്ത്രം ഞങ്ങൾക്കു പറഞ്ഞുതരാനുള്ള അർഹതയില്ല.”

ജിന്നയെ ഒരു സർജനോടു നിക്കോളസ്സ് ഉപമിച്ചു. അദ്ദേഹത്തെ എതിർക്കുന്നവർ മന്ത്രവാദംകൊണ്ട് രോഗം മാറ്റുന്നവരും. ഒരു സർജൻ എത്ര കർക്കശനാണെങ്കിലും നിങ്ങൾക്ക് വിശ്വാസിക്കാം, അതാണ് ജിന്നയുമായുള്ള സംഭാഷണത്തിന് ‘അമാനുഷ സിദ്ധിമാനുമായുള്ള അഭിമുഖ’മെന്ന് പേര് നൽകിയത്.

രാജഗോപാലാചാരിയുടെ ‘ഫോർമുല’ ചർച്ചാവിഷയമായി. അദ്ദേഹം തന്റെ ആശയത്തെപ്പറ്റി ജിന്നയുമായി കത്തിടപാട് നടത്തി. ജിന്ന തന്റെ അഭിപ്രായവുമറിയിച്ചു. എന്നാൽ ജിന്നയും ഗാന്ധിജിയും കൂടിയാലോചന നടത്തണമെന്നതായിരുന്ന സി.ആറിന്റെ ഉദ്ദേശ്യം 1944 ഏപ്രിൽമാസത്തിൽ. രാജാജി ഇതിനുവേണ്ടി ഖാഇദേ അഅ്സമിനെഴുതി. ഇന്ത്യ വിഭജിക്കണമെന്ന ആശയത്തെപ്പറ്റി ചർച്ച നടത്താൻ ഗാന്ധിജി തയ്യാറാണെന്ന് രാജാജി ജിന്നയെ അറിയിച്ചു. ഇതിനുശേഷം ഒരുമാസത്തിനകം ഗാന്ധിജി ജയിൽ മോചിതനാവുകയും ചെയ്തു.

ജൂലായ് 17-ാം തീയതി ഗാന്ധിജി ജിന്നാസാഹിബിന് ഗുജറാത്തിഭാഷയിൽ ഒരു കത്തയച്ചു. അതിങ്ങനെയായിരുന്നു.

‘‘മാതൃഭാഷയിൽ താങ്കളെക്കൊണ്ട് സംസാരിപ്പിക്കാൻ കഴിയുന്ന ഒരു ദിവസം ഉണ്ടാവും. അതേ ഭാഷയിൽ ഞാൻ ഒരു കത്തെഴുതാൻ ധൈര്യം കാണിക്കുകയാണ്. ജയിലിൽവെച്ച ഞാൻ എന്നെ കാണാൻ ക്ഷണിച്ചിരുന്നു. എന്നെ ജയിലിൽ നിന്നു വിട്ടയച്ചു ശേഷം ഞാനെഴുതിയില്ല. പക്ഷേ ഇന്ന് താങ്കൾക്കെഴുതണമെന്നു എന്റെ ഹൃദയം എന്നോടു പറയുന്നു. താങ്കൾക്കിഷ്ടമുള്ളപ്പോൾ നമുക്ക് കാണാം, എന്നെ ഇസ്‌ലാമിന്റെയോ. ഈ രാജ്യത്തെ മുസ്‌ലിംകളുടെയോ ശത്രുവായി കണക്കാക്കരുത്. താങ്കളുടെ മാത്രമല്ല മുഴുവൻ ലോകത്തിന്റെയും സുഹൃത്തും ദാസനുമാണ് ഞാൻ എന്നെ നിരാശപ്പെടുത്തരുത്. ”

താങ്കളുടെ സഹോദരൻ

എം.കെ.ഗാന്ധി,

For Group Contact us +91 9746065242

mappilaheritagelibrary.com

കാശ്മീരിൽ നിന്ന് യാത്ര തിരിക്കും മുമ്പെ ജിന്ന ഗാന്ധിജിയുടെ കത്തിന് മറുപടി അയച്ചു. ''പ്രയപ്പെട്ട മി. ഗാന്ധി:

ഞാൻ ആഗസ്ത് മദ്ധ്യത്തോടെ ബോംബെയിൽ തിരിച്ചെത്തിയാൽ അവിടെവച്ചു താങ്കളെ സ്വീകരിക്കുന്നതിൽ ഞാൻ അതീവ സന്തുഷ്ടാനായിരിക്കും അതിനിടക്ക് താങ്കൾ ആരോഗ്യം പൂർണ്ണമായും വീണ്ടെടുക്കുമെന്ന് പ്രത്യാശിക്കുന്നു... നമ്മൾ തമ്മിൽ കാണുന്നതുവരെ മറ്റെന്തെങ്കിലും പറയാൻ ഞാനാഗ്രഹിക്കുന്നില്ല."

ഗാന്ധിജിക്ക് 75 വയസ്സും ജിന്നാസാഹിബിനു 68 വയസ്സും അടുത്ത കാലാമായിരുന്നു അത്. രണ്ടുപേരും അനാരോഗ്യം കൊണ്ടു വിഷമിച്ചവരാണെങ്കിൽ ശ്വാസകോശത്തിൽ ക്ഷയത്തിന്റെ തുടക്കമായി ന്യൂമോണിയ രോഗമുള്ളതായി ഡോക്ടർമാർ പറഞ്ഞിരുന്നു.

1944 ജൂലായ് 30-ന് ലാഹോറിൽ ചേർന്ന മുസ്ലിംലീഗ് കൗൺസിൽ യോഗത്തിൽ രാജാജിയുടെ നിർദ്ദേശങ്ങൾ (സി.ആർ. ഫോർമുല) ചർച്ചചെയ്തു. എന്നാൽ ഈ നിർദ്ദേശങ്ങൾ സ്വീകരിക്കാനോ തള്ളാനോ ജിന്ന സന്നദ്ധനായിരുന്നില്ല. ഖാഇദേ അഅസം എന്തു തീരുമാനം എടുക്കുന്നതിനും കൗൺസിൽ പൂർണ്ണ പിന്തുണ പ്രഖ്യാപിച്ചു. ഖാഇദ് ഒന്നുമാത്രം പറഞ്ഞു 'ഇൻശാ അല്ലാഹ്. പാക്കിസ്ഥാൻ വരുന്നു..'

തന്റെ ഫോർമുലയ്ക്ക് ഗാന്ധിജിയുടെ അനുഗ്രഹമുണ്ടെന്ന് രാജാജി പ്രചാരമുണ്ടാക്കി. സി.ആർ. ഫോർമുലയെപ്പറ്റി ചർച്ച ചെയ്യാമെന്ന് ജിന്ന സമ്മതിച്ചതിനാൽ പാക്കിസ്ഥാൻ വാദം കൈയൊഴിച്ചതായി കണക്കാക്കാമെന്ന് ജിന്നയെ എതിർക്കുന്ന പത്രങ്ങൾ എഴുതിവിട്ടു. ഇതിനെ സംബന്ധിച്ച് ഖാഇദിന്റെ പ്രതികരണം മത്ലൂബുൽ ഹസൻ സയ്യിദി തന്റെ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിരുക്കുന്നു. ജിന്നാസാഹിബ് പ്രസ്താവിച്ചു.

'എന്റെ ഒരേ ഒരു പാപം, രാജഗോപാലാചാരിയോട്, അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾ എന്റെ പാർട്ടിയുടെ വർക്കിംഗ് കമ്മിറ്റിയുടെ മുമ്പിൽ അവതിരിപ്പിക്കാമെന്ന് ഞാൻ പറഞ്ഞതാണ്. അതോടൊപ്പം മി. ഗാന്ധി ഇപ്പോൾ ജയിലിന് പുറത്തായതിനാൽ

For Group Contact us +91 9746065242

mappilaheritagelibrary.com

അദ്ദേഹത്തിന് വല്ലതും എന്നെ അറിയിക്കാനുണ്ടെങ്കിൽ അങ്ങിനെ ചെയ്യാമല്ലോ എന്നും ഞാൻ പറഞ്ഞു. അതും വർക്കിംഗ് കമ്മിറ്റിയുടെ മുമ്പാകെ വെക്കാം. ഇതിലെന്താണ് ദോഷമെന്ന് ആരുവേണമെങ്കിലും വിധി എഴുതട്ടെ.'

ഇതൊക്കെയാണെങ്കിലും ഇന്ത്യയിലെ രണ്ട സമുന്നത നേതാക്കൻമാരെ തമ്മിലുള്ള കൂടിക്കാഴ്ച 1944 സെപ്തംബർ ഒമ്പതിന് ബോംബെയിലെ മുഹമ്മദലി ജിന്നയുടെ മലബാർ ഹിൽ വസതിയിൽവെച്ചു നടന്നു. ചരിത്രപ്രസിദ്ധമായ ഈ കൂടിക്കാഴ്ചയെ സംബന്ധിച്ച് ജിന്നയുടെ ജീവചരിത്ര ഗ്രന്ഥകാരനായ സ്റ്റെയിൻ ലിവോൾപെർട്ട് ചില ഗ്രന്ഥങ്ങൾ ഉദ്ധരിച്ചുകൊണ്ട് ഇങ്ങിനെ എഴുതുന്നു:

'സെപ്തംബർ 9-ാം തിയതി സംഭാഷണം തുടങ്ങി. മൂന്നര മണിക്കൂർ നീണ്ട സ്വകാര്യവും രഹസ്യവുമായ സംഭാഷണത്തിനായി അകത്തെ മുറിയിലേക്ക് കടക്കുംമുമ്പായി ഗാന്ധിജിയും ജിന്നയും ജിന്നയുടെ മലബാർഹിൽ വസതിയിലെ മനോഹരമായ വരാന്തയിൽ പരത്തിച്ചിരിച്ചുകൊണ്ട് പടംപിടിക്കാൻ നിന്നുകൊടുത്തു. ഒരു സൂക്ഷ്മദ്യക്കായ അഭിഭാഷകൻ കൂടിയായിരുന്ന ജിന്ന അവരുടെ ചർച്ചയെക്കുറിച്ചു എല്ലാം റിക്കാർഡ് സൂക്ഷിച്ചിരുന്നു. തന്റെ ഒന്നാം ദിവസത്തെ വിവരങ്ങൾ സി.ആർ-ന്ന് നൽകിയ ഗാന്ധി തന്റെ ക്ഷമയുടെ പരീക്ഷണമാ യിരുന്നു കൂടിക്കാഴ്ചയെന്ന് പറഞ്ഞു: ''എന്റെ സ്വന്തം സഹനസക്തിയിൽ ഞാൻ തന്നെ അൽഭുതപ്പെട്ടു. എന്നിരുന്നാലും ഇതൊരു സുഹൃത്ത് സംഭാഷണമായിരുന്നു''. അതോടൊപ്പം സി.ആർ. ഫോർമുലയോട് ജിന്നക്കുള്ള പുച്ഛവും അദ്ദേഹം പ്രകടിപ്പിച്ചുവെന്നും ഗാന്ധി സി.ആർനെ അറിയിച്ചു. അദ്ദേഹത്തിന്റെ (ജിന്നയുടെ) ആവശ്യം നിങ്ങൾ (രാജാജി) സ്വീകരിക്കുകയാണെന്നും അതുകൊണ്ട് ഞാൻ (ഗാന്ധിജി) കൂടി അത് സ്വീകരിക്കുമെന്നും അദ്ദേഹം (ജിന്ന) പറയുന്നു. ഞാൻ പറഞ്ഞു. ''രാജാജിയുടെ ഫോർമുല ഞാനംഗീകരിക്കുന്നു. നിങ്ങൾ വേണമെങ്കിൽ അതിനെ പാക്കിസ്ഥാൻ എന്ന് വിളിച്ചുകൊള്ളൂ.'' അദ്ദേഹം ലാഹോർ പ്രമേയത്തെപ്പറ്റിയാണ് പറയുന്നത് ... തന്റെ പാക്കിസ്ഥാൻ സമ്മതിച്ചു കൊടുക്കകയാണെങ്കിൽ അദ്ദേഹം (ജിന്ന) ജയിലിൽ പോകാനോ വെടിയുണ്ടയേൽക്കാനോ തയ്യാറാണെന്നും അദ്ദേഹത്തിന് ഇപ്പോൾ തന്നെ പാക്കിസ്ഥാൻ

For Group Contact us +91 9746065242

mappilaheritagelibrary.com

വേണം. സ്വാതന്ത്ര്യത്തിനു ശേഷം പോരാ. നമുക്ക് ഹിന്ദുസ്ഥാനും പാക്കിസ്ഥാനും സ്വാതന്ത്ര്യമാകാം – അദ്ദേഹം പറഞ്ഞു. നമുക്കാദ്യം ഒരു കരാറിൽ എത്താം. എന്നിട്ടു ഗവർമെന്റിനെ സമീപിച്ചു ആ പരിഹാരം സ്വീകരിക്കാൻ അവരെ നിർബന്ധിക്കാം. ലീഗ് മുസ്‌ലിംകളെ പ്രിതിനിധാനം ചെയ്യുന്നു. മുസ്‌ലിംകൾക്ക് പാക്കിസ്ഥാൻ വേണം...”

ആ രണ്ടു മഹാൻമാരുടെ രണ്ടാം ദിവസത്തെ സംഭാഷണം ആദ്യത്തേതിനെക്കാളും ഫലപ്രദമായില്ല. ദേശീയ രാഷ്ട്രീയ രംഗം പുതിയ പതനത്തിലേക്ക് നീങ്ങി.

ഗാന്ധി- ജിന്ന കൂടിക്കാഴ്ച രാജ്യവ്യാപകമായ താൽപര്യം സൃഷ്ടിച്ചു. ഇന്ത്യയിൽ മാത്രമല്ല സൂര്യനസ്തമിക്കാത്ത ബ്രട്ടീഷ് സാമ്രാജ്യത്തിലും ആ ചർച്ച സവിശേഷമായ ശ്രദ്ധ പിടിച്ചുപറ്റി. ജനകോടികൾ പ്രതീക്ഷയും പ്രത്യാശയും നിറഞ്ഞ മനസ്സോടെ അതിന്റെ ഫലം കാത്തിരിക്കുകയായിരുന്നു. എന്നാൽ ഫലം അത്ര പ്രോൽസാഹജനകമായുന്നില്ല. രണ്ടു നേതാക്കളും അവരുടെ വിയോജിപ്പിൽ യോജിക്കുകയായിരുന്നു. ഇസ്‌ലാംമതം ആവിരഭവിക്കും മുമ്പ് ഇന്ത്യ ഒരു രാഷ്ട്രീയമായിരുന്നുവെങ്കിൽ. ഇന്ത്യയുടെ മക്കൾ ഇസ്‌ലാം മതവിശ്വാസികളായി മാറിയിട്ടുണ്ടെങ്കിലും ഇന്ത്യ ഒന്നായിത്തന്നെ നിൽക്കുമെന്ന് ഗാന്ധിജി ജിന്നാസാഹിബിനെ അറിയിച്ചു. ‘ലാഹോർ പ്രമേയം വിശദീകരിച്ചു താങ്കളെ അതിന്നനുകൂലിയാക്കുകയായിരുന്നു എന്റെ ഉദ്ദേശ്യം. പല അമുസ്‌ലിംകളിലും എനിക്ക് മനപ്പരിവർത്തന മുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. വിദേശികളിലും അത് സാധിച്ചു. ഹിന്ദു ഇന്ത്യയിൽ അൽഭുതാവഹായ സ്വാധീനമുള്ള മാറ്റിയെടുക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ അതെനിക്കു വലിയ സഹായം ചെയ്യുമായിരുന്നു’. ജിന്ന ഗാന്ധിജിയെ അറിയിച്ചു.

1944 സെപ്തംബർ 23-ന് ഗാന്ധിജി തന്റെ പ്രിയപ്പെട്ട ഖാഇദേ അഅ്സമിന് എഴുതി.

‘‘ഇന്നലെ വൈകുന്നേരത്തെ സംഭാഷണം ഹിതകരമായില്ല. നമ്മുടെ സംഭാഷണങ്ങളും എഴുത്തുകുത്തുകളും സമാന്തര രേഖകളിൽ നീങ്ങുന്നതായും എവിടെയും പരസ്പരം തൊടാത്ത നിലയിലാണെന്നുമാണ് തോന്നുന്നത്, ഇന്നലെ വൈകുന്നേരം നമ്മൾ തെറ്റിപ്പിരിയുന്ന അവസ്ഥയെത്തി. പക്ഷേ

For Group Contact us +91 9746065242

mappilaheritagelibrary.com

ദൈവാധീനം കൊണ്ട് നമ്മൾക്ക് അങ്ങിനെ വേർപിരിയാനാഗ്രഹമില്ല. നമ്മൾ വീണ്ടും സംഭാഷണം തുടരുന്നതിനു വേണ്ടി വൈകുന്നേരത്തെ പ്രാർത്ഥനായോഗത്തിനു സമയം ലഭിക്കാൻ നിർത്തിവെക്കുകയാണ ചെയ്തത്. ഇത്തരം സംഗതികൾ എന്തങ്കിലും പിശക് പറ്റുന്നതില്ലാക്കുവാനായി ഞാൻ ഒപ്പു വെക്കേണ്ടത് എന്താണെന്നു താങ്കളുദ്ദേശിക്കുന്നത് ശരിയായി ഒന്നു എഴുതിത്തരമെന്നു ഞാനാഗ്രഹിക്കുന്നു.

അന്നുതന്നെ പ്രിയപ്പെട്ട മി. ഗാന്ധിക്ക് എം.എ. ജിന്ന മറുപടി അയച്ചു. ''എനിക്ക് കൂട്ടിച്ചേർക്കാനായി പുതിയ ഒന്നുമില്ല. പക്ഷേ താങ്കൾ പ്രാതിനിധ്യ സ്വാഭാവത്തോടുകൂടിയോ തദ്വാരാ അധികാരം നിക്ഷിപ്തമായിത്തീരുംവരെയോ അല്ല ചർച്ചയിൽ പങ്കെടുക്കുന്നതെങ്കിൽ ആരുടെയും പ്രതിനിധി എന്ന നിലക്ക് താങ്കളോടു ഒപ്പുവെക്കാൻ ആരും ആവശ്യപ്പെടുകയില്ലെന്നു ഞാൻ പറഞ്ഞുകൊള്ളട്ടെ. 1940ലെ ലാഹോർ പ്രമേയത്തിലുൾക്കൊള്ളുന്ന അടിസ്ഥാനതത്വങ്ങളിൽ ആദ്യം പറഞ്ഞതുപോലെ ഞങ്ങൾ ഉറച്ചുനിൽക്കുന്നു. താങ്കളുടെ നയവും പരിപാടികളും മാറ്റണമെന്നു ഞാൻ ഒന്നുകൂടി അപേക്ഷിക്കുന്നു. ഉപഭൂഖണ്ഡത്തിന്റെ ഭാവിയും ഇന്ത്യയിലെ ജനങ്ങളുടെ ക്ഷേമവും കണക്കിലെടുത്ത് താങ്കൾ യാഥാർത്ഥ്യത്തെ അഭിമുഖീകരിക്കണമെന്നാവശ്യപ്പെടുന്നു.''

തുടർന്നും രണ്ടു നേതാക്കൻമാരും എഴുത്തുകുത്തുകൾ നടത്തി. രാജാജി ഫോർമുലയടക്കം പലതും ചർച്ചചെയ്തു. എന്നാൽ ഒത്തുതീർപ്പിലെത്തിയില്ല. സംഭാഷണം പൊളിഞ്ഞതിനെപ്പറ്റി ജിന്ന പത്രക്കാരോട് പറഞ്ഞു. ''മി.ഗാന്ധിയെ മാറ്റിയെടുക്കുന്നതിൽ ഞാൻ പരാജയപ്പെട്ടുവെന്നതിൽ എനിക്ക് ഖേദമുണ്ട്.... എന്നിരിന്നാൽ പോലും പൊതുജനങ്ങളിൽ വിദ്വോഷമുണ്ടാവരുത്. ഞങ്ങളുടെ ശ്രമത്തിന്റെ അവസാനമല്ല ഇത്."

ബിർള ഹൗസിൽ വെച്ചു ഗാന്ധിജി പറഞ്ഞു:

''തകർന്നു എന്നത് തഥാകഥിതമാണ് ഇത് തീയതി നിശ്ചയിക്കാത്ത മാറ്റിവെക്കലാണ് , ഞങ്ങളിരുവരും ഞങ്ങളുടെ അഭിപ്രായങ്ങൾ ജനങ്ങളുടെ മുമ്പിൽ അവരുടെ അഭിപ്രായത്തിനായി സമർപ്പിക്കുന്നതാണ്. കഴിഞ്ഞ മൂന്നാഴ്ചക്കാലത്തെ അനുഭവം മൂന്നാമതൊരു ശക്തിയുടെ സാന്നിധ്യം പരിഹാരം തകർക്കുമെന്ന വിശ്വാസം ബലപ്പെടുത്തുന്നു. അസ്വതന്ത്രമായ ഒരു മനസ്സുപോലെ

For Group Contact us +91 9746065242

mappilaheritagelibrary.com

പ്രവർത്തിക്കാനാവില്ല. പത്രങ്ങളും ജനങ്ങളും പക്ഷംപിടിക്കലും വിദ്വേഷവും ഒഴിവാക്കണം. ചർച്ചക്കിടയിൽ രണ്ടു നേതാക്കളും പ്രകടിപ്പിച്ച സൗഹൃദം അവർ പ്രതിനിധാനം ചെയ്യുന്ന ജനങ്ങളേയും പാർട്ടിയേയും അവരിലുണ്ടാകുന്ന പ്രതികരണങ്ങളെയും ശരിക്കും കണക്കിലെടുത്തു കൊണ്ടായിരുന്നു."

മുസ്ലിംലീഗ് വർക്കിംഗ് കമ്മിറ്റി അംഗവും പിന്നീട് അമേരിക്കയിലും ഇംഗ്ലണ്ടിലും പാക്കിസ്ഥാൻ അംബാസിഡറുമായിരുന്ന എം.എ.എച്ച് ഇസ്ഫഹാനി ഗാന്ധി- ജിന്നാ സംഭാഷത്തിൽ ഗാന്ധിജി ഉന്നയിച്ചതും ജിന്ന നിരാകരിച്ചതുമായ നിർദ്ദേശങ്ങളെപ്പറ്റി ബ്രട്ടീഷ് ഇന്ത്യയുടെ വിഭജനത്തിലേക്ക് നയിച്ച വസ്തുതകൾ എന്ന ലേഖനത്തിൽ ഇങ്ങിനെ വിവരിക്കുന്നു.

''പാക്കിസ്ഥാൻ പ്രശനത്തെസംബന്ധിച്ച് 1944 സെപ്തംബറിൽ ബോംബെയിൽ വെച്ചു ഗാന്ധി ഖാഇദേ അഅ്സമുമായി സംഭാഷണങ്ങൾ നടത്തി. ചില പ്രദേശങ്ങൾ വിഭജിക്കുന്നതിനു മുമ്പ് മുസ്ലിംലീഗ് ചില ഉപാധികൾ സ്വീകരിക്കണമെന്നദ്ദേഹം നിർദ്ദേശിച്ചു. 1) ഇന്ത്യക്കാകെ ഒരു ഏക യൂണിറ്റ് എന്ന നിലക്ക് ഉടൻ സ്വാതന്ത്ര്യം നേടിയെടുക്കുക: 2) ഇന്നുള്ളതോ അല്ലെങ്കിൽ ഇനി വരുന്നതോ ആയ കേന്ദ്ര അസംബ്ലിയോട് ഉത്തരവാദിത്വമുള്ള ഒരു ഇടക്കാല ഗവമെന്റ് ഉടൻ രൂപൽക്കരിക്കുക പുതിയ ലെജിസ്ലേറ്റീവ് അസംബ്ളിയിൽ 75 ശതമാനം ഹിന്ദു ഭൂരിപക്ഷമായിരിക്കും 3) ബ്രട്ടീഷ് ഭരണം പിൻവലിച്ചു കഴിഞ്ഞാൽ ഇടക്കാല അസംബ്ളി ഒരു ഭരണഘടന ഉണ്ടാക്കുകയോ, അതിന്നായി അധികാരപ്പെടുത്തുകയോ ചെയ്യുക 4) കേന്ദ്ര അധികൃതരുടെ ചുമതലയിൽ വിദേശകാര്യം, കമ്മ്യുണിക്കേഷൻ. വ്യാപാരം തുടങ്ങിയ പൊതുനയങ്ങളെപ്പറ്റി ഇടക്കാല ഗവണ്മെന്റ് കരട് രേഖയുണ്ടാക്കുക 5 ഇടക്കാല ഗവർമെന്റ് മുസ്ലിം ഭൂരിപക്ഷ പ്രദേശങ്ങളുടെ അതിർത്തി രേഖപ്പെടുത്താൻ കമ്മീഷനെ നിയമിക്കുക, ഈ ഉപാധികൾ നിർവഹിച്ചു കഴിഞ്ഞാൽ ആ പ്രദേശങ്ങളിലെ ജനങ്ങൾക്കു സ്വതന്ത്രമായ രാജ്യം വേണമോ എന്നതിനെ സംബന്ധിച്ച് ജനഹിതപരിശോധന നടത്തുക. ഗാന്ധി ഇതിനെ സഹോദരൻമാർ തമ്മിലുള്ള വിഭജനമായി വിശേഷിപ്പിച്ചു. ഖാഇദേ അഅ്സം പ്രഖ്യാപിച്ചു. ഇത് സ്വാതന്ത്ര്യമല്ല. ബഹുഭൂരിപക്ഷമുള്ള ഒരു കേന്ദ്ര ഹിന്ദുഭൂരിപക്ഷത്തിന്റെ കീഴിലുള്ള

For Group Contact us +91 9746065242

mappilaheritagelibrary.com

സംസ്ഥാന സ്വയംഭരണം മാത്രമാണ".

മഹാത്മാഗാന്ധിയും ഖാഇദേ അഅ്സമും തമ്മിലുള്ള കൂടിക്കാഴ്ചയുടെ ഫലമറിയാൻ കാത്തിരിക്കുന്ന ബ്രട്ടീഷുകാരോട് ലണ്ടനിലെ ന്യൂസ്ക്രോണിക്കിൾ പത്രപ്രതിനിധിക്ക് അനുവദിച്ച അഭിമുഖത്തിൽ ജിന്ന പറഞ്ഞു. ഞങ്ങൾക്ക് നൽകിയ ഓഫർ ഞങ്ങളുടെ ബുദ്ധിയെ അപമാനിക്കുന്ന തരത്തിലുള്ളതായിരുന്നു. ഇന്ത്യയിലെ ഹിന്ദു-മുസ്ലിം പ്രശ്നം പരിഹരിക്കാൻ പ്രായോഗികമായ ഒരേഒരു പോംവഴി മാത്രമേയുള്ളൂ- ഇന്ത്യയെ ഹിന്ദുസ്ഥാനും പാക്കിസ്ഥാനും എന്ന രണ്ട പരമാധികാരം രാഷ്ട്രങ്ങളായി വിഭജിക്കുക.

ഗാന്ധി- ജിന്ന സംഭാഷണത്തെപ്പറ്റി വൈസ്രോയി വേവൽപ്രഭു തന്റെ ജേർണ്ണലിൽ ഇങ്ങനെ കുറിച്ചിച്ചു.

''രണ്ടുഗ്രൻ മലകൾ തമ്മിൽ കണ്ടുമുട്ടി. ഒരു കൊച്ചു എലിപോലും അതിൽ പിറന്നില്ല. ഇത് ഗാന്ധിയെ നേതാവെന്ന നിലക്ക് തകർക്കും. ജിന്നക്ക് സംഗതി എളുപ്പമാണ്. അദ്ദേഹം സത്യത്തിൽ നടന്നതുപോലെ തന്റെ അസംബന്ധം തുടർന്ന് പറഞ്ഞുകൊണ്ടേയിരക്കണം തന്റെ സ്ഥിതിയുടെ ദൗർബല്യം പുറത്തു കാണിക്കാതെയും ഒരുവിധത്തിലും പാക്കിസ്ഥാൻ എന്താണെന്ന് നിർവ്വചിക്കാതെയും തന്റെ അനുയായികളിൽ അദ്ദേഹത്തിന്റെ കീർത്തി ഉയർത്തിയേക്കാം. എന്നാൽ ചിന്തിക്കുന്നവരിൽ മറിച്ചും. വളരെ കഴിയുംമുമ്പ്തന്നെ ജിന്ന വലിയൊരു ബുദ്ധിശാലിയും പാക്കിസ്ഥാൻ വാദത്തെ സ്സംബന്ധിച്ചിടത്തോളം അങ്ങേയറ്റം ആത്മാർത്ഥതയുള്ള ആളുമാണെന്ന വിഷമകരമായ സത്യം വേവൽപ്രഭുവിനു ബോദ്ധ്യപ്പെടുകയും ചെയ്തു.

മൂന്നാഴ്ച നീണ്ടുനിന്ന സംഭാഷണങ്ങൾക്കിടയിൽ നടന്ന രസകരമായ ഒരു സംഭവം ഹെക്ടർ ബോളിത്തോ വിവരിക്കുന്നുണ്ട്.

സംഭാഷണങ്ങൾക്കിടയിൽ ഇവരെപ്പോലെയുള്ള രണ്ടു എതിരാളികൾ പുലർത്തിയ പെരുമാറ്റം അന്തസ്സും എത്രമാത്രം ഉന്നതമായിരുന്നുവെന്നു കാണിക്കുന്ന ഒരു സംഭവമുണ്ടായി. ഒരു ദിവസം മഹാത്മാഗാന്ധി ഖാഇദേ അഅ്സമിനെ കാണാൻ പോയി. അവർ ഇരുവരും അവരുടെ വാദങ്ങളും തർക്കങ്ങളും തീർന്നപ്പോൾ ദൈനംദിന ജീവിതത്തിലെ ലളിതപ്രശ്നങ്ങൾ പറയാൻ തുടങ്ങി.

For Group Contact us +91 9746065242

mappilaheritagelibrary.com

അവർ ക്ഷീണിച്ചു. ഗുസ്തിപിടിക്കുന്ന മല്ലൻമാർ കൈകൊടുത്തു പിരിയുമ്പോൾ സമാശ്വസിക്കും പോലെ ജിന്ന തന്റെ രോഗങ്ങൾ പറഞ്ഞ കൂട്ടത്തിൽ തന്റെ ഒരു പാദത്തിൽ ഞരമ്പുവേദനയുള്ള കാര്യം ഗാന്ധിയോടു പറഞ്ഞു. മഹാത്മ ഗാന്ധി അവിടെ കുനിഞ്ഞിരുന്നു ജിന്നയോട് കാലിലെ ഷൂസും സോക്സും അഴിക്കാനാവശ്യപ്പെട്ടു. ആ കാഴ്ച ജിന്ന തന്റെ ചുളിവില്ലാത്ത ഒന്നാന്തരം ആകർഷക വസ്ത്രങ്ങളിലും, ഗാന്ധിജി തികച്ചും സാധാരണ ലളിതവേഷത്തിലും – ആദ്യമൊരാൾക്ക് രസകരമായി തോന്നുമെങ്കിലും തികച്ചും ഹൃദയസ്പർശിയായിരുന്നു. ജിന്നയുടെ പാദം കയ്യിൽ പിടിച്ചു മാഹാത്മാഗാന്ധി പറഞ്ഞു: നിങ്ങളെ സുഖപ്പെടുത്തുവാനുള്ളതെന്താണെന്ന് എനിക്കറിയാം. ഞാൻ നാളെ കാലത്ത് കൊടുത്തയക്കാം പിറ്റേന്ന് കാലത്ത് ഒരുതരം മിക്ചർ ഒരു കുപ്പിയിലെത്തി. ജിന്ന അതുപയോഗിച്ചില്ലെങ്കിലും വൈകുന്നേരം ഗാന്ധി ഒരുവട്ടം കൂടി സംഭാഷണത്തിന് വന്നപ്പോൾ അദ്ദേഹത്തിന് നന്ദി പറഞ്ഞു. മരുന്ന് വേദനക്ക് ശമനം നൽകിയെന്നും പറഞ്ഞു.

1944 ഡിസംബർ ആറിനു ജിന്ന വൈസ്രോയി വേവൽ പ്രഭുവിനെ കണ്ടു. ഈ കൂടിക്കാഴ്ച വളരെ സൗഹാർദ്ദപരമായിട്ടാണ് വേവൽ കണ്ടത്. ഇന്ത്യക്ക് ബ്രട്ടീഷ് ഭരണമുണ്ടാക്കിയ ഐക്യം നശിപ്പിക്കരുതെന്ന് വേവൽപ്രഭു ജിന്നയെ ഓർമ്മിപ്പിച്ചു. എന്നാൽ ഇന്ത്യ ഒരിക്കലും ഒരേക രാഷ്ട്രമായിരുന്നില്ലെന്നും. മുപ്പത് വർഷക്കാലത്തെ ഇന്ത്യയുടെ ചരിത്രമതായിരുന്നു. ബ്രട്ടീഷുകാർ ഉണ്ടാക്കിത്തീർത്തതാണ് ഇന്ത്യയുടെ ഐക്യമെന്നും ജിന്ന പറഞ്ഞതായി വേവൽപ്രഭു രേഖപ്പെടുത്തിയിരിക്കുന്നു.

അറുപത്തിയെട്ടാം ജൻമദിനമാഘോഷിക്കേണ്ട 1944 ഡിസംബർ ഒടുവിലും അടുത്ത വർഷത്തിന്റെ തുടക്കത്തിലും ജിന്നയ്ക്ക് സംഘടനാപരമായ പ്രയാസങ്ങളുണ്ടാക്കിത്തീർത്തു. മുസ്ലിംലീഗിന്റെ സിന്ധിലെ മുഖ്യമന്ത്രി സർ ഗുലാം ഹുസൈൻ ഹിദയത്തുള്ളയും ജി.എം.സയിദും തമ്മിലുള്ള ഗ്രൂപ്പ്തർക്കം അതിന്റെ പാരമ്യത്തിലെത്തിയിരുന്നു. 1944 ജൂലായ്മാസം തന്നെ സിന്ധിൽ മന്ത്രിസഭയുടെ രാജി ആവശ്യപ്പെട്ടുകൊണ്ട് ജി.എം.സയ്യിദ് നീക്കങ്ങൾ നടത്തിയിരുന്നു. പഞ്ചാബിലും ബംഗാളിലും ലീഗ് മന്ത്രിസഭകൾ പ്രശ്നങ്ങൾ അഭിമുഖീകരിക്കുമ്പോൾ അതുമായി

For Group Contact us +91 9746065242

mappilaheritagelibrary.com

കെട്ടുപിണഞ്ഞ ഖാഇദിനു സയ്യിദിന്റെ നീക്കങ്ങൾ കൂടുതൽ വിഷമമുണ്ടാക്കിയുരുന്നു. ഹാറൂൺ- ഖുഹ്റോ എന്നിവർ ഒരുഭാഗത്തും ജി.എം. സയ്യിദ് ഗാസ്ദാറും മറുചേരിയിലും തികച്ചും വ്യക്തിപരമായ ഈ പ്രശ്നങ്ങൾ ഒരിക്കലും ആശയപര മായിരുന്നില്ല. ജിന്ന സിന്ധിൽ പോയി പ്രശ്നങ്ങൾ രമ്യമായി പരിഹരിക്കാൻ നിർദ്ദേശിച്ചു. പക്ഷേ അധികാരക്കസേരയ്ക്ക് വേണ്ടിയുള്ള സിന്ധിലെ അനുയായികളുടെ പിടിവലി ഖാഇദിനെ ഖിന്നനാക്കി.

വടക്കുപടിഞ്ഞാറൻ അതിർത്തി സംസ്ഥാനത്തും സംഗതി അത്ര പന്തിയല്ലാതെ നീങ്ങി മുഖ്യമന്ത്രി ഔറംഗസീബ് ഖാന് ഖാഇദിനോടെന്നതിനെക്കാൾ കടപ്പാട് ഗവർണ്ണർ സർ ജോർജ്ജ് കണ്ണിംഗ്ഹാമിനോടായിരുന്നു. ഖാൻ സാഹിബിന്റെ നേതൃത്വത്തിലുണ്ടായിരുന്ന കോൺഗ്രസ്സ് മന്ത്രിസഭയെ തറപ്പറ്റിച്ചതും ഔറംഗസീബിനെ മുഖ്യനാക്കിയതും ഗവർണ്ണറുടെ കളികൊണ്ടായിരുന്നു. അതിന് ഗവർണ്ണർ ആവശ്യപ്പെട്ട വിലയോ? പാക്കിസ്ഥാൻ വാദം പിറകോട്ടാക്കുക- ഔറംഗസീബ് ഖാൻ അതേപടി ചെയ്തു.

എന്നാൽ ഖാൻ സാഹിബിന്റെ നേതൃത്തിലുണ്ടായിരുന്ന പ്രതിപക്ഷം അവിടെ മുസ്‌ലിംലീഗിൽ വിള്ളലുണ്ടാക്കി. ഒരു വിശ്വാസവോട്ടെടുപ്പിൽ ഔറംഗസീബ് മന്ത്രിസഭ തകർന്നു. വളരെ കാലത്തിനു ശേഷം ജിന്നയെ അവിടേക്ക് ക്ഷണിച്ചെങ്കിലും അദ്ദേഹം പോയില്ല. ആദ്യം സ്വന്തം വീട് ശരിപ്പെടുത്തു. എന്നിട്ടാവാം മറ്റു കാര്യങ്ങൾ ഖാഇദ് ലീഗുകാരെ ഉപദേശിച്ചു.

ഗവർണ്ണർ കണ്ണിംഗ്ഹാം മന്ത്രിസഭ രൂപൽവൽക്കരിക്കാൻ ഖാൻ സാഹിബിനെ ക്ഷണിച്ചു. 1939-ൽ എല്ലാ കോൺഗ്രസ്സ് മന്ത്രിസഭകളും രാജിവെച്ച സാഹിചര്യത്തിൽ ആ ക്ഷണം നിരസിക്കരുതെന്ന് ഗാന്ധിജി ഖാൻ സാഹിബിനെ ഉപദേശിച്ചു. കോൺഗ്രസ്സിന് വടക്കുപടഞ്ഞാറൻ അതിർത്തി പ്രദേശത്ത് കിട്ടിയ ഒരു നല്ല സമ്മാനമായിരുന്നു ആ അവസരം. 1945 മാർച്ച് 12ന് ഖാൻ സാഹിബിന്റെ നേതൃത്വത്തിൽ ഒരു മന്ത്രിസഭ രൂപംകൊണ്ടു. ജിന്നയ്ക്കും ലീഗിനും അത് വലിയ ആഘാതമായിരുന്നു. അപ്പോഴും ഖാഇദിന്റെ രാഷ്ട്രീയ ദൃഷ്ടി അങ്ങനെത്തന്നെ അതിനെ നോക്കിക്കണ്ടു. 1945 മാർച്ച് 23-നു പാക്കിസ്ഥാൻ ദിന സന്ദേശത്തിൽ

For Group Contact us +91 9746065242

mappilaheritagelibrary.com

അദ്ദേഹം ആഞ്ഞടിച്ചു.

''ഒരു മുസ്‌ലിം ഭൂരിപക്ഷ സംസ്ഥാനത്ത്, സേവാഗ്രാമിൽ താമസിക്കുന്ന മി. ഗാന്ധിയിൽ നിന്നോ. മുസ്‌ലിംകളുടെ അഭിലാഷങ്ങൾക്കും ദേശീയ ആവശ്യത്തിനും കഠിന വിരോധികളായ കോൺഗ്രസ്സിൽ നിന്നോ ആജ്ഞ സ്വീകരിച്ചുകൊണ്ടുള്ള ഒരു മന്ത്രിസഭയെ ആത്മാഭിമാനത്തിന്റെ കണികപോലും അവശേഷിക്കുന്ന മുസൽമാന് പൊറുപ്പിക്കാൻ കഴിയുമെന്ന് വിശ്വസിക്കാൻ സാദ്ധ്യമല്ല.

നമ്മുടെ ചുറ്റും നമ്മുടെ ശത്രക്കൾ കൂടി ചിരിക്കുന്നു. എന്റെ വിരലുകൾ മുസ്‌ലിം ഇന്ത്യയുടെ നാഡിമിടപ്പ് അറിയുന്നു. ഇന്ത്യയിലെ പത്തുകോടി മുസൽമാൻമാർ ഒരു സന്ദിഗ്ധ ഘട്ടത്തിൽ ഒരൊറ്റ വ്യക്തിയെപ്പോലെ ഒറ്റക്കെട്ടായി നിൽക്കും എന്തു ത്യാഗവും സഹിക്കും...''

ഖാഇദിനു ഒട്ടേറെ പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടിവന്നു. ബംഗാളിൽ. പഞ്ചാബിൽ. ഒരു ഭാഗത്ത് വൈസ്രോയിയുടെ ചർച്ച. മറുഭാഗത്ത് സ്വന്തം പാർട്ടിക്കാരുടെ പടലപ്പിണക്കം. എന്നാൽ ലിയാഖ്ത്തലിഖാൻ. നവാബ് ഇസ്മായിൽ ഖാൻ. അബ്ദുറബ്ബ് നിഷതർ തുടങ്ങിയ ഏറ്റവും വിശ്വസ്തരായ തന്റെ സഹപ്രവർത്തകരോടൊപ്പം എല്ലാം നേരിടാൻ തന്നെ ഖാഇദ് തീരുമാനിച്ചു. തന്റെ അനാരോഗ്യം കണക്കിലെടുക്കാതെ ഒരുമാസം അദ്ദേഹം ഇടതടവില്ലാതെ സഞ്ചരിച്ചു- മുസ്‌ലിം ഇന്ത്യ അദ്ദേഹത്തിന്റെ കൂടെയാണെന്നു എതിരാളികളെ ബോദ്ധ്യപ്പെടുത്തി. തന്റെ രാഷ്ട്രീയ ലക്ഷ്യം- പാക്കിസ്ഥാൻ- ഒരു ഭാവനാവിലാസം മാത്രമാണെന്നു പറഞ്ഞവരുടെ കൂട്ടത്തിൽ ഒരാൾ കൂടിവന്നു- ബംഗാളിലെ ഗവർണ്ണർ ആർ.സി.കേസ്സി. ബ്രട്ടീഷുകാർക്കു വേണ്ടി ഗവർണ്ണർ കേസ്സിയും കളിതുടങ്ങി.

ബംഗാളിലെ പുതിയ ഗവർണ്ണർ റിച്ചാർഡ് ജി.കേസ്സിക്ക് ഒരു കാര്യത്തിൽ ഉറച്ച അഭിപ്രായമായരുന്നു. പാക്കിസ്ഥാൻ എന്നത് ഒരു രാഷ്ട്രീയഭാവനമാത്രമാണ്-അതൊരിക്കലും യഥാർത്ഥ്യമാവില്ല. ഒട്ടനവധി ബംഗാളി മുസ്‌ലിംകളെ ഈ അഭിപ്രായത്തിൽ അണിനിരത്താൻ തനിക്ക് എളുപ്പം ഉൾപ്പെടുത്താനാവില്ലെന്നു ബോധ്യമായാൽ പിന്നെ അവർ പാക്കിസ്ഥാൻ വാദവുമായി ഇടഞ്ഞു നിൽക്കുമെന്നു ഗവർണ്ണർ കേസ്സി കരുതി. അതിനുള്ള കരുനീക്കങ്ങൾ നടത്തുമ്പോൾ എതിർപ്പുണ്ടാകുമെന്നു

For Group Contact us +91 9746065242

mappilaheritagelibrary.com

അദ്ദേഹത്തിനു അറിയാമായിരുന്നു.

1944ന്റെ അവസാനനാളുകളിൽ ബംഗാളിലെ മുസ്ലിംലീഗിന്റെ സംഘടനാസ്ഥിതിയും വഷളായിക്കൊണ്ടിരുന്നു. ഒരു ഭാഗത്ത് ഖാജാ നാസിമുദ്ദീൻ തന്റെ ഗവണ്മെന്റിനെ തട്ടിയും മുട്ടിയും മുന്നോട്ടു കൊണ്ടു പോകുമ്പോൾ മറുവശത്ത് ഹുസൈൻ ഷഹീദ് സുഹ്റവർദ്ദി തക്കം പാത്തിരിക്കുന്നു. കടുത്ത ഭക്ഷ്യക്ഷാമവും പട്ടിണിമരണവും ഖാജാ നാസിമുദ്ദീൻ ഗവണ്മെന്റിനെ പിടിച്ചുലച്ചു. എന്നാൽ അസംബ്ളിക്കകത്ത് നാസിമുദ്ദീൻ തന്റെ ഭൂരിപക്ഷം ഉറപ്പിച്ചുനിർത്തി. പുറത്തു പാർട്ടിക്കുള്ളിൽ സുഹ്റവർദ്ദി നാസിമുദ്ദീനെ വിഷമിപ്പിച്ചകൊണ്ടേയിരുന്നു.

പാർട്ടി ചുമതലയുള്ള ആളുകൾ മന്ത്രിസ്ഥാനങ്ങൾ വഹിക്കരുതെന്നു സുഹ്റവർദ്ദിയെ ഉദ്ദേശിച്ചു ബംഗാൾ ലീഗിൽ ഒരു നിർദ്ദേശം വന്നപ്പോൾ സുഹ്റവർദ്ദി തന്റെ ലീഗ് നിയമസഭാ കമ്മിറ്റി സെക്രട്ടറി സ്ഥാനം ഉപേക്ഷിച്ചു. സുഹ്റവർദ്ദിക്ക് ചെറുപ്പക്കാരനും ഊർജ്ജസ്വലനുമായ അബ്ദുൽഹാഷിമിന്റെ പിന്തുണയും ലഭിച്ചിരുന്നു. 1941 ലും 11943 ലും മുസ്ലിംലീഗിൽ നിന്ന് സുഹ്റവർദ്ദിയെ ഖാഇദേ അഅ്സം അകറ്റിനിർത്തിയിരുന്ന ുവെങ്കിലും സുഹ്റവർദ്ദി പിന്തുണ നേടി. ഹാജി ആദം ജീദാവുദിനെയും ഇസ്ഫഹാനിയെയും പോലുള്ള നേതാക്കൾ അധികാരത്തിന്റെ അപ്പക്കഷ്ണം അന്വേഷിച്ചു പോയില്ല. ബംഗാൾ ലീഗിന്റെ പ്രസിഡന്റായിരുന്ന മൗലാന അക്രംഖാൻ. ഐഷാജലാലിന്റെ അഭിപ്രായത്തിൽ വികലാംഗനും ശാരീരികമായി ജോലിചെയ്യാൻ കഴിയാത്ത അദ്ദേഹവും തന്റെ മനസ്സും മനസ്സാക്ഷിയും പത്രവും (ആസാദ് എന്ന പത്രം) ഡാക്കാ നവാബിന്റെ കുടുംബക്കാർക്ക് വിറ്റു രണ്ടു വർഷമായി ഉറങ്ങുന്ന പ്രസിഡന്റായി കഴിഞ്ഞുകൂടുന്ന ആളുമായിരിക്കെ ഇത് മാത്രമെ പ്രതീക്ഷിക്കാനാവു. ബംഗാൾ ലീഗ് കൗൺസിലിലെ 500 അംഗങ്ങളിൽ 460 പേരും സന്നിഹിതരായി സുഹ്റവർദ്ദി അനുകൂലികളായിരുന്നു. ഭൂരിപക്ഷം.

നാസിമുദ്ദീന്റെ ആടിയുലയുന്ന ഗവണ്മെന്റിൽ നിന്ന് ഇരുപത്തൊന്നുപേർ കൂറുമാറി 1945 മാർച്ച് 31-നു നാസിമൂദ്ദീന്റെ ഗവൺമെന്റ് നിലംപതിച്ചു. ഗവർണ്ണർ കേസ്സിക്ക് അത് മികച്ച അവസരമായാണു അനുഭവപ്പെട്ടത്. പഞ്ചാബിലെ സ്ഥിതിയും മാറിക്കൊണ്ടിരുന്നു. പഞ്ചാബ് മുഖ്യനായിരുന്ന സർസിക്കന്തർ

For Group Contact us +91 9746065242

mappilaheritagelibrary.com

ഹയാത്ത് ഖാൻ മരിച്ചപ്പോൾ മുസ്‌ലിംലീഗും യൂനിയനിസ്റ്റ് പാർട്ടിയും തമ്മിലുള്ള ബന്ധം നിലനിൽക്കുമോ എന്നുകൂടി സംശയിച്ചിരുന്നു. മുസ്‌ലിംലീഗിൽ യുനിയനിസ്റ്റുകളാണധികവും. സിക്കന്തറിന്റെ പിൻഗാമിയെ തെരഞ്ഞെടുക്കുമ്പോൾ പഞ്ചാബിലെ നവാബുമാരുടെ കുടുംബങ്ങൾ തമ്മിലുള്ള പരമ്പരാഗതമായി കിടമൽസരവും വിഷമങ്ങൾ സൃഷ്ടിച്ചു.

പഞ്ചാബിലെ മൂന്നു വലിയ നവാബ് കുടുബങ്ങളാണ് മുഖ്യമന്ത്രി പദത്തിൽ കണ്ണുവെച്ചത്. നൂൺ- തിവാന എന്നവർ (ഇവർ സർഗോധരക്കാരാണ്) രണ്ടാമത്തെ കൂട്ടർ ഹയാത്ത് കുടുംബക്കാർ (ഇവർ വാഹ് എന്നിവടത്തുള്ളവർ) മൂന്നാമത്തെ കൂട്ടർ മുൽത്താനിലെ ദൗലത്താനാ കുടുംബക്കാർ ഹയാത്ത്കാരും ദൗലത്താനാക്കാരും തമ്മിൽ ബന്ധങ്ങളുണ്ട്. എന്നാൽ ഖിസർ ഹയാത്ത് തിവാനാ മുഖ്യമന്ത്രിയായി നിയമിക്കപ്പെട്ടപ്പോൾ മാറിനിന്നു. 1943 ജനുവരി 23-നു ഖിസർ ഹയാത്തിന്റെ തിരഞ്ഞെടുപ്പ് ഏകകണ്ഠമാക്കി. സർ സിക്കന്തറിന്റെ മൂത്തമകൻ ഷൗക്കത്ത് ഹയാത്തിനെ മന്ത്രിസഭയിലെടുത്തുകൊണ്ട് ഖിസർ മറുപക്ഷത്തെ പ്രീതിപ്പെടുത്തി. യൂനിയനിസ്റ്റു മേധാവിത്വമുണ്ടായിരുന്ന പഞ്ചാബ് സംസ്ഥാനലീഗിന്റെ പ്രസിഡന്റ് മംദോത്ത് നവാബ്ഷാ മരിച്ചപ്പോൾ ചെറുപ്പക്കാരനും ഊർജ്ജസ്വലനുമായ മാംദോത്തിലെ നവാബ് ഇഫ്ത്തിഖാർ ഹുസൈൻഖാൻ ആ സ്ഥാനം ഏറ്റെടുത്തു. അദ്ദേഹവും പിതാവിനെപ്പോലെ ഒരു സിക്കന്തർ പക്ഷക്കാരനായിരുന്നു.

പഞ്ചാബ് മന്ത്രിസഭയോട് എതിർപ്പും ജിന്നയോടും ലീഗിനോടും കടുത്ത കൂറുമുള്ള ബർക്കത്ത് അലിഖാൻ ഖിസർ ഹയാത്തിന്റെ നീക്കങ്ങളെ എതിർത്തു. ലീഗിന്റെ ശക്തി കുറക്കാനുള്ള ഗവർണ്ണറുടെ ശ്രമത്തിനു മുഖ്യമന്ത്രി മൗനാനുവാദം നൽകുന്നതിലും ജാട്ട് നേതാവും ഹിന്ദു ന്യൂനപക്ഷ പ്രതിനിധിയുമായ ഹരിയാനയിലെ ഛോട്ടുറാമിന്റെ വരുതിയിൽ നിന്നു ഭരിക്കുന്നതിലും എതിർപ്പുണ്ടായിരുന്ന ബർക്കത്ത് മുഖ്യമന്ത്രി ഖിസറിനെ തള്ളിപ്പറയാൻ ഖാഇദിൽ സമ്മർദ്ദം ചെലുത്തിനോക്കി. മാംദോത്തു നവാബും മറ്റും ചിലരും അതിൽ കൂടി. ഷൗക്കത്ത് ഹയാത്ത് പിതാവിന്റെ സ്ഥാനം തനിക്കായിരിക്കണമെന്നും ഖിസർ ഹയാത്തിനല്ല എന്നും അതിനു ഖാഇദ്

For Group Contact us +91 9746065242

mappilaheritagelibrary.com

സഹായിക്കണമെന്നും ആവശ്യപ്പെട്ടു. 1943-44കളിലെ ഈ നീക്കങ്ങൾ ഖാഇദ് പ്രോൽസാഹിപ്പിച്ചില്ല. ലീഗ് പഞ്ചാബിലേക്കുള്ള പാസ്പോർട്ട് കാറ്റിൽ പറത്തുന്നത് ബുദ്ധിപൂർവ്വമാവില്ലെന്ന പ്രായോഗിക രാഷ്ട്രീയബോധം ഖാഇദിനുണ്ടായിരുന്നു.

അതേസമയം ഖിസർ മന്ത്രിസഭക്കെതിരായ ശീതസമരം മംദോത്തുനവാബും ലീഗും തുടർന്നുകൊണ്ടേയിരുന്നു. പഞ്ചാബിലെ ഭക്ഷ്യപ്രശ്നവും സാമ്പത്തിക പ്രതിസന്ധിയും ഖിസർഹയാത്തിന്റെ കഴിവുകേട് കൊണ്ടാണെന്നും അവർ പ്രചരിപ്പിച്ചു. 1944 മദ്ധ്യമാവുമ്പോഴേക്കും ജിന്ന- ഖിസർ ബന്ധം തകർച്ചയുടെ വക്കിലെത്തി. നിസ്സാര തർക്കങ്ങൾക്കൊന്നും ഇടനൽകാതെ ഈ സന്ദിഗ്ധഘട്ടത്തിൽ യുദ്ധസന്നാഹങ്ങളെ ഐക്യത്തോടെ സഹായിക്കണമെന്ന് ഖിസർ പ്രസ്താവച്ചത് ഖാഇദിനു സഹിച്ചില്ല. യൂനിയനിസ്റ്റ് പാർട്ടിയുടെ ഭരണഘടനയെ അദ്ദേഹം എതിർത്തു. മുസ്‌ലിംലീഗ് അസംബ്ളി പാർട്ടി മാത്രമേ പാടുള്ളൂ എന്നു ജിന്ന ശഠിച്ചു.

ജിന്ന പഞ്ചാബ് മന്ത്രിസഭയിൽ ഇടപെടുന്നത് മന്ത്രിസഭയിലെ അംഗം കൂടിയായ ജാട്ട് നേതാവ് ഛോട്ടാറാമിന് ഇഷ്ടപ്പെട്ടില്ല. ഛോട്ടാറാമിന്റെ ജാട്ട് ഹരിയാനയും ഇന്നത്തെ പാക്കിസ്ഥാന്റെ ഏതാണ്ട് അറുപത് ശതമാനത്തോളം വരുന്ന പഞ്ചാബ് സംസ്ഥാനവും ചേർന്ന അന്നത്തെ പഞ്ചാബ് പ്രവിശ്യയിലും ഭൂരിപക്ഷം (55 ശതമാനം) മുസ്‌ലിംകളായിരുന്നു. ഹിന്ദുക്കളും സിക്കുകാരും മുസ്‌ലിംകളുമടങ്ങിയ ഒരു മന്ത്രിസഭക്ക് മാത്രമേ പഞ്ചാബിൽ സ്ഥായിയായ നിലനിൽപുണ്ടാവൂ. അസംബ്ളിയിലെ അമുസ്‌ലിം അംഗങ്ങളെ കൂട്ടുപിടിച്ചു തന്റെ ഭൂരിപക്ഷം ഉറപ്പിക്കാമെന്നും ബ്രട്ടീഷ് ഗവർണ്ണർ ഗ്ളാൻസിയുടെ സഹായത്തോടെ ജിന്നയെ നേരിടാമെന്നും ഖിസർ മനസിൽ കണ്ടു. ഖിസറിനെ എതിർക്കാൻ കിട്ടിയ സന്ദർഭം ഉപയോഗപ്പെടുത്തിക്കൊണ്ട് അസംബ്ളിയിൽ ഒറ്റക്കക്ഷിയായിരിക്കണമെന്നു. ഖാഇദ് ശഠിച്ചു. ഒരു ഭാര്യയും ഒരു വെപ്പാട്ടിയും എന്ന നിലപാടില്ല. ഖാഇദ് പറഞ്ഞു. ഖിസർ ചൂണ്ടിക്കാട്ടി. മുസ്‌ലിംകൾക്ക് രണ്ടുഭാര്യമാർ ആവാമല്ലോ.

ഖിസറിന് വൈസ്രോയി പിന്തുണ നൽകി. ഖിസറിന്റെ സ്ഥാനത്ത് പൂർണ്ണമായും മുസ്‌ലിംലീഗിന്റെ ഒരു ഗവണ്മെന്റുണ്ടാവുന്നത് വൈസ്രോയി വേവലും ഗവർണ്ണർ ഗ്ളാൻസിയും ഇഷ്ടപ്പെട്ടില്ല. ഖിസർ

For Group Contact us +91 9746065242

mappilaheritagelibrary.com

ഹയാത്തിന്റെ കൂട്ടുമന്ത്രിസഭയുടെ സ്ഥാനത്ത് മുസ്‌ലിംലീഗിന്റെ ആധിപത്യമുള്ള ഗവണ്മെന്റ് വന്നാൽ നെയ്ത്തുകാരുടെ ഒരു വേലിയേറ്റമായിരിക്കുമെന്നും അതിനാൽ പഞ്ചാബിലെ കർഷക ഭൂപ്രഭുക്കളുടെ ആധിപത്യം ഉറപ്പിക്കണമെന്നും ബ്രട്ടീഷുകാർ ഖിസറിനെ ബോധ്യപ്പെടുത്തി. അയിഷ ജലാലിന്റെ ഭാഷയിൽ ബ്രട്ടീഷുകാർക്ക് പഞ്ചാബ് എന്നതിനർത്ഥം അത് പട്ടാളത്തെ ബാധിക്കുമെന്നും പട്ടാള മെന്നാൽ വേവൽപ്രഭുവിനെ ബാധിക്കുമെന്നുമായിരുന്നു.

1944 ഏപ്രിൽ 27-ാം തീയതി ജിന്ന ഖിസറിന് അവസാന താക്കീത് നൽകി. ഒരാൾക്ക് ഭരണഘടനാപരമായി രണ്ടു പാർട്ടികളിൽ ചേരാനാവില്ല. അതുകൊണ്ട് ലീഗ് അസംബ്ളി അംഗങ്ങൾ ഒരേ കക്ഷിയിൽ പെട്ടവരായിരിക്കണം; യൂനിയനിസ്റ്റും മുസ്‌ലിംലീഗും എന്ന രണ്ടു കക്ഷികൾ വേണ്ട. എന്നാൽ ഖിസർ ഹയാത്ത്ഖാൻ ഇതിന്നു വഴങ്ങിയില്ല. ഒടുവിൽ 1944 മേയ് മാസം മുസ്‌ലിംലീഗും ഖിസർ ഹയാത്തും തമ്മിൽ പിണങ്ങി. ഷൗക്കത്ത് ഹയാത്ത് പട്ടാളത്തിൽ നിന്നും വന്ന് മന്ത്രിസഭയിൽ അംഗമായിരുന്നു. ഖിസർ ഹയാത്തിന്റെ അഭ്യർത്ഥന മാനിച്ചുകൊണ്ട് ഷൗക്കത്തിനെ മന്ത്രിസഭയിൽ നിന്ന് ഒഴിവാക്കി പട്ടാളത്തിലേക്ക് തിരിച്ചുയക്കാൻ ഗവർണ്ണർ ഗ്ളാൻസി നടത്തിയ നീക്കം ലീഗു മുതലെത്തു, ഖിസർ ഹയാത്തിന്റെ നടപടികളെപ്പറ്റി അന്വേഷിക്കാൻ മുസ്‌ലിംലീഗ് പ്രവർത്തകസമിതി നിയോഗിച്ച ആക്ഷൻ കമ്മിറ്റി ഖിസറിനെ ലീഗിൽ നിന്ന് പുറത്താക്കാൻ ശുപാർശ ചെയ്യുകയായിരുന്നു. ഷൗക്കത്തിന്റെ നേരെ കൈകൊണ്ട ഖിസറിന്റെ നടപടിയെ കമ്മിറ്റി അധിക്ഷേപിച്ചു. മുസ്‌ലിംലീഗ് ഹൈക്കമാന്റിന്റെ നയത്തിൽ പ്രതിഷേധിച്ച ഖിസറിന് പുറമെ മൂന്ന് മന്ത്രിമാരും രാജിവെച്ചു. ഖാഇദും ലീഗും തോൽക്കുന്നവരുടെ കൂടെനിന്നു. അവരോടൊപ്പം സംസ്ഥാന പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട മംദോത്ത് നവാബും മിയാൻ മുംതാസ് ദൗലത്താനയും ഉണ്ടായിരുന്നു.

പഞ്ചാബിനെ കൈയൊഴിക്കാൻ ഖാഇദേ അഅസം തയ്യാറുണ്ടായിരുന്നില്ല. സംഘടനാപരമായ ആഭ്യന്തര തർക്കങ്ങളും പടലപ്പിണക്കങ്ങളും അദ്ദേഹത്തെ നിരുൽസാഹിപ്പെടുത്തിയില്ല. താൻ വിഭാവനം ചെയ്യുന്ന പാക്കിസ്ഥാന്റെ ആണിക്കല്ലായ പഞ്ചാബിനെ അങ്ങനെ വിടരുതെന്നു അദ്ദേഹത്തിനു പൂർണ്ണ

For Group Contact us +91 9746065242

mappilaheritagelibrary.com

ബോധ്യമുണ്ടായിരുന്നു.

ഏറ്റവും താഴേതട്ടിൽനിന്നും സംഘടനയെ കെട്ടിപ്പിടുക്കാൻ അദ്ദേഹം പരിപാടി തയ്യാറാക്കി. ഒരു വലിയ ജൻമിയായിരുന്ന മിയാൻ മുംതാസ് ദൗലത്താന ഈ ശ്രമത്തിന്റെ ഭാഗമായി ജനകീയ പ്രശ്നങ്ങൾ ഉയർത്തിപ്പിടിച്ചപ്പോൾ സംഘടനയിലേക്കു സാധാരണക്കാർ ആകർക്ഷിക്കപ്പെട്ടു. കൂടെ ഇസ്‌ലാമിക ഐക്യം എന്ന ആശയവും പ്രചരിപ്പിക്കപ്പെട്ടു.

എന്നാൽ പൂർണമായും മതപരമായ നീക്കങ്ങളെ എന്നും ഖാഇദേ അഅസം എതിർക്കുകയായിരുന്നു.അഹ്റാറുകളും ഖാക്സാറുകളും അടുത്തുവന്നപ്പോൾ ജിന്ന അവരെ അകറ്റിയത് അതുകൊണ്ടാണ്. അഖിലേന്ത്യാ അഹ്റാർ സംഘടന 1940-ൽ പാക്കിസ്ഥാൻ ആശയത്തെ എതിർത്തു.1940 നവംബറിൽ അവർ ഔദ്യോഗികമായി കോൺഗ്രസ്സിൽ ലയിച്ചു. കിറ്റിന്ത്യാ സമരം പഞ്ചാബിൽ പരാജയപ്പെട്ടപ്പോൾ അഹ്റാറുകൾ അവരുടെ രാഷ്ട്രീയസ്ഥിതി പുന:പരിശോധിച്ചു. 1944-ൽ അവർ ലീഗുമായി ചേരാൻ സന്നദ്ധത കാട്ടി- ഇസ്‌ലാമിക തത്വങ്ങളുനുസരിച്ചു പാക്കിസ്ഥാൻ ആശയം സ്വീകരിക്കാമെന്ന അവരുടെ നിർദ്ദേശം ഖാഇദ് തള്ളിക്കളഞ്ഞു. അഹ്റാറുകളെ അപമാനിച്ചു എന്നതിൽ കുപിതരായ അഹ്റാൻ സംഘടനക്കാർ ഖാഇദേ അഅ്സമിനെ 'കാഫീറെ അഅ്സം' എന്നു വിളിച്ചത് വലിയ ഒച്ചപ്പാടുണ്ടാക്കുകയും അഹ്റാറുകൾ തോൽവി സമ്മതിക്കുകയും ചെയ്യേണ്ടിവന്നു.

അല്ലാമാ മശ്രിഖിയുടെ ഖാക്സാർ സംഘടനായാകട്ടെ തികച്ചും സാമുദായികമായിരുന്നില്ല. എന്നാൽ ഹിറ്റ്ലറുടെ ഒളിസംഘടനയുടെ മാതൃകയിലാണു ഹിറ്റലർ ആരാധകനായ അല്ലാമാ മശ്രിഖി ആ പ്രസ്ഥാനമുണ്ടാക്കിയത്. ഖാക്സാർ പോലെയുള്ള ഒരു പ്രസ്ഥാനം മുസ്‌ലിം സമുദായത്തിനു ഗുണം ചെയ്യുകയില്ലെന്ന് ഭരണഘടനാ സ്വഭാവക്കാരനായ ഖാഇദ് ഉറച്ചുവിശ്വസിച്ചു. രാജാജി ഫോർമുല ലീഗു സ്വീകരിക്കണമെന്ന് ഖാക്സാറുകൾ ആവശ്യപ്പെട്ടപ്പോൾ ഖാഇദ് അതിനെ പുച്ഛിച്ചുതള്ളി. ഖാക്സാറുകളുമായോ, അവരുടെ നേതാവ് അല്ലാമാ മശ്രിഖിയുമായോ ഒരു തരത്തിലും ബന്ധപ്പെടാൻ എത്രയോ സമ്മർദ്ദങ്ങളുമായിട്ടും ജിന്ന സന്നദ്ധനായില്ല.

1944 ഒക്ടോബറിൽ അബ്ദുസ്സത്താർ നിയാസി എന്ന ഒരു

For Group Contact us +91 9746065242

mappilaheritagelibrary.com

തീവ്രവാദി പഞ്ചാബ് നേതാവ് 'പാക്കിസ്ഥാൻ ഒരു ഇസ്ലാമിക് രാഷ്ട്രം' എന്ന ആശയത്തെ സംബന്ധിച്ച് ചർച്ചചെയ്യാൻ ഒരു യോഗം വിളിച്ചുകൂട്ടി. ജിന്നയോടും ലീഗിനോടുമുള്ള ഒരു തുറന്ന വെല്ലുവിളിയായി ഇതിനെ സിവിൽ ആന്റ് മിലിട്ടറി ഗസറ്റ് പത്രം റിപ്പോർട്ടു ചെയ്തു. എന്നാൽ പാക്കിസ്ഥാനിലെ ഗവൺമെന്റും ഭരണഘടനയുമെന്താണെന്ന് ആ രാജ്യത്തിലെ ജനങ്ങൾ തീരുമാനിക്കുന്നതാണെന്ന് 1943 ഏപ്രിൽ മാസം ഡൽഹിയിൽ ചേർന്ന ലീഗ് സമ്മേളനമംഗീകരിച്ച പ്രമേയത്തിൽ വ്യക്തമാക്കിയിരുന്നു. മുസ്ലിംകളുടെ സ്വയം നിർണ്ണയാവകാശവും ഒരു മുസ്ലിം രാഷ്ട്രത്തിന്റെ സ്ഥാപനവും മറ്റുള്ളവരുടെ അവകാശങ്ങളുടെ ധ്വംസനമല്ല എന്ന് ഖാഇദ് എന്നും ആവർത്തിച്ചുകൊണ്ടിരുന്നു. ഖായിദിന്റെ കാഴ്ച്ചപ്പാട് മറ്റു പലരിൽ നിന്നും ഭിന്നവുമായിരുന്നു.

ഖാഇദേ അഅ്സമിന്റെ അനുയായികൾ തങ്ങളുടെ നേതാവിന്റെ ആജ്ഞ ധിക്കരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുകപോലും ചെയ്തിരുന്നില്ല. അദ്ദേഹത്തെ ധിക്കരിക്കുന്നവർക്കു ലീഗിൽ നിലനിൽപും ഉണ്ടായിരുന്നില്ല. എന്നാൽ ഖാഇദേ അഅസം കറകളഞ്ഞ ജനാധിപത്യവാദിയായിരുന്നു. ബീഗംറാണാ ലിയാഖത്തിലിഖാൻ ഖാഇദിനെപ്പറ്റി എഴതുന്നു:

''അദ്ദേഹത്തിന്റെ വ്യക്തിപ്രഭാവം ഓരോ നടപടിയും ഇതിന്റെ അടിസ്ഥാനത്തിലായിരുന്നു. ഓരോ വർഷവും മുസ്ലിംലീഗ് അതിന്റെ പ്രസിഡന്റിനെ തെരഞ്ഞെടുക്കുന്നത് വേണ്ടെന്നുവെച്ചു ജിന്നയെ സ്ഥിരം പ്രസിഡന്റാക്കാൻ ആലോചിക്കുന്നത് ഞാനോർക്കുന്നു. അതറിഞ്ഞപ്പോൾ ജിന്ന മറുപടി പറഞ്ഞു: പാടില്ല, വാർഷിക തെരഞ്ഞെടുപ്പ് പ്രധാനമാണ്. ഓരോ വർഷവും നിങ്ങളുടെ മുമ്പിൽ വന്നു ഞാൻ വിശ്വസവോട്ട് തേടണം."

ബീഗം ലിയാഖത്ത് തുടരുന്നു: ''ചിലപ്പോൾ അദ്ദേഹത്തിന്റെ നീരസമുണ്ടാക്കുന്ന പെരുമാറ്റത്തെപ്പറ്റി ജനങ്ങൾ പരാതിപ്പെടാറുണ്ടായിരുന്നു. ഇതും അദ്ദേഹത്തിന്റെ സത്യസന്ധതകൊണ്ടും നാട്യസ്വാഭാവമില്ലാത്തതുകൊണ്ടുമുള്ള വിശിഷ്ട ഗുണമായിരുന്നു. ഒരിക്കൽ ചില മുസ്ലിംലീഗുകാർ അദ്ദേഹത്തോട് പറഞ്ഞു, ഗാന്ധി ചെയ്യുന്നതുപോലെ അദ്ദേഹവും മുന്നാക് ളാസ്സിൽ തീവണ്ടിയാത്ര ചെയ്യണമെന്ന്. അദ്ദേഹം കുപിതനായി ഞാനെന്ത് ചെയ്യാം എന്തു ചെയ്യരുത് എന്നെക്കെ

For Group Contact us +91 9746065242

mappilaheritagelibrary.com

എന്നോട് നിർദ്ദേശിക്കേണ്ട നിങ്ങളുടെ പണമൊന്നും ഞാൻ ചിലവഴിക്കുന്നില്ല. ഞാനിഷ്ടപ്പെടുംവിധം ഞാൻ ജീവക്കും."

ഖാഇദിന്റെ സത്യസന്ധതയും അതുകൊണ്ടുതന്നെ തന്റെ അഭിപ്രായം തുറന്നു പറയുന്നതിൽ അദ്ദേഹം പ്രകടിപ്പിച്ച കൂസലില്ലായ്മയും മറ്റൊരു സംഭവത്തിലൂടെ ബീഗം ലിയാഖത്തലിഖാൻ വിവരിക്കുന്നത് ഇങ്ങനെയാണ്.

''ജിന്നയുടെ കറപുരളാത്ത വ്യക്തിത്വത്തിലധിഷ്ടിതമായ ഏകാന്തതയും അവിശ്വസനീയമായ സത്യസന്ധതയും എനിക്ക് ഓർമ്മയുള്ള പ്രധാനകാര്യങ്ങളാണ്. സത്യസന്ധത എന്നത് ഒരു നൻമ മാത്രമല്ല അദ്ദേഹത്തിന്, അത് ഒരുതരം പിടിവാശിയാണ്. മറ്റുള്ളവർക്ക് ഹസ്തദാനം ചെയ്യാതെപോലും തന്റെ ഏകാന്ത സ്വഭാവം അദ്ദേഹം പ്രകടിപ്പിക്കും. ഒരിക്കൽ അദ്ദേഹം പങ്കെടുത്ത ബലൂചിസ്ഥാനിലെ ഒരു ഉദ്യോനവിരുന്നിലുണ്ടായ സംഭവം എന്നോട് ഒരാൾ പറയുകയുണ്ടായി. അതിഥികളിൽപ്പെട്ട ഒരു പ്രമുഖൻ ഒരു മുസ്‌ലിം സർദാർ- മുന്നോട്ടുവന്നു. ഖാഇദിനു ഹസ്തദാനം ചെയ്യാൻ കൈനീട്ടി. നിങ്ങൾക്ക് ഹസ്തദാനം നൽകിയാൽ ഇവിടെയുള്ള എല്ലാവർക്കും ഞാൻ കൈകൊടുക്കണം. അതിന്ന് നേരമില്ല. ജിന്ന പറഞ്ഞു. ഇത് ഒരുതരം ക്രുദ്ധസ്വഭാവമല്ല പ്രത്യുത തന്റേത് മാത്രമായ ഒരു ലോകത്തെപ്പറ്റി തനിക്കുള്ള പ്രത്യേക സങ്കൽപങ്ങളിൽ നിന്നു ഉരിഞ്ഞിരിഞ്ഞ ഒരു പ്രത്യേക സ്വഭാവമാണ്. എന്നാൽ കൊച്ചു കുഞ്ഞുങ്ങളെപ്പോലെ നർമ്മസല്ലാപങ്ങളിലും അദ്ദേഹം ഇടപെടാറുണ്ട്"

ജിന്നയുടെ ഭയപ്പെടുത്തുന്നതും കറപുരളാത്തതുമായ വ്യക്തിത്വത്തിനപ്പുറം അദ്ദേഹം ശക്തിമാനായ ഒരു മനുഷ്യനായിരുന്നു. ബീഗം. ലിയാഖത്ത് തുടർന്നെഴുതുന്നു: ''എപ്പോൾ വേണമെങ്കിലും. ഒരു വ്യക്തിയെയോ ഒരു ജനസാഗരത്തേയോ കീഴ്പെടുത്തുവാൻ അദ്ദേഹത്തിനുള്ള ശക്തി അപാരമായിരുന്നു. അദ്ദേഹം മറ്റൊരാളുടെ മുഖത്തുനോക്കി നിങ്ങൾ പറയുന്നത് അസംബന്ധമാണ് നിങ്ങൾ പറയുന്നതെന്താണെന്നു നിങ്ങൾക്കറിഞ്ഞുകൂടാ. എന്നു പറയുന്നത ഞാൻ കേട്ടിട്ടുണ്ട് . അതു കേൾക്കുമ്പോഴേക്കും അവർ നിശ്ശബ്ദരാവും. എന്നാൽ അദ്ദേഹത്തിന്റെ യാഥാർത്ഥ ശക്തി ഒരു വലിയ ജനസഞ്ചയത്തിന്റെ മേൽ അത് പ്രയോഗിക്കുമ്പോഴായിരുന്നു. അവരുടെ മുമ്പിൽ പോലും

For Group Contact us +91 9746065242

mappilaheritagelibrary.com

അദ്ദേഹം തന്റെ വായിക്കാനുപയോഗിക്കുന്ന കണ്ണടവെക്കും. എടുക്കും. അവരെ നോക്കി പറയാനുള്ളത്. പറയും ഭാഷയുടെ വൈഷമ്യമുണ്ടെങ്കിൽ പോലും വമ്പിച്ച ജനക്കൂട്ടത്തെ അദ്ദേഹം അഭിസംബോധന ചെയ്യും അവരോടു അദ്ദേഹം ഇംഗ്ലീഷിൽ പ്രസംഗിക്കും അവരത് കേൾക്കും മാന്ത്രികമായിട്ടെന്നപോലെ"

സത്യത്തിന്റെ ഇരട്ടവിളക്കുകളെപ്പറ്റി ആരോ എഴുതിയിരുന്നു. സത്യത്തിന്റെ ഇരട്ട വിളക്കുകളായിരുന്നു ഖാഇദേ അഅസമിന്റെ കണ്ണുകൾ സത്യസന്ധതയുള്ളവർക്ക് മാത്രമേ ആ കണ്ണിലേക്ക് തുറിച്ചുനോക്കാനാവൂ- ബീഗം ലിയാഖത്തിന്റെ അഭിപ്രായം അങ്ങിനെ പോയി.

ഇതിന്നിടയിൽ 1945 ജനുവരിയിൽ ഒരു പ്രമുഖ കോൺഗ്രസ്സ് നേതാവായ ബുലാഭായ് ദേശായിയും മുസ്ലിംലീഗ് ജനറൽ സെക്രട്ടറി ലിയാഖത്തലിഖാനും തമ്മിൽ ഒരിടക്കാല ഗവണ്മെന്റ് രൂപവൽക്കരിക്കുന്നതു സംബന്ധിച്ച് കരാറുണ്ടായി. 'ദേശായി- ലിയാഖത്തലി സന്ധി'. എന്ന പേരിലറിയപ്പെട്ട ഈ കരാറിലെ പ്രധാന വ്യവസ്ഥകൾ ഇതാണ്:

(1) ഒരിടക്കാല ഗവർമെന്റിൽ കേന്ദ്ര എക്സിക്യുട്ടീവിൽ കോൺഗ്രസ്സിനും മുസ്ലിംലീഗിനും തുല്യ പ്രാതിനിധ്യവും (40 : 40) മറ്റുള്ളവർക്ക് ബാക്കിയും (20) നൽകുക.

(2) മറ്റു ന്യൂനപക്ഷ ചീഫും വൈസ്രോയിയും സ്വതന്ത്രന്മാരായി നിൽക്കുക. അങ്ങിനെ ഒരു ഗവർമെന്റ് ഇന്ത്യാ ഗവർമെന്റ് ആക്ടനുസരിച്ച് പ്രവർത്തിക്കുക. അങ്ങിനെ ഒരു ഗവർമെന്റ് വന്നാൽ ആദ്യമായി സ്വാതന്ത്ര്യസമര ഭടൻമാരെ തടവിൽനിന്ന് മോചിപ്പിക്കുകയും സംസ്ഥാനങ്ങിലും ഇതേ രീതിയിൽ കൂട്ടുഗവർമെന്റുകൾ ഉണ്ടാക്കുകയും ചെയ്യുക.

എന്നാൽ ഗാന്ധിജിയും ജിന്നയും ഈ കരാറിനെ കയ്യൊഴിച്ചു. എച്ച്. എം. സീർവായ് ഇങ്ങനെ എഴുതുന്നു.

''ദേശായ്- ലിയാഖത്ത് സന്ധി താൽക്കാലിക ഏർപ്പാടു മാത്രമായിരുന്നുവെങ്കിലും കൂട്ടുകക്ഷി ഗവൺമെന്റുകൾ രൂപവൽക്കരിക്കുന്നതിൽ കോൺഗ്രസ്സും മുസ്ലിംലീഗും തുല്യപങ്കാളിത്തം അംഗീകരിക്കുന്നു. ദേശായ് ലിയാഖത്തിലിഖാൻ സന്ധി തള്ളിക്കളയുക വഴി. ഒരു പ്രമുഖ കോൺഗ്രസ്സ് നോതാവും ലീഗും തമ്മിൽ സൗഹാർദ്ദപരമായ രീതിയിൽ ഒത്തുതീർപ്പുണ്ടാ

For Group Contact us +91 9746065242

mappilaheritagelibrary.com

ക്കാൻ നടത്തിയ ശ്രമം നിർഭാഗ്യവശാൽ പരാജയപ്പെടുകയാണുണ്ടായത്."

ലണ്ടനിൽ ചർച്ചകൾ നടത്തി തിരിച്ചെത്തിയ വൈസ്രായി വേവൽപ്രഭു സിംലയിൽ 1945 ജൂൺ 25-ാം തിയ്യതി ഇന്ത്യയിലെ ഇരുപത്തിരണ്ടു രാഷ്ട്രീയ നേതാക്കളുടെ യോഗം വിളിച്ചുകൂട്ടി. കോൺഗ്രസ്സിന്റെ പ്രസിഡന്റായ മൗലാനാ അബുൽകലാം ആസാദും മുസ്‌ലിംലീഗിന്റെ എല്ലാമായ ഖാഇദ അഅസമും അതിൽ പങ്കെടുത്തു. മറ്റുപലരും.

ബുലാഭായ് ദേശായിലിയാഖത്ത് അലിഖാൻ ഫോർമുല കോൺഗ്രസ്സും മുസ്‌ലിംലീഗും തള്ളിയത് ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിലെ ഒരു തിരിച്ചടിയായി കാണുന്ന ചരിത്രകാരൻമാരുണ്ട്. ഉപഭൂഖണ്ഡത്തിലെ ഹിന്ദു- മുസ്‌ലിം പ്രശ്നങ്ങൾക്ക് ഈ ഫോർമുല പരിഹാരമാകുമായിരുന്നു. എന്നു അവർ കരുതുന്നു.

അതുപോലെ പ്രശസ്തമാവുകയും ഫലപ്രാപ്തിയിൽ വന്ധ്യമാവുകയും ചെയ്ത മറ്റൊന്നായിരുന്നു സപ്രു കമ്മിറ്റി റിപ്പോർട്ട്. അന്നു അറിയപ്പെടുന്ന ഒരു ഭരണഘടനാ പണ്ഡിതനും കോൺഗ്രസ്സ് നേതാവായിരുന്ന സർ തേജ്ബഹദൂർ സപ്രുവിന്റെ നേതൃത്വത്തിൽ കോൺഗ്രസ്സിലോ മുസ്‌ലിംലീഗിലോ ഉൾപ്പെടാത്ത നിഷ്പക്ഷമതികളായി അറിയപ്പെട്ട പ്രമുഖൻമാർ ചേർന്ന പാർട്ടി രഹിതരുടെ കമ്മിറ്റി ഹിന്ദു- മുസ്‌ലിം പ്രശ്നത്തിനു പരിഹാരം കാണാനായി ഒരു കരട് ഭരണഘടനാ നിർദ്ദേശം രൂപപ്പെടുത്തുന്നതിനു അന്വേഷണക്കമ്മിറ്റിയായി സ്വയം പ്രവർത്തിച്ചു. ഗാന്ധി- ജിന്ന കൂടിക്കാഴ്ചക്ക് വളരെ മുമ്പു സപ്രു കമ്മിറ്റി തയ്യാറാക്കിയ പദ്ധതിപ്രകാരം വൈസ്രോയിയുടെ എക്സിക്യൂട്ടീവ് കൗൺസിൽ വികസിപ്പിച്ച് ഒരു യഥാർത്ഥ ദേശീയ ഗവർമെന്റായി മാറ്റാനും സംസ്ഥാനങ്ങളിൽ ഗവർണ്ണറുടെ ഭരണം മാറ്റി വിശാലമായ ജനകീയ ഗവർമെന്റുണ്ടാക്കാനും ശുപാർശ ചെയ്തിരുന്നു. സപ്രു ഇത് സംബന്ധിച്ച് ബ്രട്ടീഷ് പ്രധാനമന്ത്രിക്ക് കമ്പിസന്ദേശവും അയക്കുകയുണ്ടായി.

സപ്രു കമ്മിറ്റിയെ ജിന്ന അപ്പോൾതന്നെ തിരസ്കരിച്ചു. പാക്കിസ്ഥാൻ വാദം അംഗീകരിക്കാത്തതു തന്നെയായിരുന്നു ഈ കമ്മിറ്റിയോടുള്ള ജിന്നയുടെ പ്രധാന എതിർപ്പ്. ആ കമ്മിറ്റിക്കാർ 'ഗാന്ധിയുടെ യസ്മെൻ മാര'ടങ്ങിയതാണെന്ന് ജിന്ന ആരോപിച്ചു.

For Group Contact us +91 9746065242

mappilaheritagelibrary.com

തേജ് ബഹദൂർസപ്രു ഒരു രാഷ്ട്രീയ അനാഥശിശുവാണെന്നായിരുന്നു ലീഗിന്റെ വിശേഷണം. സപ്രു കമ്മിറ്റി റിപ്പോർട്ടിനെക്കുറിച്ച് എച്ച്.എം.സീർവായ് ഇങ്ങനെ എഴുതുന്നു:

''കമ്മിറ്റി പാക്കിസ്ഥാൻ ആവശ്യം തിരസ്കരിച്ചുവെങ്കിലും . കേന്ദ്ര നിയമ നിർമ്മാണസഭയിൽ പ്രത്യേക നിയോജക മണ്ഡല വ്യവസ്ഥക്ക് പകരം സംയുക്ത നിയോജകമണ്ഡലമെന്ന് അടിസ്ഥാനത്തിൽ ഹിന്ദുക്കൾക്കും ഹരിജനങ്ങളൊഴികെ മുസ്ലിംകൾക്കും തുല്യപ്രാതിനിധ്യമുണ്ടായിരിക്കണമെന്ന് ശുപാർശ ചെയ്തു. ഈ നിർദ്ദേശങ്ങൾക്ക് വലിയ പിന്തുണ കിട്ടിയില്ല. പാക്കിസ്ഥാൻ ആവശ്യം തള്ളിയത് കൊണ്ട് മുസ്ലിംലീഗിന്നും തുല്യപ്രാതിനിധ്യം നൽകണമെന്ന നിർദ്ദേശമുള്ളതിനാൽ ഭൂരിഭാഗം ഹിന്ദുക്കൾക്കും ഈ ശുപാർശകളും സപ്രുവിന്റെ സ്വന്തം അഭിപ്രായങ്ങളും വിളിച്ചോതുന്നു. അതായത്, സ്വതന്ത്രമായ ഏക ഇന്ത്യയിൽ ഭാവിയെ സംബന്ധിച്ച് മുസ്ലിംകൾക്കുള്ള ഭയാശങ്കകൾ തികച്ചും ശരിയായിട്ടുള്ളതാണ് ഇന്ത്യയുടെ ഐക്യം അരക്കിട്ടുറപ്പിക്കണമെങ്കിൽ ഈ ഭയാശങ്കകളെ ശമിപ്പിക്കാനാവശ്യമായ ഫലപ്രഥമായ ഭരണഘടനാ വ്യവസ്ഥകൾ ഉണ്ടായിരിക്കേണ്ടതാണ്.

സുപ്രു കമ്മിറ്റിയും ലിയാഖത്ത്-ബുലിഭായ് ദേശായി ഫോർമുലയും സർവ്വോപരി ഗാന്ധി- ജിന്ന കൂടിക്കാഴ്ചയും തകർന്ന ചുറ്റുപാടിൽ വേവൽപ്രഭു 1945 മാർച്ച് 20നു ലണ്ടനിലേക്ക് പറന്നപ്പോൾ സ്വാഭാവികമായും ആ യാത്ര വലിയ രാഷ്ട്രീയ പ്രധാന്യം കൈവരിക്കുകയുണ്ടായി. ഇംഗ്ളണ്ടിൽ നിരവധി സംഭാഷണങ്ങളും ചർച്ചകളും നടത്തിയ വേവൽപ്രഭു 1945 ജൂൺ 7-ാം തീയതി ദൽഹിയിൽ തിരിച്ചെത്തി. ജൂൺ 15 നു വൈസ്രോയി വേവൽ പ്രഭുവിന്റെ ചരിത്രപ്രസിദ്ധമായ പ്രക്ഷേപണ പ്രസംഗമുണ്ടായി.തന്റെ എക്സിക്യൂട്ടീവ് കൗൺസിൽ കൂടുതൽ പ്രാതിനിധ്യസ്വഭാവത്തോടു കൂടിയതും സംഘടിത രാഷ്ട്രയ അഭിപ്രായം പ്രതിനിധാനം ചെയ്യുന്ന രീതിയിലും വിപുലീകരക്കുന്നതാണെന്നു താനും സർവസൈന്യാധിപനുമൊഴികെ ഇന്ത്യക്കാരല്ലാത്ത മറ്റാരും അതിലുണ്ടായിരിക്കില്ലെന്നും അങ്ങിനെയുള്ള ഒരു എക്സിക്യൂട്ടീവ് കൗൺസിലിൽ ജാതിഹിന്ദുക്കൾക്കും മുസ്ലിംകൾക്കും തുല്യ പ്രാതിനിധ്യമുണ്ടായിരിക്കുമെന്നും ഈ ആവശ്യാർത്ഥം

For Group Contact us +91 9746065242

mappilaheritagelibrary.com

ഇന്ത്യയിലെ രാഷ്ട്രീയപാർട്ടി പ്രതിനിധികളുടെ യോഗം സിംലയിൽ വിളിച്ചുകൂട്ടുന്നതാണെന്നും വൈസ്രോയി പ്രസംഗത്തിൽ വ്യക്തമാക്കി. സിംല സമ്മേളനം 1945 ജൂൺ 25നു ചേരാനാണ് നിശ്ചയിച്ചത് .

ഇതിനിടയിൽ വൈസ്രോയിയുടെ പ്രസംഗത്തിലെ 'ജാതിഹിന്ദുക്കൾ' എന്ന പദപ്രയോഗം വലിയ വിമർശനങ്ങൾ ക്ഷണിച്ചുവരുത്തി. ജാതിഹിന്ദുക്കൾ എന്ന പദപ്രയോഗം തെറ്റും ദുരപദിഷ്ടവും ജാതിവ്യത്യാസം ഇല്ലാതാക്കാനുള്ള ഹിന്ദുമതത്തിലെ പുതിയ പ്രവണതക്ക് എതിരുമാണെന്നു ഗാന്ധിജി പ്രസ്താവിച്ചു. അധകൃതർ (ഹരിജനങ്ങൾ) ഒഴികെയുള്ള എന്ന അർത്ഥത്തിലാണ് ജാതിഹിന്ദുക്കൾ. എന്ന പദപ്രയോഗം വൈസ്രോയിയുടെ പ്രസംഗത്തിലുൾപ്പെട്ടതെന്ന വിശദീകരണ വുമുണ്ടായി. മുസ്‌ലിംലീഗുകാരല്ലാത്ത മുസ്‌ലിംകൾ ഉൾപ്പെടുന്ന ഒരു എക്സിക്യൂട്ടീവ് കൗൺസിലിൽ ലീഗ് പങ്കുചേരുകയില്ലെന്ന ജിന്നാ സാഹിബിന്റെ ആദ്യ പ്രതികണം ഡോൺ പത്രത്തിൽ വന്നു.

ഇന്ത്യക്ക് സ്വാതന്ത്ര്യം നൽകുന്നതിന്നു സഹായിക്കുന്നതിന്റെ ആദ്യത്തെ പടി എന്ന നിലക്കാണ് വൈസ്രോയിയുടെ എക്സക്യൂട്ടീവ്. കൗൺസിലിനെ ആദ്യമായി ഇന്ത്യാവൽക്കരിക്കാൻ. ബ്രട്ടീഷ് ഭരണം ഇങ്ങനെ ഒരു നിർദ്ദേശം കൊണ്ടുവന്നത്. അതുകൊണ്ട് തന്നെ സിംലാ സമ്മേളനത്തിലേക്ക് 22 കക്ഷികളുടെ പ്രതിനിധികൾ ക്ഷണിക്കപ്പെട്ടു. കേന്ദ്ര നിയമനിർമ്മാണസഭയിലെ കോൺഗ്രസ്സു കക്ഷി നേതാവ്, മുസ്‌ലിംലീഗ് കക്ഷിയുടെ ഉപനേതാവ് ലിയാഖത്തിലിഖാൻ സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ. നാഷനലിസ്റ്റ് പാർട്ടിയുടെയും യൂറോപ്യൻ കക്ഷിയുടെയും പ്രതിനിധകളിൾ, അധ:കൃത വിഭാഗമെന്നു അന്നറിയപ്പെട്ട വിഭാഗത്തിന്റെ പ്രിതിനിധികളായി റാവു ബഹദൂർ ശിവരാജ് മാസ്റ്റർ താരാസിംഗ് രണ്ടു തലയെടുപ്പുള്ള നേതാക്കൻമാരായ ഗാന്ധിജി ജിന്നാ സാഹിബ് എന്നിവരെല്ലാം ക്ഷണിക്കപ്പെട്ടിരുന്നു.

ജൂൺ 24 നു വൈസ്രോയിയുമായി ഒരു കൂടിക്കാഴ്ചക്ക് ജിന്ന ക്ഷണിക്കപ്പെട്ടിരുന്നു. ജിന്ന അത് സ്വീകരിച്ചു. സിംലയിലെ സിസിൽ ഹോട്ടലിൽ ജിന്നയ്ക്ക് വൈസ്രോയി ഒരു സ്യൂട്ട് റിസർവ്വ് ചെയ്തു അന്ന് തന്നെ ഉച്ചയ്ക്ക്മുമ്പ് കോൺഗ്രസ്സ് പ്രസിഡന്റിനെയും ഉച്ചക്ക്ശേഷം ഗാന്ധിജിയെയും വൈസ്രോയി കണ്ടു. സംഭാഷണം

For Group Contact us +91 9746065242

mappilaheritagelibrary.com

കഴിഞ്ഞു വൈസ്രോയിയുടെ വസതി വിടുമ്പോൾ ജിന്ന അവിടെ എത്തി. വേവൽപ്രഭു ജിന്നയുമായി ഒന്നരമണിക്കൂർ നേരം ചെലവഴിച്ചു.

പിറ്റേ ദിവസം രാവിലെ പതിനൊന്നു മണിക്ക് വൈസ്രോയിയുടെ വസതിയിലെ മനോഹരമായ ബാൾറൂമിൽ ഇന്ത്യയിലെ രാഷ്ട്രീയ നേതാക്കൻമാരുടെ സമ്മേളനം നടന്നു. ആദ്യം കോൺഗ്രസ്സ് പ്രസിഡന്റ് എന്ന നിലക്ക് മൗലാനാ അബുൽകലാം ആസാദ് പ്രസംഗിച്ചു. കോൺഗ്രസ്സ് സാമുദായികേതര സംഘടനയാണെന്ന നിലക്ക് ഇന്ത്യയിലെ എല്ലാ വിഭാഗക്കാരെയും പ്രതിനിധാനം ചെയ്യുന്നുവെന്ന് മൗലാന ചൂണ്ടിക്കാട്ടി. ജിന്ന അതിലിടപെട്ടുകൊണ്ട് പറഞ്ഞു. കോൺഗ്രസ്സ് ഹിന്ദുക്കളെ പ്രതിനിധീകരിക്കുന്ന രാഷ്ട്രീയ സംഘടനയാണ് വേവൽപ്രഭു തന്റെ ജോർണ്ണലിൽ ഇങ്ങനെ രേഖപ്പെടുത്തുന്നു. 'ജിന്നയുടെ വാദത്തെ ഡോ. ഖാൻസാഹിബ് ഖണ്ഡിച്ചു. അപ്പോൾ ഞാൻ ഇടപ്പെട്ടു. കോൺഗ്രസ്സ് അതിലെ അംഗങ്ങളെ പ്രതിനിധാനം ചെയ്യുന്നു. അത് കോൺഗ്രസ്സും ജിന്നയും സ്വീകരിച്ചു'.

ഖാഇദേ അഅ്സം തന്റെ പ്രസംഗത്തിൽ വ്യക്തമാക്കി. ''പാക്കിസ്ഥാൻ അംഗീകരിക്കുന്നുവെന്ന അടിസ്ഥാനപരമായ ആശയം സ്വീകരിക്കാത്ത ഒരു ഭരണഘടനയെപ്പറ്റിയും ചർച്ചചെയ്യാൻ ലീഗ് തയ്യാറല്ല: പാക്കിസ്ഥാൻ അനുവദിക്കുക എന്ന അടിയന്തരാവശ്യം ഒരു മുൻ ഉപാധിയായി വെക്കണമെന്നുണ്ടെങ്കിലും ഇതുപോലുള്ള ഒരു സമ്മേളനത്തിൽ പങ്കെടുക്കുന്നത് വൈസ്രോയിയുടെ ആത്മാർത്ഥതയിൽ വിശ്വാസമുള്ളതുകൊണ്ട് സഹകരണം നൽകാൻ വേണ്ടിയാണ്. ബ്രട്ടീഷ് ഇന്ത്യയോടു ബ്രട്ടീഷ് ഗവർമെന്റും ജനങ്ങളും നീതികാണിക്കണമെന്ന് ഞാനാഗ്രഹിക്കുന്നു."

തന്റെ എക്സിക്യൂട്ടീവ് കൗൺസിലിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നവരുടെ ഒരു പാനൽ അയച്ചുകൊടുക്കാൻ വൈസ്രോയി നിൽദ്ദേശിച്ചു. കോൺഗ്രസ്സ് പ്രസിഡന്റ് ആസാദ് അത് സമ്മതിച്ചു. ജിന്ന അത് അപ്പോൾ സമ്മതിച്ചില്ല. തനിക്ക് വൈസ്രോയി ഇതുസംബന്ധിച്ച് എഴുതിയാൽ തന്റെ പാർട്ടിയുടെ പ്രവർത്തകസമിതിയുടെ മുമ്പാകെ വെക്കാമെന്ന് ജിന്ന വേവൽപ്രഭുവിനെ അറിയിച്ചു. സിംലാ സമ്മേളനം ജൂലായ് 14 വരെ നിർത്തിവെച്ചു.

For Group Contact us +91 9746065242

mappilaheritagelibrary.com

ജിന്ന ആവശ്യപ്പെട്ടതനുസരിച്ച് വൈസ്രോയിയുടെ പേഴ്സനൽ സെക്രട്ടറി സർ ഇവാൻ ജെങ്കിൻസ് 1945 ജൂലായ് ഏഴിന് ജിന്നക്ക് ഒരു കത്തയച്ചു. താങ്കളുടെ വർക്കിങ്ങ് കമ്മിറ്റിയുമായി കൂടിയാലോചിച്ചു വൈസ്രോയിയെ അറിയിക്കാനായി ജിന്നയോട് ആവശ്യപ്പെട്ടത് വൈസ്രോയിയുടെ എക്സിക്യുട്ടീവ് കമ്മിറ്റിയിൽ താങ്കളുടെ അഭിപ്രായത്തിൽ ചേർക്കാൻ പറ്റുന്ന മുസ്‌ലിംലീഗിന്റെ പ്രതിനിധികളുടെ പേരുകൾ അടങ്ങുന്ന ഒരു പാനലും അതിലെ പേരുകൾ എട്ടിൽ കുറയാത്തതും പന്ത്രണ്ടിൽ കവിയാത്തതുമായിരിക്കണമെന്നും ആയിരുന്നു. മറ്റു സമുദായത്തിൽപ്പെട്ട താങ്കളുടെ അഭിപ്രായത്തിൽ ആവശ്യമെന്നു തോന്നുന്ന മറ്റു പേരുകളും വേറെ അയക്കാവുന്നതാണ്.

ഒക്ടോബർ ഏഴിന് വൈസ്രോയിക്ക് ഖാഇദ് മറുപടി അയച്ചു. തന്റെ വർക്കിംഗ് കമ്മിറ്റിയുടെ മുമ്പിൽ വൈസ്രോയിയുടെ കത്തു വെച്ചുവെന്നും വർക്കിംഗ് കമ്മിറ്റി അതിനെപ്പറ്റി ചർച്ചചെയ്തുവെന്നും പറഞ്ഞ ജിന്ന മുൻ വൈസ്രോയി ലിൻലിത്ത് ഗോപ്രഭു ആവശ്യപ്പെട്ടത് പ്രകാരം ആളുടെ പാനൽ അല്ല. ലീഗിന്റെ പ്രിതിനിധികൾ ആരെന്നു വൈസ്രോയിയെ രഹസ്യമായി അറിയിച്ചാൽ മതി എന്ന നടപടിക്രമമായിരിക്കും ഇതിൽ ഉത്തമം എന്നു പറഞ്ഞു. മറ്റൊരു കാര്യം വൈസ്രോയിയുടെ നിർദ്ദഷ്ടമായ എക്സിക്യുട്ടീവ് കൗൺസിലിലേക്ക് പേരുകൾ വൈസ്രോയി നിർദ്ദേശിക്കുന്നതിനു മുമ്പ് മുസ്‌ലിം സമുദായത്തിലുൾപ്പെടുന്ന പേരുകൾ വൈസ്രോയിയോട് മുസ്‌ലിംലീഗ് നിർദ്ദേശിക്കുന്ന പേരുകൾ മാത്രമായിരിക്കണമെന്ന് വർക്കിംഗ് കമ്മിറ്റിക്ക് വളരെ ശക്തിയായ അഭിപ്രായമുണ്ടെന്നും ജിന്ന ആ മറുപടിയിൽ വൈസ്രോയിയിയെ അറിയിച്ചു.

ഈ മറുപടി നൽകിയശേഷം ജൂലായ് എട്ടിനു ജിന്നയും വേവൽപ്രഭുവും വീണ്ടും ഒന്നരമണിക്കൂർ സംഭാഷണം നടത്തി. വേവൽപ്രഭു അതിനെക്കുറിച്ചിങ്ങിനെ എഴുതുന്നു: ജിന്ന വളരെയധികം വികാരഭരിതനായിരുന്നു. 'ഞാൻ എന്റെ ക്ഷമയുടെ നെല്ലിപ്പടിയിലെത്തിയിരിക്കുന്നു. മുസ്‌ലിംലീഗിനെ തകർക്കാൻ നോക്കേണ്ട' എന്നു ജിന്ന പറഞ്ഞുകൊണ്ടിരിക്കുന്നു. എന്നാൽ ഈ കുഴപ്പങ്ങളെല്ലാം അദ്ദേഹത്തിന്റെ സ്വന്തം സൃഷ്ടിതന്നെ. അദ്ദേഹത്തിന്റെ കടുംപിടുത്തവും ദുശ്ശാഠ്യവും ഈ

For Group Contact us +91 9746065242

mappilaheritagelibrary.com

വിഷമതകളുണ്ടാക്കി.

വൈസ്രോയി വിചാരിച്ചതുപോലെ എളുപ്പം വശപ്പെടുത്താൻ പറ്റിയ ഒരാളായിരുന്നില്ല മുസ്‌ലിംലീഗിന്റെ പ്രസിഡന്റ്. തന്റെ കക്ഷിയിൽ പെട്ടവരുടെ ഒരു ലിസ്റ്റ് നൽകി അതിൽനിന്നു വൈസ്രോയിക്കിഷ്ടപ്പെട്ടവരെ നിയമിക്കാൻ തന്നെ കിട്ടുകിയില്ല എന്നു ബോദ്ധ്യപ്പെടുത്താനായിരുന്നു ജിന്നയുടെ ഉദ്ദേശ്യം. എന്നാൽ അതോടൊപ്പം ജിന്ന തന്റെ ദീർഘദൃഷ്ടിയും കുശാഗ്രബുദ്ധിയും ഇവിടെ കൈവിട്ടില്ല. അദ്ദേഹം ശരിക്കും ഉദ്ദേശിക്കുന്നതെന്താണെന്ന് കാണിച്ചുകൊണ്ടുള്ള ഒരു കത്തിനു ആവശ്യപ്പെട്ടു. ജൂലായ് ഒമ്പതിനു വൈസ്രോയി വേവൽപ്രഭു ജിന്നക്ക് ഒരു കത്തയച്ചു. ''താങ്കളുടെ പ്രശ്നങ്ങൾ ലഘൂകരിക്കാൻ ജൂലായ് ഏഴിനു താങ്കളുടെ ഒരു കത്തിനു ഞാൻ മറുപടി അയക്കണമെന്നു ഇന്നലെ നടന്ന സംഭാഷണത്തിന്റെ ഒടുക്കം താങ്കളാവശ്യപ്പെട്ടതുകൊണ്ട് ഞാൻ എഴുതുകയാണ്'' എന്ന മുഖവുരയോടെ വേവൽപ്രഭു അയച്ച കത്തിൽ അദ്ദേഹം ജിന്നയെ അറിയിച്ചു.

'താങ്കളുടെ പ്രയാസങ്ങൾ ഞാൻ ശരിക്കും ഗ്രഹിക്കുന്നു. എന്നാൽ താങ്കളുടെ ആഗ്രഹം അതായത് പുതിയ കൗൺസിലിലേക്ക് നിർദ്ദേശിക്കപ്പെടുന്ന മുസ്‌ലിം അംഗങ്ങൾ മുസ്‌ലിംലീഗുകാർ ആയിരിക്കണമെന്ന ആഗ്രഹം, സ്വീകരിക്കുമെന്നു ഉറപ്പുതരാൻ കഴിയാത്തതിൽ ഖേദിക്കുന്നു. അത്തരം ഒരു ഉറപ്പ് മറ്റു പാർട്ടികൾക്കും നൽകിയില്ലെന്നു ഞാൻ താങ്കളോടു വിശദീകരിച്ചിരുന്നുവല്ലോ.... മുസ്‌ലിംലീഗിന്റെ പ്രതിനിധികളുടെ ലിസ്റ്റ് താങ്കൾ നൽകിയാൽ അതു വളരെയധികം ഉപകാരപ്രദമായിരിക്കും. ഞാൻ എട്ടുപേരുടെ പാനലാണാവശ്യപ്പെട്ടത്. താങ്കൾ അധികം പേരുകൾ അയക്കില്ലെന്നു വിശ്വസിക്കുന്നതോടൊപ്പം അഞ്ചുപേരുകൾ ഉറപ്പായും അതുലുണ്ടായിരിക്കണമെന്നു അറിയിച്ചു കൊള്ളട്ടെ.....'

ഈ കത്തിന്നു അന്നുതന്നെ 1945 ജൂലായ് 9-നു ഖാഇദ് വർക്കിംഗ് കമ്മിറ്റി വിളിച്ചുകൂട്ടി ചർച്ചചെയ്തു മറുപടി അയച്ചു.

'താങ്കളുടെ കത്ത് വളരെയേറെ പരിഗണിച്ചശേഷം നിർദിഷ്ട എക്സിക്യൂട്ടീവ് കൗൺസിലിലെ എല്ലാ മുസ്‌ലിം അംഗങ്ങളും മുസ്‌ലിംലീഗ് നിർദ്ദേശിക്കുന്നവരായിരിക്കണമെന്ന

For Group Contact us +91 9746065242
mappilaheritagelibrary.com

വർക്കിംഗ് കമ്മിറ്റിയുടെ അഭിപ്രായത്തിൽ ഖേദം പ്രകടിപ്പിക്കുവാൻ എന്നെ ചുമതലപ്പെടുത്തിയിരിക്കുന്നു. ജൂലായ് ഏഴിന്റെ എന്റെ കത്തിൽ പറഞ്ഞത് പ്രകാരം ഇത് അടിസ്ഥാനപരമായ ഒരു ലിസ്റ്റ് അയച്ചുതരാൻ ആവില്ലെന്നും ഖേദംപൂർവ്വം അറിയിക്കുകയും ചെയ്തുകൊള്ളട്ടെ.'

ജിന്നാസാഹിബിന്റെ ഈ കടുംപിടുത്തത്തെ പരാജയപ്പെടുത്താൻ തന്നെ വേവൽപ്രഭു തീരുമാനിച്ചു. അദ്ദേഹം തന്റേതായ ഒറു ലിസ്റ്റ് അന്നത്തെ ഇന്ത്യാകാര്യ സെക്രട്ടറി ആമറി പ്രഭുവിനു അയച്ചുകൊടുത്തു. ആ ലിസ്റ്റ് പ്രകാരം എക്സിക്യൂട്ടീവ് കൗൺസിൽ രൂപവൽക്കരിക്കാനായിരുന്നു വേവൽപ്രഭുവിന്റെ അപേക്ഷ. അങ്ങിനെ ജിന്നയുടെ ലിസ്റ്റില്ലാതെ തന്നെ വൈസ്രോയി രൂപവൽക്കരിക്കാൻ തീരുമാനിച്ച എക്സിക്യൂട്ടീവ് കൗൺസിലിൽ ഉൾപ്പെടുത്താൻ ഉദ്ദേശിച്ച ആളുകളുടെ പേരുവിവരങ്ങൾ സ്റ്റെയിൽ ലിവോൾപെർട്ട് ജിന്നയുടെ ജീവചരിത്രത്തിൽ ഇങ്ങിനെ രേഖപ്പെടുത്തിയിരിക്കുന്നു.

(ജിന്ന ഉന്നയിച്ച) ഈ ഒരു പ്രശ്നത്തിൽ വിട്ടുവീഴ്ചക്കൊരുക്കമില്ലെന്ന് അതേ പോലെ തീരുമാനിച്ച വൈസ്രോയി അന്നു രാത്രിതന്നെ പുതിയ കൗൺസിൽ അംഗങ്ങളായി തന്റെ ലിസ്റ്റ് ആമറിക്ക് കമ്പിവഴിയായി അറിയിച്ചു. അതിൽ നാലുപേർ മുസ്ലിംലീഗ് അംഗങ്ങളായിരുന്നു. (ലിയാഖത്തലി. ഖലീക്കുസ്സമാൻ. നാസിമുദ്ദീൻ ഇസ്ഹാഖ് സേട്ട് സത്താർ സേട്ട് സാഹിബ്) അഞ്ചാമത്തെ മുസ്ലിം പഞ്ചാബിലെ ഒരു മുസ്ലിം ഭൂവുടമയായ സർ മുഹമ്മദ് നവാസ്ഖാൻ, അഞ്ച് ജാതിഹിന്ദുക്കൾ നെഹ്റു. പട്ടേൽ, രാജേന്ദ്രപ്രസാദ്, ഡോ. എം.എസ്. ആനേസർ, ബി.എൻ. റാവു എന്നിവരും സിക്കുകാരുടെ പ്രതിനിധിയായി മാസ്റ്റർ താരാസിംഗ് അധഃകൃത വിഭാഗം (തൊട്ടുകൂടാത്തവർ) പ്രതിനിധിയായി ഡോ.അംബേദകറും മുനിസ്വാമിപിള്ളയും, ഡോ ജോൺമത്തായി ക്രൈസ്തവ പ്രതിനിധിയും. വൈസ്രോയിയും സർവ്വ സൈന്യാധിപനും ഉൾപ്പെടെ പതിനാറു അംഗങ്ങൾ

വൈസ്രോയി തന്റെ നിർദ്ദേശങ്ങൾ ബ്രട്ടീഷ് കാബിനറ്റു സ്വീകരിക്കുമെന്നാണ് ഉദ്ദേശിച്ചത്. എങ്കിൽ സിംലാസമ്മേളനം വിജയകരമായി പര്യവസാനിക്കുമായിരുന്നു. എന്നാൽ വേവൽ

For Group Contact us +91 9746065242

mappilaheritagelibrary.com

പ്രഭുവിന്റെ നിർദ്ദേശങ്ങൾ ബ്രട്ടീഷ് മന്ത്രിസഭ അപ്പടി സ്വീകരിച്ചില്ല. മാത്രമല്ല. ജിന്നയോട് അദ്ദേഹത്തിന്റെ അംഗങ്ങളുടെ ലിസ്റ്റ് നേടിയെടുക്കാൻ ആവുന്നത്ര ശ്രമിക്കണമെന്ന നിർദ്ദേശമാണ് ലഭിച്ചത്. ജിന്നയുടെ അംഗീകാരമില്ലാതെ വേവൽപ്രഭു വിചാരിച്ചതുപോലെ എക്സിക്യുട്ടീവ് കൗൺസിലിൽ ലീഗ് പ്രതിനിധികൾ ചേരുമെന്ന് ബ്രട്ടീഷ് പ്രധാനമന്ത്രി ഒരിക്കലും വിശ്വസിക്കുന്നില്ല. മാത്രമല്ല ജിന്നയുടെ അനുയായികളായ മുസ്ലിംലീഗിന്റെ പങ്കാളിത്തമില്ലാത്ത ഒരു എക്സിക്യുട്ടീവ് കൗൺസിൽ കൊണ്ട് യാതൊന്നും നേടിയെടുക്കാനുമില്ല. അതുകൊണ്ടുതന്നെ വീണ്ടും ജിന്നയെ പ്രേരിപ്പിക്കാൻ ലണ്ടനിൽ നിന്നു വൈസ്രോയിക്ക് നിർദ്ദേശം നൽകി. അനുസരണയുള്ള ഒരു പട്ടാളക്കാരനെപ്പോലെ വേവൽപ്രഭു വീണ്ടും ഖാഇദിനെ കൂടിയാലോചനക്ക് ക്ഷണിച്ചു. ജൂലായ് 11-ന് ദീർഘകനേരം ജിന്നാ-വേവൽ കൂടിക്കാഴ്ച നടന്നു. ജിന്നയാകട്ടെ എക്സിക്യുട്ടീവ് കൗൺസിൽ അംഗങ്ങളുടെ പേരുകൾ പോലും ചർച്ചചെയ്യാൻ വിസമ്മതിച്ചു. മുസ്ലിം പ്രതിനിധികളാരാണെന്നു തീരുമാനിക്കാനുള്ള തന്റെ പരമാധികാരം അനുവദിച്ചുതരുംവരെ അക്കാര്യത്തിൽ ഒരു വിട്ടുവീഴ്ചക്കും ഖാഇദേ അഅ്സം തയ്യാറില്ല. മാത്രമല്ല എക്സിക്യുട്ടീവ് കൗൺസിലിൽ തീരുമാനങ്ങൾ മുന്നിൽരണ്ടു ഭൂരിപക്ഷത്തോടുകൂടി മാത്രമേ എടുക്കാവൂ. എന്നും അദ്ദേഹം ശഠിച്ചു. വേവൽപ്രഭു എഴുതി: 'അദ്ദേഹം സാമുദായിക വീറ്റോ ആണാവശ്യപ്പെട്ടത് . അതെനിക്ക് സ്വീകാര്യമായില്ല.'

അങ്ങിനെ സിംലാ സമ്മേളനം പരാജയപ്പെട്ടു. സിംലാ സമ്മേളനത്തിന്റെ പരാജയം ഖാഇദിന്റെ നേതൃസ്ഥാനം ദുർബലപ്പെടുത്തുമെന്നാണ് പലരും കരുതിയത് . പക്ഷേ സംഭവിച്ചത് നേരെ മറിച്ചായിരുന്നു. ഖാഇദേ അഅ്സമിന്റെ നേതൃത്വം കുറേകൂടി ഭദ്രമായി. മുസ്ലിംകൾക്കിടയിൽ അദ്ദേഹത്തിലുള്ള വിശ്വാസം പതിൻമടങ്ങ് വർദ്ധിച്ചു. പാക്കിസ്ഥാൻ വാദത്തിന് കൂടതൽ കരുത്താർജ്ജിച്ചു. സർവ്വോപരി. ഖാഇദേ അഅ്സമിന്റെ രാഷ്ട്രീയകീർത്തി വർദ്ധിച്ചു. എന്നാൽ വേവൽ എഴുതിയത് മറ്റൊന്നായിരുന്നു. ഖാഇദേ അഅ്സം സങ്കുചിത മനസ്സനും ദൃശ്ശാഠ്യക്കാരനുമാണെന്നും..... കോൺഗ്രസ്സിനോടുള്ള അവിശ്വാസത്തിൽ നിന്നുൽഭവിച്ചതാണ് അദ്ദേഹത്തിന്റെ

For Group Contact us +91 9746065242

mappilaheritagelibrary.com

ഭയമെന്നും വേവൽ എഴുതി.

സിംലാ സമ്മേളനത്തിന്റെ പരാജയം വേവൽപ്രഭു സ്വയം ഏറ്റെടുത്തു. അദ്ദേഹം രേഖപ്പെടുത്തി.

''വിവിധ കക്ഷികളെ ഒന്നിച്ചുകൊണ്ടുവരാനുള്ള എന്റെ ശ്രമം പൊളിഞ്ഞു. എത്ര വലുതാണ് വിടവെന്ന് ഇത് കാണിക്കുന്നു. എന്റെ ശ്രമം ഗുണകരമാണോ അല്ലയോ എന്ന് കാലത്തിന്നു മാത്രമേ പറയാനാവൂ.''

For Group Contact us +91 9746065242

For Group Contact us +91 9746065242

mappilaheritagelibrary.com

ഇന്ത്യൻ മുസ്‌ലിംകളുടെ നവോത്ഥാനത്തിന്റെ കഥ

ഇ. അഹമ്മദ്

ഇന്ത്യൻ മുസ്‌ലിംകളുടെ നവോത്ഥാനത്തിന്റെ കഥ
ചരിത്രത്തിലെ അതിമഹത്തായ ഒരദ്ധ്യായമാണ്.
സർ സയ്യിദിന്റെ യാഥാർത്ഥ്യബോധവും നവോത്ഥാന ചിന്തകളും -
അല്ലാമാ ഇഖ്ബാലിന്റെ കാവ്യസപര്യയും ദാർശനിക ചിന്തകളും -
മൗലാനാ മുഹമ്മദലിയുടെ ദേശാഭിമാനബോധവും സാമൂഹിക പ്രതിബദ്ധതയും -
മുഹമ്മദലി ജിന്നയുടെ രാഷ്ട്രീയചിന്തയും ജനാധിപത്യദർശനവും -
ദേശീയസ്വാതന്ത്ര്യത്തിനായി ജീവിതം സമർപ്പിച്ച ധീരജന്മങ്ങളുടെ
ജീവചരിത്രംകൂടി രേഖപ്പെടുത്തുന്നതാണ്
ഇന്ത്യൻ മുസ്‌ലിംകളുടെ നവോത്ഥാനത്തിന്റെ ചരിത്രം.

For Group Contact us +91 9746065242

ചരിത്രം

വില: 340

Grace Books

2016

KMCC
Jidha Kannur
District Commttiee

For Group Contact us +91 9746065242

ഇ. അഹമ്മദ് ഇന്ത്യൻ മുസ്‌ലിംകളുടെ നവോത്ഥാനത്തിന്റെ കഥ